# മലങ്കരയുടെ പരിമളം

(യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത)



എഡിറ്റർ: ഫാ. ചെറിയാൻ താഴമൺ

തിരുവല്ല അതിഭദ്രാസന നവതി സ്മരണിക

www.malankaralibrary.com

# മലങ്കരയുടെ പരിമളം

**(യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത)**

## തിരുവല്ല അതിഭദ്രാസന നവതി സ്മരണിക

എഡിറ്റർ

**ഫാ. ചെറിയാൻ താഴമൺ**

മേരിഗിരി, തിരുവല്ല

15- 08- 2021

www.malankaralibrary.com

# MALANKARAYUDE PARIMALAM

Yakoob Mar Theophilos

Malayalam

Editor : Fr. Cherian Thazhamon

Published by : Archdiocese of Tiruvalla

Copy right : Editor

First published : August, 2021

Available at : Marygiri, Santhinilayam

Cover Design : Jaison Mathew Kochuvadavana

D.T.P : Rintu Mathew Kuttiyil

Layout : Jaison Mathew Kochuvadavana

Printed at : St. Joseph Orphanage Press, Changanacherry

Price : Rs. 250/-

www.malankaralibrary.com

[redacted]



**അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ്**

**(1891– 1956)**

**തിരുവല്ല അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്ത**

www.malankaralibrary.com

# ഉള്ളടക്കം

അനുഗ്രഹാശംസ : 7
*കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ*

അനുഗ്രഹസന്ദേശം : 10
*അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത*

ആമുഖം : 14
*ഫാ. ചെറിയാൻ താഴമൺ (എഡിറ്റർ)*

ഇടയലേഖനം : 17
*കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ*

അഭിവന്ദ്യ മാർ തെയോഫിലോസ് ഒ. ഐ. സി. തിരുവല്ലാ രൂപതയുടെ
പ്രഥമ മെത്രാൻ ജന്മശതാബ്ദി: സംക്ഷിപ്ത ജീവചരിത്രം : 24
*ഫാ. പക്കോമിയോസ് ഒ. ഐ. സി.*

തിരുവല്ല അതിരൂപതയുടെ അടിത്തറ ആഴത്തിൽ ഉറപ്പിച്ച
ശ്രേഷ്ഠാചാര്യൻ - മാർ തെയോഫിലോസ് : 100
*ഫാ. ചെറിയാൻ താഴമൺ*

വിശ്വസ്തനും വിവേകിയുമായ മാർ തെയോഫിലോസ് തിരുമേനി : 112
*ഗീവറുഗീസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത*

ബഥനിയുടെ ഗുരുവച്ചൻ : 116
*ഫാ. ഡോ. മത്തായി കടവിൽ ഒ. ഐ. സി.*

യാക്കോബ് മാർ തെയോഫിലോസ്: ജീവിത സന്ദേശവും പ്രസക്തിയും : 123
*അഭി. ഫീലിപ്പോസ് മാർ സ്തേഫാനോസ് മെത്രാപ്പോലീത്ത*

സന്യാസത്തിന് ഉത്തമമാതൃക മാർ തെയോഫിലോസ് പിതാവ് : 126
*മദർ ലിറ്റിൽ ഫ്ളവർ എസ്. ഐ. സി*

പുണ്യചരിതനായ മാർ തെയോഫിലോസ് : 131
മോൺ. അലക്സാണ്ടർ പയ്യംപള്ളിൽ

ബഥനിയുടെ ബലം മാർ തെയോഫിലോസ് : 133
മദർ ലില്ലി ജോസ് എസ്. ഐ. സി.

മാർ തെയോഫിലോസ് ബഥനിയിലെ താപസശ്രേഷ്ഠൻ : 136
*ഫാ. കുര്യാക്കോസ് പടിഞ്ഞാറെമണ്ണിൽ*

തപോധനനായ മാർ തെയോഫിലോസ് : 139
*വി. കിളിച്ചിമല*

www.malankaralibrary.com

ന്യൂമാനെയും ഭാരതന്യൂമാനെയും അടുത്തനുകരിച്ച
പുണ്യാചാര്യൻ - മാർ തെയോഫിലോസ് : 150
*ഫാ. ജയിംസ് മാമ്മൂട്ടിൽ ഒ. ഐ. സി.*

ശതാബ്ദി സ്മാരകം (കവിത) : 152
*ജ്ഞാനദാസ്*

തിരുവല്ല രൂപതയുടെ പ്രഥമ മെത്രാൻ യാക്കോബ് മാർ
തെയോഫിലോസ് തിരുമേനിയുടെ ജന്മശതാബ്ദി വർഷം
(ജന്മശതാബ്ദി ആഘോഷ വിവരണം) : 154

ജന്മശതാബ്ദി ആഘോഷിക്കപ്പെട്ട അഭിവന്ദ്യ
മാർ തെയോഫിലോസ് പിതാവ് : 161
*ശ്രീ. കുര്യൻ റ്റി. കുരുവിള കറ്റോട്*

മാർ തെയോഫിലോസ് ജന്മശതാബ്ദി സ്മാരക ബ്ളോക്ക് : 165
*മോൺ. ജോൺ വറുഗീസ് ഈശ്വരൻകുടിയിൽ*

മാർ തെയോഫിലോസ് തീർത്ഥാടന പദയാത്ര ഗീതങ്ങൾ : 170

അനുസരണത്തിന്റെ ആൾരൂപം : 172
*ഫാ. ചെറിയാൻ താഴമൺ*

വിനയ വിശുദ്ധികളുടെ മാമുനി മാർ തെയോഫിലോസ് പിതാവ് : 178
*ജെ. എം.*

"ദൈവം നിന്നെ വിളിച്ചു നാമും നിന്നെ വിളിച്ചു അതുമതി" : 181
*ഫാ. തോമസ് നീലംപിലാലിൽ*

മാർ തെയോഫിലോസ് പിതാവിനെപ്പറ്റിയുള്ള
എന്റെ ബാല്യകാലസ്മരണകൾ : 188
*ഫാ. മാത്യു ചെമ്പോത്തിനാൽ*

സർവ്വാരാധ്യനും പുണ്യശ്ലോകനുമായ തെയോഫിലോസ് പിതാവ് : 191
*ജെ. എം.*

ആശ്രമത്തിന്റെ ഉമ്മറപ്പടി മുതൽ മേലദ്ധ്യക്ഷപദം വരെ : 193
*ഫാ. ഡോ. ജോർജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.*

പുണ്യപ്രഭാവനും താപസവരേണ്യനുമായ
അഭിവന്ദ്യ മാർ തെയോഫിലോസ് പിതാവ് : 207
ജെ. എം.

തപോധനനും പുണ്യശ്ലോകനുമായ
അഭിവന്ദ്യ മാർ തെയോഫിലോസ് പിതാവ് : 210
ജെ. എം.

പുണ്യവാനായ മാർ തെയോഫിലോസ് പിതാവ് : 212
*ഫാ. സാമുവേൽ വിളയിൽ*

www.malankaralibrary.com

ഒരനുസ്മരണ: മാർ തെയോഫിലോസ് ഒ. ഐ. സി.; ഡി ഡി : 216
*ഫാ. ഏബ്രഹാം ഒ. ഐ. സി.*

പുനഃരൈക്യത്തിന്റെ പുണ്യപിതാക്കന്മാർ : 224
*ഫാ. ചെറിയാൻ താഴമൺ*

തപോവിശുദ്ധിയുടെ കർമ്മബലം : 242
*പീറ്റർ സി. ഏബ്രഹാം*

തന്റെ ഗുരുവിന്റെ ശബ്ദം : 246
*ജോമി തോമസ് കലയപുരം*

അഭി. യാക്കോബ് മാർ തെയോഫിലോസ് : 252
*ലൈജു കോശി*

അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് തിരുമേനി : 254
*എൻ. എം. ജോസഫ് നാലാത്ര, ഒളശ്ശ*

യാക്കോബ് മാർ തെയോഫിലോസ് : 259

ആദ്യത്തെ കൈത്തിരി (കവിത) : 261
*സി. മേരിപോൾ എസ്. ഐ. സി.*

പുണ്യശ്ലോകൻ യാക്കോബ് മാർ തെയോഫിലോസ് : 262
*സീനാ ഷാജി, കാരയ്ക്കൽ*

തിരുവല്ല അതിരൂപതയുടെ പ്രഥമ സാരഥി (വഞ്ചിപ്പാട്ട്) : 264
*സിസ്റ്റർ ലീസാ എസ്. ഐ. സി. ബഥാനിയാ*

ദൈവദാസനായിരുന്ന യാക്കോബ് മാർ തെയോഫിലോസ് : 266
*ഫാ. വില്യം നെടുമ്പുറത്ത് ഒ.ഐ.സി.*

അഭിവന്ദ്യ മാർ തെയോഫിലോസ് പിതാവിന്റെ ജീവിത ചരിത്രത്തിലൂടെ: 282
*സേവ്യർ പത്തിൽ*

സർക്കുലർ : 290
*അഭിവന്ദ്യ തോമസ്മാർ കൂറിലോസ്*

മാർ തെയോഫിലോസ് തിരുമേനിയുടെ ജന്മശതാബ്ദി
ആഘോഷങ്ങളുടെ ഉത്ഘാടനാവസരത്തിൽ : 292
*ശ്രീ. സി. ഐ. പീലിപ്പോസ് നടത്തിയ പ്രസംഗം (23. 02. 1990)*

അപേക്ഷ : 295

ഗാനം : 296

ഫോട്ടോ ഫീച്ചർ : 297

www.malankaralibrary.com

[redacted]

**THE SYRO-MALANKARA CATHOLIC CHURCH**
**MAJOR ARCHDIOCESE OF TRIVANDRUM**



# അനുഗ്രഹാശംസ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ തിരുവല്ലാ രൂപതയുടെ പ്രഥമ അദ്ധ്യക്ഷനായി പരിശുദ്ധ 11-ാം പീയൂസ് മാർപാപ്പാ നിയമിച്ച ഭാഗ്യസ്മരണീയനായ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായെ കുറിച്ച് ഈ വാക്കുകൾ കുറിക്കുന്നതിൽ ഏറെ അഭിമാനവും സന്തോഷവുമുണ്ട്. 1891 ൽ ജനിച്ച് 1956 ൽ ദിവംഗതനായ മലങ്കരയുടെ ഈ തപോധനന്റെ ധന്യജീവിതം വിസ്മൃതിയിൽ ആണ്ടു പോകാതിരിപ്പാനും സജീവ സ്മരണയിൽ നിലനിർത്തുന്നതിനുമായി തിരുവല്ലാ അതിരൂപതയുടെ മുഖ്യവികാരി ജനറാൾ വന്ദ്യ ചെറിയാൻ താഴമൺ അച്ചന്റെ പ്രത്യേക ശ്രദ്ധയിൽ **"മലങ്കരയുടെ പരിമളം"** എന്ന പേരിൽ ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിൽ വന്ദ്യ ജനറാൾ അച്ചനെ ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചരിത്രം കാത്തു സൂക്ഷിക്കുന്നതിൽ ബഹു. അച്ചന് സഭയുടെ കൃതജ്ഞത ഞാൻ സസന്തോഷം അറിയിക്കുന്നു.

'ദൈവ ഭക്തൻ' എന്നർത്ഥമുള്ള തെയോഫിലോസ് എന്ന ബൈബിൾ നാമം സ്വീകരിച്ച വന്ദ്യ തിരുമേനി പേരിന്റെ തുടർച്ചയെന്നോണം തന്റെ ആപ്തവാക്യമായി സ്വീകരിച്ചത് "ദൈവത്തിനു മഹത്വം മനുഷ്യന് സമാധാനം" എന്നത് യാദൃശ്ചികമല്ലാ, തികച്ചും ദൈവപരിപാലനയിൽ തന്നെയാണ്. ബഥനിയിൽ "ഗുരുവച്ചൻ" എന്നറിയപ്പെട്ടിരുന്ന മാർ തെയോ

www.malankaralibrary.com

[redacted]

ഫിലോസ് തിരുമേനി അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ച വ്യക്തിയാണ്. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ പരിചയപ്പെട്ടതു മുതൽ അദ്ദേഹത്തോടൊത്ത് താമസിച്ചിരുന്നു. സെറാമ്പൂരിൽ പഠനത്തിനായി യാക്കോബ് ശെമ്മാശനെ എം. എ. അച്ചൻ കൊണ്ടുപോയതും പിന്നീട് പെരുന്നാട്ടിൽ ബഥനി ആശ്രമം സ്ഥാപിച്ചപ്പോൾ മുതൽ തന്റെ വലം കൈയ്യായി ചേർത്തു നിർത്തിയതും ഈ ആത്മീയ ബന്ധത്തിന്റെ ഫലമായിട്ടാണ്.

മിശിഹാനുകരണം ക്രിസ്തീയ ജീവിതമായി കണ്ട ബഥനിയിലെ സന്യാസികൾ മലങ്കര സഭയുടെ ചരിത്രത്തിൽ ബഥനി ആശ്രമസ്ഥാപനം വഴി ഉണ്ടാക്കിയ വെല്ലുവിളി നിസ്സാരമല്ല. നഗരമദ്ധ്യത്തിൽ നിന്നും വനാന്തരങ്ങളിലേക്ക് മാറിയ ഭാവം, പ്രശസ്തിയുടെ കൊടുമുടിയിൽ നിന്ന് അജ്ഞാത വാസത്തിലേക്കു പ്രവേശിച്ചതുപോലെയുള്ള മാറ്റം! ബഥനിയിലെ ആബോ ഗീവർഗീസും ഗുരു യാക്കോബച്ചനും നേതൃത്വം നൽകിയ ആശ്രമ പ്രസ്ഥാനം സഭയുടെ ആദ്ധ്യാത്മീകതയെ ഉടച്ചുവാർത്ത അനുഭവമായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. ദൈവത്തോടുള്ള അചഞ്ചലമായ ബന്ധവും അവിടുത്തെ പരിപാലനയിൽ അടിയുറച്ച വിശ്വാസവും പ്രാർത്ഥനാ, ധ്യാനങ്ങളിൽ ആത്മസംതൃപ്തിയും അനുസരണം, വിധേയത്വം എന്നിവയിൽ മനം നിറഞ്ഞ തൃപ്തിയും ഒരു സന്യാസിയുടെ ആത്മീയതയുടെ അളവുകോലാണ്. ബഥനിയിൽ ആശ്രമാംഗമായും ഗുരുവായും എപ്പിസ്കോപ്പാ ആയും തിരുവല്ലാ രൂപതയുടെ പ്രഥമ അദ്ധ്യക്ഷനായപ്പോഴും തന്റെ രോഗാവസ്ഥയിലും മാർ തെയോഫിലോസ് തിരുമേനി മേൽപ്പറഞ്ഞ യഥാർത്ഥ ആത്മീയത അഭ്യസിച്ചിരുന്നു. തന്റെ പ്രബോധനങ്ങളിലും പ്രവൃത്തികളിലും അത് നിറഞ്ഞുനിന്നിരുന്നു. തന്റെ ദൈവത്തോടുള്ള ബന്ധം എന്നും സമ്പൂജ്യമായി കരുതിയിരുന്ന തിരുമേനി തന്റെ ഗുരുവായ മാർ ഈവാനിയോസ് മെത്രാപ്പോലിത്തായോട് എന്നും വിധേയപ്പെട്ടിരുന്നു. വിധേയത്വവും കൂട്ടായ്മയും കൃപയായിട്ടാണ് വന്ദ്യ തിരുമേനി എന്നും കണ്ടിരുന്നതും വിലമതിച്ചിരുന്നതും.

തിരുവല്ലാ രൂപതയുടെ പ്രാരംഭ ദിനങ്ങൾ ഏറെ സംഭവ ബഹുലമായിരുന്നുവെന്നത് സത്യം! ഒട്ടേറെ വേദനാജനകമായ അനുഭവങ്ങൾ നേരിടേണ്ടി വന്നപ്പോൾ ഒരിക്കൽപോലും വെറുപ്പുളവാക്കുന്ന സമീപനങ്ങൾ വന്ദ്യ തിരുമേനിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലായെന്ന് അന്ന് തിരുമേനിയെ എതിർത്തവർ പോലും സാക്ഷ്യപ്പെടുത്തുന്നു. അതേ! തെയോഫിലോസ് എന്നാൽ ദൈവഭക്തൻ എന്നർത്ഥം! സാമ്പത്തികവും സാമൂഹ്യവുമായി ഒട്ടനവധി വെല്ലുവിളികൾ നിറഞ്ഞ പ്രാരംഭ കാലഘട്ടത്തിലാണ് 1934 ൽ സെന്റ് ജോസഫ് പ്രസ് തിരുവല്ലായിൽ തുടങ്ങുന്നതും മുദ്രാലയ പ്രേഷിതത്വത്തിന് ആരംഭം കുറിക്കുന്നതും. ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയുടെ സ്ഥാപനം, രൂപതാംഗങ്ങളുടെ ക്രൈസ്തവ ജീവിത വളർച്ചയ്ക്കായി സാക്ഷ്യസംഘം (Evidence guild) അനേകം മിഷൻകേന്ദ്രങ്ങൾ, പുതിയ ദൈവാലയങ്ങൾ ഇവയുടെ സ്ഥാപനം ഏറെ ശ്രമകരമായ പ്രവൃത്തികൾ

www.malankaralibrary.com

തന്നെ. ദൈവഭക്തൻ ദൈവത്തിൽ ആശ്രയിച്ച് തുടങ്ങിയ സുവിശേഷാത്മക പ്രവർത്തനങ്ങൾ എന്ന് മാത്രം ഇതിനെക്കുറിച്ച് മനസ്സിലാക്കിയാൽ മതി എന്നതാണ് മാർ തെയോഫിലോസ് തിരുമേനിയുടെ ആത്മീയത !

മലങ്കരയുടെ ഈ തപോധനൻ ജനിച്ചിട്ട് 130 വർഷം തികയുന്ന ഈ കാലയളവിൽ ഈ വാക്കുകൾ കുറിക്കുമ്പോൾ വന്ദ്യ തെയോഫിലോസ് പിതാവിനോട് 'വ്യക്തിപരമായ' ഒരടുപ്പം എനിക്കുണ്ട്. എന്റെ പിതാവ് മാർ തെയോഫിലോസ് തിരുമേനിയെ കണ്ടതും സംസാരിച്ചതുമായ കാര്യങ്ങൾ ഞാൻ സ്കൂൾ വിദ്യാർത്ഥി ആയിരിക്കുന്ന കാലത്ത് അനേകം തവണ പറഞ്ഞുകേട്ടിട്ടുള്ളത് ഓർമ്മയിൽ വരുന്നു. ഒരു ധന്യാത്മാവിനെ കുറിച്ച് പറയുന്നത് കേട്ട അനുഭവമാണ് മനസ്സിൽ. ഞാൻ കഴുത്തിൽ അണിയുന്ന തടിക്കുരിശ് വന്ദ്യ പിതാവിനോട് എന്നെ കൂടുതൽ ചേർത്തു നിർത്തുന്നു. തിരുവല്ലാ രൂപതയുടെ ആറാമത്തെ അദ്ധ്യക്ഷനായി ഞാൻ ചുമതലയേൽക്കുമ്പോൾ ദിവംഗതനായ മാർ തിമോത്തിയോസ് തിരുമേനി അരമനയിലെ ആർക്കൈവ്സിൽ നിന്നും എനിക്ക് സമ്മാനിച്ചതാണ് ബഥനിയിൽ മാർ തെയോഫിലോസ് തിരുമേനി കഴുത്തിലെ മാലയിൽ ഉപയോഗിച്ചിരുന്ന തടിക്കുരിശ്. മാർ തെയോഫിലോസ് തിരുമേനിയുടെ തിരുവല്ലായിലെ അഞ്ചാമത്തെ പിൻഗാമി എന്ന നിലയിൽ എനിക്ക് ഭാഗ്യമായി ലഭിച്ച "ദൈവഭക്തന്റെ" ഈ രക്ഷയുടെ അടയാളം വലിയ അനുഗ്രഹമായി ഞാൻ കരുതുന്നു.

ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ പിൻഗാമിയായുള്ള എന്റെ എളിയ ശുശ്രൂഷയിൽ മാർ ഈവാനിയോസ് തിരുമേനിയുടെ സന്തത സഹചാരിയായിരുന്ന, വിശ്വസ്തനായ മാർ തെയോഫിലോസ് പിതാവിനെക്കുറിച്ചുള്ള ഈ ഗ്രന്ഥത്തിന് അനുഗ്രഹവചസ്സുകൾ കുറിക്കുവാൻ സാധിക്കുന്നത് തികച്ചും ദൈവാനുഗ്രഹമാണ്. ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ അനുഗ്രഹീത കരങ്ങളോട് എന്റെ എളിയ കരം ചേർത്തുവച്ച് വിനയപൂർവ്വം ഞാൻ കുറിക്കട്ടെ:

യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലിത്താ നീതിമാനും വിശ്വസ്തനും സർവ്വോപരി ദൈവഭക്തനും ആകുന്നു.

ഗ്രന്ഥകാരനെയും വായനക്കാരെയും ദൈവം അനുഗ്രഹിക്കട്ടെ! ഗ്രന്ഥത്തിന് പ്രചുര പ്രചാരം നേരുന്നു.

+Baselios cleemis


തിരുവനന്തപുരം
21/07/2021

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

www.malankaralibrary.com

# ARCHDIOCESE OF TIRUVALLA

Dr. Thomas Mar Koorilos
Metropolitan Archbishop of Tiruvalla



## അനുഗ്രഹസന്ദേശം

മാർ ഈവാനിയോസ് പിതാവിന്റെ നിഴലായി സഭാ നൗകയെ നയിച്ച പുണ്യശ്ലോകനായ കളപ്പുരയ്ക്കൽ യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ ജീവിതം ഏറെ ഉദാത്തവും സുവിശേഷാധിഷ്ഠിതവുമായിരുന്നു. വി. ഗ്രന്ഥത്തിൽ "ഇരട്ടകൾ" ഏറെ ശ്രദ്ധയാകർഷിക്കുന്നതാണ്. കായേനും- ആബേലും, ഏശാവും- യാക്കോബും, അബ്രഹാമും- ലോത്തും, ഇസഹാക്കും - ഇസ്മായേലും, മോശയും - അഹറോനും, ഏലിയായും- ഏലീശായും, സാവൂളും- ദാവീദും, മാർത്തയും- മറിയവും, പത്രോസും- പൗലോസും തുടങ്ങി ധാരാളം ഇരട്ടകളെ കാണുന്നു. കർത്താവ് ശിഷ്യരെ ഈരണ്ടു പേരായി തനിക്കു മുൻപേ പറഞ്ഞയച്ചു. രണ്ടുപേരുടെ സാക്ഷ്യം സത്യമാണ് എന്ന് വി. ഗ്രന്ഥം പഠിപ്പിക്കുന്നു. രണ്ടു ചെമ്പിൻ നാണയങ്ങൾ, രണ്ടു കുരുവികൾ, രണ്ടുടുപ്പുകൾ, ഇങ്ങനെ ഏറെ പ്രസക്തമായ സൂചനകൾ. മലങ്കര സഭയെ സംബന്ധിച്ചും ഇത് വളരെ പ്രസക്തമാണ്. മാർ ഈവാനിയോസ് പിതാവും മാർ തെയോഫിലോസ് പിതാവും. തിരുവനന്തപുരവും തിരുവല്ലായും രൂപതകൾ, ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾപോലെ. പത്രോസ് അടിസ്ഥാന ശിലയായപ്പോൾ പൗലോസ് സുവിശേഷ ശുശ്രൂഷയുടെ പ്രതീകമായി. മലങ്കര കത്തോലിക്ക സഭയുടെ സുവിശേഷാധിഷ്ഠിതമായ മുന്നേറ്റത്തിന് ഈ പിതാക്കന്മാരെ ദൈവം തന്റെ മഹാജ്ഞാനത്തിൽ ഒരുമിച്ചുചേർത്തു.

www.malankaralibrary.com

തന്റെ ഗുരുവിന്റെ പാതപിന്തുടരുന്നതിന് ഏതു ത്യാഗവും തെയോഫിലോസ് പിതാവ് സ്വീകരിച്ചു. എം. ഡി. സ്കൂളിലെ അദ്ധ്യാപനം അവസാനിപ്പിച്ച് ഗുരുവിനൊപ്പം സെറാംപൂരിലേക്കു പോന്നതും, അവിടെ നിന്ന് ഉന്നത വിദ്യാഭ്യാസം പാതി വഴിയിൽ ഉപേക്ഷിച്ച് മുണ്ടൻമലയിലേക്ക് പോന്നതും, കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്ന ആലോചന വേളയിൽ ബഥനി അരമനയും പള്ളികളും ഉപേക്ഷിച്ച് മുണ്ടൻ മലയിലേക്കു തിരികെ പോന്നതും അവിടെ നിന്നും ഗുരുവിനൊപ്പം പടിയിറങ്ങി വെണ്ണിക്കുളത്തേക്കു വരുന്നതും എല്ലാം സത്യത്തിന്റെ പാതയിൽ പിതാവ് സ്വീകരിച്ച ഉപേക്ഷകളുടെ ചാരുതയാർന്ന മുത്തുകളാണ്. നക്ഷത്രശോഭപോലെ തിളങ്ങുന്ന ഈ മഹാമനസ്കതയും ഉപേക്ഷയുടെ ആത്മീക ഊർജ്ജവും കൊടുമുടിയിൽ എത്തിയ രൂപമാണ് മാർ തെയോഫിലോസ്. ഇത്രമാത്രം ഗുരുവിനോടുള്ള ബന്ധവും സ്നേഹവും മറ്റാരിൽ കാണാൻ കഴിയും ? ഈ പിതാക്കന്മാർ രണ്ടുപേരും അനുഭവങ്ങളുടെ മൂർത്തമായ രൂപങ്ങളാണ്. ഇവരെപ്പറ്റി വ്യത്യസ്തമായും രണ്ടായും ചിന്തിക്കുന്നത് ശരിയാവില്ല എന്നതാണ് എന്റെ അഭിമതം. ആശയ സമ്പുഷ്ടനും ബുദ്ധിമാനും അസാമാന്യ ധീരനും വിശ്വാസത്തിന്റെ ബലിഷ്ഠ ഗോപുരവുമായ മാർ ഈവാനിയോസ് പിതാവ്; സഹനത്തിന്റെയും പ്രാർത്ഥനയുടെയും അനുസരണത്തിന്റെയും വിനയത്തിന്റെയും അതിസുന്ദരമായ ആൾരൂപം മാർ തെയോഫിലോസ് പിതാവ്. ഇവ രണ്ടും ഒരുമിച്ചപ്പോൾ ആണ് തീരാപ്രവാഹം ഉണ്ടായത്. അതിന്റെ ശീതളതയിൽ മലങ്കര സഭ എന്ന വടവൃക്ഷം പൂത്തുലഞ്ഞു നിൽക്കുന്നു.

മലങ്കര സഭയിൽ വേണ്ടതുപോലെ ശ്രദ്ധിക്കപ്പെടാതെ പോയ ഈ ആത്മീകഭാവം തിരികെ പിടിക്കേണ്ടത് അത്യാവശ്യമാണ്. നാമറിയാതെ ഈ രണ്ടു പിതാക്കന്മാരെയും രണ്ടു ഭദ്രാസനങ്ങളുടെ ഇടയന്മാരായി മാത്രം കരുതി. ഈ വിഭജനം ആപൽക്കരമാണ്. കരുതലോടെ നാം ശ്രദ്ധിച്ചു എങ്കിലെ വിഭജനചിന്തമാറ്റി സമന്വയചിന്ത കൈവരിക്കാൻ കഴിയൂ. സഭ കൂട്ടായ്മയാണ്. ഇന്ന് മലങ്കര സഭയ്ക്ക് ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങൾ സഭയിലെ എല്ലാ ഘടകങ്ങളും ഒരുമിച്ചപ്പോൾ ഉണ്ടായതാണ്. ആയതിനാൽ എല്ലാറ്റിനെയും ചേർത്തു നിർത്തുവാനും അർഹതപ്പെട്ട പ്രാധാന്യം എല്ലാവർക്കും നൽകുവാനും ശ്രമിക്കേണ്ടതാണ്. ഒരാൾ ഒന്നാമനാകുന്നത് രണ്ടാമതും മൂന്നാമതും തുടർന്നും ആളുകൾ ഉള്ളതുകൊണ്ടാണ്. ഇത്തരുണത്തിൽ മലങ്കര സഭയുടെ ഊർജ്ജസ്വലമായ വളർച്ചയ്ക്ക് മാർ തെയോഫിലോസ് പിതാവിന്റെ സന്നിദ്ധ്യവും പ്രാധാന്യവും പ്രവർത്തനങ്ങളും കൂടുതൽ ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. നമ്മുടെ ഇടയിൽ വേണ്ടതുപോലെ തെയോ

www.malankaralibrary.com

ഫിലോസ് പിതാവ് അറിയപ്പെടുന്നില്ല എന്ന വേദന പങ്കുവയ്ക്കട്ടെ. തിരുവല്ല ഭദ്രാസനത്തിന്റെ അദ്ധ്യക്ഷൻ എന്ന നിലയിൽ അല്ല മറിച്ച്, മലങ്കര കത്തോലിക്കാ സഭാംഗം എന്ന നിലയിൽ ഉള്ള വിലയിരുത്തലാണിത്. സഭയുടെ ഊടും പാവും നെയ്ത എല്ലാവരും പ്രധാനപ്പെട്ടവരാണ്, അറിയപ്പെടേണ്ടവരാണ്.

ഇവിടെയാണ് പുണ്യവാനായ ഈ ദൈവദാസനെ കാണുന്നത്. ഗുരുവിനെ എതിർത്തവരുടെ കൂടെയല്ല, ഗുരുവിന്റെ നിഴലായി പിന്തുടർന്നവരുടെ കൂടെ. ഈ രണ്ടാമന്റെ ആത്മിക ശക്തി സഭാ മക്കൾ തിരിച്ചറിയേണ്ടതാണ്, മറഞ്ഞിരിക്കുന്നതിന്റെ ആത്മികത, ശ്രദ്ധിക്കപ്പെടാതെ മാറി നില്ക്കുന്നതിന്റെ ആത്മികത. അതു ശരിക്കും കാണിച്ചുതരുന്നത് സ്നാപകനാണ്. സ്നാപകനെപ്പറ്റി കർത്താവ് പറഞ്ഞു നിങ്ങൾ എന്തു കാണാൻ പോയി......''വെട്ടികിളിയും കാട്ടുതേനും ഒട്ടകരോമവും'' മാത്രം സ്വന്തമായിരുന്ന സ്നാപകനെപ്പറ്റി കർത്താവു പറഞ്ഞു: സ്ത്രീകളിൽ നിന്നും ജനിച്ചവരിൽ യോഹന്നാനേക്കാൾ വലിയവനില്ല. അതെ ഈ ദൈവികജ്ഞാനമാണ് ഇന്ന് സഭാമക്കൾക്കാവശ്യമായിരിക്കുന്നത്. ദൈവസ്തുതികൾകൊണ്ട് മനസ്സ് നിറഞ്ഞ് ശരീരംമാത്രം ഇവിടെയും ആത്മാവും ഉണ്മയും, ഭൂമിയിൽ ജീവിച്ചിരിക്കെതന്നെ സ്വർഗ്ഗത്തിൽ ആയിരുന്നവനുമായ ഒരു വന്ദ്യ പിതാവായിരുന്നു യാക്കോബ് മാർ തെയോഫിലോസ് പിതാവ്

ഈ പൊൻമുത്തിനെ വീണ്ടും ദൈവമക്കളുടെ മുമ്പിൽ ഒട്ടും അതിശയോക്തിയോ അത്ഭുത വർണ്ണങ്ങളോ കൂടാതെ അവതരിപ്പിക്കുന്ന ഒരു നല്ല ശ്രമമാണ് **''മലങ്കരയുടെ പരിമളം''** എന്ന ഗ്രന്ഥം. ബഹു. താഴമൺ ചെറിയാൻ അച്ചൻ ഈ ശ്രമത്തിൽ ഏറെ വിജയിച്ചു. സഭയ്ക്കാകമാനമാണ് ഈ സംഭാവന. പുണ്യപിതാവിന്റെ മാദ്ധ്യസ്ഥം ഏറെ ശക്തമാണ്. ദൈവം എളിയവരെ ഉയർത്തി എന്ന പരി. അമ്മയുടെ വാക്കുകളേ ഇത്തരുണത്തിൽ പകർത്താൻ കഴിയൂ. ഈ പുണ്യപിതാവിനോടുള്ള ഭക്തിയിൽ സഭാമക്കൾ വളർന്നുവരണം.

വ്യക്തിപരമായി തെയോഫിലോസ് പിതാവിനെ അറിയുന്നതിനോ കാണുന്നതിനോ എന്റെ പ്രായം അനുവദിച്ചില്ല. ഞാൻ ജനിക്കുന്നതിനു മൂന്നു വർഷം മുൻപെ പിതാവ് സ്വർഗ്ഗം പൂകിയിരുന്നു. വന്ദ്യ പിതാവിന്റെ ശുശ്രൂഷകൾകൊണ്ടും ജീവിതം കൊണ്ടും സമ്പന്നമായ ഒരു ആത്മിക ശക്തി പിതാവിന്റെ എളിയ ഒരു പിൻഗാമി എന്ന നിലയിൽ ഞാൻ അനുഭവിക്കുന്നു. വ്യക്തിജീവിതത്തിലെ പരിമിതികളും പാപങ്ങളും എന്നെ ഈ ശുശ്രൂഷയ്ക്ക് അയോഗ്യനാക്കുന്നു എങ്കിലും വന്ദ്യ പിതാവിന്റെ നനവുള്ള പ്രാർത്ഥനയുടെയും ശിഷ്യനെന്ന നിലയിൽ ഏറ്റെടുത്ത സഹനങ്ങളുടെയും അവഹേളനങ്ങളുടെയും പുണ്യത്തിൽ അതിരൂപതയ്ക്കും ദൈവജനത്തിനും വലിയ അനുഗ്രഹ കലവറയായിരിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തട്ടെ. ദൈവതിരുമുമ്പിലെ അനുഗ്രഹീതമായ ജീവിതം അതിരൂപതാ

www.malankaralibrary.com

മക്കൾക്കു സംരക്ഷണത്തിന്റെ വൻമതിലായി തീർന്നിരിക്കുന്നു. കാറ്റും കോളും നിറഞ്ഞസാഹചര്യത്തിലും വന്ദ്യ പിതാവ് പണിതുടങ്ങിയ അതിരൂപതാ നൗക അവയെ അതിജീവിച്ച് തീരം അണഞ്ഞതിന്റെ എത്രയെത്ര അനുഭവങ്ങളാണ് എനിക്കുതന്നെ പറയാൻ കഴിയുന്നത്.

യോഹന്നാന്റെ സുവിശേഷം 14-ാം അദ്ധ്യായത്തിൽ കർത്താവു പറയുന്നു: എന്നിൽ വിശ്വസിക്കുന്നവൻ ഞാൻ ചെയ്ത അതേ പ്രവൃത്തികൾ ചെയ്യും. ഞാൻ എന്റെ പിതാവിന്റെ പക്കലേക്കു പോകുന്നതുകൊണ്ട് ഇവയേക്കാൾ വലിയവയും. വിശുദ്ധരുടെ മാദ്ധ്യസ്ഥശക്തിയുടെ ഉറവിടം ഈ തിരുവചനത്തിലുണ്ട്. കർത്താവ് തന്നിൽ വിശ്വസിക്കുന്നവരിലൂടെയാണ് ജീവിക്കുന്നതും പ്രഘോഷിക്കപ്പെടുന്നതും. തന്റെ ശിഷ്യന്മാരിലൂടെ താൻ അറിയപ്പെടുന്ന ഒരാദ്ധ്യാത്മികതയാണ് നമുക്കു തന്നിട്ടുള്ളത്. അതുകൊണ്ട് താൻ ചെയ്തതിലും വലിയ കാര്യങ്ങൾ ചെയ്യാൻ ശിഷ്യരെയാണ് അവിടുന്ന് ഒരുക്കിയത്. ഗുരുവിനേക്കാൾ വലിയവനല്ല ശിഷ്യനെങ്കിലും ഇവിടെ അതു കീഴ്മേൽ മറിയുകയാണ്. ശിഷ്യന്റെ നന്മ കണ്ടുകൊണ്ട് ഗുരുവിനെ ആദരിക്കുന്ന സംസ്കാരം. തന്നിൽ വിശ്വസിക്കുന്നവർക്കും ആ വിശ്വാസത്തിനുവേണ്ടി ത്യാഗം അനുഷ്ഠിക്കുകയും പീഡനങ്ങളും പരിഹാസങ്ങളും സ്വീകരിക്കുന്നവരെയും കർത്താവാണ് ലോകസമക്ഷം സാക്ഷ്യപ്പെടുത്തുന്നത്. നമ്മുടെ അഭി. തെയോഫിലോസ് പിതാവിന്റെ നന്മകളും ജീവിത ശുദ്ധിയും സത്യവിശ്വാസം പുൽകിയതുകൊണ്ടുണ്ടായ പീഡനങ്ങളും ദൈവം അമൂല്യമായ നിധിയായി "കുപ്പിയിൽ" ശേഖരിച്ചിരിക്കുന്നു. അതിന്റെ ശക്തിയാണ് നാം അനുഭവിക്കുന്ന നന്മകൾ. നമ്മുടെ സങ്കടങ്ങളിലും വേദനകളിലും രോഗങ്ങളിലും ദൈവം മാർ തെയോഫിലോസ് പിതാവിനെ ഓർത്ത് നമ്മെ അനുഗ്രഹിക്കുകയും വിടുവിക്കുകയും ചെയ്യുന്നു. നമ്മുടെ എല്ലാവരുടെയും ജീവിതത്തിൽ ഉണ്ടാകുന്ന ത്യാഗങ്ങളും സമർപ്പണങ്ങളും ഇപ്രകാരം തലമുറകളെ അനുഗ്രഹിക്കുന്നതിനുള്ള ഉപാധികളാണെന്നു മനസിലാക്കി വിശുദ്ധിയോടെ ജീവിക്കാൻ "മലങ്കരയുടെ പരിമളം" അനുവാചകരെ പ്രാപ്തരാക്കും എന്നതിൽ സംശയമില്ല. ഗ്രന്ഥം ക്രോഡീകരിക്കാൻ തയ്യാറായ വന്ദ്യ മുഖ്യ വികാരിജനറാൾ ചെറിയാൻ താഴമൺ അച്ചനെ അനുമോദിക്കുകയും ഗ്രന്ഥത്തിന് പ്രചുരപ്രചാരം നേരുകയും ചെയ്യുന്നു.



✠ **തോമസ് മാർ കൂറിലോസ്**
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്
തിരുവല്ല അതിഭദ്രാസനം.

തിരുവല്ല
17-07-2021

www.malankaralibrary.com

# ആമുഖം

രണ്ട് ഉദ്ധരണികളോടെ തുടങ്ങട്ടെ! ജർമ്മൻ ഏകാധിപതിയായിരുന്ന അഡോൾഫ് ഹിറ്റ്ലർ പതിമൂന്ന് ലക്ഷം യഹൂദരെ ചതച്ചരച്ച് കൊന്ന പോളണ്ടിലെ ഓഷ്വിറ്റ്സ് തടങ്കൽ പാളയം കാഴ്ചബംഗ്ലാവാക്കിയപ്പോൾ മുഖവാചകമായി എഴുതി വച്ചിരിക്കുന്നതാണ് ഒന്നാമത്തേത് : ''ചരിത്രം മറക്കുന്നവരെ ചരിത്രം ശിക്ഷിക്കും''. ജോർജ്ജ് ഓർവെലിന്റെ ഒരു ചെറുവചനം കൂടി ഓർക്കാം: ''ഒരു ജനതയെ നശിപ്പിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം, അവരുടെ ചരിത്രത്തെക്കുറിച്ചുള്ള തങ്ങളുടെ സ്വന്തം ധാരണയെ നിഷേധിക്കുകയും നശിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ് ''.

മറവി ഒരലങ്കാരമാക്കിമാറ്റാനാണ് ഇന്ന് പലരുടെയും ശ്രമം. ഓർമ്മകളെയും ചരിത്രത്തെയും നിരാകരിച്ചുകൊണ്ടുള്ള ഉത്സവങ്ങൾക്ക് അത് ആഹ്വാനം ചെയ്യുന്നു. മറവി മരണമാണ്. ദൈവമാണ് തന്റെ സ്രഷ്ടാവെന്നും അവന്റെ കല്പനയാണ് അനുസരിക്കേണ്ടതെന്നും മറന്നതല്ലേ ആദി മാതാപിതാക്കൾക്ക് മരണമായത്. മറവിയല്ല ഓർമ്മയാണ് വേണ്ടത്. മറവി മരണമെങ്കിൽ ഓർമ്മ ജീവനാണ്, സാന്നിദ്ധ്യമാണ്. ''എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്യുവിൻ'', എന്ന് യേശു നാഥൻ കല്പിച്ചപ്പോൾ ഈ കാര്യം അതിൽ അന്തർലീനം.

മലങ്കരയുടെ താപസനും ബഥനിയുടെ പ്രഥമഗുരുവും മലങ്കര പുനരൈക്യത്തിന്റെ സഹശില്പിയും തിരുവല്ല ഭദ്രാസനത്തിന്റെ പ്രഥമാദ്ധ്യക്ഷനുമായിരുന്ന അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ ഓർമ്മ ചരിത്രത്തിൽ അടയാളപ്പെടുത്തുവാനുള്ള എളിയ ശ്രമമാണ് **''മലങ്കരയുടെ പരിമളം''**. താൻ ഉൾക്കൊള്ളുന്ന സഭയുടെയും സമുദായത്തിന്റെയും ജീർണ്ണാവസ്ഥയുടെ കാരണം അനുസരണത്തിന്റെയും വിധേയത്വത്തിന്റെയും അഭാവമാണെന്ന് അഭിവന്ദ്യ പിതാവ് ആരംഭത്തിലെ

www.malankaralibrary.com

തിരിച്ചറിഞ്ഞിരുന്നു. അതിനുപരിഹാരമായിട്ടാണ് പിതാവ് അനുസരണം വ്രതമായി സന്യാസത്തെ പുൽകിയതും ജീവിതം മുഴുവൻ തന്റെ ഗുരു മാർ ഈവാനിയോസ് പിതാവിന് വിധേയനായി സമ്പൂർണ്ണ അനുസരണത്തിൽ കഴിഞ്ഞതും. തിരുവല്ല ഭദ്രാസന അദ്ധ്യക്ഷനായിരുന്നപ്പോഴും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഹിതവും കല്പനകളും ശിരസ്സാവഹിച്ച് നിറവേറ്റുവാൻ പിതാവ് ബദ്ധശ്രദ്ധനായിരുന്നു. പിതാവിന്റെ ആത്മീയത യുടെ ആഴവും അതുതന്നെയായിരുന്നു. ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും അതുവരെ നേടിയതൊക്കെ ഉപേക്ഷിച്ച് സത്യത്തിൽ മാത്രം മനസ്സിനെ ഉറ പ്പിക്കാൻ പരിശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്ത യതിവര്യ നായിരുന്നു മാർ തെയോഫിലോസ് പിതാവ്. സ്ഥാനങ്ങളും സ്ഥാപിതതാ ല്പര്യങ്ങളും മാറ്റിവച്ച് മനസ്സിനെ സ്വസ്ഥതയിൽ ഉറപ്പിക്കുന്നവർക്കുമാത്രം സാദ്ധ്യമാകുന്ന വിശുദ്ധി നേടിയവനായിരുന്നു അഭിവന്ദ്യ പിതാവ്. ആഗ്ര ഹങ്ങളും ആവശ്യങ്ങളും അവസാനിക്കുന്നിടത്താണല്ലോ ധ്യാനം ആരംഭി ക്കുക. നിക്ഷേപങ്ങളിലും നിധികളിലും പിടിമുറുക്കി അവയ്ക്കു മദ്ധ്യേയി രുന്ന് സ്വയം തേടലോ ദൈവത്തെ തേടലോ സാദ്ധ്യമല്ല. പുറത്തുള്ളവയിൽ നിന്നും കണ്ണും കാതും പിൻവലിക്കാതെ ആന്തരിക ദർശനം സാദ്ധ്യമല്ല. എല്ലാം കാണുകയും കേൾക്കുകയും മനസ്സിലാക്കുകയും അതേസമയം എല്ലാറ്റിൽ നിന്നും അകന്നുനില്ക്കാൻ ശീലിക്കുകയും ചെയ്യുന്നവരുടെ ജീവിതം ധന്യമാണ്. അഭിവന്ദ്യ മാർ തെയോഫിലോസ് പിതാവിന്റെ ജീവിതം ഇപ്രകാരമുള്ളതായിരുന്നു. കാനനമദ്ധ്യത്തിലെങ്കിലും അർദ്ധരാത്രിയിൽ വിരിയുന്ന നിശാഗന്ധിപുഷ്പം ദൂരങ്ങളിൽ നിന്നു പോലും ശലഭങ്ങളെ തന്നിലേക്ക് ആകർഷിക്കുന്നതുപോലെ താപസനായി ആശ്രമത്തിലും അര മനയിലും ഏകാന്തതയിൽ കഴിഞ്ഞിരുന്നപ്പോഴും അഭിവന്ദ്യ പിതാവിന്റെ പക്കലേക്ക് ആരാധനാ ശുശ്രൂഷകളിൽ പങ്കെടുക്കാനും പ്രഭാഷണങ്ങൾ ശ്രവിക്കാനും അനുഗ്രഹം നേടാനുമായി അനേകർ ആകർഷിക്കപ്പെട്ടിരു ന്നു. കാരണം, ആ പ്രഭാഷണങ്ങൾ വായിച്ചറിഞ്ഞവയുടെ പുനരാഖ്യാന ങ്ങളായിരുന്നില്ല, മറിച്ച് അനുഭവിച്ചറിഞ്ഞവയുടെ വിത്തു വിതയ്ക്കലായി രുന്നു. അതുകൊണ്ടുതന്നെ ഹൃദയത്തിൽ നിന്നും പ്രവഹിച്ചിരുന്ന അവയ്ക്ക് സ്വാഭാവികതയും സത്യസന്ധതയും ഒപ്പം അതിസ്വാഭാവികതയും ഉണ്ടാ യിരുന്നു.

അഭിവന്ദ്യ മാർ തെയോഫിലോസ് പിതാവിനെക്കുറിച്ച് പലർ പല സന്ദർഭങ്ങളിൽ എഴുതിയിട്ടുള്ള ഏതാനും ലേഖനങ്ങൾ നഷ്ടപ്പെട്ടുപോ കാതെ ഒരു ഗ്രന്ഥമായി സമാഹരിക്കുവാനുള്ള ശ്രമത്തിന്റെ ഫലമാണ് **"മല ങ്കരയുടെ പരിമളം"**. ഈ ലേഖനങ്ങൾ ഒന്നും ഒരു പുസ്തകത്തിന്റെ ഭാഗ

www.malankaralibrary.com

മാകുവാനുള്ള ഉദ്ദേശ്യത്തിൽ എഴുതപ്പെട്ടിട്ടുള്ളവയല്ല. അതിനാൽ ലേഖനങ്ങൾ തമ്മിൽ ബന്ധമോ ആശയതുടർച്ചയോ പ്രതീക്ഷിക്കേണ്ടതില്ല. പലപ്പോഴും ആവർത്തനങ്ങൾ ദൃശ്യവുമായിരിക്കും. കാരണം, ഓരോന്നും ഓരോ അവസരത്തിൽ സ്വതന്ത്രമായി എഴുതപ്പെട്ടിട്ടുള്ളവയാണ്.

മലങ്കര സുറിയാനി കത്തോലിക്ക സഭയിൽ തിരുവല്ല അതിഭദ്രാസനത്തിന്റെ പ്രഥമ അദ്ധ്യക്ഷനായി അതിഭദ്രാസനത്തിന് അടിത്തറപാകിയ അഭിവന്ദ്യ മാർ തെയോഫിലോസ് പിതാവിനെക്കുറിച്ചുള്ള ഗ്രന്ഥം അതിരൂപതയുടെയും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെയും നവതി സ്മരണികയായി അതിരൂപതാദ്ധ്യക്ഷൻ അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ മെത്രാഭിഷേക രജതജൂബിലി വർഷത്തിൽ പ്രസിദ്ധീകരിക്കുവാൻ സാധിക്കുന്നത് ദൈവത്തിന്റെ അനന്തകൃപയുടെയും സഭയെക്കുറിച്ചുള്ള ദൈവ പദ്ധതിയുടെയും അടയാളമായി മനസ്സിലാക്കുകയാണ്. നവതി സ്മാരകമായ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം സഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ മോറാൻ മോർ ബസ്സേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായുടെ മെത്രാഭിഷേകത്തിന്റെ ദ്വിദശാബ്ദി ദിനത്തിൽ(ഓഗസ്റ്റ് 15) ആകുന്നതും ദൈവപദ്ധതി തന്നെ.

അനുഗ്രഹസന്ദേശങ്ങൾ നല്കിയ നമ്മുടെ സഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായ്ക്കും, അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്തായ്ക്കും, ലേഖനങ്ങളും അനുസ്മരണകളും പുനപ്രസിദ്ധീകരിക്കാൻ അനുവാദം നല്കിയ ലേഖനകർത്താക്കൾക്കും, ഐക്യദീപം മാസികയുടെ ചുമതലക്കാർക്കും, കവർചിത്രത്തിന്റെയും പുസ്തകത്തിന്റെയും രൂപകല്പന നിർവ്വഹിച്ച ശ്രീ. ജെയ്സൺ മാത്യു കൊച്ചുവടവനയ്ക്കും, ഡി. റ്റി. പി. ജോലികൾ ചെയ്ത് സഹായിച്ച ശ്രീമതി റിന്റു മാത്യുവിനും, ഭാഷാസംശോധക സിസ്റ്റർ ആത്മ എസ്സ്. ഐ. സി. ക്കും, സാങ്കേതിക സഹായങ്ങൾ നല്കിയ ബഹു. ഫിലിപ്പ് പയ്യംപള്ളിൽ അച്ചനും, ബഹു. തോമസ് കാഞ്ഞിരത്താമണ്ണിൽ അച്ചനും, പുസ്തകത്തിന്റെ അച്ചടി നിർവ്വഹിച്ച ചങ്ങനാശ്ശേരി സെന്റ് ജോസഫ് ഓർഫണേജ് പ്രസ് അധികൃതർക്കും നന്ദി രേഖപ്പെടുത്തുന്നു.

**ഫാ. ചെറിയാൻ താഴമൺ**

(എഡിറ്റർ)

www.malankaralibrary.com

[redacted]

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ് -കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ നിന്നും**
നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 3/2015

**സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും**
**സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.**

**വിഷയം:** **ഭാഗ്യസ്മരണാർഹനായ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ ജനനത്തിന്റെ ശതോത്തര രജതജൂബിലി (125-ാം വർഷം).**

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാൻമാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

മലങ്കര പുനരൈക്യപ്രസ്ഥാനത്തിന്റെ രൂപീകരണത്തിലും വളർച്ചയിലും ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ വലംകൈയ്യായി ദൈവഭക്തിയിലും ഉത്സാഹത്തിലും പ്രവർത്തിച്ച തിരുവല്ലാ രൂപതയുടെ പ്രഥമാദ്ധ്യക്ഷനായിരുന്ന പുണ്യശ്ലോകനായ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ ജനനത്തിന്റെ ശതോത്തര രജത ജൂബിലി വർഷത്തിൽ അദ്ദേഹത്തിന്റെ അമ്പത്തി ഒമ്പതാം ഓർമ്മത്തിരുനാൾ ഈ വരുന്ന ജൂൺ മാസം 27-ാം തീയതി നാം ആചരിക്കുകയാണ്. ജീവിച്ചിരിക്കുമ്പോൾതന്നെ 'മാലാഖയ്ക്ക് അടുത്ത തിരുമേനി' എന്നറിയപ്പെട്ടിരുന്ന 'കൊച്ചു

www.malankaralibrary.com



തിരുമേനി' യെ ഒരു വിശുദ്ധനായിട്ടാണ് ജനങ്ങൾ അംഗീകരിച്ച് ആദരിച്ചിരുന്നത്. ബഥനി സന്യാസ പ്രസ്ഥാനങ്ങൾക്കും മലങ്കര പുനരൈക്യ പ്രസ്ഥാനത്തിനും മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കിക്കും രൂപം നൽകുന്നതിനും അടിസ്ഥാനമിട്ട് വളർത്തുന്നതിനും ദൈവദാസൻ ആർച്ച്ബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായ്ക്ക് മാർ തെയോഫിലോസ് പിതാവിന്റെ ആലോചനയും പ്രാർത്ഥനയും തപസും എന്നും പിൻബലമായിരുന്നു. തന്റെ ജീവിത വിശുദ്ധികൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മുഖം തേജോമയമാക്കിയ വന്ദ്യപിതാവിന്റെ ജന്മശതോത്തര രജതജൂബിലിയും ഓർമ്മത്തിരുനാളും അദ്ദേഹത്തിൽ വിളങ്ങിയിരുന്ന പുണ്യങ്ങൾ സ്വായത്തമാക്കാനും ദൈവത്തിനു നന്ദിപറയാനുമുള്ള അവസരമായിരിക്കട്ടെ.

1891 ഫെബ്രുവരി 26-ാം തീയതി വ്യാഴാഴ്ച ചേർപ്പുങ്കൽ മറ്റത്തിൽ മൂലകുടുംബത്തിന്റെ ശാഖയായ ഒളശ്ശ കളപ്പുരയ്ക്കൽ കുടുംബത്തിൽ ശ്രീ. എബ്രഹാം തരകന്റെയും ശ്രീമതി അച്ചാമ്മയുടെയും കടിഞ്ഞൂൽ പുത്രനായി യാക്കോബ് മാർ തെയോഫിലോസ് പിതാവ് ജനിച്ചു. 1891 മാർച്ച് മാസം 16-ാം തീയതി തിങ്ക ളാഴ്ച കല്ലുങ്കത്തറ പള്ളിയിൽ വച്ച് ചാലാശേരിൽ വന്ദ്യ യൗസേപ്പ് കത്തനാർ യാക്കോബ് എന്ന പേരു നൽകി ശിശുവിനു മാമ്മോദീസായും മൂറോൻ അഭിഷേകവും നൽകി. കളപ്പുരയ്ക്കൽ വന്ദ്യ മാത്തുതരകൻ കത്തനാരായിരുന്നു ജ്ഞാനസ്നാന പിതാവ്. അക്ഷരാഭ്യാസം അടുത്തുണ്ടായിരുന്ന ആശാൻ കളരിയിലും പ്രാഥമിക വിദ്യാഭ്യാസം ഒളശ്ശയിലെ പ്രൈമറി സ്കൂളിലും തുടർന്നുള്ള വിദ്യാഭ്യാസം കോട്ടയം എം.ഡി. സെമിനാരിയിലുമായിരുന്നു. സ്തുത്യർഹമായ നിലയിൽ മെട്രിക്കുലേഷൻ പരീക്ഷ വിജയിച്ച അദ്ദേഹത്തിന് മാതൃവിദ്യാലയമായ എം.ഡി. സെമിനാരിയിൽതന്നെ അധ്യാപകനായി നിയമനവും ലഭിച്ചു. ദൈവഭക്തിയിലും പെരുമാറ്റത്തിലും കൃത്യനിഷ്ഠയിലും അധ്യാപനത്തിലും മാതൃകയായിരുന്ന അദ്ദേഹം സകലർക്കും സംപ്രീതനും ആദരണീയനുമായിരുന്നു. അക്കാലത്ത് എം.ഡി. സെമിനാരി പ്രിൻസിപ്പൽ ആയിരുന്ന പണിക്കരു വീട്ടിൽ ഫാ. പി.റ്റി. ഗീവർഗീസ് എം.എ യുടെ കൂടെയായിരുന്നു താമസിച്ചിരുന്നത്.

ഒളശ്ശ ഇടവകക്കാരുടെ പ്രത്യേക താല്പര്യവും അഭ്യർത്ഥനയും പരിഗണിച്ച് മലങ്കര മെത്രാപ്പോലീത്താ വട്ടശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനി യാക്കോബിന് ശെമ്മാശപട്ടം നൽകുകയുണ്ടായി. അതിനുശേഷവും എം.ഡി സെമിനാരിയിൽ അധ്യാപനവും എം.എ. അച്ചന്റെ കീഴിൽ വൈദിക പരിശീലനവും തുടർന്നുകൊണ്ടിരുന്നു. മലങ്കര നസ്രാണി സമുദായത്തിന്റെ അഭ്യുന്നതിക്ക് ഉതകുമെന്നുകണ്ട് സെറാമ്പൂർ കോളജിൽ പ്രഫസർ ആകാനുള്ള ക്ഷണം സ്വീകരിക്കുവാൻ എം.എ. അച്ചൻ തീരുമാനിച്ചു. യുവവൈദി

www.malankaralibrary.com

കരും ശെമ്മാശന്മാരുമായ ഏതാനും പേരെ സെറാമ്പൂരിൽ കൊണ്ടുപോയി പഠിപ്പിക്കുവാൻ സാധിക്കുമെന്നതിനാലായിരുന്നു എം.എ. അച്ചൻ എം.ഡി. സെമിനാരി പ്രിൻസിപ്പൽ പദവി ഉപേക്ഷിച്ച് സെറാമ്പൂർ കോളജിൽ പ്രൊഫസർ ജോലി ഏറ്റെടുക്കുവാൻ തയാറായത്. എം.എ. അച്ചന്റെ മനസ് അറിയാമായിരുന്ന യാക്കോബ് ശെമ്മാശനും അധ്യാപക ജോലി ഉപേക്ഷിച്ച് ഗുരുവിനോടൊപ്പം സെറാമ്പൂരിലേക്കു പോകാൻ തയാറായി. യാക്കോബ് ശെമ്മാശൻ സെറാമ്പൂർ കോളജിൽ നിന്ന് ഇന്റർമീഡിയേറ്റ് പാസായി ഓണേഴ്സ് പഠനത്തിനു ചേർന്നു. സെറാമ്പൂർ കോളജിൽ പ്രൊഫസർ ആയിരിക്കുമ്പോൾ തന്നെ എം.എ അച്ചൻ താല്പര്യമുള്ള ശെമ്മാശന്മാരെ കൂട്ടി സന്യാസ ജീവിതചര്യകൾ പാലിച്ചു തുടങ്ങുകയും സന്യാസാശ്രമ സ്ഥാപനത്തിനുള്ള ഒരുക്കങ്ങൾ നടത്തുകയും ചെയ്തുകൊണ്ടിരുന്നു. ആശ്രമം തുടങ്ങാനായി സെറാമ്പൂരിലെ ഉദ്യോഗം രാജിവച്ച് ഫാ. പി.റ്റി. ഗീവർഗീസ് നാട്ടിലേക്ക് മടങ്ങിയപ്പോൾ ഓണേഴ്സ് പഠനം ഉപേക്ഷിച്ച് യാക്കോബ് ശെമ്മാശനും ആശ്രമത്തിൽ ചേരാനായി ഗുരുവിനോടൊപ്പം നാട്ടിലേക്കു പോന്നു. ആശ്രമം സ്ഥാപിക്കുന്നതിനും ആശ്രമനിയമം ക്രോഡീകരിക്കുന്നതിനും വ്രതവാഗ്ദാനം നടത്തി ബഥനി സന്യാസപ്രസ്ഥാനം ആരംഭിക്കുന്നതിനും യാക്കോബ് ശെമ്മാശൻ ഫാ. പി.റ്റി. ഗീവർഗീസിനൊപ്പം ഉണ്ടായിരുന്നു. വീണ്ടും വൈദിക പഠനം തുടർന്ന യാക്കോബ് ശെമ്മാശൻ 1924ൽ വൈദികനായി അഭിഷിക്തനായി. ആശ്രമാധ്യക്ഷൻ അദ്ദേഹത്തെ ആശ്രമത്തിലെ പ്രഥമ ഗുരുവായി നിയമിച്ചു. 1927 ഡിസംബർ 12-ാം തീയതി 'മഹത്വ്രതം' എടുത്ത് യാക്കോബ് അച്ചൻ റമ്പാനായി. 1928 ഡിസംബർ 19-ാം തീയതി ചേർന്ന മലങ്കര ഓർത്തഡോക്സ് സഭയുടെ പരിശുദ്ധ സുന്നഹദോസ് വന്ദ്യ യാക്കോബ് റമ്പാനെ ബഥനിയുടെ എപ്പിസ്കോപ്പാ ആയി വാഴിക്കാൻ തീരുമാനിക്കുകയും 1929 ഫെബ്രുവരി 14-ന് പരിശുദ്ധ ഗീവർഗീസ് ബസേലിയോസ് പ്രഥമൻ കാതോലിക്കാ ബാവാ തെയോഫിലോസ് എന്ന പേരിൽ വാഴിക്കുകയും ചെയ്തു. തുടർന്ന് ബഥനി മെത്രാപ്പോലീത്താ മാർ ഈവാനിയോസ് തിരുമേനി ബഥനി പള്ളികളുടെ ചുമതല മാർ തെയോഫിലോസ് തിരുമേനിയെ ഏല്പിച്ചു. തിരുവല്ലയിൽ ബഥനി അരമനയിൽ താമസിച്ചുകൊണ്ടാണ് അദ്ദേഹം ചുമതലകൾ നിർവഹിച്ചിരുന്നത്.

1930 സെപ്റ്റംബർ 20-ാം തീയതി മാർ ഈവാനിയോസ് മെത്രാപ്പോലീത്തായോടൊപ്പം മാർ തെയോഫിലോസ് പിതാവും കൊല്ലം അരമനയിൽവച്ച് പുനരൈക്യപ്പെട്ട് സാർവത്രിക സഭാകൂട്ടായ്മയിൽ പ്രവേശിച്ചു. 1932 ജൂൺ മാസം 11-ാം തീയതി മലങ്കര സുറിയാനി കത്തോലിക്കാ സഭാ ഹയരാർക്കി സ്ഥാപിതമാകുകയും 1933 നവംബർ മാസം ആറാം തീയതി തിങ്കളാഴ്ച തിരുവല്ലാ രൂപത കാനോനികമായി നിലവിൽ വരികയും യാക്കോബ് മാർ

www.malankaralibrary.com

തെയോഫിലോസ് പിതാവ് രൂപതയുടെ പ്രഥമാധ്യക്ഷനായി അവരോധിക്കപ്പെടുകയും ചെയ്തു. തിരുവല്ലാ സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിന് കിഴക്ക് ഹൈന്ദവ സ്നേഹിതൻ ശ്രീ. കുട്ടൻ പിള്ളയുടെ 'കുഴിയിൽ വീട്' കൂലിയ്ക്കെടുത്ത് അവിടെ താമസിച്ചുകൊണ്ടാണ് അദ്ദേഹം രൂപതാഭരണം ആരംഭിച്ചത്. കല്ലടാവിലെ കാലിത്തൊഴുത്തിൽ പിറന്ന്, വഴിയോരങ്ങളിൽ അന്തിയുറങ്ങി, പത്രോസിന്റെ പടകിൽ യാത്ര ചെയ്ത് ആകാശത്തിനും ഭൂമിക്കും മധ്യേ മരക്കുരിശിൽ മരിച്ച്, ആരാന്റെ കല്ലറയിൽ സംസ്കരിക്കപ്പെട്ട യേശുകർത്താവിന്റെ യഥാർഥ ശിഷ്യൻ! ഒരിഞ്ചു ഭൂമിയോ ഒരു രൂപയുടെ സമ്പാദ്യമോ സ്വന്തമായില്ലാതെ വാടക വീട്ടിൽ ആരംഭിച്ച പുനരൈക്യ സുവിശേഷ ശുശ്രൂഷകൾ മുപ്പതും അറുപതും നൂറും മടങ്ങായി ഫലം പുറപ്പെടുവിച്ചുകൊണ്ടിരുന്നു. മധ്യതിരുവിതാംകൂറിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ശക്തമായ അടിസ്ഥാനം ഉറപ്പിക്കാൻ ദൈവം 'തന്റെ ഭക്തനായ' മാർ തെയോഫിലോസ് പിതാവിനെ ഉപകരണമാക്കി. അനേകായിരങ്ങൾ മാനസാന്തരപ്പെട്ട് സുവിശേഷം സ്വീകരിക്കുകയും പുനരൈക്യപ്പെട്ട് സാർവത്രിക സഭാകൂട്ടായ്മയിലേക്കു വരികയും ചെയ്തുകൊണ്ടിരുന്നു. അവർക്കാവശ്യമായ ഇടവക സംവിധാനങ്ങളും പള്ളികളും സ്വരുക്കൂട്ടുവാനും പൗരോഹിത്യ ശുശ്രൂഷകൾക്കാവശ്യമായ വൈദികരുടെ സേവനം ലഭ്യമാക്കുന്നതിനും രൂപതയ്ക്കാവശ്യമായ ഭരണകേന്ദ്രം ഉണ്ടാക്കുന്നതിനും കാനൻ നിയമപ്രകാരമുള്ള ഭരണ സംവിധാനങ്ങൾ ക്രമീകരിക്കുന്നതിനും രൂപതാ ഭരണ നിയമാവലി ക്രോഡീകരിക്കുന്നതിനും സന്യാസാശ്രമം സ്ഥാപിക്കുന്നതിനും അല്മായ പ്രേഷിതരെ രൂപീകരിക്കുന്നതിനായി ഇന്നത്തെ എം.സി.എ. യുടെ ആദ്യരൂപമായ 'വിശ്വാസസാക്ഷ്യസംഘം' എന്ന അല്മായസംഘടന രൂപീകരിക്കുന്നതിലും അദ്ദേഹം കാണിച്ച ദീർഘവീക്ഷണവും നേതൃപാടവവും ചരിത്രത്തിന്റെ ഭാഗമാണ്. ദീർഘകാലം നേതൃത്വം നൽകാൻ ശാരീരിക ആരോഗ്യം അദ്ദേഹത്തെ അനുവദിച്ചില്ലെങ്കിലും ഇപ്പോൾ സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ സ്ഥിതി ചെയ്യുന്ന സ്ഥലവും പ്രഥമ കത്തീഡ്രൽ ദൈവാലയവും പുഷ്പഗിരി മെഡിക്കൽ കോളജും അനുബന്ധ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്ന സ്ഥലവും ചെറുപുഷ്പഗിരി അരമനയും വൈദിക പരിശീലനത്തിന് മൈനർ സെമിനാരിയും തിരുവല്ല ബഥനി ആശ്രമം സ്ഥിതി ചെയ്യുന്ന സ്ഥലവും ആദ്യം അവിടെ ആരംഭിച്ച ദിവ്യരക്ഷകാശ്രമവും ദശകങ്ങൾ പിന്നിട്ടിട്ടും വിശ്വാസികളുടെ എണ്ണം പതിന്മടങ്ങ് വർധിച്ചിട്ടും ആവശ്യത്തിന് സ്ഥലസൗകര്യവും ഉറപ്പുമുള്ള തോട്ടഭാഗം, വെണ്ണിക്കുളം, അയിരൂർ തുടങ്ങിയ പള്ളികളും തിരുവല്ലായിലെ സെന്റ് ജോസഫ് പ്രിന്റിംഗ് ഹൗസും ഇന്നും അദ്ദേഹത്തിന്റെ ശുശ്രൂഷാ കാലത്തെ തേജോമയമായി നിലനിർത്തുന്നു. ശാരീരിക അനാരോ

www.malankaralibrary.com

ഗ്യംമൂലം ഔദ്യോഗിക ശുശ്രൂഷയിൽ നിന്ന് വിരമിച്ച് വിശ്രമജീവിതം നയിച്ചിരുന്ന അദ്ദേഹം തപസിലും പ്രാർത്ഥനയിലും പുലർത്തിയിരുന്ന ചിട്ടയും നിഷ്ഠയും മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ഇന്നും ആത്മീക ഊർജദായകമായിരിക്കുന്നു. നാട്ടുകാരുടെ 'മാലാഖയ്ക്ക് അടുത്ത തിരുമേനി' 1956 ജൂൺ മാസം 27-ാം തീയതി ബുധനാഴ്ച കാലം ചെയ്ത് തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ കബറടക്കപ്പെട്ടു. അന്നു മുതൽ അനേകർ അദ്ദേഹത്തിന്റെ കബറിങ്കൽ എത്തി പ്രാർത്ഥിച്ച് അനുഗ്രഹം പ്രാപിക്കുന്നു. അദ്ദേഹത്തിന്റെ മാധ്യസ്ഥം ശക്തമാണെന്നുള്ളത് എന്റെ വ്യക്തിപരമായ അനുഭവമാണെന്ന് സാക്ഷ്യപ്പെടുത്തുവാൻ എനിക്കു സന്തോഷമുണ്ട്.

തന്റെ ഗുരുവായ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ ഒരു നിഴൽപോലെ പിന്തുടർന്നിരുന്ന മാർ തെയോഫിലോസ് പിതാവിന്റെ ആഗ്രഹവും അഭിലാഷവുമായിരുന്നു സ്വന്ത ജീവിത വിശുദ്ധിയും സഭാ നവീകരണവും. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് അദ്ദേഹം എപ്പോഴും മാർ ഈവാനിയോസ് പിതാവിനോടൊപ്പം ചേർന്നു നിൽക്കുവാൻ ശ്രമിച്ചിരുന്നു. എം.ഡി. സെമിനാരി പ്രിൻസിപ്പൽ സ്ഥാനം രാജിവച്ച് സെറാമ്പൂർക്കു പോയപ്പോൾ അധ്യാപക ജോലി ഉപേക്ഷിച്ച് അവിടേക്ക്, പ്രൊഫസർ സ്ഥാനം രാജിവച്ച് നാട്ടിലേക്കു മടങ്ങിയപ്പോൾ ഓണേഴ്സ് പഠനം ഉപേക്ഷിച്ച് നാട്ടിലേക്ക്, ബഥനി ആശ്രമസ്ഥാപനത്തിനായി പെരുനാട്ടിലേക്കു പോയപ്പോൾ അവിടേക്ക്, സഭാപൂർണത തേടി കത്തോലിക്കാ സഭാ കൂട്ടായ്മയിലേക്ക് പുനരൈക്യപ്പെടുവാൻ മുണ്ടന്മല വിട്ടിറങ്ങിയപ്പോൾ ഒന്നിച്ച്, പുനരൈക്യപ്പെടുവാൻ കൊല്ലം അരമനയിലേക്കു പോയപ്പോൾ കൂടെ, മലങ്കര സുറിയാനി കത്തോലിക്കാ സഭാ ഹയരാർക്കി രൂപീകൃതമായപ്പോൾ സാമന്ത രൂപതാധ്യക്ഷനായി ഒപ്പം, എപ്പോഴും ഗുരുവിനോടൊപ്പം. 'അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം' (യോഹ.11:16) എന്നു പറഞ്ഞ മാർത്തോമാശ്ലീഹായ്ക്ക് തന്റെ ഗുരുവിനോടുണ്ടായിരുന്നത്ര ബന്ധവും ഭക്തിയും വിധേയത്വവുമാണ് മാർ തെയോഫിലോസ് പിതാവിന് തന്റെ ഗുരുവായ മാർ ഈവാനിയോസ് പിതാവിനോടും ഉണ്ടായിരുന്നത്.

തിരുവനന്തപുരം അതിരൂപതയും തിരുവല്ലാ രൂപതയുമായി മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി സ്ഥാപിതമായപ്പോഴും മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ അജപാലനനേതൃത്വത്തിൽ പൗരസ്ത്യ സഭകളുടെ പാരമ്പര്യത്തിൽ പ്രവർത്തിക്കുവാൻ മാർ തെയോഫിലോസ് പിതാവ് എപ്പോഴും പ്രതിജ്ഞാബദ്ധനായിരുന്നു. പണ്ഡിതനും ദൈവശാസ്ത്രജ്ഞനും യുഗപ്രഭാവനുമായിരുന്ന മാർ ഈവാനിയോസ് പിതാവ് മുമ്പോട്ടു വച്ച സഭാദർശനങ്ങൾക്കനുസരിച്ച് തന്റെ ശുശ്രൂഷയ്ക്ക് ഭരമേൽപ്പിക്കപ്പെട്ടിരുന്ന സഭാഘടകത്തെ നയിക്കുവാനായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. മലങ്കര

www.malankaralibrary.com



സഭയിലെ വൈദികാഭിഷേക ശുശ്രൂഷയിൽ കാർമ്മികൻ അർത്ഥിക്കു നൽകുന്ന ഒരു ഉപദേശം ഇപ്രകാരമാണ്. '.... അവരോടുകൂടെ ശ്ലീഹന്മാരുടെ തലവനായ മാർ പത്രോസ് ശ്ലീഹായുടെ അനന്തരഗാമിയും പ്രതിനിധിയുമായ റോമായിലെ മാർപാപ്പായാകുന്ന മഹാപ്രധാനാചാര്യനോടും നമ്മോടും നീ പറ്റിച്ചേർന്നുകൊള്ളണം'. മാർ തെയോഫിലോസ് പിതാവ് ഈ ഉപദേശം അക്ഷരശ്ശാ ജീവിതത്തിൽ പാലിച്ചിരുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തുടക്കകാലത്തെ വിജയത്തിന്റെയും ദ്രുതവളർച്ചയുടെയും പ്രധാനകാരണങ്ങളിൽ ഒന്ന് ഈ ബന്ധമായിരുന്നു. ഇന്നും നമ്മുടെ സഭയുടെ ശക്തി സഭാതലവനോടും പരസ്പരവും അഭിവന്ദ്യ മെത്രാപ്പോലീത്താമാർക്കും ബഹു. വൈദികർക്കും സന്യസ്തർക്കും ദൈവജനത്തിനുമുള്ള ബന്ധവും കൂട്ടായ്മയുമാണ്.

ലാളിത്യവും വിനയവും വിധേയത്വവും സഹാനുഭൂതിയും പ്രാർത്ഥനാ ജീവിതവും അദ്ദേഹത്തിൽ പ്രത്യേകം വിളങ്ങി ശോഭിച്ചിരുന്ന പുണ്യങ്ങളാണ്. മറ്റുള്ളവർ അദ്ദേഹത്തെ 'മാലാഖയ്ക്ക് സദൃശ്യൻ' എന്ന് വിശേഷിപ്പിച്ചിരുന്നപ്പോഴും 'വിശുദ്ധന്മാരിൽ നിസാരൻ' (എഫെ.3:9) എന്നു സ്വയം കരുതിയ പൗലോസ് ശ്ലീഹായെപ്പോലെയും തന്നെത്തന്നെ വെറുമയായിക്കരുതിയ (സങ്കീ.22:6) ദാവീദിനെപ്പോലെയും വിനയപ്പെടുവാനും മറ്റുള്ളവരെ തന്നെക്കാൾ വലിയവരും ബഹുമാന്യരുമായി കരുതുവാനുമാണ് അദ്ദേഹം താല്പര്യപ്പെട്ടിരുന്നത്. 'അങ്ങ് ഈ ദാസനോടു കാണിച്ച കാരുണ്യത്തിനും വിശ്വസ്തതയ്ക്കും ഞാൻ ഒട്ടും അർഹനല്ല....' (ഉല്പത്തി 32:10) എന്ന പൂർവ്വ യാക്കോബിന് ഉണ്ടായിരുന്ന ചിന്ത തന്നെയാണ് നമ്മുടെ യാക്കോബ് മാർ തെയോഫിലോസ് പിതാവിനും ഉണ്ടായിരുന്നത്. തന്റെ ഗുരുവിന്റെ താല്പര്യവും നിർദേശവും അനുസരിച്ച് പ്രവർത്തിക്കുവാനും ബഹുമാനവും ആദരവും അദ്ദേഹത്തിനു നൽകുവാനുമായിരുന്നു മാർ തെയോഫിലോസ് പിതാവിന്റെ ശ്രദ്ധ.

ജീവിതലാളിത്യത്തിനും എളിയവരോടും ഏഴകളോടും ഒത്തുചേരുന്നതിനും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. തിരുവല്ലാ രൂപതയുടെ ആരംഭം മുതൽ പുനരൈക്യത്തിൽ മാത്രമല്ല, സുവിശേഷ വേലയിലും മാനസാന്തര ശുശ്രൂഷയിലും അദ്ദേഹം ശ്രദ്ധ ചെലുത്തിയിരുന്നു. സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടിരുന്നവരും അവശതയനുഭവിച്ചിരുന്നവരുമായവരുടെ സമൂഹങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് അവരെയും യേശുവിന്റെ സ്നേഹക്കൂട്ടായ്മയായ സഭാകൂട്ടായ്മയിലേക്ക് കൂട്ടിക്കൊണ്ടുവരുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. തന്റെ സഹായികളും സഹകാരികളുമായി അവരെ നിയമിക്കുന്നതിലും അദ്ദേഹം പ്രത്യേകം താല്പര്യപ്പെട്ടിരുന്നു.

മാർ തെയോഫിലോസ് പിതാവിന്റെ ജനനത്തിന്റെ ശതോത്തര രജത

www.malankaralibrary.com

[redacted]

ജൂബിലിയും മരണത്തിന്റെ വജ്രജൂബിലിയും ഒന്നിച്ചുവന്നിരിക്കുന്ന വർഷത്തിൽ 85-ാം പുനഃരൈക്യവാർഷിക ആഘോഷങ്ങൾ ക്രമീകരിക്കുവാനുള്ള മുഖ്യചുമതല അദ്ദേഹം നട്ടുനനച്ചുവളർത്തിയ തിരുവല്ലാ അതിരൂപതയ്ക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നു എന്നത് ദൈവത്തിന്റെ പ്രത്യേക പദ്ധതിയായി നമുക്ക് തിരിച്ചറിയാം. ആഘോഷങ്ങളുടെ മുഖ്യവേദി പുനഃരൈക്യ ശിൽപ്പി ദൈവദാസൻ ആർച്ച് ബിഷപ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തപസ്സനുഷ്ഠിക്കുകയും കണ്ണുനീർചിന്തി പ്രാർത്ഥിക്കുകയും ചെയ്ത തിരുമൂലപുരത്തിന്റെ മണ്ണിലാണെന്നതും കൂടുതൽ അർത്ഥവത്തായിരിക്കുന്നു.

ഭാഗ്യസ്മരണാർഹനായ മാർ തെയോഫിലോസ് പിതാവിലൂടെ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് വിശിഷ്യാ തിരുവല്ലാ അതിരൂപതയ്ക്ക് സംലഭ്യമായ എല്ലാ അനുഗ്രഹങ്ങൾക്കും നന്മകൾക്കും ദൈവത്തിനു നന്ദിപറയാം. പുണ്യശ്ലോകനായ മാർ തെയോഫിലോസ് തിരുമേനിയുടെ ജീവിതമാതൃക നമുക്ക് സജീവമായ ദിശാബോധവും പ്രചോദനവുമാകട്ടെ. തുടർന്നും വന്ദ്യപിതാവിന്റെ അനുഗ്രഹവും സ്വർഗ്ഗീയ മാദ്ധ്യസ്ഥവും നമുക്ക് യാചിക്കാം.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റെയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും, സകല വിശുദ്ധരുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

ദൈവം നിങ്ങളെ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

എന്ന്,
കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി

20-5-2015
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാ ബാവാ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...
കൃപനിറഞ്ഞ മറിയമേ...

---

N.B.: ഈ ഇടയലേഖനം അടുത്തുവരുന്ന ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

www.malankaralibrary.com



# അഭിവന്ദ്യ മാർ തെയോഫിലോസ് ഒ. ഐ. സി. തിരുവല്ലാ രൂപതയുടെ പ്രഥമ മെത്രാൻ

## ജന്മശതാബ്ദി: സംക്ഷിപ്ത ജീവചരിത്രം



**ഫാദർ പക്കോമിയോസ് ഒ. ഐ. സി.**

അഭിവന്ദ്യ തെയോഫിലോസ് പിതാവിന്റെ ജന്മശതാബ്ദിയുടെ ഈ വർഷത്തിൽ അവിടുത്തെ പാവന ജീവിതത്തെ അനുസ്മരിക്കുന്നത് അവസരോചിതം എന്നതുപോലെ, ആവശ്യവും അനുഗ്രഹപ്രദവുമെന്നു കരുതുന്നു. അന്ത്യോക്യയിലെ വിശുദ്ധനായ തെയോഫിലോസാണ് നാമഹേതുകൻ, സുവിശേഷകനായ വി. ലൂക്കോസ് എഴുതിയ സുവിശേഷവും, ശ്ളീഹന്മാരുടെ നടപടികളും ആരംഭിക്കുന്നത് ശ്രേഷ്ഠനായ തെയോഫിലോസിനെ സംബോധന ചെയ്തുകൊണ്ടാണ്. തെയോഫിലോസ് തന്റെ ജന്മദേശമായ അന്ത്യോക്യയിൽ പ്രസിദ്ധനും ആദരണീയനുമായിരുന്നു. വി. പത്രോസിനാൽ മാനസാന്തരപ്പെടുത്തപ്പെട്ട് അദ്ദേഹത്തിന്റെ സഹചാരിയും സഹപ്രവർത്തകനുമായിത്തീർന്ന ലൂക്കോസും അന്ത്യോക്യക്കാരനായിരുന്നു. സ്വദേശീയനായ തെയോഫിലോസിനെ ക്രിസ്തുഅനുയായിയാക്കിയത് ലൂക്കോസാണ്. തെയോഫിലോസിന്റെ ഭവനം ഒരു ദൈവാലയമാക്കുകയും. വി. പത്രോസ് തന്റെ സിംഹാസനം ആദ്യം അവിടെ സ്ഥാപിക്കയും ചെയ്തു എന്നും ചരിത്രമുണ്ട്. 'ദൈവഭക്തൻ' എന്നാണ് തെയോഫിലോസ് എന്ന പേരിനർത്ഥം. തെയോഫി

www.malankaralibrary.com



ലോസ് യഥാർത്ഥഭക്തനും പ്രസിദ്ധനും ആണെന്ന് ലൂക്കോസിന് അറിയാമായിരുന്നു. അതിനാലാണ് തെയോഫിലോസിനെ സംബോധന ചെയ്തും അദ്ദേഹത്തിനുവേണ്ടിയും ലൂക്കോസ് സുവിശേഷവും ശ്ലീഹന്മാരുടെ നടപടിയും എഴുതിയത്.

ബഥനിയിലെ ഗുരുവായിരുന്ന ബഹു. യാക്കോബച്ചൻ ദൈവഭക്തിയിലും പുണ്യജീവിതത്തിലും അന്ത്യോക്യായിലെ തെയോഫിലോസെന്നപോലെ സർവ്വസമ്മതനായിരുന്നു. സഭയിലും സമൂഹത്തിലും സകലരാലും ആദരണീയനുമായിരുന്നു. പൗരോഹിത്യത്തിന്റെ പൂർണ്ണതയാകുന്ന എപ്പിസ്കോപ്പാ ആയി അദ്ദേഹത്തെ അഭിഷേചിക്കുവാൻ പിതാക്കന്മാർ തീരുമാനിച്ചു. ഒരു വൈദികൻ എപ്പിസ്ക്കോപ്പായായി അഭിഷിക്തനാകുമ്പോൾ പുണ്യവാന്മാരായ സഭാപിതാക്കന്മാരിൽ ഒരാളുടെ പേരു സ്വീകരിക്കയോ നല്കപ്പെടുകയോ ചെയ്യുക പൗരസ്ത്യ സഭാപാരമ്പര്യമാണ്. ബഹു. യാക്കോബച്ചൻ ബഥനിയുടെ എപ്പിസ്കോപ്പായായി അഭിഷേചിക്കപ്പെട്ടപ്പോൾ തെയോഫിലോസ് എന്ന പുണ്യനാമമാണ് നല്കപ്പെട്ടത്. ഈ പേരിന്റെ അർത്ഥംപോലെതന്നെ അന്വർത്ഥമായിരുന്നു അദ്ദേഹത്തിന്റെ ദൈവഭക്തി. "ഇതാ കാപട്യമില്ലാത്ത ഒരു യഥാർത്ഥ ഇസ്രായേൽക്കാരൻ (യോഹ. 1: 47) പ്രഥമ ദർശനത്തിൽ തന്നെ ആർക്കും അനുഭവമാകുമായിരുന്നു അദ്ദേഹം ഒരു ദൈവികാരൂപിയുള്ള ആളാണെന്ന് . വി. പൗലോസ് പറയുന്നു: സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, കരുണ, നന്മ, വിശ്വാസം, സൗമ്യത, ആത്മസംയമനം ഇവയെല്ലാമാണ് ആത്മാവിന്റെ ഫലങ്ങളെന്ന് (ഗലാ 5: 23-24) ഈ സൽഗുണങ്ങളെല്ലാം പിതാവിന്റെ ജീവിതത്തിൽ പ്രശോഭിച്ചിരുന്നു. മലങ്കരസഭയിലെ ആദ്യത്തെ സന്യാസിസമൂഹമാണ് 'ബഥനി' എന്നറിയപ്പെടുന്ന 'മിശിഹാനുകരണ സന്യാസി സമൂഹം' (Order of the lmitation of Christ). ഈ സമൂഹത്തിന്റെ സ്ഥാപകനായ വന്ദ്യ ദിവ്യശ്രീ. ഫാദർ പി. റ്റി. ഗീവറുഗീസിനോടൊപ്പം ആരംഭംമുതൽ സകല സംഗതികളിലും സഹകരിച്ച് പ്രവർത്തിക്കയും, ആശ്രമജീവിതം ഒരുമിച്ച് ആരംഭിക്കയും സമൂഹത്തിന്റെ വിശുദ്ധ നിയമങ്ങൾ ക്രോഡീകരിക്കുന്നതിൽ ഒത്തൊരുമിച്ച് ആലോചിക്കയും ചെയ്തിരുന്ന ദിവ്യശ്രീ. കെ. എ. യാക്കോബ് ശെമ്മാശൻ ബഥനിയുടെ സ്ഥാപകരിൽ ഒരാളുമായിരുന്നു. പുണ്യജീവിതത്താൽ ആദരണീയനായിരുന്ന അദ്ദേഹം സമൂഹത്തിൽ മഹത്വ്രതസ്ഥനായിരിക്കുമ്പോഴാണ് ബഥനിയുടെ എപ്പിസ്കോപ്പായായി അഭിഷിക്തനാകുന്നത്.

www.malankaralibrary.com



**നാടും കുടുംബവും**

മലങ്കര നസ്രാണികളുടെ നാടാണ് കോട്ടയം. കോട്ടയത്തിനടുത്തുള്ള ഒളശ്ശ, മലങ്കര നസ്രാണികളും, ക്നായ് തോമ്മായുടെ അനുയായികളായ ക്നാനായ ക്രിസ്ത്യാനികളും പൂർവ്വകാലം മുതൽ അധിവസിക്കുന്ന പ്രദേശമാണ്. ഇരുകൂട്ടരും വ്യത്യസ്തപാരമ്പര്യമുള്ളവരെങ്കിലും ക്രൈസ്തവരെന്നനിലയിൽ ഐക്യതയുള്ളവരാണ്. എങ്കിലും, പഴയകൂറും, പുത്തൻകൂറും രണ്ടു വിഭാഗത്തിലുമുണ്ടായിരുന്നു. കഥാനായകൻ മലങ്കര നസ്രാണി പുത്തൻകൂർ വിഭാഗത്തിൽ പെടുന്നു. കളപ്പുരയ്ക്കൽ കുടുംബം ഒളശ്ശയിലെ പുരാതന കുടുംബങ്ങളിലൊന്നാണ്. 'തരകൻ' എന്ന സ്ഥാനം ഈ കുടുംബത്തിലെ പുരുഷന്മാർക്ക് ഉണ്ടായിരുന്നു.

**ജനനവും ബാല്യകാലവും**

"മാതാവിന്റെ ഉദരത്തിൽ നിനക്ക് ജന്മം നല്കുന്നതിന് മുമ്പേ ഞാൻ നിന്നെ അറിഞ്ഞു" (ജറമി 1: 5) ഒളശ്ശ, കളപ്പുരയ്ക്കൽ കുടുംബത്തിൽ ഏബ്രഹാം തരകൻ, പരിപ്പ് നാലാത്ര കുടുംബത്തിൽ അച്ചാമ്മയെ വിവാഹം കഴിച്ചു. ദൈവഭക്തരായ ദമ്പതികൾക്ക് 1891 ഫെബ്രുവരി 26 -ാം തീയതി ഒരു പുത്രൻ ജാതനായി. പ്രഥമ സന്താനത്തിന്റെ ജനനം അമ്മ വീട്ടിലായിരുന്നു. മീനമാസം 4-ാം തീയതി വല്യാട് കല്ലുങ്കത്ര പള്ളിയിൽവച്ച് ചാലാശേരിൽ ഔസേപ്പ് കത്തനാർ ശിശുവിന് മാമോദീസായും മൂറോൻ അഭിഷേകവും നല്കി. യാക്കോബ് എന്ന പേരാണ് മാമോദീസായിൽ നല്കപ്പെട്ടത്. കളപ്പുരയ്ക്കൽ മാത്തു കത്തനാരാണ് തലതൊട്ടപ്പൻ. അദ്ദേഹത്തിന്റെ മേൽനോട്ടത്തിലും മാതാപിതാക്കളുടെ പ്രത്യേക പരിലാളനയിലും, കുടുംബത്തിൽ മറ്റെല്ലാവരുടെയും പ്രീതിയിലും കുട്ടി വളർന്നു. അക്ഷരാഭ്യാസം അടുത്തുണ്ടായിരുന്ന ആശാൻ കളരിയിലും, പ്രാഥമിക വിദ്യാഭ്യാസം ഒളശ്ശയിലെ പ്രൈമറിസ്ക്കൂളിലും ആയിരുന്നു.

**പരീക്ഷവിജയവും അധ്യാപക ജോലിയും**

അനന്തരം കോട്ടയം എം. ഡി. സെമിനാരിയിൽ ചേർന്നുപഠിച്ചു. പഠനത്തിൽ സമർത്ഥനായിരുന്ന കെ. എ. യാക്കോബ് സ്തുത്യർഹമായ വിജയം മെട്രിക്കുലേഷൻ പരീക്ഷയിൽ കൈവരിച്ചു. തുടർന്ന് അവിടെ എം. ഡി. സെമിനാരിയിൽതന്നെ അധ്യാപകനായി ജോലിയും ലഭിച്ചു. കൊച്ചുസാർ ദൈവഭക്തിയിലും പെരുമാറ്റത്തിലും കൃത്യനിഷ്ഠയിലും ഒരു നല്ല മാതൃകാ അദ്ധ്യാപകനായിരുന്നതിനാൽ വിദ്യാർത്ഥികൾക്കും സഹാദ്ധ്യാപകർക്കും ആദരണീയനും, മേലുള്ളവർക്ക് സംപ്രീ

www.malankaralibrary.com



തനുമായിരുന്നു. അക്കാലത്ത് എം. ഡി. സെമിനാരി പ്രിൻസിപ്പൽ ആയിരുന്ന ദിവ്യ ശ്രീ. ഫാദർ പി. റ്റി. ഗീവർഗ്ഗീസ് എം. എ. യുടെ കൂടെ ആയിരുന്നു താമസിച്ചിരുന്നത്.

**ശെമ്മാശ്പട്ടവും ഉപരിപഠനവും**

ഒളശ്ശ ഇടവകക്കാരുടെ പ്രത്യേക താല്പര്യവും അഭ്യർത്ഥനയും പരിഗണിച്ച്, മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന വട്ടശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനി കെ. എ. യാക്കോബിന് ശെമ്മാശപട്ടം നല്കുകയുണ്ടായി. അതിനുശേഷവും എം. ഡി. സെമിനാരിയിൽ അദ്ധ്യാപക ജോലിയും, എം. എ അച്ചന് ശിഷ്യപ്പെട്ട് വൈദിക പരിശീലനവും നടത്തിയിരുന്നു. ഇങ്ങനെ കഴിഞ്ഞുവരുമ്പോൾ, പ്രിൻസിപ്പൽ ആയ പി. റ്റി. ഗീവറുഗീസ് അച്ചൻ സെറാമ്പൂർ ക്രിസ്ത്യൻ കോളജിൽ പ്രൊഫസർ ജോലിക്ക് ക്ഷണിക്കപ്പെട്ടു. ക്ഷണം സ്വീകരിച്ച് എം. ഡി. സെമിനാരി പ്രിൻസിപ്പൽ ജോലി രാജിവച്ച് സെറാമ്പൂരിലേക്ക് പോകുവാൻ അദ്ദേഹം തീരുമാനിക്കുകയും ചെയ്തു. സമുദായത്തിന്റെ അഭിവൃദ്ധി മാത്രം ലക്ഷ്യമാക്കിയിരുന്ന എം. എ. അച്ചൻ ഉന്നതവിദ്യാഭ്യാസത്തിന് താല്പര്യമുള്ള യുവവൈദികരും ശെമ്മാശന്മാരുമായി ഏതാനുംപേരെ സെറാമ്പൂരിൽ കൊണ്ടുപോയി പഠിപ്പിക്കുവാൻ സാധിക്കുമെന്നും കരുതിയിരുന്നു. എം. എ. അച്ചന്റെ കൂടെ താമസിച്ച് അദ്ധ്യാപക ജോലി ചെയ്തിരുന്ന കെ. എ. യാക്കോബ് ശെമ്മാശൻ വിവരമറിഞ്ഞപ്പോൾ അദ്ധ്യാപകജോലി രാജിവച്ച്, സ്വഗുരുവിനോടൊപ്പം സെറാമ്പൂരിന് പുറപ്പെടാൻ തയ്യാറായി. അതിനെക്കുറിച്ച് മാർ ഈവാനിയോസ് ഇപ്രകാരം എഴുതിയിരിക്കുന്നു. ''അക്കാലത്ത് നമ്മോടൊന്നിച്ച് താമസിച്ചിരുന്ന കെ. എ. യാക്കോബ് ശെമ്മാശനും സെറാമ്പൂർക്കായി ഒപ്പം ഇറങ്ങി. പ്രകൃത്യാസൗമ്യശീലനും വിനീതബുദ്ധിയും ഏതുകാര്യത്തിലും നമ്മോടൊത്ത് സഹകരിപ്പാനും ബുദ്ധിമുട്ടാനും സന്നദ്ധനായി കാണപ്പെട്ട അദ്ദേഹം പിൽക്കാലത്ത് നമ്മുടെ കൂട്ടുവേലക്കാരനായി തീർന്നുകൊണ്ട് എപ്പിസ്ക്കോപ്പാ പദത്തിൽ ഉയർത്തപ്പെടാൻ ഇടയായതിൽ ദൈവം നമ്മോടു ചെയ്ത ആനുകൂല്യവും കൃപയും അപരിമേയമെന്നേ പറയാവതുള്ളു'' (ഗിരിദീപം പുസ്തകം. 4). ഇരുവരും സെറാമ്പൂരിലെത്തി. ഫാ. പി. റ്റി. ഗീവറുഗീസ് കോളജിൽ പ്രൊഫസർ ജോലിയിൽ പ്രവേശിക്കുകയും യാക്കോബ് ശെമ്മാശൻ കോളജിൽ ചേർന്ന് പഠനം ആരംഭിക്കുകയും ചെയ്തു. ഇന്റർമീഡിയറ്റ് പാസായശേഷം ശെമ്മാശൻ ബി. എ. ഓണേഴ്സിന് പഠിച്ചുകൊണ്ടിരുന്നു. ഫാ. പി. റ്റി. ഗീവറുഗീസ് വേറെ ഏതാനും ശെമ്മാശന്മാരെയും കോളേജിൽ ചേർത്ത് പഠിപ്പിച്ചിരുന്നു. സെറാമ്പൂർ ക്രിസ്ത്യൻ

www.malankaralibrary.com



കോളജിനെപ്പറ്റി മാർ ഈവാനിയോസ് ഇപ്രകാരം എഴുതിയിരിക്കുന്നു. ഉൽകൃഷ്ടമായ ആംഗലഭാഷാഭ്യാസത്തിനെന്നതുപോലെ മഹത്തരമായ ദൈവശാസ്ത്രപഠനത്തിനും മതിയായ സൗകര്യവും ഹിതകരമായ പ്രോത്സാഹനവും നല്കുന്ന ഒരു പ്രൊട്ടസ്റ്റന്റ് പാശ്ചാത്യസ്ഥാപനം തന്നെയാണ് അത്. പൗരസ്ത്യസഭാസംബന്ധമായ വേദോപദേശങ്ങൾ പഠിപ്പിക്കുന്നതിന് വേണ്ട സൗകര്യങ്ങൾ നമുക്കുണ്ടായിരിക്കുമെന്നും സുറിയാനിസഭയുടെ പുരാതന വിശ്വാസത്തിനും രീതിക്കും അനുയോജ്യമാംവണ്ണം ദൈവാരാധന നടത്തുവാൻ സൗകര്യമുണ്ടായിരിക്കത്തക്കവിധം ഒരു ചാപ്പൽ ക്രമപ്പെടുത്തുവാൻവേണ്ട ആനുകൂല്യങ്ങൾ ചെയ്യാമെന്നും ഡോക്ടർ ഹവ്വൽസ് നമ്മോട് വാഗ്ദാനം ചെയ്തിരുന്നു''. (ഗിരിദീപം പു. 44). ഇതനുസരിച്ച് ലഭിച്ച ചാപ്പലിൽ ആരംഭം മുതൽ തന്നെ ഫാ. പി. റ്റി. ഗീവറുഗീസും ശെമ്മാശന്മാരും ആരാധന നടത്തിയിരുന്നു. ശെമ്മാശന്മാരിൽ ഒന്നാമൻ കഥാനായകനായിരുന്നു.

**സന്യാസജീവിതത്തിനുള്ള ഒരുക്കവും പുറപ്പാടും**

അക്കാലത്ത് ഫാ. പി. റ്റി. ഗീവറുഗീസ് സന്യാസജീവിതത്തെക്കുറിച്ച് ആഴമായി ചിന്തിക്കുകയും പഠിക്കുകയും, ശെമ്മാശന്മാരുമായി ആലോചിക്കുകയും ചെയ്തിരുന്നു. ഇങ്ങനെ സന്യാസജീവിതത്തിൽ താല്പര്യമുള്ള ശെമ്മാശന്മാരെ ചേർത്ത് സന്യാസജീവിതചര്യകൾ പാലിച്ചു തുടങ്ങുകയും ചെയ്തു. ഇവരിൽ ഒന്നാമൻ ആയിരുന്നു കെ. എ. യാക്കോബു ശെമ്മാശൻ. ''പീലിപ്പോസ് നിന്നെ വിളിക്കും മുൻപ്, നീ അത്തിവൃക്ഷത്തിന്റെ ചുവട്ടിൽ ഇരുന്നപ്പോൾ നിന്നെ ഞാൻ കണ്ടു'' (യോഹ 1: 48). യാക്കോബ് ശെമ്മാശനെ സംബന്ധിച്ചും ഇതു ശരിയായിരുന്നു എന്നു കാണാം. യാക്കോബ് ശെമ്മാശന്റെ ഓണേഴ്സ് പഠനം പൂർത്തിയാകുന്നതിനുമുമ്പ്, ഫാ. പി. റ്റി. ഗീവറുഗീസ് സന്യാസാശ്രമസ്ഥാപനത്തിനുള്ള ഒരുക്കങ്ങളെല്ലാം ചെയ്തു. കോളജിലെ പ്രൊഫസർ ജോലി രാജി കൊടുത്ത് നാട്ടിലേക്കു പുറപ്പെടാൻ തീരുമാനിക്കുകയും ചെയ്തു. അപ്പോൾ യാക്കോബ് ശെമ്മാശനും ഉന്നതബിരുദം നേടാനുള്ള അഭിലാഷം ഉപേക്ഷിച്ച്, സന്യാസാശ്രമത്തിൽ ചേരുന്നതിനായി തന്റെ ഗുരുവിനോടൊപ്പം പോരുകയാണ് ചെയ്തത്. പെരുന്നാട്ടിൽ ആശ്രമം സ്ഥാപിക്കുന്നതിന് വേണ്ടതെല്ലാം ചെയ്യുന്നതിന് ആരംഭം മുതൽ എത്രയും ത്യാഗപൂർവ്വം ഫാദർ ഗീവറുഗീസിനോടൊത്തൊരുമിച്ച് പ്രവർത്തിക്കയും ആശ്രമാംഗമായി ചേരുകയും ചെയ്തു. ആശ്രമ സ്ഥാപകനായ ഫാദർ. പി. റ്റി. ഗീവറുഗീസിനോടുകൂടെ ഒരു വൈദികനും ഉണ്ടായിരുന്നതിനാൽ യാക്കോബു ശെമ്മാശൻ ആശ്രമത്തിലെ മൂന്നാമത്തെ

www.malankaralibrary.com



അംഗമായിരുന്നു.

**സന്യാസപ്രതിജ്ഞയും വൈദികാഭിഷേകവും**

റാന്നി, പെരുന്നാട് മുണ്ടൻമലയിൽ ആശ്രമത്തിനുവേണ്ടി നിർമ്മിച്ച പുല്ലുമേഞ്ഞ മുളങ്കൂട്ടുകെട്ടിടം 1094 മേടമാസം 24-ാം തീയതി ബുധനാഴ്ച ക്രി. വ. 1919 മേയ് മാസം 7-ാം തീയതി കൂദാശ ചെയ്ത് സ്ഥാപകനും പ്രഥമ അംഗങ്ങളും ആശ്രമജീവിതം ആരംഭിച്ചു. ആശ്രമ നിയമം ക്രോഡീകരിച്ച് 1919 ആഗസ്റ്റ് 23-ാം തീയതി ആശ്രമസ്ഥാപകനും പ്രഥമാംഗങ്ങളും ഒപ്പുവെച്ചപ്പോഴും യാക്കോബ് ശെമ്മാശനായിരുന്നു മൂന്നാമതായി കൈഒപ്പുവെച്ചത്. ആറുമാസങ്ങൾ കഴിഞ്ഞ് 1920 മാർച്ച് 1-ാം തീയതി വി. ത്രോണോസിന്റെ മുൻപാകെ സ്ഥാപകനും പ്രഥമാംഗങ്ങളും സ്വയം സമർപ്പണം ചെയ്തപ്പോൾ യാക്കോബു ശെമ്മാശനും തന്നെത്തന്നെ സമർപ്പിക്കുകയുണ്ടായി. അതുമുതൽ സന്യാസ വ്രതാനുഷ്ഠാനത്തിനായി പ്രത്യേകം ഒരുങ്ങുകയായിരുന്നു. 1920 പെന്തിക്കൊസ്തി ഞായറാഴ്ച ആശ്രമാദ്ധ്യക്ഷൻ ഫാദർ. ഗീവറുഗീസ് വി. കുർബാന അർപ്പിച്ചു പ്രതിജ്ഞ ചെയ്തു. അതിനുശേഷം അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ യാക്കോബു ശെമ്മാശനും പ്രതിജ്ഞ ചെയ്യുകയുണ്ടായി. അനന്തരം യാക്കോബ് ശെമ്മാശൻ വൈദിക പഠനം തുടരുകയും 1924 - ൽ വൈദികാഭിഷിക്തനാവുകയും ചെയ്തു.

**ആശ്രമഗുരു**

സ്വഭാവശുദ്ധി, കൃത്യനിഷ്ഠ, പരിശ്രമശീലം, ശാന്തസ്വഭാവം, ദൈവഭക്തി എന്നീ വിശിഷ്ട ഗുണങ്ങളെല്ലാം കൊണ്ട് യാക്കോബച്ചൻ എല്ലാവർക്കും ഒരു നല്ല മാതൃകയും ആദരണീയനും ആയിരുന്നു. ആശ്രമാദ്ധ്യക്ഷൻ, ബഹു. യാക്കോബച്ചനെ സന്യാസാർത്ഥികളുടെ ഗുരുവായി നിയമിച്ചു. അതുമുതൽ 'ഗുരുവച്ചൻ' എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്: ''ഗുരുവിനെപ്പോലെ ആകുന്നത് ശിഷ്യനുമതി'' (മത്താ: 10: 25). ജഗൽ ഗുരുവിന്റെ ഈ വചനപ്രകാരം ബഥാനിയരെല്ലാം ദൈവിക മനുഷ്യരാകുവാൻ വേണ്ടിയാണ്, സമൂഹാദ്ധ്യക്ഷൻ യാക്കോബച്ചനെ ബഥനിയിലെ ഗുരുവായി നിയമിച്ചത്. ബഥനിയിലെ ആദ്യത്തെ ഗുരുവാണദ്ദേഹം. അനുസരിക്കുന്നവനുമാത്രമെ അനുസരണം അഭ്യസിപ്പിക്കുവാനും അനുസരിപ്പിക്കുവാനും സാധ്യമാകു എന്നത് യാക്കോബച്ചനെ സംബന്ധിച്ച് എത്രയും ശരിയായിരുന്നു. ആശ്രമാദ്ധ്യക്ഷനായ ആബോയുടെ ആജ്ഞകളും അഭിപ്രായങ്ങളും പ്രവാചകവചനങ്ങൾപോലെയാണ് ഗുരുവച്ചൻ കരുതുകയും സ്വീകരിക്കുകയും ചെയ്തിരുന്നത്. ഈ മാതൃക മതിയായിരുന്നു ശിഷ്യന്മാർക്കു ഗുരുഭക്തിയും അനുസരണവും

www.malankaralibrary.com



അഭ്യസിക്കുന്നതിന്. മലങ്കര സഭയിലെ പ്രഥമ സന്യാസിസമൂഹമായ 'ബഥനി' എന്ന വൃക്ഷക്കുരു പാകി കിളിർപ്പിച്ചു നട്ടുപിടിപ്പിച്ചത് ആബോ ഗീവറുഗീസായിരുന്നെങ്കിൽ, ആ ചെടി വളരുന്നതിനാവശ്യമായ വളവും വെള്ളവും നല്കിക്കൊണ്ടിരുന്നത് ആശ്രമഗുരുവായ ബഹു. യാക്കോ ബച്ചനായിരുന്നു.

**ദിനചര്യയും ഭക്താഭ്യാസങ്ങളും**

ആശ്രമത്തിൽ, സന്യാസനിയമാചരണങ്ങളും, ദിവ്യകർമ്മാനു ഷ്ഠാനങ്ങളും, ധ്യാനവും ദിവ്യസ്തുതിപ്പുകളും മറ്റു ഭക്താഭ്യാസങ്ങളും ആശ്രമാംഗങ്ങളുടെ ആദ്ധ്യാത്മിക വളർച്ചയ്ക്കും, പുണ്യപുരോഗമന ത്തിനും പ്രേരകവും ആവശ്യവുമാകുന്നു. ബഹു. ഗുരുവച്ചൻ ഇതിലെല്ലാം എല്ലാവർക്കും എത്രയും ആദർശപുരുഷനായിരുന്നു. പ്രഭാതത്തിൽ 4. 30 ന് ഉണർത്തുമണികേട്ട് എഴുന്നേല്ക്കുന്നു. പ്രഭാതകൃത്യങ്ങൾക്കു ശേഷം ചാപ്പലിൽ പ്രവേശിക്കും. 5. 15 ന് ധ്യാനം 45 മിനിട്ട്. 6 മണിക്ക് പ്രഭാതനമസ്ക്കാരാനന്തരം വി. കുർബാന. ഗുരുവച്ചന്റെ ധ്യാനനില ആദ രണീയവും അതിശയകരവുമാണ്. ഒരു 'പ്രതിമ'പോലെ നിശ്ചലനായി മുട്ടിന്മേൽ നില്ക്കുകയാവും. പുൽപ്പായിൽ മുട്ടുമടക്കി അല്പ സമയം ഇരുന്നേക്കും. ധ്യാനസമയത്ത് കസേരയിൽ ഇരിക്കുമായിരുന്നില്ല. "കർത്താവിന് ഒരു പുതിയ പാട്ടിനെയും നീതിമാന്മാരുടെ സഭയിൽ അവന്റെ സ്തുതിയേയും പാടുവിൻ (സങ്കീ. 149. 1). ആരാധനയിൽ കീർത്തനങ്ങൾ ആകർഷണീയമെങ്കിൽ, കാർമ്മികന്റെ സ്വരമാധുര്യം ആരാധകർക്ക് എത്രയധികം ആത്മീയാനുഭൂതി അനുഭവപ്പെടാതിരിക്ക യില്ല!! യാക്കോബച്ചന്റെ സ്വരമാധുര്യം അത്രമാത്രം ഇമ്പകരമായിരു ന്നു. ദിവ്യബലി അർപ്പണം എത്രയും ഭക്തിനിർഭരവും; ആകർഷണീയവും ആനന്ദകരവുമായിരുന്നുയെന്ന് അനുഭവസ്ഥർ പറഞ്ഞുമിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ ദൈവഭക്തിയുടെയും ജീവിതപരിശുദ്ധിയു ടെയും സൗരഭ്യം സന്യാസിസമൂഹത്തിലും സഭാതലത്തിലും വീശിയി രുന്നു. ഇപ്രകാരമുള്ള ആദ്ധ്യാത്മികതയുടെ മഹത്വത്തിന് മങ്ങലേല്ക്കാ തെതന്നെ, ഏല്പിക്കപ്പെടുന്ന എല്ലാകാര്യങ്ങളും അതാതിന്റെ പൂർണ്ണത യിൽ നിർവഹിപ്പാനുള്ള പ്രവർത്തന സാമർത്ഥ്യവും കാര്യക്ഷമതയും അദ്ദേഹഹത്തിന്റെ കൈമുതലായിരുന്നു.

**മഹദ്വ്രതവും മേല്പട്ടാഭിഷേകവും**

"മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നല്കുന്നതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു; ജനിക്കുന്നതിനുമുമ്പേ ഞാൻ നിന്നെ വിശു ദ്ധീകരിച്ചു. ജനതകൾക്ക് പ്രവാചകനായി ഞാൻ നിന്നെ നിയോ

www.malankaralibrary.com



ഗിച്ചു'' (ജറമി. 1: 5)

മഹദ്വ്രതം ചുരുക്കം ചില പുരാതന സന്യാസിസമൂഹങ്ങളിൽ മാത്രമെയുള്ളു. ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്ന സന്യാസ വ്രതത്രയങ്ങൾ അനുഷ്ഠിച്ചു തല്ക്കാല വ്രതകാലവും നിത്യവ്രതകാലവും തൃപ്തികരമായി നയിക്കയും മഹദ്വ്രതം എടുക്കാൻ വേണ്ട യോഗ്യത ഉണ്ടെന്ന് ബഥനി പൊതുസംഘം (സുനഹദോസ്) സാക്ഷിക്കുകയും ചെയ്യുന്ന ആളിനു മഹത്‌വ്രദം ചെയ്യാൻ ബഥനിയുടെ നിയമം അനുവദിച്ചിരുന്നു. മഹദ്വ്രതത്തിന്റെ അതിശ്രേഷ്ഠമായ മാഹാത്മ്യവും ചുമതലയും അതിന് ഒരുങ്ങുന്നവർ മനസിലാക്കിയിരിക്കണം. സന്യാസവ്രതങ്ങൾ അനുഷ്ഠിച്ചും ബഥനി കാനോൻ നിയമങ്ങൾക്കനുസരണമായും ബഥന്യാശ്രമസ്ഥനായി ആയുഷ്ക്കാലാന്ത്യം വരെ ജീവിച്ചുകൊള്ളാമെന്നും, മഹദ് പ്രതിജ്ഞ ചെയ്യുന്നതിനോടൊപ്പം, ഈ വ്രതങ്ങൾ ഉറപ്പായി പാലിക്കുമെന്നുള്ളതിന് സ്ഥൈര്യവ്രതവും ചെയ്യേണ്ടിയിരുന്നു. ഇപ്രകാരം ബഹു. യാക്കോബച്ചൻ 1927 ഡിസംബർ 12-ാം തീയതി മഹദ്വ്രതം എടുക്കുകയുണ്ടായി. പൗരസ്ത്യസന്യാസി സഭാപാരമ്പര്യപ്രകാരമുള്ള 'റമ്പാൻ' പദവി തന്നെയാണിത്. യാക്കോബ് റമ്പാൻ എന്നറിയപ്പെടുകയും ചെയ്തിരുന്നു. റമ്പാൻ എന്ന നിലയിലും സന്യാസജീവിതത്തിൽ അദ്ദേഹം പൂർവ്വാധികം പ്രശോഭിച്ചിരുന്നു. യാക്കോബ് റമ്പാന്റെ സവിശേഷതകൾ സന്യാസിസമൂഹത്തിൽ മാത്രമല്ല, സഭാതലത്തിലും കൂടുതലായി അറിയപ്പെടുകയും ചെയ്തിരുന്നു.

മലങ്കര ഓർത്തഡോക്സ് സഭാദ്ധ്യക്ഷന്മാർ, 1928 ഡിസംബർ 19-ാം തീയതി എപ്പിസ്ക്കോപ്പൽ സുന്നഹദോസ് കൂടുകയുണ്ടായി. രണ്ടാം കാതോലിക്കാബാവാ കാലംചെയ്തിരുന്നതിനാൽ, പകരം കാതോലിക്കായെ തെരഞ്ഞെടുത്തു വാഴിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനായിരുന്നു സുന്നഹദോസ് സമ്മേളിച്ചത്. നിരണം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയിരുന്ന മാർ ഗ്രീഗോറിയോസിനെ മൂന്നാം കാതോലിക്കായായി വാഴിക്കാൻ നിശ്ചയിച്ചു. പ്രസ്തുത സുന്നഹദോസിൽ തന്നെ ബഥനിയുടെ എപ്പിസ്ക്കോപ്പാ ആയിരുന്ന മാർ ഈവാനിയോസിനെ ബഥനിയുടെ മെത്രാപ്പോലീത്തായായും ബഥനിയിലെ യാക്കോബു റമ്പാനെ ബഥനിയുടെ എപ്പിസ്ക്കോപ്പായായും വാഴിക്കാൻ നിശ്ചയിക്കുകയും ചെയ്തു. അപ്രകാരം 1929 ഫെബ്രുവരി 13-ാം തീയതി കാതോലിക്കാ വാഴ്ചയുടെ ദിവസം തന്നെ മാർ ഈവാനിയോസിനെ മെത്രാപ്പോലീത്തയായി അവരോധിക്കയും ചെയ്തു. അതിന്റെ പിറ്റേ ദിവസം ആയിരുന്നു യാക്കോബ് റമ്പാന്റെ മെത്രാഭിഷേകം. മൂന്നാം

www.malankaralibrary.com



കാതോലിക്കായായി അവരോധിക്കപ്പെട്ട ഗീവറുഗീസ് മാർ ബസേലിയോസ് പ്രഥമൻ ബാവാ തിരുമേനിയാണ് യാക്കോബു റമ്പാനെ എപ്പിസ്ക്കോപ്പായായി അഭിഷേചിച്ചത്. അഭിഷേകാവസരത്തിൽ നല്കപ്പെട്ട പേരാണ് തെയോഫിലോസ് എന്ന പുണ്യനാമം. കൊച്ചുതിരുമേനി, ബഥനിയുടെ എപ്പിസ്ക്കോപ്പാ എന്നാണറിയപ്പെട്ടിരുന്നത്.

(1990 ഫെബ്രുവരി പേജ് 3)

**ബഥനി പള്ളികളും പള്ളികളുടെ ഭരണവും**

മാർ തെയോഫിലോസ് ബഥനിയുടെ എപ്പിസ്കോപ്പായായി അഭിഷേചിക്കപ്പെട്ടുകഴിഞ്ഞപ്പോൾ ബഥനി പള്ളികളുടെ ഭരണം, മാർ ഈവാനിയോസ് പിതാവ് കൊച്ചുതിരുമേനിയെ ഏല്പ്പിക്കയുണ്ടായി. ആശ്രമ ചാപ്പൽ കൂടാതെ പതിമൂന്ന് പള്ളികൾ വിശ്വാസികൾക്കുവേണ്ടി സ്ഥാപിക്കപ്പെട്ടിരുന്നു. വേറെ പതിനഞ്ചു സ്ഥലങ്ങളിൽ പള്ളിക്കുവേണ്ടി വസ്തുവും ലഭിച്ചിരുന്നു. ചിലയിടത്ത് പള്ളിപണി ആരംഭിക്കയും ചെയ്തിരുന്നു ബാവാ, മെത്രാൻ കക്ഷിവഴക്കും സമുദായകേസും കാരണം പല പള്ളികൾ പൂട്ടപ്പെട്ടും, മറ്റനേകം പള്ളികളിൽ ആരാധന നടക്കാതെയും നടത്തിക്കാതെയും കിടന്നിരുന്നു. തന്നിമിത്തം ആത്മീയാവശ്യങ്ങൾ സാധിച്ചുകിട്ടാതെ വിശ്വാസികൾ വിഷമിച്ചും വിഷാദിച്ചും കഴിഞ്ഞുമിരുന്നു. ബഥനിയിലെ ആരാധനയുടെ ആദ്ധ്യാത്മീക മാധുര്യം അനുഭവിച്ചറിഞ്ഞവരും ബഥനിയുടെ ആദ്ധ്യാത്മിക പ്രവർത്തനങ്ങളിൽ ആകൃഷ്ടരുമായ ആളുകളുടെ ആഗ്രഹവും അപേക്ഷയും പരിഗണിച്ചായിരുന്നു മാർ ഈവാനിയോസ് പിതാവ് ബഥനി പള്ളികൾ സ്ഥാപിച്ചിരുന്നത്. ഈ ആരാധനാലയങ്ങൾ ആശ്രമചാപ്പൽ, മിഷൻപള്ളി, ഇടവക പള്ളി എന്നിങ്ങനെ മൂന്നു വിധത്തിലുള്ളവയായിരുന്നു. ആശ്രമ ചാപ്പൽ, ആശ്രമസ്ഥരുടെ ഉപയോഗത്തിനുള്ളതായിരുന്നു. പ്രത്യേക അവസരങ്ങളിൽ അനുവാദത്തോടുകൂടി മാത്രമെ മറ്റുള്ളവർക്ക് ചാപ്പലിൽ പ്രവേശനം നല്കിയിരുന്നുള്ളു. മിഷൻ പള്ളികൾ, ബഥനിപള്ളികൾ എന്നാണറിയപ്പെട്ടിരുന്നത്. ഈ പള്ളികളിൽ ഇഷ്ടാനുസരണം ഏവർക്കും വന്നു പ്രാർത്ഥിക്കുന്നതിനും കൂദാശകൾ സ്വീകരിക്കുന്നതിനും സാധിക്കുമായിരുന്നു. ദിവ്യകർമ്മങ്ങൾ സൗജന്യമായി നടത്തികൊടുത്തുമിരുന്നു. വിവാഹം, മാമോദീസാ എന്നിവ നടത്തുന്നതിന് വരുന്നവർ അവർ ഉൾപ്പെട്ടിരിക്കുന്ന പള്ളിവികാരിയുടെ എഴുത്തുകൊണ്ടുവരേണ്ടിയിരുന്നു. ഇടവകപള്ളി, ബഥനിപള്ളികളിൽ ഇടവകാംഗങ്ങൾ ആകാൻ അനേകം പേർ ആഗ്രഹിക്കയും അപേക്ഷിക്കയും ചെയ്തിരുന്നു. അതിനാലാണ് ഇടവക സ്ഥാപിക്കാൻ താല്പര്യപ്പെട്ടത്. ഉത്തമ ക്രിസ്തീയ

www.malankaralibrary.com



ജീവിതം നയിക്കുന്നവരെയും ഇടവകനിയമങ്ങളനുസരിച്ചു ജീവിക്കുമെന്നുറപ്പുള്ളവരെയും മാത്രമെ ഇടവകാംഗങ്ങളായി ചേർക്കുമായിരുന്നുള്ളു. നിർബന്ധ വരുമാനങ്ങൾ ഒന്നുതന്നെ ഏർപ്പെടുത്തിയിരുന്നുമില്ല. വിശ്വാസികളിൽനിന്നു ലഭിക്കുന്ന സംഭാവനകൾകൊണ്ടാണ് ഇവ നടത്തപ്പെട്ടിരുന്നത്.

ബഥനിപള്ളികളുടെ ഭരണമേറ്റതു മുതൽ തെയോഫിലോസ് തിരുമേനിയുടെ ആസ്ഥാനം തിരുവല്ലായിൽ ആയിരുന്നു. തിരുവല്ലാ ടൗണിൽ കച്ചേരിപറമ്പിനടുത്തായി ബഥനിപള്ളിയും ആശ്രമവും ഉണ്ടായിരുന്നു. ബഥനി പ്രസും അവിടെതന്നെ ആയിരുന്നു. ബഥനിപള്ളിയോടനുബന്ധിച്ചുള്ള ഒരു ചെറിയ മുറിയിലായിരുന്നു പിതാവ് താമസിച്ചിരുന്നത്. ഒരു വർഷത്തിനുശേഷം ഒരു മെത്രാസനമന്ദിരം അവിടെ പണിയിപ്പിച്ചുവെങ്കിലും, പൂർത്തിയാകാത്തതുകൊണ്ട് അതിൽ താമസിച്ചില്ല. ബഥനിപള്ളികളുടെ ചുമതല ഭരമേറ്റുകഴിഞ്ഞ് പിതാവ് പള്ളികൾ സന്ദർശിക്കയും, എല്ലാ പള്ളികളിലും ആരാധന പതിവായി നടത്താൻ ക്രമീകരണം ഉണ്ടാക്കുകയും ചെയ്തു. ആശ്രമസ്ഥരായ വൈദികർ കുറവായിരുന്നതുകൊണ്ട്, കുടുംബസ്ഥരായ വൈദികരെ ശമ്പളം കൊടുത്ത് ഞായറാഴ്ചകളിലും മറ്റു വിശേഷദിവസങ്ങളിലും കർമ്മങ്ങൾ നടത്തിക്കയും ചെയ്തിരുന്നു. പിതാവ് യാത്രയ്ക്ക് സാധാരണയായി ഉപയോഗിച്ചിരുന്നത് വില്ലുവണ്ടി അഥവാ പെട്ടിവണ്ടി എന്നുപറയുന്ന സവാരിവണ്ടി ആയിരുന്നു. ബഥനിപള്ളികൾവഴി വിശ്വാസികൾക്ക് ആത്മീയ ചൈതന്യം ലഭ്യമായതോടൊപ്പം ബഥനിയോടുള്ള ബന്ധവും ബഹുമാനവും വർദ്ധിക്കയും ചെയ്തു. കൊച്ചുപിതാവിന്റെ ജീവിത പരിശുദ്ധിയും സൽഗുണങ്ങളും ജനങ്ങളിൽ നല്ല മതിപ്പുളവാക്കിയിരുന്നതിനാൽ, പിതാവ് അർപ്പിക്കുന്ന വി. കുർബാനയിൽ സംബന്ധിക്കുന്നതിനും ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനുമായി ധാരാളം ആളുകൾ ഞായറാഴ്ചകളിലും വിശേഷദിവസങ്ങളിലും പള്ളിയിൽ വരുമായിരുന്നു പലർ പിതാവിന്റെ ഉപദേശം സ്വീകരിക്കുന്നതിനും, ചിലർ പിതാവിന്റെ അടുത്ത് കുമ്പസാരിക്കുന്നതിനും, അവശർ പിതാവിന്റെ തൃക്കരം തലയിൽവച്ചു പ്രാർത്ഥിച്ചു ആശ്വാസം പ്രാപിക്കുന്നതിനും വരുക പതിവായിരുന്നു. നവദമ്പതികൾ പിതാവിൽ നിന്ന് ആശീർവാദം സ്വീകരിക്കുന്നതിനും, അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളുമായി അനുഗ്രഹം പ്രാപിക്കുന്നതിനും വരുമായിരുന്നു. ജോലിതിരക്കുള്ളപ്പോഴും തന്റെ അടുക്കൽ വരുന്നവരെ സുസ്മേരവദനനായി മന്ദസ്മിതത്തോടെ സ്വീകരിക്കയും അവരുടെ ആവശ്യം അറിഞ്ഞ് സംതൃപ്തരാക്കി അയയ്ക്കുകയുമാണ് ചെയ്തിരു

www.malankaralibrary.com



ന്നത്. ആരേയും ഇച്ഛാഭംഗപ്പെടുത്തിയിരുന്നില്ല. ആരോടും ഒരിക്കൽപ്പോലും കോപിച്ചിരുന്നുമില്ല. പിതാവിന്റെ സൗമ്യസ്വഭാവം തന്നെ സന്ദർശിക്കുന്നവരിലെല്ലാം സ്നേഹവും ബഹുമാനവും വർദ്ധിപ്പിച്ചിരുന്നു. ബഥനിപള്ളിയുമായി ബന്ധപ്പെട്ടവർക്കെല്ലാം പിതാവ് ആശ്വാസപ്രദനായിരുന്നു എന്നു പറയാവുന്നതാണ്.

**ആരാധനയുടെ സജീവത്വം**

"കുഴലും കിന്നരവും ഗാനമാധുരി വർദ്ധിപ്പിക്കുന്നു: ഇവയെക്കാൾ ആസ്വാദ്യമാണ് ഇമ്പമുള്ള മനുഷ്യസ്വരം" (പ്രഭാ. 40: 21). കൊച്ചുപിതാവ് അർപ്പിക്കുന്ന ദിവ്യബലിയിലും മറ്റ് ദിവ്യ കർമ്മങ്ങളിലും സംബന്ധിക്കുന്നവർക്ക് സുഗന്ധസുമങ്ങളുടെ സൗരഭ്യം എന്നതുപോലെ, ആത്മീയാനന്ദം ആത്മാവിൽ ആസ്വദിക്കുവാൻ സാധിക്കുമായിരുന്നു. ദൈവത്തെ അഭിമുഖമായി ദർശിച്ചാൽ എന്നതുപോലെയായിരുന്നു ദൈവാലയത്തിലും, പ്രത്യേകിച്ച് വിശുദ്ധ ബലിപീഠത്തിന്റെ മുമ്പിലുമുള്ള പിതാവിന്റെ നില. നോമ്പുകാലത്തെയും കഷ്ടാനുഭവ ആഴ്ചയിലേയും പ്രാർത്ഥനകളും ഗീതങ്ങളും പിതാവ് വായിക്കുന്നതും പാടുന്നതും കേൾക്കുന്നവരിലെല്ലാം ഹൃദയതാപമുളവാക്കാനും ഭക്തി ഉജ്ജ്വലിപ്പിക്കുവാനും പര്യാപ്തമായിരുന്നു. ആരാധനക്രമത്തിലെ സുറിയാനിഗീതങ്ങൾ പ്രത്യേകിച്ചും, ഊശാന മുതൽ ഉയിർപ്പുപെരുന്നാൾവരെയുള്ളവ മലയാളത്തിൽ തർജ്ജിമചെയ്ത് സുറിയാനി രാഗത്തിൽതന്നെ പാടിയിരുന്നു. 1930 - ലെ ഊശാന ഞായറാഴ്ചയ്ക്കുമുമ്പ് ഹാശാഗാനങ്ങൾ എന്നപേരിൽ പുസ്തകമാക്കി ബഥനിപള്ളികളിലെല്ലാം എത്തിച്ചുകൊടുക്കുകയുണ്ടായി. ഹാശാആഴ്ചയിലെ പ്രാർത്ഥനകളിൽ അവ പാടിയത് എല്ലാവർക്കും പുതിയ ഒരു അനുഭവമായിരുന്നു. ഇപ്പോഴും ഉപയോഗിക്കുന്ന ഹാശായുടെ കൗമാകളും മറ്റു ഗീതങ്ങളും അന്ന് തിരുമേനി രചിച്ചിട്ടുള്ളതും തിരുമേനിയുടെ നിർദ്ദേശപ്രകാരം നടപ്പിൽ വന്നിട്ടുള്ളതുമാണ്. ദിവ്യകർമ്മാനുഷ്ഠാനങ്ങളിൽ, ഓരോന്നിന്റെയും സമയത്തിൽ കൃത്യനിഷ്ഠ പാലിക്കുന്നതിനും പിതാവിന് സാധിച്ചിരുന്നു. ബ്രിട്ടിഷ് ഭരണ കാലത്ത്, ഇന്ത്യയിലെ വൈസ്രോയി- ബ്രിട്ടീഷ് ചക്രവർത്തിയുടെ പ്രതിനിധി - ഹൈചർച്ചുകാരനായ ഇർവിൻ പ്രഭു തിരുവിതാംകൂർ മഹാരാജാവിനെ സന്ദർശിക്കുവാൻ തിരുവനന്തപുരത്ത്, വന്നപ്പോൾ, അന്നൊരു ഞായറാഴ്ച അവിടെയുള്ള സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ ആരാധനയ്ക്ക് സംബന്ധിക്കുവാൻ നിശ്ചയിച്ചിരുന്നു. അന്ന് അവിടെ വിശുദ്ധ കുർബാന അർപ്പിക്കുവാൻ മാർ തെയോഫിലോസ് തിരുമേനിയെയാണ് പിതാക്കന്മാർ നിയോഗിച്ചയച്ച

www.malankaralibrary.com



ത്. നിശ്ചിതസമയത്തിനുള്ളിൽ എത്രയും ഭക്തിനിർഭരമായി പിതാവ് വിശുദ്ധ കുർബാന അർപ്പിച്ചു. ആ ദിവ്യബലിയിൽ സംബന്ധിച്ചവരെല്ലാം സംതൃപ്തരാവുകയും ചെയ്തു. വൈസ്രോയി, കുർബാന കഴിഞ്ഞ് പിതാവിനെ കണ്ട് അഭിനന്ദനം അറിയിച്ചിട്ടാണ് പോയത്. ഈ വാർത്ത പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു.

**ദൈവമാതൃഭക്തി**

ദൈവമാതാവിനെക്കുറിച്ചുള്ള സഭാപിതാക്കന്മാരുടെ പ്രകീർത്തനങ്ങളും സംബോധനങ്ങളും ആരാധനക്രമത്തിൽ ധാരാളം കാണാവുന്നതാണ്. ''മാലിന്യമേശാത്തമാണിക്യം'' (മർഗോനീസൊദ്ലോമൂമ്) ''രണ്ടാം സ്വർഗ്ഗം'' (ശ്മായൊദ്തർതേൻ) ''സ്വർഗത്തിലേക്കു കരേറ്റുന്ന ഗോവേണി'' (സേബെൽ തൊദ്നസ്കോ ലശ്മായോ) മുതലായ സംബോധനകളെ സവിസ്തരം വ്യാഖ്യാനിച്ച് ദൈവമാതാവിന്റെ മഹത്വങ്ങളെക്കുറിച്ച് സഭാമക്കളെ പഠിപ്പിക്കുകയും ദൈവമാതാവിനോട് പുത്രനിർവിശേഷമായ മനോബന്ധം പുലർത്തുകയും ചെയ്യുന്നതിന് തന്റെ ഗുരുവായിരുന്ന മാർ ഈവാനിയോസിനെപ്പോലെ തന്നെ മാർ തെയോഫിലോസ് പിതാവും ദൈവമാതൃഭക്തിയിൽ എത്രയും തല്പരനായിരുന്നു. ദൈവമാതൃസ്ഥാനത്തിന്റെ മഹത്വം മനസിലാക്കുകയും ദൈവമാതൃഭക്തി അഭ്യസിക്കുകയും ഉപദേശത്തിലും ജീവിതത്തിലും തിരുമേനി നല്ല മാതൃക നല്കുകയും ചെയ്തിരുന്നു. മാതാവിന്റെ പെരുന്നാളുകൾ, പ്രത്യേകിച്ച് സ്വർഗ്ഗാരോപണം (ശൂനോയൊ) പെരുന്നാളിന് ഒരുക്കമുള്ള 15 നോമ്പിന്റെ ദിവസങ്ങളിൽ ബഥനി പള്ളിയിൽ ധ്യാനയോഗവും പ്രാർത്ഥനകളും നടത്തുകയും പെരുന്നാൾ ഭക്തിപൂർവം ആചരിക്കുകയും ചെയ്തിരുന്നു. മാതാവിനോടുള്ള ഭക്തി അഭ്യസനത്തിൽ 15 നോമ്പും ബുധനാഴ്ചകളും സഭാപരമായി പ്രധാനപ്പെട്ടവയാകയാൽ ഇവ അഭ്യസിക്കുകയും വിശ്വാസികളെ പഠിപ്പിക്കുകയും ചെയ്തിരുന്നു. അതിനുള്ള സമ്മാനം ദൈവമാതാവ് പിതാവിന് നല്കിയെന്ന് വിശ്വസിക്കണം. തന്റെ ഗുരുവും ദൈവമാതൃഭക്തനുമായിരുന്ന മാർ ഈവാനിയോസ് പിതാവിന്റെ നിര്യാണം മാതാവിന്റെ ദിവസമായ ബുധനാഴ്ചയും, മാതാവിന്റെ ഒരു തിരുന്നാളിന്റെ ആരംഭസമയത്തോട് അടുത്തുമായിരുന്നു. അതുപോലെതന്നെദൈവമാതൃഭക്തനായിരുന്ന മാർ തെയോഫിലോസ് പിതാവിന്റെ മരണവും ഒരു ബുധനാഴ്ചതന്നെയായിരുന്നു എന്നതും പ്രത്യേകം സ്മരണീയമാണ്.

**നിശ്ചയദാർഢ്യം**

ശരിയെന്നു ബോധ്യമാകുന്ന കാര്യങ്ങളിൽ ത്യാഗപൂർവ്വം അച

www.malankaralibrary.com



ഞ്ചലനായി വർത്തിച്ചിരുന്നു. ശെമ്മാശനായിരുന്നപ്പോൾ ലഭിച്ചിരുന്ന മാന്യമായ അധ്യാപകജോലി ഉപേക്ഷിച്ച് ഉന്നതവിദ്യാഭ്യാസത്തിന് പോയെങ്കിലും, സന്യാസജീവിതത്തിലേക്കുള്ള ദൈവവിളി ബോധ്യമായപ്പോൾ ഉന്നതബിരുദം നേടാനുള്ള ആഗ്രഹം ഉപേക്ഷിച്ച് ത്യാഗപൂർണ്ണമായ സന്യാസജീവിതം സ്വീകരിക്കുകയാണ് ചെയ്തത്. ഒരു മെത്രാനായി ബഥനി പള്ളികൾ ഭരിച്ചിരുന്നപ്പോൾ, തനിക്കുവേണ്ടി ഒരു മെത്രാസനമന്ദിരം പണിയിച്ചു എങ്കിലും കത്തോലിക്കാ സഭൈക്യം ആവശ്യമാണെന്ന് ബോധ്യപ്പെട്ടപ്പോൾ അതെല്ലാം പരിത്യജിച്ച് സഭാ ഐക്യത്തിന് സന്നദ്ധനായി. അതിൽനിന്ന് തന്നെ പിന്തിരിപ്പിക്കാൻ പല മാന്യസ്നേഹിതരും പരിശ്രമിച്ചുവെങ്കിലും അദ്ദേഹം തന്റെ തീരുമാനത്തിൽ നിന്ന് അല്പംപോലും വ്യതിചലിച്ചില്ല. പിതാവ് ഏറ്റെടുക്കുന്ന ഏതുകാര്യവും അതാതിന്റെ പൂർണ്ണതയിൽ ചെയ്യുവാൻ പരിശ്രമിച്ചിരുന്നു. ദിവ്യകർമ്മാനുഷ്ഠാനങ്ങൾ മാത്രമല്ല, ബഥനിപള്ളിയുടെ ഭരണകാര്യത്തിലും എഴുത്തുകുത്തുകളിലും ഓഫീസ് കാര്യത്തിലും എല്ലാം ഈ നിഷ്ഠ കാണപ്പെട്ടിരുന്നു.

**കത്തോലിക്കാ സഭയുടെ കൂട്ടായ്മയിൽ**

മാർ തെയോഫിലോസ് പിതാവിനെക്കുറിച്ച് അദ്ദേഹത്തിന്റെ ഗുരുവായിരുന്ന മാർ ഈവാനിയോസ് പിതാവ് സാക്ഷിക്കുന്നു: ''പ്രകൃത്യാ സൗമ്യശീലനും വിനീതബുദ്ധിയും ഏതു കാര്യത്തിലും നമ്മോടൊന്നിച്ച് സഹകരിപ്പാനും ബുദ്ധിമുട്ടുവാനും സന്നദ്ധനുമായി കാണപ്പെട്ട അദ്ദേഹം പില്ക്കാലത്ത് നമ്മുടെ കൂട്ടുവേലക്കാരനായിത്തീർന്നുകൊണ്ട് എപ്പിസ്ക്കോപ്പാ പദത്തിൽ ഉയർത്തപ്പെടാൻ ഇടയായതിൽ ദൈവം നമ്മോടു ചെയ്ത ആനുകൂല്യവും കൃപയും അപരിമേയമെന്നേ പറയാവതുള്ളു''(ഗിരിദീപം). ബഥനി സമൂഹസ്ഥാപകനും ബഥനി മെത്രാപ്പോലീത്തായുമായിരുന്ന മാർ ഈവാനിയോസ് പിതാവ് ഓർത്തഡോക്സ് സഭയിലെ മറ്റു മെത്രാന്മാരുടെ ആലോചനയോടുകൂടി, കത്തോലിക്കാസഭയുമായുള്ള ഐക്യത്തിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരുന്നു. ബയ്റൂട്ടിലുള്ള കത്തോലിക്കാ പാത്രിയർക്കീസുമായി ആദ്യം എഴുത്തുകുത്തു നടത്തിയിരുന്നുവെങ്കിലും, കത്തോലിക്കാസഭാഐക്യം സാധിക്കേണ്ടത് റോമിൽ മാർപാപ്പായുമായുള്ള കൂട്ടായ്മയിലാണ് വേണ്ടതെന്ന് ബോധ്യമായതുകൊണ്ട് റോമുമായി പിന്നീട് എഴുത്ത് കുത്താരംഭിച്ചു. പലപ്രാവശ്യത്തെ എഴുത്തുകുത്തിന്റെ ഫലമായി അതിന് അനുകൂലമായ മറുപടി ലഭിക്കുകയും ചെയ്തു. എന്നാൽ സഭാഐക്യം പ്രാപിക്കുവാനുള്ള സമയം സമാഗതമായപ്പോൾ ആദ്യം ഐക്യത്തിന്

www.malankaralibrary.com



അനുകൂലിച്ചിരുന്ന മെത്രാന്മാർ എല്ലാം പിന്മാറുകയാണ് ചെയ്തത്. മാർ തെയോഫിലോസ് തിരുമേനിയാകട്ടെ സഭാ ഐക്യ അഭിലാഷത്തിൽനിന്നും അല്പംപോലും പതറാതെയും പിന്മാറാതെയും മാർ ഈവാനിയോസ് പിതാവിനോട് സഹകരിച്ച് ത്യാഗപൂർവ്വം തയ്യാറാവുകയാണ് ചെയ്തത്. 1930 ഈസ്റ്ററിനുശേഷം തെയോഫിലോസ് പിതാവ് ഈവാനിയോസ് പിതാവിനോടുകൂടെ പെരുനാട് മുണ്ടൻമലയിലെ ബഥനി ആശ്രമത്തിൽ പോയി താമസിച്ച് ആശ്രമസ്ഥരുമായി സഭാ ഐക്യ ചർച്ചകൾ നടത്തികൊണ്ടിരുന്നു രണ്ടുമൂന്നു മാസത്തോളം ക്ലാസുകളും ചർച്ചകളും നടത്തുകയുണ്ടായി. പിതാവിന്റെ സൗമ്യമായ പെരുമാറ്റവും സ്നേഹപൂർവ്വമായ ഉപദേശവുംവഴി ആശ്രമത്തിലധികം പേരെയും സഭാഐക്യത്തിന് സന്നദ്ധരാക്കിത്തീർത്തു. അഞ്ചുപേരാണ് സഹകരിക്കാതിരുന്നത്. എല്ലാവരും സഹകരിക്കാതിരുന്നതുകൊണ്ട്, സഭാഐക്യത്തിനുവേണ്ടി അവിടെ വിട്ടിറങ്ങിപോരുവാൻ പിതാക്കന്മാർ നിശ്ചയിച്ചു. 1930 ആഗസ്റ്റ് മാസം 19-ാം തീയതി സന്ധ്യാപ്രാർത്ഥനാനന്തരം സമൂഹസ്ഥാപകനായ മാർ ഈവാനിയോസ് പിതാവ് ഈ വിവരം സമൂഹാംഗങ്ങളെ അറിയിക്കുകയുണ്ടായി. അതനുസരിച്ച് 20-ാം തീയതി ബുധനാഴ്ച രാവിലെ എല്ലാവരും ചാപ്പലിൽ പോയി പ്രാർത്ഥന കഴിഞ്ഞ് പുറപ്പെടുകയായി. എല്ലാവർക്കും മുൻപിലായി ഈവാനിയോസ് പിതാവും അദ്ദേഹത്തോടൊപ്പം തെയോഫിലോസ് പിതാവും നടന്നിറങ്ങി. പിതാക്കന്മാരുടെ പിന്നാലെ 17 ആശ്രമസ്ഥരും അവിടം വിട്ടിറങ്ങി. 19 പേരുടെ ബഥനിമലയിൽ നിന്നുള്ള ഈ പുറപ്പാട് ഒരു തീർത്ഥാടനം തന്നെയായിരുന്നു. ഇസ്രായേൽക്കാർ അടിമത്വത്തിന്റെ നാടായ ഈജിപ്തിൽനിന്ന് വാഗ്ദത്തനാട്ടിലേക്ക്- ക്ഷേമകരവും വിസ്തൃതവും തേനും പാലും ഒഴുകുന്നതുമായ ഒരു ദേശത്തേക്ക് - (പുറ: 3-8) പുറപ്പെട്ടതുപോലെ വേർപെട്ടുനിന്ന ഒരു സമൂഹത്തിൽനിന്ന് സാർവ്വത്രിക സഭയിലേക്കുള്ള ഒരു 'തീർത്ഥാടനം'. ഈ കാഴ്ച കണ്ടവരെല്ലാം കുണ്ഠിതവും, വാർത്ത കേട്ടറിഞ്ഞവരിലെല്ലാം അതിശയവും ഉളവാക്കിയിരുന്നു. ഏറ്റം പ്രയാസങ്ങൾ അനുഭവപ്പെട്ടിരുന്ന പ്രസ്തുത സന്ദർഭത്തിൽ മാർ തെയോഫിലോസ് പിതാവിന്റെ സാന്നിദ്ധ്യവും സഹകരണവും മാർ ഈവാനിയോസ് പിതാവിന് ആശ്വാസവും ആത്മധൈര്യവും നല്കിയിരുന്നു, മറ്റുള്ളവർക്കെല്ലാം എത്രയും പ്രോത്സാഹനവുമായിരുന്നു. ഈ തീർത്ഥാടക സംഘം വെണ്ണിക്കുളത്തെത്തി ഒരു മാസത്തെ പ്രവാസത്തിനുശേഷം ആണ് സഭാഐക്യം പ്രാപിച്ചത്. 1930 സെപ്റ്റംബർ 18-ാം തീയതി വ്യാഴാഴ്ച മാർ ഈവാനിയോസ് പിതാവുമൊത്ത് മാർ തെയോ

www.malankaralibrary.com



ഫിലോസ് പിതാവും കൊല്ലം ബിഷപ്പ്സ് ഹൗസിലേക്കുപോകുകയും, അവിടെയെത്തി രണ്ടു ദിവസം ധ്യാനിച്ചൊരുങ്ങി 20-ാം തീയതി ശനിയാഴ്ച മാർ ഈവാനിയോസു പിതാവുമൊരുമിച്ച് മാർ തെയോഫിലോസ് പിതാവും കത്തോലിക്കാ കൂട്ടായ്മയിൽ പ്രവേശിക്കുകയും ചെയ്തു. അന്ന് കൊല്ലം ബിഷപ്പായിരുന്ന ഡോക്ടർ അലോഷ്യസ് മരിയ ബൻസിഗർ തിരുമേനിയായിരുന്നു മാർപാപ്പായ്ക്കുവേണ്ടി ഈ പിതാക്കന്മാരെ സ്വീകരിച്ചത്. ഈ സംഭവം രേഖപ്പെടുത്തിയിട്ടുള്ള ഒരു ശിലാഫലകം കൊല്ലം മെത്രാസന മന്ദിര ചാപ്പലിൽ കാണാവുന്നതാണ്.

1653 - ലെ സഭാ ഭിന്നിപ്പിനെ തുടർന്നുണ്ടായ പുത്തൻകൂർ വിഭാഗത്തിലെ ഒന്നാം മർത്തോമ്മാ മുതൽ സഭാനേതാക്കന്മാരെല്ലാം സഭാ ഐക്യത്തിനുവേണ്ടി പരിശ്രമിച്ചിരുന്നതായി ചരിത്രം സാക്ഷിക്കുന്നുണ്ടെങ്കിലും, സഭാഐക്യം സഫലമായത് ബഥനി ആശ്രമജീവിതംവഴി മാർ ഈവാനിയോസും മാർ തെയോഫിലോസും നിരന്തരം നടത്തിയ പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും പരിശ്രമത്തിലൂടെയും ആണെന്ന് കാണാവുന്നതാണ്. മാർ തെയോഫിലോസ് പിതാവിനെക്കുറിച്ചുള്ള മാർ ഈവാനിയോസിന്റെ സാക്ഷ്യം സഫലമായതിൽ സർവ്വശക്തനായ ദൈവത്തെ സ്തുതിക്കാം.

(ഐക്യദീപം 1990 മാർച്ച് പേജ് 16)

അഭിവന്ദ്യ തെയോഫിലോസ് തിരുമേനിയുടെ ജീവചരിത്രം പുനരൈക്യപ്രസ്ഥാനത്തിന്റെയും തിരുവല്ലാ രൂപതയുടെയും പ്രാരംഭകാല ചരിത്രംകൂടെയാകയാൽ അവയും അവയോടു ബന്ധപ്പെട്ട കാര്യങ്ങളും അവിസ്മരണീയവും അവഗണിക്കാനാവാത്തതുമാണ്.

### പുനരൈക്യാനന്തര പ്രവർത്തനങ്ങൾ

ബഥനി മെത്രാപ്പോലിത്തായും ബഥനിമെത്രാനുമായിരുന്നു, കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട പിതാക്കന്മാർ, 'അവർ ഇരുവരും കുറെകാലത്തേക്ക് യോജിച്ച് പ്രവർത്തിക്കണമെന്നും അനന്തരം ഈ പ്രസ്ഥാനത്തിന്റെ പുരോഗമനം എങ്ങനെയിരിക്കുന്നുവെന്ന് ശരിക്ക് ഗ്രഹിച്ചശേഷം സൗകര്യം പോലെ വിഭജനം നടത്തണം' എന്നുമായിരുന്നു. ഡെലിഗേറ്റ് അപ്പസ്തോലിക്കവഴി നിർദ്ദേശിച്ചിരുന്നത്. തെയോഫിലോസ് പിതാവ് പുനരൈക്യത്തിന് തീരുമാനിച്ചപ്പോൾ തന്നെ, തിരുവല്ലായിൽ സ്വന്തമായി പണിയിച്ചിരുന്ന അരമന വിട്ടുപേക്ഷിച്ചിരുന്നതിനാൽ ഒരു വീടു വാടകയ്ക്ക് വാങ്ങി താമസിച്ചു. അരമന വിട്ടുകൊടുത്തതിനോടൊപ്പം ആശ്രമവും ബഥനിപള്ളിയും ഉപേക്ഷിച്ചിരുന്നു. പകരം,

www.malankaralibrary.com



ആരാധന നടത്തുന്നതിനുവേണ്ടി ടൗണിൽ ഒരു പറമ്പ് പാട്ടത്തിനു വാങ്ങി. തല്ക്കാലം ഷെഡു പരമ്പുകൊണ്ട് കെട്ടിമറച്ചു ചാപ്പലായി ഉപയോഗിച്ചിരുന്നു. ഈ സ്ഥലത്താണ് ഇപ്പോൾ സെന്റ് ജോൺസ് കത്തീഡ്രൽ സ്ഥിതിചെയ്യുന്നത്. ഇതിന് കിഴക്കുഭാഗത്ത് അടുത്ത പറമ്പിലുള്ള വീടായിരുന്നു പിതാവ് താമസത്തിന് വാടകയ്ക്ക് എടുത്തിരുന്നത്. മാർ ഈവാനിയോസ് പിതാവ് തന്റെ പഴയ ആസ്ഥാനമായിരുന്ന തിരുമൂലപുരം ബഥനി ആശ്രമത്തിലുമാണ് താമസിച്ചിരുന്നത്. പിതാക്കന്മാർ ഇരുവരും യോജിച്ച് പുനരൈക്യപ്രസ്ഥാനത്തിന്റെ പുരോഗതിക്കുവേണ്ടി പരിശ്രമിച്ചുകൊണ്ടിരുന്നു. ഇങ്ങനെ ഹയരാർക്കി സ്ഥാപനവും രൂപതാവിഭജനവുംവരെ, ബഥനി മെത്രാപ്പോലീത്തയെന്നും, ബഥനി മെത്രാനെന്നും ബഥനി പ്രസ്ഥാനമെന്നുമാണ് അറിയപ്പെട്ടിരുന്നത്. ആദ്യം പുനരൈക്യപ്പെട്ടവർ അഞ്ച് ബഥാനീയരും ബഥനിയോട് ബന്ധപ്പെട്ടവരുമായിരുന്നു. 1. മാർ ഈവാനിയോസ് ഒ. ഐ. സി., 2. മാർ തെയോഫിലോസ് ഒ. ഐ. സി, 3. ഫാദർ ജോൺ ഒ. ഐ. സി. , 4. ഡീക്കൻ അലക്സാണ്ടർ(ഫാദർ സെറാഫിയോൻ ഒ. ഐ. സി. 5. ശ്രീമാൻ കെ. ജി. ചാക്കോ (ബഥനി ചാക്കോച്ചൻ എന്ന് ഇദ്ദേഹം അറിയപ്പെട്ടിരുന്നു.) അതുപോലെതന്നെ പുനരൈക്യത്തിന്റെ ആരംഭപ്രവർത്തനങ്ങളിൽ പിതാക്കന്മാരോടുകൂടെ പ്രവർത്തിച്ചിരുന്നതും ബഥനിയിലെ അഞ്ചു പുരോഹിതന്മാരായിരുന്നു. 1. ഫാദർ ഏബ്രഹാം, 2. ഫാദർ ബർസ്ലീബ, 3. ഫാദർ ജോബ്, 4. ഫാദർ ജോഷ്വാ, 5. ഫാദർ ജോൺ. തെയോഫിലോസ് പിതാവിന്റെ ശിഷ്യരായിരുന്നു ഫാ. ജോൺ ഒഴികെ എല്ലാവരും. പിതാവിന്റെ ശിഷ്യരിൽ വേറൊരു വൈദികൻകൂടെ ഉണ്ടായിരുന്നു; ഫാദർ സ്തേഫാനോസ് ഒ. ഐ. സി. സ്വഭാവത്തിൽ ഗുരുവിന് സദൃശ്യൻ. ക്ഷയരോഗബാധിതനായിരുന്നെങ്കിലും തപോധനനായ ഗുരുവിൽ നിന്നും അഭ്യസിച്ച തപോനിഷ്ഠകൾ തന്റെ സഹനാർപ്പണത്തിലൂടെ പ്രതിഫലിപ്പിച്ചിരുന്നു. സഹനത്തിന്റെ രൂക്ഷതയിൽ സ്വരമുയർത്തി പ്രാർത്ഥിച്ചുമിരുന്നു. ഇദ്ദേഹം സഭാ ഐക്യത്തിനുവേണ്ടി സഹോദരങ്ങൾക്ക് പ്രചോദനം നല്കികൊണ്ട് അവരോടൊപ്പം പോരുകയായിരുന്നു. പുനരൈക്യാനന്തരം അഞ്ചുമാസത്തോളമെ ജീവിച്ചിരുന്നുള്ളുവെങ്കിലും അദ്ദേഹത്തിന്റെ സഹന സമർപ്പണവും പ്രാർത്ഥനയും അനേകരുടെ പുനരൈക്യത്തിനും സഭയുടെ വളർച്ചയ്ക്കും സഹായിച്ചിട്ടുണ്ട്. പുനരൈക്യ പ്രസ്ഥാനത്തിൽ ഒരു വേദസാക്ഷിയെന്നപോലെ പ്രഥമനായി ജീവാർപ്പണം ചെയ്ത– നിര്യാണം പ്രാപിച്ച– ബഥനിയുടെ അരുമസുതനായ ബഹു. സ്തേഫാനോസച്ചൻ, ആദിമസഭയിൽ അനേകായിരങ്ങളുടെ മാനസാന്തരത്തിനും തിരുസഭ

www.malankaralibrary.com



യുടെ വളർച്ചയ്ക്കും സഹായമാകുമാറ് രക്തസാക്ഷിത്വം കൈവരിച്ച പ്രഥമ രക്തസാക്ഷിയായ വി. സ്തേഫാനോസിന്റെ സാദൃശ്യം വഹിക്കുന്നു. തെയോഫിലോസ് പിതാവ് ബഥനിയിൽ ഗുരുവച്ചൻ ആയിരുന്നപ്പോൾ ശിഷ്യനു നല്കിയ പ്രാർത്ഥനയുടെയും പ്രായശ്ചിത്തത്തിന്റെയും ചൈതന്യം രോഗാവസ്ഥയിലും സ്തേഫാനോസ് അച്ചനിൽ പ്രതിഫലിച്ചിരുന്നു. 1931 ഫെബ്രുവരി 14-ാം തീയതി ശനിയാഴ്ച ബഹു. സ്തേഫാനോസ് അച്ചൻ ദിവംഗതനായി. അഭിവന്ദ്യ തെയോഫിലോസ് പിതാവ് തന്റെ ശിഷ്യന്റെ മരണവാർത്ത അറിഞ്ഞയുടനെ തിരുവല്ലായിൽ നിന്നും വെണ്ണിക്കുളം ആശ്രമത്തിൽ എത്തി പ്രാർത്ഥന നടത്തി. പിതാവിന്റെ സാന്നിദ്ധ്യം സംസ്കാര ശുശ്രൂഷയിൽ ആദ്യന്തം ഉണ്ടായിരുന്നത് ആശ്രമസ്ഥർക്കും പരേതന്റെ ബന്ധപ്പെട്ടവർക്കും ആശ്വാസപ്രദമായിരുന്നു. തെയോഫിലോസ് പിതാവ് ശിഷ്യന്റെ നിര്യാണത്തിലുള്ള അനുശോചന പ്രസ്താവനയിൽ ബഹു. സ്തേഫാനോസ് അച്ചൻ സ്വർഗ്ഗത്തിൽ ബഥനിയുടെ ആദ്യജാതനാണെന്നും ദൈവസന്നിധിയിൽ അച്ചന്റെ മദ്ധ്യസ്ഥപ്രാർത്ഥന തനിക്കും പുനരൈക്യ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും സഹായമാകുമെന്നുമുള്ള പ്രത്യാശ പ്രകടിപ്പിക്കുകയും ചെയ്തു. ഗുരുവും ശിഷ്യനും ഒരുമിച്ച് സഭൈക്യത്തിനും പുനരൈക്യ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കുംവേണ്ടി ഇപ്പോൾ സ്വർഗ്ഗത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയുമാണ്.

1930 സെപ്റ്റംബർ 20-ാം തീയതി, കൊല്ലം മെത്രാസനമന്ദിരചാപ്പലിൽ, മാർപാപ്പായുടെ പ്രതിനിധിയായി നിശ്ചയിക്കപ്പെട്ടിരുന്ന അഭിവന്ദ്യ ഡോക്ടർ അലോഷ്യസ് മരിയ ബൻസിഗർ തിരുമേനിയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു പുനരൈക്യപ്പെട്ട അഞ്ചുപേരുടെ സഭാഐക്യം കേവലം വ്യക്തിപരമായിരുന്നില്ല; മറിച്ച്, സഭാപരമായിരുന്നു, മെത്രാപ്പോലീത്ത, മെത്രാൻ, വൈദികൻ, ശെമ്മാശൻ, അല്മേനി എന്നിങ്ങനെ അഞ്ചു പേർ, വേർപെട്ടു നില്ക്കുന്ന സഭയുടെ പ്രതിനിധികളായിരുന്നു. പുതുതായി പുനരൈക്യപ്പെടുന്ന കത്തോലിക്കർ സിറിയൻ മലങ്കര കത്തോലിക്ക സഭ എന്ന നാമധേയത്താൽ വിളിക്കപ്പെടാവുന്നതാണെന്ന് വ്യവസ്ഥയും ചെയ്തിട്ടുണ്ടായിരുന്നു. കൊല്ലത്തു വച്ചുനടന്ന അഞ്ചുപേരുടെ കത്തോലിക്കാസഭാ ഐക്യത്തെ തുടർന്ന് ബഥനി ആശ്രമസ്ഥരും ബഥനി സിസ്റ്റേഴ്സും പുനരൈക്യപ്പെടുകയുണ്ടായി. അതിനുശേഷം ബഥനിയുടെ ഉറ്റമിത്രങ്ങളും ബഥനിയോട് ബന്ധപ്പെട്ടിരുന്നവരിൽ ഏതാനും പേരും പുനരൈക്യപ്പെടുകയുണ്ടായി. മറ്റനേകർ അകന്നുമാറി. കാരണം ഭാവിയെപ്പറ്റിയുള്ള ഭയവും മാനുഷിക ശങ്കയും. പ്രതീക്ഷ നഷ്ടപ്പെട്ട

www.malankaralibrary.com



പ്പോൾ പലരും തെറ്റിധരിച്ചു. സാർവത്രീക സഭയുമായുള്ള ഐക്യത്തിന്റെ ആവശ്യവും സൽഫലങ്ങളും അറിഞ്ഞുകൂടാത്തവർ അനേകർ അന്നെന്നപോലെ ഇന്നുമുണ്ട്. എല്ലാം വിട്ടുപേക്ഷിച്ച് സഭാ ഐക്യത്തിനുവേണ്ടി പുറപ്പെട്ട ബഥനി പിതാക്കന്മാർക്കും ആശ്രമസ്ഥർക്കും അനുഭവപ്പെട്ട പ്രയാസങ്ങൾ ഏറെയാണ്. എങ്കിലും ആർക്കും തന്നെ നേട്ടബോധമല്ലാതെ നഷ്ടഭീതി ഉണ്ടായിരുന്നില്ല. അഭിവന്ദ്യ തെയോഫിലോസ് പിതാവിന്റെ സാന്നിധ്യവും, ഏവരേയും ആകർഷിക്കുന്ന മുഖ പ്രസന്നതയും ആശ്രമസ്ഥർക്കെല്ലാം ആത്മധൈര്യം പ്രദാനം ചെയ്തിരുന്നു. പ്രാർത്ഥിച്ചും ദൈവത്തിൽ ആശ്രയിച്ചും, പിതാക്കന്മാരുടെ നിർദ്ദേശം അനുസരിച്ചും പിതാക്കന്മാരോടുകൂടെയും പുനരൈക്യപ്രവർത്തനങ്ങളിൽ എല്ലാവരും വ്യാപൃതരായി.

മാർ ഈവാനിയോസ് പിതാവ് തീക്ഷ്ണതയുള്ള ഒരു സഭൈക്യ പ്രവാചകനായി; വിജ്ഞാന പ്രദമായ തന്റെ പ്രഭാഷണങ്ങളാൽ അകത്തോലിക്ക സഹോദരങ്ങളെ കത്തോലിക്കാ സഭയുടെ ഐക്യത്തിലേക്ക് ആകർഷിച്ചുകൊണ്ടിരുന്നെങ്കിൽ, മാർ തെയോഫിലോസ് പിതാവ് ജന്മസിദ്ധമായ പ്രസന്നതയും പ്രശാന്തതയും, സർവ്വോപരി സ്നേഹപൂർവ്വ സംഭാഷണങ്ങളും വഴി മധുനിറഞ്ഞതും സൗരഭ്യം വീശുന്നതുമായ മനോഹര പുഷ്പങ്ങളിലേക്ക് പറന്നെത്തുന്ന തേനീച്ചകളെപ്പോലെയായിരുന്നു അകത്തോലിക്ക സഹോദരങ്ങളെ കത്തോലിക്കാ സഭാ ഐക്യത്തിലേക്ക് ആകർഷിച്ചുകൊണ്ടിരുന്നത്. പിതാക്കന്മാരിൽ നിന്ന് കണ്ടുപഠിച്ച സഭാ ഐ ക്യതീക്ഷ്ണതയോടുകൂടി ആശ്രമസ്ഥരും പരിശ്രമിച്ചുതുടങ്ങി. 1930 സെപ്റ്റംബർ ഇരുപതിനുശേഷം മൂന്ന് മാസങ്ങൾക്കുള്ളിൽ പത്തു സ്ഥലങ്ങളിൽ ആളുകളെ സഭയിൽ ചേർക്കുകയും ആരാധനാലയങ്ങൾ ആരംഭിക്കുകയും ചെയ്തു. നാല് വൈദികരും പുനരൈക്യപ്പെടുകയുണ്ടായി. 1931 – ൽ പതിനെട്ട് സ്ഥലങ്ങളിൽ ആളുകളെ സഭയിൽ സ്വീകരിക്കയും, ആരാധനാലയങ്ങൾ നിർമ്മിക്കയും ചെയ്തു. പത്തു വൈദികരും പുനരൈക്യപ്പെടുകയുണ്ടായി. 1932 – ൽ ഇരുപത്തിയഞ്ചു കേന്ദ്രങ്ങളിൽ ആളുകൾ പുനരൈക്യപ്പെടുകയും, പള്ളികൾ സ്ഥാപിക്കുകയും ചെയ്തു. പതിനേഴു വൈദികരും കത്തോലിക്ക സഭയുടെ കൂട്ടായ്മയിലേക്കു വരുകയും ചെയ്തു. ആകെ അൻപത്തിമൂന്നു ആരാധനാലയങ്ങൾ ചാപ്പലുകൾ– ഹൈരാർക്കി സ്ഥാപനത്തിനു മുമ്പ് സ്ഥാപിക്കാൻ സാധിച്ചു. മുപ്പത്തിഒന്ന് വൈദികരും പുനരൈക്യപ്പെട്ടിരുന്നു. മൂന്നു വൈദികർ മാത്രമായിരുന്നു അവിവാഹിതർ, 1932 – ൽ രൂപത വിഭജനം അനുവദിച്ചപ്പോൾ 32 പള്ളികളും 18 വൈദികരും തിരുവനന്തപുരം അതി

www.malankaralibrary.com



രൂപതയിലും, 21 പള്ളികളും 13 വൈദികരും തിരുവല്ലാ രൂപതയിലും ഉണ്ടായിരുന്നു. മലബാർ ദേശത്തിന്റെ അതിർത്തികൾക്കുള്ളിൽ പമ്പാ നദിയാൽ അന്യോന്യം വിഭജിക്കപ്പെട്ടതായ രണ്ടു രൂപതകൾ ''മാഗ്നും നോബിസ് '' എന്ന അപ്പസ്തോലിക ലേഖനം വഴി, 1932 ഫെബ്രുവരി പതിമൂന്നാം തീയതി താല്ക്കാലികമായി സ്ഥാപിക്കപ്പെട്ടുമിരുന്നു.

**മലങ്കര സുറിയാനി സഭാ സംസ്ഥാനവും ഭദ്രാസനങ്ങളും**

അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത തിരുമേനി റോമിൽ പോകുകയും 1932 ഏപ്രിൽ 26-ന് പരിശുദ്ധ പിതാവിനെ ആദ്യമായി സന്ദർശിക്കയും ചെയ്തു. ഇത് പിതൃപുത്രസ്നേഹവാത്സല്യത്തിന്റെ ഒരു കൂടികാഴ്ച മാത്രമായിരുന്നു. രണ്ടാം സന്ദർശനം മെയ് മാസം രണ്ടാം തീയതിയായിരുന്നു. തദവസരത്തിൽ, പുനരൈക്യപ്രസ്ഥാനത്തിന്റെ നാളിതുവരെയുള്ള റിപ്പോർട്ടും, മലങ്കരസഭാ സംസ്ഥാനവും ഭദ്രാസനങ്ങളും സ്ഥാപിച്ചുകിട്ടുന്നതിനുള്ള അപേക്ഷയും മാർപാപ്പായ്ക്കു സമർപ്പിക്കയുണ്ടായി. ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പീയൂസ് മാർപാപ്പ പൗരസ്ത്യ തിരുസംഘത്തിന്റെ ആലോചനയോടുകൂടി ഒരു പുതിയ സഭാസംസ്ഥാനം മലങ്കരയിലെ പുനരൈക്യപ്പെട്ട വിശ്വാസികൾക്കുവേണ്ടി സ്ഥാപിക്കയുണ്ടായി. 1932 ജൂൺ മാസം പതിനൊന്നാം തീയതി റോമിൽ വിശുദ്ധ പത്രോസിന്റെ ദേവാലയത്തിൽ പ്രഖ്യാപിക്കപ്പെട്ട ''ക്രിസ്തോ പാസ്തോരും പ്രിൻചിപ്പി'' എന്ന അപ്പസ്തോലിക ലേഖനം വഴിയാണ് ഇത് നിർവഹിച്ചത്. പ്രസ്തുത അപ്പസ്തോലികലേഖനത്തിലെ പ്രസക്ത ഭാഗങ്ങളും ഘടനകളും മാത്രം ഉദ്ധരിക്കുന്നു.

**സഭാ സംസ്ഥാന സ്ഥാപനം സംബന്ധിച്ച്**

ഇപ്പോൾ അന്ത്യോഖ്യാ റീത്തിൽപെട്ടവരായ ഈ മലങ്കര സുറിയാനി വിശ്വാസികളുടെ സംഖ്യ ഭാഗ്യകരമായും ആനന്ദകരമായും ദിനം പ്രതി വലുതായിതീർന്ന് അല്പകാലത്തിനുള്ളിൽ കർത്താവിന്റെ അനുഗ്രഹത്താൽ കുറെ ആയിരങ്ങളോളം ആയിതീർന്നിരിക്കുന്നതിനാൽ ആ മലബാർ ദേശത്തിൽ അന്ത്യോഖ്യാ റീത്തിൽ ഒരു സഭാസംസ്ഥാനത്തെ നിർമ്മിച്ചിട്ട് സഭാ കാര്യങ്ങളെ യോഗ്യതരവും ശാശ്വതകരവുമായ വിധത്തിൽ ക്രമപ്പെടുത്തുകയും സ്ഥാപിക്കുകയും ചെയ്യുന്നത് ഉചിതവും ഉപയോഗകരവുമായി കാണപ്പെട്ടിരിക്കുന്നു. ഇതനുസരിച്ച് പ്രസ്തുത മെത്രാന്മാരുടെ ആഗ്രഹങ്ങളെ അനുകൂലിച്ചുകൊണ്ടും ശ്രേഷ്ഠങ്ങളായ പൗരസ്ത്യ സഭകളോടുള്ള നമ്മുടെ സ്നേഹത്തിന്റെ ഒരു നവീന ലക്ഷ്യത്തെ പ്രദാനം ചെയ്യുന്നതിന് ആഗ്രഹിച്ചുകൊണ്ടും.. പൗരസ്ത്യ

www.malankaralibrary.com



സഭയുടെ തിരുസംഘത്തിൽ നിയമിതരായിരിക്കുന്ന പരിശുദ്ധ റോമ്മാ സഭയുടെ കർദ്ദിനാളന്മാരായ നമ്മുടെ വന്ദ്യ സഹോദരന്മാരുടെ ഉപദേശത്താൽ ഈ സംഗതികൾ ആരെയെല്ലാം ബന്ധിക്കുമോ അല്ലെങ്കിൽ തങ്ങളെ ബന്ധിക്കുമെന്ന് ആരെല്ലാം വിചാരിക്കുന്നുവോ അവരുടെ എല്ലാ സമ്മതത്തെ ആവശ്യമുള്ളിടത്തോളം പൂരിപ്പിച്ചുകൊണ്ട്, താഴെകാണുന്ന സംഗതികൾ അപ്പസ്തോലികമായ അധികാരത്തിന്റെ പൂർണ്ണതയിൽ നാം തീരുമാനിക്കയും സ്ഥാപിക്കയും ചെയ്യുന്നു.

1. ''മലബാർ ദേശത്തിൽ പമ്പാനദിയുടെ വടക്കും തെക്കുമായി സ്ഥിതിചെയ്യുന്ന മുൻ പറഞ്ഞ രണ്ടു രൂപതകളെ നിറുത്തൽ ചെയ്തിട്ട് അവയുടെ അതിർത്തികൾക്കുള്ളിൽ അന്ത്യോഖ്യാ റീത്തിൽപെട്ട മലങ്കര സുറിയാനിക്കാർക്ക് വേണ്ടി നവീനവും വ്യക്തവുമായ ഒരു സഭാസംസ്ഥനത്തെ നാം സ്ഥാപിക്കുന്നു. അതിൽ തിരുവനന്തപുരം അതിരൂപതാ മെത്രാന്റെ സിംഹാസനമെന്നും തിരുവല്ലാ മെത്രാന്റെ സിംഹാസനമെന്നും രണ്ടു സിംഹാസനങ്ങൾ ഉണ്ടായിരിക്കുന്നതാണ് ''.

**(തിരുവല്ലാ ഭദ്രാസനം സംബന്ധിച്ച്)**

5. ''വരാപ്പുഴ, വിജയപുരം എന്നീ രൂപതകളുടെയും കൊച്ചി രൂപതയുടെ വടക്കെഭാഗത്തിന്റെയും അതിർത്തികൾക്കുള്ളിൽ അടങ്ങിയിരിക്കുന്ന തിരുവല്ലാ, നിരണം, കോട്ടയം, മൂവാറ്റുപുഴ, കുന്നംകുളം എന്നീ ഡിസ്ട്രിക്റ്റുകൾ ഉണ്ടായിരിക്കുന്നതാകുന്നു''.

6. ''തിരുവല്ലാ മെത്രാന്റെ സിഹാസനത്തെ നാം തിരുവല്ലാ നഗരത്തിൽ സ്ഥാപിക്കുന്നു. ആ നഗരത്തിൽ നിന്ന് രൂപതയ്ക്ക് അതിന്റെ നാമം സിദ്ധിക്കയും ചെയ്യുന്നു''.

7. ''തിരുവല്ലായിലെ മെത്രാസനപ്പള്ളിക്കും അതിന്റെ അതാതുകാലത്തെ മെത്രാന്മാർക്കും അന്ത്യോഖ്യാ സുറിയാനിസഭയിലെ സാധാരണ നിയമവും ന്യായമായ നടപ്പും അനുസരിച്ചുള്ള സകല അവകാശങ്ങളും സ്വനിയമങ്ങളും ബഹുമാനങ്ങളും അധികാരങ്ങളും നാം നൽകുന്നു''.

8. ''തിരുവല്ലായിലെ മെത്രാസനപ്പള്ളിയെ തിരുവനന്തപുരത്തെ മെത്രാപ്പോലീത്താ പള്ളിയുടെ സഫ്രഗനായിട്ട് നാം സ്ഥാപിക്കുന്നു. അവിടുത്തെ അതാതു കാലത്തെ മെത്രാന്മാരെ തിരുവനന്തപുരത്തെ അതിമെത്രാന്റെ മെത്രാപ്പോലിത്തായിക്കടുത്ത അവകാശത്തിന് നാം അധീനരാക്കുകയും ചെയ്യുന്നു''.

**(ഭദ്രാസനപ്പള്ളികൾ സംബന്ധിച്ച്)**

9. ''തിരുവനന്തപുരത്തെ മെത്രാപ്പോലീത്താപള്ളിയുടെയും അതിന്റെ അതാതുകാലത്തെ അതിമെത്രാന്മാരുടെയും, തിരുവല്ലാ മെത്രാ

www.malankaralibrary.com



സനപ്പള്ളിയും അതിന്റെ അതാതുകാലത്തെ മെത്രാന്മാരുടെയും മേൽ മറ്റു മെത്രാപ്പോലീത്ത സഭകളെയും അവയുടെ മെത്രാന്മാരെയും നിയന്ത്രിക്കുന്ന ഭാരങ്ങളെയും ചുമതലകളെയും നാം നിക്ഷേപിക്കുന്നു''.

10. ''തിരുവനന്തപുരത്തെയും തിരുവല്ലായിലെയും മെത്രാന്മാരുടെ സിംഹാസനങ്ങളിൽ ആദ്യത്തെതിനെ തിരുവനന്തപുരം പട്ടണത്തിൽ ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെ ദേവാലയത്തിലും രണ്ടാമത്തേതിനെ തിരുവല്ലാ നഗരത്തിൽ വിശുദ്ധ യോഹന്നാൻ ശ്ലീഹായുടെ ദേവാലയത്തിലും നാം ഉറപ്പിക്കുന്നു. ആയതുകൊണ്ട് ഈ ദേവാലയങ്ങൾക്ക് മറ്റു നിശ്ചയംചെയ്യുന്നതുവരെ മറ്റു മെത്രാപ്പോലീത്താ പള്ളികൾക്കും മെത്രാസനപ്പള്ളികൾക്കുമുള്ള സകല അവകാശങ്ങളും സ്വനിയമങ്ങളും നാം നൽകിയിരിക്കുന്നു''.

**(അവകാശങ്ങളും അധികാരങ്ങളും ചുമതലകളും)**

11. ''അതിമെത്രാന്റെയും മെത്രാന്റെയും ഉപജീവനത്തിനായി വിശ്വാസികൾ സാധാരണമായി ചെയ്യാറുള്ള ദാനങ്ങളും മേൽ ഈ പള്ളികൾക്ക് ഏതെങ്കിലും അവകാശപ്രകാരം സിദ്ധിക്കുന്ന വരവുകളും ജംഗമങ്ങളും നിശ്ചയിക്കപ്പെട്ടിരിക്കുന്നു''.

12. ''തിരുവനന്തപുരത്തെയും തിരുവല്ലായിലെയും സഭകളുടെ ഭരണത്തെയും നിയമപ്രകാരം ആലോചനാസംഘത്തെ തെരഞ്ഞെടുക്കുന്നതിനെയും, സെമിനാരികൾ സ്ഥാപിക്കുന്നതിനെയും വൈദികരുടെയും വിശ്വാസികളുടെയും അവകാശങ്ങളെയും ചുമതലകളെയും ഇപ്രകാരമുള്ള മറ്റു കാര്യങ്ങളെയും സംബന്ധിച്ച് പരിശുദ്ധ കാനോനാകൾ എങ്ങനെ നിയോഗിക്കുന്നുവോ അങ്ങനെ ചെയ്തുകൊള്ളണമെന്ന് നാം കല്പിക്കുന്നു. പ്രധാനമായി വൈദികരെ സംബന്ധിച്ചിടത്തോളം മുൻപറയപ്പെട്ട അതിരൂപതയുടെയും, രൂപതയുടെയും സ്ഥാപനം നിർവഹിക്കപ്പെടുമ്പോൾ വൈദികന്മാർ ഏതു സഭയുടെ അധികാര സീമയിൽ നിയമപ്രകാരം താമസിക്കുന്നുവോ ആ സഭയോടും ബന്ധിക്കപ്പെട്ടവരായി ഗണിക്കപ്പെടണമെന്ന് നാം നിശ്ചയിക്കുന്നു''.

ഈ സഭാസംസ്ഥാപന സ്ഥാപനം കത്തോലിക്കാ സഭാചരിത്രത്തിൽ ഇദംപ്രഥമമോ അസാധാരണമോ ആയിരുന്നു. ഇപ്രകാരം സ്ഥാപിതമായ സഭാസംസ്ഥാനത്തിലുൾപ്പെട്ട തിരുവനന്തപുരം അതിരൂപതയ്ക്കും തിരുവല്ലാ സാമന്തരൂപതയ്ക്കും രൂപതാധികാരികളെയും നിയമിച്ചിരുന്നു. തിരുവല്ലാ ഭദ്രാസനത്തിന്റെ പ്രഥമമെത്രാനായി അഭിവന്ദ്യ മാർ തെയോഫിലോസ് തിരുമേനിയെ നിയമിച്ചതായ അപ്പസ്തോലിക ലേഖനം അനുവാചകരുടെ അറിവിനായി ഇവിടെ പകർത്തുന്നു.

www.malankaralibrary.com



**മാർപാപ്പായുടെ കല്പന**

*ദൈവത്തിന്റെ ഭൃത്യന്മാരുടെ ഭൃത്യനായ പീയൂസ് മെത്രാൻ*

ഇതേവരെ ആരാദിന്റെ അവകാശിക മെത്രാനായിരുന്നിട്ട് തിരുവല്ലായുടെ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന നമ്മുടെ വന്ദ്യസഹോദരൻ മാർ തെയോഫിലോസിന് ക്ഷേമവും അപ്പസ്തോലിക ആശീർവാദവും.

ദൈവികമായി നമ്മുടെ വിനീതത്വത്തിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്നതും ക്രിസ്തീയലോകം മുഴുവന്റെയും ആദ്ധ്യക്ഷത്വത്തെ നമുക്ക് പ്രദാനം ചെയ്യുന്നതുമായ പരമമായ അപ്പസ്തോലികത്വത്തിന്റെ കർത്തവ്യം, തങ്ങളുടെ പാലനത്തിനായി സമർപ്പിക്കപ്പെട്ടിരിക്കുന്ന കർത്താവിന്റെ ആട്ടിൻകൂട്ടത്തെ ആരോഗ്യകരമായി മേയിക്കുകയും നയിക്കുകയും ഭരിക്കുകയും ചെയ്യുന്നതിനുവേണ്ട അറിവും പ്രാപ്തിയുമുള്ള മെത്രാന്മാരെ സകല സഭകളിലും നിയമിക്കുന്ന കാര്യം ഗുരുതരമായ ഉത്സാഹത്തോടുകൂടെ നിർവ്വഹിക്കേണ്ട ചുമതലയെ നമ്മിൽ ആരോപിക്കുന്നു. ആയതുകൊണ്ട് ഈയമുദ്രയിൻ കീഴിലുള്ള ''ക്രിസ്തോ പാസ്തോരും പ്രിൻചിപ്പി'' എന്ന അപ്പസ്തോലിക ലേഖനപ്രകാരം മലബാർ ദേശത്തിൽ അന്ത്യോഖ്യാ റീത്തിലുള്ള മലങ്കര സുറിയാനിക്കാരായ വിശ്വാസികൾക്കായി തിരുവനന്തപുരം മെത്രാപ്പോലീത്തായുടെ സഫ്രഗൻ മെത്രാസനമായി ഇന്നേ ദിവസം സ്ഥാപിച്ചിട്ടുള്ള തിരുവല്ലാ സഭയ്ക്ക് ഉചിതനായ ഒരു മെത്രാനെ നൽകണമെന്നാഗ്രഹിച്ചുകൊണ്ട് ആത്മാവുകളുടെ മേന്മയ്ക്കുവേണ്ടി ഇടയന്നടുത്ത മഹാതീക്ഷ്ണതയോടുകൂടെ ആ വിശ്വാസികളുടെ ഇടയിൽ ഇതേവരെ വേലചെയ്തുകൊണ്ടിരുന്നവനായ അങ്ങയെ നമ്മുടെ വന്ദ്യ സഹോദരന്മാരായ പരിശുദ്ധ റോമ്മാ സഭയുടെ കർദ്ദിനാളന്മാരുടെ ഉപദേശത്തോടുകൂടിയും അപ്പസ്തോലികമായ നമ്മുടെ അധികാരത്തിന്റെ പൂർണ്ണതയിലും മേല്പറഞ്ഞ തിരുവല്ലാ സഭയ്ക്കായി നാം തിരഞ്ഞെടുക്കുകയും അതിന്റെ മെത്രാനും ഇടയനുമായി നിയമിക്കുകയും അന്ത്യോഖ്യാസുറിയാനിസഭയുടെ നിയമങ്ങളും ന്യായമായ ആചാരങ്ങളും അനുസരിച്ച് ഇടയനടുത്ത ഈ ഉദ്യോഗത്തിൽ സംക്ഷിപ്തമായിരിക്കുന്ന സകല അവകാശങ്ങളോടും സ്വനിയമങ്ങളോടും ഭാരങ്ങളോടും കടമകളോടും കൂടെ ആത്മീകങ്ങളിലും ലൗകീകങ്ങളിലും ആ സഭയെസംരക്ഷിക്കയും ഭരിക്കുകയും നടത്തുകയും ചെയ്യുന്നതിനുള്ള അധികാരത്തെ അങ്ങിൽ അർപ്പിക്കയും ചെയ്യുന്നു. ആയതിനാൽ മലബാർ ദേശത്തിൽ പമ്പാനദിയുടെ വടക്കുവശം താമസിക്കുന്നവരായ അന്ത്യോഖ്യാ റീത്തിലെ മലങ്കര സുറിയാനി വിശ്വാ

www.malankaralibrary.com



സികളുടെ രൂപതയോടുകൂടെ അങ്ങ് ഇതുവരെ വഹിച്ചിരുന്നസ്ഥാനം ഏതിൽനിന്നോ, ആരാദിന്റെ ആ മെത്രാസന സഭയോടു അങ്ങേയ്ക്കുള്ള ബന്ധത്തിൽനിന്ന് നമ്മുടെ ആ പരമാധികാരം കൊണ്ടു തന്നെ അങ്ങെ നാം വിടുർത്തിയിരിക്കുന്നു. നിയമപ്രകാരം അനുസരിക്കപ്പെടേണ്ട മറ്റു കാര്യങ്ങളെല്ലാം നിർവഹിച്ചതിന്റെശേഷം അങ്ങേയ്ക്ക് നൽകിയിരിക്കുന്ന രൂപതയെ കൈവശം എടുക്കുന്നതിന് മുമ്പായി അപ്പസ്തോലിക സിംഹാസനത്തോട് സൗഹാർദ്ദത്തിലും സമ്പർക്കത്തിലും വർത്തിക്കുന്ന ഒരു മെത്രാന്റെ മുമ്പിൽ പൗരസ്തർക്കു വിധിച്ചിട്ടുള്ള രൂപത്തിൽ അങ്ങു വിശ്വാസപ്രഖ്യാപനവും പതിവായ വിശ്വാസ്തതയുടെ സത്യവും ചെയ്യുകയും ആറുമാസത്തിനുള്ളിൽ ഇവയുടെ പ്രതികൾ അങ്ങയുടെയും മേല്പറഞ്ഞ മെത്രാന്റെയും ഒപ്പുകളോടും മുദ്രകളോടുകൂടെ പൗരസ്ത്യ സഭയുടെ തിരുസംഘത്തിലേക്ക് അയയ്ക്കുകയും ചെയ്യണമെന്ന് നാം ആഗ്രഹിക്കുകയും കല്പിക്കുകയും ചെയ്യുന്നു. ഇതിനായി അങ്ങു തിരഞ്ഞെടുക്കുന്ന മെത്രാന് നമ്മുടെയും റോമ്മാസഭയുടെയും നാമത്തിൽ മേല്പറഞ്ഞ പ്രഖ്യാപനവും സത്യവും സ്വീകരിക്കുന്നതിനുള്ള അധികാരവും ശാസനവും ഈ ലേഖനത്തിൽ തന്നെ നാം നൽകിയിരിക്കുന്നു. അങ്ങയുടെ മെത്രാപ്പോലീത്തയായ വന്ദ്യസഹോദരൻ തിരുവനന്തപുരം അതിമെത്രാനോട് നാം കർത്താവിൽ ഉപദേശിക്കുന്നതെന്തെന്നാൽ: അദ്ദേഹത്തിന്റെ സഫ്രഗൻ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന അങ്ങയെ, നമ്മോടും അപ്പസ്തോലിക സിംഹാസനത്തോടുമുള്ള ആദരവുകൊണ്ട് അദ്ദേഹം സഹോദരനായി സ്വീകരിക്കുകയും അങ്ങയും അദ്ദേഹവും തമ്മിലുള്ള സൗഹാർദ്ദം തന്റെ സഭയുടെ മഹത്തരമായ ക്ഷേമത്തിനുവേണ്ടി സമൃദ്ധങ്ങളായ ഫലങ്ങളെ ഉളവാക്കുന്നതിനായി ദൈവത്തിന്റെ മഹത്വത്തേയും സഭയുടെ നന്മയേയും വളർത്തുന്നതിനുള്ള തീക്ഷ്ണതയാൽ പ്രേരിതനായിട്ട് അങ്ങയെ തന്റെ ആനുകൂല്യത്താൽ സമാദരിക്കയും ചെയ്യേണ്ടതാകുന്നു: അങ്ങയുടെ രൂപതയിലെ വൈദികരും ജനങ്ങളുമായ വാത്സല്യഭാജനങ്ങളായ മക്കളെ നാം ഉപദേശിക്കുകയും കടമയിൽ ബന്ധിക്കുകയും ചെയ്യുന്നതെങ്ങിനെ എന്നാൽ; അവർ പിതൃഭക്തിയുള്ള മക്കളായിരിക്കുന്നതു കണ്ട് അങ്ങയും അങ്ങ് ദയാലുവായ പിതാവായിരിക്കുന്നതു കണ്ട് അവരും സന്തോഷിക്കുന്നതിനായിട്ട് അവർ അങ്ങയോട് ബഹുമാനവും കടപ്പെട്ടിരിക്കുന്ന അനുസരണവും കാണിക്കേണ്ടതാകുന്നു. ഈ ലേഖനം കിട്ടികഴിഞ്ഞാൽ ആദ്യം വരുന്ന കടമുള്ള തിരുനാൾ ദിനത്തിൽ മെത്രാസനപ്പള്ളിയുടെ പ്രസംഗ പീഠത്തിൽനിന്ന് ഇതു പരസ്യമായി വായിക്കപ്പെടണമെന്ന് നാം

www.malankaralibrary.com



ആഗ്രഹിക്കുന്നു. കർത്താവിന്റെ വലത്തുകൈസദയം സഹായിച്ചിട്ട് അങ്ങയുടെ നിരന്തരമായ ഇടയനടുത്ത പരിശ്രമത്താലും ഫലവത്തായ ഉത്സാഹത്താലും തിരുവല്ലാ സഭ ഫലപ്രദമായി ഭരിക്കപ്പെടുകയും ദിനം പ്രതി ആത്മീകങ്ങളിലും ലൗകീകങ്ങളിലും മഹത്തരങ്ങളായ വർദ്ധന വുകളെ പ്രാപിക്കയും ചെയ്യുമെന്നും ആ നാട്ടിൽ പത്രോസിന്റെ സിംഹാ സനത്തിൽനിന്നും ഇപ്പോഴും വേർപെട്ടുനില്ക്കുന്നവരായ ക്രിസ്ത്യാനി കൾ കത്തോലിക്കാ ഐക്യത്തിലേക്ക് തിരിച്ചുവരുമെന്നും ഇപ്പോഴും അബദ്ധത്തിന്റെ അന്ധകാരത്തിൽപെട്ടുകിടക്കുന്ന അവിശ്വാസികൾ സുവിശേഷപ്രകാശത്താൽ പ്രകാശിപ്പിക്കപ്പെടുമെന്നും നാം ഉറപ്പായി പ്രതീക്ഷിക്കയും  വിശ്വസിക്കുകയും ചെയ്യുന്നു.

നമ്മുടെ ഭരണത്തിന്റെ പതിനൊന്നാം സംവത്സരത്തിൽ. ആയി രത്തിതൊള്ളായിരത്തിമുപ്പത്തിരണ്ടാം ആണ്ട് ജൂൺ പതിനൊന്നാം തീയതി റോമായിൽ വിശുദ്ധ പത്രോസിന്റെ ദേവാലയത്തിൽ വച്ച് നൽക പ്പെട്ടത്.

**അപ്പസ്തോലിക ഘടന നടപ്പാക്കപ്പെട്ടത്**

മലങ്കര സുറിയാനി കത്തോലിക്കാസഭാ സംസ്ഥാന സ്ഥാപനം സംബന്ധിച്ചുള്ള അപ്പസ്തോലിക ഘടന കാനോനികമായി നടപ്പാക്കപ്പെ ട്ടതും തിരുവനന്തപുരം  അതിരൂപതസ്ഥാപിക്കപ്പെട്ടതും രക്ഷണീയവർഷ മായിരുന്ന 1933 മാർച്ചുമാസം പന്ത്രണ്ടാം തീയതി ഞായറാഴ്ച ആയിരുന്നു. സാമന്തരൂപതയായ തിരുവല്ല ഭദ്രാസനം സ്ഥാപിക്കപ്പെട്ടത് ഈ രക്ഷണീയ വർഷത്തിൽ തന്നെ, നവംബർ ആറാം തീയതി തിങ്കളാഴ്ചയുമായിരുന്നു. രണ്ടു ഭദ്രാസനങ്ങളുടെയും സ്ഥാപനചരിത്രം സംക്ഷിപ്തമായി എഴുതുന്നു.

തിരുവനന്തപുരം പട്ടണത്തിൽ പാളയത്തുണ്ടായിരുന്ന ഒരു സി നിമശാലയായിരുന്ന ‘പോമ്പിഡോർ’ എന്ന കെട്ടിടം വിലകൊടുത്ത് വാങ്ങിച്ച് ഒരു പള്ളിക്ക് അത്യാവശ്യമായ ഭേദഗതികളെല്ലാം വരുത്തി ക്കൊണ്ട് , 1933 മാർച്ച് 11-ാം തീയതി ശനിയാഴ്ച രാത്രി മാർ ഈവാനി യോസ് തിരുമേനി ദൈവാലയ കൂദാശകർമ്മം നടത്തുകയും, പള്ളി പരി ശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ പ്രതിഷ്ഠിക്കയും ചെയ്തു. പിറ്റെദി വസം ഞായറാഴ്ച രാവിലെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനി ആഘോഷമായ പൊന്തിഫിക്കൽ കുർബാന അർപ്പിച്ചു. അഭി വന്ദ്യ തെയോഫിലോസ് തിരുമേനി സന്നിഹിതനായിരുന്നു. വന്ദ്യ ദിവ്യ ശ്രീമാന്മാരായ പുലിക്കോട്ട് ജോസഫ് റമ്പാൻ, ചേപ്പാട്ട്  പീലിപ്പോസ് റമ്പാൻ എന്നിവരും ഏതാനും  വൈദികരും മലങ്കര മലബാർ ലത്തീൻ റീത്തുകളിൽപ്പെട്ട വലിയൊരു സംഘം വിശ്വാസികളും കുർബാനയിൽ

www.malankaralibrary.com



സംബന്ധിച്ചിരുന്നു. അന്ന് ആ വി. കുർബാനയ്ക്ക് ശുശ്രൂഷകനാകാൻ സാധിച്ചത് ഒരു വലിയ ഭാഗ്യമായി അന്നെന്നപോലെ ഇന്നും ഈ എഴുത്തുകാരൻ കരുതുന്നു. ഒൻപതുമണിയോടുകൂടി വി. കുർബാന അവസാനിപ്പിച്ചപ്പോഴേക്കും മലബാർ സുറിയാനിസഭാ സംസ്ഥാനത്തിന്റെ അദ്ധ്യക്ഷനായിരുന്ന എറണാകുളം മെത്രാപ്പോലീത്താ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനി ആഗതനായി. ഇദ്ദേഹത്തിന്റെ മുമ്പാകെയാണ് മാർ ഈവാനിയോസ് തിരുമേനി തന്റെ വിശ്വാസ പ്രഖ്യാപനവും വിശ്വസ്തതാ പ്രതിജ്ഞയും നടത്തേണ്ടിയിരുന്നത്. മാർ അഗസ്റ്റിൻ കണ്ടത്തിൽ മെത്രാപ്പോലീത്താതിരുമേനി സിംഹാസനത്തിൽ ജനത്തെ അഭിമുഖീകരിച്ചുകൊണ്ട്, സഭാസമൂഹത്തിന്റെ സാന്നിദ്ധ്യത്തിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ വിശ്വാസപ്രഖ്യാപനവും വിശ്വസ്തതാ പ്രതിജ്ഞയും സ്വീകരിച്ചു. അനന്തരം മാർ ഈവാനിയോസിനെ തിരുവനന്തപുരം മെത്രാപ്പോലീത്താ ആയി നിയമിച്ചുകൊണ്ടുള്ള മാർപാപ്പാ തിരുമനസിലെ കല്പന മൂലഭാഷയായ ലത്തീനിൽ വന്ദ്യദിവ്യ ശ്രീ. പ്രോദോത്ത് സി. കെ. മറ്റം വായിച്ചു. തുടർന്നു, പരിഭാഷ ഇംഗ്ലീഷിലും മലയാളത്തിലും വായിക്കപ്പെട്ടു. അതിനുശേഷം പൗരസ്ത്യസഭാ പാരമ്പര്യ പ്രകാരം, അഭിനവമായി സ്ഥാനാരോഹണം ചെയ്യപ്പെടുന്ന മാർ ഈവാനിയോസ് മെത്രാപ്പോലീത്തയെ സിംഹാസനത്തിൽ ഇരുത്തി വൈദികർ എടുത്തുയർത്തി, 'യോഗ്യൻ' എന്നർത്ഥമുള്ള ഓക്സിയോസ് എന്ന് മൂന്നു പ്രാവശ്യം ഉൽഘോഷിച്ചപ്പോൾ, തിരുമേനി സ്ലീബാ ഉയർത്തി മൂന്നുപ്രാവശ്യം ജനസമൂഹത്തെ ആശീർവദിക്കയും ചെയ്തു. പത്തുമണിയോടുകൂടി സ്ഥാനാരോഹണ കർമ്മങ്ങൾ സമാപിച്ചു.

അടുത്തതായി അപ്പസ്തോലിക ഘടന നടപ്പാക്കുന്നതിനുള്ള പരിപാടിയാണ് നടന്നത്. അതിനായി, ദെലഗാദ് അപ്പസ്തോലിക്കായുടെ പ്രതിനിധി, കൊല്ലം ബിഷപ്പായിരുന്നശേഷം രൂപതാഭരണം ഒഴിഞ്ഞ് പാങ്ങോട് കർമ്മലീത്താ ആശ്രമത്തിൽ സ്വസ്ഥവൃത്തിയിൽ കഴിഞ്ഞിരുന്ന മോസ്റ്റ് റവ. ഡോ. അലോഷ്യസ് മരിയ ബെൻസിഗർ മെത്രാപ്പോലീത്ത തിരുമേനി, കൊല്ലം അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കാ റൈറ്റ് റവ. മോൺ ബെൻനാഡിനുമൊരുമിച്ചാഗതനായി. അടുത്തുള്ള ലത്തീൻ പള്ളികളിലെ വൈദികരും അല്മേനികളും അവരുടെ പള്ളികളിൽ രാവിലെ കുർബാന കഴിഞ്ഞ് വന്നു ചേർന്നു. ക്ഷണിക്കപ്പെട്ടിരുന്ന ഹൈന്ദവരായ ഗവ. ഉദ്യോഗസ്ഥന്മാരും സന്നിഹിതരായി. പ്രമുഖരായ അനേകം അകത്തോലിക്കരും വന്നിരുന്നു.

പരിശുദ്ധാത്മാവിനോടുള്ള ഗീതം പാടികൊണ്ട് പരിപാടി ആരം

www.malankaralibrary.com



ഭിച്ചു. ഗീതാലാപനം അവസാനിപ്പിച്ചപ്പോൾ അപ്പസ്തോലിക ഘടന നടപ്പിൽ വരുത്തുന്നതിന് ബെൻസിഗർ മെത്രാപ്പോലീത്ത തിരുമേനിയെ അധികാരപ്പെടുത്തുന്ന ദെലഗാദ് അപ്പസ്തോലിക്കാതിരുമനസിലെ ഡിക്രി മൂലഭാഷയായ ലത്തീനിലും പരിഭാഷ ഇംഗ്ലീഷിലും വന്ദ്യ ദിവ്യ ശ്രീ. പ്രോദോത്ത് സി. കെ. മറ്റം വായിച്ചു. അതിനുശേഷം, ബെൻസിംഗർ മെത്രാപ്പോലീത്താ തിരുമനസുകൊണ്ട് നടത്തിയ പ്രഭാഷണത്തിൽ മലങ്കരസുറിയാനി സഭാചരിത്രത്തിലെ പല പ്രധാന സംഗതികളും എടുത്തു പറയുകയും, നടപ്പിൽ വരുത്തുന്ന അപ്പസ്തോലിക ഘടനയുടെ പ്രാധാന്യത്തെപ്പറ്റി സവിസ്തരം പ്രസ്താവിക്കുകയും ചെയ്തു. പ്രസംഗത്തിനുശേഷം അപ്പസ്തോലികഘടന മൂലഭാഷയായ ലത്തീനിലും പരിഭാഷ ഇംഗ്ലീഷിലും വന്ദ്യദിവ്യ ശ്രീ. പ്രോദോത്ത് സി. കെ. മറ്റം വായിക്കുകയുണ്ടായി. അനന്തരം അഭിവന്ദ്യ ബെൻസിഗർ മെത്രാപ്പോലീത്താ തിരുമേനി മദ്ബഹായുടെ മദ്ധ്യത്തിൽ നിന്നുകൊണ്ട് ക്രിസ്തോ പാസ്തോരും പ്രിൻചിപ്പി എന്ന അപ്പസ്തോലിക ഘടന യഥാവിധി നിർവഹിക്കപ്പെട്ടിരിക്കുന്നു എന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

അതിനുശേഷം മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനി ഒരു ലഘു പ്രസംഗരൂപേണ കൃതജ്ഞത പ്രകാശിപ്പിച്ചു. പരിശുദ്ധ മാർപാപ്പായുടെ പേരിലുള്ള ഹൃദയപൂർവ്വമായ ഭക്തിയും സ്നേഹബഹുമാനവും പ്രസ്താവിക്കയും, പരിശുദ്ധ പിതാവിനെ സന്ദർശിച്ചപ്പോൾ പിതൃവാത്സല്യത്തോടെ തന്നെ സ്വീകരിച്ചപ്പോഴത്തെ അനുഭവങ്ങളും എടുത്തുപറയുകയുണ്ടായി. പുനരൈക്യപരിശ്രമം സഫലമാകുമ്പോൾ സഹായിച്ച മുമ്പിലത്തെ ദെലഗാദ് അപ്പസ്തോലിക്കായായിരുന്ന എഡ്വർഡ് മൂണി മെത്രാപ്പോലീത്താ തിരുമേനിക്കും അപ്പോഴത്തെ ദെലഗാദ് അപ്പസ്തോലിക്ക ലെയോ പി. കിയെർക്കെൽസ് മെത്രാപ്പോലിത്താ തിരുമേനിക്കും, അദ്ദേഹത്തിന്റെ പ്രതിനിധിയായി അദ്ധ്യക്ഷം വഹിച്ച ബെൻസിഗർ മെത്രാപ്പോലിത്തായ്ക്കും മാർ അഗസ്റ്റിൻ കണ്ടത്തിൽ മെത്രാപ്പോലിത്താ തിരുമേനിക്കും പ്രത്യേകം കൃതജ്ഞത അർപ്പിച്ചു. സഭാഐക്യപരിശ്രമങ്ങളിൽ തനിക്ക് താങ്ങും തണലുമായി ആരംഭം മുതൽ സഹകരിച്ച തന്റെ സഫ്രഗൻ മാർ തെയോഫിലോസ് തിരുമേനിയുടെ സൽഗുണങ്ങളും സ്മരിക്കുകയുണ്ടായി. പുനരൈക്യത്തെ പ്രോത്സാഹിപ്പിക്കയും അല്പമായോ അധികമായോ സഹായിച്ചിട്ടുള്ളവർക്കും സഹായിച്ചുകൊണ്ടിരിക്കുന്നവർക്കും സ്വന്തം പേരിലും തെയോഫിലോസ് തിരുമേനിയുടെ പേരിലും നന്ദി പറഞ്ഞുകൊണ്ട് തിരുമേനി ഉപസംഹരിച്ചു.

പുതുതായി സ്ഥാപിക്കപ്പെട്ട സഭാസംസ്ഥാനത്തിലെ വൈദിക

www.malankaralibrary.com



രുടെയും ജനങ്ങളുടെയും വകയായി ഒരു മംഗളാശംസാപത്രം ബെൻസിഗർ മെത്രാപ്പോലിത്താ തിരുമേനിക്ക് സമർപ്പിച്ചു. തൈക്കടവിൽ മിസ്റ്റർ റ്റി. കെ. കോശി ബി. എ. എൽ. റ്റി. ആയിരുന്നു മംഗളപത്രം വായിച്ചു സമർപ്പിച്ചത്. മെത്രാപ്പോലിത്താതിരുമേനി മംഗളാശംസകൾക്ക് ചുരുക്കത്തിൽ മറുപടി പറഞ്ഞതിനുശേഷം പരിശുദ്ധ പിതാവിന്റെ പൈതൃകാശീർവാദം അടങ്ങിയ കമ്പിസന്ദേശം വായിച്ച് ആശീർവദിക്കയും ചെയ്തു. അവസാന സ്തോത്രഗീതം പാടി പരിപാടി പര്യവസാനിപ്പിച്ചപ്പോൾ പകൽ പതിനൊന്നു മണി കഴിഞ്ഞിരുന്നു.

**തിരുവല്ലാ രൂപതയുടെ കാനോനിക സ്ഥാപനവും രൂപതാദ്ധ്യക്ഷന്റെ സിംഹാസനാരോഹണവും**

ആയിരത്തിത്തൊള്ളായിരത്തിമുപ്പത്തിമൂന്ന് രക്ഷണീയവർഷം നവംബർ മാസം ആറാം തീയതി തിങ്കളാഴ്ചയായിരുന്നു രൂപതയുടെ കാനോനികമായ സ്ഥാപനം നടത്തപ്പെട്ടത്. പുനരൈക്യാനന്തരം നിർമ്മിക്കപ്പെട്ട ദൈവാലയം ഒരു താല്ക്കാലിക കെട്ടിടം മാത്രമായിരുന്നു. വിശുദ്ധ യൂഹാനോൻ ശ്ലീഹായുടെ നാമത്തിലുള്ള ഭദ്രാസന ദൈവാലയമായി പരിഗണിക്കപ്പെട്ടുമിരുന്നു. പ്രസ്തുത ദിവസം തിരുവനന്തപുരം മെത്രാപ്പോലീത്തായായിരുന്ന മാർ ഈവാനിയോസ് തിരുമേനി തിരുവല്ലയിൽ വരുകയും തെയോഫിലോസ് തിരുമേനിയും ഒരുമിച്ച് കത്തീഡ്രൽ പള്ളിയിൽ സ്വീകരിക്കപ്പെടുകയും ചെയ്തു. മുൻകൂട്ടി അറിയിപ്പ് നൽകിയിരുന്നതനുസരിച്ചു വൈദികരും ജനങ്ങളും നേരത്തെ പള്ളിയിൽ എത്തി പിതാക്കന്മാരെ സ്വീകരിക്കാൻ തയ്യാറായി നിന്നിരുന്നു. 'തോബശ്ലോം' എന്നാരംഭിക്കുന്ന സ്വീകരണഗാനം – 'സ്വാഗതമേ ! ശോഭിതനാബൂൻ മോർ ഈവാനിയോസ്, ആബൂൻ മോർ തെയോഫിലോസ് – ഗായകസംഘം സുറിയാനിയിൽ പാടിക്കൊണ്ടിരുന്നു. (മലയാളഗാനം ഉദ്ധരിച്ചിരിക്കുന്നതും ഇപ്പോഴും ഇതാണ്). പിതാക്കന്മാർ പള്ളിയുടെ പടിഞ്ഞാറേ വാതില്ക്കൽ എത്തിയപ്പോൾ, കത്തിക്കൊണ്ടിരുന്ന മെഴുകുതിരികൾ കൊടുക്കുകയും, വികാരി റവ. ഫാ. ഗീവറുഗീസ് പിതാക്കന്മാർക്ക് സുഗന്ധധൂപാർപ്പണം നടത്തുകയും ചെയ്തു. പിതാക്കന്മാർ മദ്ബഹായിൽ പ്രവേശിച്ച് പരിശുദ്ധ ദൈവമാതാവിന്റെയും വിശുദ്ധ യൂഹാനോൻ ശ്ലീഹായുടെയും സ്തുതിപ്പുകൾ പാടുകയും ജനങ്ങളെ ആശീർവദിക്കയും ചെയ്തു.

അനന്തരം മാർ ഈവാനിയോസ് തിരുമേനി ഒരു പ്രസംഗം പറഞ്ഞു. തന്റെ റോമ്മായാത്രയിൽ പരിശുദ്ധ മാർപാപ്പായെ സന്ദർശിച്ചതും, മലങ്കര സുറിയാനി സഭാസംസ്ഥാനവും ഭദ്രാസനങ്ങളും അനുവദിച്ചുകിട്ടിയതുമായ

www.malankaralibrary.com



ചരിത്രസംഭവങ്ങളും വിവരിച്ചശേഷം അവിടെ അപ്പോൾ നടത്തപ്പെടുന്ന സിംഹാസനാരോഹണകർമ്മത്തെക്കുറിച്ചും പറയുകയുണ്ടായി. തുടർന്നു പിതാക്കന്മാർ സ്ഥാനവസ്ത്രങ്ങളണിഞ്ഞു സ്ഥാനാരോഹണ ശുശ്രൂഷ ആരംഭിച്ചു.

മാർ തെയോഫിലോസ് തിരുമേനിയുടെ സിംഹാസനാരോഹണശുശ്രൂഷ മേല്പട്ടക്കാരൻ അഭിഷിക്തനായി സ്വന്തം ഭദ്രാസനത്തിൽ വരുമ്പോൾ ആ ഭദ്രാസനത്തിന്റെ അധികാരം ഭരമേല്പിക്കുന്ന കർമ്മമാണ് സുറിയാനിയിൽ 'സുന്ത്രോണീസോ' എന്നു പറയുന്ന സിംഹാസനാരോഹണം. ഈ കർമ്മം നടത്തപ്പെടുന്നതും ഭദ്രാസന ദേവാലയത്തിൽ വച്ചായിരിക്കും. അവിടെയാണ് മെത്രാന്റെ സിംഹാസനം സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനി ജനത്തിനഭിമുഖമായി ഇരുന്നുകൊണ്ട് മാർ തെയോഫിലോസ് തിരുമേനി സഭാസമൂഹത്തിന്റെ സാന്നിദ്ധ്യത്തിൽ ചെയ്ത വിശ്വാസ പ്രഖ്യാപനവും വിശ്വസ്തതാപ്രതിജ്ഞയും സ്തുതിപ്പുകളും മരിയകീർത്തനവും ചൊല്ലി കഴിഞ്ഞ് ശ്ലീഹന്മാരുടെ പ്രുമിയോൻ, സെദറാ പിതാക്കന്മാർ വായിച്ചു. തുടർന്നു കോലോകളും ബോവൂസോയും പാടി. പിന്നീട് പ്രദക്ഷിണമായിരുന്നു. പ്രദക്ഷിണം നടത്തിയശേഷം പിതാക്കന്മാരും വൈദികരും മദ്ബഹായിൽ പ്രവേശിക്കയും തെയോഫിലോസ് തിരുമേനി, ഏവൻഗേലിയോൻ (യോഹ. 10: 11-16) വായിക്കയും ചെയ്തു. ലുത്തിനിയാ രണ്ടു വൈദികർ വായിച്ചു. അനന്തരം തെയോഫിലോസ് പിതാവിനെ സിംഹാസനത്തിലിരുത്തി, വൈദികർ എടുത്തുയർത്തികൊണ്ട് 'യോഗ്യൻ' എന്നർത്ഥമായ 'ഓക്സിയോസ് ' എന്നുൽഘോഷിച്ചത് എല്ലാവരും ഏറ്റുചൊല്ലി. ഇപ്രകാരം മൂന്നു പ്രാവശ്യം ഉൽഘോഷിച്ചപ്പോൾ, പിതാവ് സ്ലീബാ ഉയർത്തി ജനങ്ങളെ ആശീർവദിക്കയും ചെയ്തു. അനന്തരം, മാർപാപ്പാ തെയോഫിലോസ് തിരുമേനിയെ തിരുവല്ലായുടെ മെത്രാനായി നിയമിച്ചുകൊണ്ട് റോമിൽനിന്നും അയച്ചിരുന്ന കല്പന മൂലഭാഷയായ ലത്തീനിലും പരിഭാഷ മലയാളത്തിലും വായിക്കപ്പെട്ടു. ഇതിനുപരി ചേർത്തിട്ടുള്ള പ്രസ്തുത കല്പന നിർദ്ദേശിച്ചിരുന്ന പ്രകാരം ഭദ്രാസന പള്ളിയിൽ വായിച്ചിരുന്നതുമാണ്. അവസാനം തെയോഫിലോസ് പിതാവ് കൃതജ്ഞത പറഞ്ഞു. ഒന്നാമത് പരിശുദ്ധ പിതാവിനും പിന്നീട് തന്റെ ഗുരുവും മെത്രാപ്പോലീത്തയുമായ മാർ ഈവാനിയോസ് പിതാവിനും തന്റെ നന്ദിയും സ്നേഹബഹുമാനാദരവുകളും അർപ്പിച്ചു. (മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ 'പിതാവ് ' എന്നാണ് എപ്പോഴും തെയോഫിലോസ് തിരുമേനി വിളിച്ചിരുന്നതും സംബോധന ചെയ്തിരുന്നതും.) ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും സന്നിഹിതരായിരുന്ന

www.malankaralibrary.com



എല്ലാവർക്കും നന്ദി പറയുകയും അവരുടെ പ്രാർത്ഥനയും സഹകരണവും ആവശ്യപ്പെടുകയും ചെയ്തു. അതിനുശേഷം പിതാക്കന്മാർ ജനത്തെ ആശീർവദിക്കയും സ്ളീബാമുത്തിക്കയും ചെയ്തു. അപ്പോൾ അല്ശെമഊ-ൻ, കീപ്പോ ബനിയോ-നൊ - (തിരുസഭ ചൊന്നാൾ തൻ താർക്കികരോടേവം, എൻ പണിശെമഓൻ പാ-റയ തിന്മീതെയല്ലോ) എന്ന ഗീതം ഗായകസംഘം സുറിയാനിയിൽ പാടുന്നുണ്ടായിരുന്നു. ഈ ഗായഗസംഘം ബഥനിപള്ളിയിൽ ആയിരുന്നപ്പോൾ തിരുമേനി പഠിപ്പിച്ചിട്ടുള്ളവർ തന്നെയായിരുന്നു. വർദ്ധക്യത്തിൽ എത്തിയിരിക്കുന്ന അവരിൽ പലരും തെയോഫിലോസ് പിതാവിൽ നിന്നും അവർക്കു ലഭിച്ചിട്ടുള്ള ഉപദേശങ്ങളും ആദ്ധ്യാത്മികാനുഭവങ്ങളും അനുസ്മരിച്ചുകൊണ്ട് അവരുടെ അവശതകളിൽ ആശ്വാസം അനുഭവിക്കുന്നതായി അറിയാം.

സിംഹാസനാരോഹണാനന്തരം തിരുവല്ലായുടെ ബിഷപ്പ് (Bishop of Tiruvalla) എന്ന നിലയിൽ അനേകരിൽ നിന്നും അനുമോദനങ്ങളും ആനുകൂല്യങ്ങളും ലഭിക്കയുണ്ടായി. രൂപതയുടെയും പുനരൈക്യപ്രസ്ഥാനത്തിന്റെയും പുരോഗതിക്കുവേണ്ടി വിശ്രമമെന്യേ പിതാവ് പരിശ്രമിച്ചുകൊണ്ടിരുന്നു. ദൈവാശ്രയം മാത്രമായിരുന്നു ഇതിനുവേണ്ടി തനിക്കുണ്ടായിരുന്ന മൂലധനം. ഗുണകാംക്ഷികളിൽ നിന്നും ഉദാരമായ സംഭാവനകൾ ലഭിച്ചിരുന്നപ്പോൾ അധികസന്തോഷമോ, ഒന്നും ഇല്ലാത്തപ്പോൾ മനസിടിവോ കൂടാതെ സദാ സമഭാവനയിൽ തന്നെ പിതാവ് കാണപ്പെട്ടിരുന്നു. മൂലധനമായ ദൈവാശ്രയവും, ദൈവപരിപാലനയിലുള്ള സമർപ്പണവുമായിരുന്നു പിതാവിന്റെ അജപാലനത്തിന്റെയും സഭാഐക്യപ്രവർത്തനങ്ങളുടെയും വിജയം.

(ഐക്യദീപം 1990 മെയ് പേജ് 6)

**പുനരൈക്യാനന്തര വസതിയും വാസവും**

പിതാവിന്റെ ജീവിതം ഒരു തപസുമായിരുന്നു. സഭാ ഐക്യത്തിനുവേണ്ടി സർവ്വവും പരിത്യജിച്ചു. പാർപ്പിടമില്ല, പാർക്കാൻ ഭവനമില്ല. കട്ടിലില്ല കസേരയില്ല, മേശയില്ല അലമാരയില്ല. മെത്രാസന മന്ദിരം അഥവാ 'അരമന' ഒരു ചെറിയ വാടക വീട്. അതും ദൈവപരിപാലനയിൽ ലഭിച്ചു എന്നു കരുതണം. ആധുനിക സൗകര്യങ്ങളുള്ള വീടുകൾ അക്കാലത്ത് വാടകയ്ക്കു കിട്ടുവാൻ ഉണ്ടായിരുന്നില്ല. ലഭിച്ച വാടക വീട് ഒരു ഹൈന്ദവ സ്നേഹിതന്റേതായിരുന്നു. കുട്ടൻപിള്ളയുടെ കുഴിയിൽ വീട് എന്നാണതറിയപ്പെട്ടിരുന്നത്. കുട്ടൻപിള്ളയും കുടുംബവും വീട്ടിൽ നിന്നും താമസം മാറ്റിയിരുന്നു. കുഴിയിൽ വീട് താമസയോഗ്യമ

www.malankaralibrary.com



ല്ലെന്നുള്ള വിശ്വാസമായിരുന്നിരിക്കാം കാരണം. വീട് ആൾവാസമില്ലാതെ ഒഴിഞ്ഞുകിടന്നു. ഇതിന്റെ പടിഞ്ഞാറെ പറമ്പ് ചങ്ങനാശേരി രൂപത വാങ്ങിയിരുന്നു. അതിരുതോട് ഒരിടവഴിയുമായിരുന്നു. ഈ വീടിന് ഒരു ചരിത്രംകൂടിയുണ്ട്. ഒഴിഞ്ഞുകിടന്ന കുഴിയിൽ വിട് ഏതാനും വിദ്യാർത്ഥികൾ കൂലിക്കെടുത്ത് താമസിച്ചു പഠിച്ചിരുന്നു. അപ്പോൾ കുഴിയിൽ വീട് ഒരു വനിതാ ഹോസ്റ്റലായി. തിരുവല്ലാ, തിരുവിതാംകൂറിൽ അക്കാലത്തും വിദ്യാഭ്യാസത്തിൽ മുൻപന്തിയിലായിരുന്നു. മറ്റു സ്ഥലങ്ങളുമായി തുലനം ചെയ്താൽ തിരുവല്ലായിൽ സ്കൂളുകൾ കൂടുതലുണ്ടായിരുന്നു. മലയാളം ഒൻപതാം ക്ലാസുവരെയുള്ള സ്കൂളുകൾ രാജ്യത്ത് കുറവായിരുന്നെങ്കിലും തിരുവല്ലായിൽ ഒരു ഗവൺമെന്റ് ഹൈസ്കൂൾ ഉണ്ടായിരുന്നു. ഒൻപതാം ക്ലാസ് ജയിച്ചാൽ ഉദ്യോഗലബ്ധി സുഗമവുമായിരുന്നു. വിദൂരസ്ഥലങ്ങളിൽനിന്നും കുട്ടികൾ വന്ന് ഈ സ്കൂളിൽ ചേർന്ന് പഠിച്ചിരുന്നു. അന്ന് ഇന്നത്തേപ്പോലെ യാത്രാസൗകര്യങ്ങളുണ്ടായിരുന്നില്ല. ഹോസ്റ്റലുകളും ഉണ്ടായിരുന്നില്ല. വടക്കുനിന്ന് വന്ന് മലയാളം ഹൈസ്കൂളിൽ പഠിച്ചിരുന്ന കത്തോലിക്കരായ പെൺകുട്ടികളാണ് കുഴിയിൽ വീട്ടിൽ താമസിച്ചിരുന്നത്. പ്രഭാതത്തിലും പ്രദോഷത്തിലും കുട്ടികൾ ക്രിസ്തീയ ഗീതങ്ങൾ പാടുകയും പ്രാർത്ഥിക്കയും ചെയ്യുക പതിവായിരുന്നു. അങ്ങനെ, ഹൈന്ദവഭവനം ഒരു ക്രിസ്തീയഭവനത്തിന്റെ പ്രതീതി ഉളവാക്കയും ചെയ്തിരുന്നു. ഈ വീടിനടിവശത്തായി ഏതാനും ഹരിജനങ്ങൾ താമസിച്ചിരുന്നു. അവരിൽ ഒരു പയ്യൻ ക്രിസ്തീയഗീതങ്ങൾ കേട്ടാകൃഷ്ടനായി അടുത്തുള്ള ഇടവഴിയിൽ പോയി നിന്ന് പാട്ടും പ്രാർത്ഥനയും ശ്രദ്ധിക്കുമായിരുന്നു. ഒരു ദിവസം വിദ്യാർത്ഥിനികൾ പയ്യനെ കാണുകയും വിളിച്ചുസംസാരിക്കുകയും ചെയ്തു. സൗമ്യനും സമർത്ഥനുമായ പയ്യൻ അടുത്ത വീട്ടിലുള്ളവനാണെന്നറിഞ്ഞപ്പോൾ വിദ്യാർത്ഥിനികൾ പറഞ്ഞു; ഞങ്ങൾക്ക് ഒരു സഹായിയെ വേണം, മാർക്കറ്റിൽ നിന്നും മറ്റും സാധനങ്ങൾ വാങ്ങിച്ചു തരുന്നതിനാണ് സൗകര്യപ്പെടുമോ ? അവർ ചോദിച്ചു. വാങ്ങിച്ചുതരാമല്ലോ; പയ്യൻ സസന്തോഷം സമ്മതിച്ചു. അന്നു മുതൽ പയ്യൻ അവർക്ക് ആവശ്യമുള്ള സാധനങ്ങൾ വാങ്ങി കൊടുത്തുകൊണ്ടിരുന്നു. വിദ്യാർത്ഥിനികളുടെ ക്രിസ്തീയ ഗീതങ്ങളിലും പ്രാർത്ഥനകളിലും താല്പര്യം തോന്നിയിരുന്ന പയ്യൻ ക്രിസ്ത്യാനി ആകുവാൻ ആഗ്രഹിക്കുകയും വേദോപദേശങ്ങൾ പഠിച്ചു തുടങ്ങുകയും ചെയതു. അതിനാവശ്യമായ പുസ്തകങ്ങളും പ്രോത്സാഹനങ്ങളും അവർ

www.malankaralibrary.com



നൽകികൊണ്ടുമിരുന്നു. അക്കാലത്ത് തിരുവല്ലായിൽ കത്തോലിക്കാ പള്ളി ഉണ്ടായിരുന്നില്ല. കറ്റോട്ട് ഒരു മിഷൻ പള്ളി കോട്ടയം രൂപതയിൽ നിന്നും ആരംഭിച്ചിരുന്നു. ഞായറാഴ്ചകളിൽ, കത്തോലിക്കരായ വിദ്യാർത്ഥിനികൾ കറ്റോട്ട് മിഷൻ പള്ളിയിലാണ് പോയിരുന്നത്. വിദ്യാർത്ഥിനികളിൽ നിന്ന് വേദപാഠം പഠിച്ചിരുന്ന പയ്യൻ പിന്നീട് ജ്ഞാനസ്നാനപ്പെടുകയും തോമസ് എന്ന പേരു സ്വീകരിക്കുകയും ചെയ്തു. തിരുവല്ലായിൽ ഹരിജനങ്ങളിൽ നിന്ന് ആദ്യമായി കത്തോലിക്കസഭയിൽ മാമോദീസാ സ്വീകരിച്ചത് ഈ തോമസാണ്. അനന്തരം പി.കെ തോമസ് എന്ന പേരിൽ പഠനം പുനരാംരംഭിക്കയും സ്കൂൾ ഫൈനൽ വരെ പഠിക്കയും ചെയ്തു. ഈ തോമസിനെ ഈ ചരിത്രത്തിൽ ഇനിയും കാണാം.

**തിരുവല്ലായിൽ ആദ്യത്തെ കത്തോലിക്ക സ്ഥാപനം**

ചങ്ങനാശേരി സ്വദേശിയായിരുന്ന റവ. ഫാദർ ഡോമിനിക്ക് തോട്ടാശേരി M. A. തീഷ്ണതയുള്ള ഒരു മിഷനറി ആയിരുന്നു. അദ്ദേഹം അകത്തോലിക്കാ കേന്ദ്രങ്ങളിൽ പലയിടത്തും മിഷൻ പ്രവർത്തനം നടത്തിയിരുന്നു. തിരുവല്ലായിലും കുഴിയിൽ വീടിന്റെ പടിഞ്ഞാറുവശത്ത് ചങ്ങനാശേരി രൂപതയ്ക്കുവേണ്ടി പറമ്പ് വാങ്ങി ഒരു കെട്ടിടം പണിയിക്കയും പള്ളിക്കുവേണ്ടി ശിലാസ്ഥാപനം നടത്തുകയും ചെയ്തിരുന്നു. തിരുവല്ലാ രൂപത നിലവിൽ വന്നപ്പോൾ ഈ സ്ഥലവും കെട്ടിടവും തിരുവല്ലാ രൂപതയ്ക്കു നല്കി. പുനരൈക്യത്തിന് മുമ്പ് പാട്ടത്തിന് വാങ്ങി ചാപ്പലിനുള്ള ഷെഡ് നിർമ്മിച്ചത് ഇതിനു പടിഞ്ഞാറുള്ള പറമ്പിലായിരുന്നു. 1930 ആഗസ്റ്റ് അവസാന ഞായറാഴ്ച പ്രസ്തുത ചാപ്പലിൽ റവ. ഫാ. ഏബ്രഹാം ഒ. ഐ. സി. വി. കുർബാന അർപ്പിച്ചു. അന്ന് ആവശ്യമായിരുന്നവയെല്ലാം സന്നിഹിതമാക്കുന്നതിനും സജ്ജീകരിക്കുന്നതിനും ഷെഡ് പണിയുടെ ആരംഭംമുതൽ പി. കെ. തോമസ് സഹകരിച്ചിരുന്നു. ചാപ്പലിന് കതകും പൂട്ടും ഉണ്ടായിരുന്നില്ല. കുർബാനയ്ക്കുള്ള സാധനങ്ങളെല്ലാം അടുത്ത ഒരു വീട്ടിലാണ് സൂക്ഷിച്ചിരുന്നത്. ഇവ കൊണ്ടുവരുന്നതും തിരികെ കൊണ്ടുപോകുന്നതും തോമസായിരുന്നു. പുനരൈക്യാനന്തരവും തെയോഫിലോസ് പിതാവ് തിരുവല്ലായിൽ തന്നെ താമസിക്കുവാൻ തീരുമാനിച്ചു. അതിനുവേണ്ടി ഒരു വീട് അന്വേഷിച്ചിരുന്നു. കുഴിയിൽ വീട് അന്ന് ഒഴിഞ്ഞുകിടന്നിരുന്നത് തോമസിനറിയാമായിരുന്നു. ചാപ്പലിനടുത്തായതുകൊണ്ടും മറ്റുനല്ല വീടു കിട്ടാതിരുന്നതു കൊണ്ടുമാണ് അതെടുത്തത്. ഷെഡ് കെട്ടാനുള്ള പറമ്പ് പാട്ടത്തിന് ഏറ്റതും ചാപ്പൽ നിർമ്മിച്ചതും വീട് വാടകയ്ക്ക് വാങ്ങിയതുമെല്ലാം ശ്രീ

www.malankaralibrary.com



കെ. ജി. ചാക്കോ (മാനേജർ ചാക്കോച്ചൻ) ആയിരുന്നു. ഇദ്ദേഹം മാർ ഈവാനിയോസ് പിതാവിന്റെ ഒരു ബന്ധുവും ഉറ്റ മിത്രവും ആയിരുന്നു. ബഥനി ആശ്രമസ്ഥാപനത്തിനുവേണ്ടി സ്ഥലം വാങ്ങിക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും പിതാവിന്റെ നിർദ്ദേശപ്രകാരം പ്രവർത്തിച്ചിട്ടുണ്ട്. പുനരൈക്യത്തിനുശേഷം സഭയ്ക്കുവേണ്ടി ചാക്കോച്ചൻ ആത്മാർത്ഥമായി അദ്ധ്വാനിച്ചുമിരുന്നു.

മാർ തെയോഫിലോസ് പിതാവ് കത്തോലിക്ക സഭാപുനരൈക്യത്തിനുശേഷം 1930 സെപ്റ്റംബർ അവസാനം വീണ്ടും തിരുവല്ലായിൽ വന്നു വാടകവീട്ടിൽ താമസിച്ചു. അന്നുമുതൽ കുഴിയിൽവീട്, മെത്രാസനമന്ദിരം അഥവാ 'അരമന' എന്ന് അറിയപ്പെട്ടിരുന്നു. ഇവിടെ താമസിച്ചുകൊണ്ടാണ് പുനരൈക്യാനന്തര പ്രേഷിതപ്രവർത്തനങ്ങൾ നടത്തിയിരുന്നത്. മെത്രാൻ എന്ന നിലയിൽ പിതാവിന് ഒരു സെക്രട്ടറിയോ കൂടെ താമസിക്കാൻ ഒരു വൈദികനോ അന്നുണ്ടായിരുന്നില്ല. അവിടെ പിതാവിന്റെ ശുശ്രൂഷയ്ക്കും പി. കെ. തോമസുണ്ടായിരുന്നു. വാടകവീട്ടിൽ താമസിച്ചിരുന്നപ്പോൾ പിതാവ് വി. കുർബാന ചൊല്ലിയിരുന്നത് മേൽ പറഞ്ഞിട്ടുള്ള ചാപ്പലിൽ ആയിരുന്നു. അതിരാവിലെ ഉണർന്നെഴുന്നേറ്റ് വേണ്ട ഒരുക്കത്തിനു ശേഷം വായനയും ധ്യാനവുമായി മുറിയിൽ തന്നെ കഴിയും. ധ്യാനാനന്തരം മുറിയിൽ നിന്നും ഇറങ്ങി ചാപ്പലിലേക്കു പോകും. അപ്പോൾ റാന്തൽ വിളക്കുമായി തോമസും കൂടെ ഉണ്ടായിരിക്കും. തോമസ് അവിടെ വരാന്തയിൽ ആയിരുന്നു രാത്രി ഉറങ്ങിയിരുന്നത്.

**ജീവിതലാളിത്യം**

ബഥനി ആശ്രമസ്ഥരുടെ കാവികുപ്പായവും ഇടക്കെട്ടും തടിക്കുരിശുമാണ് അന്ന് പിതാവ് ധരിച്ചിരുന്നത്. പുറത്തു പോകുമ്പോൾ കാവി നിറത്തിലുള്ള പുറങ്കുപ്പായവും, ശിരസിൽ വിശേഷാൽ ഒരു കറുത്ത തൊപ്പിയും ധരിക്കുമായിരുന്നു. വലതുകൈയ്യുടെ മോതിരവിരലിൽ മെത്രാന്റെ തിരുമോതിരവും ഉണ്ടായിരിക്കും. ചാപ്പലിൽ ചെന്ന് പ്രഭാത പ്രാർത്ഥനയും കുർബാനയും കഴിഞ്ഞ് വന്നിരുന്ന ആളുകളുമായി സംസാരിക്കും. ബഥനിയോട് ബന്ധപ്പെട്ടവരും ബഥനിപള്ളിയിൽ പതിവായി വന്നിരുന്നവരാണ് ഇവിടെയും വന്നിരുന്നത്. അവരെല്ലാം ഉടനെ പുനരൈക്യപ്പെടുമെന്ന് കരുതിയിരുന്നെങ്കിലും അതിന് കാലതാമസം വന്നു. പിന്നീട് പലപ്പോഴായി പലരും പുനരൈക്യപ്പെട്ടു. അവരിൽ ആദ്യം പുനരൈക്യപ്പെട്ടത് പൈനുംമൂട്ടിൽ മിസ്റ്റർ മത്തായിയും അദ്ദേഹത്തിന്റെ ഒരു മകളുമാണ്. പിതാവ് അവരെ ചേർക്കുന്നതിന്റെ ഫോട്ടോ അവ

www.malankaralibrary.com



രുടെ വീട്ടിൽ സൂക്ഷിച്ചിട്ടുണ്ട്. മത്തായിച്ചന്റെ ഭാര്യയും മറ്റു മക്കളും പിന്നീടാണ് സഭയിൽ ചേർന്നത്. പുനരൈക്യപ്പെടുമെന്ന് പ്രതീക്ഷിച്ചിരുന്ന പലരും പിന്മാറുകയും അറച്ചും സംശയിച്ചും നില്ക്കുകയും ചെയ്തിരുന്നതുപോലെ അവരും ആദ്യം അറച്ചു നിന്നതാണ്. പിതാവ് ചേർത്ത മത്തായിച്ചന്റെ മക്കളിൽ ഒരാൾ ബഥനിമഠത്തിൽ ഒരുത്തമ കന്യാസ്ത്രീയായി സേവനം ചെയ്തു ജീവിക്കുന്നു, റവ. സിസ്റ്റർ നുഹറാ എസ്. ഐ. സി. വാടകവീട്ടിലെ താമസ കാലത്ത് പിതാവ്, ഒരു സാധാരണ വൈദികൻ ചെയ്യേണ്ടതായ ജോലികളും ചെയ്തിരുന്നു. ആശുപത്രി അടുത്തായിരുന്നതുകൊണ്ട് ചിലപ്പോഴെല്ലാം രോഗികളെ ചെന്നുകാണുകയും ആശ്വാസവാക്കുകൾ പറയുകയും പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. തൈലാഭിഷേകവും തിരുപാഥേയവും നല്കുന്നതിനും പോയിട്ടുണ്ട്. ഒന്നുരണ്ട് അവസരങ്ങളിൽ രാത്രിയിൽ അന്ത്യകൂദാശ നൽകാൻ പോകേണ്ടിവന്നു. അപ്പോഴെല്ലാം കൂട്ടായി തോമസ് കൂടെ ഉണ്ടായിരുന്നു. ഒരു വർഷം കഴിഞ്ഞ് ഒരു വൈദികൻ പിതാവിന്റെ സഹായത്തിന് എത്തി. റവ. ഫാ. ഗീവറുഗീസ്. ഇദ്ദേഹം ബഥനിപള്ളിയിൽ പിതാവിന്റെകൂടെ ഉണ്ടായിരുന്നതാണ്. 1929 ആഗസ്റ്റ് മാസത്തിൽ ബഥനിആശ്രമം വിട്ടുപോയി ചങ്ങനാശ്ശേരി, ചെത്തിപ്പുഴ കർമ്മലീത്താ ആശ്രമത്തിൽ ചെന്നു താമസിക്കുകയും കത്തോലിക്കാ സഭയിൽ ചേരുകയും ചെയ്തിരുന്നു. കാവിവസ്ത്രം മാറ്റി കാപ്പിപ്പൊടി നിറത്തിലുള്ള കർമ്മലീത്ത സന്യാസികളുടെ വസ്ത്രമാണ് ധരിച്ചിരുന്നത്. തടിക്കുരിശിനുപകരം ഒരു ക്രൂശിതരൂപവും മാർവിൽ ചാർത്തിയിരുന്നു. കൽദായ റീത്തിലുള്ള കുർബാനയാണ് ചൊല്ലിയിരുന്നത്. തിരുവല്ലായിലെ ജനങ്ങൾക്ക് ഇത് ഹിതകരമല്ലായിരുന്നെങ്കിലും ബഹു. ഗീവറുഗീസച്ചൻ മുമ്പ് തന്നെ അവർക്കു വളരെ പരിചിതനും പ്രിയപ്പെട്ടവനുമായിരുന്നതിനാൽ ബഹു. അച്ചനെ അവർ സബഹുമാനം സ്വീകരിച്ചു. ബഹു. അച്ചൻ വന്നത് പിതാവിന് സഹായവുമായി.

**ആദ്യത്തെ അരമന കച്ചേരി**

ബഥനി പുനരൈക്യപ്രസ്ഥാനം "മാഗ്നും നോബീസ്" എന്ന അപ്പസ്തോലിക ലേഖനംവഴി 1932 ഫെബ്രുവരി 13-ാം തീയതി രണ്ടു രൂപതകളാക്കി താല്ക്കാലികമായി സ്ഥാപിക്കപ്പെട്ടിരുന്നെങ്കിലും, ഒരു രൂപതാ കച്ചേരി രൂപീകരിക്കുവാൻ തെയോഫിലോസ് തിരുമേനിക്കു ഏതാനും മാസങ്ങൾ തന്നെ കാത്തിരിക്കേണ്ടി വന്നു. കാരണം അതിനാവശ്യമായ ആളുകളുടെ അഭാവമായിരുന്നു. ഏതാനും വൈദികരെ തല്ക്കാലത്തേക്കു അയച്ചു തരുന്നതിനു ചങ്ങനാശേരി രൂപതാദ്ധ്യക്ഷനായിരുന്ന

www.malankaralibrary.com



അഭിവന്ദ്യ മാർ ജയിംസ് കാളാശേരി തിരുമേനിയോടു ആവശ്യപ്പെട്ടിരുന്നെങ്കിലും അവർ വന്നത് ഒക്ടോബർ മാസത്തിലാണ്. ഉടനെ തന്നെ തിരുമേനി അരമനകച്ചേരി രൂപീകരിച്ച് അവർക്ക് നിയമന കല്പനകൾ നല്കുകയും ചെയ്തു. സെക്രട്ടറി റവ. ഫാദർ മാത്യു വരിക്കയിൽ, പ്രൊക്കുറേറ്റർ റവ. ഫാദർ ഗീവറുഗീസ് മാമ്പഴക്കാട്ടിൽ, റെക്ടർ റവ. ഫാ. ജയിക്കബ് വെള്ളരിങ്ങാട്ട്. വൈസ് റെക്ടർ റവ. ഫാദർ മാത്യു കൊട്ടാരത്തിൽകുഴി. കൗൺസിലേഴ്സും ഇവർതന്നെ. കൂടാതെ ഒരു അവൈദികനേയും അരമനകച്ചേരിയിൽ ക്ളർക്കായി പിതാവ് നിയമിച്ചിരുന്നു. മിസ്റ്റർ സി. ഐ. ഫിലിപ്പോസ്. ഇദ്ദേഹം പുനരൈക്യത്തിനു മുമ്പുതന്നെ ബഥനിയുമായും തെയോഫിലോസ് പിതാവുമായും വളരെ അടുത്ത് ബന്ധപ്പെട്ടിരുന്ന ആളാണ്. പിതാവ് ചെയ്തിരുന്ന കാര്യങ്ങൾ എത്രയും ദീർഘദൃഷ്ടിയോടും ഭംഗിയായും പൂർണ്ണമായും ചെയതിരുന്നു. അതിനൊരു തെളിവാണ് മിസ്റ്റർ ഫിലിപ്പോസിനുള്ള നിയമനകല്പന. പ്രസ്തുത കല്പന ഇവിടെ പകർത്തുന്നു.

**നമ്പർ 8**

The Catholic Bishop's House.
Tiruvalla P. O.
Travancore State.
South India

ദൈവത്തിന്റെ അളവറ്റ കൃപയാലും തിരുസിംഹാസനത്തിന്റെ ആനുകൂല്യത്താലും തിരുവല്ലാ ഭദ്രാസന ഇടവകയുടെ മെത്രാൻ മാർ തെയോഫിലോസ് എപ്പിസ്കോപ്പായിൽനിന്നും,

നമ്മുടെ സ്നേഹഭാജനമായ സി. ഐ. ഫിലിപ്പോസിന് വാഴ്വ് പ്രിയനെ,

നമ്മുടെ അരമനകച്ചേരിയുടെ ക്ളർക്കായി തന്നെ നിയമിച്ചിരിക്കുന്നു. ആകയാൽ തന്നെ ഏൽപ്പിച്ചിരിക്കുന്ന ഉദ്യോഗം വി. സഭയുടെ കാനോനാകളും മേൽപട്ടക്കാരന്റെ കല്പനകളും അനുസരിച്ച് ശരിയായി നിർവ്വഹിച്ചുകൊള്ളുമെന്ന് വിശ്വസിക്കുന്നു.

1932 ഒക്ടോബർ 13 – നു തിരുവല്ലാ ഭദ്രാസന അരമനയിൽ നിന്നും

+ Mar Theophilos, Bishop of Tiruvalla

തന്നെ ഏല്പിച്ചിരിക്കുന്ന ഉദ്യോഗം... ശരിയായി നിർവ്വഹിച്ചുകൊള്ളുമെന്നുള്ള പിതാവിന്റെ വിശ്വാസം അന്വർത്ഥമാക്കികൊണ്ട് 58

www.malankaralibrary.com



വർഷത്തിനുശേഷവും അരമനയിൽ ഫിലിപ്പോച്ചൻ ഉദ്യോഗം നിർവ്വഹിക്കുന്നു എന്നത് ഒരു അസാധാരണ സംഭവമാണ്. എല്ലാവരോടും സ്നേഹത്തിലും സൗഹാർദ്ദത്തിലും കഴിയുന്ന ഫിലിപ്പോച്ചൻ സദാ പ്രവർത്തന നിരതനാണ്. അവിവാഹിതനായ അദ്ദേഹത്തിന് അരമനകാര്യങ്ങൾ കുടുംബകാര്യങ്ങൾ പോലെയുമാണ്. വൈദികനല്ലെങ്കിലും വൈദികരോടൊത്ത് വ്യാപരിക്കുന്നു. സന്യാസി അല്ലെങ്കിലും ഒരു സന്യാസിയെപ്പോലെ ജീവിക്കുന്നു. തെയോഫിലോസ് പിതാവിനോടുള്ള ഭക്തി ബഹുമാനം പൂർണ്ണമായും പുലർത്തുന്നവനും പിതാവിന്റെ ഒരു ആരാധകനുമാണ് അദ്ദേഹം. അങ്ങനെ, പിതാവ് ഏല്പിച്ച ജോലി ഈ വാർദ്ധക്യത്തിലും തുടരുവാൻ അദ്ദേഹത്തിന് കഴിയുന്നു.

**ആദ്യത്തെ ഭദ്രാസനപ്പള്ളിയും, സെമിനാരിയും, ആശ്രമവും**

പുനരൈക്യത്തിനു മുമ്പ് ചാപ്പലിനു വേണ്ടി കെട്ടിയ ഷെഡു ചെറുതായിരുന്നു; പാട്ടസ്ഥലത്തുമായിരുന്നു. പാട്ടത്തിന്റെ കാലാവധി കഴിയുന്നതിനു മുമ്പുതന്നെ ആ വസ്തു വിലയ്ക്ക് വാങ്ങുകയും സാമാന്യം വലിയ ഒരു ചാപ്പൽ തെയോഫിലോസ് പിതാവ് പണിയിപ്പിക്കയും ചെയ്തു. ഇതായിരുന്നു ആദ്യത്തെ കത്തീഡ്രൽ പള്ളി. റവ. ഫാദർ ഗീവറുഗീസ് മാമ്പഴക്കാട്ടിൽ ആയിരുന്നു ആദ്യത്തെ വികാരി. തിരുവല്ലാ രൂപതയുടെ പ്രഥമ മെത്രാനായ അഭിവന്ദ്യ മാർ തെയോഫിലോസ് തിരുമേനിയുടെ സിംഹാസനാരോഹണം നടത്തപ്പെട്ടത് ഈ പള്ളിയുടെ മദ്ബഹായിൽ വച്ചായിരുന്നു. ഓർത്തഡോക്സ് സഭയിലെ നിരണം ഭദ്രാസനത്തിന്റെ മെത്രാപ്പോലിത്താ ആയിരുന്ന, മല്ലപ്പള്ളി വാളക്കുഴിയിൽ ജോസഫ് മാർ സേവേറിയോസ് തിരുമേനി പുനരൈക്യപ്പെട്ട് കത്തോലിക്കസഭയിൽ ചേർന്നശേഷം, രൂപതയിൽ സ്വീകരണം നല്കപ്പെട്ടതും ഈ പള്ളിയിലും പള്ളിഅങ്കണത്തിലുമായിരുന്നു. പിന്നീട് തെയോഫിലോസ് തിരുമേനിയുടെ അനാരോഗ്യം നിമിത്തം, രൂപതയുടെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കായായി മാർ സേവേറിയോസ് തിരുമേനി നിയമിതനായതിനുശേഷം, മേൽപറഞ്ഞ പള്ളിയുടെ തെക്കുഭാഗത്ത് സാമാന്യം നല്ല ഒരു പള്ളി തിരുമേനി പണികഴിപ്പിച്ചു. റോമിൽ നിന്ന് Archbishop - Bishop സ്ഥാനം തിരുമേനിക്കു നല്കപ്പെട്ടിരുന്നു. 1955 ജനുവരി 18-ാം തീയതി തിരുമേനി കാലം ചെയ്തപ്പോഴും, 1965 ജൂൺ 27-ാം തീയതി തിരുവല്ലായുടെ പ്രഥമ മെത്രാനായിരുന്ന ഭരണം ഒഴിഞ്ഞ മാർ തെയോഫിലോസ് തിരുമേനി കാലം ചെയ്തപ്പോഴും കബറടക്കപ്പെട്ടത് ഈ പള്ളിയുടെ മദ്ബഹായിൽ ത്രോണോസിന്റെ ഇരു ഭാഗങ്ങളിലുമായിരുന്നു.

www.malankaralibrary.com



ചങ്ങനാശ്ശേരി രൂപതവകയായി തൊട്ടടുത്തുണ്ടായിരുന്ന വസ്തുവും കെട്ടിടവും തിരുവല്ലാ രൂപതയ്ക്കു വിട്ടുതരികയുണ്ടായി. കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടില്ലായിരുന്നു. പണിപൂർത്തിയാക്കി കെട്ടിടം ഉപയോഗയോഗ്യമാക്കി തീർത്തു. 1931 സെപ്റ്റംബർ 8-ാം തീയതി, നിത്യമഹാപുരോഹിതനായ മ്ശിഹായുടെ മാതാവായ പരിശുദ്ധകന്യകമറിയാമ്മിന്റെ ജനനപ്പെരുനാൾ ദിവസം Infant Mary's Minor Seminary പുരോഹിതാർത്ഥികൾക്കുവേണ്ടി അഭിവന്ദ്യ പിതാവ് ഉത്ഘാടനം ചെയ്തു. തല്ക്കാല സഹായത്തിന് സന്നദ്ധനായെത്തിയ റവ. ഫാ. ജോൺ കുന്നത്തായിരുന്നു ആദ്യത്തെ റെക്ടർ. മേല്പറഞ്ഞ കെട്ടിടമായിരുന്നു ആദ്യത്തെ സെമിനാരി. രണ്ടു രൂപതയ്ക്കുംവേണ്ടിയുള്ള വൈദികവിദ്യാർത്ഥികൾ ആരംഭത്തിൽ ഉണ്ടായിരുന്നു. പിന്നീട് പ്രത്യേകം സെമിനാരികൾ ഉണ്ടായി.

അനന്തരം പ്രസ്തുത കെട്ടിടത്തിൽ മാർ തെയോഫിലോസ് തിരുമേനി ഒരു ആശ്രമം 'ദിവ്യരക്ഷകാശ്രമം' എന്ന പേരിൽ ആരംഭിച്ചു. സുറിയാനി കർമ്മലീത്താ വൈദികരുടെ നേതൃത്വത്തിലായിരുന്നു അത്. അഞ്ചു സന്യാസാർത്ഥികൾ ഉണ്ടായിരുന്നു. പിന്നീട് തിരുവല്ലായിൽ ബഥനി ആശ്രമം പുനരാരംഭിച്ചപ്പോൾ ആ സന്യാസാർത്ഥികളെ ബഥന്യാശ്രമത്തിൽ ചേർക്കുകയാണ് ചെയ്തത്. പ്രസ്തുത കെട്ടിടം പിന്നീട് വൈദികരുടെ വസതി ആയിത്തീർന്നു. ഇപ്പോൾ സണ്ടേസ്കൂൾ കെട്ടിടമായി ഉപയോഗിക്കുന്നു.

**കത്തീഡ്രലിൽ ആദ്യത്തെ ശവസംസ്ക്കാരം**

പള്ളിക്കും ശ്മശാനത്തിനും അക്കാലത്ത് സർക്കാരിന്റെ അനുമതി വേണമെന്നുണ്ടായിരുന്നു. പട്ടണപരിധിക്കു പുറമെ വെമ്പാല, കല്ലുങ്കൽ, പുളിക്കീഴ്, എന്നീ സ്ഥലങ്ങളിൽ നിന്നും ആളുകൾ ചേർന്നിരുന്നു. സുറിയാനി ക്രിസ്ത്യാനികൾ മാത്രമല്ല. ഹരിജനങ്ങളിൽ നിന്നും അനേകം ആളുകൾ മാമോദീസാ സ്വീകരിച്ചു. എല്ലാവരും കത്തീഡ്രൽ ഇടവകക്കാരുമായിരുന്നു. പടിഞ്ഞാറെ വെമ്പാലയിൽ ഹരിജനങ്ങളിൽ നിന്നും മാമോദീസാ സ്വീകരിച്ച ഒരാൾ മരിച്ചു. കത്തീഡ്രലിനോടനുബന്ധിച്ചു സ്ഥലം ലഭിച്ചിരുന്നുവെങ്കിലും ശവക്കോട്ട സ്ഥാപിച്ചിരുന്നില്ല എങ്കിലും ശവം സംസ്കരിക്കേണ്ടതിവിടെയാണ്. ആദ്യത്തെ ശവം അടക്കമായതുകൊണ്ട് തടസപ്പെടുത്തണമെന്നും അവിടെ അടക്കിക്കരുതെന്നും ഏതാനും ആളുകൾ ആലോചിച്ചിരുന്നു. പുനരൈക്യ പ്രസ്ഥാനത്തോട് എതിരുള്ളവരും അതിന്റെ അഭിവൃദ്ധിയിൽ അതൃപ്തിയുള്ളവരും അന്നു ഏറെയുണ്ടായിരുന്നു. അവർ അടുത്തു താമസക്കാരായ ഹരിജനങ്ങളിൽ

www.malankaralibrary.com



ഏതാനും പേരെ സ്വാധീനിച്ച് ശവസംസ്കാരം തടസപ്പെടുത്തുവാൻ പറഞ്ഞു വിട്ടു. ഒരു കൃഷ്ണദാസ് ആയിരുന്നു നേതാവ്. അയാൾ താലൂക്ക് കച്ചേരിയിൽ പ്യൂൺ ആയിരുന്നു. അവർക്ക് കോഴ കൊടുക്കാമെന്നുള്ള വാക്കും കൊടുത്തിരിക്കണം.

പുനരൈക്യപ്പെട്ടവർ ആദ്യകാല ക്രിസ്ത്യാനികളെപ്പോലെ അന്യോന്യ സ്നേഹവും സഹകരണവും ആത്മീയ തീക്ഷ്ണതയുമുള്ളവരായിരുന്നു. ഇടവകയിൽ ആദ്യമായി സംഭവിച്ച മരണവാർത്ത അറിഞ്ഞ ഇടവക ജനങ്ങൾ ശവസംസ്കാര ശുശ്രൂഷയിൽ സംബന്ധിക്കുവാൻ സന്നിഹിതരായിരുന്നു. ബഹു. വികാരി അച്ചനെ കൂടാതെ ഏതാനും വൈദികരും ഉണ്ടായിരുന്നു. ചങ്ങനാശ്ശേരി രൂപതയിലെ ഒരു പ്രഗത്ഭ വൈദികനായിരുന്ന റവ. ഫാ. ജോസഫ് നെല്ലുവേലിയും അന്ന് അവിടെ വന്നിരുന്നു. ഇദ്ദേഹം പുനരൈക്യപ്രസ്ഥാനത്തോട് പ്രത്യേക താല്പര്യമുള്ള ഒരു വൈദികനായിരുന്നു. പലപ്പോഴും തിരുവല്ലായിൽ വന്ന് പിതാവിനെ കാണുകയും, പുനരൈക്യപ്രസ്ഥാനത്തിന്റെ പുരോഗതിയെക്കുറിച്ച് സംസാരിക്കുകയും ചെയ്യുമായിരുന്നു. പ്രതിസന്ധി മനസിലാക്കിയ ബഹു. നെല്ലുവേലി അച്ചനും സംസ്ക്കാര കർമ്മത്തിൽ സംബന്ധിക്കുവാൻ സന്നദ്ധനായി. മൃതശരീരം പള്ളിയിൽ കൊണ്ടുവരുകയും പള്ളിയിൽ വച്ചുള്ള പ്രാർത്ഥനകൾ പൂർത്തിയാക്കുകയും ചെയ്തു. അനന്തരം വിലാപഗീതങ്ങൾ പാടിക്കൊണ്ട് മൃതദേഹം ശ്മശാനത്തിലേക്ക് സംവഹിച്ചു. ശവക്കുഴിയുടെ അടുത്ത് ഏതാനും ആളുകൾ നില്ക്കുന്നു. പരേതന്റെ ബന്ധുക്കളോ സംസ്കാരകർമ്മത്തിൽ സംബന്ധിക്കാൻ വന്നവരോ ആയിരിക്കുമെന്ന് കരുതി. അടുത്തെത്തിയപ്പോഴാണ് ഒരാൾ ശവക്കുഴിയിലുമുണ്ടെന്നു കണ്ടത്. മൃതദേഹം ക്രമപ്രകാരം ശവക്കുഴിയുടെ തെക്കുഭാഗത്തുതന്നെ വച്ചു. കുഴിയിൽ കിടന്നവനെ വിളിച്ചുകൊണ്ടുപോകാൻ അവന്റകൂടെ വന്ന് അവിടെ നിന്നവരോട് ആവശ്യപ്പെട്ടു. അവർ ഈ അഭ്യർത്ഥന അവഗണിച്ച് തർക്കിച്ചു നിന്നു. കുഴിയിലിറങ്ങി കിടന്നിരുന്നത് കൃഷ്ണദാസ് തന്നെയായിരുന്നു. സൗമ്യമായി അയാളോടും ആവശ്യപ്പെട്ടു കുഴിയിൽനിന്ന് എഴുന്നേറ്റു പോകാൻ. അയാൾ പരുഷ വാക്കോടെ വിസമ്മതിച്ചു. അപ്പോൾ ഒരു സ്വരം ഉയർന്നു. അത് ബഹു. ജോസഫ് നെല്ലിവേലി അച്ചന്റേതായിരുന്നു. സുദൃഢമായ ഒരാജ്ഞ; മൃതശരീരം എടുത്തുകൊണ്ടുവന്നവരോട് :- 'എടുക്കു ശവം' ബഹു. അച്ചനും ഒപ്പം ശവപ്പെട്ടി പൊക്കി. 'ഇറക്കു കുഴിയിലേക്ക്' . ശവപ്പെട്ടി കുഴിയിലേക്കിറക്കുമെന്ന് കണ്ടപ്പോൾ കൃഷ്ണദാസ് കരഞ്ഞപേക്ഷിച്ചു, തമ്പുരാനെ രക്ഷിക്കണേ, ഞാൻ കയ

www.malankaralibrary.com



റിക്കൊള്ളാം. വിയർത്തൊലിച്ച് അണച്ചുകയറിയ കൃഷ്ണദാസ്, അവിടെ കാത്തു നിന്നിരുന്ന ആളുകളുമായി അപ്പോൾ തന്നെ സ്ഥലം വിട്ടു. ശവം അടക്കി ധൂപ പ്രാർത്ഥനയുമെല്ലാം കഴിഞ്ഞ് ഒരു മീറ്റിംഗു കൂടി. റവ. ഫാ. ജോസഫ് നെല്ലുവേലിയായിരുന്നു അദ്ധ്യക്ഷൻ. ശവ സംസ്ക്കാരം തടസപ്പെടുത്തിയതിനെ പ്രതിഷേധിച്ച് പ്രമേയം അവ തരിപ്പിച്ചു പാസാക്കി. അധികാര സ്ഥലങ്ങളിൽ അറിയിക്കാൻ അദ്ധ്യ ക്ഷനെ ഭരമേല്പിക്കയും ചെയ്തു. ശവസംസ്കാര സമയത്തുണ്ടായ പ്രതിസന്ധിയെ ധീരതയോടെ നേരിട്ട്, നേതൃത്വം നല്കിയ ബഹു. ജോസഫ് നെല്ലുവേലി അച്ചനെ പ്രസ്തുതയോഗം അഭിനന്ദിക്കുകയും ചെയ്തു. അതിൽ പിന്നെ ശവമടക്കുന്നത് തടസപ്പെടുത്തുവാൻ അവിടെ ആരും മുതിർന്നിട്ടില്ല.

താലൂക്കുകച്ചേരി പ്യൂണായിരുന്ന കൃഷ്ണദാസ് പിന്നീട് മാന സികരോഗിയായി തീരുകയും, ജോലിചെയ്യാൻ അപ്രാപ്തനായതിനാൽ പിരിച്ചയയ്ക്കപ്പെടുകയും ചെയ്തു. ഏറെ നാളത്തെ ചികിത്സയ്ക്കു ശേഷം കൃഷ്ണദാസിന്റെ മാനസികാസ്വസ്ഥത മാറുകയും മാനസാന്ത രപ്പെട്ടു മാമോദീസാ സ്വീകരിക്കയും ചെയ്തു. മേരിദാസ് എന്ന പേരാണു മാമോദീസായിൽ നൽകപ്പെട്ടത്. ഏതാനും നാളുകൾക്കുശേഷം ശാരീ രികാരോഗ്യം നഷ്ടപ്പെട്ട മേരിദാസ് മരിച്ചു. മുമ്പ് കത്തീഡ്രൽ പള്ളി യുടെ ശ്മശാനത്തിൽ ശവസംസ്കാരം നടത്തുന്നത് തടസപ്പെടുത്താ നായി ഇറങ്ങികിടന്ന ശവക്കുഴിയുടെ അടുത്ത് അടക്കപ്പെട്ടു. തിരുവല്ലാ യിൽ ഹരിജനങ്ങളിൽ നിന്ന് ആദ്യമായി കത്തോലിക്കാസഭയിൽ മാമോ ദീസാ സ്വീകരിച്ച പി. കെ. തോമസിന്റെ ജ്യേഷ്ഠ സഹോദരനാണ് മേരി ദാസ്. രോഗിയായി ജോലി നഷ്ടപ്പെട്ടതുമുതൽ തോമസിന്റെ പരിചര ണത്തിലും സംരക്ഷണയിലുമായിരുന്നു കൃഷ്ണദാസ്. മാനസാന്തരപ്പെട്ട് മേരിദാസാകുന്നതിനും നല്ല മരണം പ്രാപിക്കുന്നതിനും തോമസിന്റെ പരിചരണം കാരണമായിട്ടുണ്ട്.

**ഹോളിക്രോസ് സിസ്റ്റേഴ്സ് തിരുവല്ലായിൽ**

അടുത്തുള്ള ഗവൺമെന്റ് ആശുപത്രിയിൽ രോഗികൾ അന്ന നുഭവിച്ചിരുന്ന അരോചകാവസ്ഥ കാണുവാൻ പിതാവിന് കഴിഞ്ഞിട്ടു ണ്ട്. പ്രൈവറ്റ് ആശുപത്രികളും ഡോക്ടർമാരും അന്ന് പേരിനു മാത്രം. തിരുവനന്തപുരം ജനറൽ ആശുപത്രിയായിരുന്നു രാജ്യത്തെ ഏറ്റം വലിയ ആശുപത്രി. അവിടെ ഹോളിക്രോസ് സിസ്റ്റേഴ്സ് സേവനം ചെയ്തിരു ന്നു. അവർ ഭൂരിപക്ഷവും യൂറോപ്യൻസ് ആയിരുന്നു. സിസ്റ്റേഴ്സിന്റെ സേവനം തിരുവല്ലാ ആശുപത്രിയിലും ഉണ്ടായാൽ രോഗികൾക്ക് ആശ്വ

www.malankaralibrary.com



ാസകരമാകുമായിരുന്നു എന്ന് പിതാവ് ചിന്തിച്ചു. അതിനുവേണ്ടി പരിശ്രമിച്ചു. തൽഫലമായി രണ്ടു യൂറോപ്യൻ സിസ്റ്റേഴ്സ് തിരുവല്ലാ ഗവ. ആശുപത്രിയിൽ സേവനത്തിന് നിയമിതരായി. സിസ്റ്റേഴ്സിന്റെ ആഗമനം ആളുകൾക്കെല്ലാം സന്തോഷമായി. അവരുടെ സേവനം രോഗികൾക്ക് ആശ്വാസവുമായി. സിസ്റ്റേഴ്സിന് ഒരു ജോലിക്കാരനെ വേണ്ടിയിരുന്നു. പി. കെ. തോമസ് സന്നദ്ധനായി അവർക്കു സേവനം ചെയ്തിരുന്നു. പിന്നീട് സിസ്റ്റേഴ്സിന്റെ ശുപാർശയാൽ തോമസിന് ആശുപത്രിയിൽ ജോലി ലഭിച്ചു. അവിവാഹിതനായ തോമസ് ഒരു കുട്ടിയെ ദത്തെടുത്തു വളർത്തിയിരുന്നു വിവാഹിതനായ ദത്തുപുത്രന്റെ കൂടെ, തോമസ് പെൻഷനായി തൃശൂരിൽപോയി താമസിക്കുന്നു. തോമസിന്റെ ജ്യേഷ്ഠൻ രാമൻ എന്ന ആളും മാനസാന്തരപ്പെട്ടു മൈക്കിൾ എന്ന പേരിൽ മാമോദീസാ സ്വീകരിക്കയും ചെയ്തു. അന്നു കത്തീഡ്രൽ വികാരി ആയിരുന്ന വെരി. റവ. ഫാദർ ജോർജ് ചുണ്ടേവാലേൽ (അഭിവന്ദ്യ ഗീവറുഗീസ് മാർ തീമോത്തിയോസ്) ആയിരുന്നു മൈക്കിളിന് മാമോദീസാ നല്കിയത്. മൈക്കിൾ 1984- ൽ നിര്യാതനായി കത്തീഡ്രൽ സെമിത്തേരിയിൽ സംസ്ക്കരിക്കപ്പെടുകയും ചെയ്തു. തെയോഫിലോസ് പിതാവിനോട് അതീവ ഭക്തിയും സ്നേഹവും പുലർത്തി പിതാവിന്റെ ഒരു ആരാധകനായിട്ടാണ് പി. കെ. തോമസ് ജീവിക്കുന്നത്. പിതാവിന്റെ അനുഗ്രഹമാണ് തോമസിന്റെ ജീവിതവിജയം എന്ന് തോമസ് വിശ്വസിക്കുന്നു.

(ഐക്യദീപം 1990 ജൂൺ പേജ് - 6)

**സ്ഥലം കണ്ടെത്തി; അതാണ് ചെറുപുഷ്പഗിരി**

'എന്റെ മരണശേഷം ഞാൻ ഒരു കുസുമമാരി വർഷിക്കും' ഉണ്ണിയീശോയുടെ ചെറുപുഷ്പം എന്നറിയപ്പെടുന്ന വിശുദ്ധ കൊച്ചുത്രേസ്യായുടെ വാഗ്ദാനമാണിത്. 1897 സെപ്റ്റംബർ 30-ാം തീയതി ലിസ്യൂവിലെ കർമ്മലാരാമത്തിൽനിന്ന് ചെറുപുഷ്പം പറിച്ചെടുക്കപ്പെട്ടു. വിനാവിളംബം പുഷ്പവർഷവും ആരംഭിച്ചു. 'ചെറുപുഷ്പം' സ്വർഗ്ഗീയാരാമിൽ നടപ്പെട്ടു എന്നതിന്റെ തെളിവായിരുന്നിത്. തന്നിമിത്തം 1920 - ൽ തിരുസഭ ചെറുപുഷ്പത്തെ 'ധന്യശ്രീ' ധരിപ്പിക്കയും ചെയ്തു, പുഷ്പവൃഷ്ടി അനുസ്യൂതം അനുഭവപ്പെട്ടു. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും അപേക്ഷിതർക്കെല്ലാം അനുഗ്രഹങ്ങൾ ലഭിച്ചു. ഒരു മിഷനറി ആകുവാൻ അതിയായി ആഗ്രഹിക്കയും, മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിക്കയും പ്രായശ്ചിത്തവും പരിത്യാഗവും അനുഷ്ഠിക്കയും, തന്റെ ആത്മീയാനു

www.malankaralibrary.com



ഷ്ഠാനങ്ങളെല്ലാം അനുദിനം സമർപ്പിക്കയും ചെയ്തിരുന്ന വിശുദ്ധ 'ചെറുപുഷ്പ'ത്തിന്റെ പുഷ്പവർഷം അധികവും മിഷൻ മേഖലകളിലായിരുന്നു. മിഷൻ രാജ്യങ്ങളിലുണ്ടായിട്ടുള്ള മാനസാന്തരങ്ങൾ എണ്ണമറ്റതും ദൈവവിളി അനവധിയുമായിരുന്നു. ബഥനി മെത്രാപ്പോലീത്തായുടെയും മെത്രാന്റെയും, സന്യാസികളുടെയും, സന്യാസിനികളുടെയും പുനരൈക്യവും അതിന്റെ പുരോഗതിയും ഇതിലുൾപ്പെടുന്നു. വിശുദ്ധകൊച്ചുത്രേസ്യ, കത്തോലിക്കാസഭയിൽ ലോകമെങ്ങുമുള്ള മിഷനറിമാരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായി ഇപ്പോൾ പ്രഖ്യാപിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

ബഥനിയുടെ പുനരൈക്യത്തിന് ഒരു വർഷം മുമ്പ്, സമൂഹം വിട്ടുപോകയും കത്തോലിക്കാസഭയിൽചേർന്നു ചെത്തിപ്പുഴ കർമ്മലീത്താ ആശ്രമത്തിൽ താമസിക്കയും ചെയ്തിരുന്ന റവ. ഫാ. ഗീവറുഗീസ് വിശുദ്ധ കൊച്ചുത്രേസ്യായുടെ ഒരു ഭക്തനായിത്തീർന്നിരുന്നു. ബഥനിയുടെ പുനരൈക്യത്തിന്റെ ആലോചനകൾ അറിഞ്ഞിരുന്ന അദ്ദേഹം, അതിന്റെ സാധ്യതയ്ക്കുവേണ്ടി പ്രാർത്ഥിക്കയും പ്രാർത്ഥിപ്പിക്കയും ചെയ്തിരുന്നു. ചെത്തിപ്പുഴ ആശ്രമത്തിലെ ആത്മീയ ഗുരുവായിരുന്ന റവ. ഫാ. മർസിലോതോസിനെക്കൊണ്ട്, ലിസ്യുവിലെ കർമ്മലീത്താമഠത്തിലേക്ക് പ്രാർത്ഥിക്കാൻ എഴുതിച്ചു. വി. കൊച്ചുത്രേസ്യായുടെ ജ്യേഷ്ഠസഹോദരി മദർ ആഗ്നസ് ആയിരുന്നു സുപ്പീരിയർ (Mother Prioress). അവരെല്ലാവരും പുനരൈക്യത്തിനുവേണ്ടി വിശുദ്ധ കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥം പ്രത്യേകം പ്രാർത്ഥിക്കയും, 'നൊവേന' നടത്തുകയും ചെയ്തിരുന്നു. അതിന്റെ അനുഗ്രഹസിദ്ധി പുനരൈക്യ കാലത്തെ പ്രതിസന്ധികളിൽ അനുഭവപ്പെടുകയും ചെയ്തിരുന്നു.

മാർ തെയോഫിലോസ് തിരുമേനി സഭാ ഐക്യത്തിനുവേണ്ടി സകലവും പരിത്യജിച്ച് ഒരു വാടകവീട്ടിൽ താമസിച്ചിരുന്നപ്പോൾ സഭയ്ക്കുവേണ്ടി തിരുവല്ലായിൽ ഒരു സ്ഥലം ലഭിക്കുവാൻ ആഗ്രഹിക്കയും അതിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കയും പരിശ്രമിക്കയും ചെയ്തിരുന്നു. അക്കാലത്തായിരുന്നു ബഹു. ഗീവറുഗീസച്ചന്റെ പുനരാഗമനം. ബഹു. അച്ചനിൽ നിന്നു വി. കൊച്ചുത്രേസ്യായുടെ ചരിത്രവും മേൽപറഞ്ഞ വിവരങ്ങളും മനസിലാക്കിയ പിതാവ് വിശുദ്ധ കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥം അപേക്ഷിച്ചുതുടങ്ങി. പള്ളിയിലും ചെറുപുഷ്പത്തോടുള്ള മാദ്ധ്യസ്ഥപ്രാർത്ഥന പതിവാക്കി. സ്ഥലം കണ്ടെത്തിയാൽ പണം ഇല്ലാതെ വസ്തു വാങ്ങിക്കാൻ പറ്റുകയില്ല. പണം ഉണ്ടായാലും സൗകര്യമായ സ്ഥലം ലഭ്യമാകയും വേണം. സഭയുടെ ആവശ്യം വിശുദ്ധ ചെറു

www.malankaralibrary.com



പുഷ്ത്തെ ഭരമേല്പിച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

ആരോഗ്യത്തിന് അവശ്യാവശ്യമാണ് വ്യായാമം. കളിക്കണമെങ്കിൽ കളിസ്ഥലം വേണം. അതിനുള്ള സ്ഥലമോ സൗകര്യമോ ഉണ്ടായിരുന്നില്ല. പിതാവ്, സമയം കിട്ടിയാൽ മുറിയിൽ 'യോഗാസനം' നടത്തും. വൈദികർ വൈകിട്ട് 'നടക്കാൻ' പോകും. ബഹു. ഗീവറുഗീസച്ചൻ തിരുവല്ലായിൽ നേരത്തെ പരിചിതനാണ്. പഴയ പരിചയക്കാർ പലരും ബഥനിയുടെ പുനരൈക്യത്തോടെ പിന്മാറിയിരുന്നു. അവരിൽ ആരെയെങ്കിലും വൈകിട്ടത്തെ നടപ്പിൽ കണ്ടുമുട്ടിയാൽ വിളിക്കും, സംസാരിക്കും, സൗകര്യപ്പെട്ടാൽ വീടു സന്ദർശിക്കും. തൽഫലമായി പലരും പഴയ പരിചയം പുതുക്കുകയും, അകന്നുപോയവർ അടുക്കുകയും, ചിലർ പുനരൈക്യപ്പെടുകയും ചെയ്തിട്ടുണ്ട്.. ബഹു. ഗീവറുഗീസച്ചൻ ഒരു ദിവസം എം. സി. റോഡിൽകൂടി തെക്കോട്ട് നടന്ന് തുകലശേരി, ആഞ്ഞിലിമൂട് നാല്ക്കവലയിൽ എത്തി. അവിടെനിന്ന് കിഴക്കോട്ടുള്ള വഴി കണ്ടപ്പോൾ അങ്ങോട്ടുനടക്കണമെന്ന് തോന്നി. ആദ്യമായിട്ടാണാവഴിയിൽ നടക്കുന്നത്. കോട്ടത്തോടു കഴിഞ്ഞപ്പോൾ മുമ്പിൽകണ്ടു വലിയൊരു വിജനസ്ഥലം. ആരുടേതായിരിക്കും ആ വസ്തു ? അറിയാൻ ആഗ്രഹിച്ചു. അല്പം നടന്നപ്പോൾ വഴിയിൽ ഒരു മനുഷ്യനെ കണ്ടു. അദ്ദേഹത്തോടു ആരാഞ്ഞു ആ വസ്തു ആരുടേതാണെന്ന് ? വസ്തുടമയെ പരിചയമുള്ള സ്ഥലവാസിയായിരുന്നു അത്. അദ്ദേഹം പറഞ്ഞു, കവിയൂർ പോറ്റി മഠം വകയാണ് വസ്തു വില്ക്കുവാൻ ഉദ്ദേശിക്കുന്നതായി അറിയാം. ആവശ്യമെങ്കിൽ ആളിനെ പരിചയപ്പെടുത്താം. അന്വേഷിച്ചത് കണ്ടെത്തി എന്ന സംതൃപ്തിയോടെ ബഹു. ഗീവറുഗീസച്ചൻ തിരിച്ചെത്തി. തെയോഫിലോസ് പിതാവിനെ വിവരം അറിയിച്ചു. വസ്തു വാങ്ങിക്കുന്നതിന് ആലോചിക്കുവാൻ പിതാവ് അനുവദിച്ചു. വഴിയിൽ കണ്ടു സംസാരിച്ച ആൾ ഒരു ഹൈന്ദവ മാന്യനായിരുന്നു. വസ്തുടമയെ അയാൾ പരിചയപ്പെടുത്തി, മാന്യമായിതന്നെ വർത്തിച്ചു. അതറിഞ്ഞു ഒരു വിരോധി വിലകൂട്ടാൻ കാപട്യം കാട്ടിയെങ്കിലും വിലപ്പോയില്ല. വില സമ്മതിച്ച് അച്ചാരവും കൊടുത്ത് ഉടമ്പടിപത്രവും എഴുതി. അതനുസരിച്ച് 1933 ആഗസ്റ്റ് 8-ാം തീയതി വസ്തുവിന്റെ തീറാധാരം എഴുതിക്കുകയും ചെയ്തു.

**പിതാവിന്റെ കൃതജ്ഞത**

പ്രതീക്ഷയിൽ കവിഞ്ഞും അപ്രതീക്ഷതമായും പ്രാർത്ഥനയുടെ ഫലം പ്രാപ്യമായത് വി. ചെറുപുഷ്പത്തിന്റെ ഒരു പുഷ്പവർഷമായിരുന്നു എന്ന് പിതാവിന് ബോദ്ധ്യമായി. കൃതാർത്ഥനായ പിതാവ് ചെറു

www.malankaralibrary.com



പുഷ്പഗിരി (Little Flower Mount) എന്ന പേര് സ്ഥലത്തിന് നല്കി. വി. കൊച്ചുത്രേസ്യായെ രൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥരിൽ ഒരാളായി സ്വീകരിക്കയും ചെയ്തു. 'യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ' (St. John 13:23) മാർ യൂഹാനോൻ ശ്ലീഹായോടൊപ്പം, തിരുവല്ലാരൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായി വിശുദ്ധ കൊച്ചുത്രേസ്യായും- ജീവിതം സ്നേഹപ്രകരണമാക്കി മാറ്റി, 'ഈശോയേ ഞാൻ അങ്ങെ സ്നേഹിക്കുന്നു, എന്റെ ദൈവമെ, ഞാൻ അങ്ങെ സ്നേഹിക്കുന്നു' എന്നുരുവിട്ടുകൊണ്ട്, സ്നേഹത്തിന്റെ ചിറകുകളാൽ സ്വർഗ്ഗത്തിലേക്കു പറന്നുപോയ വിശുദ്ധ 'ചെറുപുഷ്പം' – രൂപതയിൽ ആദരിക്കപ്പെട്ടത് അന്നെന്നപോലെ ഇന്നും എന്നും അനുഗ്രഹവർഷത്തിന്റെ അടിസ്ഥാനമായിരിക്കും. വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ കത്തീഡ്രലിൽ സാഘോഷം കൊണ്ടാടിയിരുന്നു. വിശുദ്ധയുടെ തിരുശേഷിപ്പു വഹിച്ചുകൊണ്ടു പട്ടണത്തിൽ പ്രദക്ഷിണവും നടത്തിയിരുന്നു. തിരുവല്ലാ രൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥരായ വിശുദ്ധരുടേതായി മേൽ സൂചിപ്പിക്കപ്പെട്ട സവിശേഷതകൾ രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ തെയോഫിലോസ് തിരുമേനിയുടെയും സവിശേഷതകളായിരുന്നു. തിരുമേനി വി. യൂഹാനോൻ ശ്ലീഹായെപ്പോലെ ദൈവത്താൽ സ്നേഹിക്കപ്പെട്ടവനും, വി. കൊച്ചുത്രേസ്യായെപ്പോലെ തന്റെ കഴിവിന്റെ പരമാവധി ദൈവത്തെ സ്നേഹിക്കയും ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി തീക്ഷ്ണതയോടെ പ്രാർത്ഥിക്കയും പരിശ്രമിക്കയും ചെയ്തിരുന്നു എന്നുള്ള യാഥാർത്ഥ്യം ജീവിതകാലത്ത് പിതാവിനെ അടുത്തുപരിചയപ്പെട്ടിട്ടുള്ളവർക്കെല്ലാം ബോദ്ധ്യമായിട്ടുള്ളതാണ്.

**മെത്രാസന മന്ദിരനിർമ്മാണം**

ചെറുപുഷ്പഗിരി വിജനവിശാലമായ ഒരു 'ചെറുഗിരി' തന്നെയായിരുന്നു. Little Flower Mount എന്ന നാമം എത്രയും അനുയോജ്യമായി കരുതപ്പെടുകയും ചെയ്തിരുന്നു. പട്ടണത്തിന്റെ എല്ലാ സൗകര്യങ്ങളും ലഭ്യമെങ്കിലും പട്ടണത്തിലുള്ള ബഹളങ്ങളൊന്നും ബാധിക്കാത്ത പ്രശാന്തമായ പ്രദേശം. പ്രാർത്ഥിക്കുന്നതിനും ധ്യാനിക്കുന്നതിനും, വായിക്കുന്നതിനും പഠിക്കുന്നതിനും പറ്റിയ അന്തരീക്ഷം. മനസിനിണങ്ങിയ സ്ഥലം ദൈവപരിപാലനയിൽകൂടി ലഭിച്ചു കഴിഞ്ഞപ്പോൾ മെത്രാസന മന്ദിരം പണിയേണ്ട ആവശ്യം പിതാവിനെ അതിന് നിർബന്ധിച്ചു. കേവലം പരിമിതമായ, ചുരുങ്ങിയ ചെലവിൽ ഒരു ഇരുനിലകെട്ടിടം പണിയുന്നതിനുള്ള പ്ലാൻ തയ്യാറാക്കുക്കയും ചെയ്തു. പക്ഷേ, ഒരു സംശയം, കെട്ടിടംപണി ആരംഭിച്ചാൽ പൂർത്തിയാക്കാനുള്ള പണം എവിടെ ? 'ഒരു

www.malankaralibrary.com



ഗോപുരം പണിയാൻ ആഗ്രഹിക്കുമ്പോൾതന്നെ, അതു പൂർത്തിയാക്കാൻ തനിക്കു പണമുണ്ടോ എന്ന് അതിന്റെ ചെലവിനെക്കുറിച്ച് ആദ്യമേ കണക്കുകൂട്ടാത്തവർ നിങ്ങളിൽ ആരുണ്ട് '(St. Luke 14:28) തിരുവാക്യം തിരുമേനി ചിന്തിക്കാതിരുന്നില്ല. വസ്തു വാങ്ങിച്ചപ്പോൾ ഉണ്ടായിരുന്ന നിക്ഷേപം ചെലവായി. ലോകത്തിൽ ഉണ്ടായിരുന്നവയും ഉണ്ടാക്കാമായിരുന്നവയും സന്യാസം വരിച്ചപ്പോൾ പരിത്യജിച്ച പിതാവ് സത്യസഭ ഐക്യത്തിനുവേണ്ടി, സമൂഹപരമായുണ്ടായിരുന്ന സകലവും ഉപേക്ഷിച്ചിരുന്നല്ലോ. അങ്ങനെ പരിത്യാഗത്തിന്റെ ശൈലി ആയി തീർന്നു പിതാവിന്റെ ജീവിതം. ദൈവത്തിന്റെ ദിവ്യ പരിപാലനയിലുള്ള ആഴമായ വിശ്വാസവും അചഞ്ചലമായ ആശ്രയവും തീക്ഷ്ണമായ പ്രാർത്ഥനയും ആയിരുന്നു പിതാവിന്റെ കൈമുതൽ. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ദൈവരാജ്യത്തെപ്രതി വീടുകളെയോ മാതാപിതാക്കളെയോ സഹോദരരെയോ ഭാര്യയെയോ മക്കളെയോ ഉപേക്ഷിക്കുന്നവരിൽ ഒരുവനും, ഇക്കാലത്ത് അനേകമടങ്ങു പ്രതിഫലവും വരുംലോകത്തിൽ നിത്യജീവനും പ്രാപിക്കാതിരിക്കയില്ല' (St. Luke 18: 30) തിരുനാഥന്റെ തിരുവചനം തിരുമേനിക്ക് ആത്മധൈര്യം നൽകി. മെത്രാസനമന്ദിരത്തിനുള്ള സ്ഥാനം നിശ്ചയിച്ചു. ചരിവുണ്ടായിരുന്നത് വെട്ടിനിരപ്പാക്കി. വാനം വെട്ടികഴിഞ്ഞ് കെട്ടിടംപണി ആരംഭിക്കുന്നതിനുള്ള 'കല്ലിടീൽ', അതിനുവേണ്ടി ഒരുക്കപ്പെട്ട കല്ല് പിതാവ് ആശീർവദിച്ചു നിർവ്വഹിച്ചു, ആശീർവദിച്ച് സ്ഥാപിച്ച അടിസ്ഥാനശിലയിൽ കുരിശിനോടൊപ്പം, വിശുദ്ധ കൊച്ചുത്രേസ്യായുടെ ഒരു 'കാശുരൂപവും' നിഷേപിച്ചു. ഈ അവസരത്തിൽ, മാർ തെയോഫിലോസ് പിതാവ് പരിശുദ്ധ പിതാവായ മാർപാപ്പായെ സന്ദർശിക്കുന്നതിനും പാശ്ചാത്യപര്യടനത്തിനും നിശ്ചയിച്ചിരുന്നതിനാൽ പുറപ്പെടുന്നതിനുമുമ്പ്, അരമനകെട്ടിടത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവഹിക്കുകയായിരുന്നു ചെയ്തത്. പിതാവിന്റെ പാശ്ചാത്യ പര്യടനത്തെപ്പറ്റി പിന്നാലെ എഴുതുന്നതാണ്. പലകാരണങ്ങൾ മൂലം കെട്ടിടംപണി സാവകാശത്തിൽ ആയിരുന്നു. പ്രധാനകാരണം പണത്തിന്റെ പരിമിതി. ഭിത്തിക്കും മറ്റുമുള്ള ചെങ്കല്ല് സ്ഥലത്തുനിന്നുതന്നെ വെട്ടിഎടുക്കേണ്ടിയിരുന്നു. തടി ഉരുപ്പടികളും അവിടെതന്നെ അറപ്പിക്കുകയായിരുന്നു. കൽപണിക്ക് അന്ന് കുമ്മായമാണുപയോഗിച്ചിരുന്നത്. കക്കാവരുത്തി ചൂളയിലിട്ട് നീറ്റി കുമ്മായമാക്കി എടുക്കുകയായിരുന്നു.

പിതാവിന്റെ പാശ്ചാത്യപര്യടനകാലത്ത് രൂപതയുടെ ഭരണം നടത്തുന്നതിനു അഡ്മിനിസ്ട്രേറ്റർ ആയി വന്ദ്യ ദിവ്യ ശ്രീ ജോസഫ് റമ്പാൻ

www.malankaralibrary.com



പുലിക്കോട്ട് നിയമിതനായിരുന്നു. നാലുമാസത്തോളം ദീർഘിച്ച വിദേശയാത്ര കഴിഞ്ഞ് പിതാവ് തിരിച്ചെത്തിയപ്പോൾ അരമനയുടെ പണി ഏതുമായിരുന്നില്ല. പിതാവ് തിരിച്ചെത്തിയതോടെ പണിക്കു പുരോഗതി ഉണ്ടായെങ്കിലും പൂർത്തിയാക്കുന്നതിന് ഏതാനും മാസങ്ങൾ തന്നെ വേണ്ടിവന്നു. ഒരു വർഷത്തിലധികം ദീർഘിച്ച അരമനയുടെ പണി എത്രയും ഭംഗിയായും ശുഭകരവുമായും പൂർത്തിയായപ്പോൾ, കെട്ടിടം കൂദാശചെയ്ത് കയറി താമസിക്കുന്നതിനുള്ള ഒരുക്കങ്ങളെല്ലാം ചെയ്തു. ബഹു. വൈദികരേയും കത്തീഡ്രൽ ഇടവകക്കാരെയും മറ്റു ഇടവക പ്രതിനിധികളേയും വേറെ പല മാന്യവ്യക്തികളേയും ക്ഷണിച്ചിരുന്നു. 1934 നവംബർ 24-ാം തിയതി അരമനചാപ്പലും അരമനയും പിതാവ് കൂദാശചെയ്യുകയും, കൃതജ്ഞതാ സ്തോത്രമായി വി. കുർബാന അർപ്പിക്കയും ചെയ്തു. അരമനപണിക്ക് സഹായിച്ചവർക്കും സഹകരിച്ചവർക്കും നന്ദി പറയുകയും, പണിക്കാർക്ക് പാരിതോഷികം നൽകുകയും ചെയ്യുന്നു. സന്നിഹിതരായിരുന്നവർക്കെല്ലാം കാപ്പിസൽക്കാരവും നൽകപ്പെട്ടു. പിതാവിന്റെ നാലുവർഷത്തിലധികം ദീർഘിച്ച പ്രവാസവാസത്തിനു ശേഷം, സഭയുടെ സ്വന്തമായ ഭവനത്തിൽ വാസം ആരംഭിച്ചപ്പോൾ ദിവ്യരക്ഷകന്റെ തിരുവചനം ഓർത്ത് പിതാവ് കൃതാർത്ഥനായി. എന്നെ പ്രതിയും എന്റെ സുവിശേഷത്തെപ്രതിയും വീടിനെയോ സഹോദരന്മാരെയോ സഹോദരിമാരെയോ പിതാവിനെയോ മാതാവിനെയോ ഭാര്യയെയോ മക്കളെയോ നിലങ്ങളെയോ ഉപേക്ഷിക്കുന്നവർക്ക്, ഇപ്പോൾ ഇക്കാലത്തുതന്നെ നൂറുമടങ്ങു ലഭിക്കും. .... ..... വരും യുഗത്തിൽ നിത്യജീവനും ലഭിക്കും (St. Mark 10:29-31).

(ഐക്യദീപം 1990 ജൂലൈ പേജ് 14 )

### പാശ്ചാത്യപര്യടനം: റോമിൽ മാർപാപ്പായെ സന്ദർശിച്ചു

''മൂന്നുവർഷത്തിനുശേഷം കീപ്പായെ കാണാൻ ഞാൻ ജറുസലേമിലേക്കു പോയി. അവരോടൊത്ത് പതിനഞ്ചുദിവസം താമസിക്കയും ചെയ്തു''. (ഗലാത്തി 1: 18) കർത്താവ് നൽകിയ പ്രത്യേക ദർശനംവഴി ശ്ലീഹായായി വിളിക്കപ്പെട്ട വിശുദ്ധപൗലോസ്, ശ്ലീഹന്മാരുടെ തലവനും തിരുസഭയുടെ പരമാധികാരിയുമായ വിശുദ്ധ പത്രോസിനെ സന്ദർശിച്ചത് തന്റെ ലേഖനത്തിൽ അനുസ്മരിച്ചിരുന്നു. അതുപോലെ അഭിവന്ദ്യ മാർ തെയോഫിലോസ് തിരുമേനി പുനരൈക്യം കഴിഞ്ഞ്, മൂന്നുവർഷത്തിനുശേഷം പത്രോസിന്റെ പിൻഗാമിയും തിരുസഭയുടെ പരമാദ്ധ്യക്ഷനുമായ പരിശുദ്ധ മാർപാപ്പായെ സന്ദർശിച്ചത് ദൈവത്തിന്റെ ദിവ്യ

www.malankaralibrary.com



പരിപാലനം ആയിരുന്നു എന്ന് അനുസ്മരിക്കണം. രക്ഷണീയ വർഷമായ 1933 അവസാനത്തോടെയാണ് പിതാവ് റോമിലേക്ക് പുറപ്പെട്ടത്. കപ്പലിൽ ആയിരുന്നു യാത്ര. പതിനെട്ട് ദിവസങ്ങൾ യാത്രചെയ്തു റോമിൽ എത്തി. മാർപാപ്പായെ സന്ദർശിക്കുക എന്നതായിരുന്നു പ്രഥമ ലക്ഷ്യം. ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പിയൂസ് ആയിരുന്നു മാർപാപ്പാ. 1922 – ൽ മാർപാപ്പായായി തെരഞ്ഞെടുക്കപ്പെട്ടു 1939 വരെ പതിനേഴുവർഷം തിരുസഭയെ ഭരിച്ചു. ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം സമാധാനം പ്രതീക്ഷിച്ചിരുന്നെങ്കിലും രണ്ടാം ലോകമഹായുദ്ധത്തിനുള്ളഭീതി രാഷ്ട്രങ്ങൾക്കിടയിലുണ്ടായിരുന്നു. നീതിയുടെ പരിണിതഫലം സമാധാനം എന്നതായിരുന്നു പരിശുദ്ധ പിതാവിന്റെ മുദ്രാവാക്യം. ക്രിസ്തുവിന്റെ പ്രതിപുരുഷനും. വി. പത്രോസിന്റെ പിൻഗാമിയും തിരുസഭയുടെ പരമാദ്ധ്യക്ഷനുമായ മാർപാപ്പാ, ലോകത്തിൽ രാഷ്ട്രങ്ങൾക്കിടയിൽ ശാന്തിയും സമാധാനവും ഉണ്ടാകുവാൻ പ്രയത്നിച്ചിരുന്നു. ക്രൈസ്തവ ലോകത്തിൽ, വിഭിന്നസഭകളുടെ ഐക്യം വിശാലഹൃദയത്തോടെ വീക്ഷിച്ചിരുന്നു. അതിന്റെ പരിണിതഫലമാണ് 'മലങ്കര റീത്ത് '. പൗരസ്ത്യവും പൗരാണികവുമായ അന്ത്യോക്യൻ ആരാധനാനുഷ്ഠാനങ്ങളിൽ അധിഷ്ഠിതമാണീ റീത്ത്. 1653 –ലെ കൂനൻ കുരിശുസത്യത്തിനുശേഷം മലങ്കര സഭയിൽ സ്വീകരിക്കപ്പെട്ടതാണീ ആരാധനാനുഷ്ഠാനങ്ങൾ. പുരാതനവും അതിവിശിഷ്ടവുമായ ആരാധനാനുഷ്ഠാനങ്ങൾ ആയിരുന്നെങ്കിലും സാർവ്വത്രികസഭയുടെ കൂട്ടായ്മ അതിനിവിടെ ഉണ്ടായിരുന്നില്ല. ഐക്യത്തിനും കൂട്ടായ്മയ്ക്കും വേണ്ടി സഭാനേതാക്കന്മാർ നിരന്തരം പരിശ്രമിച്ചിട്ടുണ്ടെങ്കിലും ലക്ഷ്യപ്രാപ്തി ലഭ്യമാകാതെ നൂറ്റാണ്ടുകൾ കഴിഞ്ഞുപോയി. ഭാഗ്യസ്മരണാർഹരായ മാർ ഈവാനിയോസ് പിതാവും മാർ തെയോഫിലോസ് പിതാവും തങ്ങളുടെ ആശ്രമജീവിതത്തിൽകൂടി പ്രാർത്ഥനയും പ്രായശ്ചിത്തവുംവഴി ആർജ്ജിച്ച അനുഗ്രഹങ്ങൾ മൂലമാണ് സാർവ്വത്രിക സഭയുടെ കൂട്ടായ്മകൾ സമ്പാദിച്ചതും. തെയോഫിലോസ് പിതാവ് മാർപാപ്പായെ സന്ദർശിച്ചതിന് ഒരു വർഷം മുൻപ് മാർ ഈവാനിയോസ് പിതാവ് പരിശുദ്ധ പിതാവിനെ സന്ദർശിച്ചപ്പോൾ മലങ്കരയിലെ പുനരൈക്യപ്രസ്ഥാനത്തിന്റെ ചരിത്രവും പുരോഗതിയും സംബന്ധിച്ച് റിപ്പോർട്ട് നൽകിയിരുന്നു. മാർ ഈവാനിയോസിന്റെ സഫ്രഗൻ എന്ന നിലയിൽ എത്രയും സ്നേഹവാത്സല്യത്തോടെയായിരുന്നു മാർപാപ്പാ മാർ തെയോഫിലോസ് തിരുമേനിയെ സ്വീകരിച്ചത്. മൂന്നു വർഷത്തെ പുനരൈക്യപ്രവർത്തനങ്ങളുടെ റിപ്പോർട്ടും തിരുവല്ലാ രൂപതയുടെ നിജസ്ഥിതിയും പരിശുദ്ധ പിതാ

www.malankaralibrary.com



വിന് നല്കി. പരിശുദ്ധ പിതാവ് അതിൽ സംതൃപ്തി പ്രകടിപ്പിച്ചു. പുന രൈക്യത്തിന് പ്രോത്സാഹനമായ കാര്യങ്ങൾ സംഭാഷണവിഷയമായി രുന്നു. തെയോഫിലോസ് തിരുമേനി, തനിക്കും തന്റെ അജഗണത്തിനും വേണ്ടി പരിശുദ്ധ പിതാവിന്റെ അപ്പസ്തോലിക ആശീർവാദം സ്വീകരി ക്കയും ചെയ്തു. അനന്തരം മാർപാപ്പായുടെകൂടെ മാർ തെയോഫി ലോസ് തിരുമേനിയേയും നിർത്തിക്കൊണ്ടുള്ള ഫോട്ടോ വത്തിക്കാ നിലെ ഫോട്ടോഗ്രാഫർ എടുക്കുകയുണ്ടായി. പ്രസ്തുത ഫോട്ടോ വ ത്തിക്കാനിൽനിന്നും പുറപ്പെടുന്ന അന്നത്തെ പത്രത്തിൽ പ്രസിദ്ധപ്പെ ടുത്തുകയും ചെയ്തിരുന്നു. പരിശുദ്ധ പിതാവിനെ സന്ദർശിക്കുന്ന തിനു മുൻപ് വിശുദ്ധ പത്രോസിന്റെ ദൈവാലയത്തിൽ മാർ തെയോ ഫിലോസ് തിരുമേനി വിശുദ്ധ കുർബാന അർപ്പിക്കുകയുണ്ടായി. പരി ശുദ്ധ പിതാവുമായുള്ള സന്ദർശനം കഴിഞ്ഞ്, പൗരസ്ത്യതിരുസംഘ ത്തിന്റെ സെക്രട്ടറിയേയും കർദിനാളന്മാരിൽ മറ്റു പലരേയും പല സമയങ്ങളിലായി കാണുകയും സംഭാഷിക്കയും ചെയ്തു. അതിനിട യിൽ റോമിലെ പുണ്യസ്ഥലങ്ങളും സന്ദർശിച്ചു പ്രാർത്ഥിച്ചു. റോമിൽ നിന്ന് പിതാവ് ലൂർദിലേക്കാണ് പോയത്. 1958 – ൽ ദൈവമാതാവായ പരിശുദ്ധ കന്യകാമറിയം, ബർണ്ണദീത്ത എന്ന കർഷക ബാലികയ്ക്ക് പതിനെട്ടു പ്രാവശ്യം പ്രത്യക്ഷപ്പെട്ട പുണ്യസ്ഥലം: ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും അനവധി ആളുകൾ അനുദിനം ലൂർദിൽ എത്തി മാതാവിന്റെ മദ്ധ്യസ്ഥം പ്രാർത്ഥിക്കയും അനുഗ്രഹം പ്രാപിക്കയും ചെയ്ത പുണ്യകേന്ദ്രം: ദൈവമാതാവിനോട് സവിശേഷ ഭക്തി പുലർത്തിയിരുന്ന തിരുമേനി ലൂർദിലെ മാതാവിന്റെ ബസലിക്കായിൽ വിശുദ്ധ കുർബാന അർപ്പിക്കയും, കേവലം ശൈശവദശയിലുള്ള തന്റെ രൂപതയുടെ പരിപാലനം ആ അമ്മയെ ഭരമേല്പിക്കയും ചെയ്തു. മാതാവിന്റെ മദ്ധ്യസ്ഥം പ്രാർത്ഥിച്ചുകൊണ്ട് പാശ്ചാത്യ രാജ്യങ്ങളിൽ നടത്തിയ പര്യടനം എത്രയും അനുഗ്രഹപ്രദവും വിജയകരവുമായി രുന്നു. മേരീസ്തവം (Ave Maria) പാടുന്ന ഒരു സംഗീതമണി (Musical Bell) സമ്മാനം ലഭിച്ചത് മാതൃഭക്തനായ പിതാവു തന്റെ മുറിയിൽ സൂക്ഷിച്ചുപയോഗിച്ചിരുന്നു.

വിശുദ്ധ കൊച്ചുത്രേസ്യായെ രൂപതയുടെ ഒരു സ്വർഗ്ഗീയ മദ്ധ്യ സ്ഥയായി സ്വീകരിച്ച തിരുമേനി ആ വിശുദ്ധ ജീവിച്ചു മരിച്ച ലിസ്യൂ വിലെ കർമ്മലീത്ത മഠത്തിൽ പോകുകയും അവിടെ വിശുദ്ധ കുർബാന അർപ്പിക്കയും, പുണ്യവതിയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിക്കയും ചെയ്തു. അനന്തരം വി. കൊച്ചുത്രേസ്യായുടെ ജ്യേഷ്ഠ സഹോദരി മദർ

www.malankaralibrary.com



ആഗ്നസിനെയും കണ്ടു സംസാരിച്ചു. പിതാവിനെ എത്രയും താല്പര്യപൂർവ്വം അവർ സ്വീകരിച്ചു. തദവസരത്തിൽ, പിതാക്കന്മാരുടെ പുനരൈക്യത്തിനുവേണ്ടി വിശുദ്ധ കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥം അപേക്ഷിച്ച്, അവർ നടത്തിയ നവനാൾ പ്രാർത്ഥനയെക്കുറിച്ചും അനുസ്മരിച്ചു. പിതാവ് അവർക്ക് നന്ദിപറയുകയും, വി. കൊച്ചുത്രേസ്യായെ തന്റെ രൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായി സ്വീകരിച്ചിട്ടുള്ളതായി അറിയിക്കയും ചെയ്തു. പിതാവ് യാത്രപറഞ്ഞു പോരുമ്പോൾ ബഹു. മദറും സിസ്റ്റേഴ്സും പിതാവിന്റെ ആശീർവാദത്തിനായി മുട്ടുകുത്തുകയും പിതാവ് ആശീർവാദം നല്കിയിട്ടു പോരുകയും ചെയ്തു. വിശുദ്ധ കൊച്ചുത്രേസ്യായുടെ ഒരു തിരുശേഷിപ്പു മദർ ആഗ്നസ് പിതാവിന് നല്കിയത്, കത്തീഡ്രൽ പള്ളിയിൽ കൊച്ചുത്രേസ്യായുടെ തിരുനാൾ ദിവസത്തെ പട്ടണപ്രദക്ഷിണത്തിൽ സംവഹിച്ചാശിർവദിക്കയും, മുത്തിക്കയും ചെയ്തിരുന്നു.

ഫ്രാൻസ്, ഇംഗ്ലണ്ട്, അയർലണ്ട്, മുതലായ രാജ്യങ്ങളും പിതാവ് സന്ദർശിച്ചു. പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രണേതാവും സഭൈക്യ പ്രവാചകനുമായിരുന്ന മാർ ഈവാനിയോസ് മെത്രാപ്പോലിത്താ തിരുമേനി 1932 – ൽ റോമും പാശ്ചാത്യ രാജ്യങ്ങളും സന്ദർശിക്കയും, മലങ്കരയിലെ പുനരൈക്യ പ്രസ്ഥാനത്തെക്കുറിച്ച് പ്രസ്താവിക്കയും ചെയ്തിരുന്നതിന്റെ ഓർമ്മ അവർക്കുണ്ടായിരുന്നതിനാൽ മാർ തെയോഫിലോസ് തിരുമേനിയെ സബഹുമാനം അവർ സ്വീകരിച്ചാദരിച്ചു. മാർ ഈവാനിയോസിനെ അമാനുഷനും അത്ഭുതവാനും മഹാപണ്ഡിതനുമായി പാശ്ചാത്യർ മനസിലാക്കിയിരുന്നു. മാർ തെയോഫിലോസ് തിരുമേനിയെ ജീവിക്കുന്ന ഒരു വിശുദ്ധനും (Living Saint) ദൈവദൂത സമനുമായ ഒരു മെത്രാൻ (An Angelic Bishop) എന്നുമാണ് അവർ പറഞ്ഞിരുന്നത്. ഓരോരുത്തർക്കും ലഭിക്കുന്ന പരിശുദ്ധാത്മ ദാനങ്ങളുടെ വൈവിധ്യം എത്രയോ വിസ്മയനീയം. (1 കോറി. 12: 1–11).

ഫ്രാൻസിൽ, ഒരുത്തമ കത്തോലിക്കകുടുംബം തിരുമേനിയെ സ്വീകരിച്ച് ആതിഥ്യം നല്കുന്നതിന് എത്രയും താല്പര്യപ്പെട്ടത് പ്രത്യേകം പ്രസ്താവ്യമാണ്. പതിനൊന്ന് മക്കളുള്ള ഒരു സന്തുഷ്ടകുടുംബമായിരുന്നു അത്. പിതാവ് ഏതാനും ദിവസം അവരുടെ ആതിഥ്യം സ്വീകരിച്ചു. ആ ദിവസങ്ങളിൽ പല സ്ഥലങ്ങൾ സന്ദർശിക്കുകയും ചെയ്തു. പ്രസ്തുത കുടുംബം ഒരു വലിയ പള്ളിമണി പിതാവിന് സമ്മാനിച്ചു.

www.malankaralibrary.com



അവർ കപ്പലിൽ അയച്ചുകൊടുത്ത ആ മണി കൊച്ചിയിൽ എത്തിയപ്പോൾ മിസ്റ്റർ സി. ഐ. ഫിലിപ്പോസ് ഏറ്റുവാങ്ങികൊണ്ടുപോന്നു. പ്രസ്തുത മണി കത്തീഡ്രൽ പള്ളിയിൽ മണിഗോപുരത്തിൽ ഉയർത്തപ്പെട്ടതു മുതൽ ദിവസം മൂന്നുനേരവും എന്നും മുഴങ്ങിക്കൊണ്ടിരിക്കുന്നു. ആരാധനയ്ക്കും പ്രാർത്ഥനയ്ക്കുമായി വിശ്വാസികളെ വിളിച്ചുണർത്തുകയും ഉത്തേജനം നല്കി ഉത്സാഹിപ്പിക്കയും ചെയ്യുന്നു. പട്ടണവാസികൾക്കെല്ലാം ദൈവീകാഹ്വാനം നൽകിക്കൊണ്ടിരിക്കയും ചെയ്യുന്നു.

ഇംഗ്ലണ്ടിലെ പര്യടനത്തിൽ പല സ്ഥലങ്ങളിൽ പോകുകയും പലരെ കാണുകയും ചെയ്തു. ഇംഗ്ലണ്ടിൽ കാർ നിർമ്മിക്കുന്ന Austin കമ്പനിക്കാർ ഒരു ഓസ്റ്റിൻ കാർ പിതാവിന് സമ്മാനം നല്കി. അവർ തന്നെ കാർ കപ്പലിൽ കയറ്റി അയച്ചുകൊടുക്കയും ചെയതു. കപ്പലിൽ കാർ കൊച്ചി തുറമുഖത്ത് എത്തിയവിവരം അരമനയിൽ അറിഞ്ഞപ്പോൾ, ഡ്രൈവിംഗ് വശമായിരുന്ന കാടുവെട്ടൂർ ചെറിയാച്ചനെയും കൂട്ടിക്കൊണ്ട് അരമനയിലെ ഉദ്യോഗസ്ഥനായിരുന്ന മിസ്റ്റർ സി. ഐ. ഫിലിപ്പോസ് കൊച്ചിയിൽ പോയി കാർ ഏറ്റുവാങ്ങിക്കൊണ്ടുവന്നു. കാർ കയറ്റുവാൻ വഴിയോ, കാറിടാൻ സ്ഥലസൗകര്യമൊ തിരുമേനി താമസിച്ചിരുന്ന വാടകവീടിനോടനുബന്ധിച്ചില്ലായിരുന്നു. അതിനാൽ വേറൊരു വീടുകൂടി വാടകയ്ക്ക് എടുത്തു കാർ അവിടെ സൂക്ഷിച്ചു. ശ്രീമാൻ പുളിക്കപ്പറമ്പിൽ ചാക്കോച്ചന്റെ വീടായിരുന്നു വാടകയ്ക്കെടുത്ത രണ്ടാമത്തെ വീട്, ഇതിനടുത്താണ് ഇപ്പോൾ കർമ്മലീത്താമഠം സ്ഥിതിചെയ്യുന്നത്. പ്രസ്തുത വീട് ഇപ്പോഴും അവിടെയുണ്ട്.

അയർലണ്ടിൽ സ്നേഹനിർഭരമായ സ്വീകരണമാണ് പിതാവിന് ലഭിച്ചത്. പിതാവ് സന്ദർശിച്ച സ്ഥാപനങ്ങളിലും പള്ളികളിലും വ്യക്തികളിലും നിന്ന് ഉദാരമായ സംഭവനകളും ലഭിച്ചു. തൽഫലമായി തിരുവല്ലാ രൂപതയിൽ ബലിഷ്ഠമായ ഏതാനും പള്ളികൾ പണിയിക്കാൻ അക്കാലത്ത് സാധിച്ചു. തോട്ടഭാഗം സെന്റ് മേരീസ്, വെണ്ണിക്കുളം സെന്റ് തോമസ്, അയർലണ്ടിന്റെ മദ്ധ്യസ്ഥനായ സെന്റ് പാട്രിക്കിന്റെ നാമത്തിൽ അയിരൂർ പണിയിച്ചതുമായ പള്ളികൾ ഇന്നും ബലിഷ്ടമായി തന്നെ നിലനില്ക്കുന്നു. നാലുമാസത്തോളം ദീർഘിച്ച പര്യടനം കഴിഞ്ഞ് പിതാവ് സസുഖം തിരിച്ചെത്തി. പിതാവിന്റെ ആത്മീയ മക്കളായ രൂപതയിലെ വൈദീകരും വിശ്വാസികളും ചേർന്ന് ഭദ്രാസനപ്പള്ളിയിൽ പിതാവിനെ സ്വീകരിച്ചു. പിതാവ് മദ്ബഹായിൽ പ്രവേശിച്ചു ലുത്തിനിയ പ്രാർത്ഥന നടത്തി കഴിഞ്ഞപ്പോൾ ഗായകസംഘം സ്തോത്രഗീതം പാടി. പിന്നീട്

www.malankaralibrary.com



പിതാവ് തന്റെ യാത്രയുടെ വിവരങ്ങൾ ചുരുക്കമായി പറഞ്ഞു. സ്വീകരണത്തിന് നന്ദിയും പറഞ്ഞു. അവസാനം എല്ലാവർക്കും ആശീർവാദം നല്കുകയും ചെയ്തു.

പാശ്ചാത്യ പര്യടനത്തിനു പോകുന്നതിനുമുമ്പ് ചെറുപുഷ്പഗിരിയിൽ ആരംഭിച്ച അരമനയുടെ പണിപൂർത്തിയായിരുന്നില്ല. അതിനാൽ രണ്ടാമത് വാടകയ്ക്കു എടുത്ത കെട്ടിടത്തിൽ തിരുമേനി താമസമാക്കി. 1934 നവംബർ 24 ന് പുതിയ മെത്രാസനമന്ദിരത്തിന്റെ പണിപൂർത്തിയാക്കി മാറുന്നതുവരെ ഈ വാടക വീട്ടിൽ തന്നെയാണ് പിതാവ് താമസിച്ചിരുന്നത്. തിരിച്ചെത്തി താമസിയാതെ തിരുമേനി തിരുവനന്തപുരത്തു പോയി മാർ ഈവാനിയോസ് തിരുമേനിയെ കാണുകയും രണ്ടു ദിവസം അവിടെ താമസിക്കുകയും ചെയ്തു.

**വാടകവീട്ടിൽ മോഷ്ടാവ്**

പാശ്ചാത്യപര്യടനം കഴിഞ്ഞുവന്നപ്പോൾ പണം ധാരാളം കാണുമെന്നൊരു ധാരണ പൊതുവെ ഉണ്ടായിരുന്നു. രണ്ടാഴ്ചയ്ക്കുള്ളിലാണ് കള്ളൻ കയറിയത്. പിതാവിന്റെ രണ്ടു പെട്ടികൾ മോഷ്ടിക്കപ്പെട്ടു. പെട്ടികൾ പുറത്തുകൊണ്ടുപോയി തുറന്നു പരിശോധിച്ചിട്ടുപേക്ഷിച്ചുപോയി. ഏതാനും വസ്ത്രങ്ങളും പുസ്തകങ്ങളും അല്ലാതെ പെട്ടിയിൽ പണം ഒന്നും ഉണ്ടായിരുന്നില്ല. ഒന്നു കുർബാനക്കുപ്പായങ്ങളും മറ്റും സൂക്ഷിക്കുന്ന പെട്ടിയായിരുന്നു. അതിൽ വിലപിടിപ്പുള്ളതായ ഒരു വെള്ളിധൂപക്കുറ്റി ഉണ്ടായിരുന്നത് മോഷ്ടാവ് കൊണ്ടുപോയി. ധൂപക്കുറ്റി പിതാവിന് സമ്മാനം കിട്ടിയതായിരുന്നു. അതൊന്നു മാത്രമേ നഷ്ടപ്പെട്ടുള്ളു. പിതാവ് പണം സൂക്ഷിച്ചിരുന്നില്ല. പ്രൊക്യുറേറ്ററാണ് പണം കൈകാര്യം ചെയ്തിരുന്നത്. കൊടുക്കൽ വാങ്ങലുകൾ മാത്രമല്ല. സ്വന്തമായ ആവശ്യങ്ങളും പ്രൊക്യുറേറ്ററോട് പറഞ്ഞു സാധിക്കുമായിരുന്നതേയുള്ളു അങ്ങനെ സന്യാസജീവിതമുറതന്നെയാണ് പിതാവ് പാലിച്ചിരുന്നത്. അക്കാലത്തു വിദേശനാണയപണമിടപാടിന് പറ്റിയ ബാങ്കുകൾ തിരുവല്ലായിൽ ഇല്ലായിരുന്നു. അതുകൊണ്ട് ആലപ്പുഴയിൽ ഉണ്ടായിരുന്ന ഇംപീരിയൽ ബാങ്കിലാണ് അക്കൗണ്ട് ആരംഭിച്ചിരുന്നത്.

അരമന പണിപൂർത്തിയാക്കി താമസമാരംഭിച്ചതോടെ രൂപതയുടെ മറ്റ് എല്ലാകാര്യങ്ങളും എത്രയും ഭംഗിയായി നടത്തുവാൻ പിതാവ് ശ്രദ്ധിച്ചു. പലയിടത്തും പള്ളികൾ പണിയിച്ചു. മുൻപറഞ്ഞിട്ടുള്ള മൂന്നു പള്ളികൾ അതിലുൾപ്പെടുന്നു. സെമിനാരി, ആശ്രമം, പ്രസ് എന്നിങ്ങനെ പലതും ആരംഭിച്ചു. കൂടുതലായി പുനരൈക്യത്തിനുവേണ്ടിയും പുനരൈക്യപ്പെടുന്നവരുടെ ആത്മീയാവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിനു

www.malankaralibrary.com



വേണ്ടിയും അക്ഷീണം അദ്ധ്വാനിച്ചിരുന്നു. എതിർപ്പുകൾ ഏറെക്കുറവായി എല്ലായിടത്തും ഉണ്ടായിരുന്നെങ്കിലും പുനരൈക്യം പുരോഗമിക്കുമെന്നുള്ള പ്രത്യാശയും സഭൈക്യം ദൈവതിരുമനസാണെന്നുള്ള ബോധ്യവും വളർത്തുകയും ചെയ്തിരുന്നു.

**ഹ്രസ്വകാല ഭരണം**

അഭിവന്ദ്യ മാർ തെയോഫിലോസ് തിരുമേനി പാശ്ചാത്യ പര്യടനം നടത്തി തിരിച്ചെത്തി, ചെറുപുഷ്പഗിരിയിൽ (Little Flower Mount) നിർമ്മിച്ച പുതിയ മെത്രാസനമന്ദിരത്തിൽ താമസമാക്കി കഴിഞ്ഞ് ഒരു വർഷത്തോളമെ ഭരണം നടത്തിയുള്ളു. 'നന്നായി ചെയ്യുന്നവർ അധികം ചെയ്യുന്നു' എന്നത് തിരുമേനിയെ സംബന്ധിച്ച് എത്രയും ശരിയായിരുന്നു. ആരാധനപരമായ ആദ്ധ്യാത്മീക കാര്യങ്ങൾ മാത്രമല്ല, ഭരണപരമായ മറ്റു എല്ലാ കാര്യങ്ങളും അകമഴിഞ്ഞ ആത്മാർത്ഥതയോടെയാണ് ചെയ്തിരുന്നത്. പൗരോഹിത്യപരമായ ദിവ്യകർമ്മാനുഷ്ഠാനങ്ങൾ എത്രയും നല്ല ഒരുക്കത്തോടും, ഭരണപരമായ കാര്യങ്ങൾ വേണ്ടപ്രകാരം ആലോചിച്ചും നടത്തിയിരുന്നു. സഭയുടെ നിയമങ്ങളും സർക്കാരിന്റെ വ്യവസ്ഥകളും കളങ്കം കൂടാതെ പാലിച്ചിരുന്നു. നിയമാനുസൃതവും നല്ല നിഷ്ഠയോടും നിശ്ചിതസമയങ്ങളിലുമാണ് ഓരോ സംഗതികളും നിർവഹിച്ചിരുന്നത്.

'ദൈവത്തിനു മഹത്വം മനുഷ്യർക്കു സമാധാനം' (GLORY TO GOD PEACE TO MAN) ഇതായിരുന്നു തിരുമേനിയുടെ മുദ്രാവാക്യം. സകല സംഗതികളും ഈ ലക്ഷ്യത്തോടെയാണ് തിരുമേനി ചെയ്തിരുന്നത്. തിരുമേനിയുടെ ഹ്രസ്വകാലഭരണം എത്രയും അനുഗ്രഹപ്രദവും വിജയകരവുമായിരുന്നതിന്റെ രഹസ്യം ഇതാണ്. ആദ്യം ദൈവത്തിന്റെ രാജ്യവും അവന്റെ നീതിയും നിങ്ങൾ അന്വേഷിക്കുവിൻ; അപ്പോൾ മറ്റുള്ളവയെല്ലാം നിങ്ങൾക്ക് ലഭിക്കും (വി. മത്തായി 6: 33).

ദൈവമഹത്വത്തോടൊപ്പം മനുഷ്യനന്മയും ലക്ഷ്യമാക്കി പ്രവർത്തിച്ചിരുന്ന തിരുമേനി. രൂപതയിലെ വൈദികരും ദൈവജനവും ഉത്തമ കത്തോലിക്കാരൂപിയുള്ളവരാകുവാൻ പ്രോത്സാഹിപ്പിച്ചിരുന്നു. പുണ്യ ജീവിതവും ക്രൈസ്തവ ചൈതന്യവും കത്തോലിക്ക അരൂപിയുമുള്ള വൈദികരുണ്ടാകണം. വൈദികർ ചുരുക്കം; പുനരൈക്യപ്പെട്ട വൈദികർ വിവാഹിതരും കുടുംബജീവിതക്കാരുമായിരുന്നു. പുനരൈക്യപ്പെട്ട വിശ്വാസികളും കത്തോലിക്ക അരൂപിയിൽ വളരേണ്ടിയിരുന്നു. അതിന് ആവശ്യമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും നല്കിക്കൊണ്ട് വൈദികർക്കും വിശ്വാസികൾക്കും പ്രത്യേകം ഇടയലേഖനങ്ങൾ പിതാ

www.malankaralibrary.com



വയച്ചിരുന്നു. വിജ്ഞാനപ്രദമായ പ്രസ്തുത ലേഖനം ഈ ജീവിതചക്രത്തിൽ ചേർക്കുന്നത് സമുചിതമായിരിക്കുമല്ലോ. തെയോഫിലോസ് പിതാവിന്റെ ആദ്ധ്യാത്മികതയും സഭാവീക്ഷണവും അജപാലന വൈഭവവും മനസിലാക്കുവാൻ അവ മതിയാകുന്നവയാണ്. മാത്രമല്ല, അന്നെന്നപോലെ ഇന്നും എന്നും കത്തോലിക്കാസഭാ ജീവിതത്തിൽ പ്രകാശവും പ്രചോദനവും നല്കുന്നതുമാണ്. അഭിവന്ദ്യ മാർ തെയോഫിലോസ് തിരുമേനിയുടെ പൗരോഹിത്യശുശ്രൂഷയുടെയും ഹ്രസ്വകാല രൂപതാഭരണത്തിന്റെയും ചരിത്രം, നിത്യപുരോഹിതനും ലോകരക്ഷകനുമായ മ്ശിഹായെപ്പറ്റി പറഞ്ഞിരിക്കുന്ന വാക്കുകളിൽ സംഗ്രഹിക്കാം. 'അവൻ എല്ലാ കാര്യങ്ങളും നന്നായി ചെയ്യുന്നു' (വി. മർക്കോ. 7: 37).

**ഇടയലേഖനം**

ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ ആനുകൂല്യത്താലും തിരുവല്ലാ ഭദ്രാസന ഇടവകയുടെ മെത്രാൻ മാർ തെയോഫിലോസ് എപ്പിസ്ക്കോപ്പായിൽനിന്നു

(മുദ്ര)

നമ്മുടെ ആജ്ഞയിൻ കീഴുള്ളവരും സ്നേഹഭാജനങ്ങളുമായ ബഹു. പട്ടക്കാർക്ക് വാഴ്വ്.

**പ്രാരംഭം**

പ്രിയരേ,

ലോകരക്ഷാർത്ഥം മനുഷ്യാവതാരം ചെയ്ത പുത്രൻ തമ്പുരാൻ തന്റെ മനുഷ്യാവതാരത്തിന്റെ തുടർച്ചയായി, തന്റെ വേല ലോകാവസാനത്തോളം നിർവ്വിഘ്നം ചെയ്തുകൊണ്ടിരിപ്പാൻ അപ്രമാദവും ദൃശ്യവുമായ കത്തോലിക്കാ സഭയെ സ്ഥാപിച്ചിരിക്കുന്നു. തന്റെ ഉപദേശങ്ങൾ അന്യൂനം പഠിപ്പിക്കുവാൻ മിശിഹാതമ്പുരാൻതന്നെ സഭാധ്യക്ഷന്മാരെ നിശ്ചയിക്കുകയും അവർക്കു അതിനുള്ള അധികാരം നൽകുകയും ചെയ്തു. പന്ത്രണ്ടു ശ്ലീഹന്മാരിൽ ഒന്നാമനായ പത്രോസിന് സഭയിൽ പരമാധികാരം നൽകിക്കൊണ്ട് വിശ്വാസത്തിലും ഭരണത്തിലും സഭയ്ക്ക് അവശ്യം വേണ്ടിയിരിക്കുന്ന പരിപൂർണ്ണമായ ഐക്യത്തെ അവിടുന്നു സുരക്ഷിതമാക്കി. വി. പത്രോസ് തന്റെ സിംഹാസനം റോമാനഗരത്തിൽ സ്ഥാപിക്കയും അദ്ദേഹത്തിന്റെ പിൻഗാമികളായ മാർപാപ്പാമാർ ഈ സിംഹാസനത്തിൽ ഇരുന്നുകൊണ്ട് സാർവ്വത്രികമായ സഭയെ യഥാവിധി ഭരിച്ചുകൊണ്ടു പോരുകയും ചെയ്യുന്നു. വിശ്വാസവും

www.malankaralibrary.com



സന്മാർഗ്ഗവും സംബന്ധിച്ച് ഔദ്യോഗികമായി പ്രബോധനം നൽകുമ്പോൾ ദൈവദത്തമായിരിക്കുന്ന തെറ്റാവരം വി. പത്രോസിനും അദ്ദേഹത്തിന്റെ പിൻഗാമികളായ മാർപാപ്പാമാർക്കും ഉള്ളതാകുന്നു.

മാർപാപ്പാമാർ വി. പത്രോസിന്റെ പിൻഗാമികളായിരിക്കുന്നതുപോലെ കത്തോലിക്കാസഭയിലെ മറ്റു മേല്പട്ടക്കാർ മറ്റു ശ്ലീഹന്മാരുടെ പിൻഗാമികളും വിശുദ്ധ പത്രോസിന്റെയും പിൻഗാമികളായ മാർപാപ്പാമാരുടെയും കീഴിൽ സഭയെ ഭരിക്കുന്നവരുമാകുന്നു. മാർപാപ്പായോടുള്ള ഐക്യം സത്യസഭയുടെ അംഗങ്ങളായിരിക്കുന്നുവെന്നുള്ളതിന്റെ ഉറപ്പാകുന്നു. മാർപാപ്പായിൽനിന്ന് വേർപെട്ടു നിൽക്കുന്നത് ശീശ്മയത്രെ. തൻമൂലം വിശുദ്ധ സഭയാകുന്ന മുന്തിരിച്ചെടിയിൽനിന്ന് ഛേദിക്കപ്പെടുകയും ചെയ്യുന്നു. ഛേദിക്കപ്പെടുന്ന ശാഖകൾ ശുഷ്ക്കപ്രായങ്ങളായിത്തീരുന്നതുപോലെ, മാർപാപ്പായിൽനിന്ന് ഭിന്നിച്ചുനില്ക്കുന്ന വ്യക്തികളും സമുദായങ്ങളും നിത്യരക്ഷയാകുന്ന സത്യജീവൻ ഇല്ലാതെ നിർജ്ജീവങ്ങളായിത്തീരുന്നു.

**നമ്മുടെ പുനരൈക്യവും അംഗീകരണവും**

വന്ദ്യ സഹോദരന്മാരേ, ദൈവത്തിന്റെ അതിരറ്റ കൃപയാൽ നാം എല്ലാവരും ഇതാ സത്യസഭയാകുന്ന തായ്ത്തടിയോട് യോജിച്ചു നില്ക്കുന്നു. 1930 സെപ്റ്റംബർ 20-ാം തീയതി മിശിഹായുടെ മണവാട്ടിയായ തിരുസഭാ മാതാവിനെ ആശ്ലേഷിപ്പാൻ ഭാഗധേയം സിദ്ധിച്ച നമ്മുടെ മലങ്കര സുറിയാനി സഭയിൽ തിരുവല്ലാ ഭദ്രാസന ഇടവകയുടെ മേലദ്ധ്യക്ഷനായിട്ടാണല്ലൊ ഈ വിനീതദാസനായ നമ്മെ ദൈവം ഉയർത്തിയിരിക്കുന്നത്. വന്ദ്യ വൈദികരായ നിങ്ങളാകട്ടെ നമ്മുടെ പ്രിയ സഹോദരന്മാരും യഥാർത്ഥ സഹപ്രവർത്തകന്മാരും ആകുന്നു. ഇപ്പോൾ ഭാഗ്യമായി വാഴുന്ന ആബൂൻ മോറാൻ മോർ പീയൂസ് പാപ്പാ തിരുമനസിലെ അപാരകാരുണ്യവും അതുല്യതീക്ഷ്ണതയും നിമിത്തം നാം ഇതഃപര്യന്തം ഉപയോഗിച്ചിരുന്ന ശുശ്രൂഷാക്രമങ്ങൾതന്നെ മേലാൽ ഉപയോഗിക്കയും തിരുവല്ലാ ഭദ്രാസന ഇടവകയുടെ മെത്രാനായിത്തന്നെ നാം ഭരണം നടത്തുകയും ചെയ്തുകൊള്ളുന്നതിനു നമുക്ക് ഔദാര്യപൂർവ്വം അനുമതി നൽകുകയും, സുറിയാനി കണക്കിന് കഴിഞ്ഞ 1930 ഈലൂൽ (കന്നി, സെപ്റ്റംബർ) 20-ാം തീയതി മുതൽ ഇതു നടപ്പിലാക്കിതരികയും ചെയ്തിരിക്കുന്നു.

**ജീവിതശുദ്ധി**

ആരാധന ക്രമത്തിനു മാറ്റങ്ങൾ വന്നിട്ടില്ലെങ്കിലും നമ്മിൽ ഓരോരുത്തരിലും ഈ പ്രസ്ഥാനത്തോടുകൂടെ വലുതായ മാറ്റം സംഭവിച്ചിട്ടു

www.malankaralibrary.com



ണ്ടെന്നുള്ളതിനു നാം എല്ലാവരും അനുഭവസ്ഥന്മാരാണല്ലോ. സാക്ഷാൽ സത്യസഭയോടാണ് ദൈവാനുഗ്രഹത്താൽ നാം സംഘടിക്കപ്പെട്ടിരിക്കുന്നത്. ശ്ലൈഹിക വചനാനുസരണം നാം പുതിയ മനുഷ്യരായി പരിണമിക്കണം. നീതിയിലും സത്യത്തിലും വിശുദ്ധിയിലും നാം ജീവിതം നയിക്കണം (എഫേസി. 4; 24). കത്തോലിക്കാസഭ എന്തു പഠിപ്പിക്കുന്നുവോ അതു നമ്മുടെ വിശ്വാസോപദേശവും എന്ത് കല്പിക്കുന്നുവോ അതു നമ്മുടെ ജീവിതധർമ്മവുമായി കരുതിക്കൊള്ളേണ്ടതാണ്. ആകയാൽ നമ്മുടെ വിശ്വാസത്തിനും സ്ഥാനമഹിമയ്ക്കും അനുയോജ്യമായ വിധത്തിൽ തിരുസഭാമാതാവിന്റെ രക്ഷാകരമായ മടിയിൽ ജീവിക്കുവാൻ നാം ഓരോരുത്തർക്കും കടമയുണ്ടെന്നു, വാത്സല്യ സഹോദരന്മാരേ, നിങ്ങൾക്കറിയാമല്ലോ. മാർപാപ്പാ തിരുമനസുകൊണ്ട് നമ്മെ ഭരമേല്പിച്ചിരിക്കുന്ന തിരുവല്ലാ ഭദ്രാസന ഇടവകയുടെ ഭരണം വൈദികരായ നിങ്ങളുടെ സഹായസഹകരണത്തിലത്രേ നാം നിർവഹിക്കേണ്ടിയിരിക്കുന്നത്. നിങ്ങൾ യഥാവിധി സഹായിക്കാതെ ഇരുന്നാൽ ശരിയാംവണ്ണം ഭരണം നിർവ്വഹിക്കുവാൻ നമുക്കു സാദ്ധ്യമല്ലല്ലോ. പട്ടക്കാർ ഹൃദയപൂർവ്വം മെത്രാന്റെ കീഴിലും മെത്രാന്മാർ മാർപാപ്പായുടെ കീഴിലും നടത്തുന്ന ഭരണമാണ് സാക്ഷാൽ സഭാഭരണം, ആകയാൽ ഭാരമേറിയ ഈ കൃത്യനിർവ്വഹണത്തിനു നിങ്ങൾ സർവ്വാത്മനാ നമ്മോടു സഹകരിക്കുന്നവരും സഹകരിക്കേണ്ടവരും ആണെന്നുള്ള ബോധത്തോടുകൂടി നമ്മുടെ ആജ്ഞകളെ പരിപൂർണ്ണമായി അനുസരിച്ചു പ്രവർത്തിക്കുമെന്നു കർത്താവിൽ നാം പ്രത്യാശിക്കുന്നു.

വൈദികരായ നാം നമ്മുടെ കർത്താവിന്റെ പ്രതിപുരുഷന്മാരും, അവിടുത്തേക്കുവേണ്ടിയുള്ളവരും അവിടുത്തോട് അനുരൂപപ്പെട്ടുകൊണ്ടു അവിടുത്തെ ആദർശങ്ങൾ ജനങ്ങളെ പഠിപ്പിക്കേണ്ടവരുമത്രെ. ഒന്നാമതായി, നിങ്ങളിൽതന്നെ ജീവിതശുദ്ധി വരുത്തുവാൻ പ്രത്യേകം ശ്രദ്ധ പതിക്കുവിൻ . അന്യരെ വിശുദ്ധിയിലും സുകൃതത്തിലും അഭ്യസിപ്പിക്കേണ്ടവരായ നിങ്ങൾ സ്വയം ശുദ്ധീകരിച്ച് പുണ്യപൂർണ്ണതയ്ക്കായി പരിശ്രമിക്കാതിരിക്കുന്ന പക്ഷം നിങ്ങളുടെ പ്രവൃത്തി കുരുടൻ കുരുടനെ വഴികാട്ടുന്നതുപോലെ വ്യക്തവും നാശകരവും ആയിത്തീരുമല്ലോ.

പട്ടക്കാരുടെ സ്ഥാനം എത്ര പരിശുദ്ധവും ദിവ്യവുമാണ്. പ്രഭയുടെ കർത്താവിനെ കൂദാശ വചനങ്ങളാൽ പ്രതിഷ്ഠ ചെയ്വാനും, അധരങ്ങളാൽ പുകഴ്ത്തുവാനും, കരങ്ങളിൽ വഹിക്കുവാനും, വദന

www.malankaralibrary.com



ത്താലെ സ്വീകരിക്കുവാനും വിശ്വാസികൾക്കു നൽകുവാനുള്ള ദിവ്യ പദവിയല്ലയൊ പട്ടക്കാർക്കു നൽകപ്പെട്ടിരിക്കുന്നത്. (ക്രിസ്താനുകരണം പുസ്തകം. 4. അ. 5) പരിശുദ്ധ കന്യകമറിയാമിനോ ദൈവദൂതന്മാർക്കോ നൽകപ്പെട്ടിട്ടില്ലാത്ത അത്യുന്നതമായ അധികാരം അല്ലയൊ അവർക്ക് നൽകപ്പെട്ടിരിക്കുന്നത്. ഈ വസ്തുത സമ്യക്കായി ഗ്രഹിച്ചു സ്വയം ശുദ്ധീകരിച്ചു ജനത്തിന് മാതൃകാപുരുഷന്മാരായിരിക്കുവാൻ ഓരോരുത്തരും ബദ്ധശ്രദ്ധരായിരിക്കണം. ദൈവത്തോടും അന്യരോടും തന്നോടുതന്നെയും ഉള്ള കടമകളെ ശരിയായി നിർവ്വഹിക്കുന്ന വൈദികർ ദൈവത്തിനും വിശുദ്ധന്മാർക്കും സന്തോഷപാത്രമായിത്തീരും. 'നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു'. മത്ത 5: 14. 'നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു'.

അജ്ഞാനാന്ധകാരത്തിൽ സ്ഥിതിചെയ്യുന്ന ജനത്തെ ദൈവശാസ്ത്ര ജ്ഞാനത്താൽ വിജ്ഞാന സൂര്യൻ കണക്കെ പ്രകാശിപ്പിക്കുന്നതിനും. സന്മാർഗ്ഗനിരതവും സുകൃതാഭ്യസനവുമാകുന്ന അദ്ധ്യാത്മിക ലവണത്താൽ അസന്മാർഗ്ഗികമായ ചീച്ചിലിൽനിന്ന് ജനത്തെ സംരക്ഷിക്കുന്നതിനും പട്ടക്കാർ നിയുക്തരായിരിക്കുന്നു. ഈ വൈദിക ധർമ്മത്തിൽ അലസരും അശ്രദ്ധന്മാരുമായി ദൈവശാപത്തിനു പാത്രീഭൂതന്മാരാകാതിരിപ്പാൻ ഭയഭക്തിയോടും കൃത്യബോധത്തോടുകൂടി ദൈവത്തെ ശുശ്രൂഷിക്കുവീൻ.

കത്തോലിക്കാ പട്ടക്കാരായ നിങ്ങൾ എല്ലാറ്റിലും സഭയുടെ ഉപദേശാനുസരണം ജീവിക്കയും നിങ്ങളുടെയും അന്യരുടേയും ആത്മരക്ഷാർത്ഥം സർവ്വാത്മനാ യത്നിക്കയും ചെയ്യണം. അന്യരുടെ ആത്മരക്ഷ സാധിക്കുന്ന വിഷയത്തിൽ ദൈവത്തിന്റെ സജീവസാമഗ്രികളാണു നിങ്ങൾ. സാമഗ്രി അതിന്റെ കുറ്റം മുഖാന്തരം ദൈവത്തിനു ഇഷ്ടപ്പെടാതെ വന്നാൽ അതു ഉപയോഗിച്ചുകൊണ്ട് ദൈവം ആത്മരക്ഷ സാധിക്കുക അത്ര എളുപ്പമല്ലല്ലൊ. ഉപ്പ് ഉറകെട്ടാൽ നിരുപയോഗമായിതീരുന്നു. വിശുദ്ധ പൗലോസ് പ്രവൃത്തികൊണ്ടും പ്രബോധനംകൊണ്ടും ഉപദേശിക്കുന്നതുപോലെ അന്യരോടു പ്രസംഗിക്കുകയും, നാം തന്നെ നമ്മുടെ അശ്രദ്ധമൂലം നിരസിക്കപ്പെടുകയും ചെയ്യാതിരിപ്പാൻ ആത്മസംയമനവും ഇന്ദ്രനിഗ്രഹവും അഭ്യസിക്കേണ്ടിയിരിക്കുന്നു. (1 കൊരി. 9: 27) ആകയാൽ അന്യരുടെ ആത്മരക്ഷയിൽ ദൈവത്തിന്റെ സഹപ്രവർത്തകരെന്നനിലയിലും സ്വന്ത ആത്മരക്ഷ സ്വന്ത ശ്രമത്താൽ സാധിക്കേണ്ടവരെന്ന നിലയിലും നിങ്ങൾ സ്വയം വിശുദ്ധീകരിക്കാൻ കടപ്പെട്ടിരിക്കുന്നു. വി. വസ്തുക്കളെ വഹിക്കുന്ന പട്ടക്കാരൻ പരിശുദ്ധനാകു

www.malankaralibrary.com



ന്നില്ലെങ്കിൽ പിന്നെ ആർ പരിശുദ്ധനാകും ? ആകയാൽ ആദ്യമായി തന്നെ നല്ല മനസാക്ഷിയോടുകൂടി യഥാശക്തി ജീവിതം നയിക്കുന്നതിലാണു പട്ടക്കാരന്റെ മനഃസമാധാനം അടങ്ങിയിരിക്കുന്നത്.

ദൈവികരായ പട്ടക്കാർ സകല പാപങ്ങളിൽനിന്നും അകന്നിരിക്കണം. ദൈവപ്രമാണങ്ങൾക്കും തിരുസഭയുടെ കല്പനകൾക്കും വിപരീതമായി യാതൊന്നും പ്രവർത്തിച്ചുകൂടാ. ഈ കല്പനകളെ സാരമായി ലംഘിക്കുന്ന പ്രവൃത്തി മരണകരമായ പാപമാണെന്നു നിങ്ങൾക്കറിയാമല്ലൊ. അതുപോലെതന്നെ, ദൈവത്തെ കൈകാര്യം ചെയ്യുന്ന നിങ്ങൾ അല്പാല്പമായ പാപങ്ങളിൽനിന്നുപോലും വിമുക്തരായിരിക്കണം. എന്തെന്നാൽ മരണകരമായ പാപത്തിൽനിന്നു അകന്നിരിക്കാത്തവന് യഥാർത്ഥ ക്രിസ്തീയ ജീവിതം നഷ്ടീഭവിക്കുന്നു. ആ സ്ഥിതിക്ക് ക്രിസ്തീയ ജനത്തിന്റെ നേതാക്കന്മാരായ നിങ്ങൾ ലഘുവായ പാപങ്ങൾപോലും വർജ്ജിച്ചുകൊണ്ടുള്ള ഒരു ജീവിതമല്ലയൊ നയിക്കേണ്ടത്. 'സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരാകുവിൻ (മത്താ 5: 48) എന്നു നമ്മുടെ കർത്താവ് കല്പിച്ചിരിക്കുന്നു. കർത്താവേശുമ്ശിഹായുടെ തിരുശരീരരക്തങ്ങൾ കൈകാര്യം ചെയ്യുന്നവരേ, – അതെ പാപികളെ ദൈവത്തോട് രമ്യപ്പെടുത്തുന്നവരേ– ശുദ്ധതയുടെ ശുദ്ധ സ്ഥലത്തു വ്യാപരിക്കുന്ന പുരോഹിതന്മാരെ, ദൈവം നിങ്ങളെ ഭരമേല്പിച്ചിരിക്കുന്ന ശ്രേഷ്ഠതരമായ ഉദ്യോഗം എത്ര ഗൗരവാവഹമായിട്ടുള്ളതാണെന്നു മനസിലാക്കുന്നതായാൽ ദൈവത്തിനായി തന്നെതന്നെ മനസാവാചാകർമ്മണാ ഒരു പരിപൂർണ്ണ ബലിയായി സമർപ്പിച്ചു ദൈവേഷ്ടംമാത്രം നിറവേറ്റുവാൻ നിങ്ങളിൽ അശ്രാന്തപരിശ്രമം ചെയ്യാത്തവരാരാണ് ? എന്തെന്നാൽ മാലാഖമാർക്കോ റീശ് മാലാഖമാർക്കോ ദൈവമാതാവിന്നു തന്നെയോ നൽകപ്പെടാത്തതായ പൗരോഹിത്യ മഹാപദവിയിലേക്കാണല്ലോ ബലഹീനരും പാപികളുമായ നാമേവരും കരുണാവാരിധിയായ ദൈവത്താൽ ഉയർത്തപ്പെട്ടിരിക്കുന്നത്. ഓരോ വൈദികനും ഓരോ മ്ശിഹാതന്നെയാണെന്നു പറയാവുന്നതാണ്. എന്തെന്നാൽ മ്ശിഹാതമ്പുരാൻ തന്റെ പരമപിതാവിൽ നിന്നും സ്വീകരിച്ച സകല അധികാരവും വി. സഭയിൽ നിക്ഷേപിച്ചിരിക്കുന്നു. വി. സഭയ്ക്കുവേണ്ടി സഭാ ഭരണകർത്താക്കൾ അതു പ്രയോഗിക്കയും ചെയ്യുന്നു. ഈ അധികാരം ഒരു വിധത്തിൽ അല്ലെങ്കിൽ വേറൊരു വിധത്തിൽ നാം കൈക്കൊണ്ടിരിക്കുന്നതിനാൽ നാം നമ്മുടെ കർത്താവിന്റെ വീട്ടധികാരികൾ തന്നെയാകുന്നു. നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു(മത്താ. 10: 40) എന്നല്ലയോ മ്ശിഹാ

www.malankaralibrary.com



തമ്പുരാൻ അരുളിച്ചെയ്തിരിക്കുന്നത്. അവിടുത്തെ മദ്ധ്യസ്ഥപ്രവർത്തികൾ തന്നേയാണ് അവിടുത്തേ പ്രതിനിധികളായ നാമോരോരുത്തരും പ്രകാരാന്തരേണ പ്രയോഗിക്കുന്നത്. അതായത് നിങ്ങൾ ദൈവത്തിന്റേയും വിശ്വാസികളുടേയും മദ്ധ്യേനിന്നുകൊണ്ടു അവരെ ദൈവവുമായി രമ്യപ്പെടുത്തുന്നവരും ദൈവത്തിൽനിന്നു ലഭിച്ചിട്ടുള്ള കൃപാവരങ്ങൾ വിശ്വാസികൾക്കു പ്രദാനം ചെയ്യുന്നവരും ആകുന്നു. ഇത്ര ഉൽകൃഷ്ടമായ ഒരു സ്ഥാനം കൈയേറ്റിരിക്കുന്നവർ എത്രമാത്രം പരിശുദ്ധന്മാരും പുണ്യപൂർണ്ണന്മാരും ആയിരിക്കണമെന്നു വിശിഷ്യാ പറയേണ്ടതില്ലല്ലൊ. പഴയനിയമത്തിലെ പുരോഹിതന്മാരിൽനിന്ന് ദൈവം ഇതാവശ്യപ്പെട്ടുവെങ്കിൽ നമ്മിൽനിന്ന് എത്രയധികം പ്രതീക്ഷിച്ചിരിക്കുന്നു(ലേവ്യ. 11: 44).

**ലൗകിക തൊഴിലുകൾ**

ദൈവികങ്ങളിലേക്കും, ദൈവികങ്ങൾക്ക് ആവശ്യമായ ലൗകികങ്ങളിലേക്കും (എന്നാൽ അതും ദൈവിക ഉദ്ദേശത്തോടുകൂടെ ) മാത്രമേ നിങ്ങൾ ശ്രദ്ധിക്കേണ്ടതുള്ളു. അവയിൽ മാത്രം നിങ്ങൾ ശ്രദ്ധാലുക്കളായിരിക്കണം എന്ന് ഇത്രയും പറഞ്ഞതിൽനിന്നും വിശദമാകുന്നുണ്ടല്ലോ. എന്തെന്നാൽ ശ്ലീഹാ പറയുന്നതുപോലെ ദൈവികങ്ങളിൽ വ്യാപൃതനായിരിക്കുന്നവൻ ലൗകികങ്ങളിൽ ഇടപെടേണ്ടവനല്ല. 'ദൈവത്തേയും ലോകത്തേയും ഒരേ സമയത്തുതന്നെ സേവിക്കാൻ ആർക്കും സാധിക്കുന്നതല്ല; ഒന്നുകിൽ ദൈവത്തെ സ്നേഹിച്ചുകൊണ്ടു ലോകത്തെ ദ്വേഷിക്കും ; അല്ലെങ്കിൽ ലോകത്തെ സ്നേഹിച്ചുകൊണ്ടു ദൈവത്തെ ദ്വേഷിക്കും' (മത്താ. 6: 24) ഇവ രണ്ടിനും മദ്ധ്യേ ഒരു സ്ഥാനമില്ലെന്നു കർത്താവേശുമ്ശിഹാതന്നെ കല്പിച്ചു പഠിപ്പിച്ചിട്ടുണ്ടല്ലോ. ആകയാൽ പട്ടക്കാരായ നിങ്ങൾ പാടുള്ളിടത്തോളം ലൗകികങ്ങളിൽ നിന്ന് അകന്നിരിക്കതന്നെ വേണം. നിങ്ങൾ ശീശ്മയിൽ ആയിരുന്നപ്പോൾ ലൗകികമായ ജീവിതവൃത്തികളിൽ പ്രവേശിച്ചിരുന്നവർ ആയിരിക്കാം. മേലിൽ അങ്ങനെ ഓരോ സംഗതികളിൽ ഇടപെട്ടു നമ്മുടെ ദൈവശുശ്രൂഷകൾക്കു വിഘ്നം വരുത്തരുത്. ഇതിനു മുൻപ് ഏർപ്പെട്ടുപോയ കാര്യങ്ങൾ തന്നെയും വലിയ വിഷമത കൂടാതെ കുറച്ചുവക്കാവുന്നിടത്തോളം കുറച്ചുവക്കേണ്ടതാകുന്നു. അന്നവസ്ത്രാദികൾക്കും മറ്റു കാര്യങ്ങൾക്കുംവേണ്ടി ആവശ്യപ്പെട്ടിടത്തോളും നമ്മുടെ അന്തസിന് ചേരുന്ന ഏർപ്പാടുകളിൽ പ്രവേശിക്കുവാൻ വിരോധിക്കുന്നില്ലെന്നു പ്രത്യേകം പറയണമെന്നില്ലല്ലോ. എന്നാൽ ആ വക കാര്യങ്ങളിൽതന്നെയും ദൈവത്തിന്റെ ഇഷ്ടം മുഖ്യലക്ഷ്യമാക്കി പ്രവർത്തി

www.malankaralibrary.com



ക്കേണ്ടതാണ്. സർവ്വോപരി ദൈവരാജ്യത്തെ അന്വേഷിപ്പിൻ (മത്താ. 6: 33) ദൈവത്തെ വിസ്മരിച്ചുകൊണ്ട് ഒന്നും പ്രവർത്തിച്ചുകൂടാ. ആവശ്യപ്പെട്ടിടത്തോളം ലൗകികങ്ങളിൽ ഏർപ്പെടുന്ന അവസരങ്ങളിലും നമ്മുടെ കടമകൾ നിർവ്വഹിക്കാൻ പാടില്ലാത്തവണ്ണം ആ വക കാര്യങ്ങളിൽ വ്യാപൃതരായിപ്പോകാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം.

**വസ്തുവകകൾ**

സ്വന്തമായ വല്ല വസ്തുവും സാമാന്യത്തിലധികം വിലയുള്ളതാണെങ്കിൽ അവ വിൽക്കുകയോ, അവയിന്മേൽ ബാദ്ധ്യത വരുത്തുകയോ ചെയ്യുന്നതിന് ഇടവക മേലദ്ധ്യക്ഷനോട് ആലോചിക്കേണ്ടതാണ്. അല്മായക്കാരെ പ്രതികളാക്കി നീതിന്യായക്കോടതികളിൽ കേസു കൊടുക്കുന്നതിനു മുൻപും ഇടവക മേലദ്ധ്യക്ഷനോടു ആലോചിക്കണം. പട്ടക്കാരുടെ സ്ഥിതിക്കു ചേരാത്ത വിനോദങ്ങൾ; കച്ചവടം; രാഷ്ട്രീയപ്രസ്ഥാനങ്ങൾ മുതലായവയിൽനിന്നു ഒഴിഞ്ഞിരിക്കേണ്ടതാകുന്നു. വൈദികരുടെ വസ്ത്രധാരണം ആഡംബരമേറിയോ, ഹീനമായോ ഇരിക്കരുത്, പ്രത്യുത സ്ഥാനോചിതമായും, ശുചിയായും ഇരിക്കണം. പുറത്തു സഞ്ചരിക്കുമ്പോഴും സദസിലും ക്ലേറിഭാഷയിലുള്ള കറുത്തതോ, വെളുത്തതോ ആയ ഉടുപ്പും കറുത്തസാഷ് ഇടക്കെട്ടും ധരിക്കണം.

**വിശ്രമസമയം**

ജോലികളുടെശേഷം ലഭിക്കുന്ന സമയം വി. പഠനത്തിലും, പ്രാർത്ഥനയിലും, ധ്യാനത്തിലും, കുറ്റകരമല്ലാത്ത വിശ്രമത്തിലും വിനിയോഗിപ്പാൻ പ്രത്യേകം ശ്രദ്ധ പതിക്കണം.

**കുമ്പസാരം**

ആഴ്ചതോറും കുമ്പസാരിച്ചു അല്പകുറ്റങ്ങളിൽ നിന്നുപോലും അകന്നിരിപ്പാൻ ശ്രമിക്കണം. മരണകരമായ വല്ല പാപവും ചെയ്തുപോയെന്നു തോന്നുന്നപക്ഷം വല്ല നിവൃത്തിയുമുണ്ടെങ്കിൽ കുമ്പസാരിച്ചതിനുശേഷമേ വി. കുർബാന ചൊല്ലുവാൻ പാടുള്ളു എന്നു നിങ്ങൾക്കു അറിവുള്ളതാണല്ലോ. എന്നാൽ കുമ്പസാരത്തിനു യാതൊരു നിവൃത്തിയുമില്ലാത്തപക്ഷം മനസ്താപപ്രകരണവും തക്ക പ്രായശ്ചിത്തവും നടത്തി കുർബാന ചൊല്ലുകയും, എത്രയും വേഗം കുമ്പസാരം നടത്തിക്കൊള്ളുകയും വേണം.

**വി. കുർബാന**

കുർബാന ചൊല്ലുന്ന വിഷയത്തിൽ അത്യന്തം ശ്രദ്ധയും താല്പര്യവും ഉണ്ടായിരിക്കണം. ഹമ്മീറാ തനി ഗോതമ്പുകൊണ്ടുള്ളതായിരി

www.malankaralibrary.com



ക്കണം. കടയിൽ കിട്ടുന്ന റൊള്ളം കുർബാനയ്ക്കായി വാങ്ങരുത്. ഗോതമ്പു വാങ്ങി പൊടിച്ചെടുക്കണം.

പുറത്തുനിന്നു വാങ്ങുന്ന വീഞ്ഞ് മായം ചേർന്നതല്ലെന്നു നിശ്ച യിക്കാൻ പാടില്ലാത്തതിനാൽ കത്തോലിക്കാ മെത്രാസന അരമനക ളിൽനിന്നും വാങ്ങിച്ച് ഉപയോഗിക്കേണ്ടതാണ്. അതു പുളിച്ചു തുടങ്ങി യാൽ പിന്നെ ഉപയോഗിക്കുകയുമരുത്. വീഞ്ഞിൽ ചേർക്കുന്നവെള്ളം അധികമാകരുത്. വീഞ്ഞിന്റെ നാലിൽ ഒരു ഭാഗം ചേർക്കാം. ''കദ്ദേൻ'' ................. ''വൽകോസോ'' ഇത്യാദി ചൊല്ലുന്ന സന്ദർഭത്തിൽ ഏറ്റം ഭയ ഭക്തിയോടുകൂടി വർത്തിക്കേണ്ടതാണ്. മ്ശിഹായുടെ ആൾപേരായിട്ടും തിരുശരീരരക്തങ്ങൾ അവിടെ സന്നിഹിതമാക്കണമെന്നുള്ള കരുത ലോടുകൂടിയും കൂദാശവചനങ്ങൾ ഉച്ചരിക്കേണ്ടിയിരിക്കുന്നു. വി. കുർബാനയും മറ്റു കർമ്മങ്ങളും എത്രയും ഭയഭക്തിയോടു മിതമായ വേഗതയിലും ആകർഷണീയമായും നടത്തപ്പെടണം.

കുർബാനധർമ്മം സംബന്ധിച്ചു കത്തോലിക്കാ സഭയുടെ ഉപ ദേശങ്ങൾ ഭേദമെന്യേ അനുസരിക്കണം. നിയോഗം ക്ളിപ്തമായിരിക്ക ണം. ഓരോ നിയോഗധർമ്മത്തിന്നും ഓരോ കുർബാന ചൊല്ലിയേ തീരൂ. കൂടുതൽ കുർബാന നിയോഗം കിട്ടുന്നതായാൽ മേലദ്ധ്യക്ഷനെ ഏല്പി ക്കേണ്ടതാണ്.

### വി. വായന

ദിവസംപ്രതി ആദ്ധ്യാത്മികമായ ഏതെങ്കിലും കത്തോലിക്കാ ഗ്രന്ഥങ്ങൾ കുറേ സമയത്തേക്കെങ്കിലും ധ്യാനപൂർവ്വം പാരായണം ചെയ്യേണ്ടത് അത്യാവശ്യമത്രേ. ശരീരത്തിനു ഭക്ഷണം എങ്ങനെയോ, അതേ പ്രകാരം വി. വായന ആത്മീകജീവന് ആവശ്യമാകുന്നു. ഈ ആദ്ധ്യാത്മിക പാരായണം മൂലം ഭക്തിസംവർദ്ധകങ്ങളായ ചിന്തകൾ ഉദി ക്കുന്നതിനും തദ്വാര നൈസർഗ്ഗീകമായ പ്രാർത്ഥന നടത്തുന്നതിനും, ഇങ്ങനെ സ്വർഗ്ഗീയാനന്ദാനുഭൂതിയിലും ദൈവസ്നേഹപാരവശ്യത്തിലും സമാധാനജീവിതം നയിക്കുന്നതിനും സംഗതിയാകുന്നതാണ്. (വേദപു സ്തകം, ക്രിസ്താനുകരണം, തിരുഹൃദയാനുകരണം മുതലായവ) വി. വായനയ്ക്കു നല്ല പുസ്തകങ്ങൾ ആകുന്നു.

### ഇന്ദ്രിയനിഗ്രഹം

ഓരോരുത്തരും തങ്ങളുടെ ജീവിതസ്ഥിതിക്കനുസരണമായുള്ള വിഷയസുഖവിരക്തി പരിപാലിക്കുവാൻ പ്രത്യേകം നിഷ്കർഷയുള്ള വരായിരിക്കണം. 'വെടിപ്പിൽ നിന്നെത്തന്നെ കാത്തുകൊള്ളുക' (തിമോ. 5: 22) എന്നുള്ള ശ്ലൈഹിക ഉപദേശം സ്മരണിയമത്രെ. വിശുദ്ധിയെന്ന

www.malankaralibrary.com



അമൂല്യരത്നം കളങ്കമെന്യേ പരിരക്ഷിക്കുന്നതിനു വിനയപരമായ പ്രാർത്ഥനയും ജാഗരൂകമായ ഇന്ദ്രിയനിഗ്രഹവും അത്യാവശ്യമായിരിക്കയാൽ ഈ രണ്ടു സംഗതിയിലും നിങ്ങൾ ശ്രദ്ധാലുക്കളായിരിപ്പിൻ, അടക്കമൊതുക്കം, ശുചിത്വം, വിനയം, ക്രമം, മിതത്വം എന്നീ ഗുണങ്ങൾ നിങ്ങളുടെ അലങ്കാരമായിരിക്കട്ടെ !

**ശ്ഹീമോ നമസ്ക്കാരം**

നിങ്ങൾ സദാ പ്രാർത്ഥിപ്പിൻ എന്നാണല്ലോ നമ്മുടെ നാഥൻ പല പ്രാവശ്യം പ്രവർത്തിയാലും വചനത്താലും പഠിപ്പിച്ചിരിക്കുന്നത്. (വി. ലൂക്കോ 12: 40, 46 തെസ് 5: 17) ഒരു വൈദികൻ നിജസ്ഥാന മാഹാത്മ്യത്താൽ തന്നെ നമസ്ക്കാരത്തിന്റെ ആത്മാവോടുകൂടിയ ആളായിരിക്കണം. ദൈവവും ആത്മാവും തമ്മിൽ സ്വൈരസഹവാസം ചെയ്യുന്ന സന്ദർഭമാണല്ലോ പ്രാർത്ഥനാസമയം. ശ്ലീഹാ പറയുന്നതുപോലെ, ഈ സന്ദർഭം സാക്ഷാൽ സ്വീകാര്യവും രക്ഷാകരവുമായ വിനാഴികയത്രെ (2 കോരി. 6: 2) വിലയേറിയ ഈ സമയം വ്യക്തവും കുറ്റകരവുമാക്കാതെ നിത്യായുസ്സിനു പര്യാപ്തമാക്കി ചെയ്യുവിൻ. മലങ്കര സുറിയാനി സഭയുടെ ചെറിയ ശ്ഹീമോ നമസ്ക്കാരക്രമത്തിൽ കൊടുത്തിരിക്കുന്നവണ്ണമെങ്കിലും നമസ്ക്കാരം നടത്തണം. ഈ പുസ്തകം പുറത്തിറങ്ങുന്ന സമയം മുതൽ ഈ കല്പന ഊർജ്ജിതത്തിൽ വരുന്നതാണ്. മറ്റു യാമങ്ങളിൽ അതതിന്റെ ശ്ഹീമോ നമസ്ക്കാരമൊ, യാമത്തിന്റെ രഹസ്യ പ്രാർത്ഥനയൊ നടത്തുന്നതുകൊള്ളാം. കുടുംബത്തിൽ ശേഷമുള്ളവരോടു കൂടെയൊ അത്മായക്കാരുടെ സംഘത്തിലൊ നമസ്ക്കരിക്കുമ്പോൾ മലങ്കര സഭയുടെ മലയാള നമസ്ക്കാര ക്രമത്തിൽനിന്ന് ആദ്യത്തേയും അവസാനത്തേയും കൗമായും അപേക്ഷയും വിശ്വാസപ്രമാണവും ബസ്മൽക്കാ ഇത്യാദിയും മലയാളത്തിൽ ചൊല്ലണം.

**പള്ളിഭരണവും കൂദാശ പരികർമ്മവും**

നിങ്ങൾ ഓരോരുത്തർക്കും നൽകിയിട്ടുള്ള ആരാധന സ്ഥലത്തിന്റെ രണ്ട് നാഴിക ചുറ്റളവിലുള്ള സർവ്വ കത്തോലിക്കരുടേയും അകത്തോലിക്കരുടേയും ജാതികളുടേയും ഇടയിൽ ദൈവവേല ചെയ്വാൻ, ഇനിയും ഒരു കല്പനയുണ്ടാകുന്നതുവരെ നാം നിങ്ങളെ പ്രത്യേകമായി നിയമിച്ചിരിക്കുന്നു. ആകയാൽ ഓരോ വർഗ്ഗക്കാരുടെയും സ്ഥിതി അറിഞ്ഞു വേണ്ടതു പ്രവർത്തിക്കണം.

ദിവ്യ കർമ്മങ്ങൾക്ക് ഉപയോഗിക്കുന്ന പാത്രങ്ങൾ, വസ്ത്രങ്ങൾ മുതലായവ വെടിപ്പായും സംപൂജ്യമായും സൂക്ഷിക്കപ്പെടണം. കർമ്മാദികൾക്കു ഫീസ് എന്ന നിലയിൽ യാതൊരു വരുമാനവും ഇല്ലെങ്കിലും

www.malankaralibrary.com



ക്ലിപ്തപ്പെടുത്തീട്ടുള്ള ധർമ്മങ്ങൾ വയ്പിച്ചശേഷം കർമ്മം നടത്തികൊടുക്കേണ്ടതാണ്. ധർമ്മത്തെപ്പറ്റി ജനങ്ങൾക്കുള്ള കല്പനയിൽ സവിസ്തരം പ്രസ്താവിക്കുന്നതാണ്. പള്ളിയും പരിസരങ്ങളും വൃത്തിയായും ദൈവഭവനത്തിന് അനുയോജ്യമായ തരത്തിലും പരിപാലിക്കപ്പെടണം. അവിടെ അന്യർ അവിഹിതമായി വർത്തിക്കാതിരിപ്പാൻ നിഷ്ക്കർഷിക്കുകയും വേണം.

**പ്രസംഗം**

ഞായറാഴ്ചയും മാറാനായ പെരുന്നാളുകളിലും കുർബാന സമയത്തു കത്തോലിക്കാ സഭയിൽ വിശ്വസിക്കയും അനുഷ്ഠിക്കയും ചെയ്യുന്ന സത്യങ്ങളേയും കൂദാശകളേയും കുറിച്ച് ഉപദേശരീതിയിൽ അരമണിക്കൂറിൽ കൂടാതെയും, ഇരുപതു മിനിറ്റിൽ കുറയാതെയും പ്രസംഗം നടത്തണം. പട്ടക്കാരന്റെ അധരങ്ങൾ ദിവ്യ ജ്ഞാനത്തെ വഹിക്കേണ്ടിയിരിക്കുന്നു. പ്രസംഗം പൊതുജനങ്ങൾക്ക് പ്രയോജകിഭവിക്കുമാറു ലളിതവും ശുദ്ധവുമായ ഭാഷയിൽ സുവിശേഷരീതിയിൽ നടത്തുവാൻ പ്രത്യേകം ഓർമ്മിച്ചിരിക്കേണ്ടതാണ്. വ്യക്തിപരമായ വിദ്വേഷമൊ, സ്വാർത്ഥപരമായ ഉദ്ദേശമൊ കേവലം സ്പർശിക്കാതെ പ്രസംഗവിഷയം നേരത്തെ തയാറാക്കി കാതോലികമായ വിശാല മനസ്ക്കതയോടും പൈതൃകമായ സ്നേഹവാത്സല്യത്തോടും, എന്നാൽ വൈദികമായ ചുമതലബോധത്തോടുംകൂടി അത്രെ പ്രസംഗിക്കേണ്ടതെന്ന് ഈ ഘട്ടത്തിൽ നാം സസ്നേഹം അനുസ്മരിപ്പിക്കുന്നു. സ്വന്ത പ്രവൃത്തികൾ പ്രസംഗത്തിന് വിപരീതമാകാതിരിക്കട്ടെ. മാതൃകാജീവിതം ഏറ്റം ഫലവത്തായ പ്രസംഗമാണെന്നു ഓർമ്മിക്കേണ്ടിയിരിക്കുന്നു. പ്രായം തികഞ്ഞവരോടുള്ള ഉപദേശത്തിൽ സത്യങ്ങളും ദൈവപ്രമാണങ്ങളും സഭാ കല്പനകളും സംബന്ധിച്ചു അറിയേണ്ടവയെല്ലാം പ്രസ്താവിക്കണം.

വിശ്വാസികൾ മാസത്തിൽ ഒരിക്കലെങ്കിലും വി. കുർബാന ഉൾക്കൊൾവാനും, ഞായറാഴ്ചകളിലും മാറാനായ ദിവസങ്ങളിലും കത്തോലിക്കാസഭയുടെ നിബന്ധനപോലെ പരിശുദ്ധകാലങ്ങൾ പാലിക്കുവാനും അവരെ പ്രത്യേകം പ്രബോധിപ്പിക്കേണ്ടതാകുന്നു. ആണ്ടുകുമ്പസാരത്തിന്റേയും പെസഹാക്കാലത്തെ കുർബാന കൈക്കൊള്ളലിന്റേയും കാര്യത്തിൽ പട്ടക്കാർ പ്രത്യേകം ശ്രദ്ധപതിച്ച് വിശ്വാസികൾ ഈ കാര്യത്തിൽ മുടക്കം വരാതിരിപ്പാൻ സൂക്ഷിക്കണം. തിരിച്ചറിവുള്ള കുട്ടികൾക്കും ഈ ചുമതലയുണ്ടെന്ന് അവരെ ധരിപ്പിക്കണം . അടുക്കലടുക്കൽ കുമ്പസാരിക്കയും കുർബാന കാണുകയും ഉൾക്കൊള്ളുകയും ചെയ്യുന്നതിൽ ജനങ്ങളെ പ്രോത്സാഹിപ്പിക്കയും ചെയ്യണം. മാമ്മോ

www.malankaralibrary.com



ദീസാ കൊടുക്കാതെ മറ്റു യാതൊരു കൂദാശകളും ആർക്കും കൊടുത്തുകൂടായെന്നു ഏവർക്കും അറിയാമല്ലൊ. കുട്ടികളെ കഴിയുന്നതും വേഗത്തിൽ സ്നാനപ്പെടുത്തുന്നതിന് ഉത്സാഹിക്കണം അപകടമുള്ള പക്ഷം വീട്ടുമാമ്മോദീസാ എങ്കിലും നൽകുന്നതിനു ജനങ്ങളെ പ്രത്യേകം ചട്ടംകെട്ടണം. അതിന്റെ രീതിയും അവരെ മനസ്സിലാക്കേണ്ടതാണ്. കൂടാതെയും, കൂദാശകൾ സംബന്ധിച്ച് പൊതുവായും ഓരോന്നിനേയും സംബന്ധിച്ചു പ്രത്യേകമായും അറിഞ്ഞിരിക്കേണ്ടവ പട്ടക്കാർ വായിക്കുകയും വിശ്വാസികളെ പഠിപ്പിക്കുകയും ചെയ്യണം അകത്തോലിക്കരും അക്രൈസ്തവരും ദൈവത്തിനും മതത്തിനും തിരുസഭയ്ക്കും സന്മാർഗ്ഗത്തിനും വിരോധമായി നടത്തുന്ന യോഗങ്ങളിലും പ്രസംഗങ്ങളിലും സംബന്ധിക്കരുതെന്നും, ഈ വക വിഷയങ്ങളെ പുരസ്ക്കരിച്ചുള്ള അവരുടെ ക്ഷുദ്രകൃതികൾ വായിക്കുകയൊ വെച്ചുസൂക്ഷിക്കുകയൊ യാതൊരുവിധത്തിലും ആദരിക്കുകയോ ചെയ്യരുതെന്നും വിശ്വാസികളെ തിര്യപ്പെടുത്തേണ്ടതാകുന്നു. പട്ടക്കാരായ നാമും ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധപതിച്ച് അന്യന്മാർക്ക് മാതൃകകൂടെയും ആയിരിക്കേണ്ടതാണല്ലൊ.

**കുട്ടികളുടെ വേദോപദേശം**

ഇതിനുപുറമെ കുട്ടികളുടെ വേദാദ്ധ്യായന വിഷയത്തിൽ നാം വളരെ ശ്രദ്ധപതിക്കേണ്ടതാണ്. കുട്ടികളെ നാം മിശിഹായുടെ അടുക്കലേക്കാണ് വഴിനടത്തേണ്ടത്. കുട്ടികൾക്കു സന്മാർഗ്ഗോപദേശവും അതിന്റെ അടിസ്ഥാനമായ മതബോധനവും ലഭിക്കാത്തതാണ് ആധുനികലോകത്തെ അധഃപതിപ്പിച്ചിരിക്കുന്ന സമസ്ത ദുർബോധനങ്ങളുടേയും പ്രചാരഹേതു. ഇന്ന് നമ്മുടെ കുട്ടികളുടെ മതോപദേശത്തിലും സന്മാർഗ്ഗപരിശീലനത്തിലും ധാരാളമായ ശ്രദ്ധപതിയേണ്ടതാണ്. ആകയാൽ വന്ദ്യ സഹോദരന്മാരെ, നിങ്ങൾ ഈ വിഷയത്തിൽ തൽക്ഷണം ഉണർന്ന് പ്രവർത്തിക്കണം.

കുട്ടികളുടെ പ്രായത്തിനും ത്രാണിക്കും അനുയോജ്യമായ രീതിയിൽ കത്തോലിക്കാ സഭ അംഗീകരിച്ചു തന്നിട്ടുള്ള വേദോപദേശ ഗ്രന്ഥങ്ങൾ ഉപയോഗിച്ച് അവർക്കു വേദോപദേശം നൽകപ്പെടണം. ഇത് പ്രായോഗികമാക്കുവാൻ തക്കവണ്ണം പല ക്ലാസുകളായി തിരിച്ച് പഠനം നടത്തേണ്ടിയിരിക്കുന്നു. ഈ ക്ലാസ്സുകൾ ഞായറാഴ്ചയും മാറാനായ പെരുന്നാളുകളിലും ഉച്ചകഴിഞ്ഞു നടത്തപ്പെടണം.

**വിവാഹം**

വിവാഹം സഭയുടെ നിർദ്ദേശ പ്രകാരം വേണ്ട അന്വേഷണങ്ങൾ കഴിച്ച് വിളിച്ചുചൊല്ലി പ്രതിബന്ധം യാതൊന്നും ഇല്ലാന്ന് നിശ്ചയമായതിന്റെ ശേഷമേ നടത്തിക്കൊടുക്കുവാൻ പാടുള്ളൂ.

www.malankaralibrary.com



**രോഗശുശ്രൂഷ**

കിടപ്പിലായ രോഗികൾക്കു തൈലാഭിഷേകം നടത്തുവാൻ ഉപേക്ഷ വരുത്തരുത്. മരണക്കിടക്കയിൽ രോഗികൾക്കുവേണ്ട ഉപദേശങ്ങളും, കുമ്പസാരം, കുർബാന മുതലായ കൂദാശകളും അവർക്കു സുബോധമുള്ളപ്പോൾത്തന്നെ കൊടുത്ത് നന്മമരണത്തിനു അവരെ ഒരുക്കുന്നതിൽ വൈദികർ ജാഗരൂകന്മാരായിരിക്കണം.

**കുമ്പസാരിപ്പിക്കുക**

"നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുന്നുവൊ അവ മോചിക്കപ്പെട്ടിരിക്കും". (വി. യോഹ. 20: 22)

**കുമ്പസാരിപ്പിക്കുന്ന പട്ടക്കാരൻ**

(1) കുമ്പസാരിപ്പിക്കുന്ന പട്ടക്കാരൻ വിധികർത്താവാകുന്നു അയാൾ പാപങ്ങളുടെ സ്വഭാവം, തരഭേദം, സാഹചര്യങ്ങൾ മുതലായവ വിവേകപൂർവ്വം വിധിക്കുന്നതിന് ആവശ്യപ്പെട്ട ജ്ഞാനം സുലഭമായിരിക്കുവാൻ സന്മാർഗ്ഗ ശാസ്ത്രസംബന്ധമായ ഗ്രന്ഥങ്ങൾ കൂടെകൂടെ വായിച്ചുകൊണ്ടിരിക്കണം.

(2) അയാൾ വൈദ്യൻ ആകുന്നു. രോഗിയെ പരിശോധിച്ചു രോഗശമനത്തിനു പര്യാപ്തമായ ഔഷധം നൽകുകയാണല്ലോ ഒരു വൈദ്യന്റെ ധർമ്മം. പാപത്തിന്റെ അവസ്ഥയ്ക്കും പാപിയുടെ ശക്തിയ്ക്കും അനുരൂപമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കേണ്ടതാണ്. കുമ്പസാരിക്കുന്നവർക്കു ശരിയായ അനുതാപം, പാപത്തെ വർജ്ജിക്കുന്നതിനും പാപഹേതുക്കളെ പരിത്യജിക്കുന്നതിനും, കുറ്റവും നഷ്ടവും പരിഹരിക്കുന്നതിനും പ്രതികാരേഛ വർജ്ജിക്കുന്നതിനുമുള്ള സന്നദ്ധത മുതലായവ ഉണ്ടോ എന്ന് അയാൾ സൂക്ഷ്മമായി പരിശോധിക്കേണ്ടതുമാകുന്നു.

(3) അയാൾ ഗുരുവാകുന്നു. നല്ല ദൃഷ്ടാന്തംകൊണ്ടും, സദുപദേശങ്ങൾകൊണ്ടും പാപികളെ സുകൃത നടപടികളിലേക്കു പ്രേരിപ്പിക്കുകയും പാപകരമായ ജീവിതത്തെക്കുറിച്ച് അവർക്കു യഥാർത്ഥമായ വെറുപ്പും പശ്ചാത്താപവും ഉണ്ടാകുന്നതിന് ഉത്സാഹിക്കുകയും വേണം.

(4) അയാൾ പിതാവാകുന്നു. അയാൾ പൈതൃകമായ സ്നേഹത്തോടെ ധൂർത്തപുത്രനെ കൈക്കൊള്ളുകയും കുമ്പസാരം എത്രതന്നെ ദീർഘമായോ വിരസമായോ തോന്നിയാലും അക്ഷമനാകാതെ ശാന്തമായും പ്രസന്നമായും വർത്തിക്കയും ചെയ്യേണ്ടതാകുന്നു.

(ഐക്യദീപം 1990 ആഗസ്റ്റ് പേജ് 9 )

**സഹനജീവിതം**

"നിങ്ങൾക്കുവേണ്ടി സഹിക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു.

www.malankaralibrary.com



മ്ശിഹായുടെ സഹനങ്ങളുടെ കുറവിനെ സഭയാകുന്ന അവന്റെ ശരീരത്തെപ്രതി എന്റെ ശരീരത്തിൽ ഞാൻ പരിഹരിക്കുന്നു" (കൊളോ. 1: 24). പിതാവ് പാശ്ചാത്യപര്യടനപരിപാടി പൂർത്തിയാക്കി മടങ്ങിവന്ന് രൂപതാഭരണം പൂർവ്വാധികം ചൈതന്യപ്രദമായി നടത്തിയിരുന്നു. രൂപതയിൽ പുനരൈക്യത്തിന്റെ പുരോഗതിക്കാവശ്യമായ പല കാര്യങ്ങളും ചെയ്തുകൊണ്ടിരുന്നു. പള്ളികളും പള്ളിക്കൂടങ്ങളും അവശ്യമായിരുന്ന സ്ഥലങ്ങളിൽ പണിയിപ്പിച്ചു. പ്രേഷിതപ്രവർത്തനത്തിന് പ്രായോഗികാവശ്യവുമായ അച്ചടിശാലയും ആരംഭിച്ചു. തിരുവനന്തപുരം പുതിയ ആസ്ഥാനമാക്കിയ ബഥനി സന്യാസിനി സമൂഹങ്ങളുടെ ആശ്രമവും മഠവും തിരുവല്ലായിൽ തോലശേരിയിലും തിരുമൂലപുരത്തും പുനഃസ്ഥാപിച്ചു. വൈദികരും വിശ്വാസികളും പലസ്ഥലങ്ങളിലും സഭാ ഐക്യത്തിലേക്കു വരുകയും ചെയ്തിരുന്നു. പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ച എല്ലാവരിലും പുതുജീവൻ പകർന്നുകൊണ്ടിരുന്നു. ഇപ്രകാരം ചുരുങ്ങിയ കാലത്തെ ഭരണത്തിനിടയിൽ അവിശ്രമ പരിശ്രമംമൂലം പിതാവ് അനാരോഗ്യവാനായി തീർന്നു. പിതാവിന്റെ ആരോഗ്യത്തിനുവേണ്ടി തീക്ഷ്ണമായ പ്രാർത്ഥനകൾ നടത്തപ്പെട്ടു. പിതാവാകട്ടെ, ദൈവതിരുമനസിന് കീഴ്വഴങ്ങി തന്നെയും രൂപതയേയും ദൈവപരിപാലനയ്ക്ക് ഭരമേല്പിച്ചുകൊണ്ട് ചികിത്സയിൽ പ്രവേശിച്ചു. ബാംഗ്ലൂർ സെന്റ് മാർത്താസിലായിരുന്നു ആദ്യം വിശ്രമത്തിനും ചികിത്സയ്ക്കുമായി പോയത്. അവിടുത്തെ വിശ്രമവും ചികിത്സയും ബഹു. സിസ്റ്റേഴ്സിന്റെ പരിചരണവും കൊണ്ട് കുറച്ച് ആശ്വാസം ലഭിച്ചെങ്കിലും, പ്രതീക്ഷിച്ചപ്രകാരം രോഗം ഭേദമായില്ല. തിരുവല്ല ചെറുപുഷ്പഗിരി അരമനയിൽ തിരിച്ചെത്തി ആയുർവേദവിധിപ്രകാരമുള്ള ചികിത്സകൾ ചെയ്തു. കുടുംബവൈദ്യരായ ഒളശ മുസ്സതിന്റെ നേതൃത്വത്തിലായിരുന്നു ചികിത്സകൾ നടത്തിയിരുന്നത്. ദീർഘകാലം രോഗത്തിലും ചികിത്സയിലും നടത്തിയിരുന്നത്. ദീർഘകാലം രോഗത്തിലും ചികിത്സയിലും കഴിയേണ്ടിവന്നു. മാനസീകമായ രോഗത്തെ തുടർന്നു ഉദരവേദനയും ഉണ്ടായിരുന്നു. തന്നിമിത്തം രൂപതാഭരണം നേരിട്ട് നടത്തിയിരുന്നില്ല. എങ്കിലും, പ്രാർത്ഥനധ്യാനം മുതലായ ആത്മീകകൃത്യങ്ങൾ സ്വതസിദ്ധമായ ഭക്തിയോടുകൂടെ നിർവ്വഹിച്ചിരുന്നു. ചുരുക്കം ചില അവസരങ്ങളിൽ വി. കുർബാനയും ചൊല്ലിയിരുന്നു. മാനസീകാസ്വസ്ഥതയിലും ദൈവീക കാര്യങ്ങളും സഭാഭരണസംഗതികളും സന്യാസ ജീവിതനിയമങ്ങളും മറ്റു ആദ്ധ്യാത്മിക വിഷയങ്ങളുമാണ് അധികവും സംസാരിച്ചിരുന്നത്. അനുസരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു പറയുകയും ഉപദേശിക്കയും ചെയ്യുമായിരുന്നു. ആയുർവേദവിധിപ്രകാരമുള്ള ചികിത്സകൾ ദീർഘനാൾ ചെയ്തിട്ടും പിതാവിന് രൂപതാഭ

www.malankaralibrary.com



രണം നേരിട്ടു നടത്തുവാനുള്ള ആരോഗ്യം ലഭ്യമായില്ല. എങ്കിലും, തിരുമേനി നിരാശനോ നഷ്ടധൈര്യനോ ആയി കാണപ്പെട്ടിരുന്നില്ല പ്രത്യുത, ദൈവഹിതത്തിന് കീഴ്വഴങ്ങിയും ദൈവപരിപാലനയ്ക്ക് സ്വയം സമർപ്പിച്ചും അനാരോഗ്യത്തിന്റെ അവശതകളും അതിവേദനകളും ആവലാതിയോ അക്ഷമയോ കൂടാതെ സഹിച്ചിരുന്നു. വൈദികൻ, ആശ്രമഗുരു, ആത്മീയപിതാവ്, മെത്രാൻ, രൂപതാദ്ധ്യക്ഷൻ എന്നീ ഉന്നത അധികാര സ്ഥാനങ്ങൾ വഹിച്ചിരുന്ന ആളായിരുന്നെങ്കിലും വൈദ്യവിധികളും നിർദ്ദേശങ്ങളും അനുസരിച്ചു പ്രവർത്തിക്കയും, ആതുരശുശ്രൂഷകർ ആവശ്യപ്പെടുന്നതും അറിയിക്കുന്നതും ആശങ്കകൂടാതെ അനുസരിക്കയും ചെയ്തിരുന്നു. THE IMITATION OF CHRIST എന്ന പുസ്തകം പരിഭാഷപ്പെടുത്തി മ്ശിഹാനുകരണം എന്ന പേരിൽ പ്രസിദ്ധീകരിച്ച തിരുമേനി, പ്രസ്തുത പുസ്തകത്തിന്റെ രചയിതാവായ THOMAS AKEMPIS ന്റെ ആശയാനുഭവങ്ങൾ തന്റെ ജീവിതത്തിൽ അന്വർത്ഥമാക്കിയിരുന്നുവെന്ന് അനുമാനിക്കാവുന്നതാണ്.

പരീക്ഷിതരാകുമ്പോൾ നിരാശപ്പെടരുത്. എല്ലാ കൊടിയ ദുരിതങ്ങളിലും നമ്മെ അനുഗ്രഹിച്ച് സഹായിക്കാനായി വികാരതീക്ഷ്ണതയോടെ ദൈവത്തോടു പ്രാർത്ഥിക്കണം. വിശുദ്ധ പൗലോസ് പ്രസ്താവിക്കുന്നതുപോലെ, 'പരീക്ഷകളോടൊപ്പം അവയോടു പോരാടുവാൻ തക്കവിധം ദൈവം നമ്മെ കഴിവുള്ളവരാക്കിതീർക്കും'. എല്ലാ പരീക്ഷകളിലും ക്ലേശങ്ങളിലും നമ്മുടെ ആത്മാക്കളെ ദൈവത്തിന്റെ തൃക്കൈകൾക്കു കീഴിൽ എളിമപ്പെടുത്തൻ നാം അനുവദിക്കണം. കാരണം, മനസിൽ എളിമയുള്ളവരെ ദൈവം രക്ഷിച്ചുയർത്തും.

പരീക്ഷകളും ദുരിതങ്ങളും ഒരുവൻ നന്മയിൽ എന്തു പുരോഗതി നേടി എന്നു തെളിയിക്കുന്നു. അവയിലാണ് കൂടുതൽ ഗുണോൽക്കർഷം. അവന്റെ നന്മ അവിടെ ജാജ്വല്യമാനമായിതീരുകയും ചെയ്യുന്നു. കഷ്ടതയുടെ ഞെരുക്കം അനുഭവിക്കാത്തപ്പോൾ ഒരുവൻ ഭക്തിയും ഔത്സുക്യവുമുള്ളവനായിരിക്കുന്നത് വലിയ കാര്യമല്ല. എന്നാൽ ദുരിതകാലത്ത് ക്ഷമയോടെ എല്ലാം സഹിക്കുമെങ്കിൽ അവനു വലിയ പുണ്യവർദ്ധന ഉണ്ടാകുമെന്ന് പ്രത്യാശിക്കാം" (പുസ്തകം 1 അദ്ധ്യായം 13)

ഇപ്രകാരം തിരുമേനിയുടെ സഹനസമർപ്പണം, വിശുദ്ധ പൗലോസു ശ്ലീഹായുടെ സമർപ്പണംപോലെ, രൂപതയുടെ പുരോഗതിക്കും പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക്, വളവും വെള്ളവും ആയിരുന്നു എന്ന് അക്കാലത്തെ പുനരൈക്യ സഭാചരിത്രം സാക്ഷിക്കുന്നുണ്ട്. ആശ്രമ ഗുരു എന്ന നിലയിൽ ആരംഭത്തിൽ ആശ്രമത്തിലും ആശ്രമസ്ഥരിലും സന്യാസാരൂപി വളർത്താൻ തന്റെ സമർപ്പണ ജീവിതം

www.malankaralibrary.com



സാക്ഷ്യം നൽകിയതുപോലെ തന്നെയായിരുന്നു ഇതുമെന്ന് കരുതാം. 1955 സെപ്റ്റംബർ മാസത്തിൽ മലങ്കര സഭാ പുനരൈക്യ പ്രസ്ഥാനത്തിന്റെ രജതജൂബിലി, അതിന്റെ പിള്ളത്തൊട്ടിയായിരുന്ന തിരുമൂലപുരത്തു വച്ച് ആഘോഷിച്ചതു കാണുവാനും, തദവസരത്തിൽ സന്നിഹിതനായി ദൈവത്തിന് കൃതജ്ഞതാ സ്തോത്രം സമർപ്പിക്കുവാനും തെയോഫിലോസ് തിരുമേനിക്കു സാധിച്ചു. മാത്രമല്ല, മലങ്കരസഭാമക്കൾക്ക് തന്റെ പൈതൃകാശിർവാദം നല്കുകയും ചെയ്തു. സഭാഐക്യപ്രവാചകനും പുനരൈക്യപ്രസ്ഥാനത്തിലെ പ്രഥമാംഗവും സഭാപിതാവുമായിരുന്ന മാർ ഈവാനിയോസ് മെത്രാപ്പോലീത്ത തിരുമേനി രണ്ടു വർഷം മുമ്പ് കാലം ചെയ്തിരുന്നു. പുനരൈക്യത്തിൽ ദ്വിതീയാംഗമായിരുന്ന മാർ തെയോഫീലോസ് തിരുമേനി പ്രഥമാംഗവും പിതാവും ആയിരുന്നു, രജതജൂബിലിയുടെ ആഘോഷാവസരത്തിൽ. പുനരൈക്യരജതജൂബിലി പ്രമാണിച്ച്, എറണാകുളം അതിരൂപതവക 'സത്യദീപം' വാരിക, പുനരൈക്യരജതജൂബിലി സമാപന മഹാമഹം ''സ്മാരക സ്പെഷ്യൽ'' പ്രസിദ്ധപ്പെടുത്തിയിരുന്നു. 1930 – ൽ പുനരൈക്യാനന്തരം മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനിയും മാർ തെയോഫിലോസ് തിരുമേനിയുംകൂടെ എറണാകുളം മെത്രാപ്പോലീത്തായുടെ അരമനയിൽ എത്തി പുനരൈക്യപ്രസ്ഥാനത്തിന്റെ ''തലതൊട്ടപ്പൻ'' എന്ന അഭിധാനത്തിൽ അറിയപ്പെട്ടിരുന്ന അഭിവന്ദ്യ മാർ അഗസ്റ്റിൻ കണ്ടത്തിൽ മെത്രാപ്പോലീത്താ തിരുമേനിയെ സന്ദർശിക്കയുണ്ടായി. നവാഗതരായ നമ്മുടെ പിതാക്കന്മാർക്കവിടെ ഹൃദ്യമായ സ്വാഗതവും സ്വീകരണവും നല്കപ്പെട്ടു. തദവസരത്തിൽ മൂന്നു പിതാക്കന്മാരും ഒരുമിച്ചുള്ള ഫോട്ടോ എടുത്തിരുന്നു. പ്രസ്തുത ഫോട്ടോയുടെ ത്രിവർണ്ണചിത്രങ്ങളോടുകൂടെയാണ് പുനരൈക്യജൂബിലി സ്മാരക സ്പെഷൽ ഇറക്കിയത്. പത്രത്തിന്റെ തലക്കെട്ടായി മലങ്കരയിൽ തലമുറകളായി നടന്നിരുന്ന പുനരൈക്യപരിശ്രമത്തിൽ ചരിത്രം സംഗ്രഹിച്ചിരുന്നതിപ്രകാരമാണ്.

1786 സെപ്റ്റംബറിൽ മിന്നിമറഞ്ഞ പുനരൈക്യതാരം 1930 സെപ്റ്റംബറിൽ പ്രശോഭിതമായി. ആറാം മാർത്തോമ്മാ (ഒന്നാം മാർ ദീവന്യാസ്യോസ് ) അഭിലഷിച്ച മഹാകാര്യം ബഥനിയുടെ മാർ ഈവാനിയോസും മാർ തിയോഫിലോസും സഫലമാക്കി.

പ്രസ്തുത പത്രത്തിൽ പുനരൈക്യമഹാരഥന്മാർ എന്നൊരു ലേഖനം മോൺ ജോൺ കച്ചിറമറ്റം എഴുതിയിരുന്നു. പണ്ഡിതനും പുണ്യശ്ലോകനുമായിരുന്ന ലേഖകൻ, മാർ ഈവാനിയോസിനെക്കുറിച്ച് എഴുതിയതിനെ തുടർന്ന് മാർ തെയോഫിലോസ് തിരുമേനിയുടെ അനാരോഗ്യംമൂലം രൂപതയ്ക്കുണ്ടായ അനാഥാവസ്ഥയിൽ ദൈവത്തിന്റെ അത്ഭു

www.malankaralibrary.com



തകരമായ പരിപാലനയെ അനുസ്മരിച്ചുകൊണ്ട് എഴുതി: –

ഈ ഗുരുസത്തമന്റെ രണ്ടു ശിഷ്യപ്രധാനന്മാരായിരുന്നു മാർ തെയോഫിലോസ്, മാർ സേവേറിയോസ് എന്നീ തിരുമേനിമാർ, സുകൃതാത്മാവായ മാർ തിയോഫിലോസ് 1935 വരെ തിരുവല്ലാരൂപതാ ശിശുവിനെ പരിരക്ഷിക്കുകയും അതിന്റെ അത്ഭുതകരമായ വളർച്ചയ്ക്ക് അടിസ്ഥാനമിടുകയും ചെയ്തു. ടൗണിലുള്ള ഒരു വാടകകെട്ടിടത്തിലാണ് ആ ത്യാഗിവര്യൻ താമസിച്ചിരുന്നത്. ആദ്യഘട്ടത്തിൽ തന്നെ സെമിനാരി സ്ഥാപിച്ചു വൈദിക വിദ്യാർത്ഥികളെ പരിശീലിപ്പിച്ചു തുടങ്ങി. സമീപ രൂപതകളിൽ നിന്നു വൈദികർ മിഷൻ വേലയ്ക്കായി വന്നുചേർന്നു. കർമ്മലീത്ത സന്യാസികൾ പല മിഷൻ ചുമതലകളും ഏറ്റെടുത്തു. ഇതിനകം പല വൈദികരും പുനരൈക്യപ്പെടുകയും ചെയ്തു. വടക്കൻ മിഷൻ രംഗങ്ങളുടെ ചുമതലയ്ക്കായി വൈദികരേയും ഉപദേശിമാരേയും പ്രത്യേകം നിയോഗിച്ചു. ബഥനി സന്യാസാശ്രമവും മഠവും തിരുവല്ലായിൽ സ്ഥാപിക്കപ്പെട്ടു.

1933 – ൽ മാർ തെയോഫിലോസ് ഭാഗ്യസ്മരണാർഹനായ 11 –ാം പിയൂസ് പാപ്പായെ സന്ദർശിക്കുകയും, പാശ്ചാത്യരാജ്യങ്ങളിൽ പര്യടനം നടത്തുകയും ചെയ്തു. മിഷൻ ചൈതന്യം നിറഞ്ഞ ഒരു യതിവര്യനാണ് അങ്ങുന്ന് എന്ന് പാശ്ചാത്യരും സാക്ഷിച്ചു. പുതിയ മിഷൻ രൂപതയുടെ ബഹുലങ്ങളായ കർമ്മപരിപാടികൾ നിർവ്വഹിക്കുവാനുള്ള ആത്മാർത്ഥമായ യത്നത്തിൽ ആ പുരോഹിത ശ്രേഷ്ഠന്റെ ആരോഗ്യം ശിഥിലീഭവിക്കുകയും, വിനാവിളംബം രോഗബാധിതനായി തീരുകയും ചെയ്യ്തു. എന്നിട്ടും തന്നിൽ ഇന്നോളം പ്രകടമായി പ്രവർത്തിക്കുന്ന ചിന്ത ക്രിസ്തുവിന്റെ ഏക തൊഴുത്തിലേക്കുള്ള ഭിന്നലക്ഷങ്ങളുടെ പുനരാഗമനമാണ്.

രൂപതാശിശുവിന് ഇപ്രകാരം സംഭവിച്ച അനാഥത്വം ഏറ്റവും ദുർഭഗമായ ഒന്നായിരുന്നു. മിഷൻ പ്രവർത്തനങ്ങളെല്ലാം മുരടിക്കുമെന്നദിക്കായി. പക്ഷെ കത്തോലിക്കാ ലോകം തീവ്രമായ പ്രാർത്ഥനയാലും , നിർല്ലോഭമായ ധനസഹായംകൊണ്ടും ക്രിസ്തുവിന്റെ മൗതിക ശരീരത്തിലെ ഏറ്റവും നവീനഘടകമായ പുനരൈക്യപ്രസ്ഥാനത്തെ പരിപോഷിപ്പിച്ചു. അനാഥയായ രൂപതയ്ക്കുവേണ്ടി ഒരു ഭരണാധിപനെ സഭയുടെ നാഥൻ തന്നെ തെരഞ്ഞെടുത്തു നല്കി. അതൊരത്ഭുതമാന സാന്തരമായി ഇന്നും എണ്ണപ്പെട്ടു പോരുന്നു..... .... .... ഇതു കൃപാവരത്തിന്റെ ഒരത്ഭുത സിദ്ധിയായിരുന്നുവെന്നത് തീർച്ച തന്നെ.

(സത്യദീപം പുസ്തകം 29, ലക്കം 7 1955 സെപ്റ്റംബർ 21)

പുനരൈക്യത്തിന് മുമ്പ് ഒന്നര വർഷത്തോളം ആശ്രമത്തിൽ തിരുമേനിയുടെകൂടെ ജീവിക്കുന്നതിനും, തിരുമേനിയുടെ രോഗാവസ്ഥ

www.malankaralibrary.com



യിൽ ഒരു മാസത്തോളം കൂടെതാമസിക്കുന്നതിനും, അനന്തരം അനേകം പ്രാവശ്യം ഇരുപതുവർഷത്തോളം തിരുമേനിയെ സന്ദർശിക്കാനും സംസാരിക്കുവാനും സാധിച്ചു. ഇതിന്റെ സ്മരണയും സാക്ഷ്യവുമാണ് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സദാ സൗമ്യനായിരുന്ന തിരുമേനി ഒരിക്കൽ പോലും ക്ഷോഭിച്ചു കണ്ടിട്ടില്ല. എത്രയും മിതഭാഷിയായിരുന്ന തിരുമേനിയിൽ നിന്നാശ്വസിപ്പിക്കുന്ന വാക്കുകളല്ലാതെ വിഷമിപ്പിക്കുന്ന ചോദ്യങ്ങളോ, വിമർശിക്കുന്ന സംസാരമോ ഉണ്ടാകുമായിരുന്നില്ല. ഉദരത്തിൽ ദുസഹമായ വേദന അനുഭവിച്ചിരുന്നപ്പോഴും, അതു പുറമെ പ്രത്യക്ഷപ്പെടുത്താതിരിപ്പാനും, മറ്റുള്ളവരെ അറിയിക്കാതിരിപ്പാനും, സ്വതസിദ്ധമായ പ്രസന്നതയോടും ഒരു താപസന്റെ സഹിഷ്ണതയോടും കൂടെയാണ് സഹിച്ചിരുന്നത്.

(ഐക്യദീപം 1990 ഒക്ടോബർ പേജ് 12 )

തെയോഫിലോസ് തിരുമേനി രോഗബാധിതനായപ്പോൾതന്നെ അദ്ദേഹത്തിന്റെ സൗഖ്യത്തിനുവേണ്ടി പള്ളികളിലും സ്ഥാപനങ്ങളിലും മുട്ടിപ്പായും മുടങ്ങാതെയും എല്ലാവരും പ്രാർത്ഥിച്ചിരുന്നു. അതോടൊപ്പം വിദഗ്ധഭിഷഗ്വരന്മാരുടെ നിർദ്ദേശപ്രകാരമുള്ള ചികിത്സയും തുടർച്ചയായി ചെയ്തുകൊണ്ടിരുന്നു. പക്ഷേ, പ്രതീക്ഷിച്ചഫലം ലഭ്യമായില്ല. അപ്പസ്തോലനായ വിശുദ്ധ പൗലോസിന്റെ അനുഭവം തന്നെയാണ് തിരുമേനിക്കും ഉണ്ടായത്. ‘‘അത് എന്നെ വിട്ടുമാറുവാൻവേണ്ടി മൂന്നു പ്രാവശ്യം ഞാൻ എന്റെ കർത്താവിനോട് പ്രാർത്ഥിച്ചു. എന്നാൽ അവൻ എന്നോടു അരുൾചെയ്തു: ‘‘നിനക്കു എന്റെ കൃപമതി. ബലഹീനതയിലാണ് എന്റെ ശക്തി പൂർണ്ണമാകുക. അതിനാൽ മ്ശിഹായുടെ ശക്തി എന്നിൽ ആവസിക്കേണ്ടതിന് ഞാൻ എന്റെ ബലഹീനതയെക്കുറിച്ച് ഏറെ സന്തോഷത്തോടെ പ്രശംസിക്കും, എന്റെ ബലഹീനതകളിലും അപമാനത്തിലും കഷ്ടപ്പാടുകളിലും പീഡാസഹനങ്ങളിലും കാരാഗൃഹങ്ങളിലും ഞാൻ മ്ശിഹായിൽ സന്തോഷിക്കുന്നു, കാരണം ദുർബലനായിരിക്കുമ്പോഴാണ് ഞാൻ യഥാർത്ഥത്തിൽ ബലവാനാകുന്നത് (2 കോരി. 12: 8– 10)’’.

പ്രാർത്ഥനയും അഭ്യർത്ഥനയും എപ്പോഴും ദൈവഹിതത്തിന് വിധേയമായിരിക്കണമെ. അതിനും, തൻമൂലം സാഫല്യം സിദ്ധിക്കുമെന്നതിനും നമ്മുടെ കർത്താവിന്റെ മാതൃകയും അനുഭവവും നമുക്കു കാണാൻ കഴിയും ‘‘പിതാവേ, നിനക്ക് ഇഷ്ടമാണെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നകന്നുപോകട്ടെ. എങ്കിലും, എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നിറവേറട്ടെ! അപ്പോൾ അവനെ ശക്തിപ്പെടുത്താൻ സ്വർഗ്ഗത്തിൽനിന്ന് ഒരു ദൂതൻ പ്രത്യക്ഷനായി, ഭയ വിഹ്വലനായിരുന്ന അവൻ കൂടുതൽ തീക്ഷണമായി പ്രാർത്ഥിച്ചു (ലൂക്കോ. 22; 42–43) ഈ സ്ഥിതി വിശേഷമാണ് തിരുമേനിക്കും അനുഭവമായിരുന്നതെന്ന് കരുതണം.

www.malankaralibrary.com



രാത്രിയുടെ തമസ് ചന്ദ്രൻ ശമിപ്പിക്കുന്നതുപോലെ, അനാരോഗ്യത്തിന്റെ അരോചകാനുഭവങ്ങൾ ആദ്ധ്യാത്മിക ചിന്തകളിലും, സ്വതസിദ്ധമായ സൽഗുണങ്ങളുടെ പ്രകാശത്തിലും ശാന്തമായിരുന്നു എന്ന് തിരുമേനിയെ സന്ദർശിച്ചു സംസാരിക്കുന്നവർക്കു അനുഭവമാകുമായിരുന്നു. മുള്ളുകൾ നിറഞ്ഞ ചെടികളിൽ നിന്ന് ശേഖരിച്ച, സൗന്ദര്യം തുളുമ്പുന്നതും സൗരഭ്യം തൂകുന്നതുമായ റോസ പുഷ്പങ്ങളാൽ ആവരണം ചെയ്യപ്പെട്ട ക്രൂശിത രൂപത്തെ ആശ്ലേഷിച്ചു നില്ക്കുന്ന വിശുദ്ധ ചെറുപുഷ്പത്തിന്റെ മാതൃക, ആ വിശുദ്ധയുടെ ഒരു ഭക്തനായിരുന്ന തിരുമേനിയുടെ ജീവിതത്തിലും പ്രതിഫലിച്ചിരുന്നു. താൻ ധരിച്ചിരുന്ന കുരിശിനോടൊപ്പം അനാരോഗ്യത്തിന്റെ ക്ലേശങ്ങളാകുന്ന കുരിശുകളും, ക്ഷമാപൂർവ്വമായ സഹനത്തിന്റയും മറ്റുള്ളവരോടുള്ള സ്നേഹത്തിന്റെയും ആദരവിന്റെയും, സൗമ്യമായ സംഭാഷണത്തിന്റെയും മറ്റു സുകൃതങ്ങളുടെയും കുസുമങ്ങളാൽ ആവരണം ചെയ്യപ്പെട്ടിരുന്നു.

വിശുദ്ധ കൊച്ചുത്രേസ്യായ്ക്കുണ്ടായിരുന്ന കുരിശിന്റെ കാഴ്ചപ്പാടും പീഡാ സഹനത്തിന്റെ അരൂപിയും വിശുദ്ധയുടെ ഭക്തനായിരുന്ന തിരുമേനിയിലും കാണപ്പെട്ടിരുന്നു. ഞാൻ കർമ്മലയിൽ ആദ്യമായി പ്രവേശിച്ചപ്പോൾ കുരിശ് അതിന്റെ കൈകൾ നീട്ടി എന്നെ ക്ഷണിക്കയും ഞാൻ സ്നേഹാതിരേകത്താൽ അതിനെ ആശ്ലേഷിക്കയും ചെയ്തു'' (വി. കൊച്ചുത്രേസ്യാ). കഥാനായകൻ ബഥനി മലയിലെ ആശ്രമത്തിൽ ആദ്യമായി സന്യാസ പ്രതിഷ്ഠ ചെയ്തപ്പോൾ ശിരസ്സിന്മീതെ ഉയർത്തപ്പെട്ട വിശുദ്ധ കുരിശിനെ സ്നേഹാതിരേകത്തോടെ വീക്ഷിക്കയും 'എന്റെ പിന്നാലെ വരുവാൻ ഇച്ഛിക്കുന്നവൻ ദിനം പ്രതി തന്റെ കുരിശു വഹിച്ചുകൊണ്ട് എന്റെ പിന്നാലെ വരട്ടെ' (വി. ലൂക്കോ 9- 23)എന്നുള്ള തിരുനാഥന്റെ ദിവ്യസ്വരം ആനന്ദത്തോടെശ്രവിക്കയും ചെയ്തിരുന്നു. തുടർന്ന് സ്ലീബായാൽ ആശീർവദിച്ചു മുദ്രകുത്തപ്പെട്ടപ്പോൾ, കുരിശു കരങ്ങളിൽ സ്വീകരിച്ച് തന്റെ തോളിൽ അമർത്തി പിടിച്ചു. ''കർത്താവ് തന്റെ സ്ലീബായിൽ നിന്നെ മുദ്രകുത്തട്ടെ. തന്റെ റൂശ്മായാൽ നിന്നെ റൂശ്മാ കുത്തട്ടെ. തന്റെ വിശുദ്ധ മുദ്ര നിന്റെമേൽ അടയാളപ്പെടുത്തട്ടെ'' (സ. പ്ര. ശുശ്രൂഷാക്രമം). അതുമുതൽ ജീവിതത്തിൽ ഉടനീളം കുരിശുവഹിച്ചുകൊണ്ട് മ്ശിഹായെ അനുകരിക്കയും, അവിടുത്തെ പീഡാസഹനത്തിൽ പങ്കുചേരുകയും ചെയ്തതിനാൽ ആ പുണ്യാത്മാവ് സഹനത്തിന്റെ ഒരു വേദസാക്ഷി ആയി തീർന്നു.

''ആത്മാക്കളെ സമ്പാദിക്കുന്നതിനുള്ള ഉത്തമ മാർഗ്ഗം കുരിശുകളാകുന്നു എന്ന് ഈശോ എന്നെ ഗ്രഹിപ്പിക്കുക നിമിത്തം പീഡകൾ സഹിക്കുന്നതിനനുസരണമായി അവയ്ക്കുള്ള പ്രത്യാശയും എന്നിൽ അധികരിച്ചുകൊണ്ടിരുന്നു'' (വി. കൊച്ചുത്രേസ്യാ). തിരുമേനിയുടെ ആരോഗ്യകാലത്ത് എന്നതിനെ അപേക്ഷിച്ച്, അനാരോഗ്യകാലത്തെ സഹന സമർപ്പണം വഴി അനേകം ആളുകളും വിശേഷിച്ച് പ്രതീക്ഷിക്കപ്പെടാതിരുന്ന ഏതാനും മഹൽ വ്യക്തികളും സഭാ ഐക്യ

www.malankaralibrary.com



ത്തിൽ പ്രവേശിച്ചതായി കാണുവാൻ കഴിയും. നീതിമാനായ യോബിന്റെ അനുഭവം തെയോഫിലോസ് തിരുമേനിയെ സംബന്ധിച്ചും നിറവേറി എന്നു കരുതാം. അവന്റെ ദീപം എന്റെ തലയ്ക്കു മീതെ പ്രകാശിച്ചു; അവന്റെ വെളിച്ചത്താൽ ഞാൻ ഇരുട്ടിൽ നടത്തു (യോബ് 29. 3)''. യോബിന്റെ കഷ്ടകാലത്തെ പരീക്ഷണത്തെ തുടർന്ന് സമൃദ്ധിയായി നന്മകൾ നല്കപ്പെട്ടു. ''യഹോവ, യോബിന്റെ പിൻകാലത്തെ അവന്റെ മുൻകാലത്തെക്കാൾ അധികം അനുഗ്രഹിച്ചു (യോബ് 42: 12). അതു പോലെ തിരുമേനിയുടെ രോഗം മൂലം രൂപതയ്ക്കുണ്ടായ അരക്ഷിതാവസ്ഥ, തിരുമേനിയുടെ സഹന സമർപ്പണത്തിൽകൂടെ പരിഹരിക്കപ്പെടുകയും ധാരാളമായി അനുഗ്രഹിക്കപ്പെടുകയും ചെയ്തിരുന്നു എന്നതാണ് ചരിത്രം. തിന്മയിൽ നിന്നും നന്മ ഉളവാക്കാൻ ദൈവത്തിന് കഴിയുന്നു.

അഭിവന്ദ്യ തെയോഫിലോസ് തിരുമേനിയുടെ അനാരോഗ്യാവസ്ഥ അന്ന് ഒരു ചോദ്യചിഹ്നം ആയിരുന്നു. ''അന്യഥാ ചിന്തിതം കാര്യം ദൈവം അന്യത്ര ചിന്തയേൽ'' എന്ന പ്രത്യുത്തരമേ അതിനുള്ളു. അതിനുള്ള തെളിവുകളിൽ ചിലതു മാത്രമാണ് മേലുദ്ധരിച്ചത്. ക്രിസ്ത്വനുകരണം പറയുന്നു: - പുണ്യവാന്മാരെല്ലാവർക്കും അരിഷ്ടതകളും, പരീക്ഷകളും ഉണ്ടായി അവയാൽ അവർ പുണ്യത്തിൽ വർദ്ധിച്ചു''. (പുസ്തകം 1 അദ്ധ്യായം 13: 2). ആദ്യകാല ക്രിസ്ത്യാനികൾക്കുണ്ടായ പീഡനങ്ങളുടെ സഹനം സഭയെ വളർത്തിയതുപോലെ തിരുമേനിയുടെ സഹനജീവിതം പുനരൈക്യത്തിന്റെ പുരോഗതിക്കുപകരിച്ചിരുന്നു. അന്ന് രൂപതയുടെ വളർച്ചക്ക് രൂപതാദ്ധ്യക്ഷനായിരുന്ന തിരുമേനിയുടെ സഹനസമർപ്പണം ഉതകുന്നതിന്, ദൈവത്തിന്റെ ദിവ്യ പരിപാലന സംഗതിയാക്കിയെങ്കിൽ, അതൊരു മൂലധനം എന്നപോലെ എന്നും ആയിരിക്കയും ചെയ്യും. തിരുമേനിയുടെ ജന്മശതാബ്ദിവരെയുള്ള ചരിത്രം അതുസാക്ഷിക്കുന്നു.

**സഹനസമർപ്പണ സമാപനം**

''ഞാൻ സഹിച്ച നിരവധി പീഡനങ്ങളിൽ നിന്ന്, അങ്ങയുടെ കാരുണ്യാതിരേകവും, നാമത്തിന്റെ മഹത്വവും എന്നെ മോചിപ്പിച്ചു'' (പ്രഭാ. 51: 3). പ്രാർത്ഥനയും പ്രായശ്ചിത്തവും പരിത്യാഗപരമായ തപോജീവിതവും പ്രശാന്തമായ സഹനവും വഴി സന്യാസ ജീവിതം നയിച്ചിരുന്ന കഥാപുരുഷൻ, പൗരോഹിത്യത്തിന്റെ പൂർണ്ണതയായ മെത്രാൻ പദവിയിൽ ഉയർത്തപ്പെട്ടപ്പോഴും അതേ നിഷ്ഠയിൽ തന്നെയാണ് ജീവിച്ചിരുന്നത്. സഭാഐക്യത്തിനുള്ള കൃപാവരം കൈവരിച്ചതിന്റെ രഹസ്യം മറ്റൊന്നായിരുന്നില്ല തിരുസഭയിൽ സഭാഭരണം ഭരമേല്പിക്കപ്പെട്ടപ്പോഴും അതേ അരൂപിയിൽ തന്നെയാണ് ജീവിച്ചിരുന്നത്. തന്നിമിത്തം അനാരോഗ്യം അനുഭവപ്പെട്ടപ്പോഴും രോഗാവസ്ഥയിലും ആദ്ധ്യാത്മികാരൂപി അണഞ്ഞുപോയിരുന്നില്ല. ഇപ്രകാരം പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി സ്വയ സമർപ്പണം ചെയ്തിരുന്ന തിരുമേനി

www.malankaralibrary.com



അനുദിനം അവശനായിക്കൊണ്ടിരുന്നു. ഉദര രോഗത്തിന്റെ വേദനകൾ മനസ്സിന്റെ മാന്ദ്യത്തെ മാറ്റിയിരുന്നു. അണയാൻ പോകുന്ന ദീപം ജ്വലിച്ചു പ്രകാശിക്കുന്ന പ്രകാരം അന്ത്യത്തോട് അടുക്കുന്തോറും തനിക്കു മാനസീകമായും സ്വതസിദ്ധമായും ഉണ്ടായിരുന്ന സകല സൽഗുണങ്ങളും പൂർണ്ണമായി പ്രശോഭിച്ചു കാണപ്പെട്ടിരുന്നു. മങ്ങിയ വിളക്ക് പ്രകാശിക്കുമ്പോൾ പ്രസാദം തോന്നുന്ന പ്രകാരം, എല്ലാവരിലും പ്രത്യാശ ഉളവാക്കിയ ഒരനുഭവമായിരുന്നു അത്. ആ ദിവസങ്ങളിൽ തന്നെ സന്ദർശിച്ചിരുന്നവരോടെല്ലാം ക്ഷേമാന്വേഷണം നടത്തുകയും പൈതൃക വാത്സല്യത്തോടെ അവർക്ക് ആശീർവാദം നൽകുകയും ചെയ്തിരുന്നു. ശാരീരികാവശത വർദ്ധിച്ചുവരുന്നതായി കാണപ്പെട്ടതുകൊണ്ട് പിതാവിന് തൈലാഭിഷേക ശുശ്രൂഷ നൽകപ്പെട്ടു പിതാവിന്റെ പിൻഗാമിയും രൂപതാദ്ധ്യക്ഷനുമായിരുന്ന അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസ്യോസ് തിരുമേനിയാണ് രോഗീലേപനം നടത്തിയത്. നല്ല ആത്മീയ ഒരുക്കത്തോടും ശ്രദ്ധയോടും ശുശ്രൂഷകളിൽ ശ്രദ്ധിക്കുവാനും കൂദാശസ്വീകരിക്കുവാനും പിതാവിന് സാധിച്ചു.

തുടർന്നുള്ള ദിവസങ്ങളിൽ പിതാവ് ആരേയോ പ്രതീക്ഷിക്കുന്നതായി കാണപ്പെട്ടിരുന്നു. സ്വന്തപ്പെട്ടവരും ബന്ധപ്പെട്ടവരുമായി അനേകർ വന്നു തിരുമേനിയെ കണ്ടിരുന്നു. എങ്കിലും ഇനിയും ആരേയോ പ്രതീക്ഷിച്ചുകൊണ്ടുതന്നെ കഴിഞ്ഞിരുന്നു. കർത്താവിന്റെ വരവിനെയായിരുന്നു പിതാവ് പ്രതീക്ഷിച്ചിരുന്നതെന്ന് കരുതാം. ''നിങ്ങൾ അരകൾ മുറുക്കിയും വിളക്കുകൾ കൊളുത്തിയും ഇരിക്കുവീൻ. വിരുന്നു ശാലകളിൽ നിന്ന് മടങ്ങിവരുന്ന യജമാനൻ, മുട്ടുമ്പോൾ തന്നെ വാതിൽ തുറന്നുകൊടുക്കാൻ കാത്തിരിക്കുന്നവരെപ്പോലെ ആയിരിക്കണം നിങ്ങൾ. യജമാനൻ വരുമ്പോൾ ഉണർന്നിരിക്കുന്നവരായി കാണുന്ന ദാസന്മാർ അനുഗ്രഹീതർ ! സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, അയാൾ സ്വന്തം അരമുറുക്കി അവരെ ഭക്ഷണത്തിനിരുത്തുകയും പരിചരിക്കയും ചെയ്യും (ലൂക്കോ, 12: 35-37). ഈ തിരുവചനങ്ങൾ തന്റെ പ്രസംഗത്തിൽ പലപ്പോഴും വിശ്വാസികളെ അനുസ്മരിപ്പിച്ചിരുന്ന തിരുമേനി അപ്രകാരം കർത്താവിന്റെ വരവിനെ കാത്തിരുന്നു എന്നാണ് അന്ത്യകാലാനുഭവങ്ങൾ സാക്ഷിക്കുന്നത്. തെയോഫിലോസ് തിരുമേനിയുടെ അത്യാസന്നാവസ്ഥയറിഞ്ഞ ആർച്ചു ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി 1956 ജൂൺ 27-ാം തീയതി ബുധനാഴ്ച തിരുവല്ല പുഷ്പഗിരിയിൽ എത്തി. സഖറിയാസ് മാർ അത്തനാസ്യോസ് തിരുമേനി അവിടെ ഉണ്ടായിരുന്നു. തെയോഫിലോസ് പിതാവ് മരണാസന്നനായിരിക്കുന്ന വിവരം അറിഞ്ഞ് പിതാവിനെ കാണാൻ പലരും അവിടെ എത്തിയിരുന്നു. ബഥനി സമൂഹാദ്ധ്യക്ഷനായിരുന്ന ഫാദർ പീറ്റർ ഒ. ഐ. സി., തിരുവല്ല ബഥനി ആശ്രമസുപ്പീരിയറും അംഗങ്ങളും, അരമനയിലെ വൈദികർ, അരമ

www.malankaralibrary.com



നകച്ചേരിയിൽ പിതാവ് നിയമിച്ചിരുന്ന ഫീലിപ്പോച്ചൻ, പിതാവിന്റെ രോഗചികിത്സയ്ക്ക് ചുമതലവഹിച്ചിരുന്ന കുട്ടിസാർ (മിസ്റ്റർ എ. ജെ. വറുഗീസ്), തിരുമൂല ബഥനിമഠത്തിലെ മദർ ഹൂബാ എസ്. ഐ. സി. യും ഏതാനും സിസ്റ്റേഴ്സും, തിരുമൂലപള്ളി വികാരി ബഹു. ചിറ്റക്കാട്ടച്ചൻ (ഫാ. മാത്യു ചിറ്റക്കാട്ട്) തിരുവനന്തപുരം നാലാഞ്ചിറ ബഥനി മഠത്തിൽ നിന്ന് മദറും, തെയോഫിലോസ് തിരുമേനിയുടെ സഹോദരി മദർ സൈബാർ എസ്. ഐ. സി. യും, സഹോദരൻ മാത്തുക്കുട്ടി സാറും മറ്റ് ഏതാനും സുഹൃത്തുക്കളും സന്നിഹിതരായിരുന്നു. പിതാക്കന്മാർ പ്രാർത്ഥന നടത്തുകയും, മരണാസന്നർക്കുള്ള അപ്പാസ്തോലിക ആശീർവാദം നൽകുകയും ചെയ്തു. തുടർന്ന്, എല്ലാവരും ചേർന്നു അന്ത്യകാല പ്രാർത്ഥന ചൊല്ലിക്കൊണ്ടിരിക്കുമ്പോൾ, തെയോഫിലോസ് പിതാവ് തന്റെ മുമ്പിൽ നില്ക്കുന്നവരെ സൂക്ഷിച്ചുനോക്കി എന്തോ പറയുന്നുണ്ടായിരുന്നു. പൂർവ്വിക പിതാവായ യാക്കോബ്, തന്റെ മക്കളെയെല്ലാം അടുക്കൽ വരുത്തി ഉപദേശിച്ചനുഗ്രഹിച്ചു കഴിഞ്ഞ് കിടക്കയിലേക്കു ചാഞ്ഞ് അന്ത്യശ്വാസം വലിച്ച് തന്റെ ജനത്തോട് ചേർന്നു (ഉൽ. 49: 28– 33). അതുപോലെ ബഥനിയിലെ ഗുരുവും പുനരൈക്യ പ്രസ്ഥാനത്തിലെ പിതാക്കന്മാരിൽ ദ്വിതീയനും, തിരുവല്ല ഭദ്രാസനത്തിന്റെ പ്രഥമ മെത്രാനുമായിരുന്ന ഈ യാക്കോബും തന്റെ വലതുകരംഉയർത്തി, അവിടെ പ്രാർത്ഥിച്ചുകൊണ്ടുനിന്നവരെ ആശീർവദിച്ചനുഗ്രഹിച്ചതോടെ കണ്ണുകൾ അടച്ച്, തലചായിച്ച് കിടക്കയിൽ നിശ്ചലനാകയും തന്റെ പാവനാത്മാവിനെ, താൻ കാത്തിരുന്ന കർത്താവിന്റെ കരങ്ങളിൽ ഭരമേല്പിക്കയും ചെയ്തുകഴിഞ്ഞപ്പോൾ മണി അഞ്ചടിച്ചു. പിന്നീട് അഭിവന്ദ്യ പിതാവ് കാലം ചെയ്തു എന്ന വിവരം പ്രഖ്യാപിച്ചതോടെ തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ പള്ളിയിലെ വലിയമണിയുടെ ദുഃഖസ്വരം ദീർഘനേരം മുഴങ്ങിക്കൊണ്ടിരുന്നു. (ഈ മണി പിതാവിന്റെ പാശ്ചാത്യപര്യടനാവസരത്തിൽ ഫ്രാൻസിൽ നിന്നും ഒരുത്തമ കത്തോലിക്കാകുടുംബം പാരിതോഷികമായി അയച്ചുകൊടുത്തിരുന്നതാണെന്ന് മുമ്പ് പറഞ്ഞിട്ടുണ്ട്). മരണസമയത്തെ പ്രാർത്ഥനകൾ ചൊല്ലിക്കഴിഞ്ഞ് മൃതദേഹം യഥോചിതം തുടച്ചുവെടിപ്പാക്കി മേല്പട്ടസ്ഥാനത്തിനടുത്ത തിരുവസ്ത്രങ്ങൾ ധരിപ്പിച്ച് പൗരസ്ത്യസഭാപാരമ്പര്യപ്രകാരം സിംഹാസനത്തിൽ ഇരുത്തുകയും വലതുകൈയ്യിൽ സ്ലീബായും ഇടതുകൈയ്യിൽ അംശവടിയും പിടിപ്പിക്കുകയും ചെയ്തു. അതിനുശേഷം പിതാക്കന്മാരുടെ പ്രഥമ ശുശ്രൂഷ നടത്തപ്പെട്ടു. അനന്തരം മൃതദേഹം കത്തീഡ്രൽ പള്ളിയിലേക്ക് കൊണ്ടുപോകയും, പൊതുദർശനത്തിനായി മദ്ബഹായുടെ മുമ്പിൽവച്ച് പ്രാർത്ഥനകൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്തു. പിതാവിന്റെ ആത്മീയ മക്കളും ആരാധകരായിരുന്ന അനേകം ആളുകളും പ്രാർത്ഥനയിൽ പങ്കെടുത്തിരുന്നു.

(1990 ഐക്യദീപം നവംബർ പേജ് 17)

www.malankaralibrary.com



തിരുവല്ല രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ തെയോഫിലോസ് തിരുമേനി കാലംചെയ്തു. 1956 ജൂൺ 28-ാം തീയതി വ്യാഴാഴ്ചത്തെ ദിനപത്രങ്ങൾ പിതാവിന്റെ നിര്യാണവാർത്ത പ്രസിദ്ധം ചെയ്തു. രണ്ടു ദശവർഷത്തിലധികം അനാരോഗ്യവാനായ്, വിശ്രമത്തിലും ഏകാന്തതയിലും കഴിഞ്ഞിരുന്ന പിതാവിന്റെ വേർപാട് ജനങ്ങളിൽ ഒരു ഞെട്ടൽ ഉളവാക്കിയെന്നു പറയാനില്ല, യുവതലമുറക്കാർ പിതാവിനെ പരിചയപ്പെട്ടിരുന്നില്ലല്ലൊ. പുണ്യവാനായ തിരുമേനി കാലംചെയ്തു എന്നാണ് അദ്ദേഹത്തെ അറിയുന്നവരെല്ലാം പറഞ്ഞിരുന്നത്. രാത്രിയിൽ പള്ളിയിൽ പ്രാർത്ഥിച്ചിരുന്നവർ പലരും പ്രഭാതമായപ്പോൾ അല്പം ആശ്വസിക്കുന്നതിനായി പോയി തുടങ്ങിയപ്പോൾ, മറ്റു അനേകം ആളുകൾ വരുന്നുണ്ടായിരുന്നു. തിരുമേനിയെ ഒരു നോക്കു കാണുവാനും തൃക്കരം മുത്തി അനുഗ്രഹം പ്രാപിക്കുവാനുമായി പ്രഭാതം മുതൽ അനേകം ആളുകൾ വന്നുകൊണ്ടിരുന്നു.

മേല്പട്ടക്കാരുടെ കബറടക്ക ശുശ്രൂഷ മലങ്കര സഭയിൽ അതിദീർഘമാണ് എട്ട് 'തെശ്മ്ശൂത്തോ'കളുള്ള ശുശ്രൂഷക്രമം 'കൊഹനൈത്തൊ' എന്നറിയപ്പെടുന്നു. സങ്കീർത്തനങ്ങളും വേദപുസ്തക ഉദ്ധരണികളും ആദ്യന്തം അനവധിയുണ്ട് ഹൃദയസ്പർശിയായ പ്രാർത്ഥനകളും ഭക്തിനിർഭരമായ ഗാനങ്ങളും ആദ്ധ്യാത്മീക ചിന്തകളിൽ ആരേയും ആഴ്ത്തുമെന്നതിനാൽ സമയദൈർഘ്യം അറിയപ്പെടുകയൊ, അക്ഷമത അനുഭവപ്പെടുകയോയില്ല. രാത്രിയിലും പ്രഭാതത്തിൽ വി. കുർബാനയ്ക്കും മുമ്പ് ആറു ശുശ്രൂഷകൾ നടത്തപ്പെട്ടു. പിതാക്കന്മാരുടെ നേതൃത്വത്തിൽ അർപ്പിക്കപ്പെട്ട മൂന്നിന്മേൽ കുർബാനയ്ക്കുശേഷം ഏഴാമത്തെ ശുശ്രൂഷയും നടത്തി. പത്രവാർത്തയിൽ അറിയിച്ചിരുന്ന പ്രകാരം പത്തുമണിക്ക് കബറടക്കശുശ്രൂഷ ആരംഭിക്കുന്നതിനുള്ള എല്ലാ ഒരുക്കങ്ങളും ചെയ്തുകൊണ്ടിരുന്നു. മലബാർ റീത്തിലും ലത്തീൻ റീത്തിലുമുള്ള പ്രാർത്ഥനകൾ പിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**കബറടക്കശുശ്രൂഷ, വിടവാങ്ങൽ, വിലാപയാത്ര**

തിരുവനന്തപുരം മെത്രാപ്പോലീത്താ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെയും തിരുവല്ലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സക്കറിയാസ് മാർ അത്തനാസ്യോസ് തിരുമേനിയുടെയും പ്രധാനകാർമ്മികത്വത്തിൽ ശുശ്രൂഷ ആരംഭിച്ചു. കേരളത്തിലെ മലബാർ സുറിയാനി റീത്തിലെയും ലത്തീൻ റീത്തിലെയും രൂപതാദ്ധ്യക്ഷന്മാർ സന്നിഹിതരായിരുന്നു. അനേകം വൈദികരും വൈദികവിദ്യാർത്ഥികളും സന്യാസിസന്യാസിനികളും തിരുമേനിയുടെ ബന്ധുക്കളുൾപ്പെടെ ബഹുശതം അൽമേനികളും കബറടക്ക ശുശ്രൂഷാകർമ്മങ്ങളിൽ ആദ്യന്തം പങ്കെടുത്തു. മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത തിരുമേനിയുടെ പ്രസംഗത്തിൽ, തെയോഫിലോസ് പിതാവിന്റെ

www.malankaralibrary.com



ബഹുമുഖങ്ങളായ സൽഗുണങ്ങളെയും പ്രത്യേകിച്ചു സഹനജീവിതത്തിൽ സദാ പ്രദർശിപ്പിക്കുന്ന സൗമ്യതയേയും പ്രത്യക്ഷപ്പെട്ടിരുന്ന സൽഫലങ്ങളെയും സവിസ്തരം സമർത്ഥിക്കുകയുണ്ടായി. അനന്തരം പ്രാർത്ഥനകൾ കഴിഞ്ഞ് മദ്ബഹായോടും ദേവാലയത്തോടും മറ്റുമുള്ള 'യാത്രപറച്ചിൽ' കർമ്മം നടത്തപ്പെട്ടു. ഏതാനും വൈദികർ ചേർന്നു പിതാവിന്റെ സിംഹാസന സഹിതം എടുത്തു മദ്ബഹായിൽ കയറി മൂന്നുപ്രാവശ്യം ഉയർത്തുകൊണ്ട് ഹൃദയസ്പർശിയായ വിടവാങ്ങൽ കർമ്മം നടത്തപ്പെട്ടു. മൃതശരീരത്തിന്റെ മുഖത്ത് ധൂപാർപ്പണം ചെയ്തപ്പോൾ ഒരു വൈദികൻ ചൊല്ലി:- പരിശുദ്ധ മദ്ബഹാ! സമാധാനത്തോടെ വസിക്കുക: 'ദൈവത്തിന്റെ മേല്പട്ടക്കാരാ സമാധാനത്തോടെ പോകുക'. എല്ലാവരും ഏകസ്വരത്തിൽ യാത്രപറഞ്ഞു. വിടവാങ്ങൽ തുടർന്നു:

ഞാൻ ശുശ്രൂഷിച്ച ദൈവാലയമേ, സമാധത്തോടെ വസിക്കുക.
സഭയുടെ അലങ്കരമായുള്ളോവേ! സമാധാനത്തോടെ പോകുക,
പരിശുദ്ധ ദൈവാലയമെ സമാധാനത്തോടെ വസിക്കുക, നിന്നിൽ സമാധാനം വാഴുമാറാകട്ടെ.
കൂദാശകൾ പരികർമ്മം ചെയ്യുന്ന മഹാപുരോഹിതാ! സമാധാനത്തോടെ പോകുക.

പള്ളിയുടെ പടിഞ്ഞാറും വടക്കും തെക്കുമുള്ള വാതില്ക്കലും മേൽപ്രകാരം മൂന്നുപ്രവശ്യം വീതം ഉയരത്തി യാത്രപറച്ചിൽ നടത്തിക്കഴിഞ്ഞ് മൃതമേനി പള്ളിയിൽ തന്നെ വയ്ക്കുകയും ഓരോരുത്തരും പിതാവിന്റെ സ്ളീബാ മുത്തി അനുഗ്രഹം പ്രാപിക്കുകയും, യാത്ര പറച്ചിൽ നടത്തുകയും ചെയ്തു.

പാവനാചാര്യന്മാരേ - ശുദ്ധാ സഭാ സുതരേവരുമേ
എന്നുടെ യാത്രശുഭമാവാൻ - എൻ പേർക്കായ് പ്രാർത്ഥിച്ചീടിൻ,
ദൈവസുതാ ശുദ്ധതയാലേ - ശുശ്രൂഷിച്ചീ ശ്രേഷ്ഠാചാര്യനെ നീ
പുനരുത്ഥാന മഹാനാളിൽ - സ്ഥാനത്തെത്തിച്ചീടണമെ.

അനന്തരം നഗരികാണിക്കൽ എന്ന കർമ്മം നടത്തപ്പെട്ടു. പട്ടണത്തിൽ പ്രധാനറോഡിൽ കൂടെയുള്ള വിലാപയാത്രയായിരുന്നു ഇത്. മേല്പട്ടസ്ഥാനത്തിന്റെ തിരുവസ്ത്രങ്ങൾ അണിയിച്ച് സിംഹാസനത്തിൽ ഇരുത്തിയിരുന്ന പിതാവിന്റെ മൃതമേനി അലങ്കരിച്ച ഒരു രഥത്തിൽ വച്ചുകൊണ്ടായിരുന്നു നഗരികാണിക്കൽ നടത്തിയത്. കാർമ്മികരായ പിതാക്കന്മാരും തിരുവസ്ത്രങ്ങൾ ധരിച്ചിരുന്നു. അവർ രഥത്തിൽ മൃതമേനിയുടെ ഇരുവശങ്ങളിലും ഇരുന്നിരുന്നു. വിലാപയാത്രയ്ക്ക് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ചെയ്തിരുന്നു. പട്ടണവാസികളെ പ്രഭാതത്തിലും സന്ധ്യയിലും പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും ആഹ്വാനം ചെയ്തിരുന്ന പള്ളിമണി വിലാപസ്വരം മുഴക്കിക്കൊണ്ട് പിതാവിന്റെ വേർപാടിൽ വിലപിച്ച് വിലാപയാത്രയിൽ

www.malankaralibrary.com



പങ്കുകൊണ്ടിരുന്നവരുടെ വിലാപത്തെ ഐക്യപ്പെടുത്തുകയും അംഗീകരിക്കുകയും ചെയ്തു. കാൽശതാബ്ദത്തിന് മുമ്പ് മുതൽ തന്നെ തെയോഫിലോസ് തിരുമേനിയെ തിരുവല്ലാക്കാർക്കെല്ലാം അറിയാം. പരിശുദ്ധനായ ഒരു പിതാവായി അവരെല്ലാം തിരുമേനിയെ കരുതിയിരുന്നു. തന്നിമിത്തം തിരുമേനിയെ അവസാനമായി ഒരുനോക്കുകൂടി കാണുന്നതിനായി അനവധി ആളുകൾ റോഡിനിരുവശവും നെടുനീളെ നിന്നിരുന്നു.

പട്ടണവും അതിലെ നിവാസികളുമേ!
സമാധാനത്തോടെ വസിപ്പീൻ;
പറുദീസായുടെ അവകാശീ;
സമാധനത്തോടെ പോകുക
പിതാക്കന്മാരെ സഹോദരങ്ങളെ
സമാധാനത്തോടെ വസിപ്പീൻ;
സത്യോപദേഷ്ടാവേ! സമാധാനത്തോടെ പോകുക,
ഈ സമാധാനം എന്നേക്കുമായിരിക്കട്ടെ.
ഞങ്ങളുടെ പിതാവേ ! സന്തോഷകരമായ മണവറയിൽ ഇനി അങ്ങയെ ഞങ്ങൾ കാണുമാറാകണമെ.

ഈ യാത്രപറച്ചിൽ സമയത്ത് അനേകരുടെ കണ്ണുകൾ നിറഞ്ഞൊഴുകിയിരുന്നു. നഗരികാണിക്കലും വിലാപയാത്രയും പൂർത്തിയാക്കി തിരികെ പള്ളിയിൽ വരുകയും പിതാവിന്റെ മൃതമേനി മദ്ബഹായിൽ കൊണ്ടുവയ്ക്കുകയും ചെയ്തു.

**മൃതമേനി കബറിൽ**

സെന്റ് ജോൺസ് കത്തീഡ്രലിൽ, മദ്ബഹായിൽ പ്രത്യേകം തയ്യാറാക്കപ്പെട്ട കബറിൽ പിതാവിന്റെ മൃതമേനി കസേരയിൽ ഇറക്കി വച്ചു. ഒരു വെള്ള ശോശപ്പ കൊണ്ട് ശിരസും മുഖവും മൂടുകയും, സൈത്ത് എണ്ണ, ത്രിത്വനാമത്തിൽ മൂന്നുപ്രാവശ്യം കുരിശാകൃതിയിൽ ഒഴിക്കയും ചെയ്തു. 'അദ്ധ്വാനങ്ങളിൽ നിന്നുള്ള വിശ്രമത്തിനും .................. പരിശുദ്ധന്മാരോന്നിച്ചുള്ള സന്തോഷത്തിനുമായി ഈ എണ്ണ ഒഴിക്കുന്നു'. എന്ന ആശംസാപ്രാർത്ഥന പ്രധാന കാർമ്മികൻ ചൊല്ലി. തുടർന്ന് "നീ മണ്ണാകുന്നുവെന്നും മണ്ണിലേക്കുതന്നെ തിരിയെച്ചേരുമെന്നും വീണ്ടും അതിൽനിന്ന് പുതുതാക്കപ്പെടുമെന്നും, അരുളിച്ചെയ്തവനായ ഞങ്ങളുടെ കർത്താവേ, ഇതാ നിന്റെ ഇഷ്ടം നിവർത്തിയായിരിക്കുന്നു" എന്നീ തിരുവചനം ചൊല്ലിക്കൊണ്ട് ത്രിത്വനാമത്തിൽ മൂന്നു പ്രാവശ്യം പ്രധാനകാർമ്മികൻ മണ്ണിടുകയും എല്ലാവരും ആമ്മീൻ പറയുകയും ചെയ്തു.

'എന്റെ വാത്സല്യഭാജനങ്ങളെ! സമാധാനത്തോടെ വസിപ്പീൻ,

www.malankaralibrary.com



ഞാൻ ഇതാ നിങ്ങളിൽനിന്ന് എന്നേക്കുമായി വേർതിരിഞ്ഞിരിക്കുന്നു'.

ഞങ്ങളുടെ പിതാവേ! ഞങ്ങൾ വാതിൽ അടച്ചു പോകുന്നു എങ്കിലും പുനരുത്ഥാനം നല്കുന്നവനായ നമ്മുടെ കർത്താവ് അങ്ങയുടെ മുമ്പിൽ വാതിൽ തുറന്നു തരുമാറാകട്ടെ.

സഭാമക്കളെ നിങ്ങളെല്ലാവരും സമാധാനത്തോടെ വസിപ്പീൻ, നമ്മുടെ കർത്താവ് തന്റെ കൃപയാൽ നിങ്ങളുടെ സംഘങ്ങളെ കാത്തുകൊള്ളുമാറാകട്ടെ.

ഭാഗ്യവാനായ ഞങ്ങളുടെ പിതാവേ! വിശുദ്ധ സഭാമന്ദിരത്തിൽ ഞങ്ങളുടെ പ്രാർത്ഥനകളിൽ ഞങ്ങൾ ഇനി അങ്ങയെ ഓർത്തുകൊള്ളാം. ഞങ്ങളുടെ സംഘത്തിൽനിന്നു മാലാഖമാരുടെ സംഘത്തിലേക്ക് അങ്ങ് വേർതിരിഞ്ഞിരിക്കുന്നു. ഇനി ഞങ്ങൾ സ്വർഗ്ഗരാജ്യത്തിലെ മണവറയിൽ അങ്ങയെ കാണുമാറാകട്ടെ.

മൂന്നുമണിക്കൂറോളം ദീർഘിച്ച കബറടശുശ്രൂഷ അവസാനം കബറിങ്കൽ നടത്തിയ ധൂപാർപ്പണപ്രാർത്ഥനയോടുകൂടെ പര്യവസാനിക്കയും ചെയ്തു. നാല്പതു ദിവസം പിതാവിനുവേണ്ടി വിശുദ്ധ കുർബാന അർപ്പിക്കുകയും കബറിങ്കൽ ധൂപപ്രാർത്ഥന നടത്തുകയും ചെയ്തിരുന്നു. നാല്പതാം ദിവസം മൂന്നിന്മേൽ കുർബാനയോടെ അനുസ്മരിച്ചു. രൂപതാടിസ്ഥാനത്തിൽ എല്ലാ വർഷവും ഓർമ്മപ്പെരുന്നാളും അനുസ്മരിക്കപ്പെടുന്നു. പിതാവിന്റെ മദ്ധ്യസ്ഥതയിൽ അനുഗ്രഹലബ്ധിയും റിപ്പോർട്ടു ചെയ്യപ്പെടുന്നുണ്ട്.

**പിതാവിന്റെ പൂജ്യാവശിഷ്ടം പുതിയ പള്ളിയിൽ**

തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ ഒരു താല്ക്കാലിക പള്ളിക്കെട്ടിടമായിരുന്നു. രൂപതാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ സക്കറിയാസ് മാർ അത്തനാസ്യോസ് തിരുമേനി ഭാരതീയ മാതൃകയിൽ ബൃഹത്തായ ഒരു കത്തീഡ്രൽ പള്ളി പണികഴിപ്പിച്ചു. മെത്രാന്മാരുടെ മൃതദേഹങ്ങൾ സംസ്കരിക്കാനുള്ള ഏതാനും കബറുകളും മദ്ബഹായുടെ കിഴക്കുഭാഗത്ത് നിർമ്മിച്ചിരിക്കുന്നു. 1972 ഡിസംബർ 28-ാം തീയതി വ്യാഴാഴ്ച പുതിയ കത്തീഡ്രലിന്റെ കൂദാശയും പ്രതിഷ്ഠയും നടത്തപ്പെട്ടു. പിറ്റേ ദിവസം 29-ാം തീയതി വെള്ളിയാഴ്ച തെയോഫിലോസ് പിതാവിന്റെ പൂജ്യാവശിഷ്ടങ്ങൾ പുതിയ കത്തീഡ്രൽ പള്ളിയിലെ പുതിയ കബറിലേക്ക് മാറ്റിസ്ഥാപിക്കയും, വിശുദ്ധകുർബാനയും കബറിങ്കൽ ധൂപാർപ്പണപ്രാർത്ഥനയും നടത്തുകയും ചെയ്തു. കത്തോലിക്കാസഭാ പുനരൈക്യത്തിനു വേണ്ടി, തിരുവല്ലായിൽ അന്നുണ്ടായിരുന്ന ബഥനി ആശ്രമപള്ളി വിട്ടുപേക്ഷിക്കേണ്ടി വന്നപ്പോൾ, ഒരു സ്ഥലം പാട്ടത്തിന് വാങ്ങി തല്ക്കാല ഷെഡ് കെട്ടി 1930 സെപ്റ്റംബർ 12-ാം തീയതി വെള്ളിയാഴ്ച വെളിപ്പിന് അഞ്ചുമണിക്ക് റവ. ഫാ. ഏബ്രഹാം ഒ. ഐ. സി.വിശുദ്ധ കുർബാന അർപ്പിച്ച സ്ഥലമാണിത്. സഭാ ഐക്യത്തിനുശേഷം മാർ തെയോഫിലോസ് തിരുമേനി ഇതിന്

www.malankaralibrary.com



കിഴക്കുവശത്തുണ്ടായിരുന്ന ഒരു വീട് വാടകയ്ക്ക് വാങ്ങി താമസിച്ചിരുന്നപ്പോൾ വിശുദ്ധ കുർബാന അർപ്പിച്ചിരുന്നതും ഈ സ്ഥലത്ത് അന്നുണ്ടായിരുന്ന തല്ക്കാല ഷെഡിലായിരുന്നു എന്നത് പ്രത്യേകം അനുസ്മരണീയമാണ്.

**സനാതനസ്മരണയിൽ**

ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽ മക്കളെ ഈജിപ്റ്റിന്റെ അടിമത്തത്തിൽ നിന്ന് മോചിപ്പിച്ച് പാലും തേനും ഒഴുകുന്ന (പുറ. 3: 8) വാഗ്ദത്ത നാടായ കനാൻ ദേശത്തേയ്ക്ക് ആനയിച്ച മൂശയേയും യോശുവായേയും പോലെ, ദൈവജനമായിരുന്ന മാർത്തോമ്മാശ്ലീഹായുടെ മലങ്കരയിലെ മക്കളെ ഛിദ്രത്തിന്റെയും ശീശ്മയുടെയും ശാപത്തിൽ നിന്നു മോചിപ്പിച്ച് പാലും തേനുമാകുന്ന വരപ്രസാദത്തിന്റെ വാഗ്ദത്ത വീടായ കാതോലികവും ശ്ലൈഹികവുമായ ഏകവിശുദ്ധസഭയുടെ കൂട്ടായ്മയിലേക്ക് ആനയിച്ച ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് പിതാവിന്റെയും, മാർ തെയോഫിലോസ് പിതാവിന്റെയും പാവന നാമങ്ങൾ തിരുസഭാ ചരിത്രത്തിലും, വിശിഷ്യാ മലങ്കര കത്തോലിക്കാ സഭയിലും എന്നെന്നും സ്മരിക്കപ്പെടും. സഭാഐക്യത്തിനു വേണ്ടി വീരോചിതമായ ത്യാഗം സഹിച്ച പണ്ഡിതനും ധീരാത്മാവും വിശ്വാസ സാക്ഷിയുമായ മാർ ഈവാനിയോസ് പിതാവിനോടൊപ്പം പ്രസ്തുത ലക്ഷ്യത്തിനുവേണ്ടി പതറാതെ നിന്ന് പരിത്യാഗപൂർവ്വം പരിശ്രമിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്തുകൊണ്ടു ജീവിതസാഫല്യം കൈവരിച്ച പാവനചരിതനായ മാർ തെയോഫിലോസ് പിതാവ് പുണ്യവാന്മാരായ പൂർവിക പിതാക്കന്മാരുടെ പട്ടികയിൽ എണ്ണപ്പെട്ടുകാണുവാൻ മലങ്കരസഭയ്ക്കും സഭാമക്കൾക്കും സംഗതിയാകട്ടെ. ദൈവത്തിന്റെ ദിവ്യപരിപാലനയിൽ അതു നിവൃത്തിയാകുവാൻ പ്രാർത്ഥിക്കാം. പിതാക്കന്മാരുടെ പ്രാർത്ഥനയും മദ്ധ്യസ്ഥവും മലങ്കരസഭയ്ക്കും സഭാമക്കൾക്കും ഇന്നും എന്നും കോട്ടയായിരിക്കട്ടെ. അനുദിനം അവരെ അനുസ്മരിക്കാം.

നാം ദൈവസുതന്മാരാവാ-
നായുഷ്കാലത്തിൽ ചൊല്ലി
ത്തന്നാ- താതരെയോർക്കേണം
നയവാന്മാർ പുണ്യപ്പെട്ടോ-
രൊന്നിച്ചേകുവർക്കശ്വാ
സം സ്വർഗ്ഗേ, പുത്രൻ ദൈവം.

(ഐക്യദീപം 1990 ഡിസംബർ പേജ് 22)

www.malankaralibrary.com



# തിരുവല്ലാ അതിരൂപതയുടെ അടിത്തറ ആഴത്തിൽ ഉറപ്പിച്ച ശ്രേഷ്ഠാചാര്യൻ - മാർ തെയോഫിലോസ്



**ഫാ. ചെറിയാൻ താഴമൺ**
സി.ഇ.ഒ, ദീപിക

**ആമുഖം**

മധ്യതിരുവിതാംകൂറിലെ ജനങ്ങൾക്ക് ബഹുവിധ ശുശ്രൂഷകൾ നൽകിക്കൊണ്ട് പരിലസിക്കുന്ന തിരുവല്ലാ അതിരൂപതയുടെ ആദ്യ അധ്യക്ഷനായിരുന്ന പുണ്യശ്ലോകനായ കളപ്പുരയ്ക്കൽ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ ജനനത്തിന്റെ ശതോത്തര രജതജൂബിലി വർഷത്തിൽ (ജനനം: 26-02-1891) അദ്ദേഹത്തിന്റെ മരണത്തിന്റെ പ്ലാറ്റിനം ജൂബിലിയും (മരണം: 27-06-1956) കടന്നുവന്നിരിക്കുന്നു. ആളും അർത്ഥവും തുലോം തുച്ഛവും എതിരാളികളുടെ എതിർപ്പുകൾ അതിശക്തവുമായിരുന്ന കാലത്ത് നവജാതയായ തിരുവല്ലാ രൂപതയ്ക്ക് അടിസ്ഥാനം ഇടുവാൻ ദൈവത്താൽ നിയുക്തനായത് അഭിവന്ദ്യ തെയോഫിലോസ് തിരുമേനി ആയിരുന്നു. പരിശുദ്ധ കത്തോലിക്കാ സഭയുടെ കാനോനകളും സംവിധാനങ്ങളും അധികാരഘടനകളും പ്രവർത്തന ശൈലികളും അപരിചിതങ്ങളായിരുന്ന അദ്ദേഹത്തിന് ഈ ദൗത്യം ഏറെ ശ്രമകരമായിരുന്നു. സഭാശാസ്ത്രപരമായും വിശുദ്ധ ഗ്രന്ഥപരമായും ചരിത്രപരമായും യേശുക്രിസ്തു സ്ഥാപിച്ച അപ്പസ്തോലിക കൂട്ടായ്മയുടെ പൂർണത പത്രോസിന്റെ പിൻഗാമിയായ റോമിലെ പരിശുദ്ധ മാർപാപ്പാ നേതൃത്വം നൽകുന്ന സാർവത്രിക സഭയാണ് എന്ന തിരിച്ചറിവാണ് ദൈവദാസൻ മാർ ഈവാനിയോസ് മെത്രാ

www.malankaralibrary.com



പ്പോലീത്തയോടൊപ്പം പുനരൈക്യ തീരുമാനത്തിൽ ഉറച്ചു നിൽക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. താപസനും സന്യാസിയുമായിരുന്ന അദ്ദേഹത്തിന്റെ ഏക കൈമുതലായിരുന്ന, '**ദൈവസേവനത്തെക്കാൾ അത്യുത്തമം ദൈവസമ്പാദനമാണ്**' എന്ന തന്റെ ഗുരുവിന്റെ ആത്മിക ദർശനത്തിൽ ഉറച്ചുനിന്നുകൊണ്ട് സഭയെ പണിയുവാനായിരുന്നു അദ്ദേഹത്തിന്റെ ശ്രമം.

എട്ടു പതിറ്റാണ്ടുകൾക്കു മുമ്പ് അദ്ദേഹം സ്ഥാപിച്ച ബലിഷ്ഠമായ അടിത്തറമേലാണ് തിരുവല്ലാ രൂപത വളർന്ന് അതിരൂപതയായും ബത്തേരി, മൂവാറ്റുപുഴ, പുത്തൂർ രൂപതകൾ ഉൾക്കൊള്ളുന്ന പ്രോവിൻസായും രൂപപ്പെട്ടത്. അഞ്ചോ ആറോ വർഷം മാത്രം നേരിട്ട് നേതൃത്വം നൽകിയിട്ട് അദ്ദേഹം തിരശീലയ്ക്ക് പിന്നിലേക്ക് മാറി എങ്കിലും പ്രബലമായ പല സമുദായങ്ങളുടെയും സഭാവിഭാഗങ്ങളുടെയും ശക്തമായ സാന്നിധ്യവും ഭരണ കേന്ദ്രങ്ങളും ഉള്ള തിരുവല്ലായിൽ സേവനമേഖലയിൽ മുൻനിരയിൽ സ്ഥാനം ഉറപ്പിക്കാൻ തക്ക ശക്തിയും ഊർജവും നേടാൻ തിരുവല്ലാ അതിരൂപതയ്ക്ക് സാധ്യമായതിന്റെ രഹസ്യം മാർ തെയോഫിലോസ് മെത്രാപ്പോലീത്ത പാകിയ അടിസ്ഥാനമാണെന്നതിൽ സംശയമില്ല. അദ്ദേഹത്തിന്റെ നേതൃത്വത്തിന്റെ സവിശേഷതകൾ എന്തായിരുന്നു? അദ്ദേഹം നൽകിയ അടിസ്ഥാനത്തിന്റെ പ്രത്യേകതകൾ എന്തൊക്കെ ആയിരുന്നു? അന്വേഷണം ആരംഭിക്കാം.

## ഉൾക്കാഴ്ച നൽകുന്ന മൂന്ന് ഉദ്ധരണികൾ

അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ ജനനത്തിന്റെ ശതോത്തര രജതജൂബിലി വർഷാരംഭത്തോടനുബന്ധിച്ച് നമ്മുടെ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവാ **2015 മേയ് 20-ന് CPL3/2015 ആയി പുറപ്പെടുവിച്ച ഇടയലേഖന**ത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ".... മധ്യതിരുവിതാംകൂറിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ശക്തമായ അടിസ്ഥാനം ഉറപ്പിക്കുവാൻ ദൈവം '**തന്റെ ഭക്തനായ**' മാർ തെയോഫിലോസ് പിതാവിനെ ഉപകരണമാക്കി. അനേകായിരങ്ങൾ മാനസാന്തരപ്പെട്ട് സുവിശേഷം സ്വീകരിക്കുകയും പുനരൈക്യപ്പെട്ട് സാർവത്രിക സഭാകൂട്ടായ്മയിലേക്ക് വരികയും ചെയ്തുകൊണ്ടിരുന്നു. അവർക്കാവശ്യമായ ഇടവക സംവിധാനങ്ങളും പള്ളികളും സ്വരുക്കൂട്ടുന്നതിനും പൗരോഹിത്യ ശുശ്രൂഷകൾക്കാവശ്യമായ വൈദികരുടെ സേവനം ലഭ്യമാക്കുന്നതിനും രൂപതയ്ക്കാവശ്യമായ ഭരണകേന്ദ്രം ഉണ്ടാക്കുന്നതിനും കാനൻ നിയമപ്രകാ

www.malankaralibrary.com



രമുള്ള ഭരണസംവിധാനങ്ങൾ ക്രമീകരിക്കുന്നതിനും ഇന്നത്തെ എം.സി.എ.യുടെ ആദ്യരൂപമായ 'വിശ്വാസസാക്ഷ്യസംഘം' എന്ന അല്മായ സംഘടന രൂപപ്പെടുത്തുന്നതിനും അദ്ദേഹം കാണിച്ച ദീർഘ വീക്ഷണവും നേതൃത്വപാടവവും ചരിത്രത്തിന്റെ ഭാഗമാണ്. ദീർഘകാലം നേതൃത്വം നൽകാൻ ശാരീരിക ആരോഗ്യം അദ്ദേഹത്തെ അനുവദിച്ചി ല്ലെങ്കിലും ഇപ്പോൾ സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ സ്ഥിതി ചെയ്യുന്ന സ്ഥലവും പ്രഥമ കത്തീഡ്രൽ ദൈവാലയവും പുഷ്പഗിരി മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്ന സ്ഥലവും ചെറുപുഷ്പഗിരി അരമനയും വൈദിക പരിശീല നത്തിന് മൈനർ സെമിനാരിയും തിരുവല്ലാ ബഥനി ആശ്രമം സ്ഥിതി ചെയ്യുന്ന സ്ഥലവും ആദ്യം അവിടെ ആരംഭിച്ച ദിവ്യരക്ഷകാശ്രമവും ദശകങ്ങൾ പിന്നിട്ടിട്ടും വിശ്വാസികളുടെ എണ്ണം പതിന്മടങ്ങ് വർധിച്ചിട്ടും ആവശ്യത്തിന് സ്ഥലസൗകര്യവും ഉറപ്പുമുള്ള തോട്ടഭാഗം, വെണ്ണിക്കുളം, അയിരൂർ തുടങ്ങിയ പള്ളികളും തിരുവല്ലായിലെ സെന്റ് ജോസഫ് പ്രിന്റിംഗ് ഹൗസും ഇന്നും അദ്ദേഹത്തിന്റെ ശുശ്രൂഷാ കാലത്തെ തേജോ മയമായി നിലനിർത്തുന്നു. ശാരീരിക അനാരോഗ്യം മൂലം ഔദ്യോഗിക ശുശ്രൂഷയിൽ നിന്ന് വിരമിച്ച് വിശ്രമജീവിതം നയിച്ചിരുന്ന അദ്ദേഹം തപസിലും പ്രാർത്ഥനയിലും പുലർത്തിയിരുന്ന ചിട്ടയും നിഷ്ഠയും മല ങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ഇന്നും ആത്മീക ഊർജദായ കമായിരിക്കുന്നു" (പേജ് 3-4). മലങ്കര പുനരൈക്യ സംഭവത്തിന്റെ ഇരു പതാം വാർഷികത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച '**പുനരൈക്യ സ്മര ണകിരണങ്ങൾ**' എന്ന സ്മരണികയിൽ മാർ തെയോഫിലോസ് തിരു മേനിയെക്കുറിച്ച് ഫാ. ജോൺ ഒ.ഐ.സി എഴുതിയ ലേഖനത്തിൽ നിന്ന് ഒരു ഭാഗം കൂടി ഉദ്ധരിച്ചുകൊണ്ട് മുമ്പോട്ടു നീങ്ങാം. "പുനരൈക്യത്തിന്റെ പ്രാരംഭകാലത്ത് വന്ദ്യ തിരുമേനി അനുഭവിച്ചിട്ടുള്ള ക്ലേശങ്ങൾ വാചാ മഗോചരമത്രെ. ബന്ധുക്കൾ ശത്രുക്കളായി. അനുഭാവികൾ അകന്നവ രായി. എവിടെയും ബഥനിക്കാർക്കെതിരായി ദൂഷണങ്ങളെ കേൾപ്പാ നുള്ളൂ. ഈ എതിർപ്പിന്റെയെല്ലാം കേന്ദ്രമായ തിരുവല്ലാ പട്ടണം തിരു മേനിയുടെ ആസ്ഥാനവും. ഈ സാഹചര്യത്തിലും പരമകാരുണികനായ ദൈവത്തിലുള്ള വിശ്വാസം തിരുമേനിയെ അക്ഷോഭ്യനായി നിലനിർത്തി. അവിടുത്തെ സൗമ്യതയും വിനയവും എതിർപ്പിനെ ശമിപ്പിക്കുകയും ചെയ്തു. തന്നെ സമീപിക്കുന്ന ഏവരിലും ബഹുമാനാദരങ്ങൾ ഉദ്ദീപി പ്പിക്കുവാൻ പര്യാപ്തമായ വർത്തനരീതി ഈ കാലത്ത് അവിടുത്തേക്ക് എത്രമാത്രം സഹായകമായിരുന്നു എന്നു പറഞ്ഞറിയിക്കേണ്ടതില്ല. ദൈവാനുഗ്രഹത്താലും തിരുമേനിയുടെ നിസ്തന്ദ്രപരിശ്രമത്താലും തിരുവല്ലാ രൂപത ദൈനംദിനം അഭിവൃദ്ധി പ്രാപിച്ചുവന്നു. തിരുവല്ല,

www.malankaralibrary.com



നിരണം, കവിയൂർ, കല്ലൂപ്പാറ, വെണ്ണിക്കുളം, അയിരൂർ ആദിയായ പ്രധാന കേന്ദ്രങ്ങളിലെല്ലാം പള്ളികൾ സ്ഥാപിക്കപ്പെട്ടു. ബഥനി മഠം, ബഥന്യാശ്രമം, പെറ്റി സെമിനാരി, സെന്റ് ജോസഫ് പ്രസ്, സ്കൂളുകൾ ആദിയായ പൊതുസ്ഥാപനങ്ങളും വന്ദ്യ തിരുമേനിയുടെ അവിശ്രമപരിശ്രമത്തിന്റെ സാക്ഷികളായി ഉയർന്നുവന്നു" (പേജ് 26). **മാർ തെയോഫിലോസ് ജന്മശതാബ്ദി സ്മരണികയിൽ** ബാർ ഈത്തോ കാശീറോ വി. ജോർജ് ഇരുമേട വന്ദ്യ തിരുമേനിയെ ചികിത്സിച്ച ഡോ. ശങ്കരപ്പിള്ള അദ്ദേഹത്തെക്കുറിച്ച് പറഞ്ഞ ചില കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു ഉദ്ധരണി: "നിങ്ങളുടെ തിരുമേനിയെ രോഗിയായി നിങ്ങൾ കാണുകയാണ്. സാധാരണ മനുഷ്യരുടെ ദൃഷ്ടിയിൽ ഇപ്രകാരം തോന്നാമെങ്കിലും എനിക്ക് ഒരു ചികിത്സകൻ എന്ന നിലയിൽ മനസിലാക്കുവാൻ സാധിച്ചു. അദ്ദേഹം ഒരു പുണ്യപുരുഷനാണെന്ന്. അദ്ദേഹം എപ്പോഴും ദൈവത്തോടു സമ്പർക്കം പുലർത്തിക്കൊണ്ട് ഒരു പ്രത്യേക ലോകത്തിൽ എന്നവണ്ണം ജീവിച്ചുകൊണ്ടിരിക്കുകയാണ്. ദൈവവുമായുള്ള ധ്യാന ബന്ധത്തിനു കോട്ടം വരത്തക്കവണ്ണം നിങ്ങൾ ആരെങ്കിലും അദ്ദേഹത്തെ സമീപിച്ചാൽ അദ്ദേഹം അസ്വസ്ഥനാകുന്നു എന്നേയുള്ളൂ.... പ്രാർത്ഥനാനിരതനായി ഈശ്വരസാന്നിധ്യത്തിൽ അങ്ങേയറ്റം ആഹ്ലാദിച്ചുകഴിയുന്ന ആ വന്ദ്യ തിരുമേനിയെപ്പറ്റി അദ്ദേഹത്തിന്റെ കാലശേഷം ഭരണങ്ങാനത്തെ അൽഫോൻസാമ്മയെപ്പോലെ നിങ്ങൾക്കു ബോധ്യപ്പെട്ടുകൊള്ളും" (പേജ് 99). തിരുവല്ലാ അതിരൂപതയുടെ അടിത്തറ ആഴത്തിൽ ഉറപ്പിക്കുന്നതിന് സഹായിച്ചത് അഭിവന്ദ്യ തിരുമേനിയുടെ വ്യക്തിത്വത്തിന്റെയും ജീവിതത്തിന്റെയും പ്രത്യേകതകളായിരുന്നു എന്നു മുകളിൽ കണ്ട ഉദ്ധരണികൾ വ്യക്തമാക്കുന്നു.

## വൈദികപരിശീലനം പ്രധാനം

ഹയരാർക്കിയും രൂപതയും നിലവിൽ വരുന്നതിന് മുമ്പുതന്നെ അദ്ദേഹത്തിന്റെ ശ്രദ്ധ ഭാവിവൈദികരുടെ പരിശീലനകാര്യത്തിലായിരുന്നു എന്നത് ആകസ്മികമല്ല. പരിശുദ്ധ കത്തോലിക്കാ സഭയുടെ ചിട്ടയായ വൈദിക പരിശീലനം നേടി ആധ്യാത്മിക ജീവിതത്തിലും ബൗദ്ധികതലത്തിലും ഔന്നത്യം പുലർത്തുന്നവരും തീക്ഷ്ണരുമായ യുവവൈദികർ പുനരൈക്യ പ്രേഷിത ശുശ്രൂഷയ്ക്ക് അനിവാര്യമാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. പുനരൈക്യ സംഭവത്തിനുശേഷം ഒരു വർഷം തികയുന്നതിനു മുമ്പുതന്നെ, **1931 സെപ്റ്റംബർ എട്ടാം തീയതി, തിരുവല്ലാ മൈനർ സെമിനാരി ആരംഭിച്ചു. അതായിരുന്നു മലങ്കര സഭയിലെ ആദ്യത്തെ മൈനർ സെമിനാരി.** സെന്റ് ജോൺസ് കത്തീഡ്രൽ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് 1931-ൽ ആരംഭിച്ച മൈനർ സെമിനാരിയാണ്

www.malankaralibrary.com



പിന്നീട് ചെറുപുഷ്പഗിരി അരമനയ്ക്ക് സമീപത്തേക്കും കാലാന്തരത്തിൽ മേരിഗിരിയിലേക്കും മാറ്റി സ്ഥാപിച്ചത്. മൈനർ സെമിനാരിയുടെ തുടക്കത്തിനും നടത്തിപ്പിനും സീറോ മലബാർ സഭയിൽ നിന്നും പ്രത്യേകിച്ച് കർമ്മലീത്താ സന്യാസ സഭയിൽ നിന്നും (CMI) പ്രഗത്ഭരും പണ്ഡിതരും പരിശുദ്ധരുമായ വൈദികരുടെ സേവനം ലഭ്യമാക്കുവാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ബഹു. ജേക്കബ് വെള്ളരിങ്ങാട്ട്, ബഹു. ദൊമിയാനോസ് (ഡാമിയൻ TOCD), ബഹു. നോർബർട്ട് (TOCD) എന്നിവരുടെ സേവനങ്ങൾ സ്മർത്തവ്യമാണ്. ബഹു. ഡാമിയൻ അച്ചന്റെയും ബഹു. നോർബർട്ട് അച്ചന്റെയും സേവനങ്ങൾ ലഭ്യമാക്കുവാൻ കർമ്മലീത്താ സന്യാസ സഭയുടെ പ്രിയോർ ജനറാളിന് മാർ തെയോഫിലോസ് തിരുമേനിയും വികാരി ജനറാൾ മോൺ. സക്കറിയാസ് വാച്ചാപ്പറമ്പിലും എഴുതിയിട്ടുള്ള കത്തുകൾ സെമിനാരി സ്ഥാപനത്തിന് അഭിവന്ദ്യ തിരുമേനി എത്രമാത്രം പ്രാധാന്യം നൽകിയിരുന്നു എന്നതിന്റെ തെളിവാണ്. ചെറുപുഷ്പഗിരിയിലെ സെമിനാരിയുടെ കെട്ടിടം പണികൾക്ക് മേൽനോട്ടം വഹിച്ചതും ബഹു. ഡാമിയനച്ചനായിരുന്നു. *(cf. 13-12-1933, 25-02-1934, 07-06-1934, 21-07-1936, 28-05-1937, 08-09-1938 തീയതികളിൽ മോൺ. സക്കറിയാസ് വാച്ചാപ്പറമ്പിലും 04-07-1934 അഭിവന്ദ്യ മാർ തെയോഫിലോസ് തിരുമേനിയും കർമ്മലീത്താ സന്യാസ സഭയുടെ പ്രിയോർ ജനറാളിന് എഴുതിയ കത്തുകൾ).* തിരുവല്ലാ മൈനർ സെമിനാരിയിൽ പരിശീലനവും പഠനവും നടത്തിയ നൂറുകണക്കിന് ബഹു. വൈദികരാണ് തിരുവല്ലാ അതിരൂപതയുടെ വളർച്ചയുടെയും ശുശ്രൂഷകളുടെയും ശക്തി എന്നറിയുമ്പോഴാണ് സെമിനാരി തുടങ്ങുന്നതിന് അഭിവന്ദ്യ മാർ തെയോഫിലോസ് തിരുമേനി കാട്ടിയ മുൻഗണനയുടെ പ്രാധാന്യം നാം തിരിച്ചറിയുന്നത്. ക്രാന്തദർശിയായ മാർ ഈവാനിയോസ് തിരുമേനി പോലും തിരുവനന്തപുരം അതിരൂപതയിൽ മൈനർ സെമിനാരി ആരംഭിക്കുന്നതിന് മുമ്പ്, അതും ഹയരാർക്കിയും രൂപതാക്രമീകരണവും ഉണ്ടാകുന്നതിന് മുമ്പ്, തിരുവല്ലായിൽ മൈനർ സെമിനാരി ആരംഭിച്ച മാർ തെയോഫിലോസ് പിതാവിന്റെ വീക്ഷണം എത്രയോ മഹത്തരം.

## വൈദികർക്ക് തുടർ പരിശീലനം

ഭാവിവൈദികരുടെ രൂപീകരണത്തിൽ മാത്രമല്ല, യാക്കോബായ സഭയിൽ നിന്നും പുനരൈക്യത്തിലൂടെ പരിശുദ്ധ കത്തോലിക്കാ സഭയിലേക്കുവന്ന ബഹു. വൈദികരുടെ ആത്മികവും അജപാലനപരവും ദൈവശാസ്ത്രപരവുമായ രൂപീകരണത്തിലും അഭിവന്ദ്യ പിതാവ് അതീവശ്രദ്ധ പുലർത്തിയിരുന്നു. പുനരൈക്യപ്പെടുന്ന വൈദികർക്ക് ചെത്തി

www.malankaralibrary.com



പ്പുഴ കർമ്മലീത്താ കൊവേന്തയിൽ താമസിച്ച് പരിശീലനം നേടുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിരുന്നതിനു പുറമേ ബഹു. വൈദികർക്ക് തുടർപരിശീലനമായി ക്ലാസുകളും ധ്യാനങ്ങളും നൽകുന്നതിനായി പണ്ഡിതരായ കർമ്മലീത്താ വൈദികരുടെ സേവനവും അദ്ദേഹം തേടിയിരുന്നതായി രേഖകളും കത്തിടപാടുകളും വെളിവാക്കുന്നുണ്ട്. കത്തോലിക്കാ സഭയുടെ പ്രവർത്തനരീതികൾ പരിചയമില്ലാതിരുന്ന പുനരൈക്യപ്പെട്ട ബഹു. വൈദികർക്ക് ലഭ്യമാക്കിയ ഈദൃശപരിശീലനങ്ങളാണ് തിരുവല്ലാ രൂപതയുടെ അടിത്തറ ബലിഷ്ഠമാക്കുവാൻ അഭിവന്ദ്യ തിരുമേനിയെ സഹായിച്ചത്. *(cf. മാർ തെയോഫിലോസ് തിരുമേനി 28-02-1931നും, 23-05-1031-നും കർമ്മലീത്താ സന്യാസ സഭയുടെ പ്രിയോർ ജനറാളിന് എഴുതിയ കത്തുകൾ).*

1931 സെപ്റ്റംബർ 21-ന് ബഹു. വൈദികർക്കുവേണ്ടി അദ്ദേഹം പുറപ്പെടുവിച്ച ഇടയലേഖനം വിശുദ്ധ ജീവിത്തെപ്പറ്റിയും ആരാധനാ ജീവിതത്തെക്കുറിച്ചും ഉത്ബോധിപ്പിക്കുന്നത് ശ്രദ്ധിക്കുക: "വൈദികരായ നാം നമ്മുടെ കർത്താവിന്റെ പ്രതിപുരുഷന്മാരും അവിടുത്തേക്ക് വേണ്ടിയുള്ളവരും അവിടുത്തോട് അനുരൂപപ്പെട്ടുകൊണ്ട് അവിടുത്തെ ആദർശങ്ങൾ ജനങ്ങളെ പഠിപ്പിക്കേണ്ടവരുമത്രെ. ഒന്നാമതായി നിങ്ങളിൽതന്നെ ജീവിതവിശുദ്ധി വരുത്തുവാൻ പ്രത്യേകം ശ്രദ്ധ പതിക്കുവിൻ, അന്യരെ വിശുദ്ധിയിലും സുകൃതത്തിലും അഭ്യസിപ്പിക്കേണ്ടവരായ നിങ്ങൾ സ്വയം ശുദ്ധീകരിച്ച് പുണ്യപൂർണതയ്ക്കായി പരിശ്രമിക്കാതിരിക്കുന്ന പക്ഷം നിങ്ങളുടെ പ്രവൃത്തി കുരുടൻ കുരുടനെ വഴികാട്ടുന്നതുപോലെ വ്യർഥവും നാശകരവും ആയിത്തീരുമല്ലോ". ലൗകികകാര്യങ്ങളിൽ വച്ചു പുലർത്തേണ്ട ചിട്ടകളെക്കുറിച്ചും പ്രതിവാര കുമ്പസാരത്തെക്കുറിച്ചും കൂദാശകളുടെ അനുഷ്ഠാനങ്ങളെക്കുറിച്ചും യാമനമസ്കാരങ്ങളെക്കുറിച്ചും പള്ളിഭരണം, പ്രസംഗം, കുട്ടികളുടെ മതബോധനം, കുമ്പസാരം, നോമ്പ്, പ്രേഷിതവൃത്തി എന്നീ കാര്യങ്ങളെക്കുറിച്ചുമെല്ലാം വ്യക്തമായി അദ്ദേഹം പ്രബോധിപ്പിക്കുന്നു. പുനരൈക്യത്തിന്റെ ആരംഭനാൾ മുതൽ ബഹു. വൈദികർ പുലർത്തിയ ജീവിതചിട്ടയും നിഷ്ഠയും പ്രേഷിത തീക്ഷ്ണതയും രൂപതയുടെ അടിസ്ഥാനം ഉറപ്പിക്കുന്നതിന് ഉതകി എന്നതിൽ സംശയമില്ല.

## സന്യാസത്തിന്റെ ശക്തി രൂപതയ്ക്ക് ഊർജമായി

ബഥനി സന്യാസ സമൂഹത്തിലെ അംഗവും പ്രഥമഗുരുവുമായിരുന്ന അദ്ദേഹത്തിന് സന്യാസത്തിന്റെ ശക്തിയും അതുവഴി സഭയ്ക്കും സമൂഹത്തിനും ലഭിക്കുന്ന നന്മകളും സുവ്യക്തമായിരുന്നു. പുനരൈക്യപ്പെട്ട ബഥാന്യരുടെ സാന്നിധ്യവും സേവനവും തിരുവനന്തപുരം അതിരൂപ

www.malankaralibrary.com



തയിൽ മാത്രമായി പരിമിതപ്പെട്ട സാഹചര്യത്തിൽ തിരുവല്ലായിലും ഒരു ആശ്രമം ആരംഭിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. അതിൻപ്രകാരം കർമ്മ ലീത്താ സന്യാസ സഭയുടെ മലങ്കര സുറിയാനി പതിപ്പായ ഒരു ആശ്രമം തിരുവല്ലായിൽ സ്ഥാപിക്കുന്നതിനെക്കുറിച്ച് 1933 ജൂൺ 22-ാം തീയതി പ്രിയോർ ജനറാൾ ഫാ. ജോൺ TOCDയ്ക്ക് അദ്ദേഹം എഴുതുകയു ണ്ടായി. പിന്നീട് ബഥനിയുടെ തന്നെ ഒരു ഭവനം തിരുവല്ലായിൽ സ്ഥാപി ക്കുന്നതിനും അവിടെ പരിശീലകനായി ഒരു കർമ്മലീത്താ വൈദികനെ ലഭ്യമാക്കണമെന്നും 1934 ജൂലൈ 9-ന് അന്നത്തെ പ്രിയോർ ജനറാൾ ഫാ. സിൽവസ്റ്റർ TOCDയ്ക്ക് എഴുതുകയുണ്ടായി. 1934 ഓഗസ്റ്റ് എട്ടാം തീയതി കൂടിയ കർമ്മലീത്താ സന്യാസ ആശ്രമ കൗൺസിലിൽ തിരു വല്ലായിൽ ആരംഭിക്കുന്ന ബഥനി ആശ്രമത്തിലേക്ക് ആശ്രമഭരണ ത്തിനും നവസന്യാസികളുടെ പരിശീലനത്തിനുമായി രണ്ട് ബഹു. വൈദികരുടെ സേവനം ലഭ്യമാക്കുവാൻ തീരുമാനിച്ചതായി രേഖകൾ വ്യക്തമാക്കുന്നുണ്ട്. സെന്റ് ജോൺസ് കത്തീഡ്രലിന്റെ മുറ്റത്തുണ്ടായി രുന്ന കെട്ടിടത്തിൽ 1934 ഡിസംബർ 11-ന് അന്നത്തെ ഡെലഗേറ്റ് അപ്പ സ്തോലിക്ക മോസ്റ്റ് റവ. ഡോ. ലിയോ പി. കിയർക്കിൾസ് 'ദിവ്യരക്ഷ കാശ്രമം' എന്ന പേരിൽ ആശ്രമം ആരംഭിച്ചു. കാലാന്തരത്തിൽ പ്രസ്തുത ആശ്രമം തുകലശേരിയിലേക്ക് മാറ്റി സ്ഥാപിച്ചു. അതാണ് ഇന്നത്തെ തിരുവല്ലാ ബഥനി ആശ്രമമായി വളർന്നത്. അങ്ങനെ സന്യാസികളുടെ തപസും പ്രാർത്ഥനയും സേവനവും തിരുവല്ലാ രൂപതയ്ക്ക് അടിസ്ഥാന ഊർജമായി.

## സന്യാസിനികളുടെ സാന്നിധ്യത്തിന്റെ ശക്തി

പുനരൈക്യാനന്തരം ബഥനി വൈദികരുടെ സാന്നിധ്യവും ശുശ്രൂഷ കളും തിരുവനന്തപുരത്തേക്കു മാത്രമായി പരിമിതപ്പെട്ടതുപോലെ ബഥനി സന്യാസിനികളുടെയും സാന്നിധ്യവും സേവനവും തിരുവല്ലാ യിൽ ലഭ്യമല്ലാതെ വന്ന സാഹചര്യത്തിൽ അതുവരെ സിസ്റ്റേഴ്സ് നട ത്തിയിരുന്ന സഭാപ്രവർത്തനങ്ങൾ ബലഹീനമാകാൻ തുടങ്ങി. ബഹു. സിസ്റ്റേഴ്സിന്റെ സേവനം തിരുവല്ലായിൽ കൂടി ലഭ്യമാക്കണമെന്ന് മാർ തെയോഫിലോസ് പിതാവ് മാർ ഈവാനിയോസ് പിതാവിനോട് ആവശ്യപ്പെട്ടുകൊണ്ടിരുന്നെങ്കിലും അസന്നിഗ്ധമായ മറുപടി ലഭിക്കു കയുണ്ടായില്ല. കാരണം, തിരുവല്ലായിൽ നിന്ന് ഒരിക്കൽ തിരുവനന്ത പുരത്തേക്ക് പോയ സിസ്റ്റേഴ്സിന് തിരുവല്ലായിലേക്കു മടങ്ങുവാനുള്ള വൈമനസ്യമായിരുന്നു. ഈ പശ്ചാത്തലത്തിൽ രൂപതയുടേതായി ഒരു മഠം തുടങ്ങുവാൻ മാർ തെയോഫിലോസ് പിതാവ് ആഗ്രഹിക്കുകയും അതിൻപ്രകാരം 1934 ഓഗസ്റ്റ് 25-ന് ചേർന്ന രൂപതാ കൗൺസിൽ തീരു

www.malankaralibrary.com



മാനിക്കുകയും ചെയ്തു. ഈ തീരുമാനം അറിഞ്ഞ മാർ ഈവാനിയോസ് പിതാവ് തിരുവല്ലായിൽ സിസ്റ്റേഴ്സിന്റെ സേവനം ലഭ്യമാക്കേണ്ടതിന്റെ ആവശ്യം സിസ്റ്റേഴ്സിനെ അറിയിച്ചതിന്റെ ഫലമായി സിസ്റ്റർ ഹൂബാ തിരുവല്ലായിലേക്ക് വരുവാൻ തയാറായി. സിസ്റ്റർ ബ്രുക്സായും ഒപ്പം പോരുവാൻ തയാറായി. 1936 ജൂൺ 16-ന് അവർ തിരുമൂലപുരത്ത് പഴയ ഭവനത്തിലെത്തി പ്രവർത്തനം ആരംഭിച്ചു. അന്നു മുതലുള്ള ബഥനി സിസ്റ്റേഴ്സിന്റെ പ്രവർത്തനങ്ങൾ തിരുവല്ലാ രൂപതയ്ക്ക് ശക്തമായ അടിത്തറ ഉറപ്പിക്കുന്നതിനും ബത്തേരി, മൂവാറ്റുപുഴ പ്രോവിൻസുകൾക്കു കൂടി ജന്മമേകി ബത്തേരി, മൂവാറ്റുപുഴ, പുത്തൂർ രൂപതകൾക്കു കൂടി ആത്മീക അടിത്തറ നൽകത്തക്ക വിധത്തിൽ വളർന്നു വികസിക്കുന്നതിനും ഇടയായി. മാർ തെയോഫിലോസ് പിതാവിന്റെ ആത്മിക ദർശനസുകൃതംകൊണ്ട് തിരുവല്ലാ അതിരൂപതയ്ക്ക് ലഭിച്ച മറ്റൊരു സുകൃതം.

## അല്മായരുടെ പ്രേഷിത ശുശ്രൂഷയുടെ പത്തരമാറ്റ്

വൈദികരും സന്യസ്തരും മാത്രമല്ല, അല്മായരും സഭയിൽ ഒരുപോലെ പ്രധാനപ്പെട്ടവരാണെന്നും അവർക്കും നല്ല രൂപീകരണം ലഭ്യമാക്കുകയും അവരെയും പുനരൈക്യ പ്രേഷിത ശുശ്രൂഷയിൽ പങ്കുചേർക്കുകയും അവശ്യം ആവശ്യവുമാണെന്ന് അദ്ദേഹം ചിന്തിച്ചിരുന്നു. രണ്ടാം വത്തിക്കാൻ സുന്നഹദോസ് അല്മായരുടെ പ്രേഷിത ദൗത്യത്തെക്കുറിച്ച് ആലോചിക്കുന്നതിന് ദശകങ്ങൾക്കു മുമ്പ് അതേക്കുറിച്ച് വ്യക്തമായി ചിന്തിച്ചവനായിരുന്നു മാർ തെയോഫിലോസ് തിരുമേനി. അല്മായരുടെ രൂപീകരണത്തിനും പ്രേഷിത ശുശ്രൂഷകളുടെ ക്രോഡീകരണത്തിനുമായി ഉചിതമായ ഒരു സംവിധാനം ഉണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അതിന്റെ ഫലമാണ് '**കത്തോലിക്കാ സാക്ഷ്യസംഘം**' **(The Catholic Evidence Guild).** 1934 ഡിസംബർ 3-ന് ഔദ്യോഗികമായി ആരംഭിച്ച 'കത്തോലിക്കാ സാക്ഷ്യസംഘം' ഇന്നത്തെ നമ്മുടെ 'സുവിശേഷ സംഘ'ത്തിന്റെ മുന്നോടിയായിരുന്നു എന്ന് അവയുടെ നിയമാവലികൾ നോക്കിയാൽ വ്യക്തമാകും. 'കത്തോലിക്കാ സാക്ഷ്യസംഘം' ഒരു അല്മായ സംഘടന എന്നതിൽ ഉപരിയായി ഒരു 'സംഘമായിരുന്നു'. കൃത്യമായ ജീവിത ചിട്ടകളും പ്രാർത്ഥനാശൈലിയും ആത്മീയ ക്രമങ്ങളും പ്രവർത്തനപദ്ധതികളും ഉള്ള സംഘമായിരുന്നു. സാക്ഷ്യസംഘാംഗങ്ങൾ പ്രേഷിത ശുശ്രൂഷയിൽ വ്യാപൃതരുമായിരുന്നു. സംഘത്തിന്റെ ദശവത്സര റിപ്പോർട്ട് അനുസരിച്ച് അവർ 230 സ്ഥലങ്ങളിൽ 921 പ്രസംഗയോഗങ്ങൾ നടത്തിയതായും 43608 പേർ അതിൽ സംബന്ധിച്ചിരുന്നതായും ശ്രോതാക്കളുടെ 466 സംശയങ്ങൾക്ക് രേഖാമൂലം മറുപടി നൽകിയതായും 30000 ഗ്രന്ഥങ്ങളും ലഘുലേഖകളും

www.malankaralibrary.com



അച്ചടിച്ച് വിതരണം ചെയ്തതായും മനസിലാക്കാം. സംഘാംഗങ്ങൾ ഒരു വർഷം നീണ്ടുനിൽക്കുന്ന പഠനപരിശീലന പദ്ധതിയിൽ പങ്കെടുക്കണമായിരുന്നു. നോമ്പനുഷ്ഠിച്ചും പ്രാർത്ഥിച്ച് ഒരുങ്ങിയും ആധ്യാത്മിക ഉപദേഷ്ടാവിന്റെ മുമ്പിൽ പ്രസംഗം അവതരിപ്പിച്ച് അനുവാദം വാങ്ങിയുമാണ് അംഗങ്ങൾ പ്രസംഗങ്ങൾ നടത്തിയിരുന്നത്. പരിശീലനം വിജയകരമായി പൂർത്തിയാക്കിയവരെ മാത്രമാണ് രൂപതാധ്യക്ഷൻ കൈവയ്പു നൽകി സാക്ഷ്യസംഘത്തിൽ അംഗങ്ങളായി ചേർത്തിരുന്നത്. സാക്ഷ്യാംഗങ്ങൾ യോഗസ്ഥലത്തേക്ക് കുരിശിന്റെ പിന്നിൽ അണിനിരന്ന് പ്രാർത്ഥനയോടെ പ്രദക്ഷിണമായിട്ടാണ് പോയിരുന്നത്. പ്രസംഗയോഗം നടക്കുമ്പോൾ ഏതാനും അംഗങ്ങൾ പ്രസംഗകനുവേണ്ടി വിശുദ്ധ കുർബാനയുടെ മുമ്പാകെ പ്രാർത്ഥനയിലായിരിക്കും. സംഘത്തിന്റെ നേതൃത്വം അല്മായർക്കുതന്നെയായിരുന്നു. സംഘത്തിന്റെ ഡയറക്ടർ പോലും അല്മായനായിരുന്നു. പ്രഥമ ഡയറക്ടർ മാരേട്ട് ഫിലിപ്പോസ് ജഡ്ജിയായിരുന്നു. പ്രവർത്തനത്തിന് ആവശ്യമായ പണം അവർതന്നെ കണ്ടെത്തുകയും കൃത്യമായ വരവ് ചെലവ് കണക്ക് സൂക്ഷിക്കുകയും പ്രവർത്തന റിപ്പോർട്ടും കണക്കും എല്ലാ വർഷവും പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. ചങ്ങനാശേരി, കോട്ടയം, തിരുവനന്തപുരം അതിരൂപതകളിലും പ്രസംഗയോഗങ്ങൾ നടത്തുവാൻ സാക്ഷ്യസംഘാംഗങ്ങൾ ക്ഷണിക്കപ്പെട്ടിരുന്നു. 'കത്തോലിക്കാ സാക്ഷ്യസംഘം' തിരുവല്ലാ രൂപതയുടെ അടിത്തറ ആഴത്തിൽ ഉറപ്പിക്കുവാൻ ഗൗരവമായ പങ്കുവഹിച്ചു എന്നതിൽ സംശയമില്ല. *(cf. കത്തോലിക്കാ സാക്ഷ്യസംഘാംഗങ്ങൾക്കു ചില പ്രയാഗോകിക നിർദേശങ്ങൾ. ഒന്നാം ഭാഗം ഒന്നാം പതിപ്പ്, കൊല്ലവർഷം 1110 (AD1934).*

*2). A. Philipose M.A, B.L (Director) The Catholic Evidence Guild In the Diocese of Tiruvalla, History of its origin and it's first year's work, Tiruvalla, 1936.*

*3). വി.എ. വർഗീസ് B.A, L.T, തിരുവല്ലാ കാത്തലിക് സാക്ഷ്യസംഘം പത്താമത്തെ വാർഷിക റിപ്പോർട്ട്, തിരുവല്ലാ 1945.*

*4). ഫാ. ജോർജ് വി. പാലത്തിങ്കൽ, 'നല്ല ഇടയൻ' മാർ തെയോഫിലോസ് ജന്മശതാബ്ദി സ്മരണിക. തിരുവല്ല. 1991, (പേജ് 84).*

അല്മായർക്ക് ആഴത്തിലുള്ള പരിശീലനം ലഭ്യമാക്കി പുനരൈക്യപ്രേഷിത ശുശ്രൂഷയിൽ ഉൾചേർക്കുക മാത്രമല്ല, സഭയുടെ ഉത്തരവാദിത്വ പൂർണമായ പല സ്ഥാനങ്ങളിലും അവരെ നിയമിക്കുകയും ചെയ്തിരുന്നു. കത്തോലിക്കാ സാക്ഷ്യസംഘത്തിന്റെ ഡയറക്ടർ മാരേട്ട് എ. ഫിലിപ്പോസ് ജഡ്ജിയായിരുന്നു. 1932 ഒക്ടോബർ 13-ാം തീയതിയിലെ 8-ാം നമ്പർ ഉത്തരവ് പ്രകാരം ശ്രീ. സി.ഐ. ഫിലിപ്പോസിനെ അരമന

www.malankaralibrary.com



കച്ചേരിയുടെ ക്ലർക്കായി നിയമിച്ചിരുന്നു. ആധ്യാത്മികവും സഭാത്മകവുമായ പരിശീലനം ലഭിച്ചിരുന്ന തീക്ഷ്ണമതികളായ അല്മായരുടെ ഒരു നീണ്ടനിരതന്നെ അന്ന് പുനരൈക്യ പ്രേഷിത ശുശ്രൂഷയ്ക്ക് മുന്നണി പോരാളികളായി തിരുവല്ലായിൽ ഉണ്ടായിരുന്നു. തിരുവല്ലാ അതിരൂപതയുടെ ബലവത്തായ അടിത്തറ ഉറപ്പിക്കപ്പെട്ടതിന്റെ മറ്റൊരു കാരണം.

## നിയതമായ നിയമാവലി നൽകിയ അടിത്തറ

മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കിയും തിരുവല്ലാ രൂപതയും സ്ഥാപിച്ചുകൊണ്ടുള്ള കല്പന റോമിൽ നിന്നും ലഭിച്ചു കഴിഞ്ഞപ്പോൾ (11-06-1932) രൂപതയുടെ ഔദ്യോഗിക ഉദ്ഘാടനത്തിനും പ്രഥമ അധ്യക്ഷനായുള്ള തന്റെ സ്ഥാനാരോഹണത്തിനും (06-11-1933) മുമ്പുതന്നെ ഇടവകഭരണവും വരുമാനക്രമവും സംബന്ധിച്ച നിയമങ്ങൾ ക്രോഡീകരിക്കുവാൻ മാർ തെയോഫിലോസ് തിരുമേനി കാട്ടിയ താല്പര്യം ശ്രദ്ധേയമാണ്. പുനരൈക്യ പ്രേഷിത ശുശ്രൂഷയുടെ തിരക്കുകളോ ഭാരങ്ങളോ എതിരാളികളുടെ എതിർപ്പുകളോ പ്രകോപനങ്ങളോ ഒന്നും ഈ കാര്യത്തിൽ അദ്ദേഹത്തിന് പ്രതിബന്ധങ്ങളായിരുന്നില്ല. കത്തോലിക്കാ സഭയുടെ കാനോനകൾ സംബന്ധിച്ച് വലിയ പരിജ്ഞാനമില്ലാതിരുന്നതിനാൽ സീറോ മലബാർ സഭയിൽ നിന്ന് ബഹു. സക്കറിയാസ് വാച്ചാപ്പറമ്പിൽ, ബഹു. ജേക്കബ് വെള്ളരിങ്ങാട്ട് തുടങ്ങിയ പണ്ഡിതരായ വൈദികരുടെ സഹായം അദ്ദേഹം തേടുകയുണ്ടായി. 1932 ഒക്ടോബർ 13-ാം തീയതി നിലവിൽ വന്ന രൂപതയുടെ പ്രഥമ കൗൺസിലിൽ അവരെ രണ്ടുപേരെയും ആലോചനാ സംഘാംഗങ്ങളായി ഉൾപ്പെടുത്തുകയും ചെയ്തു. കത്തോലിക്കാ സഭയുടെ കാനോനകളും പൗരസ്ത്യ സഭാപാരമ്പര്യങ്ങളും മലങ്കരയുടെ പൈതൃകങ്ങളും സാമൂഹിക ചരിത്രപശ്ചാത്തലങ്ങളും എല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമാവലിയാണദ്ദേഹം ക്രോഡീകരിച്ചത്. ആരംഭം മുതൽ രൂപതയും ഇടവകകളും നിയമവിധേയമായും ചിട്ടയായും പ്രവർത്തിക്കണമെന്നും ഇടവക സംവിധാനങ്ങൾ നിയമാനുസരണമായി രൂപപ്പെടണമെന്നും അദ്ദേഹം ആഗ്രഹിക്കുകയും നിഷ്കർഷിക്കുകയും ചെയ്തിരുന്നു. രൂപതാ കൗൺസിലിന്റെ 1933 മാർച്ച് 14ന് കൂടിയ രണ്ടാമത്തെ സമ്മേളനത്തിൽ 'പള്ളിഭരണം', 'വരുമാനക്രമം' എന്നിവ സംബന്ധിച്ച നിർദേശങ്ങൾ ചർച്ച ചെയ്ത് അംഗീകരിക്കുകയും 1933 ഏപ്രിൽ 16-ാം തീയതി മുതൽ നടപ്പിലാക്കുകയും ചെയ്തു. വിവാഹം സംബന്ധിച്ച് ക്രോഡീകരിച്ച നിയമാവലി 1933 മേയ് 12-ന് നടപ്പിൽ വരുത്തി. *(cf. തിരുവല്ലാ ഭദ്രാസന ഇടവക-സഭാനിബന്ധനകൾ. 1. പള്ളിഭരണം, 2. വരുമാനക്രമം, 3. വിവാഹം. ബഥനി പ്രസ്, തിരുവല്ലാ 1933).* മാർ തെയോ

www.malankaralibrary.com



ഫിലോസ് മെത്രാപ്പോലീത്താ ക്രോഡീകരിച്ച് നടപ്പിൽ വരുത്തിയ നിയമാവലിയാണ് രൂപതയുടെ ശക്തമായ നൈയാമിക അടിത്തറ ഉറപ്പിക്കുവാൻ സഹായിച്ചത്. മാർ സേവേറിയോസ്, മാർ അത്തനാസിയോസ്, മാർ യൂഹാനോൻ, മാർ തിമോത്തിയോസ്, മാർ ക്ലീമീസ് എന്നീ മെത്രാപ്പോലീത്താമാർ അവരുടെ നേതൃത്വകാലത്ത് നിയമാവലിയിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്. സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെട്ടതിനും (10-02- 2005) സഭയുടേതായ പ്രത്യേക കാനോൻ നിയമം ക്രോഡീകരിക്കപ്പെട്ട് നിലവിൽ വന്നതിനും (10-03- 2012) ശേഷം

തിരുവല്ലാ അതിരൂപതയുടെ നിയമാവലിയും വരുമാനക്രമവും നവീകരിച്ച് മാർ കൂറിലോസ് മെത്രാപ്പോലീത്താ നടപ്പിലാക്കുകയുണ്ടായി (2013 മാർച്ച് 25).

പുതിയ നിയമാവലിയുടെയും അടിസ്ഥാനങ്ങൾ മാർ തെയോഫിലോസ് മെത്രാപ്പോലീത്താ ക്രോഡീകരിച്ച് നിലവിൽ വരുത്തിയ നിയമാവലി ആണെന്ന് അറിയുമ്പോഴാണ് അദ്ദേഹം നിലവിൽ വരുത്തിയ രൂപതാ നിയമാവലി രൂപതയുടെ അടിസ്ഥാനം ഉറപ്പിക്കുന്നതിൽ എത്രമാത്രം സഹായകരമായിരുന്നു എന്ന് തിരിച്ചറിയുന്നത്.

## പൗരസ്ത്യ പാരമ്പര്യങ്ങൾക്ക് പ്രാമുഖ്യം

റോമിലേക്കും യൂറോപ്പിലെ പുണ്യസ്ഥലങ്ങളിലേക്കും മാർ തെയോഫിലോസ് തിരുമേനി നടത്തിയ യാത്രയും തീർത്ഥാടനവും പരിശുദ്ധ കത്തോലിക്കാ സഭയിലെ വിവിധ സന്യാസ സമൂഹങ്ങളെയും ഭക്താഭ്യാസങ്ങളെയും പ്രേഷിത സംഘടനകളെയും പാശ്ചാത്യസഭയെ തന്നെയും കൂടുതൽ അടുത്തും ആഴത്തിലും അറിയുവാൻ സഹായിച്ചു. കത്തോലിക്കാ സഭയുടെ ആത്മീകവും ശുശ്രൂഷാപരവുമായ ഊർജത്തിന്റെ രഹസ്യങ്ങൾ അദ്ദേഹത്തിന് അടുത്ത് മനസിലാക്കുവാൻ സാധിച്ചു. പാശ്ചാത്യസഭയിൽ കണ്ട പല നല്ലകാര്യങ്ങളും ഭക്താഭ്യാസങ്ങളും പ്രവർത്തനങ്ങളും പ്രാർത്ഥനകളും തിരുവല്ലാ രൂപതയിൽ സ്വാംശീകരിക്കുവാൻ അദ്ദേഹം താല്പര്യപ്പെട്ടു. എന്നാൽ, അവയൊക്കെ പൗരസ്ത്യ സഭകളുടെ പാരമ്പര്യങ്ങൾക്കും ശൈലികൾക്കും ചേർന്ന വിധത്തിലായിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. പാശ്ചാത്യ സഭാപശ്ചാത്തലത്തിൽ രൂപപ്പെട്ട സ്ലീബാപാഥ ഭക്തജീവിതത്തിന് ഉപകാരപ്രദമായി അദ്ദേഹം കണ്ടിരുന്നു, എന്നാൽ അത് അന്ത്യോക്യൻ ആരാധനയുടെ പശ്ചാത്തലത്തിൽ രൂപപ്പെടുത്തിയാണ് അദ്ദേഹം നടപ്പിൽ വരുത്തിയത് *(സ്ലീബാനുഗമനം, അഥവാ സ്ലീബാപാഥ) എം.എസ് പ്രസ് തിരുവല്ല 1933, 2. ഫാ. മത്തായി കടവിൽ ഒ.ഐ.സി.*

www.malankaralibrary.com



*'മാർ തെയോഫിലോസ് തിരുമേനിയും ആരാധനാ ജീവിതവും' മാർ തെയോഫിലോസ് ജന്മശതാബ്ദി സ്മരണിക. തിരുവല്ലാ, 1991. പേജ് 43, 44).*

## അടിസ്ഥാന സൗകര്യ ക്രമീകരണങ്ങൾ

ആത്മികവും ആരാധനാപരവും അജപാലനപരവുമായ അടിത്തറ പാകിയതിനുശേഷമാണ് സംവിധാനാത്മകവും സംഘടനാപരവും ഭൗതികവുമായ അടിസ്ഥാന ക്രമീകരണങ്ങളിലേക്ക് അദ്ദേഹം ശ്രദ്ധ തിരിച്ചത്. അവിടെയും അദ്ദേഹം ഉറപ്പായ അടിത്തറയാണിട്ടത്. രൂപതാ ആസ്ഥാനം സ്ഥാപിക്കാനായി ചെറുപുഷ്പഗിരിക്കുന്നും അവിടെ ഉറപ്പുള്ള അരമനയും ആശ്രമം സ്ഥാപിക്കാനായി തുകലശേരിയിലെ ഭൂമിയും അവിടെ ആശ്രമവും, പ്രധാന പുത്തൻകൂർ കേന്ദ്രങ്ങളിൽ പള്ളികൾ പണിയാൻ സ്ഥലവും; കവിയൂർ, വെണ്ണിക്കുളം, അയിരൂർ തുടങ്ങിയ സ്ഥലങ്ങളിൽ ബലവത്തായ പള്ളികളും മുദ്രാലയ പ്രേഷിത മേഖലയിൽ സെന്റ് ജോസഫ് പ്രിന്റിംഗ് ഹൗസും ചുരുങ്ങിയ കാലത്തിനുള്ളിൽ അദ്ദേഹം തുടക്കമിട്ടത് ശക്തമായ പുനരൈക്യമുന്നേറ്റങ്ങൾക്കാണ്. തിരുവല്ലാ അതിരൂപതയുടെ അടിത്തറ ശക്തമാക്കുന്നതിൽ ഇവയൊക്കെ വഹിച്ച പങ്ക് പകൽ പോലെ വ്യക്തം.

## ഉപസംഹാരം

ജീവിതകാലത്തുതന്നെ 'വിശുദ്ധൻ' എന്ന് അനേകർ വിളിച്ചിരുന്ന അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ ഇടയനേതൃത്വം അതിരൂപതയായി വളർന്ന തിരുവല്ലാ രൂപതയ്ക്ക് ബലവത്തായ അടിസ്ഥാനം ഉറപ്പിക്കുവാൻ എപ്രകാരം ഇടയാക്കി എന്നും അതിനായി അദ്ദേഹം എന്തൊക്കെയാണ് ചെയ്തതെന്നുമാണ് നാം കണ്ടത്. പുതിയ രൂപതകൾ നിലവിൽ വരുമ്പോൾ ബ്രഹ്മാണ്ഡങ്ങളായ ഭദ്രാസനകേന്ദ്രങ്ങളും ഭദ്രാസനദൈവാലയങ്ങളും സ്ഥാപനങ്ങളും പണിയുവാൻ വെമ്പൽകൊള്ളുന്ന ഇന്നത്തേതിൽ നിന്നും വളരെ വ്യത്യസ്തമായിരുന്നു അദ്ദേഹത്തിന്റെ ശൈലി. വൈദികരും വൈദികാർഥികളും സന്യസ്തരും അല്മായരുമൊത്തുള്ള സഭയെ പണിയുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം, സ്ഥാപനങ്ങളായിരുന്നില്ല. തിരുവല്ലാ അതിരൂപതയുടെ വളർച്ചയുടെയും ബഹുമുഖ ശുശ്രൂഷകളുടെ ശാക്തീകരണത്തിന്റെയും അടിസ്ഥാനം ആരംഭത്തിൽ അഭിവന്ദ്യ മാർ തെയോഫിലോസ് മെത്രാപ്പോലീത്ത ഉറപ്പിച്ച ബലവത്തായ അടിത്തറയാണെന്നതിൽ സംശയമില്ല. കാലം അതു നമ്മെ കൂടുതൽ ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

(ഐക്യദീപം 2016 ജൂൺ പേജ് 10)

www.malankaralibrary.com



# വിശ്വസ്തനും വിവേകിയുമായ മാർ തെയോഫിലോസ് തിരുമേനി



**അഭി. ഗീവറുഗീസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത**

''തന്റെ ഭവനത്തിലുള്ളവർക്ക് കൃത്യസമയത്തു ഭക്ഷണം കൊടുക്കാൻ യജമാനൻ നിയോഗിച്ച വിശ്വസ്തനും വിവേകിയുമായ ദൃത്യൻ ആരാണ് ? യജമാനൻ വരുമ്പോൾ അപ്രകാരം ചെയ്യുന്നതായി കാണപ്പെടുന്ന ഭൃത്യൻ ഭാഗ്യവാൻ. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. യജമാനൻ അവനെ തന്റെ വസ്തുവകകളുടെ എല്ലാം മേൽനോട്ടക്കാരനായി നിയമിക്കും''.(മത്തായി 24: 45-47)

നമ്മുടെ രൂപതയുടെ പ്രഥമ അദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തയുടെ ജന്മശതാബ്ദി നാം കൊണ്ടാടുകയാണല്ലോ. ഈജിപ്തിൽ അടിമത്തത്തിലായിരുന്ന തന്റെ ജനത്തിന്റെ വിമോചനത്തിനായി മോശയേയും അഹറോനേയും യഹോവ തെരഞ്ഞെടുത്തതുപോലെ മലങ്കര സഭ ഭിന്നതയുടെ അടിമത്തത്തിൽ ക്ഷയിച്ചുകൊണ്ടിരുന്നപ്പോൾ മലങ്കര സഭയുടെ വിമോചനത്തിനായി ദൈവം തെരഞ്ഞെടുത്ത നേതാക്കന്മാരാണ് അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും അദ്ദേഹത്തിന്റെ പ്രേഷ്ഠ ശിഷ്യനായിരുന്ന മാർ തെയോഫിലോസ് മെത്രാപ്പോലിത്തായും, മലങ്കര സഭയിൽ ശാശ്വത സമാധാനത്തിനുള്ള ഏകവഴി മാതൃസഭയായ കത്തോലിക്കാ സഭയുമായുള്ള ഐക്യമാണെന്ന് ബോദ്ധ്യമായിട്ടും ലക്ഷ്യപ്രാപ്തിക്കുള്ള വിഘ്ലാതങ്ങൾ കണ്ട് മറ്റു മെത്രാപ്പോലിത്താമാർ അറച്ചു നിന്ന

www.malankaralibrary.com



പ്പോൾ ദൈവകരങ്ങളിൽ അർപ്പിച്ചുകൊണ്ട് മുന്നോട്ടുപോകുവാൻ മാർ ഈവാനിയോസ് തിരുമേനിക്ക് ശക്തിയും പിൻതുണയും നൽകിയത് ബഥനിയുടെ തപോധനൻ എന്നറിയപ്പെടുന്ന മാർ തെയോഫിലോസ് തിരുമേനിയായിരുന്നു. അദ്ദേഹത്തിന്റെ ജന്മശതാബ്ദിയുടെ അവസരത്തിൽ അദ്ദേഹത്തെ പ്രത്യേകമായി സ്മരിക്കുകയും അദ്ദേഹത്തിന്റെ ജീവിതദർശനങ്ങളെ സ്വാംശീകരിക്കുകയും ചെയ്തുകൊണ്ട് വ്യക്തികളായും സമൂഹമായും കൂടുതൽ തീഷ്ണമായ സുവിശേഷപ്രവർത്തനത്തിന് നമ്മേതന്നെ സമർപ്പിക്കുകയും ചെയ്യുക ഉചിതമാണ്.

തന്റെ ജനത്തിന് ശുശ്രൂഷ ചെയ്യുവാൻ തക്ക സമയത്ത് ദൈവം കണ്ടെത്തിയ വിശ്വസ്തനും വിവേകിയുമായ ഭൃത്യനായിരുന്നു വന്ദ്യ തിരുമേനി. അദ്ദേഹം തന്നെ വിളിച്ചവനോടും തനിക്ക് ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടവരോടും വിശ്വസ്തനായിരുന്നു. അദ്ദേഹത്തിന്റെ തപോനിഷ്ഠയും ജീവിത വിശുദ്ധിയും, പ്രാർത്ഥനാ ജീവിതവും, പരിത്യാഗമനോഭവവും, സന്യാസ അരൂപിയും, ആരാധനാക്രമപാടവവും മലങ്കര സഭാമക്കൾക്കെല്ലാവർക്കും സുവിദിതമാണല്ലോ. സത്യം മനസിലാക്കുന്നതിനും സഭയിൽ ആത്മീയ ഉൽക്കർഷം ഉണ്ടാക്കുന്നതിനുമായി അദ്ദേഹം ബഥനി മലയിൽ തപസിലും പ്രാർത്ഥനയിലും ജീവിച്ചു. അദ്ദേഹത്തിന്റെ ആത്മീയ തേജസ് കണ്ട് എത്രയധികം ആളുകളാണ് ബഥനിയിലേക്ക് ആത്മീയ പ്രഭയ്ക്കായി ഓടിയണഞ്ഞതെന്ന് ബഥനിയുടെ ചരിത്രം സാക്ഷിക്കുന്നു.

സത്യത്തിന്റെ പാത കത്തോലിക്കാ സഭയുമായുള്ള ഐക്യമാണെന്ന് ഗ്രഹിച്ചപ്പോൾ സധൈര്യം അദ്ദേഹം ആ പാത തെരഞ്ഞെടുത്തു. താൻ തെരഞ്ഞെടുത്ത സത്യപാതയാകുന്ന പുനരൈക്യപ്രസ്ഥാനത്തിന്റെ അടിത്തറ പാകുന്നതിനും, അതിന്റെ വളർച്ചയ്ക്കുമായി അദ്ദേഹം ഏറ്റുവാങ്ങിയ ത്യാഗങ്ങൾ അനവധിയാണ്. തന്റെ ജനത്തോട് വിശ്വസ്തനായിരുന്ന അവിടുന്ന് അവർക്കാവശ്യമായവയെല്ലാം യഥാവിധി നിറവേറ്റിക്കൊണ്ടിരുന്നു. ജനത്തിനാവശ്യമായ ദേവാലയങ്ങൾ, രൂപതയ്ക്കും ഇടവകകൾക്കും ആവശ്യമായ പ്രവർത്തന മാർഗ്ഗരേഖകൾ, സത്യവിശ്വാസത്തിലും ആത്മീക ഉണർവിലും അവരെ നിലനിർത്തുവാനും ഉണർത്തുവാനും ആവശ്യമായ ഉപദേശങ്ങൾ, ഗ്രന്ഥങ്ങൾ, വ്യക്തികളെ സത്യം ഗ്രഹിപ്പിക്കുന്നതിനുതകുന്ന സന്ദർശനങ്ങൾ ഇവയിലെല്ലാം അവിടുന്ന് അതീവ ശ്രദ്ധാലുവും തീക്ഷ്ണവാനും ആയിരുന്നു.

മലങ്കര സഭയിൽ നവീകരണത്തിനായി തപസനുഷ്ഠിക്കുകയും കത്തോലിക്കാ സഭയുമായുള്ള മലങ്കര സഭയുടെ പുനരൈക്യത്തിന് വഴി

www.malankaralibrary.com



തുറക്കുകയും തിരുവല്ലാ രൂപതയുടെ സ്ഥാപനത്തിനും, കെട്ടുപണിക്കും, ത്വരിത വളർച്ചയ്ക്കും ബുദ്ധിമാനായ ഭൃത്യനെപ്പോലെ തുടക്കം കുറിക്കുകയും ചെയ്ത അദ്ദേഹത്തിന്റെ ജന്മശതാബ്ദി കൊണ്ടാടുക നമ്മുടെ ചുമതലയാണ്. “നാം ദൈവത്തിന്റെ മക്കളായി തീരുവാൻ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ പിതാക്കന്മാരെ കുർബാനകളിലും പ്രാർത്ഥനകളിലും നാം ഓർക്കണം”. നാം ദൈവത്തിന്റെ മക്കളാകുവാൻ നമ്മെ പഠിപ്പിച്ചവരിൽ എന്തുകൊണ്ടും അഗ്രേസരൻ അഭിവന്ദ്യ മാർ തെയോഫിലോസ് തിരുമേനിയാണല്ലോ.

ഈ ജന്മശതാബ്ദി നമ്മുടെ പുനർ സമർപ്പണത്തിന്റെയും ശക്തമായ സുവിശേഷപ്രവർത്തനങ്ങളുടെയും അവസരമായിരിക്കണം. മലങ്കര സഭാമക്കളുടെ ജീവിതവിശുദ്ധീകരണവും അവരുടെ കത്തോലിക്കാസഭയുമായുള്ള പുനരൈക്യവുമായിരുന്നു മാർ തെയോഫിലോസ് തിരുമേനിയുടെ ജീവിതാഭിലാഷം. അദ്ദേഹത്തിന്റെ അഭിലാഷം പൂർത്തീകരിക്കുന്നതിനായി കൂടുതൽ തീക്ഷ്ണമായും ഉത്തരവാദിത്വത്തോടെയും, പ്രവർത്തിക്കുവാനും, പ്രാർത്ഥിക്കുവാനും നമുക്ക് ഈ അവസരത്തിൽ പ്രതിജ്ഞയെടുക്കാം. ജന്മശതാബ്ദിയുടെ ഈ അവസരം നമുക്ക് ഈ പ്രതിജ്ഞ പുതുക്കുവാനുള്ള ഉത്തമ അവസരമാണ്. അറുപത്തൊന്ന് വർഷങ്ങളായിട്ടും എന്തുകൊണ്ട് നമ്മുടെ പ്രവർത്തനങ്ങൾ വേണ്ടവിധത്തിൽ ഫലവത്തായില്ല എന്നുകൂടി ആത്മാശോധന ചെയ്യുവാനും ഈ അവസരം നാം വിനിയോഗിക്കണം.

പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രാരംഭ ദശയിൽ വൈദികരും സന്യാസികളും അല്മായരും ഏകമനസോടെ ത്യാഗത്തോടെ ഐക്യത്തിൽ പ്രവർത്തിച്ചിരുന്നപ്പോൾ നമ്മുടെ വളർച്ച ധൃതഗതിയിലായിരുന്നു. എന്നാൽ കാലാന്തരത്തിൽ നമ്മുടെ ത്യാഗമനോഭാവം കുറയുവാനിടയായപ്പോൾ നമ്മുടെ വളർച്ചയും മന്ദീഭവിച്ചു. ഒരു ക്ളോക്കിലെ പൽച്ചക്രങ്ങൾ ചെറുതും വലുതും എല്ലാം ഒരുപോലെ പ്രവർത്തിച്ചെങ്കിൽ മാത്രമെ ക്ളോക്ക് കൃത്യമായി പ്രവർത്തിക്കുകയുള്ളു. നമ്മുടെ രൂപതയാകുന്ന ക്ളോക്കും കൃത്യമായും ഭംഗിയായും പ്രവർത്തിക്കുന്നതിന് രൂപതയിലെ എല്ലാവരുടെയും, വൈദികരുടെയും, സന്യാസികളുടെയും അല്മായരുടെയും സഹകരിച്ചുള്ള പ്രവർത്തനം അനിവാര്യമാണ്.

വന്ദ്യപിതാവിന്റെ ജന്മശതാബ്ദി അദ്ദേഹത്തിന്റെ ജീവിതത്തിനിണങ്ങും വിധം തീർത്തും ആദ്ധ്യാത്മിക പരിപാടികളോടെയാണ് ക്രമീകരിച്ചിരിക്കുന്നത്. താൻ ജീവിച്ചിരുന്നപ്പോൾ അധികം ആരാലും അറിയപ്പെടാതെ പ്രാർത്ഥനാധ്യാനത്തിനും സന്യാസത്തിനും ഊന്നൽ

www.malankaralibrary.com



നൽകിക്കൊണ്ട് അദ്ദേഹം ജീവിച്ചു. എന്നാൽ എളിയവരെ ഉയർത്തുന്നവനായ ദൈവം അദ്ദേഹത്തിന്റെ നാമവും ജീവിതവും ഇന്ന് അത്ഭുതമരമായി സമൂഹത്തിന്റെ മുൻപാകെ ഉയർത്തുകയാണ്. അതിന്റെ ഉത്തമ ഉദാഹരണമാണ് അനേകർ അദ്ദേഹത്തിന്റെ ജന്മശതാബ്ദി ആഘോഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മുൻപോട്ടു വരികയും അദ്ദേഹത്തിന്റെ ശാശ്വത സ്മാരകമായി പ്രാർത്ഥനാശൃംഖല രൂപീകരിക്കുകയും പ്രാർത്ഥനായോഗങ്ങളുടെ രൂപീകരണത്തിനും കാര്യക്ഷമമായ പ്രവർത്തനത്തിനും ശ്രമിക്കുകയും ചെയ്യുന്നത്.

തന്നെ ഏല്പിച്ചവയിൽ വിശ്വസ്തനും വിവേകിയും ആയിരുന്ന മാർ തെയോഫിലോസ് തിരുമേനി കാണിച്ചുതന്ന വഴികൾ നമുക്ക് പിന്തുടരാം. അവിടുത്തെ പ്രാർത്ഥന നമുക്ക് എന്നും കോട്ടയായിരിക്കട്ടെ.

(ജന്മശതാബ്ദി സ്മരണിക 13. 04. 1991)

www.malankaralibrary.com



# ബഥനിയുടെ ഗുരുവച്ചൻ



**ഫാ. ഡോ. മത്തായി കടവിൽ ഒ.ഐ.സി**
***(സുപ്പീരിയർ ജനറൽ, ബഥനി മിശിഹാനുകരണ സന്യാസ സമൂഹം)***

അഭി. തെയോഫിലോസ് തിരുമേനി ബഥനിക്ക് ഗുരുവച്ചനാണ്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിലൂടെ ദൈവം വെളിപ്പെടുത്തിയ സന്ന്യാസ ദർശനത്തെ ആവഹിച്ചെടുത്ത് ബഥനി മക്കളിൽ പ്രതിഷ്ഠിച്ച ബഥനിയുടെ പ്രഥമഗുരു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവും മാർ തെയോഫിലോസ് തിരുമേനിയും തമ്മിലുണ്ടായിരുന്ന പാരസ്പര്യത്തിൽ നിന്നുമാണ് ബഥനിയും മലങ്കര സുറിയാനി കത്തോലിക്കാ സഭയും രൂപം പ്രാപിച്ചതും ശക്തിപ്രാപിച്ചതും. അഭിവന്ദ്യ പിതാവിനെക്കുറിച്ച് എഴുതപ്പെട്ട ലേഖനങ്ങളുടെ ഒരു സമാഹരണം തയ്യാറാക്കുന്ന അവസരത്തിൽ ബഥനി ആശ്രമത്തിന്റെ സ്ഥാപനത്തിലും വളർച്ചയിലും തെയോഫിലോസ് പിതാവ് നൽകിയ സംഭാവനകളെ കുറിച്ചുള്ള ഏതാനും ചിന്തകൾ പങ്കുവയ്ക്കുന്നു.

**കുടുംബപശ്ചാത്തലം**

കോട്ടയത്തിനടുത്ത് ഒളശ്ശയിലുള്ള കളപ്പുരയ്ക്കൽ എബ്രഹാം തരകന്റെയും അച്ചാമ്മയുടെയും മകനായി 1891 ഫെബ്രുവരി 28-ാം തീയതിയാണ് പിതാവ് ജനിച്ചത്. കളപ്പുരയ്ക്കൽ കുടുംബക്കാർ പഴയകൂർ വിഭാഗത്തിലും പുത്തൻകൂർ വിഭാഗത്തിലുമുണ്ട്. അതുകൊണ്ടുതന്നെ രണ്ടു പാരമ്പര്യങ്ങളെയും അറിയുന്നതിനും മനസ്സിലാക്കുന്നതിനും

www.malankaralibrary.com



അദ്ദേഹത്തിന് അവസരം ലഭിച്ചു. 1891 മാർച്ച് 16-ാം തീയതി ചാലശ്ശേരിൽ ഔസേഫ് കത്തനാരിൽ നിന്നും യാക്കോബ് എന്ന പേരിൽ മാമ്മോദീസാ സ്വീകരിച്ചു. അദ്ദേഹത്തിന്റെ കുടുംബാംഗമായിരുന്ന കളപ്പുരയ്ക്കൽ മാത്തു തരകൻ കത്തനാരായിരുന്നു തലതൊട്ടപ്പൻ. അമ്മ അച്ചാമ്മ കോട്ടയം അടുത്തുള്ള പരിപ്പ് പ്രദേശത്തെ നാലാത്ര കുടുംബാംഗമാണ്. നിരണത്തുള്ള ഇലഞ്ഞിക്കൽ കുടുംബത്തിൽ നിന്നുമാണ് ഇവർ വന്നിട്ടുള്ളത്. അമ്മയുടെ അർദ്ധസഹോദരനാണ് ഇലഞ്ഞിയിൽ ഇ.ജെ. ജോൺ വക്കീൽ. പിതൃവഴിയും മാതൃവഴിയും സഭയുടെ നേതൃരംഗങ്ങളിൽ പ്രവർത്തിച്ചിരുന്ന കുടുംബപാരമ്പര്യം വൈദികശുശ്രൂഷയ്ക്ക് പ്രേരകമായി. അദ്ദേഹത്തിന്റെ ഒരു സഹോദരി ഏലിയാമ്മയും സന്ന്യാസവഴി സ്വീകരിച്ചു. "ബാരിസോൾ" സംഘം കേരളത്തിലെത്തിയശേഷം ബഥനിമഠത്തിൽ അംഗത്വം സ്വീകരിച്ച ഏലിയാമ്മ നോവീസ്സായിരിക്കുമ്പോഴാണ് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നത്. പുനരൈക്യത്തെ തുടർന്ന് സൈബാർ എന്ന സന്ന്യാസനാമം സ്വീകരിച്ച് 1931 ഏപ്രിൽ 17-ന് പ്രഥമ സന്ന്യാസവ്രതവാഗ്ദാനം മാർ ഈവാനിയോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലും സഹോദരൻ മാർ തെയോഫിലോസ് പിതാവിന്റെ സഹകാർമ്മികത്വത്തിലും നടത്തി.

ഒളശ്ശയിലെ പ്രൈമറി സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും കോട്ടയം എം.ഡി.സ്കൂളിൽ നിന്ന് മെട്രിക്കുലേഷനും പാസ്സായ യാക്കോബിനെ വൈദിക ജീവിതത്തോടുള്ള അദ്ദേഹത്തിന്റെ താല്പര്യവും ഒളശ്ശ ഇടവകക്കാരുടെ അഭ്യർത്ഥനയും കണക്കിലെടുത്ത് വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനി ശെമ്മാശ് പട്ടം നല്കി. തുടർന്ന് യാക്കോബ് ശെമ്മാശൻ മാർ ഈവാനിയോസ് പിതാവിനോടൊപ്പം എം.ഡി.സ്കൂളിൽ താമസിച്ചുകൊണ്ട് അതേ സ്കൂളിൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. വൈദിക പഠനവും അദ്ധ്യാപകജോലിയും നിർവ്വഹിച്ചുകൊണ്ടിരുന്നയവസരത്തിൽ തന്റെ ഗുരുവും മാർഗ്ഗദർശിയുമായിരുന്ന എം.എ. അച്ചനോടൊപ്പം സെറാമ്പൂർ കോളേജിലേക്ക് ഉപരിപഠനത്തിന് പോയി.

**ആശ്രമ വഴിയിൽ**

ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് ബഥനി ആശ്രമ സ്ഥാപനത്തെക്കുറിച്ച് ചിന്തിക്കുന്നത് സെറാമ്പൂർ വാസക്കാലത്താണല്ലോ (1913-1919). നവോത്ഥാനത്തിന്റെ പശ്ചാത്തലത്തിൽ പർണ്ണശാലകൾ

www.malankaralibrary.com



കേന്ദ്രീകരിച്ച് നടന്നിരുന്ന ഹൈന്ദവ സന്ന്യാസത്തെ സംഘടിതമായി പുനരവതരിപ്പിക്കുവാൻ നിയോഹിന്ദുയിസം നേതൃത്വം നൽകിയ കാലമായിരുന്നു അത്. രാമകൃഷ്ണപരമഹംസ സ്വാമിയുടെ ശിഷ്യനായ സ്വാമി വിവേകാനന്ദന്റെ നേതൃത്വത്തിൽ ആരംഭിച്ച രാമകൃഷ്ണാശ്രമവും മഹാത്മ ഗാന്ധിയുടെ നേതൃത്വത്തിൽ ആരംഭിച്ച സബർമതി ആശ്രമവും രവീന്ദ്രനാഥ ടാഗോറിന്റെ നേതൃത്വത്തിൽ ആരംഭിച്ച ശാന്തിനികേതനും ഇതിനുദാഹരണങ്ങളാണ്. ഇക്കാലയളവിൽ തന്നെ പ്രോട്ടസ്റ്റന്റ് സഭയിലും കത്തോലിക്കാ സഭയിലും ക്രൈസ്തവവിശ്വാസത്തെ ഭാരതീയ രീതികളിൽ അവതരിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങളും നടന്നിരുന്നു. ബ്രഹ്മബന്ധാവ് ഉപദ്ധ്യായയും സാധുസുന്ദർസിംഗും ഈ രംഗത്തെ മുന്നണി പോരാളികളായി. ഇത്തരം മുന്നേറ്റങ്ങളിൽ ആകൃഷ്ടരായ മാർ ഈവാനിയോസ് പിതാവ് മലങ്കര സഭയുടെ നവോത്ഥാനവും ഭാരത മാനസാന്തരവും ലക്ഷ്യംവച്ചു കൊണ്ട് ബഥനി ആശ്രമം തുടങ്ങുവാൻ തീരുമാനിച്ചു. ഒരു നിഴൽപോലെ പിതാവിന്റെ ചിന്തകളെ പിന്തുടർന്ന യാക്കോബ് ശെമ്മാശൻ ഇതിന് സർവ്വപിന്തുണയും നൽകി. ഇക്കാലയളവിൽ സെറാമ്പൂരിൽ ഉണ്ടായിരുന്ന മറ്റ് വിദ്യാർത്ഥികളും ഇതിനെ പിന്തുണച്ചതോടെ ആശ്രമകേന്ദ്രീകൃത ജീവിതത്തിന് തുടക്കമായി. അനൗദ്യോഗികമായി ആരംഭിച്ച ഈ സംരംഭത്തെ ബഥനിയുടെ ശൈശവാശ്രമം എന്നാണ് ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് വിശേഷിപ്പിക്കുന്നത്. സുറിയാനി പാരമ്പര്യമനുസരിച്ചുള്ള യാമനമസ്കാരം, ധ്യാനം, ജീവിതശോധന, മൗനം തുടങ്ങിയ കാര്യങ്ങൾ അനുഷ്ഠിച്ചുകൊണ്ടുള്ള ജീവിതക്രമം പാലിക്കുന്ന ശൈശവാശ്രമത്തിൽ യാക്കോബ് ശെമ്മാശനും സജീവമായി പങ്കുചേർന്നു. ഇത്തരം സന്ന്യാസ മുറകളോടൊപ്പം ഉപവാസവും നിഷ്കർഷയോനുഷ്ഠിച്ച തപശ്ചര്യകളും അദ്ദേഹത്തെ രോഗിയാക്കിയെന്ന് മദർ സൾഗാ സാക്ഷിക്കുന്നു.

ശാരീരികാസ്വസ്ഥതകളിൽ ബുദ്ധിമുട്ടിയ യാക്കോബ് ശെമ്മാശനെ മാർ ഈവാനിയോസ് പിതാവ് 1917-ൽ ബംഗ്ലാദേശിലുള്ള ബാരിസോളിലേക്ക് അയച്ചു. ഓക്സ്ഫോർഡ് സിസ്റ്റേഴ്സിന്റെ സഹായത്തോടെ സന്ന്യാസ പരിശീലനം നേടിയിരുന്ന ബഥനി സന്ന്യാസാർത്ഥിനികളെ സഹായിക്കുന്നതോടൊപ്പം ഓക്സ്ഫോർഡ് ഫാദേഴ്സ് സമൂഹത്തിൽപ്പെട്ട ഫാദർ സ്ട്രേംഗിന്റെയടുക്കൽ ദൈവശാസ്ത്രം പഠിക്കുന്നതിനുള്ള ഒരവസരമായി യാക്കോബ് ശെമ്മാശൻ ഇക്കാലഘട്ടത്തെ പ്രയോജനപ്പെടുത്തി. ഫാ. സ്ട്രേംഗിൽ

www.malankaralibrary.com



നിന്നും മദർ ഈഡിത്തിൽ നിന്നും പാശ്ചാത്യ, പൗരസ്ത്യ സഭകളിലെ സന്ന്യാസത്തെക്കുറിച്ച് അദ്ദേഹം കൂടുതൽ പഠിച്ചു. ആദ്ധ്യാത്മിക സാഹിത്യത്തിലെ വിശ്രുത കൃതികൾ വായിക്കുന്നതിനും പഠിക്കുന്നതിനും ബാരിസോൾ ജീവിതം അദ്ദേഹത്തെ ഏറെ സഹായിച്ചു.

**ബഥനിയിലെ ഗുരുവച്ചൻ**

മുണ്ടൻമലയിൽ ആശ്രമം സ്ഥാപിക്കാൻ നിശ്ചയിച്ചപ്പോൾ അതിനുവേണ്ട ക്രമീകരണം ചെയ്യുന്നതിനായി മട്ടയ്ക്കൽ അലക്സിയോസ് ശെമ്മാശനെയാണ് സെറാമ്പൂർ ഗണത്തിൽ നിന്നും ഈവാനിയോസ് പിതാവ് നിയോഗിച്ചത്. ഇക്കാലയളവിൽ പെരുന്നാട്ടിലും സമീപ പ്രദേശങ്ങളിലും വൈദികർ ഇല്ലാഞ്ഞതിനാൽ അലക്സിയോസ് ശെമ്മാശന് പട്ടം നൽകി അയച്ചു. നേരത്തെ പട്ടം കിട്ടിയതിനാൽ ആശ്രമത്തിന്റെ തുടക്കത്തിൽ അദ്ദേഹം രണ്ടാം സ്ഥാനീയനായി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആശ്രമ നിർമ്മാണത്തിന്റെ പ്രഥമഘട്ടം പൂർത്തിയാക്കിയപ്പോഴേക്കും മാർ ഈവാനിയോസ് പിതാവിനോടൊപ്പം യാക്കോബ് ശെമ്മാശനും വന്നു ചേർന്നു.

സെറാമ്പൂർ ഗണത്തിൽ നിന്നും ബഥനി ആശ്രമം തുടങ്ങുന്ന അവസരത്തിൽ മുണ്ടൻമലയിൽ എത്തിയവർ ഫാ.പി.റ്റി.ഗീവർഗ്ഗീസ്, ഫാ.അലക്സിയോസ്, ഡീക്കൻ യാക്കോബ് കളപ്പുരയ്ക്കൽ, ഡീക്കൻ കോശി കുറ്റിയിൽ തുടങ്ങി നാലുപേരായിരുന്നു. ഏതാനും നാളുകൾക്കുശേഷം 25-05-2020-ൽ തന്റെ പരീക്ഷ പൂർത്തിയാക്കിയ ശേഷം ഡീക്കൻ ഗീവർഗ്ഗീസ് മാമ്പുഴക്കാട്ടും വന്നു ചേർന്നു. ബഥനി ആശ്രമ സ്ഥാപനത്തെക്കുറിച്ച് അറിഞ്ഞ് വളരെ പേർ ആശ്രമ പ്രവേശനത്തിനായി വന്നു. അവരിൽ നിന്നും അഞ്ച് പേരെ പ്രഥമ ബാച്ചിലേക്ക് 18-09-1919-ലാണ് സ്വീകരിച്ചത്. ഇവരുടെ പരിശീലന ചുമതല യാക്കോബ് ശെമ്മാശനെയാണ് ഈവാനിയോസ് പിതാവ് ഏല്പിച്ചത്. അദ്ദേഹത്തിന്റ സന്ന്യാസ പരിശീലനത്തെക്കുറിച്ച് ബഥനിയുടെ ആദ്യ അംഗങ്ങളിൽ ഒരാളും അദ്ദേഹത്തിന്റെ ജീവചരിത്രകാരനുമായ പക്കോമിയോസ് അച്ചന്റെ സാക്ഷ്യം ശ്രദ്ധേയമാണ്. 'ബഥനി' എന്ന വൃക്ഷക്കുരു പാകി കിളിർപ്പിച്ച് നട്ടു പിടിപ്പിച്ചത് ആബോ ഗീവർഗ്ഗീസായിരുന്നുവെങ്കിൽ, ആ ചെടി വളരുന്നതിനാവശ്യമായ വളവും വെള്ളവും നല്കികൊണ്ടിരുന്നത് ആശ്രമ ഗുരുവായ ബഹു.യാക്കോബച്ചനായിരുന്നു.

www.malankaralibrary.com



ആശ്രമത്തിലെ സന്ന്യാസാർത്ഥികൾക്ക് സ്വന്തംജീവിതത്തിലൂടെയാണ് അദ്ദേഹം പരിശീലനം നല്കിയിരുന്നത്. ആശ്രമാംഗങ്ങളുടെ ആദ്ധ്യാത്മിക വളർച്ചയ്ക്കും, പുണ്യപുരോഗമനത്തിനും ഗുരുവച്ചൻ ഒരാദർശപുരുഷനായിരുന്നുവെന്ന് പക്കോമിയോസച്ചൻ സാക്ഷിക്കുന്നു. ആശ്രമത്തിന്റെ പ്രഥമ ബാച്ചിൽപ്പെട്ട എബ്രഹാം അച്ചൻ അന്നത്തെ പരിശീലനത്തെ 'ഗുരുകുലവാസം' എന്നാണ് വിശേഷിപ്പിക്കുന്നത്. "ആശ്രമ പിതാവിന്റെ മേൽനോട്ടത്തിൽ യാക്കോബ് ശെമ്മാശന്റെ പൂർണ്ണ നിയന്ത്രണത്തിലും ശ്രദ്ധയിലും ആയിരുന്നു" ഈ ഗുരുകുലവാസം എന്നദ്ദേഹം സാക്ഷിക്കുന്നു. പ്രാർത്ഥന, ധ്യാനം, ഏകാന്തത, മൗനം, കൃത്യനിഷ്ഠ, സമയനിഷ്ഠ, ആശാനിഗ്രഹം, ആത്മസംയമനം തുടങ്ങിയ ഗുണങ്ങൾ സ്വായത്തമാക്കിയ യാക്കോബ് ശെമ്മാശൻ അത് തന്റെ ശിഷ്യഗണത്തിന് പകർന്നു കൊടുത്തു. ആത്മീയ ശിക്ഷണത്തോടൊപ്പം ഗാർഹികവും കായികവുമായ ജോലികൾ സ്വയം ഏറ്റെടുത്ത് നടത്തുകയും ശിഷ്യരെ അത് ചെയ്യുന്നതിന് പരിശീലിപ്പിക്കുകയും ചെയ്തു. ആരംഭകാലത്ത് ആശ്രമത്തിനാവശ്യമായ കാര്യങ്ങൾക്കായി ആശ്രമ വളപ്പിലെ പത്ത് ഏക്കർ സ്ഥലം വേർതിരിച്ചെടുക്കുകയും അത് ആശ്രമസ്ഥരെക്കൊണ്ട് കൃഷി ചെയ്യിക്കുന്നതിന് ശെമ്മാശൻ നേതൃത്വം വഹിച്ചു. സന്ന്യാസാർത്ഥികൾക്ക് സന്ന്യാസം, ദൈവശാസ്ത്രം, വേദപുസ്തകം, ആരാധനക്രമം തുടങ്ങിയ വിഷയങ്ങളിൽ ദിവസവും ശെമ്മാശനാണ് ക്ലാസുകൾ എടുത്തിരുന്നത്. ക്ലാസിനോടൊപ്പം ക്ലാസ് നോട്ടുകളും നൽകിയിരുന്നു. തോമസ് അക്കംബിസിന്റെ മിശിഹാനുകരണം, ഇഗ്നേഷ്യസ് ലയോളയുടെ ആദ്ധ്യാത്മികസാധന തുടങ്ങി അനേകം ആത്മീയ ഗ്രന്ഥങ്ങൾ അദ്ദേഹം അവർക്ക് പരിചയപ്പെടുത്തിക്കൊടുത്തു. ബഥനിയിൽ നിന്നും പ്രസിദ്ധീകരിച്ച 'പ്രാർത്ഥനാസഹായി', 'സന്ന്യാസജീവിതസഹായി' തുടങ്ങിയ ഗ്രന്ഥങ്ങൾ ബഥനി ആശ്രമത്തിലെ സന്ന്യാസ പരിശീലനത്തിന്റെ ബഹിർസ്ഫുരണങ്ങളാണ്. തിരുമൂലപുരത്ത് താമസിച്ചിരുന്ന അവസരങ്ങളിൽ ബഥനി മഠത്തിലെ സന്ന്യാസാർത്ഥിനികൾക്കും അദ്ദേഹം ക്ലാസുകൾ നല്കിയിരുന്നു.

1924-ൽ വൈദികപട്ടം സ്വീകരിച്ചതോടെയാണ് അദ്ദേഹം നോവീസ് മാസ്റ്റർ എന്ന നിലയിൽ സന്ന്യാസപരിശീലനത്തിന്റെ പരമോന്നത സ്ഥാനത്തേക്കുയർത്തപ്പെട്ടത്. അതോടെ ബഥനിയുടെ ഗുരുവച്ചനെന്ന പേരും ലഭിച്ചു. ബഥനിയിൽ തല്ക്കാലവ്രതവും നിത്യവ്രതവും ചെയ്ത് മാതൃകാജീവിതം നയിച്ചിരുന്ന യാക്കോബ് അച്ചനെ ബഥനിയുടെ

www.malankaralibrary.com



പൊതുസംഘം (സൂനഹദോസ്) ചേർന്ന് മഹത്വ്രതത്തിനായി (റമ്പാൻപട്ടം) തെരഞ്ഞെടുത്തു. വ്രതത്രയങ്ങൾ ആയുഷ്കാലാന്ത്യം വരെ ജീവിക്കാമെന്ന പ്രതിജ്ഞ ചെയ്യുന്നതോടൊപ്പം അത് പാലിക്കാനുള്ള സ്ഥൈര്യവ്രതവും 1927 ഡിസംബർ 12-ാം തീയതി നടത്തിയതോടെ യാക്കോബച്ചൻ റമ്പാൻ സ്ഥാനത്തേക്കുയർത്തപ്പെട്ടു.

**ബഥനിയുടെ അജപാലനശൈലി**

യാക്കോബച്ചൻ റമ്പാനായതോടെ ബഥനി വളർച്ചയുടെ പുതിയ കാലഘട്ടത്തിലേക്ക് പ്രവേശിച്ചു. ഡിസംബർ 12-ന് യാക്കോബച്ചൻ റമ്പാൻ പട്ടം സ്വീകരിച്ചതിനെ തുടർന്ന് 13-ാം തീയതി എബ്രഹാം പടിഞ്ഞാറേമണ്ണിൽ ശെമ്മാശനും ബർസ്കീപ്പാ ശെമ്മാശനും 14-ാം തീയതി ബർസ്ലീബാ ശെമ്മാശനും ഗീവർഗ്ഗീസ് മാമ്പുഴക്കാട്ട് ശെമ്മാശനും വൈദികപദവിയിലേക്കുയർത്തപ്പെട്ടു. ബഥനിയിൽ പുതിയ വൈദികർ അഭിഷേചിക്കപ്പെട്ടതോടെ യാക്കോബ് റമ്പാച്ചന്റെ നേതൃത്വത്തിൽ ബഥനി പള്ളികളുടെ പ്രവർത്തനങ്ങൾ വിപുലീകരിച്ചു. തിരുവല്ലായിലെ ബഥനി പള്ളിയോട് ചേർന്ന് ഒരു വൈദികമന്ദിരത്തിന്റെ പണി ആരംഭിച്ചതോടെ യാക്കോബ് റമ്പാച്ചനും ഗീവർഗ്ഗീസ് മാമ്പുഴക്കാട്ടിലച്ചനും താമസം തിരുവല്ലായിലേക്ക് മാറ്റി. അബ്രഹാമച്ചനെ പെരുന്നാട്ടിലെ റീശ് ദയറാ ആയും ജോഷ്വാ താവളത്തിൽ ശെമ്മാശനെ ബഥനിയുടെ ഗുരുനാഥനായും ചുമതലയേല്പിച്ചശേഷം തിരുവല്ലായിൽ എത്തിയ യാക്കോബ് റമ്പാച്ചൻ ബഥനിയുടെ പ്രേഷിത ശൈലിക്ക് പുതിയ രൂപവും ഭാവവും നൽകി.

പെരുന്നാട്ടിലായിരുന്നപ്പോൾ സന്ന്യാസ പരിശീലനത്തോടൊപ്പം സന്ന്യാസാർത്ഥികളെ കൂട്ടി ഇടവകകളിൽ ഭവനസന്ദർശനങ്ങളും പ്രാർത്ഥനാശുശ്രൂഷകളും നടത്തി ഒരു ആത്മീയ ഉണർവ്വു പകരാൻ യാക്കോബച്ചന് കഴിഞ്ഞിരുന്നു. ആശ്രമകേന്ദ്രീകൃതമായി സന്ന്യാസാർത്ഥികളുടെ ശിക്ഷണത്തിനായിരുന്നു ഇവിടെ മുൻഗണന. തിരുവല്ലായിൽ എത്തിയതോടെ ബഥനി പള്ളികൾ കേന്ദ്രീകരിച്ചുള്ള അജപാലനശുശ്രൂഷയിലേക്ക് റമ്പാച്ചന്റെ ശ്രദ്ധ തിരിഞ്ഞു. ഭക്തിസാന്ദ്രമായ ആരാധനയിലൂടെ വളരെപ്പേരെ ബഥനിപ്പള്ളികളിലേക്ക് ആകർഷിക്കുന്നതിന് റമ്പാച്ചന് കഴിഞ്ഞു. റമ്പാനായി ഏകദേശം ഒരുവർഷം പിന്നിട്ടപ്പോഴാണ് 1928 ഡിസംബർ 19-ന് കൂടിയ മലങ്കര സൂന്നഹദോസ് അദ്ദേഹത്തെ മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തത്. സൂന്നഹദോസ് നിശ്ചയപ്രകാരം 1929 ഫെബ്രുവരി

www.malankaralibrary.com



13-ന് മാർ ഈവാനിയോസ് പിതാവിനെ ബഥനിയുടെ മെത്രാപ്പേലീത്താ ആയും അടുത്ത ദിവസം (ഫെബ്രുവരി 14) യാക്കോബ് റമ്പാച്ചനെ ബഥനിയുടെ എപ്പിസ്കോപ്പാ ആയും വാഴിച്ചു.


മെത്രാഭിഷേകത്തോടെ മാർ ഈവാനിയോസ് പിതാവ് ബഥനി ആശ്രമത്തിന്റെയും ബഥനി മഠത്തിന്റെയും ഉൾപ്പെടെയുള്ള പൊതു ചുമതലകൾ ഏറ്റെടുക്കുകയും ബഥനിയുടെ എപ്പിസ്കോപ്പാ ആയ യാക്കോബ് മാർ തെയോഫിലോസ് പിതാവിനെ ബഥനി പള്ളികളുടെ ചുമതല ഏല്പ്പിക്കുകയും ചെയ്തു. പുതിയ ചുമതല ഏറ്റെടുത്തതോടെ ബഥനി പള്ളികളുടെ അജപാലനശൈലി ചിട്ടപ്പെടുത്തുന്നതിൽ അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചു. മുണ്ടൻമലയിലായിരുന്നപ്പോൾ ദിനംപ്രതിയുള്ള വി.കുർബാനയ്ക്കും ചിട്ടയോടെ ആരാധനകൾ നടത്തുന്നതിനും നടത്തിയ ശ്രമങ്ങൾ ബഥനി പള്ളികളിലൂടെ തുടർന്നു. കുടുംബപ്രാർത്ഥനകൾ ക്രമമായി നടത്തുന്നതിനും, വി.കുമ്പസാരത്തിലും വി.കുർബാനയിലും ഭക്തിപൂർവ്വം സംബന്ധിക്കുന്നതിനും സഹായകമായ ബോധവല്ക്കരണത്തിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. ഭവനസന്ദർശനങ്ങളിലൂടെ കുടുംബനവീകരണത്തിനായുള്ള പരിശ്രമത്തിൽ ഏർപ്പെട്ട പിതാവ് മദ്യപാനം, കുടുംബവഴക്ക് പോലെയുള്ള തിന്മകൾക്കെതിരെ ഉപദേശങ്ങൾ നല്കുന്നതോടൊപ്പം കുടുംബപ്രാർത്ഥനകളിലും ദേവാലയത്തിലെ ആരാധനകളിലും പങ്കുചേരുന്നതിന് ആളുകളെ പ്രചോദിപ്പിച്ചു. ഇടവകകളിൽ സ്ത്രീകൾക്കായി മർത്തമറിയം സംഘം തുടങ്ങിയ പദ്ധതികൾ ആരംഭിച്ച് നടപ്പിൽ വരുത്തി. മലങ്കരയുടെ ആരാധനക്രമം ചിട്ടയോടെ നടപ്പാക്കുന്നതിനും, സുറിയാനി പാരമ്പര്യത്തിലുള്ള നോമ്പനുഷ്ഠാനങ്ങളിൽ ഭക്തിപൂർവ്വം പങ്കുചേരുന്നതിനും വിശ്വാസികളെ ഒരുക്കി. തിരുവല്ലാ ബഥനിപള്ളിയിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തുടങ്ങിയ ആത്മീയ മുന്നേറ്റം വിവിധ ബഥനിപ്പള്ളികളിലൂടെ മലങ്കര സഭയിലേക്ക് ആത്മീയ നവീകരണം പകരുവാൻ പിതാവിന് കഴിഞ്ഞു.

ചുരുക്കത്തിൽ, 1919 മുതൽ 1930 വരെയുള്ള കാലഘട്ടത്തിൽ പെരുനാട് കേന്ദ്രീകരിച്ചും തിരുവല്ലാ കേന്ദ്രീകരിച്ചും ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് വിഭാവനം ചെയ്ത സന്ന്യാസദർശനത്തെയും മിഷൻ ശൈലിയെയും ബഥനിയുടെ ആദ്യതലമുറയ്ക്ക് പകർന്നു നൽകിയ തെയോഫിലോസ് തിരുമേനിയുടെ സഭാജീവിതശൈലി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ജീവിതശൈലിയായി ഇന്നും തുടരുന്നു.

www.malankaralibrary.com



# യാക്കോബ് മാർ തെയോഫിലോസ്: ജീവിത സന്ദേശവും പ്രസക്തിയും



**അഭി. ഫീലിപ്പോസ് മാർ സ്തേഫാനോസ് മെത്രാപ്പോലീത്ത**

മലങ്കര പുനരൈക്യപ്രസ്ഥാനത്തിന്റെ സഹശില്പിയും ബഥനി പ്രസ്ഥാനത്തിന്റെ സഹസ്ഥാപകനും തിരുവല്ലാ രൂപതയുടെ പ്രഥമ മെത്രാനും ആയിരുന്ന പുണ്യശ്ലോകനായ യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ അൻപതാം ഓർമ്മപ്പെരുന്നാൾ 2005 ജൂൺ 27 ന് ആഘോഷിക്കുകയാണ്. ഈ സന്ദർഭത്തിൽ വന്ദ്യ പിതാവിന്റെ ജീവിതചരിത്രം അനുസ്മരിക്കുന്നതോടൊപ്പം അദ്ദേഹത്തിന്റെ ജീവിത സന്ദേശവും അവയുടെ പ്രസക്തിയും ചിന്തനീയമായ വിഷയമാണ്.

വന്ദ്യ പിതാവിന്റെ ജീവിത സന്ദേശത്തിലേക്കും അവയുടെ പ്രസക്തിയിലേക്കും വിരൽ ചൂണ്ടുന്നതാണ് അദ്ദേഹത്തെപ്പറ്റി സാധാരണ വിശ്വാസികൾ അവരുടെ അനുഭവത്തിൽ വിശ്വസിക്കുന്നതും അദ്ദേഹത്തെപ്പറ്റി പങ്കുവയ്ക്കുന്ന അപദാനങ്ങളും. പരിശുദ്ധൻ, പുണ്യവാൻ, നീതിമാൻ, ലാളിത്യം നിറഞ്ഞവൻ, ദൈവഭക്തൻ, സത്യാന്വേഷകൻ, തപോധനൻ, വിനീതൻ, ശുശ്രൂഷി, പുനരൈക്യസഹശില്പി, ബഥനിയുടെ സഹസ്ഥാപകൻ തുടങ്ങിയ വിശേഷങ്ങളാലാണ് അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് പിതാവ് സമകാലിക മലങ്കര സഭാചരിത്രത്തിൽ അറിയപ്പെടുന്നത്. മേൽപ്പറഞ്ഞ അപദാനങ്ങളും സ്വഭാവ സവിശേഷതകളും ഇന്നത്തെ സഭാ മക്കൾക്കും നേതൃത്വത്തിനും അനുകരണീയവും പ്രചോദനാത്മകവുമാണോ ? ക്രിസ്താനു

www.malankaralibrary.com



കരണ ജീവിതയാത്രയിൽ വന്ദ്യപിതാവിന്റെ ജീവിതം എപ്രകാരം മാതൃകയാക്കാം ? മാർ തെയോഫിലോസ് പ്രസക്തിയുടെ അന്വേഷണ വഴിയിലൂടെ യാത്രയാകുമ്പോൾ വിചിന്തനത്തിനായി ഒരു പിടി ചോദ്യങ്ങൾ ഉയരുന്നു.

മാർ തെയോഫിലോസ് പിതാവിന്റെ ജീവചരിത്രത്തിലെ ശക്തമായ ഒരു ഭാവം അദ്ദേഹത്തിന്റെ സത്യാന്വേഷണ സ്വഭാവം. അദ്ധ്യാപകവൃത്തിയിൽനിന്നും ദൈവിക ശുശ്രൂഷയിലേക്കും സന്യാസ ജീവിതത്തിലേക്കുമുള്ള അദ്ദേഹത്തിന്റെ പ്രയാണവും ഓർത്തഡോക്സ് സഭയിൽ നിന്ന് കത്തോലിക്കാ സഭാ കൂട്ടായ്മയിലേക്കുള്ള പ്രവേശനവും വന്ദ്യ പിതാവിന്റെ ശക്തമായ സത്യാന്വേഷണത്തിന്റെ ഫലമായിട്ടാണ്. പഠനത്തിലൂടെയും സത്യാന്വേഷണത്തിലൂടെയും മാത്രമെ ബുദ്ധിയുള്ള തലമുറയെ സഭാവിശ്വാസത്തിലും കൂട്ടായ്മയിലും നിലനിർത്തുവാനും വളർത്തുവാനും സാധിക്കൂ. വികാരാവേശങ്ങളോ, ഏതെങ്കിലും തരത്തിലുള്ള ലാഭേഛയോ, വ്യക്തിബന്ധത്തിൽ നിന്നും ഉളവാകുന്ന വൈദികനേതൃത്വത്തിലുള്ള വിശ്വാസമോ, സഭാകൂട്ടായ്മയെ ആത്യന്തികമായി വളർത്തുകയില്ല. സത്യാന്വേഷണത്തിൽ നിന്നും ഉരുത്തിരിയുന്ന ബോധ്യങ്ങൾക്കും വിശ്വാസ പ്രതിബദ്ധതയ്ക്കും മാത്രമെ യഥാർത്ഥ വളർച്ചയും ആനന്ദവും പ്രദാനം ചെയ്യുവാൻ കഴിയൂ.

''സന്യാസജീവിത മാതൃക'' വന്ദ്യ പിതാവിന്റെ ശ്രേഷ്ഠ ജീവിതത്തിന്റെ മറ്റൊരു ഭാവമാണ്. ഈ ലോകത്തിലെ സർവ്വതും ഉപേക്ഷിച്ച് ഈശ്വര സാക്ഷാത്ക്കാരത്തിനായി തന്റെ ജീവിതം പൂർണ്ണമായി സമർപ്പിച്ചു. വ്യക്തിയുടെ ആത്മീയ സാക്ഷാത്കാരത്തോടൊപ്പം സഭയുടെ പ്രേഷിത ദൗത്യവുമായി സന്യാസത്തെ സംയോജിപ്പിക്കാനും സന്യാസദർശനവും സഭാദർശനവും തമ്മിൽ സമന്വയിപ്പിക്കുവാനും വന്ദ്യ പിതാവിന് സാധിച്ചു. മലങ്കരസഭയിലെ സന്യാസ പ്രസ്ഥാനങ്ങളുടെയും സന്യസ്തരുടെയും ആധുനിക കാഴ്ചപ്പാടുകളും ജീവിത ശൈലിയും മാർ തെയോഫിലോസ് തിരുമേനിയിലെ സന്യാസ അരൂപിയുമായി എത്രമാത്രം യോജിച്ച് പോകുന്നു എന്നതും ചിന്തനീയമായ വിഷയമാണ്.

ദൈവമഹത്വവും മനുഷ്യനന്മയും എന്നതായിരുന്നു മാർ തെയോഫിലോസ് തിരുമേനിയുടെ ജീവിത മുദ്രാവാക്യം. എത്ര ഉദാത്തമായ ജീവിതദർശനവും ലക്ഷ്യവുമാണിത്! സർവ്വതും ദൈവമഹത്ത്വത്തിനായി ചെയ്യുക, കാഴ്ചയർപ്പിക്കുക. മനുഷ്യനന്മയെന്ന മഹത്തായ ലക്ഷ്യവും ദൈവമഹത്വത്തിനായി വന്ദ്യ പിതാവ് സമർപ്പിച്ചു. ജീവിത വിശുദ്ധിയുടെ അതിശ്രേഷ്ഠമായ ആവിഷ്ക്കരമാണിത്. ദൈവമഹത്വം

www.malankaralibrary.com



ഒരു പഴഞ്ചൻ ആശയമായി ഇന്നു മാറിയിരിക്കുകയാണോ? വ്യക്തിയുടെ മഹത്വവും നന്മയും താൻ നയിക്കുന്ന പ്രസ്ഥാനത്തിന്റെ മഹത്വവും, നന്മയും തുടങ്ങിയ മൂല്യങ്ങൾക്കല്ലേ ഇന്നത്തെ തലമുറ പ്രാധാന്യം കൊടുക്കുന്നത് ?

മാർ തെയോഫിലോസ് തിരുമേനിയിൽ വിളങ്ങിയിരുന്ന സത്യം, നീതി, ലാളിത്യം, തപസ്, പ്രാർത്ഥന തുടങ്ങിയ മൂല്യങ്ങളും പുണ്യങ്ങളും ഇന്നും എത്രയോ പ്രസക്തമാണ്. സഭാമക്കളിലും നേതൃത്വത്തിലും സംവിധാനങ്ങളിലും ഈ മൂല്യങ്ങളുടെ പുനപ്രതിഷ്ഠ നടത്തുന്ന സന്ദർഭമാണിത്.

മാർ തെയോഫിലോസ് തിരുമേനിയുടെ നേതൃത്വദർശനത്തിനും ശൈലികൾക്കും തനതായ തനിമ ഉണ്ടായിരുന്നു. അവ സത്യസന്ധത, ആത്മാർത്ഥത, ക്രിസ്താനുകരണം തുടങ്ങിയ മൂല്യങ്ങളിലധിഷ്ഠിതമായിരുന്നു. ബുദ്ധികൂർമ്മതയ്ക്കും, നയതന്ത്രജ്ഞതയ്ക്കും, കാര്യസാധ്യതാവൈഭവങ്ങൾക്കും, മേൽക്കോയ്മ നിൽക്കുന്ന സമീപനമായിരുന്നില്ല അദ്ദേഹത്തിന്റേത്. മലങ്കര സഭാ വേദികളിൽ ഇത്തരം മാർ തെയോഫിലോസ് ദർശനങ്ങൾക്ക് കസേരയും, മൈക്കും ലഭ്യമാകുമോ ? എത്രമാത്രം അവയെ വിലമതിക്കുന്നു ? പ്രതികരിക്കുക, പ്രതിഷേധിക്കുക, പിടിച്ചടക്കുക, എങ്ങനെയും സ്വാധീനിക്കുക കൈവശപ്പെടുത്തുക. തുടങ്ങിയ ആധുനിക അവകാശ ആവിഷ്ക്കരണ രീതികളുമായി മാർ തെയോഫിലോസിന്റെ വിനയം, ദയ, ക്ഷമ, സഹനം തുടങ്ങിയ പുണ്യങ്ങൾ കിടപിടിക്കുമോ ? ജീവിതത്തിൽ മാത്സര്യത്തിന്റെയും ഇടിച്ചുകയറ്റത്തിന്റെയും നുഴഞ്ഞുകയറ്റത്തിന്റെയും ശൈലികൾ നിറഞ്ഞു നിൽക്കുന്ന ഈ കാലഘട്ടത്തിൽ മാർ തെയോഫിലോസിന്റെ ആത്മിക കുലീനത നിറഞ്ഞ ശാന്തതയ്ക്കും വിധേയത്വഭാവങ്ങൾക്കും പ്രസക്തിയുണ്ടോ ?

ക്രിസ്തുവിന്റെ ദാസരും ദൈവിക രഹസ്യങ്ങളുടെ കാര്യസ്ഥരുമായവരുടെ ഉത്തമഗണത്തിൽ ശ്രേഷ്ഠനായിരുന്ന മാർ തെയോഫിലോസ് തിരുമേനി ഹൃദയ നൈർമ്മല്യമുള്ളവർക്കും നീതിമാന്മാർക്കും യഥാർത്ഥ ക്രിസ്താനുകരണം നടത്തുവാൻ ആഗ്രഹിക്കുന്നവർക്കും എന്നും പ്രസക്തി പ്രദാനം ചെയ്യും.

( ഐക്യദീപം 2005 ജൂലൈ പേജ് 7)

www.malankaralibrary.com



# സന്യാസത്തിന് ഉത്തമമാതൃക മാർ തെയോഫിലോസ് പിതാവ്



**മദർ ലിറ്റിൽ ഫ്ളവർ എസ്. ഐ. സി.**
***മദർ ജനറൽ, ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹം***

വർത്തമാനകാലത്തെ ഏറ്റം വലിയ പ്രതിസന്ധി നല്ല റോൾമോഡലുകളില്ല എന്നതാണെന്ന് വായിച്ചത് ഓർമിക്കുന്നു. അഭിവന്ദ്യ തെയോഫിലോസ് പിതാവിനെ അനുസ്മരിക്കുന്ന ഈ വേളയിൽ എന്റെ മനസ്സിലേക്ക് ഓടിയെത്തുന്നത് പിതാവ് സന്ന്യസ്തർക്ക് ഉത്തമ മാതൃകയായിരുന്നു എന്നതാണ്. പിതാവിന്റെ വ്യക്തിത്വം ഏറ്റം മിഴിവുറ്റരീതിയിൽ ദൃശ്യമാകുന്നത് അദ്ദേഹത്തിന്റെ സന്ന്യാസജീവിതത്തിലൂടെയാണ്. നിഷ്ഠാപരമായ ജീവിതം, മൗനത്തിൽ ആഴപ്പെടുത്തിയ ദൈവസംസർഗ്ഗം അനുകമ്പയും ഔദാര്യവും തുളുമ്പുന്ന സഹോദരസ്നേഹം ഇതെല്ലാം പിതാവിന്റെ ജീവിതത്തിന്റെ സുപ്രധാന സവിശേഷതകളായിരുന്നു. അസാധാരണമായ തപസിലൂടെയും ധ്യാനത്തിലൂടെയും ദൈവത്തിൽ നങ്കുരമുറപ്പിച്ച ആ പാവന ജീവിതത്തെ സ്മരിക്കുന്നതുതന്നെ അനുഗ്രഹമാണ്.

**മാലാഖയ്ക്ക് സദൃശ്യനായ മനുഷ്യൻ**

ദൈവദൂതസമാനനായ മനുഷ്യൻ എന്നാണ് മാർ തെയോഫിലോസ് പിതാവിനെ സമകാലികർ വിശേഷിപ്പിച്ചിരുന്നത്. പരിശുദ്ധിയുടെ പ്രഭവിതറിയ ഭാവങ്ങളും താപസോചിതമായ പ്രസന്നഭാവവുമെല്ലാം ഒത്തിണങ്ങിയ അഭിവന്ദ്യ പിതാവിന് ഈ നാമം നന്നേ ചേരും.

www.malankaralibrary.com



സ്വർഗത്തിലെ ദൂതന്മാരെക്കുറിച്ച് യേശുവിന്റെ തിരുമൊഴിയിങ്ങനെയാണ്; ''മാലാഖമാർ എപ്പോഴും ദൈവത്തിന്റെ മുഖം ദർശിച്ചുകൊണ്ടാണിരിക്കുന്നത് ''.(മത്താ. 18: 11) പ്രാർത്ഥനയിലൂടെ ദൈവസാന്നിദ്ധ്യത്തിന്റെ ആനന്ദം അനുഭവിച്ചിരുന്ന പിതാവിന്റെ സാന്നിദ്ധ്യം ദൈവജനത്തിന് അലൗകീകമായ അനുഭവം നല്കിയിരുന്നു. സങ്കീർത്തനങ്ങളിൽ മാലാഖമാരെ ദൈവത്തിന്റെ സംരക്ഷണത്തിന്റെ അടയാളമായിട്ട് വിശേഷിപ്പിക്കുന്നുണ്ട്. ''നിന്റെ വഴികളിൽ നിന്നെ കാത്തു പരിപാലിക്കാൻ അവിടുന്നു തന്റെ ദൂതന്മാരോടു കല്പിക്കും'' (സങ്കി. 91:11) അതെ, ദൈവത്തിന്റെ സംരക്ഷണവും പരിപാലനയും മലങ്കരസഭയ്ക്ക് പ്രത്യേകിച്ച്, തിരുവല്ലരൂപതയ്ക്കും ബഥനിയ്ക്കും ദൈവം ഈ മഹിതാചാര്യനിലൂടെ പകർന്നു നല്കി എന്നത് ചരിത്രത്താളുകളിൽ തെളിഞ്ഞുനില്ക്കുന്നു.

**താപസജീവിതത്തെ പ്രണയിച്ച ശ്രേഷ്ഠാചാര്യൻ**

ദൈവസായൂജ്യത്തിനുള്ള കുറുക്കുവഴിയായി അഭിവന്ദ്യ പിതാവ് താപസജീവിതത്തെക്കണ്ട് സ്നേഹിച്ചിരുന്നു. ആത്മശിക്ഷണവും സ്വയനിന്ത്രണവും പരിത്യാഗവുമെല്ലാം തപസ്സിന്റെ ഭാഗമാണ്. യാക്കോബ് ശെമ്മാശൻ സെറാമ്പൂരിൽ വിജയകരമായി ഉപരിപഠനം തുടരുന്നതിനിടയിലാണ് വനാന്തർഭാഗത്ത് സർവസംഗപരിത്യാഗിയായി ജീവിക്കാൻ തീരുമാനിച്ചത്. മുണ്ടൻമലയിൽ ആശ്രമസ്ഥനായി ഏതാണ്ട് ഒരു ദശക്കാലം ദീർഘിച്ച താപസജീവിതം ത്യാഗനിർഭരമായ ദിനചര്യകൾ അനുഷ്ഠിച്ചും ആശ്രമത്തിലെ പാചകം തുടങ്ങിയുള്ള സർവജോലികളും സന്തോഷപൂർവ്വം അനുഷ്ഠിച്ചും ദൈവസംസർഗത്തിനായി പരിശ്രമിച്ചിരുന്നു. പിന്നീട് പുനരൈക്യം ഒരു യാഥാർഥ്യമായി, ചരിത്രസംഭവമായി രൂപപ്പെടാൻ ഇടയാക്കിയത് മുണ്ടൻമലയിലെ തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും പ്രാർത്ഥനയുടെയും ജീവിതമായിരുന്നു.

**സമാദരണീയനായ ഗുരു**

അവനെ നോക്കിയവർ പ്രകാശിതരായി എന്ന് സങ്കീർത്തനത്തിൽ നാം വായിക്കുന്നു(34: 5). പ്രകാശം അതിനു ചുറ്റുമുള്ളവരെ പ്രകാശിപ്പിക്കുന്നു എന്നതു പ്രകൃതിനിയമം തന്നെയാണ്. മനുഷ്യരെ ഏറ്റം അധികം പ്രകാശിപ്പിച്ച, പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്ന വെളിച്ചം യേശുക്രിസ്തുവാണ്. യേശുവെന്ന മഹാവെളിച്ചത്തോടു ചേർന്നുനില്ക്കുന്നവർ പ്രകാശിതരാകും, ഗുരുവാകും. വിനയവും വിശുദ്ധിയും ദൈവഭക്തിയും മറ്റു വിശിഷ്ടഗുണങ്ങളുമെല്ലാം ഒത്തിണങ്ങിയ യാക്കോബച്ചനെ ആശ്രമഗുരുവായി നിയമിച്ചതിൽ ഒട്ടും അതിശയത്തിനു വകയില്ല. ഉള്ളുനിറയെ നന്മയുടെ വെളിച്ചമുണ്ടെങ്കിൽ എത്തിച്ചേരാവുന്ന സാദ്ധ്യതയാ

www.malankaralibrary.com



ണ് ഗുരു. ബഥനിയുടെ മാത്രമല്ല ഭക്തജനസഹസ്രങ്ങളുടെയും സമാദരണീയനായ ഗുരുവായിരുന്നു യാക്കോബ് അച്ചൻ.

**സഹനത്തിന്റെ ദൂതൻ**

നിത്യതയെക്കുറിച്ച് ഉള്ളിൽ വെളിച്ചംകിട്ടിയവർക്ക് സഹനം സന്തോഷമാണ്. അവർക്ക് സഹനങ്ങളിൽനിന്ന് ഒഴിഞ്ഞുമാറാനാവില്ല. നിത്യതയെക്കുറിച്ചുള്ള വിചാരം ഉള്ളിലില്ലാതെവരുമ്പോഴാണ് ഓരോ സഹനത്തെയും എങ്ങനെയെങ്കിലും ഒഴിവാക്കണമെന്ന് മനുഷ്യൻ ആഗ്രഹിച്ചുപോകുന്നത്. വെളിച്ചം കിട്ടിയവർ പാപപരിഹാരത്തിനും സ്വയവിശുദ്ധീകരണത്തിനുമുള്ള പുണ്യാവസരമായി സഹനത്തെ കരുതും. വിശുദ്ധരൊക്കെ ഒരുപടികൂടെകടന്ന് മറ്റുള്ളവർക്കുവേണ്ടി, ആത്മാക്കളുടെ രക്ഷക്കായി അതിനെ സ്വീകരിക്കും. വിശുദ്ധ കൊച്ചുത്രേസ്യായ്ക്കുണ്ടായിരുന്ന സഹനത്തിന്റെ ഈ കാഴ്ചപ്പാടും പീഡാസഹനത്തിന്റെ അരൂപിയും വിശുദ്ധയുടെ ഭക്തനായിരുന്ന അഭിവന്ദ്യ പിതാവിലും കാണപ്പെട്ടിരുന്നു.

നമ്മുടെ കർത്താവിന്റെ പീഡാനുഭവങ്ങളെ താല്പര്യപൂർവ്വം ധ്യാനിച്ചിരുന്ന പിതാവിന്, കത്തോലിക്കാസഭയിൽ പ്രചാരത്തിലുള്ള കുരിശിന്റെ വഴി അതീവ ആകർഷകമായി അനുഭവപ്പെട്ടിരുന്നു. മലങ്കരസഭയിലും പീഡാനുഭവഭക്തി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 'ശ്ലീബാനുഗമനം' (Via Sacra)എന്ന പുസ്തകം പിതാവ് പ്രസിദ്ധീകരിച്ചു. ഈ പുസ്തകത്തിനു 'ശ്ലീബാനുഗമനം' എന്ന പേര് തന്റെ ജീവിതത്തിന്റെ അനുഭവത്തിൽനിന്നുമാണ് നല്കിയത്. തന്റെ ജീവിതത്തിലും പ്രവർത്തനമേഖലകളിലും അനുഭവിക്കേണ്ടിവന്ന സഹനങ്ങളിലും നേരിടേണ്ടിവന്ന പ്രതിസന്ധികളിലും പ്രതികൂലങ്ങളിലും ശാന്തനും സൗമ്യനുമായി നിലകൊണ്ടു. ഏതു സഹനസാഹചര്യങ്ങളിലും പതറാതെ ഉറച്ചുനില്ക്കാൻ തക്ക വിശ്വാസവും വിനയവും അദ്ദേഹത്തിനുണ്ടായിരുന്നു.

**ദൈവത്തിൽ ഗുപ്തമാക്കപ്പെട്ട ജീവിതം**

പ്രാർത്ഥനയുടെ നീണ്ടമണിക്കൂറുകൾ പിതാവിന്റെ ജീവിതത്തിന്റെ അവിഭാജ്യ ഘടകമായിരുന്നു. രാത്രിയുടെ യാമങ്ങളിൽ മുട്ടിന്മേൽനിന്ന് മണിക്കുറുകളോളം പ്രാർത്ഥിക്കുന്ന പിതാവിനെ കൂടെ ഉണ്ടായിരുന്നവർ അത്ഭുതത്തോടെ നോക്കിനില്ക്കുമായിരുന്നു. ഒരു 'പ്രതിമ' പോലെ നിശ്ചലനായി മുട്ടിന്മേൽ നിന്നിരുന്ന "ഗുരുവച്ചന്റെ ധ്യാനനില ആദരണീയവും അതിശയകരവുമായിരുന്നു" എന്ന് ബഹുമാനപ്പെട്ട പക്കോമിയോസ് അച്ചൻ സാക്ഷ്യപ്പെടുത്തുന്നു. പിതാവ്, തപസിന്റെയും പ്രായശ്ചിത്തത്തിന്റെയും ആത്മീയോർജം കൈമുതലാക്കിയിരുന്നു.

www.malankaralibrary.com



മെത്രാനെന്നനിലയിൽ കർമനിരതമായിരുന്ന കാലഘട്ടത്തേക്കാളേറെ ശ്രേഷ്ഠമായിരുന്നു അഭിവന്ദ്യ പിതാവിന്റെ, രോഗാവസ്ഥയിലുള്ള സഹനാർദ്രമായ താപസകാലം. ആ ആചാര്യ ശ്രേഷ്ഠൻ ദൈവത്തിന്റെ പദ്ധതികൾക്ക് തന്നെ വിനയാന്വിതനായി സമർപ്പിച്ചു. പ്രകടനപരത ആ ജീവിതത്തിലേക്ക് എത്തിനോക്കിയിട്ടുപോലുമില്ലായിരുന്നു.

**ആരാധനാക്രമാധിഷ്ഠിത ജീവിതം**

ക്രിസ്തുചൈതന്യം ആർജ്ജിക്കുവാനുള്ള പ്രഥമവും അനുപേക്ഷണീയവുമായ ഉറവിടം ആരാധനാക്രമാധിഷ്ഠിത ജീവിതമാണെന്ന് സ്വജീവിതത്തിലൂടെ അദ്ദേഹം ഉദ്ബോധിപ്പിച്ചിരുന്നു. ദൈവത്തെ അഭിമുഖമായി ദർശിച്ചാലെന്നതുപോലെയായിരുന്നു ദൈവാലയത്തിലും; പ്രത്യേകിച്ച്, ബലിപീഠത്തിന്റെ മുമ്പിലുമുള്ള പിതാവിന്റെ നില. ഭക്തി തുളുമ്പുന്ന ഇമ്പകരമായ ആരാധനാ ശൈലി പിതാവിന്റെ സവിശേഷതയായിരുന്നു. നോമ്പുകാലത്തെയും കഷ്ടാനുഭവ ആഴ്ചയിലെയും പ്രാർത്ഥനകളും ഗീതങ്ങളും പിതാവ് വായിക്കുന്നതും പാടുന്നതും കേൾക്കുന്നവരിലെല്ലാം അനുതാപവും ഭക്തിയും ഉളവാക്കാൻ പര്യാപ്തമായിരുന്നു. വിശുദ്ധ കുർബാന അർപ്പണം എത്രയും ഭക്തിനിർഭരവും ആകർഷണീയവും ആനന്ദകരവുമായിരുന്നുയെന്ന് അനുഭവസ്ഥർ പറഞ്ഞിട്ടുണ്ട്.

**ബഥനിയുടെ വത്സലതാതൻ**

ബഥനിയെ, പ്രത്യേകിച്ച് തിരുവല്ല പ്രോവിൻസിനെ സ്നേഹിച്ചുവളർത്തിയ സന്ന്യാസ ശ്രേഷ്ഠാചാര്യനായ അഭിവന്ദ്യ തെയോഫിലോസ് പിതാവിനെ കൃതജ്ഞതയോടെ സ്മരിക്കുന്നു.

1932– ൽ മലങ്കരകത്തോലിക്കാസഭ രണ്ടു രൂപതകളായി നിലവിൽവന്നുകഴിഞ്ഞ് 1936 വരെ ബഥനി അവിഭക്തമായി തിരുവല്ലയിൽ സാന്നിധ്യമായിരുന്നു. 1936– ൽ സിസ്റ്റേഴ്സ് എല്ലാവരും തിരുവനന്തപുരത്തേക്ക് പോകേണ്ടതായി വന്നപ്പോൾ വളരെ നിർണ്ണായകമായ തിരുമാനങ്ങൾ എടുക്കുവാൻ അഭിവന്ദ്യ തെയോഫിലോസ് പിതാവ് ശ്രദ്ധിച്ചു. തിരുമൂലപുരത്തെ ആദ്യഭവനം അന്യാധീനപ്പെട്ടുപോകാമായിരുന്ന സാഹചര്യത്തിൽ അഭിവന്ദ്യ പിതാവിന്റെ താല്പര്യം കണക്കിലെടുത്ത് മാർ ഈവാനിയോസ് പിതാവ്, ബഥനിയുടെ തിരുമൂലപുരത്തെ മാതൃഭവനത്തിലേക്ക് സിസ്റ്റേഴ്സിനെ നിയോഗിക്കുവാൻ തീരുമാനിച്ചു. ധൈര്യപൂർവ്വവും അതിലേറെ ത്യാഗമനോഭാവത്തോടും മുന്നോട്ടുവന്ന മദർ ഹൂബായെ സുപ്പീരിയറായി ചുമതലപ്പെടുത്തി, സിസ്റ്റർ ബ്രൂക്സാ, സിസ്റ്റർ തൈബൂസ് എന്നിവരെ ഒപ്പം നിയോഗിച്ചു. പിന്നീട് സിസ്റ്റർ

www.malankaralibrary.com



ബ്രൂക്സാ തിരുവനന്തപുരത്തിന് തിരികെ പോയപ്പോൾ മദർ ത്രിസൂസ്, മദർ ഹൂബായ്ക്ക് വലംകയ്യായി തിരുവല്ലയിൽ വന്നു. ബലഹീനതയിലാണ് ദൈവത്തിന്റെ ശക്തി പ്രകടമാകുന്നത് എന്നുള്ള പൗലോസ് ശ്ലീഹായുടെ വചനം തിരുവല്ലയിലെ ബഥനിയെ സംബന്ധിച്ചിടത്തോളം ഏറെ സാർത്ഥകമാണ്. ഇവർക്ക് വഴികാട്ടിയും ഉപദേശകനുമെല്ലാം അഭിവന്ദ്യ തെയോഫിലോസ് പിതാവായിരുന്നു. പിതാവിന്റെ ജീവിതത്തെ അടുത്തറിഞ്ഞ ബഹു. പക്കോമിയോസച്ചന്റെ വാക്കുകൾ തിരുവല്ല ബഥനി സന്ന്യാസിനീ സമൂഹത്തെ സംബന്ധിച്ചിടത്തോളം അന്വർത്ഥമാണ്. *"പ്രഥമ സന്ന്യാസിസമൂഹമായ ബഥനി എന്ന വൃക്ഷക്കുരു പാകി കിളിർപ്പിച്ച് നട്ടുപിടിപ്പിച്ചത് ആബോ ഗീവറുഗീസായിരുന്നെങ്കിൽ, ആ ചെടി വളരുന്നതിനാവശ്യമായ വളവും വെള്ളവും നല്കികൊണ്ടിരുന്നത് ആശ്രമഗുരുവായ ബഹു. യാക്കോബച്ചനായിരുന്നു"*. തിരുവല്ലരൂപതയിൽ ബഥനി ഒരു വടവൃക്ഷമായി വളരുവാൻ പിതാവ്, കാവലായി കരുതലായി പരിചരിച്ചു. തിരുവല്ലയിൽ ബഥനിയുടെ സാന്നിദ്ധ്യം നിലനിർത്തിയത് വലിയ ദൈവ നിയോഗമായിരുന്നു. ദൈവം അഭിവന്ദ്യ തെയോഫിലോസ് പിതാവിനെ അതിന് ഉപകരണമാക്കുകയായിരുന്നു. തിരുവല്ലയിലെ ബഥനിയുടെ സാന്നിദ്ധ്യം ഇന്ന് ബത്തേരി, മൂവാറ്റുപുഴ പ്രോവിൻസുകളായി വളർന്ന് ബത്തേരി, മൂവാറ്റുപുഴ, പുത്തൂർ, ഗുഡ്ഗാവ്, പൂന രൂപതകളിലേക്ക് വ്യാപിപ്പിക്കുവാൻ സാധിച്ചു എന്നത് സന്തോഷത്തോടെ ഓർമ്മിക്കുന്നു. പിതാവിന്റെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. മധ്യസ്ഥം അപേക്ഷിക്കുന്നു.

www.malankaralibrary.com



# പുണ്യചരിതനായ മാർ തെയോഫിലോസ്



**മോൺ. അലക്സാണ്ടർ പയ്യംപള്ളിൽ**

1930 – ൽ പുനരൈക്യപ്രസ്ഥാനത്തിലൂടെ കേരളസഭയ്ക്കു പുനരൈക്യമാർഗ്ഗം വെട്ടിത്തുറന്ന മാർ ഈവാനിയോസ് തിരുമേനിയുടെ കൂടെ ഇറങ്ങിത്തിരിച്ച മാർ തെയോഫിലോസ് തിരുമേനിയും മലങ്കര സഭയിൽ എക്കാലവും ഓർക്കപ്പെടേണ്ട വ്യക്തിതന്നെയാണ്. മാർ തെയോഫിലോസ് തിരുമേനിക്ക് തന്റെ ദീർഘമായ അസുഖകാലംമൂലം സഭയുടെ നേതൃത്വത്തിലും പ്രവർത്തനങ്ങളിലും ദീർഘകാലത്തേക്ക് സജീവമായ ഉത്തരവാദിത്വം നിർവ്വഹിക്കുവാൻ സാധിക്കാതെ വന്നതിനാൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും സ്ഥാനവും വിശ്വാസികളുടെ മനസ്സിൽ ശോഭിച്ചു നില്ക്കുവാൻ സാധിക്കാതെ പോയി. ചുരുങ്ങിയ കാലത്തേക്ക് വലിയ പ്രകാശം നല്കി ആകാശത്തിൽ നിന്നു അപ്രത്യക്ഷമായ ഒരു വാനഗോളംപോലെ ആയിരുന്നു തിരുമേനി മലങ്കര കത്തോലിക്കാ സഭയിൽ. ഹ്രസ്വമായ ഒരു കാലത്തേക്ക് മാത്രമേ വൈദികമേലദ്ധ്യക്ഷസ്ഥാനം തിരുമേനിക്ക് ലഭിച്ചുള്ളു. അത് ദൈവ പരിപാലനയുടെ മാഹാത്മ്യമേറിയ രഹസ്യത്തിന്റെ രീതി മാത്രമാണ്. വി. കൊച്ചുത്രേസ്യാ ഹ്രസ്വമായ ഒരു ജീവിതം മാത്രമാണ് നയിച്ചത്. 24–ാമത്തെ വയസ്സിൽ ആ ജീവിതം അവസാനിച്ചു. അവളെ തിരുസഭയിലെ വലിയ ഒരു വിശുദ്ധയും വേദപാരംഗതയുമായി പ്രഖ്യാപിച്ചിരിക്കുന്നു.

മാർ തെയോഫിലോസ് തിരുമേനിയുടെ ഹ്രസ്വമായ രൂപതാ ഭരണകാലം, അസാമാന്യമായ ജീവിതവിശുദ്ധിയും, ദൈവസ്നേഹവും ദൈവൈക്യവും മൂലം ചുരുങ്ങിയകാലം കൊണ്ട് രൂപതയുടെ ആത്മീയവും ഭൗതികവുമായ നിലവാരം ഏറ്റവും വലിയ തോതിൽ ഉയർത്തി.

www.malankaralibrary.com



മാർ തെയോഫിലോസ് തിരുമേനി ഭക്തനായ ഒരു സന്യാസിയും ലളിത ജീവിതത്തിന്റെ ഉടമയുമായിരുന്നു. തടികൊണ്ടുള്ള അംശവടി, തടികൊണ്ടുള്ള സ്ളീബാ എന്നിവയായിരുന്നു അവിടുന്ന് ഉപയോഗിച്ചിരുന്നത്. വിശുദ്ധനായ അവിടുന്ന് ധ്യാന പ്രസംഗങ്ങൾ നടത്തുകയും ദളിതുക്രൈസ്തവരുടെ മാനസാന്തരത്തിനുവേണ്ടി എപ്പോഴും പ്രവർത്തിക്കുകയും ചെയ്തിരുന്നു. പുല്ലാട്, ചാത്തങ്കരി, കത്തീഡ്രൽ, കല്ലുങ്കൽ മുതലായ സ്ഥലങ്ങളിൽ അനേകരെ മാനസാന്തരപ്പെടുത്തുകയും ചെയ്തു. അകത്തോലിക്ക സഭയിലായിരിക്കുമ്പോൾ തിരുവല്ലാ ബഥനി പള്ളിയോടനുബന്ധിച്ച് താമസിച്ചായിരുന്നു വി. കുർബാന അർപ്പിച്ചിരുന്നത്. ബഥനി പള്ളിയിൽ ആകർഷകമായ ആരാധനാരീതിയിൽ വി. കുർബാന അർപ്പിക്കുകയും ചെയ്തിരുന്നു. ഈ സന്ദർഭത്തിൽ പാലിയക്കര പള്ളിയുൾപ്പെടെ സമീപത്തുള്ള ഇടവകകളിൽ നിന്നെല്ലാം വിശ്വാസികൾ അവിടേക്ക് കൂട്ടമായി വരിക പതിവായി.

ഈ സന്ദർഭത്തിലാണ് മലയാള ഭാഷയിൽ ആദ്യമായി കഷ്ടാനുഭവ ആഴ്ചയിലെ ക്രമങ്ങൾ ആകർഷകമായി അവിടുന്ന് നടപ്പിലാക്കിയത്. അവിടുന്ന് സ്വന്തമായി ഗാനങ്ങളോടുകൂടിയ ഒരു കുരിശിന്റെവഴി രചിച്ചു. അവിടുത്തെ ഹ്രസ്വമായ ഭരണകാലയളവിൽ പല ദേവാലയങ്ങളും മിഷൻ സ്റ്റേഷനുകളും സ്ഥാപിച്ചു. അറുപതിൽപരം വർഷങ്ങൾക്കു ശേഷവും രൂപതയിലെ ഏറ്റം വലിയ പള്ളികളായി അവിടുന്നു പണിയിച്ച വള്ളംകുളം, വെണ്ണിക്കുളം, അയിരൂർ എന്നീസ്ഥലങ്ങളിലെ പള്ളികൾ നിലകൊള്ളുന്നു. സുവിശേഷപ്രചരണത്തിനുവേണ്ടിയും പുനരൈക്യപ്പെട്ടവരുടെ അറിവിലേക്കുമായി പ്രസംഗങ്ങൾ നടത്തുന്നതിനുവേണ്ടി കത്തോലിക്കാസാക്ഷ്യസംഘം എന്ന പേരിൽ ഒരു അല്മായ സംഘടന രൂപീകരിച്ചു. അന്നത്തെ വിദ്യാസമ്പന്നരായ മുപ്പതിൽപരം ആളുകളെ തെരഞ്ഞെടുത്ത് കത്തോലിക്കാ വിശ്വാസ സത്യങ്ങൾ ശരിയായി പഠിപ്പിച്ച് പൊതു സ്ഥലങ്ങളിൽ അവരെകൊണ്ട് പ്രസംഗങ്ങൾ നടത്തിപ്പിച്ചിരുന്നു. അല്മായ പ്രേഷിതത്വം ഫലവത്തായി അവിടുന്ന് നടത്തി.

അവിടുന്ന് പല യൂറോപ്യൻ രാജ്യങ്ങളും സന്ദർശിച്ച് വിശ്വാസികളുമായി ബന്ധംപുലർത്തി സഭയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി സംഭാവനകൾ സ്വീകരിച്ചിരുന്നു. ഈ അവസരത്തിൽ റോമിൽ പോയി 11-ാം പീയൂസ് മാർപ്പാപ്പായെ സന്ദർശിച്ച് അനുഗ്രഹങ്ങൾ പ്രാപിച്ചു.

തങ്ങളുടെ ജീവിതം പൂർണ്ണമായി ദൈവത്തിൽ പ്രതിഷ്ഠിച്ചിരുന്നവരും സദാ ദൈവസാന്നിദ്ധ്യത്തിൽ ജീവിച്ചിരുന്നവരും ദൈവരാജ്യത്തിനുവേണ്ടി നിലകൊണ്ടിരുന്നവരുമായിരുന്നവരെ സഭ വിശുദ്ധന്മാരായി പ്രഖ്യാപിക്കുക പതിവാണ്. മാർ തെയോഫിലോസ് തിരുമേനി പുനരൈക്യപ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായി അറിയപ്പെടുന്നതിനും വിശുദ്ധന്മാരുടെ പട്ടികയിൽ ഉൾപ്പെടുന്നതിനുമായി നമുക്ക് പ്രാർത്ഥിക്കാം.

www.malankaralibrary.com



# ബഥനിയുടെ ബലം മാർ തെയോഫിലോസ്



**മദർ ലില്ലി ജോസ് എസ്. ഐ. സി.**
***മദർ പ്രൊവിൻഷ്യാൾ, തിരുവല്ല***

തിന്മ ആധിപത്യമുറപ്പിച്ചുകൊണ്ടിരിക്കുന്ന ലോകത്തിലേയ്ക്ക്, ഭൂമിയുടെ ഉപ്പായി, പ്രത്യാശയുടെ കിരണമായി ദൈവം അപൂർവ്വം ചില ജന്മങ്ങളെ ഭൂമിയിലേക്ക് അയക്കാറുണ്ട്. ‘‘നിങ്ങൾ ഭൂമിയുടെ ഉപ്പാണ്’’ (മത്തായി 5 : 13) എന്ന സുവിശേഷ വാക്യത്തിന് ദൈവം നമുക്കുതന്ന സവിശേഷ ഉദാഹരണമായിരുന്നു അഭിവന്ദ്യ തെയോഫിലോസ് പിതാവിന്റെ ധന്യജീവിതം. ഈ താപസശ്രേഷ്ഠൻ മലങ്കരയുടെ ആത്മീയ ചൈതന്യമായി പരിശോഭിക്കുകയാണ്. സ്വന്തം ജ്ഞാനശക്തിയേയും തപശ്ശക്തിയേയും സമൂഹമദ്ധ്യത്തിലേക്ക് സന്നിവേശിപ്പിച്ച ഈ കർമ്മയോഗി ഒരേസമയം ജ്ഞാനസിദ്ധനും കർമ്മസിദ്ധനും ആയിരുന്നു. പിതാവായ ദൈവത്തോടുള്ള ബന്ധം പ്രാർത്ഥന വഴി വന്ദ്യ പിതാവ് രൂഢമൂലമാക്കി. ലോകം ഉറങ്ങുമ്പോഴും പിതാവ് മറ്റുള്ളവർക്കുവേണ്ടി ദൈവസന്നിദ്ധിയിൽ ഉണർന്നിരുന്ന് കണ്ണീർ വാർത്ത് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനൊപ്പം ദൈവം ബഥനിയ്ക്ക് നല്കിയ വരമാണ് അഭി. തെയോഫിലോസ് പിതാവ്. ചെറുപ്പകാലം മുതൽ തന്റെ ഗുരുവുമായുള്ള ബന്ധം സുദൃഢമായിരിക്കുവാൻ വന്ദ്യ പിതാവ് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. എം. എ. അച്ചൻ എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന പുണ്യ താതന്റെ ഒപ്പം താമസിച്ചുകൊണ്ടുള്ള പഠനകാലം യാക്കോബിന്റെ ഭക്തിഭാവത്തേയും ചിന്താധാര

www.malankaralibrary.com



യേയും ആത്മജ്ഞാനപൂരിതമാക്കി. പഠനം പൂർത്തിയാക്കി അതേ സ്കൂളിൽ അധ്യാപകനായിരിക്കുമ്പോഴും യാക്കോബിന്റെ മനസ്സ് ഗുരു അനുവർത്തിച്ചുവന്ന പ്രാർത്ഥനയുടെയും സത്യവിശ്വാസത്തിന്റെയും പര സ്നേഹത്തിന്റെയും വഴികളിലായിരുന്നു.

സകല സൽകൃത്യങ്ങളിലും മാതൃകയായിരുന്ന യാക്കോബിനെ സർവ്വരും സാക്ഷ്യപ്പെടുത്തിയിരുന്നത് "മാലാഖയ്ക്ക് സദൃശ്യൻ" എന്നാ യിരുന്നു. അദ്ദേഹത്തിന്റെ ചിന്തകളും പ്രവർത്തികളും മാലാഖയുടേതു പോലെ ആയിരിക്കുന്നു എന്ന് വിദേശികൾപോലും പറയണമെങ്കിൽ എത്ര സംശുദ്ധവും നിഷ്കളങ്കവുമായ ജീവിതമായിരുന്നിരിക്കണം അവർ പിതാവിൽ കണ്ടത് എന്ന് നമുക്ക് ഊഹിക്കാൻ സാധിക്കും. തീർച്ച യായും മാലാഖയ്ക്ക് തുല്യമായ ജീവിത ശൈലി അവരെ ഹഠാദാകർഷിച്ചി രിക്കണം. സകല പുണ്യങ്ങളുടെയും രാജ്ഞിയായ അനുസരണം എന്ന പുണ്യത്തിന്റെ വിളനിലമായിരുന്നു മാർ തെയോഫിലോസ് പിതാവ്. മാർ ഈവാനിയോസ് പിതാവ് തന്റെ ആത്മകഥയിൽ (ഗിരിദീപം) പ്രിയ ശിഷ്യ നെപ്പറ്റി എഴുതിയത് "പ്രകൃത്യാ സൗമ്യശീലനും വിനീതബുദ്ധിയും ഏതു കാര്യത്തിലും നമ്മോടൊത്ത് സഹകരിപ്പാനും ബുദ്ധിമുട്ടാനും സന്നദ്ധ നുമായി അദ്ദേഹം കാണപ്പെട്ടു" എന്നാണ്.

ജീവിതത്തിൽ താൻ കൂടുതൽ വിലയുള്ളതായി കണ്ട വലിയ കാര്യങ്ങൾക്കുവേണ്ടി, ഉണ്ടായിരുന്നതും ഉണ്ടാകാൻ സാദ്ധ്യതയുള്ളതു മായ സകലവും ഉപേക്ഷിച്ച്, പരിത്യാഗംകൊണ്ട് സൃഷ്ടിക്കപ്പെടുന്ന ശൂന്യതയിൽ ദൈവാത്മാവിനെകൊണ്ട് നിറച്ച്, തനിക്ക് ന്യായമായി അനു ഭവിക്കാമായിരുന്ന എല്ലാ സുഖസൗകര്യങ്ങളും, എന്തിന് വ്യക്തിസ്വാത ന്ത്ര്യംപോലും വ്രതങ്ങൾകൊണ്ട് ഉപേക്ഷിച്ച്, ഉപേക്ഷിച്ചു എന്ന ചിന്ത പോലും ഉപേക്ഷിച്ച്, മുണ്ടൻമലയും ആശ്രമവും ഉപേക്ഷിച്ച്, രണ്ടാ മതൊന്നാലോചിക്കാൻപോലും നിൽക്കാതെ പടിയിറങ്ങിയവൻ ഒരു വിശു ദ്ധൻ തന്നെ ആയിരിക്കണം. അതുകൊണ്ടുതന്നെ ആവണം ജനം പിതാ വിനെ 'പരിശുദ്ധൻ' എന്ന് വിളിച്ചത്. വിദേശരാജ്യങ്ങൾ ഉൾപ്പെടെ പിതാവ് കടന്നുചെന്ന ഇടങ്ങളിൽ എല്ലാം 'ജീവിക്കുന്ന വിശുദ്ധൻ', 'ദൈവികമനുഷ്യൻ', 'മാലാഖായ്ക്ക് അടുത്ത മനുഷ്യൻ' തുടങ്ങിയ സവിശേഷനാമങ്ങളിലാണ് പിതാവ് അറിയപ്പെട്ടിരുന്നത്. തെയോഫി ലോസ് എന്ന പേരിന്റെ അർത്ഥം തന്നെ 'ദൈവഭക്തൻ' എന്നാണ്. ദൈവാനുഗ്രഹങ്ങളുടെ വറ്റാത്ത നീർച്ചാലായിരുന്നു പിതാവിന്റെ ജീവി തം. പുനരൈക്യ രഥത്തിന്റെ തേരാളി മാർ ഈവാനിയോസ് പിതാവാ യിരുന്നുവെങ്കിൽ മുന്നിൽ നിന്ന് രഥം വലിച്ചിരുന്ന പടക്കുതിര ആയി രുന്നു മാർ തെയോഫിലോസ് എന്നായിരുന്നു പിതാവിനെക്കുറിച്ച് പറ

www.malankaralibrary.com



ഞ്ഞുകേട്ടിട്ടുള്ളത്. ഒന്നുമില്ലായ്മയിൽ നിന്നും ഒരു രൂപതയെ കെട്ടിപ്പടുക്കുക അത്ര നിസ്സാരകാര്യമായിരുന്നില്ല. രാത്രിയുടെ ഇരുണ്ടയാമങ്ങളിൽ ദൈവസന്നിദ്ധിയിൽ മുട്ടുകുത്തി കണ്ണീരൊഴുക്കി പ്രാർത്ഥിച്ച പിതാവിന്റെ ശിരസിലാണ് തിരുവല്ല രൂപതയുടെ അടിത്തറ ഉറപ്പിക്കപ്പെട്ടത്.

മാർ ഈവാനിയോസ് പിതാവിനോടൊപ്പം തിരുമൂലപുരത്തുനിന്ന് തിരുവനന്തപുരത്തേയ്ക്ക് പറിച്ചുനടപ്പെട്ട ബഥനി സന്യാസിനികളിൽ ഏതാനുംപേരുടെ എങ്കിലും സാന്നിദ്ധ്യവും സേവനവും തിരുവല്ലയിൽ വീണ്ടും ലഭ്യമാക്കണമെന്ന് മാർ ഈവാനിയോസ് പിതാവിനോട് വന്ദ്യ തെയോഫിലോസ് പിതാവ് ആവശ്യപ്പെട്ടതിൻ പ്രകാരം 1936 ജൂൺ 16 ന് സിസ്റ്റേഴ്സ് തിരുമൂലപുരത്ത്, ബഥനി മഠം ആദ്യം ആരംഭിച്ചതായ ഭവനത്തിൽ, എത്തി വീണ്ടും പ്രവർത്തനമാരംഭിച്ചു. ദൈവീക ഊർജ്ജം ദൈവജനസേവനത്തിലൂടെ മനുഷ്യരിലേയ്ക്ക് പകരുവാനും അനേക വ്യക്തികളുടെ പുനരൈക്യം നേടുവാനും സിസ്റ്റേഴ്സിന്റെ പ്രാർത്ഥനയും ശുശ്രൂഷകളും നിമിത്തമായി. പ്രാർത്ഥനയുടെ വലിയ പിൻബലവും പിതാവിനടുത്ത കരുതലും കാവലും നല്കി പ്രിയ സിസ്റ്റേഴ്സിനെ വന്ദ്യ പിതാവ് പരിപാലിച്ചിരുന്നു. രോഗാധിക്യത്താൽ ബോധം മറഞ്ഞിരുന്ന വേളകളിൽ പോലും പിതാവിന്റെ അധരങ്ങൾ സംസാരിച്ചിരുന്നത് സന്യാസത്തെപ്പറ്റിയും ആരാധനയെപ്പറ്റിയുമായിരുന്നു.


തന്റെ ഗുരുവിന്റെ യഥാർത്ഥ ശിഷ്യനായി ജീവിച്ച ഈ വിശ്വാസതേരാളിയുടെ പ്രസാദപൂർണ്ണമായ ജീവിത സൗരഭ്യം ഹൃദ്യവും ആസ്വാദ്യകരവുമായിരുന്നു, ഒപ്പം ഇത്തരം ശിഷ്യത്വം അപൂർവ്വവും. സ്വന്തം കുരിശുമെടുത്ത് ക്രിസ്തുവിനെ അനുഗമിക്കുക എന്നതാണല്ലോ യഥാർത്ഥ ക്രിസ്തുശിഷ്യന്റെ നിയോഗം. അനേക പരിത്യാഗങ്ങൾ അതിന് ആവശ്യമാണ്. അത്തരം പരിത്യാഗങ്ങളുടെയും രൂപീകരണത്തിന്റെയും വഴിയിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സഹയാത്രികൻ ആകാൻ അത്രയും വിശുദ്ധനായ ഒരാൾതന്നെ വേണ്ടതുണ്ടായിരുന്നു. ആടുകൾക്കുവേണ്ടി സ്വജീവൻ അർപ്പിച്ച ആ നല്ല ഇടയൻ കാലത്തെ അതിജീവിച്ച് മലങ്കരയുടെ തിരുമുറ്റത്ത് നറുനിലാവ് വർഷിച്ചുകൊണ്ടേയിരിക്കുന്നു. വന്ദ്യ പിതാവിന്റെ ജീവിതം നമുക്ക് മാതൃകയാകട്ടെ.

വന്ദ്യ തെയോഫിലോസ് പിതാവേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.

www.malankaralibrary.com



# മാർ തെയോഫിലോസ് ബഥനിയിലെ താപസശ്രേഷ്ഠൻ



**ഫാ. കുര്യാക്കോസ് പടിഞ്ഞാറെമണ്ണിൽ**

'ദൈവഭക്തൻ' എന്നാണ് തെയോഫിലോസ് എന്ന പേരിനർത്ഥം. ബഥനി ആശ്രമഗുരുവായിരുന്ന ഗുരുവച്ചന്റെ അഥവാ തെയോഫിലോസ് തിരുമേനിയുടെ ദൈവഭക്തിയും പുണ്യജീവിതവും സന്യാസിസമൂഹത്തിൽ മാത്രമല്ല, സഭാതലത്തിലും അറിയപ്പെടുകയും, ആദരിക്കപ്പെടുകയും ചെയ്തിരുന്നു. കാണുന്നവരും കേൾക്കുന്നവരും അറിയുന്നവരും എല്ലാം വന്ദ്യതിരുമേനിയെ സ്നേഹമുള്ള വിശുദ്ധനായ പിതാവ് എന്ന് വിളിച്ചുകൊണ്ടിരുന്നു. ആ പുണ്യപിതാവിന്റെ സാന്നിദ്ധ്യം തന്നെ പുണ്യപരിമളം വീശുന്നതായിരുന്നു. പാണ്ഡിത്യവും, വിശുദ്ധിയും നിറഞ്ഞ അദ്ദേഹം തന്നോട് ഇടപെടുന്ന എല്ലാവരിലും ആദരവും, ദൈവഭക്തിയും ജനിപ്പിക്കുന്ന പെരുമാറ്റവും കൊണ്ടു സൗമ്യത നിറഞ്ഞ ഒരു യോഗീവര്യനായേ മരണംവരെ അദ്ദേഹത്തെ എല്ലാവർക്കും ദർശിക്കാൻ കഴിഞ്ഞിട്ടുള്ളു. നിർമ്മലമായ, വിശുദ്ധമായ ഒരു ജീവിതത്തിന്റെ ഉടമയായ വന്ദ്യ പിതാവിൽ നിന്നും, ആത്മീയാനുഭൂതി അനുഭവിച്ചറിയാതെ, കാണുന്നവരാരും പോയിട്ടില്ല.

ബാല്യത്തിലും, യൗവനത്തിലും, വിദ്യാർത്ഥിയായും സന്യാസിയായും, പുരോഹിതശ്രേഷ്ഠനായും വൈദീകാദ്ധ്യക്ഷനായും കഴിയാനിടയായ കാലഘട്ടങ്ങളിലത്രയും, മഹത്തായ പല സിദ്ധികളുടെയും ഉടമയായിരുന്നു വന്ദ്യ പിതാവ്. അന്ന് തിരുമേനിയോട് ഇടപഴകിയിരുന്നവ

www.malankaralibrary.com



രെല്ലാം തന്നെ അദ്ദേഹത്തെ ജീവിക്കുന്ന വിശുദ്ധനായി കണ്ടിരുന്നു. തിരുമേനിയുമായി പരിചയപ്പെട്ടിട്ടുള്ള എല്ലാ വ്യക്തികളും ഈ സത്യം ഒരേ സ്വരത്തിൽ പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. തിരുമേനിയെ കണ്ടിട്ടും, പരിചയപ്പെട്ടിട്ടുമുള്ള എല്ലാവർക്കും തികഞ്ഞ ആത്മസംതൃപ്തിയോടെ പറയാനുള്ളതു അദ്ദേഹത്തിന്റെ അപൂർവ്വ വ്യക്തി പ്രഭാവത്തെയും, ധ്യാനാത്മകമായ സ്വഭാവത്തെയും പറ്റിയാണ്. അദ്ദേഹത്തിന്റെ പുണ്യജീവിതവും, കഴിവുകളും കണക്കിലെടുത്തു ക്രാന്തദർശിയായ മാർ ഈവാനിയോസ് തിരുമേനിയുടെ താല്പര്യവും കണക്കിലെടുത്ത് സഭ അദ്ദേഹത്തെ എപ്പിസ്ക്കോപ്പ സ്ഥാനത്തേക്ക് ഉയർത്തി.

മാർ തെയോഫിലോസ് തിരുമേനിയുടെ വശ്യതയുള്ള പെരുമാറ്റവും എളിമ നിറഞ്ഞ മാതൃകാ ജീവിതവും, കർമ്മശേഷിയുള്ള പ്രവർത്തനവും ബഥനിയുടെ മാലാഖയായി പരിലസിക്കുന്നതിനും, ഇന്നും അനേകം വ്യക്തികൾക്ക് അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനും കഴിയുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനകാലം ബഥനി പ്രസ്ഥാനത്തേയും അതുപോലെ പുനരൈക്യത്തിന് ശേഷം തന്നെ ഭരമേല്പിച്ച രൂപതയേയും ഒരു ആത്മീക അടിസ്ഥാനത്തിൽ ഉറപ്പിക്കുന്നതിനും വന്ദ്യ തിരുമേനിക്ക് സാധിച്ചു. അദ്ദേഹത്തിന്റെ എല്ലാ വിജയത്തിനും കാരണം ആത്മീക ചൈതന്യവും, ദൈവാശ്രയവുമായിരുന്നു. ലൗകീകമായ സ്ഥാനലബ്ദ്ധിയെക്കാൾ കൂടുതലായി ദൈവനടത്തിപ്പിലുള്ള വിശ്വാസം അദ്ദേഹം കാര്യമായി കരുതിയിരുന്നു. ദൈവാലയത്തിലെ ആരാധനയിലും, അനുഷ്ഠാനങ്ങളിലും അദ്ദേഹത്തോടുകൂടെ നാം പങ്കുചേരുമ്പോൾ മാത്രമല്ല സർവ്വോപരി ആ മഹൽ സാന്നിദ്ധ്യം പോലും മറ്റുള്ളവരിൽ സ്വർഗ്ഗീയനുഭൂതി ഉളവാക്കിയിരുന്നു. പ്രാർത്ഥനയിൽ നിർലീനനായി കഴിയുന്ന സന്ദർഭങ്ങളിൽ ദൈവസംസർഗത്തിൽ, സ്വർഗ്ഗസ്ഥിതനായ ഒരു മാലാഖയെപ്പോലെ അദ്ദേഹം കാണപ്പെട്ടിരുന്നു.

വന്ദ്യ തെയോഫിലോസ് പിതാവിന്റെ ഗാനപാടവവും സ്വരമാധുരിയും കേൾക്കാനിടയായിട്ടുള്ളവർ സ്വർഗ്ഗീയാനുഭൂതിയാണ് അനുഭവിച്ചിട്ടുള്ളത്. അന്ത്യംവരെ വിശുദ്ധിയുടെ പരിമളവും ദിവ്യപ്രകാശത്തിന്റെ രശ്മികളും, വന്ദ്യ പിതാവിൽ ആർക്കും കാണാമായിരുന്നു. എല്ലാവരുടെയും ആരാധനാ പാത്രമായി അരമനയിലെ മുറിയിൽ പുനരൈക്യത്തിനുവേണ്ടി പ്രാർത്ഥിക്കുന്ന തിരുമേനിയുടെ രൂപം മറക്കാനാവില്ല. ആഴമായ ഭക്ത ജീവിതത്തിന്റെ വൈജ്ഞാനിക ശകലങ്ങൾ കുറിച്ചിട്ടിരുന്ന ഡയറി പള്ളിയിലെ വന്ദ്യ പിതാവിന്റെ ഇരിപ്പിടത്തിനടുത്ത്

www.malankaralibrary.com



കണ്ടിട്ടുണ്ട്. കർക്കശമായ വ്രതചര്യ നടത്തിയിരുന്ന കാലത്തെ ദൈവ സംസർഗ്ഗത്തിന്റെ ബഹിർസ്ഫുരണങ്ങളായിരുന്നു അവയിലെ ഉള്ളടക്കം. അദ്ദേഹത്തിന്റെ വിദേശയാത്രയിൽ സംഭവബഹുലമായ പരിപാടികളെപ്പറ്റി അടുത്തറിഞ്ഞ ചിലരിൽനിന്നും കേട്ടിട്ടുള്ളത് വിദേശത്തുള്ളവർക്കെല്ലാം ഒരു ജീവിക്കുന്ന 'വിശുദ്ധന്റെ' ദർശനം ലഭിച്ച അനുഭവമായിരുന്നു എന്നാണ്.

പുനരൈക്യ പ്രസ്ഥാനത്തിന്റെ ശൈശവദശയിൽ എല്ലാ തലങ്ങളിലും വളരെയധികം പ്രയാസങ്ങളും തടസങ്ങളും പരീക്ഷണങ്ങളും, അന്നത്തെ പ്രവർത്തനങ്ങളെ വഴിമുട്ടിക്കാൻ ശ്രമിച്ചുവെങ്കിലും അവയൊന്നും മാർ തെയോഫിലോസ് തിരുമേനിയുടെ വിശുദ്ധിയോട് വിജയിക്കുന്ന വെല്ലുവിളികളായിരുന്നില്ല. സഭാ വിരോധികൾക്കുപോലും ആ വിശുദ്ധ പിതാവിൽ കളങ്കം കണ്ടെത്താനായിട്ടില്ല. രോഗബാധിതനായി ജീവിക്കുന്ന ഒരു രക്തസാക്ഷിയായി കഴിയുമ്പോഴും പ്രാർത്ഥനയും ധ്യാനവും മൗനവും ആത്മീയ കാര്യങ്ങളിലുള്ള തീക്ഷ്ണതയും അദ്ദേഹത്തിന്റെ ആത്മാവിൽ നിറഞ്ഞു നിന്നിരുന്നു.

നീതിമാൻമാരുടെ മരണം ഉറക്കമാണല്ലോ. വന്ദ്യ തെയോഫിലോസ് പിതാവിന്റെ സ്വർഗ്ഗജീവിതം 1957 ജൂൺ – 27 ന് ഈ ലോകത്തിൽ നിന്നും ദൈവസന്നിധിയിൽ വിശുദ്ധിയുടെ തിരയിലേക്ക് മാറ്റി സ്ഥാപിക്കപ്പെട്ടു. ആ വിശുദ്ധന്റെ ജീവിതം എന്നുമെന്നും മലങ്കരസഭയ്ക്കും വിശിഷ്യാ തിരുവല്ലാ രൂപതയ്ക്കും പ്രചോദനവും അനുഗ്രഹങ്ങളും നല്കട്ടെ. വിശുദ്ധ പദം പ്രഖ്യാപിക്കപ്പെട്ടില്ലെങ്കിലും മാർ തെയോഫിലോസ് തിരുമേനി എല്ലാവർക്കും വിശുദ്ധനാണ്. അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം സഭയ്ക്കും നമുക്ക് എല്ലാർക്കും അനുഗ്രഹമായി തീരട്ടെ. ആ പുണ്യതാതന്റെ ജീവിതമാതൃക ബഥനി പ്രസ്ഥാനത്തിന് മാതൃകയാകട്ടെ. അതുവഴി ആ പരിശുദ്ധ പിതാവു എന്നും സഭയിൽ ജീവിക്കട്ടെ.

(പിതാവിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച ലേഖനം)

www.malankaralibrary.com



# തപോധനനായ മാർ തെയോഫിലോസ്



**വി. കിളിച്ചിമല**

''മാർ ഈവാനിയോസ് തിരുമേനിയുടെ നിശ്ചയം എന്തോ അതു തന്നെയാണ് എനിക്കുമുള്ളത് ''.

ഈ പ്രസ്താവം മാർ തെയോഫിലോസ് തിരുമേനിയുടേതാണ്. നിർണ്ണായകമായ ഒരു ഘട്ടത്തിലെ ഉറച്ചസ്വരം. ആ കനപ്പെട്ട ജീവിതത്തിന്റെ ആകെത്തുകയെന്ന് ഈ കൊച്ചു വാക്യത്തെ വിശേഷിപ്പിക്കാം.

പതിനൊന്നാം പീയൂസ് മാർപാപ്പായുടെ ഒരു തീരുമാനം 1930 – ൽ മലങ്കരയ്ക്കു കിട്ടി. 1926 – ൽ സമർപ്പിച്ച അപേക്ഷയുടെ മറുപടി. ഓർത്തഡോക്സു മേല്പട്ടക്കാരുടെ സുന്നഹദോസ് ആണ് റോമാനിവേദനം രൂപപ്പെടുത്തിയത്. രണ്ടാം കാതോലിക്കാ മാർ ബസേലിയോസ് ഗീവറുഗീസ് ഒന്നാമൻ, വട്ടശ്ശേരിൽ മാർ ദിവന്ന്യാസ്യോസ്, കുണ്ടറ മെത്രാൻ കല്ലാശ്ശേരിൽ മാർ ഗ്രീഗോറിയോസ് (പിന്നീടു മൂന്നാം കാതോലിക്കാ മാർ ബസേലിയോസ് രണ്ടാമൻ) കണ്ടനാട്ടു മെത്രാൻ യുവാക്കീം മാർ ഈവാനിയോസ്, ബഥനിമെത്രാൻ മാർ ഈവാനിയോസ് എന്നിവരാണ് പരുമല സെമിനാരിയിൽ കൂടിയ പ്രസ്തുത സുന്നഹദോസിൽ പങ്കെടുത്തത്.

മെമ്മോറാണ്ടത്തിനു മറുപടി താമസിച്ചു. ചില സംഭവവികാസങ്ങൾ അതിനിടയിൽ മലങ്കരയിലുണ്ടായി. 1928– ൽ രണ്ടാം കാതോലിക്കാ മാർ ബസേലിയോസ് ഗീവറുഗീസ് മരണം പ്രാപിച്ചു; യുവാക്കീം

www.malankaralibrary.com



മാർ ഈവാനിയോസ് (കണ്ടനാട്ടു മെത്രാൻ) നിര്യാതനായി; വട്ടിപ്പണ ക്കേസിൽ ഓർത്തഡോക്സുകക്ഷിക്ക് അനുകൂലവിധിയുണ്ടായി; മൂന്നാം കാതോലിക്കാ മാർ ബസേലിയോസ് രണ്ടാമൻ വാഴിക്കപ്പെട്ടു; പാമ്പാടി മെത്രാൻ മാർ ഗ്രീഗോറിയോസ്, ബഥനി മെത്രാൻ മാർ തെയോഫിലോസ് എന്നീ പുതിയ മെത്രാന്മാർ അഭിഷിക്തരായി. ഇത്തരുണത്തിലാണ് റോമിന്റെ മടുപടി വന്നത്. കൈവന്ന ആനുകൂല്യം തള്ളണമോ കൊള്ള ണമോ എന്നതായി പ്രശ്നം. മാർ ഈവാനിയോസ് തിരുമേനി എല്ലാ മേല്പട്ടക്കാരെയും സമീപിച്ചു. വട്ടശ്ശേരി മാർ ദിവന്ന്യാസ്യോസ് മുൻ തീരുമാനങ്ങൾ നിന്നും പിന്തിരിഞ്ഞു. മൂന്നാം കാതോലിക്കാ മാർ ബസേ ലിയോസ് രണ്ടാമനും വട്ടശ്ശേരി മെത്രാപ്പോലീത്തായുടെ വഴിയിലേക്കു തന്നെ തിരിഞ്ഞു; സഭ മാറുന്നെങ്കിൽ ബാവാകക്ഷിയിലേക്കേയുള്ളു എന്നായി പാമ്പാടി മെത്രാൻ; ബഥനി തിരുമേനിയെ പിന്താങ്ങിക്കൊ ണ്ടുള്ള മാർ തെയോഫിലോസിന്റെ ധീരമായ തീരുമാനം ഈ അവസര ത്തിലാണ്.

കേവലം വൈകാരികമായിരുന്നില്ല ബഥനി സഫ്രഗൻ തിരുമേ നിയുടെ നിശ്ചയം. അതു സുചിന്തിതമായിരുന്നു; ശക്തമായ രണ്ട് അടി ത്തറകളിന്മേൽ ഉറപ്പിച്ചിട്ടുള്ളതായിരുന്നു. മലങ്കരയുടെ സുസ്ഥിരതയ്ക്കു മാർ ഈവാനിയോസിന്റെ പാതയേ ഉതകൂ; സന്യാസത്തിനു വളക്കൂറുള്ള മണ്ണല്ല മലങ്കരയുടേത്. രണ്ടും തീരുമാനത്തിനു പ്രേരിപ്പിച്ച ബലിഷ്ഠക രങ്ങളത്രേ.

സാർവ്വത്രിക കൂട്ടായ്മയ്ക്കുള്ളതാണ് മാർ ഈവാനിയോസിന്റെ പദ്ധതി. അതു കൂടാതെ ശാശ്വത സ്വസ്ഥത ഇവിടെ സാധ്യമല്ല.

ബഥനി സന്യാസിനി സമൂഹം വട്ടശ്ശേരിത്തിരുമേനി ഇനിയും അംഗീകരിച്ചിട്ടില്ല; ബഥനി ആശ്രമത്തിനുവേണ്ടിയുള്ള പിടിയരിപ്പിരിവ് അദ്ദേഹം നിരോധിച്ചിരിക്കുകയാണ്. സന്യാസത്തിനു പറ്റിയ മണ്ണല്ലി തെന്നു ചിന്തിക്കാൻ അധികം ആലോചിക്കേണ്ടതില്ല. ഒരു ക്രാന്തദർശി യുടെ നിഗമനമാണ് മാർ തെയോഫിലോസ് കൈക്കൊണ്ടത്.

**ചേതമുള്ള തീരുമാനം**

എം. ഡി. സെമിനാരിയിൽ അധ്യാപക വൃത്തി ഉണ്ടായിരിക്കു മ്പോഴാണ് കളപ്പുരയ്ക്കൽ കെ. എ. യാക്കോബു ശെമ്മാശ്ശൻ ജോലി ഉപേക്ഷിച്ചുകൊണ്ടുതന്നെ ഫാ. പി. റ്റി. ഗീവറുഗീസിനെ പിഞ്ചെന്നത്; സെറാമ്പൂരിൽ ഓണേഴ്സ് പഠനം പൂർത്തിയാക്കുന്നതിനുമുമ്പേ മുണ്ടൻ മലയിലെ സന്യാസത്തിനുവേണ്ടി എടുത്ത തീരുമാനം ചേതമില്ലാത്ത തായിരുന്നില്ല; പച്ച പിടിച്ചുവന്ന മുണ്ടൻ മലയിലെ ബഥനിയിൽ കടിച്ചു

www.malankaralibrary.com



തൂങ്ങി നിന്ന അഞ്ചുപേരോടു ചേരാതെ അതിന്റെ പടികൾ കടന്നു, സഭൈക്യത്തിനു യാത്രയിറങ്ങിയ പത്തൊൻപതുപേരോടു ചേർന്നതു ദീർഘവീക്ഷണമില്ലാത്തവർക്കു ഒരു നഷ്ടക്കച്ചവടമായി തോന്നാം; ബഥനി തിരുമേനിയോടൊപ്പം സാർവ്വത്രിക കൂട്ടായ്മക്കു വഴങ്ങിയതു ജനിച്ചുവളർന്ന പുത്തൻകൂർ സഭയോടുള്ള ബന്ധം പറിച്ചെറിഞ്ഞുകൊണ്ടായിരുന്നു. ബഥനി മെത്രാൻ എന്ന നിലയിൽ തിരുവല്ലായിൽ പടുത്തുയർത്തിയ ബഥനിപ്പള്ളിയും അരമനയും വെടിഞ്ഞു തിരുമേനി പാർപ്പിടമാക്കിയത് കേവലം വാടകവീടാണ്. ഇത്തരം തീരുമാനങ്ങൾ ഒന്നിച്ചു ചേർത്താൽ കിട്ടുന്നതാണ് മാർ തെയോഫിലോസിന്റെ ചരിത്രം.

**സന്യാസി പ്രസ്ഥാനം**

മാർ ഈവാനിയോസിനോടൊപ്പം മലങ്കരയിൽ സന്യാസിപ്രസ്ഥാനം പടുത്തുയർത്തിയ യോഗിവര്യനാണ് മാർ തെയോഫിലോസ്. ഹിന്ദുമതത്തിൽ സന്യാസമുണ്ട്; ബുദ്ധമതത്തിലും അതുണ്ട്; കത്തോലിക്കാ സഭയിൽ സന്യാസം തഴച്ചുവളർന്നിട്ടുണ്ട്. മലങ്കരയിൽ എന്തുകൊണ്ടോ അതിനു പ്രവേശനമുണ്ടായിരുന്നില്ല.

ഹിന്ദുചിന്തയിലെ സന്യാസീസ്വരൂപം ഭഗവത്ഗീതയിലുണ്ട്.

ജ്ഞാനവിജ്ഞാനതൃപ്താത്മാ
കൂടസ്ഥോവിജിതേന്ദ്രിയ:
യുക്ത ഇത്യുച്ചതേ യോഗി
സമലോഷ്ടാശ്മകാഞ്ചന (അദ്ധ്യായം. 6, 8).

ജ്ഞാനവിജ്ഞാനങ്ങളാൽ സന്തുഷ്ടമായ ആത്മാവോടുകൂടിയവനും നിർവ്വികാരനും ഇന്ദ്രിയനിഗ്രഹം ചെയ്തവനും മൺകട്ടയിലും കല്ലിലും സ്വർണ്ണത്തിലും സമബുദ്ധിയുള്ളവനുമായ പുരുഷനെ യോഗി എന്നു പറയാം.

"ധർമ്മപദം" എന്നഗ്രന്ഥം ബുദ്ധമതാനുസാരമുള്ള സന്യാസിയെ നിർവ്വചിക്കുന്നു:

അഞ്ചറുത്തഞ്ചൊഴിക്കേണം,
അഞ്ചുനാന്നായ് വളർത്തണം
അഞ്ചുസംഗം കടന്നോനാം
ഭിക്ഷുതാൻ കടൽതാണ്ടിയോൻ (മൂന്നാം ഭാഗം അദ്ധ്യായം 16 ശ്ലോകം 7)

ഛേദപഞ്ചകം, ഹേയപഞ്ചകം, ഭവ്യ പഞ്ചകം, ഉല്ലം ഘ്യപഞ്ചകം എന്നീ നാലുകാര്യങ്ങളിലുള്ള ശ്രദ്ധയാണ് ബുദ്ധമത സന്യാസം ആവശ്യപ്പെടുന്നത്. അഹങ്കാരം, സന്ദേഹം, തെറ്റായ സന്യാസം, കാമം,

www.malankaralibrary.com



ദ്വോഷം എന്നിവ ഛേദപഞ്ചകം; രൂപരാഗം, അരൂപരാഗം, ആത്മപൂജ, ഔദ്ധത്യം, അവിദ്യ എന്നിവ ഹേയപഞ്ചകം; ശ്രദ്ധ, വീര്യം, സ്മൃതി, സമാധ പ്രജ്ഞ എന്നിവ ഭവ്യ പഞ്ചകം; രാഗം, ദ്വേഷം, മോഹം, മാനം, മിഥ്യാദൃഷ്ടി എന്നിവ എല്ലാം ഉല്ലം ഘ്യപഞ്ചകം.

സുവിശേഷമത്രേ ക്രിസ്തീയ സമർപ്പിത ജീവിതത്തിന്റെ അടിസ്ഥാനം. സുവിശേഷോപദേശങ്ങളുടെ വാഗ്ദാനം വഴി അതു രൂപപ്പെടുന്നു. വത്തിക്കാൻ സുന്നദോസു പറയുന്നു: ''ദൈവത്തിനു സമർപ്പിക്കപ്പെടുന്ന ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നീ സുവിശേഷോപദേശങ്ങൾ കർത്താവിന്റെ വാക്കുകളിലും മാതൃകയിലുമാണ് അധിഷ്ഠിതമായിരിക്കുന്നത് ''(തിരുസഭ 43). ''അതിവിശിഷ്ടമായ ഒരു സമർപ്പണമാണ് സന്യാസികളുടേത് '' മാമോദീസായിലെ സമർപ്പണത്തിൽ ഇത് അധിഷ്ഠിതമായിരിക്കുന്നു. അതു സമർപ്പണം കൂടുതൽ പൂർണ്ണമായ വിധം പ്രകടമാക്കയും ചെയ്യുന്നു (സന്യാസ ജീവിതം 5).

മലങ്കരയുടെ ആദ്ധ്യാത്മികോത്തേജനം സന്യാസത്തിലൂടെ എന്നതായിരുന്നു ബഥനി ജനയിതാക്കളുടെ നിഗമനം. അതിന്റെ പ്രസക്തി കാലംചെല്ലുന്തോറും ഏറിവരികയാണ്. ഇദംപ്രഥമമായി രൂപം പൂണ്ട മുണ്ടൻമലയിലെ സന്യാസിപ്രസ്ഥാനത്തിന്റെ ആദ്യ ഗുരു കളപ്പുരയ്ക്കൽ ജേക്കബച്ചനായിരുന്നു. ഗുരുവച്ചൻ എന്നാണ് അദ്ദേഹം അറിയപ്പെട്ടത്. അദ്ദേഹത്തിന്റെ സന്യാസരൂപീകരണത്തിന്റെ മഹിമ ആദ്യകാല ബഥനിവൈദികർ വിളംബരം ചെയ്യും ആശ്രമാദ്ധ്യക്ഷനായ ആബോയുടെ അഭിപ്രായങ്ങൾ ഗുരുവച്ചനു പ്രവാചകവചനങ്ങളായി. ആ ഗുരുവിന്റെ മാതൃക ശിഷ്യന്മാരെ വശീകരിച്ചു.

**ത്യാഗിയായ മെത്രാൻ**

വിലകൊടുക്കാതെ നേടിയതല്ല മാർ തെയോഫിലോസിന്റെ സഭൈക്യം. നിസ്വാർത്ഥതയുടെ ചരിത്രമത്രേ തിരുവല്ലായിലെ പ്രഥമ മെത്രാന്റേത്. തിരുവല്ലായിലെ ബഥനിപ്പള്ളിയും അരമനയും ഉപേക്ഷിക്കേണ്ടിവന്നു. പാർപ്പിടമുണ്ടായിരുന്നില്ല. വാടക വീട്ടിൽ താമസമാക്കി. കുട്ടൻപിള്ളയുടെ വീടാണു കുഴിയിൽ വാടകയ്ക്കു കിട്ടിയത്. മെത്രാനു പാർക്കത്തക്കവിധത്തിലുള്ള സൗകര്യങ്ങൾ അവിടെ ഉണ്ടായിരുന്നില്ല. മറ്റൊന്നും കിട്ടാതിരുന്നതുകൊണ്ട് അവിടം തൃപ്തമായി. സെക്രട്ടറി ഉണ്ടായിരുന്നില്ല. ക്രിസ്തുമതാവലംബിയായ പി. കെ. തോമസാണ് സഹായിയും ശുശ്രൂഷകനുമായി ഉണ്ടായിരുന്നത്. തിരുമേനി കിടക്കുന്ന മുറിയുടെ മുമ്പിലുള്ള കൊച്ചുതിണ്ണയിൽ ആ സഹായി കിടന്നുറങ്ങും. വെളുപ്പിനെ തിരുമേനി എഴുന്നേറ്റു ധ്യാനവും പ്രാർത്ഥനയും മുറിയിൽ

www.malankaralibrary.com



നടത്തും. കുർബാന ചൊല്ലാൻ അരമനയിൽ ചാപ്പലില്ല. പാട്ടത്തിനു വാങ്ങിയ ഒരു സ്ഥലം ആശുപത്രിപ്പറമ്പിനു തെട്ടടുത്തുണ്ട്. അവിടെ ഒരു ചാപ്പൽ ഉണ്ടായിരുന്നു. ആ ഷെഡിനു കതകും പൂട്ടും ഉണ്ടായിരുന്നില്ല. അവിടെയാണ് മെത്രാൻ തിരുമേനിയുടെ കുർബാന. അതിരാവിലെ തോമസു റാന്തൽ വിളക്കുതെളിച്ചു തിരുമേനിയെ അവിടേക്കു നയിക്കും. വിരിക്കുട്ടം, കാപ്പസെറ്റ്, കാസാ, പീലാസാ തുടങ്ങിയ പൂജാവസ്തുക്കൾ എല്ലാം അടുത്ത വീട്ടിലാണ് സൂക്ഷിച്ചിരുന്നത്. ഇവകൊണ്ടുവരുന്നതും തിരിച്ചുകൊണ്ടുപോകുന്നതും തോമസുതന്നെ. വാടകവീട്ടിൽ മെത്രാന് അജഗണങ്ങൾ നന്നേ കുറവായിരുന്നു. ചേരീലെ വക്കീൽ,തകടിയിൽ ജോൺസാർ, തോപ്പിൽക്കളത്തിൽ വർക്കിസാർ, കുന്നിപ്പറമ്പിൽ സാർ, സി. ഐ. പിലിപ്പോസ് എന്നിവരാണ് ആദ്യ കാലത്ത് തിരുമേനിയോടൊത്തുണ്ടായിരുന്നത്. സന്ദർശനത്തിന് എത്തുന്നവരുമായുള്ള ഹൃദ്യസംഭാഷണമായിരുന്നു കുർബാന കഴിഞ്ഞു മുറിയിൽ തിരിച്ചെത്തിയാൽ തിരുമേനിയുടെ പരിപാടി. തിരുവല്ലായിലെ പ്രഥമ മെത്രാനെക്കുറിച്ചുള്ള വിവരണം ഇന്ന് ഇവർ വിശ്വസിക്കുമോ ആവോ !

ആളും അർത്ഥവും കുറവായിരുന്നു എങ്കിലും ഒരുകാര്യത്തിൽ അക്കാലം ധന്യമായി, സഭാ പ്രബുദ്ധതയിൽ. അതിനുപ്രേരകമായതോ? "കത്തോലിക്കാ സാക്ഷ്യസംഘം" ഉയർത്തിയ മതബോധനതല്പരതയും. അവിടെ വൈദികനും അല്മായനും തോളോടുതോൾ ചേർന്നു പ്രവർത്തിച്ചു. ശ്രീ. എ. പിലിപ്പോസ് ജഡ്ജിയുടെ പ്രവർത്തനത്തെ തിരുമേനി ഹൃദയപൂർവ്വം പ്രോത്സാഹിപ്പിച്ചു. തിരുമേനിയുടെ കർമ്മപദ്ധതിയിൽ പൂക്കൾ വിതറാൻ സാക്ഷ്യസംഘാംഗങ്ങൾ നിരന്നു. അത്തരം ഒരുണർവ്വ് ആരെയാണ് രോമാഞ്ചം കൊള്ളിക്കാതിരിക്കുക!

വാടകവീട്ടിലെ പാർപ്പിടക്കാരനായ ബിഷപ്പിനു സ്വന്തമായ സ്ഥലം കിട്ടാൻ മോഹമായി. 1933 – ലാണ് ആഗ്രഹം സാധിതമായത്. കുളക്കടപോറ്റി മഠംവക ഒരു ചെറുകുന്നു വിലയ്ക്കു വാങ്ങിയപ്പോൾ. ശ്രീ കാടുവെട്ടൂർ ചെറിയാച്ചൻ അക്കാലത്തു രൂപതയുടെ സ്ഥലം വാങ്ങൽ സംബന്ധിച്ച കാര്യസ്ഥനായിരുന്നു. അദ്ദേഹത്തിന്റെ ഒരു കുറിപ്പ് ഈ പറമ്പുവാങ്ങൽ സംബന്ധിച്ചുണ്ട്. അദ്ദേഹത്തിന്റെ മകൻ കുഞ്ഞൂഞ്ഞു (ജോസഫ് ചെറിയാൻ) പക്കൽ നിന്നാണ് ലേഖകൻ കുറിപ്പുകണ്ടിട്ടുള്ളത്. അതിൽ പറയുന്നു:

ചെങ്ങന്നൂർ മാമ്പഴശ്ശേരിലെ ഗീവറുഗീസച്ചൻ ബഥനിവിട്ടു നേരത്തെ ചങ്ങനാശ്ശേരി കൊവേന്തയിൽ ചേർന്നിരുന്നു. അദ്ദേഹം ചെങ്ങന്നൂരുള്ള വീട്ടിലേക്കു ചിലപ്പോഴൊക്കെ നടന്നു പോകുക പതിവുണ്ട്.

www.malankaralibrary.com



തിരുവല്ലയിൽ വന്നു കോട്ടത്തോടു വഴിയാണ് നടപ്പ്. ഇതിനിടയിൽ മാർ തെയോഫിലോസു തിരുമേനിയുടെയും കൂട്ടരുടെയും പുനരൈക്യം നടന്നു കഴിഞ്ഞു. ഗീവറുഗീസച്ചനും ചെറിയാച്ചനും മുൻപരിചയക്കാരും വീട്ടുകാരുമാണ്. തിരുവല്ലാ അരമനയുടെ കാര്യങ്ങൾ ചെറിയാച്ചൻ ഗീവറുഗീസ് അച്ചനുമായി സംസാരിക്കാറുണ്ടായിരുന്നു. ഒരു ദിവസത്തെ യാത്രയ്ക്കിടയിൽ കോട്ടത്തോടിനടുത്തുള്ള ഒരു ചെറുകുന്ന് അച്ചനെ ആകർഷിച്ചു. അരമനയ്ക്കു പറ്റിയസ്ഥലമെന്ന് അതിനെക്കുറിച്ചു അദ്ദേഹം കരുതി. ആ മലയിൽ മുട്ടുകുത്തി ആ കൊവേന്തക്കാരൻ പ്രാർത്ഥിച്ചു. അതുവഴികടന്നുപോകുമ്പോൾ മുട്ടുകുത്തി അവിടെ പ്രാർത്ഥിക്കുക പതിവുമാക്കി. ഒരിക്കൽ അദ്ദേഹം ചെറിയാച്ചനോടു പറഞ്ഞു. ''ദൈവം നമ്മോടുകൂടിയുണ്ട്. ഞാനും സഹായിക്കാം ചെറിയാച്ചാ. നമുക്കീ സ്ഥലം അരമനയ്ക്കു വേണ്ടി വാങ്ങണം..''.

ഏനാത്തു കുളക്കട പോറ്റിയുടെ വകയാണു സ്ഥലമെന്ന് അന്വേഷിച്ചറിഞ്ഞു. തിരുവല്ല താഴ്വള്ളിപ്പോറ്റിയുടെ അളിയനാണ് ആ ജന്മി. ജ്യോതിഷിയായിരുന്നു താഴ്വള്ളിപ്പോറ്റി. ഏതോ കുടുംബ പ്രശ്നവുമായിട്ടാണ് ചെറിയാച്ചൻ ജ്യോതിഷിയെ കണ്ടത്. പലപ്രശ്നങ്ങൾ കൈകാര്യം ചെയ്ത അവർ ഉറ്റസുഹൃത്തുക്കളായി. സ്ഥലം വിൽക്കുന്നതിനെക്കുറിച്ചും അവർ സംസാരിച്ചു. കുളക്കടയിലെ അളിയന്റെ പേർക്കു പോറ്റി എഴുത്തു നല്കി. പതിനായിരം രൂപയ്ക്കു 28 ഏക്കർ സ്ഥലം നല്കാമെന്നു പോറ്റി സമ്മതിച്ചു. മാർപാപ്പാ രൂപതയ്ക്കു നല്കിയിരുന്ന പതിനായിരം രൂപാ അന്നു മലങ്കരബാങ്കിൽ (കലേക്കാട്ടിൽ അച്ചന്റെ ബാങ്ക്) കിടപ്പുണ്ട്. സ്ഥലം കരാർ ആയി. അപ്പോൾ ഒരു തടസ്സംകൂടിയുണ്ടായി. തോട്ടഭാഗം പള്ളിയുടെ മുൻവശത്തുള്ള അഞ്ചേക്കർ സ്ഥലമുണ്ട്. അതു വാങ്ങി അരമന വെയ്ക്കാമെന്നു കലേക്കാട്ടിൽ കുഞ്ഞൂഞ്ഞ് വാശിപിടിച്ചു. അതുനടന്നില്ല. പോറ്റിയുടെ സ്ഥലം തന്നെ എഴുതിച്ചു.

വി. ചെറുപുഷ്പത്തിന്റെ അനുഗ്രഹം തിരുവല്ല രൂപതയ്ക്കു കിട്ടിയതിനെ സ്മരിച്ച് ചെറുപുഷ്പഗിരി എന്നാണ് സ്ഥലത്തിനു പേരിട്ടത്. മെത്രാസനമന്ദിരം, മൈനർ സെമിനാരി, സെന്റ് ജോസഫ്സ് പ്രിന്റിംഗ് ഹൗസ് എന്നിവയെല്ലാം അവിടെ സ്ഥാപിക്കയും ചെയ്തു. കെട്ടിടങ്ങൾ പണിതു; പറമ്പു വൃത്തിയാക്കി, മരങ്ങൾ വെച്ചുപിടിപ്പിച്ചു, എല്ലാവിധത്തിലും പച്ചപിടിച്ചു.

ഇന്നവിടം ആശുപത്രിയാണ്. മാർ തെയോഫിലോസു തിരുമേനി അനേകവർഷം രോഗിയായി വിശ്രമിച്ചസ്ഥലം ആശുപത്രിയായി രൂപാന്തരപ്പെട്ടതിൽ അത്ഭുതമില്ല. 55 കിടക്കകളും നൂറോളം ഡോക്ടർമാരും

www.malankaralibrary.com



200 –ലേറെ നേഴ്സുമാരും 200– ലധികം ആശുപത്രിജീവനക്കാരുമുള്ള ഒരു സ്ഥാപനമായി അതു ഉയർന്നിട്ടുണ്ട്. ഹോസ്പിറ്റലിനും അതു സ്ഥിതി ചെയ്യുന്ന സ്ഥലത്തിനും അടുത്തകാലത്തുണ്ടായ അഭിവൃദ്ധിയുടെ അടിസ്ഥാനം മാർ തെയോഫിലോസ് പരത്തിയ പരിശുദ്ധിയുടെ പരിമളമാണെന്നതിൽ അഭിപ്രായവ്യത്യാസമില്ല.

രോഗാതുരത്വം വരുത്തിയ കനത്ത നഷ്ടം രൂപതയെ ശോഷിപ്പിച്ചു. മാർ തെയോഫിലോസിനുണ്ടായ രോഗസ്ഥിതി, അതിനേക്കാൾ വലിയ നഷ്ടം അതു സഭൈക്യപ്രസ്ഥാനത്തിനു വരുത്തി. പ്രസ്ഥാനത്തിനു വന്ന നഷ്ടം ഇനിയും വേണ്ടത്ര പരിഗണനീയമായിട്ടില്ല.

മലങ്കര സഭൈക്യത്തിനു രണ്ടു ഭാഗ്യക്കേടു പിണഞ്ഞു. ഐക്യത്തിനു കൈവരിച്ച മാർ ബസേലിയോസ് ഗീവറുഗീസ് ഒന്നാമൻ കാതോലിക്കായുടെ ദേഹവിയോഗമാണ് ആദ്യത്തേത്; മാർ തെയോഫിലോസിന്റെ രോഗാതുരത്വം അടുത്തതും. ഇതു രണ്ടും എങ്ങനെ പ്രസ്ഥാനത്തെ ബാധിച്ചുവെന്നത് അറിയേണ്ടതാണ്.

സ്വത്വം സംരക്ഷിച്ചുകൊണ്ടുള്ള ഒരു സാർവ്വത്രിക കൂട്ടായ്മയ്ക്കാണ് 1926– ൽ പരുമല സെമിനാരിയിൽ കൂടിയ ഓർത്തഡോക്സ് സുന്നഹദോസ് തീരുമാനമെടുത്തത്. അന്നത്തെ കാതോലിക്കാ തീരുമാനത്തിന്റെ മുൻപന്തിയിലുണ്ടായിരുന്നു. അഭ്യർത്ഥന അംഗീകരിച്ചുകൊണ്ടുള്ള മറുപടിയാണ് റോമിൽനിന്നു ലഭിച്ചത്. എങ്കിലും നിനച്ചതുപോലെയുള്ള ഐക്യമല്ല 1930 – ൽ സംഭവിച്ചത്. രണ്ടാം കാതോലിക്കാ അപ്പോഴേക്കും ദിവംഗതനായതാണു കാരണം; ഐക്യം അഭിലഷിച്ച് അദ്ദേഹം അന്നുണ്ടായിരുന്നെങ്കിൽ പുനരൈക്യത്തിന്റെ ഭാവം മാറുമായിരുന്നു. കാതോലിക്കാ ഉൾപ്പെടെയുള്ള ഒരു സഭൈക്യം വരുമായിരുന്നു. കാതോലിക്കേറ്റു സംവിധാനം കൂടാതെയുള്ള സാർവ്വത്രിക ബന്ധം എന്ന പഴി ഏശാത്ത ഒരു മലങ്കര സഭൈക്യം ഉടലെടുക്കുമായിരുന്നു. എന്തുചെയ്യട്ടെ. "കാലക്കേടിൻ കടുതയിൽ നരൻ കാറ്റിലെ പഞ്ഞിതന്നെ".

വട്ടശ്ശേരിൽ തിരുമേനിയുടെ പിന്തിരിയൽ കഷ്ടമായിപ്പോയി. മൂന്നാം കാതോലിക്കായുടെ കാര്യവും അങ്ങനെതന്നെ. ഭാഗ്യവിപര്യയം എന്നിട്ടും തീർന്നില്ല. ഇന്നു മലങ്കര കത്തോലിക്കാ മെത്രാപ്പോലീത്തയുണ്ട്. ഒരു സഭാ പ്രോവിൻസിന്റെ തലവൻ എന്ന നിലയിൽ പരിമിതിയുള്ള സ്ഥാനി. 1991 ൽ പ്രാബല്യത്തിൽ വന്ന കത്തോലിക്കാ പൗരസ്ത്യ സഭകൾക്കു വേണ്ടിയുള്ള കാനൻ നിയമസംഹിത (The Code of Canon law for the Eastern Churches) യിലൂടെ മേജർ ആർച്ചു

www.malankaralibrary.com



ബിഷപ്പു (അത്യുന്നത മെത്രാപ്പോലീത്താ) സ്ഥാനം പൗരസ്ത്യസഭ കൾക്കു ലബ്ധമായി. പാത്രിയർക്കീസിനു ഏതാണ്ടു തുല്യമായ അവ കാശം.അതിലൂടെ ലഭിക്കുന്ന സഭാധികാരങ്ങളോ ? രൂപതസ്ഥാപിക്കുക, മെത്രാന്മാരെ നിയമിക്കുക, നിയമരൂപീകരണം സാധിക്കുക. കോടതി കൾ നടത്തുക തുടങ്ങിയവ തന്നെ. ഇന്നത്തെ മലങ്കര കത്തോലിക്കാ മെത്രാപ്പോലീത്തായുടെ ഈ അവകാശങ്ങൾ ഇനിയും കിട്ടിയിട്ടില്ല.

പൗരസ്ത്യനിയമസംഹിത പ്രാബല്യത്തിൽ വരുന്നതിനുമുമ്പു തന്നെ മേൽപ്പറഞ്ഞ സഭാവകാശങ്ങളിൽ ചിലതെങ്കിലും പ്രായോഗിക മാക്കാൻ കഴിഞ്ഞെങ്കിൽ! അതൊരു എങ്കിൽതന്നെയാണ്. എങ്കിൽ അതി നാൽ തന്നെ മേജർ ആർച്ചുബിഷപ്പു സ്ഥാനം മലങ്കര കത്തോലിക്കാ മെത്രാപ്പോലീത്തായ്ക്ക് അവകാശപ്പെടാമായിരുന്നു. അതും സാധി ക്കാതെ പോയി. അവിടെയാണ് മാർ തെയോഫിലോസിന്റെ രോഗാതു രത്വം പ്രസ്ഥാനത്തിനു വരുത്തിയ ഭാഗ്യക്കേടു വെളിപ്പെടുന്നത്. മാർ ഈവാനിയോസിന്റെ സഭാ ദർശനവും ക്രാന്തദർശിത്വവും അന്നത്തെ ആർച്ചുബിഷപ്പും സഫ്രഗൻ ബിഷപ്പുമായുള്ള ഏകയോഗത്വവും ഒത്തി ണങ്ങിയ ആ സുവർണ്ണ സമയത്തു മാർ തെയോഫിലോസിന്റെ അരോ ഗദൃഢത ദീർഘിച്ചിരുന്നെങ്കിൽ മേൽ സൂചിപ്പിച്ച സഭാവകാശങ്ങൾ ഒന്നും മലങ്കരയ്ക്ക് അപ്രാപ്യമായിരുന്നില്ല.

തിരുമേനിയുടെ രോഗസ്ഥിതിയിൽ രൂപതാ ഭരണകൂടം തിരിച്ച വരുണ്ട്. അവരുടെ വാഴ്ചക്കാലമോ ? ഭാഗ്യക്കേടിന്റെ ആഴം ഒന്നുകൂടി വർദ്ധിച്ചു. പൗരസ്ത്യ സഭയിലെ പാത്രിയാർക്കൽ സംവിധാനം അവർക്ക് അജ്ഞാതമായിരുന്നു. അന്നത്തെ ചങ്ങനാശ്ശേരിയുടെ മാതൃക ഇവിടെ വാർത്തെടുക്കാനായിരുന്നു അവരുടെ ശ്രമം. റീത്തനുകൂലിയല്ലാത്ത ഒരു മെത്രാനുവേണ്ടി ചരടുവലി നടക്കുന്നുണ്ടെന്നു കിംവദന്തി പൊങ്ങി. തിരു വനന്തപുരം അതിരൂപതയിൽ നിന്നു തിരുവല്ലായെ സ്വതന്ത്രയാക്കുന്ന തിനു എഴുത്തുകുത്തുകൾ നടക്കുന്നതായി കേഴ്വി ഉയർന്നു. മാർ ഈവാ നിയോസിന്റെ പേരു തുബ്ദേനിൽ ചൊല്ലുന്ന പതിവു നിർത്തൽ ചെയ്തു. പഴയകൂർ വേദോപദേശവും പ്രാർത്ഥനകളും സണ്ടേസ്കൂളിൽ പഠി പ്പിച്ചു തുടങ്ങി (അന്നത്തെ മതബോധനക്കാര്യം അനുഭവസ്ഥനായ ചേരി യിൽ ശ്രീ. സി. വി. പോത്തൻ ഇന്നും പറയും) 1938 – ൽ മാർ സേവേറി യോസ് അഡ്മിനിസ്ട്രേറ്റർ ആകുന്നതുവരെ ഈ ദുസ്ഥിതി നീണ്ടു. തന്മൂലം സഭാപ്രോവിൻസു ലക്ഷ്യം വെച്ചുള്ള പ്രവർത്തനം പുരോഗമി ച്ചില്ല. തികഞ്ഞ ഭാഗ്യഹീനത. മെത്രാൻ വേഷം കെട്ടിയ ഒന്നാം മാർത്തോമ്മാ വരുത്തിക്കൂട്ടിയ പുണ്യവസ്തു ദൂഷണത്തിന്റെ ശിക്ഷ

www.malankaralibrary.com



പുത്തൻകൂറിൽ ഇന്നുമുണ്ട്. അവിടെ വളർന്നവരായതുകൊണ്ടു മലങ്കര കത്തോലിക്കാ സഭയ്ക്കും ആ ശിക്ഷ കൂടെ അനുഭവിക്കേണ്ടിവരുന്നു.

മാർ തെയോഫിലോസിന്റെ രോഗാതുരത തിരുവല്ല രൂപതയുടെ ശിശുത്വത്തിനേറെ ഒരു കനത്ത ആഘാതമായിരുന്നു. ഫാ. പക്കോമിയൂസ് ഒ. ഐ. സി.യുടെ ചരിത്രകൃതിയിൽ നിന്നുപോലും അന്നത്തെ ദീനതവേണ്ടത്ര വെളിപ്പെടുന്നില്ല. ശ്രീ. ചെറിയാൻ കാടുവെട്ടൂരിന്റെ കുറിപ്പിൽ നിന്നാണ് താഴെ ഉദ്ധരിക്കുന്നത്. ചങ്ങനാശ്ശേരി രൂപതയിൽപെട്ട മോൺ. സക്കറിയാസ് വാച്ചാപറമ്പിൽ തിരുവല്ലയുടെ വികാരി ജനറാളും അഡ്മിനിസ്ട്രേറ്ററുമായി. കൊവേന്തയിൽ നിന്നു നോർബർട്ടു അച്ചനുമെത്തി. ചെത്തിപ്പുഴയിൽ നിന്നു ഗീവറുഗീസ് അച്ചനും വന്നു. അദ്ദേഹം മാത്രമായിരുന്നു ഒരേ ഒരു മലങ്കരക്കാരൻ. പഴയകൂർ പ്രതിപത്തിയിലേക്ക് അദ്ദേഹവും ചരിഞ്ഞു. തിരുവല്ലായെ ചങ്ങനാശ്ശേരിയുടെ ഭാഗമാക്കാനായിരുന്നു ആ ഭരണക്കാരുടെ നീക്കം. ബഹു. വടശ്ശേരിലച്ചനെ മെത്രാനാക്കാൻ ശ്രമം നടന്നു. ആ കൊച്ചച്ചൻ റോമിലെ വൈദിക പഠനം പൂർത്തിയാക്കി തിരിച്ചെത്തിയതേയുള്ളു. ഉപരിപഠനം ആഗ്രഹിച്ചെങ്കിലും അദ്ദേഹത്തിനു സാധിച്ചില്ല. ആ എൽ. ഡി. ബിരുദ ധാരിയെ രൂപതാ ഭരണകൂടം നിർബ്ബന്ധിച്ചു വരുത്തിയതാണ്. ഭരണകൂടത്തിന്റെ താല്പര്യത്തിനൊത്ത ഒരു മെത്രാൻ സ്ഥാനാർത്ഥി ആവശ്യമായി എന്നതു തന്നെ കാരണം. ഇത്തരം അരമന രഹസ്യങ്ങൾ അന്തേവാസികളായ ചെറിയാച്ചനും പിലിപ്പോച്ചനും നന്നായറിയാം.

ഒരു ദിവസം അഡ്മിനിസ്ട്രേറ്റർ സായാഹ്ന സവാരിക്കു തയ്യാറായി. ഡ്രൈവർ ചെറിയാച്ചൻ കാറുമായെത്തി. പോസ്റ്റോഫീസു പടിക്കലെത്തിയപ്പോൾ മോൺസിഞ്ഞോറിന്റെ ഒരു കത്ത് പോസ്റ്റു ചെയ്യണം. ചെറിയാച്ചൻ കത്തുമായി ഓഫീസിലേക്കോടി. ഒറ്റനോട്ടത്തിൽ കത്തു മാർപ്പാപ്പായ്ക്കുള്ളതെന്നു മനസ്സിലാക്കി. അക്കാലത്തു പോസ്റ്റോഫീസിൽ വലിയ തിരക്കില്ലായിരുന്നു. ''ഞാൻ വന്നിട്ടു പോസ്റ്റു ചെയ്താൽ മതി'' എന്നു പറഞ്ഞു കത്തു മാസ്റ്ററെ ഏല്പിച്ചു. യാത്ര കഴിഞ്ഞു തിരിച്ചെത്തിയ ചെറിയാച്ചൻ മാസ്റ്ററുടെ കൈയിൽ നിന്നു എഴുത്തു വാങ്ങി. മേളാംപറമ്പിൽ ഉമ്മച്ചനെ കണ്ടു വിവരം പറഞ്ഞു. അപ്പോൾ സന്ധ്യകഴിഞ്ഞു കുറെ ഇരുട്ടിയിരുന്നു. വീട്ടിൽ എല്ലാവരും ഉറക്കംപിടിച്ചിരുന്നു. കൈയിൽ കിടന്ന മോതിരം ഊരി ഉമ്മച്ചൻ ചെറിയാച്ചനെ ഏല്പിച്ചു. ഉടൻ തന്നെ തിരുവനന്തപുരത്തിനു പോകണം. മാർ ഈവാനിയോസിനെ കത്ത് ഏല്പിക്കണം എന്നിങ്ങനെ നിർദ്ദേശം നല്കി. മോതിരം പണയം വെച്ചു യാത്രച്ചെലവിനു പണം എടുക്കാമത്രേ.

www.malankaralibrary.com



കത്തുകണ്ട മാർ ഈവാനിയോസ് പറഞ്ഞു: മാർ സേവേറിയോസ് മാത്രമേയുള്ളു അനുയോജ്യനായി. തിരുമേനിക്കു മാത്രമേ തിരുവല്ലായുടെ പ്രശ്നം പരിഹരിക്കാൻ കഴിയൂ. തിരുമേനിയെ എങ്ങനെയും സംലഭ്യമാക്കണം''.

വാളക്കുഴിയിൽ കുഞ്ഞുചെറുക്കൻസാർ (ശ്രീ. വി. ഒ. വർഗീസ്) മാർ സേവേറിയോസ് തിരുമേനിയുടെ ജ്യേഷ്ഠ സഹോദരനാണ്. അദ്ദേഹം നേരത്തെ കത്തോലിക്കാ സഭയിൽ ചേർന്നുകഴിഞ്ഞിരുന്നു. മാർ ഈവാനിയോസിന്റെ നിർദ്ദേശം അദ്ദേഹത്തെ അറിയിച്ചു കേട്ടമാത്രയിൽ അദ്ദേഹത്തിനുണ്ടായ സന്തോഷം അളവറ്റതായിരുന്നു.

കുഞ്ഞുചെറുക്കൻസാർ ചെറിയാച്ചനേയും മേളാമ്പറമ്പിൽ ഉമ്മച്ചനേയും കൂട്ടി മാർ സേവേറിയോസിനെ കണ്ട് സംസാരിച്ചു. അദ്ദേഹം പുനരൈക്യത്തിനു സന്നദ്ധനായി.

ദൈവം തിരുവല്ലയെ രക്ഷിച്ചു. റീത്തുസംരക്ഷണത്തിനു പീലിപ്പോച്ചനും ചെറിയാച്ചനും ചെയ്തിട്ടുള്ളകാര്യം ചെറുതല്ല. അരമനഅന്തേവാസികളും ഉദ്യോഗസ്ഥന്മാരുമായ അവരുടെ ചെയ്തികൾ റിക്കാർഡുകളിൽ കാണുകയില്ല. റിക്കാർഡുകളിൽ എന്തെങ്കിലും ഉണ്ടെങ്കിൽ അതു വിപരീതദിശയിൽ പ്രവർത്തിച്ചവരുടേതുമാത്രം ആയിരിക്കും.

**ദാരുണ വിസ്മരണം.**

1. സുകൃതചരിതരുടെ നാമകരണനടപടികൾ ചിലതെല്ലാം കേരളത്തിൽ നടക്കുന്നുണ്ട്. മാർ തോമ്മാ കുരാളശ്ശേരി, മാർ മാത്യു കാവുകാട്ട്, മാർ ഈവാനിയോസ് എന്നിവർ ഉദാഹരണമാണ്. ആലുവാ സെമിനാരിയിൽ പ്രവർത്തിച്ച ഫാ. ഔറേലിയൻ, ഫാ. സക്കറിയാസ് എന്നിവരുടെ നാമകരണ നടപടി ഒന്നാം ഘട്ടം പൂർത്തിയായി. ചാവറ കുര്യാക്കോസച്ചനും. ബഹു. അൽഫോൻസാമ്മയും ധന്യരുടെ നിരയിലേക്ക് ഉയർത്തപ്പെട്ടു കഴിഞ്ഞു. മാർ തെയോഫിലോസ് തിരുമേനിയുടെ സുകൃത പരിമളത്തിനു അനുഭവസ്ഥർ അനവധിയാണ്. ആ തപോധനന്റെ നാമകരണ നടപടികൾക്ക് ഇനി താമസിച്ചുകൂടാത്തതാണ്. തിരുവല്ല രൂപതയും ബഥനി സന്ന്യാസ സമൂഹങ്ങളുമത്രേ അതിനു മുൻകൈയെടുക്കേണ്ടത്. സ്വർഗ്ഗീയ മനുഷ്യർക്കു മാത്രമേ ഇനി മലങ്കരയെ ഉത്തേജിപ്പിക്കാൻ കഴിയൂ.

2. ഉപഭോഗതൃഷ്ണ പത്തിവിടർത്തിവിലസുന്നു. സംയമനം കൂടാതെ അതിനെ നേരിടുക വയ്യ. ബഥന്യാശ്രമത്തിലെ ഗുരുവച്ചൻ കമനീയ വാദികളുടെ പാഠമാണു നല്കിയത്. അടക്കത്തിലേക്കും ഒതുക്ക

www.malankaralibrary.com



ത്തിലേക്കും സമൂഹത്തെ ഉയർത്താൻ സന്യാസിപ്രസ്ഥാനത്തിനു കഴിയണം. എങ്കിലേ ഏറിവരുന്ന ''സുഖമേ ശരണ്'' മനസ്ഥിതിക്കു കടിഞ്ഞാണിടാൻ കഴിയൂ. മാർ തെയോഫിലോസ് തിരുമേനിയുടെ കാലത്തെന്നതിനേക്കാൾ സന്യസ്താരൂപിയുടെ ആവശ്യം ഇന്ന് ഏറിവരികയാണ്.

3. ആധ്യാത്മികതയുടെ ഓളംവെട്ടൽ മാർ തെയോഫിലോസ് തിരുമേനിയുടെ കാലത്തുണ്ടായി. കാത്തലിക്ക് എവിഡൻസു ഗിൽഡിനെ ആത്മാർത്ഥമായി പ്രോത്സാഹിപ്പിച്ചതാണു ഒരു പ്രധാനകാരണം. സഭാബോധനമായിരുന്നു ഗിൽഡിന്റെ ലക്ഷ്യം. മറ്റു രൂപതകൾപോലും അതു മാതൃകയാക്കിയിട്ടുണ്ട്. ചങ്ങനാശ്ശേരിയിലെ സി. എ. സി. ഉദാഹരണമാണ്. പക്ഷേ ഗിൽഡിന്റെ ആവേശവുമില്ല. ഉറക്കം നടിക്കുന്നവനെ ഉണർവ്വുറ്റവനാക്കുക ക്ഷിപ്രസാദ്ധ്യമോ ?

4 ചെറുപുഷ്പഗിരിയെന്നു മാർ തെയോഫിലോസ് പേരിട്ടസ്ഥാനം ഇന്നു പുഷ്പഗിരിയാണ്. തിരുമേനി രോഗശയ്യാവലംബിയായി കഴിഞ്ഞിടത്തു ആശുപത്രി വന്നതു നല്ലതുതന്നെ. പുഷ്പഗിരിയെന്ന പേരുമാറ്റം നിർദ്ദോഷമെന്നു തോന്നിയാലും ദോഷരഹിതമെന്നു പറഞ്ഞുകൂടാ. ചെറുപുഷ്പഗിരി എന്നു പറഞ്ഞാൽ ചെറുപുഷ്പത്തിനു പ്രതിഷ്ഠിതമായ ഗിരി എന്നാണർത്ഥം. പുഷ്പഗിരി എന്നായാലോ. പുഷ്പങ്ങളാൽ അലംകൃതമായ ഗിരിയെന്നും. ചെറുപുഷ്പത്തെമാറ്റിക്കൊണ്ടുള്ള പരിഷ്കാരം അന്തസ്സാരത തകർത്തുകളഞ്ഞിരിക്കുന്നു. ഈ പരിഷ്കാരം വരുത്തുന്ന കൃതഘ്നത ആരുടെ നേരെയാണു തിരിയുന്നത്. വി. ചെറുപുഷ്പത്തിന്റെ നേരെയോ അതോ മാർ തെയോഫിലോസിന്റെ നേരയോ ? അതോ ഒരുപോലെതന്നെ രണ്ടു പേരുടെയും നേരെയോ ?

(ഐക്യദീപം 1999 – ഒക്ടോബർ പേജ് 38)

www.malankaralibrary.com



# ന്യൂമാനെയും ഭാരതന്യൂമാനെയും അടുത്തനുകരിച്ച പുണ്യാചാര്യൻ– മാർ തെയോഫിലോസ്



ഫാ. ഡോ. ജയിംസ് മാമ്മൂട്ടിൽ ഒ. ഐ. സി.

**ധീരതയാർന്ന പാവനത്വം**

മഹാനായ കർദ്ദിനാൾ ന്യൂമാൻ വിശുദ്ധനായി പ്രഖ്യാപിക്കപ്പെടുവാൻ വൈകുകയില്ല എന്ന് എല്ലാവർക്കും അറിയാം. അദ്ദേഹത്തിന്റെ ശതാബ്ദി അനുഗ്രഹകരമായി ആചരിക്കപ്പെടുകയുണ്ടായി ഭാരത ന്യൂമാനായ അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും ജനസാമാന്യത്തിനിടയിൽ പുണ്യപദവി നേടിയ മഹാത്മാവാണ്. അദ്ദേഹത്തിന്റെ വിശുദ്ധപദ നാമകരണത്തിന് ഔദ്യോഗികനീക്കങ്ങൾ നടന്നാലും ഇല്ലെങ്കിലും ആ പുണ്യപരിമളം മലങ്കരയ്ക്ക് സുവിദിതമാണ്. നാം ഈ വർഷം ജന്മശതാബ്ദി ആചരിക്കുന്ന മാർ തെയോഫിലോസ് പിതാവ് ഈ രണ്ട് പുണ്യാത്മാക്കളുടെയും ഏറ്റവും അടുത്ത അനുചരനും വ്യക്തിപരമായി ആ മഹത്വത്തോട് തന്റെ ആത്മശോഭവിളക്കിച്ചേർത്ത പുണ്യമഹാചാര്യനുമാണ്. അദ്ദേഹത്തിന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

**കത്തോലിക്കാസഭ ശാദ്വലതീരം**

തന്റെ പുനരൈക്യത്തിന്റെ ഇരുപതാം വർഷത്തിൽ കർദ്ദിനാൾ ന്യൂമാൻ പറഞ്ഞു There is a depth and power to the Catholic Church, a fullness of satisfaction in its creed, its theology, its rites, sacraments, its discipline, a freedom yet support,.......... It is the beginning of the repose of heaven................. Satisfy the hunger of one's

www.malankaralibrary.com



soul. അനുകരണീയമായ, സാഹസികമായ പുണ്യജീവിതത്തിനുടമയായിരുന്നു അദ്ദേഹമെന്ന് വിശുദ്ധപദ നാമകരണ കാര്യാലയത്തെ പരി. പിതാവ് ജോൺപോൾ രണ്ടാമൻ മാർപാപ്പാ അനുസ്മരിപ്പിച്ചു. ആയിരത്തോളം ആംഗ്ലിക്കൻ വൈദികരും അനേകസഹസ്രം അല്മായരും അദ്ദേഹത്തിന്റെ പുനരൈക്യപാത പിന്തുടർന്നു. ഇന്നും അത് തുടരുകയാണ്.

**ഐക്യത്തിന് വരം ലഭിച്ചവർക്കേ അത് സാധിക്കൂ**

ഭാരതന്യൂമാനായ അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ പറഞ്ഞു പുനരൈക്യത്തിന് സത്യാന്വേഷണ ബുദ്ധിയും ചിന്താശീലവും എല്ലാത്തിനുമുപരി ദൈവിക കൃപാവരത്തിന്റെ ശക്തിമത്തായ പ്രവർത്തനവും അനിവാര്യമാണ്.

അഭിവന്ദ്യ മാർ തെയോഫിലോസ് പിതാവ് ജീവിച്ചിരുന്ന കാലത്തു തന്നെ പുണ്യവാനായി എല്ലാവരാലും കരുതപ്പെട്ടിരുന്നു.

**പാവനനാമം**

അഭിവന്ദ്യ മാർ തെയോഫിലോസ് പിതാവിന്റെ കുടുംബത്തിൽതന്നെ അംഗമായ പ്രൊഫ. ചാക്കോ മാർ തെയോഫിലോസ് പിതാവിന്റെ നാമം ആദരവോടും ഭക്തിയോടുകൂടെ മാത്രമേ ഉച്ചരിക്കാൻപോലും ആവൂ എന്നഭിപ്രായപ്പെടുന്നു. ശ്രീമാൻ എൻ. ഐ. പോത്തച്ചൻ അഭിവന്ദ്യ പിതാവിന്റെ മാതുലനും ഏറ്റം അധികമായി അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ആദ്യഘട്ടങ്ങളിലെ പ്രചോദനവുമായിരുന്നു. നാലാത്ര കുടുംബത്തിന്റെയും പിതൃകുടുംബമായ കളപ്പുരയ്ക്കൽ കുടുംബത്തിന്റയും അഭിമാനമായിരുന്ന ബാലൻ വളർന്ന് മാർ തെയോഫിലോസ് എന്ന അഭിധാനത്തിൽ മെത്രാപ്പോലീത്തായായപ്പോൾ സന്തോഷിക്കാത്തവരില്ല. യാക്കോബ് ശെമ്മാശനായും ഗുരുവച്ചനായും, ബഥനിയിലെ കൊച്ചുതിരുമേനിയായും തിരുവല്ലയിലെ വല്യ തിരുമേനിയായും അദ്ദേഹം പ്രശസ്തിനേടി. കത്തോലിക്കാ പുനരൈക്യംവഴി ആഗോളസഭയിലെ പാവനചരിതനായ മേല്പട്ടക്കാരനായപ്പോൾ, ആ പുണ്യാത്മാവിന്റെ യശസ് ഭക്തജനങ്ങൾക്കിടയിൽ പതിന്മടങ്ങായി വർദ്ധിക്കയായിരുന്നു. അഭിമാനത്തോടെ നമുക്ക് ആ പാവനപാദങ്ങളിൽനിന്ന് ശക്തി ആർജ്ജിക്കാൻ ഈ ശതാബ്ദി ആഘോഷങ്ങൾ ഉപകരിക്കട്ടെ.

**രാഷ്ട്രത്തിന്റെ നല്ല ഭാവിക്കായി പ്രാർത്ഥിക്കാം**

കേരളത്തിന്റെയും ഭാരതത്തിന്റെയും നല്ല ഭാവിക്കുവേണ്ടിയും, തിരുവല്ല രൂപതയുടെയും മലങ്കരസഭയുടെയും വളർച്ചയ്ക്കുവേണ്ടിയും വ്യക്തികളായും കുടുംബങ്ങളായും ഇടവകകളായും സഭയായും നമുക്ക് പ്രാർത്ഥിക്കാം. പുതിയൊരു തെരഞ്ഞെടുപ്പിനൊരുങ്ങുന്ന നമ്മുടെ മാതൃരാജ്യത്തിന് ഉത്തമരായ ഭരണകർത്താക്കളെ നൽകണമേ എന്ന് അപേക്ഷിക്കാം. *(ഐക്യദീപം 1991 ഏപ്രിൽ, മെയ് പേജ് : 27)*

www.malankaralibrary.com



# ശതാബ്ദി സ്മാരകം



**ജ്ഞാനദാസ്**

അഭിവന്ദ്യ തിരുമേനി
അങ്ങയെ കാണാതെ
തങ്കമോതിരം മുത്താതെ
കേൾക്കാതെ, വായിച്ചറിയാതെ
കേട്ടറിവിൽ നിന്ന്
അങ്ങേയ്ക്കഹിതങ്ങളാം
വരികൾ കുറിക്കുന്നു.

അവർ പറയുന്നതിലേറെ
അവിശ്വസനീയം!
ഒത്തിരി ഞാൻ വെട്ടിക്കുറയ്ക്കുന്നു!
അങ്ങൊരു ഭക്തനായിരുന്നു പോൽ-
എല്ലാവരും പറയുന്ന-
തിനെ യാദരിക്കുന്നു ഞാൻ.
അല്ല, തിലെന്തിത്രയത്ഭുതം കൂറുവാൻ ?
യോഗസ്ഥനല്ലോ യോഗി !
ഗോമാതാക്ഷീരദായിനിയല്ലേ!
എങ്കിലും പുണ്യാത്മൻ,
സത്യം പറയട്ടെ,

www.malankaralibrary.com



എനിക്കുമെൻ കൂട്ടർക്കും
ഭക്തി വിഭക്തി തന്നെ
വിരക്തതകൊണ്ടല്ല,
സത്യം പറയട്ടെ,
ഞങ്ങൾക്കതിനു നേരമില്ല,
അങ്ങയുടെ പുകൾ പാടി
നടപ്പവർക്കുമതിനുനേരമുണ്ടായില്ല,
അവർ വഴി മാറി നടന്നോരല്ലോ
അവരുടെ പിൻഗാമികളല്ലോ ഞങ്ങൾ,
എങ്കിലും ഞങ്ങൾ
അങ്ങയെ തള്ളിപ്പറയുകയില്ല,
എഴുതിത്തള്ളുകയില്ല.
നോക്കൂ.........................
തീർത്ഥാടകരുടെ നീണ്ടനിര,
വഴിതെറ്റി നടപ്പവർ,
വഴിമാറി നടപ്പവർ
അവരൊന്നായിപ്പാടുന്നു.
'അങ്ങയെപ്പോലെ മറ്റാരുമില്ല'.
ഈ തീർത്ഥാടനങ്ങളും
പുകഴ്പ്പാടലുകളും
ധൂപാർച്ചനകളും
വ്യഥിതമാനസങ്ങളിൽ വിരിയും
വാടാമലരുകളല്ലോ
അങ്ങേയ്ക്കു നിത്യസ്മാരകങ്ങളല്ലോ.

(മാർ തെയോഫിലോസ് ജന്മശതാബ്ദി സ്മരണിക 1991)

www.malankaralibrary.com



# തിരുവല്ല രൂപതയുടെ പ്രഥമ മെത്രാൻ യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ ജന്മശതാബ്ദി വർഷം

(ജന്മശതാബ്ദി ആഘോഷ വിവരണം)

ജീവിച്ചിരുന്നപ്പോൾ ഒരു പരിശുദ്ധനായി ജനങ്ങൾ പരിഗണിച്ചിരുന്ന ഒരു പുണ്യാത്മാവായിരുന്നു മാർ തെയോഫിലോസ് തിരുമേനി. അദ്ദേഹം ഭൂജാതനായിട്ടു 1991 ഫെബ്രുവരിമാസം 26-ാം തീയതി നൂറു വർഷം പൂർത്തിയാകുന്നു. തിരുവല്ലാ രൂപതയുടെ പ്രഥമമെത്രാനായ തിരുമേനിയുടെ ജന്മശതാബ്ദി രൂപതാടിസ്ഥാനത്തിൽ ആഘോഷിക്കുവാൻ തീരുമാനിക്കുകയും, 1990 ഫെബ്രുവരി മാസം 23-ാം തീയതി സെന്റ് ജോൺസ് കത്തീഡ്രലിൽ, രൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ ഗീവറുഗീസ് മാർ തിമോത്തിയോസ് തിരുമേനി അതിന്റെ ഉത്ഘാടനകർമ്മം നിർവഹിക്കുകയും ചെയ്തു. തദവസരത്തിൽ തെയോഫിലോസ് പിതാവിന്റെ ഒരു ഛായാ ചിത്രം കത്തീഡ്രലിൽ സ്ഥാപിച്ചു. ഛായാചിത്രത്തിന്റെ അനാഛാദന കർമ്മം നിർവഹിച്ചത് അരമനയിൽ ആജീവനാന്തം ചുമതലക്കാരനായിരുന്ന ശ്രീ. സി. ഐ. പീലിപ്പോസായിരുന്നു. ഒരു ലഘു പ്രസംഗത്തോടെയാണ് അദ്ദേഹം ഛായാചിത്രം അനാഛാദനം ചെയ്തത്. പ്രസംഗം ഇപ്രകാരമായിരുന്നു:- ‘‘എത്രയും സ്നേഹമുള്ള അഭിവന്ദ്യ തിരുമേനിമാരെ, പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരെ, സ്നേഹമുള്ള സിസ്റ്റേഴ്സ്, സ്നേഹമുള്ള സഹോദരങ്ങളെ, എന്നെ ഏല്പിച്ചിരിക്കുന്ന ദൗത്യം അഭിവന്ദ്യ തെയോഫിലോസ് തിരുമേനിയുടെ ഛായാചിത്രം അനാഛാദനം ചെയ്യുക എന്നതാണ്. തിരുവല്ല രൂപതയിലെ മുഴുവൻ ആളുകളുടെയും പ്രതിനിധിയായി ഈ മംഗള കർമ്മം നിർവഹിക്കുവാൻ അയോഗ്യനായ എനിക്കു ലഭിച്ചത് ഒരു വലിയ ഭാഗ്യമായി ഞാൻ കരുതുകയാണ്. മുപ്പതിലേറെ വർഷത്തെ അടുപ്പം വന്ദ്യ തിരുമേനിയുമായി എനിക്കുണ്ടായിരുന്നു. 1932 ഒക്ടോബർ മാസത്തിൽ തിരുവല്ല രൂപത അരമന കച്ചേരിയിൽ ക്ലാർക്കായി എന്നെ നിയമിച്ചു കല്പന എഴുതി തന്നിട്ടുണ്ട്. അത് ഇന്നുവരെ നിലവിൽ ഇരിക്കയും ചെയ്യുന്നു.

www.malankaralibrary.com



1928-ാമാണ്ട് ഗുരുഅച്ചൻ എന്നറിയപ്പെട്ടിരുന്ന യാക്കോബച്ചൻ തിരുവല്ല ബഥനി പള്ളിയിലെ വികാരിയായി നിയമിതനായി. അന്നുമുതൽ തിരുമേനിയെ എനിക്കു നേരിട്ടു അറിയാൻ സാധിച്ചിട്ടുണ്ട്. 1929 -ാ മാണ്ട് യാക്കോബച്ചൻ മെത്രാനായി അഭിഷേകം ചെയ്തിട്ടും താമസം ബഥനി പള്ളിയിൽ തന്നെയായിരുന്നു. തിരുവല്ലയിൽ എല്ലാവരും ഒരു പോലെ ആദരിച്ചും ബഹുമാനിച്ചും വന്നിരുന്നു.

1930 സെപ്റ്റംബർ മാസത്തിൽ മാർ ഈവാനിയോസ് തിരുമേനിയോടുകൂടി കത്തോലിക്കാ സഭയിൽ പുനരൈക്യപ്പെട്ടു. പിന്നീട് ബഥനി പള്ളിയിൽ നിന്നും ഇറങ്ങി ഒരു വാടകവീട്ടിൽ താമസിച്ചിരുന്നു. ഈ കാലഘട്ടങ്ങളിലെല്ലാം തിരുമേനിയുടെ ആത്മീയ ചൈതന്യം അനുഭവിച്ചറിയാൻ എനിക്ക് സാധിച്ചിട്ടുണ്ട്. പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും ഒരു ധന്യജീവിതമാണ് തിരുമേനിക്ക് ഉണ്ടായിരുന്നത്. തിരുമേനി നടത്തിയ വിദേശപര്യടനത്തിനിടയിൽ ഫ്രാൻസിലെ ഒരു കമ്പനിക്കാർ സമ്മാനിച്ച ഒരു വലിയ മണിയാണ് നമ്മൾ ഈ പള്ളിയുടെ മണിമാളികയിൽ കാണുന്നത്. തിരുമേനിയെ കണ്ടുമുട്ടുന്നവർക്ക് ഉണ്ടായിട്ടുള്ള അഭിമാനമാണ് ഈ കാര്യം സൂചിപ്പിക്കുന്നത്.

നമ്മുടെ രൂപതയിലെ സുവിശേഷവത്കരണദശകം ഉൽഘാടനം ചെയ്യപ്പെടുന്നത് തിരുമേനിയുടെ ജന്മശതാബ്ദിയുടെ ആരംഭത്തിൽ തന്നെയാണ് എന്നത് തികച്ചും ഉചിതമാണ്.

തിരുമേനിയിൽ കണ്ടിരുന്ന ജീവിത വിശുദ്ധിയും പ്രാർത്ഥനാ ചൈതന്യവും നമ്മുടെ ജീവിതത്തിൽ പകർത്തുവാനും, പുനരൈക്യപ്രസ്ഥാനം കൂടുതൽ ശക്തിപ്പെടുവാനും ഈ സുവിശേഷവത്കരണവത്സരത്തിൽ പരിശ്രമിക്കുകയും പ്രാർത്ഥിക്കയും ചെയ്യാം. തിരുമേനിയുടെ ഛായാചിത്രം അതിനു പ്രചോദനം തരട്ടെ.

''നിങ്ങൾ ഏവരുടെയും അനുവാദത്തോടുകൂടെ ഞാൻ ഈ മംഗളകർമ്മം നിർവഹിക്കുന്നു''.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തെ ദശവത്സരങ്ങൾ സുവിശേഷവത്കരണകാലമായി കരുതി, ലോകമെങ്ങും സുവിശേഷഘോഷണം നടത്തുവാനും സുവിശേഷത്തിന് സാക്ഷ്യം നൽകുവാനും പരിശുദ്ധ പിതാവ് യൂഹാനോൻ പൗലോസ് രണ്ടാമൻ മാർപാപ്പാ സഭാമക്കളെ ആഹ്വാനം ചെയ്ത വർഷമാണ് ഇക്കഴിഞ്ഞത്. തെയോഫിലോസ് തിരുമേനിയുടെ ജന്മശതാബ്ദി വർഷം ആരംഭിച്ചതും പ്രസ്തുത വർഷം തന്നെ. അങ്ങനെയാണ് സുവിശേഷവത്ക്കരണദശവത്സരത്തിന്റെയും തെയോഫിലോസ് തിരുമേനിയുടെ ജന്മശതാബ്ദി വർഷത്തിന്റെയും

www.malankaralibrary.com



ഉൽഘാടനകർമ്മം ഒരുമിച്ചു നടത്തുവാൻ സംഗതിയായത്. എം. എ. അച്ചൻ (മാർ ഈവാനിയോസ്) സെറാമ്പൂർ കോളജിൽ പ്രൊഫസർ ആയിരുന്നപ്പോൾ, മലങ്കര സഭയുടെ പുരോഗതിയും, ഭാരതത്തിൽ സുവിശേഷഘോഷണവും ലക്ഷ്യമാക്കി ഏതാനും ശെമ്മാശന്മാരെ ഉന്നത വിദ്യാഭ്യാസത്തിന് സെറാമ്പൂരിൽ കൊണ്ടുപോയവരിൽ പ്രഥമനായിരുന്നു കെ. എ. യാക്കോബ് ശെമ്മാശൻ (മാർ തെയോഫിലോസ്). അവരിൽ ലക്ഷ്യത്തിനുവേണ്ടി അവസാനത്തോളം ഉറച്ചു നിന്നത് മാർ തെയോഫിലോസ് മാത്രമായിരുന്നു. തന്റെ നാമഹേതുകനായ അന്ത്യോക്യായിലെ വിശുദ്ധനായ തെയോഫിലോസിനെപ്പോലെ നമ്മുടെ കഥാനായകനും ചെറുപ്പം മുതൽ ദൈവഭക്തിയിൽ അഭ്യസിപ്പിക്കപ്പെടുകയും ദൈവഭക്തനായി അറിയപ്പെടുകയും ചെയ്തിരുന്നു.

ഭാരതീയ പാരമ്പര്യത്തിൽ ഗുരുക്കന്മാർ സ്വശിഷ്യരെക്കുറിച്ചു നല്കുന്ന സാക്ഷ്യം ഒരു ദൈവിക വെളിപാടുപോലെയാണ്. മാർ തെയോഫീലോസിനെക്കുറിച്ചു അദ്ദേഹത്തിന്റെ ഗുരുവായിരുന്ന മാർ ഈവാനിയോസ് ഇപ്രകാരം സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ''പ്രകൃത്യാ സൗമ്യശീലനും വിനീതബുദ്ധിയും ഏതു കാര്യത്തിലും നമ്മോടൊന്നിച്ചു സഹകരിപ്പാനും ബുദ്ധിമുട്ടുവാനും സന്നദ്ധനുമായി കാണപ്പെട്ട അദ്ദേഹം പില്ക്കാലത്ത് നമ്മുടെ കൂട്ടുവേലക്കാരനായിതീർന്നുകൊണ്ട് എപ്പിസ്ക്കോപ്പാ പദത്തിൽ ഉയർത്തപ്പെടുവാൻ ഇടയായതിൽ ദൈവം നമ്മോടു ചെയ്ത ആനുകൂല്യവും കൃപയും അപരിമേയമെന്നേ പറയാനുള്ളു''.(ഗിരിദീപം പുറം. 42) ഈ സാക്ഷ്യം അന്വർത്ഥമായി എന്നതിന് മാർ തെയോഫീലോസിന്റെ ചരിത്രം തെളിവാകുന്നു. തന്റെ ഒരു മദ്ധ്യസ്ഥയും രൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥരിൽ ഒരാളുമായി സ്വീകരിക്കപ്പെട്ട വിശുദ്ധകൊച്ചുത്രേസ്യായുടെ ആദ്ധ്യാത്മിക തീക്ഷ്ണത തിരുമേനിയിലും പ്രശോഭിച്ചിരുന്നു. വിശുദ്ധകൊച്ചുത്രേസ്യ ആത്മാർത്ഥതയോടെ തന്റെ അഭിലാഷം അറിയിക്കയും പ്രാർത്ഥിക്കയും ചെയ്തിരുന്നത് ഇപ്രകാരമാണ് ''പ്രവാചകന്മാരെയും വേദശാസ്ത്രികളെയും പോലെ മനുഷ്യരെ സത്യജ്ഞാനം പഠിപ്പിക്കുന്നതിന് എത്രയോ ആഗ്രഹം എനിക്കുണ്ട്. ഓ എന്റെ ആത്മമണവാളാ! അങ്ങെ തിരുനാമം പ്രസംഗിച്ച് അങ്ങെ ശോഭനമായ സ്ളീബായെ അജ്ഞാത നാടുകളിൽ നാട്ടുന്നതിനായി ലോകമെങ്ങും പ്രയാണം ചെയ്യുന്നതിനുള്ള അത്യാശ എന്നിൽ സർവ്വത്ര വ്യാപിച്ചിരിക്കുന്നു. എന്നാൽ ഒരു രാജ്യാതിർത്തികൾക്കും എന്റെ ആഗ്രഹത്തെ സംതൃപ്തിപ്പെടുത്തുവാൻ സാധിക്കുന്നതല്ല. ഭൂലോകമൊക്കെയിലും എത്രയും വിദൂര ദ്വീപുകളിൽകൂടെയും

www.malankaralibrary.com



ഒരേ സമയത്ത് സുവിശേഷം പ്രസംഗിപ്പാൻ ഭാഗ്യം സിദ്ധിച്ചെങ്കിൽ എത്രയോ നന്ന്. പ്രേഷിത ആയി ജീവിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. പക്ഷെ അത് ചുരുങ്ങിയ വർഷത്തേക്കു മാത്രമല്ല, പിന്നെയോ ലോകാവസാനത്തോളം നീളിച്ചിരിപ്പാനാണ് എനിക്കുള്ള ഏക ആഗ്രഹം".

"എന്റെ ഈശോയെ, നിന്റെ വിശുദ്ധന്മാരുടെ സൽക്രിയകളൊക്കെയും രേഖപ്പെടുത്തിയിരിക്കുന്ന ആയുസിന്റെ പുസ്തകം ഒന്നു തുറന്നു കാണിക്കുക. ഏവംവിധങ്ങളായ പ്രവൃത്തികൾ ഞാനും നിനക്കായി ചെയ്യുന്നതിന് സർവ്വാത്മനാ ശ്രമിക്കുന്നുണ്ട്". (കൊ.ത്രേ. പുഷ്പമഞ്ജരി.)

ലിസ്യുവിലെ കർമ്മലീത്ത മഠത്തിന്റെ ആവൃതിക്കുള്ളിൽ ഒൻപതു വർഷം മാത്രം ജീവിച്ചു മരിച്ച കൊച്ചുത്രേസ്യാ, ഇന്ന് ലോകമെങ്ങും സുവിശേഷപ്രഘോഷണം നടത്തുന്ന പ്രേഷിതരുടെയെല്ലാം സ്വർഗ്ഗീയ മദ്ധ്യസ്ഥയായി തിരുസഭയിൽ ആദരിക്കപ്പെടുന്നു. വിശുദ്ധ കൊച്ചുത്രേസ്യായുടെ ആത്മാർത്ഥമായ പ്രേഷിതാഭിലാഷവും പ്രാർത്ഥനയും ആത്മീയ മണവാളനായ ഈശോ സ്വീകരിച്ച് അംഗീകരിച്ചു എന്നതിന്റെ സാക്ഷ്യമാണിത്. അതുപോലെ സഭാശുശ്രൂഷയ്ക്കും സുവിശേഷഘോഷണത്തിനുമായി ബാല്യത്തിൽതന്നെ തിരുമേനി ചെയ്തിരുന്ന സ്വയസമർപ്പണവും, ജീവിതത്തിലെ സഹന സമർപ്പണവും ദൈവത്തെ പ്രീതിപ്പെടുത്തിയിരുന്നു എന്നതിന്റെ സാക്ഷ്യവും പ്രതിസമ്മാനവുമാണ് ഈ ദശവത്സര സുവിശേഷവത്ക്കരണ സമാരംഭവും, തിരുമേനിയുടെ ജന്മശതാബ്ദി ആചരണത്തിന്റെ ഉൽഘാടനവും യോജിപ്പിച്ച് നടത്തുവാൻ സംഗതിയായത് എന്നു കാണുവാൻ സാധിക്കും.

അഭിവന്ദ്യ ഗീവറുഗീസ് മാർ തിമോത്തിയോസ് തിരുമേനിയുടെ കല്പനയിൽ (P.L. No. 2/90)ഇതിനെക്കുറിച്ച് പറയുന്നുണ്ട്. സുവിശേഷവത്ക്കരണ ദശകം നമ്മുടെ രൂപതയിൽ ഉൽഘാടനം ചെയ്യപ്പെടുന്നത്, മാർ തെയോഫീലോസ് തിരുമേനയുടെ ജന്മശതാബ്ദിയുടെ ആരംഭത്തോടൊപ്പം ഫെബ്രുവരി 23-ാം തീയതി ഈ രണ്ടു പരിപാടികളും സംയുക്തമായി നമ്മുടെ കത്തീഡ്രലിൽ ഉത്ഘാടനം ചെയ്യപ്പെടുകയാണ്. ഇതിന് ആവശ്യമായ വിപുലമായ ആത്മീക ഒരുക്കവും പ്രാർത്ഥനയും ഇപ്പോൾ രൂപതയിൽ എല്ലായിടത്തും നടന്നുവരികയാണല്ലോ. തിരുവല്ല രൂപതയുടെ ആദ്യമേലദ്ധ്യക്ഷൻ എന്ന നിലയിൽ പിതാവു രൂപതയ്ക്ക് വളരെ ശക്തമായ ഒരു അടിത്തറയിടുന്നതിൽ സവിശേഷമായ ശ്രദ്ധപതിപ്പിക്കുകയുണ്ടായി. അന്ത്യോഖ്യായിലെ വി.തെയോഫിലോസിനെപ്പോലെയുള്ള അഭ്യസനത്തിൽ തീക്ഷ്ണമതിയായിരുന്ന

www.malankaralibrary.com



പിതാവിന്റെ മാതൃക നമ്മെ ഉത്തേജിപ്പിക്കട്ടെ എന്ന് ആഗ്രഹിക്കുന്നു. ജന്മശതാബ്ദി ആഘോഷങ്ങൾ രൂപതയ്ക്ക് മുഴുവനായും ഒരു പുതിയ ഉണർവ്വും ചൈതന്യവും ലഭിക്കുവാൻ ഉപകരിക്കും എന്ന് ഞാൻ പ്രത്യാശിക്കുന്നു. വളരെ തീവ്രമായ പരിപാടികൾ ഈ സാഹചര്യത്തിൽ നാം ക്രമീകരിക്കുന്നുണ്ട്. എല്ലാറ്റിലും തികഞ്ഞ ആത്മാർത്ഥതയോടെ സഹകരിച്ച് ദൈവമഹത്വത്തിന് കാരണമാകുവാൻ നമ്മുടെ രൂപതയ്ക്ക് ഇടയാകട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു''.

അഭിവന്ദ്യ തെയോഫിലോസ് തിരുമേനിയുടെ ജന്മശതാബ്ദി വർഷാചരണം ഉൽഘാടനം ചെയ്യപ്പെട്ടതുമുതൽ, ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തെ ദശവത്സരം സുവിശേഷവൽക്കരണത്തിനായുള്ള പ്രത്യേക പ്രാർത്ഥനകളും പ്രവർത്തനങ്ങളും തിരുവല്ല രൂപതയിൽ എല്ലാ പള്ളികളിലും കുടുംബങ്ങളിലും, സമർപ്പണ സമൂഹങ്ങളിലും സ്ഥാപനങ്ങളിലും നടന്നുവരുന്നു എന്നത് അനിതരസാധാരണമായ ഒരു സംഭവവും അഭൂതപൂർവ്വമായ ഒരനുഭവും തന്നെയാണ്. തെയോഫിലോസ് തിരുമേനിയുടെ ജന്മശതാബ്ദി വർഷത്തിൽ പിതാവിന്റെ 34-ാമത് ഓർമ്മപ്പെരുനാൾ സവിശേഷം ആചരിക്കപ്പെട്ടു. തിരുമേനിയുടെ ഭരണകാലത്ത് തിരുവല്ലയിൽ സ്ഥാപിതമായ ബഥനിആശ്രമത്തിൽ, ജൂൺമാസം 26-ാം തീയതി ചൊവ്വാഴ്ച വൈകിട്ട് 5 മണിക്ക് അഭിവന്ദ്യ തിമോത്തിയോസ് പിതാവിന്റെ നേതൃത്വത്തിൽ പ്രത്യേക പ്രാർത്ഥന നടത്തപ്പെട്ടു. അടുത്തുള്ള ഇടവകകളിൽ നിന്നും സന്യാസീസമൂഹങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വൈദികരും സന്യാസി സന്യാസിനികളും വിശ്വാസികളുമായി അനേകം ആളുകൾ സന്നിഹിതരായിരുന്നു. പ്രാർത്ഥനാനന്തരം പിതാവിന്റെ കബറിങ്കലേക്ക് എല്ലാവരും തീർത്ഥയാത്ര നടത്തി. തെയോഫിലോസ് പിതാവ് അന്ത്യകാലത്ത് ജീവിച്ചു കാലം ചെയ്ത പുഷ്പഗിരി വഴിയായിരുന്നു തീർത്ഥയാത്ര. പുഷ്പഗിരിയിൽ പിതാവ് കാലം ചെയ്ത മുറിയുടെ മുമ്പിൽവച്ചും പ്രാർത്ഥന നടത്തി. തീർത്ഥാടകർ കബറിങ്കൽ എത്തിയപ്പോൾ മാർ തിമോത്തിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ ധൂപപ്രാർത്ഥന നടത്തുകയും തീർത്ഥാടകരെ പിതാവ് ആശീർവദിക്കയും ചെയ്തു. അനന്തരം എല്ലാവരും പള്ളിയിൽ പ്രവേശിച്ച് സന്ധ്യാപ്രാർത്ഥന നടത്തി. റവ. ഫാ. ജേക്കബ് ഒ. ഐ. സി പ്രസംഗിച്ചു. തെയോഫിലോസ് തിരുമേനി ജീവിച്ചിരുന്നപ്പോൾ തന്നെ, തിരുമേനിയെ ഒരു പരിശുദ്ധനായി ജനങ്ങൾ പരിഗണിച്ചിരുന്നു എന്ന് അദ്ദേഹം പറഞ്ഞു. സന്ധ്യ ഏഴുമണി മുതൽ പ്രഭാതം ഏഴുവരെ പള്ളിയിൽ അഖണ്ഡ പ്രാർത്ഥന നടത്തപ്പെട്ടു. എല്ലാ സന്യാസി സമൂഹങ്ങളും

www.malankaralibrary.com



സ്ഥാപനങ്ങളും ഭക്തസംഘടനകളും ആരാധനയിൽ സജീവമായി പങ്കെടുത്തു. ഗ്രൂപ്പുകൾ നിശ്ചയിച്ചു ഓരോ മണിക്കൂർ വീതമാണ് പ്രാർത്ഥന നടത്തിയിരുന്നത്. ഏഴരമണിക്ക് ആരംഭിച്ച പ്രഭാതപ്രാർത്ഥനയെ തുടർന്ന് സമൂഹബലി അർപ്പിക്കപ്പെട്ടു. ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി മുഖ്യ കാർമ്മികനായിരുന്നു. ഗീവറുഗീസ് മാർ തിമൊത്തിയോസ് തിരുമേനിയും പൗലോസ് മാർ ഫീലക്സിനോസ് തിരുമേനിയും സഹകാർമ്മീകരുമായിരുന്നു. അനേകം വൈദീകരും സമൂഹബലിയിൽ ഭാഗഭാഗിത്വം വഹിച്ചു. ആർച്ച് ബിഷപ്പ് തിരുമേനിയുടെ പ്രസംഗത്തിൽ തെയോഫിലോസ് തിരുമേനിയുടെ ജീവിത നന്മകൾ സവിസ്തരം പ്രസ്താവിച്ചുകൊണ്ട് അവയെ ജീവിതത്തിൽ പകർത്തുവാൻ നാം പരിശ്രമിക്കമെന്ന് പറഞ്ഞു. കുർബാനാനന്തരം കബറിങ്കൽ ധൂപപ്രാർത്ഥന നടത്തപ്പെട്ടു. അവസാനം പിതാക്കന്മാർ ആശീർവാദം നൽകുകയും സ്ളീബാ മുത്തിക്കയും ചെയ്തു. പതിവിലധികം വിശ്വാസികൾ ഈ വർഷത്തെ ഓർമ്മപ്പെരുനാളിൽ പങ്കെടുത്തു. ഏതാനും പള്ളികളിൽ നിന്ന് തീർത്ഥാടകരായും തെയോഫിലോസ് പിതാവിന്റെ ഓർമ്മപ്പെരുനാളിൽ പങ്കെടുക്കാൻ വിശ്വാസികൾ വന്നിരുന്നു. അഭിവന്ദ്യ തെയോഫിലോസ് പിതാവിന്റെ ജന്മശതാബ്ദിയിലെ ഓർമ്മപ്പെരുനാൾ ഏറ്റം അനുഗ്രഹപ്രദവും എത്രയും മംഗളകരവുമായിരുന്നു എന്നതിൽ ദൈവത്തിന് കൃതജ്ഞത അർപ്പിക്കാം.

അഭിവന്ദ്യ തെയോഫിലോസ് തിരുമേനി ഭൂജാതനായിട്ട് നൂറു വർഷം തികയുന്നത് 1991 ഫെബ്രുവരി 26-ാം തീയതിയാണ്. ജന്മശതാബ്ദി ആഘോഷങ്ങൾ സൗകര്യാർത്ഥം വലിയ നോമ്പുകഴിഞ്ഞ് ഏപ്രിൽ മാസത്തിൽ നടത്തുന്നതിനാണ് നിശ്ചയിച്ചിരിക്കുന്നത്. ഏതാനും ദിവസം പരിപാടികൾ ഉണ്ടായിരിക്കും. ഇതുസംബന്ധിച്ചു കൂടിയ മീറ്റിംഗിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ചു പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. പിതാവിന്റെ ജന്മദേശമായ ഒളശ്ശയിൽ നിന്നും തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ, പിതാവിന്റെ കബറിങ്കലേക്കു ഒരു തീർത്ഥയാത്ര നടത്തുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. ആഘോഷപരിപാടികളിൽ വിവിധ സമ്മേളനങ്ങൾ ഉണ്ടായിരിക്കും. മലങ്കര കത്തോലിക്ക സഭയിലെ പിതാക്കന്മാരുടെ കാർമ്മികത്വത്തിൽ അർപ്പിക്കപ്പെടുന്ന സമൂഹബലിയിൽ നൂറു വൈദികർ സഹകാർമ്മികരായി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. എല്ലാപരിപാടികളുടെയും വിശദമായ വിവരങ്ങൾ യഥാസമയം ലഭിക്കുന്നതാകയാൽ വിഷയത്തിലേക്ക് കടക്കുന്നില്ല. തിരുവല്ല രൂപതയിൽ നടത്തുന്ന ഏറ്റം വലിയ ഒരു ആഘോഷ പരിപാടിയായിരിക്കുമിത്.

www.malankaralibrary.com



അഭിവന്ദ്യ തെയോഫീലോസ് തിരുമേനിയുടെ ജന്മശതാബ്ദി, രൂപതയിലെ ദശവത്സര സുവിശേഷവൽക്കരണവുമായി സംയോജിപ്പിച്ച് ഉൽഘാടനം ചെയ്യുവാനും അതിന്റെ ആഘോഷകർമ്മ പരിപാടികൾ തികഞ്ഞ ആത്മാർത്ഥതയോടും തീക്ഷ്ണമായ ആദ്ധ്യാത്മികതയോടും കൂടെ ആവിഷ്ക്കരിക്കുന്നതിനും പരിശ്രമിച്ച വികാരി ജനറാൾ മോൺസിഞ്ഞോർ ജോൺ വറുഗീസ് ഈശ്വരൻകുടിയിൽ അച്ചൻ അഭിനന്ദനം അർഹിക്കുന്നു. അവയ്ക്കെല്ലാം ആവശ്യമായ നിർദ്ദേശവും നേതൃത്വവും നൽകി പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്ന രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഗീവറുഗീസ് മാർ തിമോത്തിയോസ് തിരുമേനി, എല്ലാ പരിപാടികളും പരിപാവന ലക്ഷ്യത്തോടും പവിത്രാത്മ പ്രേരിതവുമായാണ് പ്ലാൻ ചെയ്യുന്നത് എന്നു കാണുവാൻ സാധിക്കും. ''ജന്മശതാബ്ദി ആഘോഷങ്ങൾ രൂപതയ്ക്കു മുഴുവനായും ഒരു പുതിയ ഉണർവും ചൈതന്യവും ലഭിക്കുവാൻ ഉപകരിക്കും എന്നു പ്രത്യാശിക്കുന്നു'' എന്ന് പിതാവിന്റെ കല്പനയിൽ പറയുന്ന പ്രത്യാശസഫലമാകുമെന്നതിൽ സന്ദേഹത്തിന് സ്ഥാനമില്ല. ജന്മശതാബ്ദി ആഘോഷ പരിപാടികൾ അനുഗ്രഹപൂർണ്ണവും എത്രയും വിജയങ്ങൾ ആകുവാൻ ഇനിയുമുള്ള ദിവസങ്ങൾ തീക്ഷ്ണമായി പ്രാർത്ഥിക്കാം. വിശുദ്ധ നോമ്പിന്റെ ആചരണത്തോടുകൂടി അതിനുവേണ്ടി ഒരുങ്ങാം. അഭിവന്ദ്യ തെയോഫിലോസ് പിതാവിന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കയും ചെയ്യാം.

(ഐക്യദീപം 1991 ഫെബ്രുവരി പേജ് 12)

www.malankaralibrary.com



# ജന്മശതാബ്ദി ആഘോഷിക്കപ്പെട്ട അഭിവന്ദ്യ മാർ തെയോഫിലോസ് പിതാവ്



**കുര്യൻ റ്റി. കുരുവിള കറ്റോട്**

സദാ ശാന്തത കളിയാടുന്ന കവിൾത്തടങ്ങളും ഒട്ടും സ്ഥൂലമല്ലാത്ത ശരീരപ്രകൃതിയും പ്രകാശമാനമായ നെറ്റിത്തടവും ആദ്ധ്യാത്മിക നിർവൃതിയിൽ ആനന്ദം കണ്ടെത്തുന്ന ദൃഷ്ടികളും കൊണ്ട് തേജോമയമായി പരിലസിക്കുന്ന ഒരു യോഗീശ്വരന്റെ സ്മരണയാണ് അഭിവന്ദ്യ തെയോഫിലോസ് പിതാവിനെപ്പറ്റി ഈ ലേഖകനുള്ളത്.

ഞാൻ ബാലനായിരിക്കെ എന്റെ സഹോദരിമാരോടുകൂടി തിരുവല്ല ബഥനിപ്പള്ളിയിൽ പോയി ആദ്യമായി ഒരു 'മെത്രാച്ചനെ' കണ്ടതും ആഘോഷമായ വി. കുർബാനയിൽ സംബന്ധിച്ചതും ഇന്നും ഒരുൾത്തുടിപ്പോടുകൂടി ഞാൻ ഓർക്കുന്നു. ആരാധനാസംഗീതത്തിന്റെ അലൗകികമായ പശ്ചാത്തലത്തിൽ "തന്റെ സ്തുതികളാൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവംതമ്പുരാൻ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ" എന്ന് അദ്ദേഹം നേർത്തതും മുഴക്കമുള്ളതുമായ ശബ്ദത്തിൽ നടത്തുന്ന പ്രാർത്ഥന ഇന്നും ലോകമെല്ലാം മുഴങ്ങുന്നോ എന്നു തോന്നിപ്പോകുന്നു.

രണ്ടു വർഷത്തിനുശേഷം തന്റെ ഗുരുവും ശ്രേഷ്ഠനുമായ മാർ ഈവാനിയോസ് പിതാവിനോടൊപ്പം കൊല്ലം ബിഷപ്പിന്റെ മുമ്പാകെ ആകമാന സഭയുടെ പരമാദ്ധ്യക്ഷനായ റോമിലെ പതിനൊന്നാം പീയൂസ് മാർപാപ്പായുടെ ആധിപത്യം സ്വീകരിച്ച് പുനരൈക്യപ്പെടുവാൻ പരിശു

www.malankaralibrary.com



ദ്ധാരൂപി പ്രവർത്തിക്കുകയാണുണ്ടായത്. അനന്തരം തിരുമേനിമാർ മുമ്പു വഹിച്ചിരുന്ന പ്രസ്ഥാനങ്ങളെല്ലാം ഉപേക്ഷിച്ച് പ്രാർത്ഥനാ പൂർവ്വം വെണ്ണിക്കുളത്തും തിരുമൂലപുരത്തുമായി താമസിക്കയും തങ്ങളുടെ സദുദ്ദേശ്യവും സത്യാന്വേഷണത്തിൽ നിന്നു ലഭിച്ച വെളിച്ചവും അനുയായികളെയും ആരാധകരെയും അറിയിക്കയും ചെയ്തുകൊണ്ട് ക്ഷമയുടെയും സഹനത്തിന്റെയും പാതയിൽ സഞ്ചരിക്കയായിരുന്നു.

മലങ്കരയിലെ മർത്തോമ്മാ ക്രിസ്ത്യാനികൾ ഒന്നാം നൂറ്റാണ്ടു മുതൽ ആകമാനസഭയുടെ ഭാഗമായി നിലനിന്നിരുന്നെങ്കിലും വൈദേശികവും തദ്ദേശികവുമായ പ്രേരണകളും പ്രലോഭനങ്ങളും സ്വാർത്ഥതാല്പര്യങ്ങളും നിമിത്തം കക്ഷിഭേദങ്ങളും ഗ്രൂപ്പുകളുമായിത്തിരിഞ്ഞ വിശ്വാസ വൈപരീത്യങ്ങൾ ഉണർത്തിയും മത്സരങ്ങൾ വളർത്തിയും ദുർബലപ്പെട്ടുകൊണ്ടിരുന്ന സന്ദർഭത്തിലാണ് ബഥനി തിരുമേനിമാർ പുനരൈക്യപ്രസ്ഥാനം സമാരംഭിച്ചത്. സമാധാനകാംക്ഷികളും സഭാചരിത്രപണ്ഡിതന്മാരുമായ വൈദികർ, സമുദായ സ്നേഹികൾ എന്നിവരുടെ സഹകരണവും സഹായവും പുതിയ പ്രസ്ഥാനത്തിന് ഉത്തേജനം നൽകിക്കൊണ്ടേയിരുന്നു. ബാവാക്കക്ഷിയും മെത്രാൻകക്ഷിയുമെന്ന ചേരിതിരിവുണ്ടായ കാലം മുതൽ ദുർവ്യവഹാരവും പ്രക്ഷോഭണ പരിപാടികളുമായി സമുദായഗാത്രം മുറിപ്പെട്ടു വേദനപ്പെടുന്നത് അസഹനീയമായിത്തോന്നിയ സമുദായ നേതാക്കളിൽ പലരും തിരുമേനിമാരുടെ പാതയിൽ തിരിച്ചെത്താൻ അധികം അമാന്തിച്ചില്ല. ഈ സാഹചര്യത്തിലാണ് പുനരൈക്യത്തിനു പൂർണ്ണമായ പിന്തുണ കൈവന്നത്.

പുനരൈക്യത്തിന്റെ രണ്ടാം വർഷം വലിയ തിരുമേനിയും അടുത്തവർഷം കൊച്ചുതിരുമേനിയും റോമിൽ പോയി പരിശുദ്ധ സിംഹാസനത്തിൽ രേഖകൾ സമർപ്പിച്ച് പ്രശസ്തമായ വിധം സ്ഥാനമാനങ്ങളും അംഗീകാരങ്ങളും സ്വീകരിക്കയും സഭയുടെ വളർച്ചയ്ക്കും വിശ്വാസ സത്യങ്ങളുടെ പരിരക്ഷയ്ക്കും ഉതകുന്ന വിധം സഭയേ ഭരിക്കാൻ സഹകരണം സമ്പാദിക്കുകയും ചെയ്തു.

അതിനുശേഷം മലങ്കര കത്തോലിക്കാ ഹൈരാർക്കി സ്ഥാപിക്കപ്പെട്ടു. തിരുവനന്തപുരം അതിരൂപതയും തിരുവല്ല രൂപതയുമായി വിഭജിച്ച് വല്യതിരുമേനി തിരുവനന്തപുരത്തും കൊച്ചുതിരുമേനി തിരുവല്ല രൂപതയുടെ പ്രഥമാദ്ധ്യക്ഷനായും ഭരണം നടത്തിക്കൊണ്ടിരുന്നു. ഇന്ന് ഈ രൂപതകൾ ഉത്തരോത്തരം ശ്രേഷ്ഠമായ നിലയിൽ ആദ്ധ്യാത്മികവും ഭൗതീകവുമായ ഉൽക്കർഷത്തിന്റെ പടവുകൾ കടന്നു മുന്നേറിക്കൊ

www.malankaralibrary.com



ണ്ടിരിക്കുന്നു എന്നുള്ളത് അഭിമാനകരമാണ്.

തിരുവല്ലയുടെ ഹൃദയഭാഗത്ത് ചങ്ങനാശേരി രൂപതയുടെ സഹായസഹകരണങ്ങളോടെ സമ്പാദിച്ച ഭദ്രാസന ദേവാലയത്തിന്റെ സ്ഥലവും ബഹു. കലേക്കാട്ടിൽ അച്ചന്റെയും കുട്ടിസാറിന്റെയും അക്ഷീണപരിശ്രമഫലമായി നേടിയെടുത്ത പുഷ്പഗിരി സ്ഥലവും തിരുവല്ല രൂപതയുടെ മുതൽകൂട്ടായി തെയോഫിലോസ് പിതാവിന്റെ സ്മരണയെ കാലാകാലത്തോളം നിലനിർത്തുന്നു. ദൈവത്തിന്റെ അളവറ്റ കൃപയാൽ തിരുമേനിയുടെ ഭരണകാലത്തുതന്നെ കവിയൂർ സെന്റ് മേരീസ് പോലെയുള്ള മനോഹരങ്ങളായ അനവധി ദേവാലയങ്ങളും സ്ഥാപനങ്ങളും നിർമ്മിക്കുന്നതിനിടയായി. വിശേഷിച്ചു, വാടകവീട്ടിൽ ആരംഭിച്ച ആസ്ഥാനം പുഷ്പഗിരിയിൽ മെത്രാസന മന്ദിരവും വൈദിക വിദ്യാർത്ഥികൾക്കായി മൈനർസെമിനാരിയും പ്രസിദ്ധീകരണാർത്ഥം അച്ചടിശാലയും നിർമ്മിക്കാൻ തിരുമനസുകൊണ്ട് വളരെ ക്ലേശിച്ചിട്ടുണ്ട്. ധനാഗമമാർഗ്ഗങ്ങൾ ചുരുക്കമായിരുന്ന സന്ദർഭത്തിലും വളരെയധികം ശ്രദ്ധയോടെ ചെലവഴിച്ച് പണികാര്യങ്ങൾ ഭംഗിയായി നിർവ്വഹിക്കാൻ സാധിച്ചത് അതിശയകരമാണ്. പ്രിന്റിങ്ങ് പ്രസിന്റെ വിഷയത്തിലും പ്രസിദ്ധീകരണ കാര്യങ്ങളിലും വന്ദ്യ പിതാവിന്റെ കുശാഗ്രബുദ്ധി വൈഭവവും സൂഷ്മസ്വഭാവവും സുവ്യക്തമായി മനസിലാക്കാം. സുറിയാനി അക്ഷരങ്ങളുടെ തനിമയും രൂപവും സ്വന്തം കൈകൊണ്ടുതന്നെ വരച്ച് അപ്രകാരം അക്ഷരങ്ങൾ നിർമ്മിച്ച് അച്ചടിച്ചതും മറ്റും ഇന്നത്തെ ഉപഭോക്താക്കൾ ഓർമ്മിക്കുന്നുണ്ടാകുമോ എന്നു സംശയിക്കുന്നു. കല്പനകൾ, പരസ്യപ്രസ്താവനകൾ, എതിർകക്ഷികളുടെ പ്രചരണങ്ങൾക്കുള്ള മറുപടികൾ എന്നു വേണ്ടാ എല്ലാ പ്രസിദ്ധീകരണങ്ങളിലും ശ്രദ്ധചെലുത്തുവാൻ എങ്ങനെ പിതാവിനു സമയം ലഭിച്ചു എന്ന് അതിശയിക്കേണ്ടിയിരിക്കുന്നു. തങ്ങൾ തീക്ഷ്ണമായ ത്യാഗങ്ങളുടെയും തീവ്രമായ പ്രാർത്ഥനയുടെയും ഫലമായി സമ്പാദിച്ച സ്വാതന്ത്ര്യവും പദവികളും ഉൾപ്പെട്ട പുതിയ വെളിച്ചത്തിന്റെ പാതയിൽ പ്രതിബന്ധങ്ങളും പ്രയാസങ്ങളും സൃഷ്ടിക്കാൻ എതിർശക്തികൾ ശ്രമിക്കാതിരുന്നില്ല എങ്കിലും അവയെ വിജയപൂർവ്വം തരണം ചെയ്യുവാൻ ശക്തിയും അതിശയകരമായി ലഭിച്ചിരുന്നു എന്ന വസ്തുത അനുഭവസ്ഥർക്കു മാത്രം ബോദ്ധ്യമുള്ള പരമാർത്ഥമാണ്.

കൃത്യാന്തര ബഹുലത, അത്യുഗ്രമായ തപസ്ചര്യ എന്നിവ കൊണ്ടു ബുദ്ധിമുട്ടിയിട്ടുള്ള തപോധനൻ ഇക്കാലയളവിൽ രൂപതയുടെ ദൈനംദിന ഭരണഭാരം വഹിക്കാൻ കഴിയാത്ത വിധം രോഗിയായി

www.malankaralibrary.com



ത്തീർന്നിരുന്നു. എന്നാൽ ആ സ്ഥിതിയിൽ അനാഥമാകാൻ ഇടയാകാതെ സഭയുടെ പരിപാലകൻ മറ്റു സംവിധാനം ഒരുക്കി രൂപതാഭരണം സുഗമമാക്കാൻ തിരുമനസായി എന്നുള്ളത് അന്ത്യന്തം അത്ഭുതകരമായി തോന്നാം. പരിചയസമ്പന്നനും പരിണതപ്രജ്ഞനും വിശ്വാസവിഷയങ്ങളിൽ സെന്റ് പോളിനെപ്പോലെ തീക്ഷ്ണതയുള്ള ദൈവരാജ്യ പ്രചാരകനുമായ മല്ലപ്പള്ളി ജോസഫ് മാർ സേവേറിയോസ് പിതാവ് തൽസ്ഥാനം വഹിക്കുവാൻ നിയുക്തനായത് സന്ദർഭോചിതമായ ആവശ്യമായിരുന്നു.

മാർ തെയോഫിലോസ് തിരുമേനിയുടെ ജന്മശതാബ്ദി ആഘോഷിക്കപ്പെടുന്ന ഈ അവസരത്തിൽ ആ അഭിവന്ദ്യ താതനോടുള്ള സ്നേഹത്തിന്റെയും, പരിശുദ്ധിയുടെ ചാണക്കല്ലിൽ ഉരച്ചെടുത്ത ജീവിതമാതൃകയുടെ സ്മരണയേയും നിലനിർത്താനുതകുന്ന സർവ്വയത്നങ്ങളോടും നമുക്കു സർവ്വാത്മനാ യോജിക്കാം. ആ പുണ്യചരിതൻ രോഗിയായി കഴിഞ്ഞിരുന്ന പുഷ്പഗിരി ഇന്ന് അനേകായിരങ്ങളുടെ രോഗശാന്തിയുടെ സങ്കേതമായി മാറിയിരിക്കുന്നതിൽ അതിശയിക്കാനില്ല.


തിരുമേനി പഠിപ്പിച്ച പാട്ടുകളുടെ ഈണവും ഉപദേശങ്ങളുടെ ലഹരിയും ധ്യാനനിഷ്ഠയുടെ മാധുര്യവും നുകർന്നിട്ടുള്ള പലരും ഇന്നു ജീവിച്ചിരിക്കുന്നുണ്ട്. ആ കാലടികളെ പിന്തുടരാനും സത്യത്തിന്റെ മാർഗ്ഗത്തിൽ നിലനിൽക്കാനും ദൈവത്തിന്റെ അളവില്ലാത്ത സഹായം തിരുമേനിയുടെ മാദ്ധ്യസ്ഥത്തിൽ എന്നേക്കും ഉണ്ടാകട്ടെ എന്നു നമുക്ക് ഹാർദ്ദമായി പ്രാർത്ഥിക്കാം.

(ഐക്യദീപം 1991 ഏപ്രിൽ, മെയ് പേജ് 20)

www.malankaralibrary.com



# മാർ തെയോഫിലോസ് ജന്മശതാബ്ദി സ്മാരക ബ്ളോക്ക്



**മോൺ. ജോൺ വറുഗീസ് ഈശ്വരൻകുടിയിൽ**

(മാർ തെയോഫിലോസ് ജന്മശതാബ്ദി സ്മാരകബ്ളോക്കിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് 1992 മാർച്ച് 7–ാം തീയതി മലയാള മനോരമ ദിനപ്പത്രത്തിലെ സപ്ളിമെന്റിൽ നിന്നും എടുത്ത ഈ ലേഖനത്തിൽ ശാന്തിനിലയത്തിന്റെ ചരിത്രം ലളിതമായി അനാവരണം ചെയ്യുന്നു.)

മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രണേതാക്കളിൽ ഒരുവനും പുണ്യചരിതനും തിരുവല്ലാ രൂപതയുടെ പ്രഥമ മെത്രാനുമായിരുന്ന അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ (1891– 1956) ജന്മശതാബ്ദിയാഘോഷങ്ങൾ 1990 ഫെബ്രുവരി മാസത്തിൽ സമാരംഭിക്കുകയും സമാപനാഘോഷങ്ങൾ 1991 ഏപ്രിലിൽ നടത്തുകയും ചെയ്തു. ഈ പുണ്യ ചരിതന്റെ ജന്മശതാബ്ദി സ്മാരകമായി ഒരു സ്ഥാപനം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പലരും സംസാരിക്കുകയുണ്ടായി. മദ്ധ്യതിരുവിതാംകൂറിൽ വിവിധങ്ങളായ സെമിനാറുകൾ, പഠനക്കളരികൾ, ക്യാമ്പുകൾ എന്നിവയ്ക്ക് ആതിഥ്യമരുളുന്ന തിരുവല്ല ശാന്തിനിലയത്തിന് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു പുതിയ ബ്ളോക്ക് നിർമ്മിക്കണമെന്ന്, വിവിധ തലങ്ങളിലുള്ള കൂടിയാലോചനകൾക്കുശേഷം, രൂപതാധികാരികൾ തീരുമാനിച്ചു. മാർ തെയോഫിലോസ് തിരുമേനിയുടെ ജന്മശതാബ്ദിയാഘോഷങ്ങളുടെയും രൂപ

www.malankaralibrary.com



തയിലെ സുവിശേഷവത്ക്കരണദശകത്തിന്റെയും തുടക്കം കുറിച്ച 1990 ഫെബ്രുവരി 23- നു വെള്ളിയാഴ്ച തിരുവല്ല രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഗീവറുഗീസ് മാർ തിമോത്തിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും ചായൽസ്ഥാനിക മെത്രാൻ അഭിവന്ദ്യ പൗലോസ് മാർ ഫീലക്സിനോസ് മെത്രാപ്പോലിത്തായുടെ സഹകാർമ്മികത്വത്തിലും 'ബിഷപ് മാർ തെയോഫിലോസ് ജന്മശതാബ്ദി സ്മാരക ബ്ളോക്കി'ന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കപ്പെടുകയുണ്ടായി. ആധുനിക സൗകര്യങ്ങളോടുകൂടിയ 38 സിംഗിൾ റൂംസ്, 250 പേർക്കിരിക്കാവുന്ന കോൺഫറൻസ് ഹാൾ, ലൈബ്രറി, വിവിധ ഓഫീസ് മുറികൾ എന്നിവയോടുകൂടിയ ഈ സ്ഥാപനം ഇന്ന് കൂദാശ ചെയ്ത് സഭാംഗങ്ങൾക്കും പൊതുജനങ്ങൾക്കുമായി തുറക്കുകയാണ്.

ഈ സുദിനത്തിൽ ശാന്തിനിലയത്തിന്റെ ആദ്യകാല ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കുന്നത് നല്ലതാണെന്ന് കരുതുന്നു. കേരള സഭയിലെ പ്രേഷിത നവോത്ഥാനത്തിന് നേതൃത്വം നൽകിയ വ്യക്തികളിൽ പ്രഥമ ഗണനീയനാണ് 1984- ൽ പാലായിൽ ദിവംഗതനായ മോൺ. ജേക്കബ് വെള്ളരിങ്ങാട്ട്. തന്റെ പ്രേഷിതാഭിമുഖ്യം തന്നെയാണ് 1933 ൽ രൂപംകൊണ്ട തിരുവല്ല രൂപതയിലെ പ്രവർത്തനത്തിനായി അദ്ദേഹത്തെ പ്രേരിപ്പിച്ചത്. തിരുവല്ല രൂപതയുടെ കൗൺസിൽ അംഗമായും മൈനർ സെമിനാരി റെക്ടർ ആയും അദ്ദേഹം ഇവിടെ പ്രവർത്തിച്ചിരുന്നു. നൂറ്റാണ്ടുകളുടെ ചരിത്രമുള്ള കേരള സഭയിൽ ദൈവവിളികൾ സമൃദ്ധമായി ഉണ്ടായിരുന്നുവെങ്കിലും അവ യഥാവിധി പ്രേഷിതരംഗങ്ങളിലേക്ക് തിരിച്ചുവിടുന്നതിന് പ്രത്യേക സംവിധാനങ്ങളൊന്നും അക്കാലത്തുണ്ടായിരുന്നില്ല. ഈ യാഥാർത്ഥ്യം മനസിലാക്കിയ മോൺ ജേക്കബ് വെള്ളരിങ്ങാട്ട് 1937 - ൽ കേരളത്തിലെ പ്രഥമ പ്രേഷിത വിദ്യാലയമായ സെന്റ് ജോസഫ്സ് മിഷൻഹോം സ്ഥാപിച്ചുകൊണ്ട് ഭാരതപ്രേഷിത രംഗത്ത് ഒരു നവീന അദ്ധ്യായം കുറിച്ചു. വിജയപുരം രൂപതയുടെ കീഴിൽ തിരുവല്ലയിലാണ് (ഇന്നത്തെ ശാന്തിനിലയത്തിൽ) ഈ മിഷൻഹോം സ്ഥാപിതമായത്. പായിപ്പാട് സ്വദേശിയും നിയമപണ്ഡിതനും തിരുവല്ല ബാറിലെ അഭിഭാഷക മുഖ്യനുമായിരുന്ന വെട്ടിക്കാട്ടു ജോസഫ് വക്കീലിൽ നിന്നുമാണ് ഈ സ്ഥലം വാങ്ങിയത്. മിഷൻഹോം പിന്നീട് കോട്ടയത്തേക്കും തുടർന്ന് പാലായിലേക്കും മാറ്റിസ്ഥാപിക്കപ്പെട്ടു. വിജയപുരം രൂപതയുടെ കീഴിൽ ഈ സ്ഥാപനം വിജയപുരാലയം എന്ന പേരിൽ അറിയപ്പെട്ടിരുന്നു.

'മിണ്ടാമഠം' എന്ന പേരിൽ തിരുവല്ലയിൽ പ്രസിദ്ധമായ സെന്റ്

www.malankaralibrary.com



ജോസഫ്സ് കർമ്മലീത്താ മഠത്തിന്റെ തുടക്കവും ഇന്നത്തെ ശാന്തി നിലയത്തിൽ നിന്നാണ്. കുളക്കാട്ടുള്ള ഇന്നത്തെ കോൺവെന്റിന്റെ പണിപൂർത്തിയാകുന്നതുവരെ ബഹു. കർമ്മലീത്താ സന്യാസിനികൾ ഇവിടെ താമസിച്ചു പോന്നു. തിരുവല്ല പുഷ്പഗിരി ആശുപത്രി സ്ഥാപിതമാകുന്ന കാലഘട്ടത്തിൽ വിദേശത്തുനിന്നുള്ള ഡോക്ടർമാരും മറ്റും ഇവിടെയാണ് താമസിച്ചിരുന്നത്.

1957 ഓഗസ്റ്റ് മാസത്തിൽ തിരുവല്ല രൂപതാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ സക്കറിയാസ് മാർ അത്തനാസ്യോസ് തിരുമേനി വിജയപുരാലയം വിജയപുരം രൂപതയിൽ നിന്നും തിരുവല്ല രൂപതയ്ക്കുവേണ്ടി വാങ്ങുകയുണ്ടായി. തുടർന്ന് ജസ്വീട്ട് വൈദികരായ ഫാ. എ. അടപ്പൂർ, എസ്. ജെ. , ഫാ. സെബാസ്റ്റ്യൻ കാപ്പൻ, എസ് ജെ., ഫാ. മാത്യു മൂഴിയിൽ എസ്. ജെ. എന്നിവർ ഇവിടെ താമസിച്ച് പ്രവർത്തനം ആരംഭിച്ചു. ഈശോ സഭക്കാർ ഇവിടെ പ്രവർത്തനം ആരംഭിച്ചതിനുശേഷമാണ് ഈ സ്ഥലത്തിന് ശാന്തിനിലയം എന്ന് പേരുണ്ടാകുന്നത്. 'സ്നേഹസേന' എന്ന പേരിൽ കുട്ടികൾക്കായുള്ള സചിത്രമാസികയുടെ ആരംഭം കുറിക്കുന്നതും ശാന്തിനിലയത്തിൽ നിന്നാണ്.

നവീകരണത്തിനുവേണ്ടി നിലകൊണ്ട രണ്ടാം വത്തിക്കാൻ സുനഹദോസോടുകൂടി സഭയിലാകമാനം ഒരു ഉണർവ് പ്രത്യക്ഷമായി. അല്മായരുടെ വിളിയെപ്പറ്റിയും ദൗത്യത്തെപ്പറ്റിയും നൂതനമായ മാനങ്ങൾ അനാവരണം ചെയ്യപ്പെട്ടു. ബൈബിളിലും മതബോധനത്തിലും, സഭാവിജ്ഞാനീയത്തിലും അല്മായർക്ക് ബോധനം നല്കേണ്ടതിനെപ്പറ്റി ഏവർക്കും ബോധ്യമായി. അജപാലന സമിതി, വൈദിക സെനറ്റ് എന്നിവ രൂപം കൊണ്ടു. കേരള സഭയിൽ ആദ്യമായി വൈദികസെനറ്റും അജപാലന സമിതിയും നിലവിൽവന്ന രൂപതകളിൽ ഒന്നാണ് തിരുവല്ല.

1969 – ൽ രൂപതയിലെ യുവജന പ്രസ്ഥാനത്തിന്റെയും മതബോധന വകുപ്പിന്റെയും ഡയറക്ടറായി നിയമിതനായ ബഹു. ചാക്കോ ഇലവുംപറമ്പിലച്ചന്റെ കാലത്ത് രൂപതയിൽ അല്മായ നേതൃത്വപരിശീലന രംഗത്ത് പുതിയ കാൽവയ്പുകൾ നടത്തുകയുണ്ടായി. വൈദികർക്കും സന്യസ്തർക്കും യുവജനങ്ങൾക്കും മതാദ്ധ്യാപകർക്കും പഠനക്കളരികളും സെമിനാറുകളും ധ്യാനയോഗങ്ങളും മറ്റും നടത്തുവാൻ പര്യാപ്തമായ ഒരു സ്ഥാപനം ഉണ്ടാകേണ്ടത് ആവശ്യമായി അനുഭവപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് അഭിവന്ദ്യ സക്കറിയാസ് മാർ അത്തനാസ്യോസ് തിരുമേനിയുടെ നിർദ്ദേശാനുസരണം ശാന്തിനിലയത്തിൽ

www.malankaralibrary.com



തിരുവല്ല പാസ്റ്ററൽ & കാറ്റക്കെറ്റിക്കൽ സെന്റർ (T.P.C.C) എന്ന പേരിൽ ഒരു സ്ഥാപനം പണിതുയർത്തിയത്. അക്കാലത്തെ രൂപതാവികാരി ജനറലായിരുന്ന പെ. ബഹു. മോൺ. മാത്യു നെടുങ്ങാട്ടാണ് നിർമ്മാണത്തിന്റെ മേൽനോട്ടം വഹിച്ചത്. പുതിയ കെട്ടിടത്തിന്റെ കൂദാശ 1975 ഒക്ടോബർ 5 ന് തിരുവല്ല രൂപതയുടെ അഭിവന്ദ്യ മാർ അത്തനാസ്യോസ് തിരുമേനി നടത്തുകയും 1975 ഒക്ടോബർ 6 നു ചങ്ങനാശേരി അതിരൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ തിരുമേനി ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും ചെയ്തു.

എൺപതിൽപരം ആളുകൾക്ക് സൗകര്യപ്രദമായി താമസിക്കുവാനുള്ള മൂന്ന് നിലകൾ വീതമുള്ള രണ്ട് പ്രധാന കെട്ടിടങ്ങളോടുകൂടി ആരംഭിച്ച പാസ്റ്ററൽ & കാറ്റക്കെറ്റിക്കൽ സെന്റർ തിരുവല്ല രൂപതയിലെ അജപാലന പ്രവർത്തനങ്ങളുടെ കേന്ദ്രമാക്കുവാനാണ് രൂപതാധികാരികൾ വിഭാവനം ചെയ്തിരിക്കുന്നത്. ചാപ്പൽ, കോൺഫറൻസ് ഹാൾ, ഡൈനിംഗ്ഹാൾ തുടങ്ങിയവയും രൂപതാ ലൈബ്രറി, മതബോധന ബുക്ക് സ്റ്റാൾ എന്നിവയും ഈ സ്ഥാപനത്തിലുണ്ട്. രൂപതയുടെ വിസ്തൃതി കണക്കിലെടുത്ത് ഈ അടുത്തകാലത്തുതന്നെ പീച്ചിയിൽ ദർശന പാസ്റ്ററൽ സെന്ററും കട്ടപ്പനയിൽ ജ്യോതിസ് പാസ്റ്ററൽ സെന്ററും ഉദ്ഘാടനം ചെയ്യപ്പെട്ടിട്ടുണ്ട്.

ശാന്തിനിലയത്തിന്റെ ആദ്യത്തെ ഡയറക്ടറായും മതബോധന ഡയറക്ടറായും 1974 മുതൽ 1984 വരെ പ്രവർത്തിച്ച ബഹു. മാത്യു പഞ്ഞിക്കാട്ടിലച്ചനെയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരായിരുന്ന ശ്രീ. കെ. ജെ. പീറ്റർ, ശ്രീ. ജോസ് വേളൂർ, എന്നിവരെയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. 1984 മുതൽ 1989 വരെ ബഹു. ഏബ്രഹാം ചാക്കോ നരിമറ്റത്തിലച്ചനും 1989 മുതൽ 1991 വരെ ബഹു. ഏബ്രഹാം മുളമൂട്ടിലച്ചനും ഈ സ്ഥാപനത്തിന്റെ ഡയറക്ടർമാരായി സ്തുത്യർഹമായ സേവനം കാഴ്ചവെച്ചിട്ടുണ്ട്, ബഹു. ഏബ്രഹാം മുളമൂട്ടിലച്ചന്റെ കാലത്താണ് പുതിയ ബ്ളോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നത്. ഇപ്പോഴത്തെ ഡയറക്ടർ ഫാ. തോമസ് കോട്ടയിൽ ആണ്.

ഇന്ന് ശാന്തിനിലയത്തിൽ മലങ്കര യുവജന പ്രസ്ഥാനത്തിന്റെയും ഫാമിലി അപ്പസ്തൊലേറ്റിന്റെയും മതബോധന വകുപ്പിന്റെയും കേന്ദ്രഓഫീസുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. മേരി മക്കൾ സന്യാസിനി സമൂഹത്തിലെ (Daughters of Mary) ബഹു .സി. തോമസീനാ, സി. ഗ്രേസ്ലിൻ, സി. തേരേസ് മൈക്കിൾ എന്നിവരും ഹോളി സ്പിരിറ്റ് സിസ്റ്റേഴ്സ് സമൂഹത്തിലെ സി. എൽസായും അവരുടെ സഹ

www.malankaralibrary.com



പ്രവർത്തകരും ശാന്തിനിലയത്തിൽ എത്തിച്ചേരുന്ന അതിഥികൾക്ക് ശാന്തിയുടെയും സന്തോഷത്തിന്റെയും അന്തരീക്ഷം കാഴ്ചവയ്ക്കുന്നു.

മാർ തെയോഫിലോസ് ജന്മശതാബ്ദി സ്മരക ബ്ളോക്കിന്റെ നിർമ്മാണത്തിന് സഹായിക്കുകയും സഹകരിക്കുകയും ചെയ്തവരോട് ഞങ്ങൾക്ക് അതിയായ നന്ദിയുണ്ട്. ഇതിന്റെ നിർമ്മാണച്ചെലവിലേക്ക് അകമഴിഞ്ഞ് സംഭാവന ചെയ്ത ഇടവകകളെയും സ്ഥാപനങ്ങളെടും വ്യക്തികളെയും നന്ദിയോടെ സ്മരിക്കുന്നു. പുതിയ ബ്ളോക്കിന്റെ പ്ളാനും ഡിസൈനും നടത്തിയ എറണാകുളത്തെ അസോസിയേറ്റഡ് ആർക്കിടെക്റ്റ്സിന്റെ ശ്രീ. തോമസ് ജേക്കബിനോടും നിർമ്മാണചുമതല ഏറ്റെടുത്ത കോട്ടയത്തുള്ള എം. എം. ചാക്കോ & സൺസ് കോൺട്രാക്ടർമാരോടും സൂപ്പർവിഷൻ നടത്തിയ ശ്രീ. ജോർജുകുട്ടി പാലത്തിങ്കൽ, ദിവംഗതനായ ശ്രീ. സണ്ണി ചേരിയിൽ, ശ്രീ. ഏബ്രഹാം വറുഗീസ് നാലാംവേലിൽ എന്നിവരോടും ഉള്ള ഞങ്ങളുടെ നന്ദിയും സ്നേഹവും അറിയിക്കുന്നു. പുതിയ ബ്ളോക്കിന്റെ നിർമ്മാണത്തിൽ സഹകരിച്ച എല്ലാവരോടും ശാന്തിനിലയത്തിന്റെ നാളിതുവരെയുള്ള വളർച്ചയിൽ ഞങ്ങളോടൊപ്പം നിന്ന് സഹായിച്ച എല്ലാവരോടും ഞങ്ങൾ നന്ദിയുള്ളവരാണ്. ശാന്തിനിലയം മദ്ധ്യതിരുവിതാംകൂറിലെ മാത്രമല്ല, കേരളസംസ്ഥാനത്തെ ഒരു സാംസ്ക്കാരിക സംഗമവേദിയായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

(1992 ഏപ്രിൽ പേജ് 39)0

www.malankaralibrary.com



## മാർ തെയോഫിലോസ് തീർത്ഥാടന പദയാത്ര ഗീതങ്ങൾ

(ദൈവജനനീ ... എന്ന രീതി)

മാ–ർ ഈവാനിയോസ്
മാ–ർ തെയോഫിലോസ്
മാ–ർ സേവേറിയോസ്
മാർ അത്തനാസ്യോസ് - അപ്രേം
മാർ  യൂഹാനോൻ –ഗ്രിഗോറിയോസ്
മാർ പീലക്സീനോസ് മോറാൻ
മാർ ദീയസ്കോറസ് മോറാനെ
എന്നെന്നും പ്രാർത്ഥിച്ചീടണമെ.

വ–ന്ദ്യ പിതാവേ
മാർ തെയോഫിലോസ്
മലങ്കരയുടെ താതാ
പ്രാർത്ഥിക്കണമെ ഞങ്ങൾക്കായ്
അനവരതം തിരു– സുതൻ മുമ്പിൽ
നയിക്കണമേ വഴി നടത്തണമേ
ഞങ്ങളെയെന്നും നിൻ വഴിയേ
മംഗളമായ് തീരണമീ ഓർമ്മ

ഇ– സ്രായേലിൻ
പരിശുദ്ധൻ ദൈവം
മമ ജനതയിൽ നിന്നും
നൃപവരനായ് തിരഞ്ഞെടുത്തല്ലോ
അതിമോദമെഴും തൈലത്താൽ
പൂശി ഈശൻ നിൻ തലമേൽ
മലങ്കര സഭയെ നയിച്ചീടുവാൻ
മംഗളമായ് തീരണമീ ഓർമ്മ

www.malankaralibrary.com



താ-പസശ്രേഷ്ഠാ
മഹിതാചാര്യേശാ
വിനയത്തിൻ നൃപനേ
തിരുസഭയെ ഉദ്ധരിച്ചീടാൻ
സത്യ- സഭയെ പുല്കീടുവാൻ
യാതന പീഡകളേറ്റവനേ
മംഗളമായ് തീരണമീ ഓർമ്മ
സ്ളീ-ബായേന്തും
വലതുകരം നീട്ടി
ഞങ്ങളെ വാഴ്ത്തണമേ
വാഴ്വുകൾ അലിവാൽ ചൊരിയണമേ
വന്ദ്യപിതാവേ സ്വർഗ്ഗമതിൽ
നിന്നും അനുഗ്രഹം അടിയാർമേൽ
തൂകണമേ വർഷിക്കണമേ
മംഗളമായ് തീരണമീ ഓർമ്മ

www.malankaralibrary.com



# അനുസരണത്തിന്റെ ആൾരൂപം



**ഫാ. ചെറിയാൻ താഴമൺ**
*(മുഖ്യ വികാരി ജനറാൾ തിരുവല്ല അതിരൂപത)*

ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പ്രേഷ്ഠശിഷ്യനും, ബഥനിയുടെ പ്രഥമ ഗുരുവും, താപസനും, തിരുവല്ല രൂപതയുടെ പ്രഥമാദ്ധ്യക്ഷനുമായിരുന്ന പുണ്യശ്ലോകൻ മാർ തെയോഫിലോസ് മെത്രാപ്പോലീത്തായെ അനുസ്മരിക്കുമ്പോൾ അനേക അപദാനങ്ങൾ മനസ്സിലേക്ക് ഓടിയെത്തുമെങ്കിലും ഏറ്റവും ആദ്യം കടന്നുവരുന്ന വിശേഷണം അനുസരണത്തിന്റെ ആൾരൂപം എന്നുള്ളതാണ്. ബാല്ല്യം മുതൽ അഭിവന്ദ്യ പിതാവിൽ വിളങ്ങിനിന്നിരുന്ന ഒന്നായിരുന്നു അനുസരണം. എം. ഡി. സെമിനാരിയിലെ പഠനകാലത്ത് അവിടെ പ്രിൻസിപ്പാൾ ആയിരുന്ന പണിക്കരുവീട്ടിൽ പി. റ്റി. ഗീവർഗീസ് അച്ചനോട് മനസ്സിൽ തോന്നിയ ആദരവും ആരാധനയും അനുസരണയും ഭക്തിയും പിന്നീട് അവിടെത്തന്നെ അദ്ധ്യാപകനായിരുന്നപ്പോഴും, സെറാമ്പൂരിൽ ഉപരിപഠനത്തിന് എത്തിയപ്പോഴും, സന്യാസ പരിശീലനകാലത്തും, ബഥനിയിൽ സഹസന്യാസിയും ഗുരുവും ആയിരുന്നപ്പോഴും, ബഥനിമെത്രാനായപ്പോഴും പുനരൈക്യത്തിനായി പെരുനാട് വിട്ട് പരിവ്രാജകനായി ഇറങ്ങിപോന്നപ്പോഴും, പുനരൈക്യത്തിനുശേഷം തിരുവല്ല രൂപതയുടെ പ്രഥമ അദ്ധ്യക്ഷനായിരുന്നപ്പോഴും, രോഗിയായി ചെറുപുഷ്പഗിരിയിൽ വിശ്രമിച്ചിരുന്ന

www.malankaralibrary.com



പ്പോഴും ഒരുപോലെ ഒളിമങ്ങാതെ തെളിഞ്ഞു നിന്നിരുന്നു. അനുസരണത്തിനു പിന്നിൽ ത്യാഗം എപ്പോഴും അനിവാര്യമാണ്.അനുസരണത്തിൽ ആനന്ദം കണ്ടെത്തിയിരുന്ന അഭി. തെയോഫിലോസ് പിതാവ് അതിനുവേണ്ടി ഏറെ ത്യാഗങ്ങൾ ഏറ്റെടുത്തിരുന്നു.

സഭയിലെ ഭിന്നതയ്ക്ക് അറുതിവരുത്തുവാനും ഐക്യം പുനസ്ഥാപിക്കുവാനുമുള്ള ശ്രമങ്ങൾക്ക് ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായോടുകൂടി മാർ തെയോഫിലോസ് പിതാവ് മഹാമേരുപോലെ ഉറച്ചുനിന്നിരുന്നു. മാർ ഈവാനിയോസ് പിതാവ് എന്ത് പറഞ്ഞാലും അത് ശിരസ്സാ വഹിച്ചിരുന്നു മാർ തെയോഫിലോസ് പിതാവ്. സഭയിലെ ഭിന്നതയ്ക്കും സമുദായത്തിലെ അനൈക്യത്തിനും കാരണം അനുസരണത്തിൽ ആഴപ്പെട്ട ആദ്ധ്യാത്മികതയുടെ അഭാവമാണന്ന് അഭി. പിതാവ് തിരിച്ചറിഞ്ഞിരുന്നു. അതിനൊരു പരിഹാരമായിട്ടായിരുന്നു അഭി. തെയോഫിലോസ് പിതാവ് അനുസരണം വ്രതമായി സ്വീകരിച്ച് സന്യാസ ആദ്ധ്യാത്മികത സ്വീകരിച്ചത്. അനുസരണം ബലിയേക്കാൾ ശ്രേഷ്ഠം. (1 സാമുവേൽ 15/22) എന്ന തിരുവചനം അഭി. പിതാവിന്റെ ഹൃദയത്തെ ആഴത്തിൽ സ്വാധീനിച്ച വേദഭാഗമയിരുന്നു. ബഥനി ആശ്രമത്തിലെ ഗുരു എന്ന നിലയിൽ ഈ അനുസരണം സഹസന്യാസികളെ പരിശീലിപ്പിക്കുവാനും പിതാവ് ശ്രമിച്ചിരുന്നു. ആജ്ഞാപിക്കുന്നതിനു മുൻപ് ആദ്യമായി അനുസരിക്കാൻ പഠിക്കണം എന്ന വിശുദ്ധ പത്താം പീയൂസ് മാർപാപ്പായുടെ വചനം മാർ തെയോഫിലോസ് പിതാവിൽ വിളങ്ങിയിരുന്നു. മാർ ഈവാനിയോസ് പിതാവിന്റെ ശിഷ്യത്വം സ്വീകരിച്ച നാൾ മുതൽ പിതാവിന്റെ എല്ലാ കല്പനകളും അഭി. തെയോഫിലോസ് പിതാവ് ശിരസ്സാ വഹിച്ചിരുന്നതായി ചരിത്രം വ്യക്തമാക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മൂലക്കല്ലായി അത് പരിണമിക്കുകയും ചെയ്തു. പുനരൈക്യത്തിന്റെ തുടക്കനാൾ മുതൽ നവതിയിലേക്ക് കടന്നിരിക്കുന്ന ഈ നാൾ വരെയും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ശക്തിക്കും വളർച്ചയ്ക്കും നിദാനം സഭാതലവനോട് സഹമെത്രാപ്പോലീത്താമാരും, വൈദികരും, സന്യസ്തരും അല്മായ വിശ്വാസികളും പുലർത്തുന്ന ദൈവികമായ അനുസരണവും വിധേയത്വവുമാണ്. ഭദ്രാസനങ്ങളിൽ ഭദ്രാസന മെത്രാപ്പോലീത്താമാരോടും ഇടവകകളിൽ ഇടവക വികാരിമാരോടും സന്യാസഭവനങ്ങളിൽ സന്യാസ ശ്രേഷ്ഠരോടും പ്രേഷിത സംഘടനകളിൽ നിയമപരമായ നേതൃത്വത്തോടും ഇതേ വിധേയത്വവും അനുസരണവും പുലർത്തുന്നു

www.malankaralibrary.com



എന്നത് ഒരു പക്ഷേ മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ മാത്രം ദർശിക്കാൻ സാധിക്കുന്ന ഒരു പ്രത്യേകതയാണ്. അഭിവന്ദ്യ മാർ തെയോഫിലോസ് പിതാവിൽ നിന്ന് സഭയ്ക്ക് ലഭിച്ച ഒരു വലിയ പൈതൃകമായി ഞാൻ ഇതിനെ കാണുകയാണ്. മാർ ഈവാനിയോസ് മെത്രാപ്പോലീത്ത എന്ത് നിർദ്ദേശിച്ചാലും അണുവിട വ്യതിചലിക്കാതെ അത് അനുസരിക്കുകയും നിറവേറ്റുകയും ചെയ്യുക മാർ തെയോഫിലോസ് പിതാവിന് ജീവിത വ്രതമായിരുന്നു. ഇതിന് പലപ്പോഴും വലിയ സ്വയപരിത്യാഗം ആവശ്യവുമായിരുന്നു. ആ പരിത്യാഗങ്ങളിൽ ആനന്ദം കണ്ടെത്തുന്നതായിരുന്നു അഭി. തെയോഫിലോസ് പിതാവിന്റെ ആത്മീകത.

നീ എന്റെ വാക്ക് അനുസരിച്ചതുകൊണ്ട് നിന്റെ സന്തതികളിലൂടെ ജനതകളെല്ലാം അനുഗ്രഹിക്കപ്പെടും (ഉല്പത്തി 22/18). പിതാവായ അബ്രഹാമിന്റെ അനുസരണം അവന്റെ സന്തതികളിലൂടെ സർവ്വജനത്തിനും അനുഗ്രഹമായി പരിണമിച്ചതുപോലെ മാർ തെയോഫിലോസ് പിതാവിന്റെ അനുസരണം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മക്കളിലൂടെ ഇന്ന് സമൂഹത്തിനാകമാനം അനുഗ്രഹമായി പരിണമിച്ചിരിക്കുന്നു. ക്രിസ്തീയ ജീവിതത്തിൽ അതിപ്രധാനമായ രണ്ട് കാര്യങ്ങളാണ് ബലിയും അനുസരണവും. എന്നാൽ അനുസരണമാണ് അതിൽ ശ്രേഷ്ഠം. കാരണം, മറ്റെല്ലാ പുണ്യങ്ങളും അതിൽനിന്നു വരുന്നു. പഴയനിയമത്തിൽ അനുസരിക്കുക എന്നതിന് കേൾക്കുക , ശ്രദ്ധിക്കുക എന്നിങ്ങനെ അർത്ഥം കല്പിക്കപ്പെട്ടിട്ടുണ്ട്; ആദരവോടെ കേൾക്കുക. പുതിയനിയമത്തിൽ അനുസരിക്കുക എന്നാൽ വിധേയപ്പെടുത്തുക എന്നാണ്. പുതിയ നിയമത്തിൽ അനുസരണം പാരസ്പര്യമാണ്, ബന്ധമാണ്: യജമാനനും ദാസനും തമ്മിലുള്ള ബന്ധം, ഭരണാധികാരിയും അധീനനും തമ്മിലുള്ള ബന്ധം, മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം, മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം. ദൈവവിശ്വാസത്തിന്റെ അടയാളമായി അനുസരണത്തെ കണ്ടിരുന്നു. ഈ പശ്ചാത്തലത്തിലാണല്ലൊ 1 സമുവേൽ 15/22 നാം മനസ്സിലാക്കുന്നത്. ഉല്പത്തി 22/18 ഉം ഇവിടെ പ്രസക്തമായ വചനമാണ്.

അനുസരണം വലിയ ആത്മപരിത്യാഗം ആവശ്യപ്പെടുന്നുണ്ട്. യേശുവിനെ അനുഗമിക്കുക എന്നാൽ അവനെ അനുസരിക്കുകയാണ്, അവനുവേണ്ടി സ്വയം വെറുമയാക്കുകയാണ്. അതുകൊണ്ടാണ് യേശുനാഥൻ കല്പിച്ചത് തന്നെ അനുഗമിക്കുന്നവർ സ്വയം പരിത്യജിച്ച് അവരവരുടെ കുരിശുമെടുത്ത് തന്നെ അനുഗമിക്കണമെന്ന് (മത്തായി 16/24). അനുസരിക്കുക എന്നത് ദൈവത്തെ സ്നേഹിക്കുക എന്നതിന്റെ

www.malankaralibrary.com



അടയാളവുമാണ്. നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പന പാലിക്കും (യോഹന്നാൻ 14/ 5). അനുസരണരാഹിത്യവും വിധേയത്വമില്ലായ്മയുമാണ് തന്റെ സഭയെയും സമുദായത്തെയും ഉള്ളിൽനിന്ന് നശിപ്പിക്കുന്നതെന്ന് അഭിവന്ദ്യ മാർ തെയോഫിലോസ് പിതാവ് നന്നായി ഗ്രഹിച്ചിരുന്നു. ഇത് പുറമേ കാണാതെ അകത്തിരുന്ന് ഉള്ള് തിന്നുതീർക്കുന്ന ഒരു തരം ചിതൽ പോലെയാണ്. ഇത് മുട്ടയിടുന്നതും വിരിയുന്നതും ഉള്ളിലാണ്. ഉള്ളിൽ നിന്ന് അവ നമ്മെ തിന്ന് തീർക്കുകയാണ്. പുറമെ ബലവത്തായി കാണപ്പെടുമെങ്കിലും ഉള്ള് പൊള്ളയാകുന്ന തരത്തിലാണ് അവയുടെ പ്രവർത്തനം. അതുകൊണ്ട് സഭയിലും സമുദായത്തിലും നൂറ്റാണ്ടുകളായി നിലനില്ക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരം അനുസരണത്തിലും വിധേയത്വത്തിലുമാണ് അഭിവന്ദ്യ പിതാവ് തേടിയത്. സഭയിൽ ഐക്യത്തിനും സമാധാനത്തിനും ആത്മികവും സുവിശേഷപരവുമായ മുന്നേറ്റത്തിനും ദൈവം പ്രത്യേകമായി തെരഞ്ഞെടുത്തിരിക്കുന്ന വ്യക്തിയാണ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ എന്ന് തിരിച്ചറിഞ്ഞ നാൾ മുതൽ മാർ തെയോഫിലോസ് പിതാവ് അദ്ദേഹത്തിന് സമ്പൂർണ്ണ വിധേയത്വവും അനുസരണവും നല്കിയിരുന്നു. കാലങ്ങളായി ആഗ്രഹിച്ച് പരിശ്രമിച്ചിരുന്ന പുനരൈക്യത്തിനുള്ള അനുവാദവും അംഗീകാരവും റോമിൽ നിന്ന് ലഭിച്ചപ്പോൾ, തന്നെ ഇതിനായി നിയോഗിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്ന പലരും പിൻമാറിയപ്പോഴും പുനരൈക്യ ലക്ഷ്യവുമായി മുൻപോട്ടുപോകാൻ മാർ ഈവാനിയോസ് പിതാവിനെ ശക്തിപ്പെടുത്തിയത് മാർ തെയോഫിലോസ് പിതാവിന്റെ വിധേയത്വവും അനുസരണവും ആത്മസമർപ്പണവുമായിരുന്നു. മാർ തെയോഫിലോസ് പിതാവിന്റെ വിധേയത്വവും അനുസരണവും ആത്മസമർപ്പണവും അതുവഴി മാർ ഈവാനിയോസ് പിതാവിനു ലഭിച്ച ആത്മിക ശക്തിയും മാറ്റിനിർത്തി മാർ ഈവാനിയോസ് പിതാവിനെയോ പിതാവിലൂടെ സഫലമായ പുനരൈക്യസംഭവത്തെയോ പൂർണ്ണമായി ഗ്രഹിക്കാനാവില്ല.

ഒന്നാമനാകാനുള്ള ആഗ്രഹം പൊതുവെ മനുഷ്യരിൽ കാണപ്പെടുന്ന ഒന്നാണ്. അപ്പസ്തോലന്മാരിൽപോലും ഇത് കണ്ടതുകൊണ്ടാണല്ലോ യേശുനാഥൻ അവരോടു പറഞ്ഞത് ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനായിരിക്കണം, വിരുന്നിനു ക്ഷണിക്കപ്പെടുമ്പോൾ ഒന്നാം സ്ഥാനത്ത് ഇരിക്കാതെ അവസാനത്തെ സ്ഥാനത്ത് പോയി ഇരിക്കണം എന്നൊക്കെ. മലങ്കര സഭയിൽ യേശുവിന്റെ ഈ ദർശനം അവഗണിക്കപ്പെട്ടതുകൊണ്ടുണ്ടായ ഭവിഷത്തുക

www.malankaralibrary.com



ളാണ് നൂറ്റാണ്ടുകളായി സഭയെ അധഃപതിപ്പിച്ചുകൊണ്ടിരുന്നത്. ഇതിനൊരു പരിഹാരമായിരുന്നു മാർ തെയോഫിലോസ് പിതാവ് സ്വന്തജീവിതത്തിലൂടെ നിറവേറ്റാൻ ശ്രമിച്ചത്, ഒരിക്കലും ഒന്നാമനാകാൻ ശ്രമിക്കാതെ അവസാനത്തവനാകാനും എല്ലാവരുടെയും ദാസനാകാനും ശ്രമിച്ചത്. അധികാരമോ പദവികളോ ഒന്നും പിതാവിനെ ആകർഷിച്ചിരുന്നില്ല. കാളിദാസന്റെ രഘുവംശത്തിൽ ശ്രീരാമന്റെ മുഖഭാവത്തെ വിവരിക്കുന്ന ചില വരികളുണ്ട്. രാജാവായി അഭിഷേകം ചെയ്യുന്നതിനു മുന്നോടിയായി രാമൻ പട്ടുടുത്തപ്പോൾ അദ്ദേഹത്തിനൊരു മുഖഭാവമുണ്ടായിരുന്നു. പിന്നീട്, വനവാസത്തിനു പുറപ്പെടും മുൻപ് മരവുരി ഉടുത്തപ്പോഴുമുണ്ടായിരുന്നു രാമനൊരു മുഖഭാവം. രണ്ടും ഒന്നുതന്നെയായിരുന്നു. അതുകണ്ട ജനങ്ങൾ വിസ്മയഭരിതരായി എന്നു കാളിദാസൻ പറയുന്നു. ഇതുപോലെ തന്നെയായിരുന്നു മാർ തെയോഫിലോസ് പിതാവിന്റെ ജീവിതവും; സന്യാസിയായിരുന്നപ്പോഴും, ആശ്രമ ഗുരുവായിരുന്നപ്പോഴും ബഥനി അരമനയും അതുവരെ വളർത്തിക്കൊണ്ടുവന്ന എല്ലാ ശുശ്രൂഷാമേഖലകളും നഷ്ടപ്പെട്ടപ്പോഴും, വാടക കെട്ടിടത്തിൽ അന്തിയുറങ്ങേണ്ടി വന്നപ്പോഴും, പരസ്യമായ പരിഹാസങ്ങൾ സഹിക്കേണ്ടിവന്നപ്പോഴും, സാർവ്വത്രിക സഭയിൽ ഒരു രൂപതാദ്ധ്യക്ഷനായി പരിശുദ്ധ റോമാ മാർപ്പാപ്പായാൽ നിയമിക്കപ്പെട്ട് സ്ഥാനാരോഹണം നടത്തിയപ്പോഴും എല്ലാം പിതാവിന്റെ ഭാവം ഒന്നുതന്നെയായിരുന്നു. അനുസരണത്തിന്റെയും വിധേയത്വത്തിന്റെയും ഭാവം.

നവതിയുടെ നാളുകളിൽ എത്തിനില്ക്കുന്ന മലങ്കര സുറിയാനികത്തോലിക്കാ സഭ തിരുവനന്തപുരം അതിഭദ്രാസനവും തിരുവല്ല ഭദ്രാസനവുമായി തുടക്കം കുറിച്ച കാലം മുതൽ സഭാപ്രോവിൻസിന്റെ തലവനായിരുന്ന മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പ് ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായോട് മാർ തെയോഫിലോസ് പിതാവ് പുലർത്തിയിരുന്ന വിധേയത്വവും അനുസരണവും തൊണ്ണൂറ് വർഷം കൊണ്ട് സഭയാകമാനം വ്യാപിച്ചിരിക്കുന്നതായി നമുക്ക് കാണാൻ സാധിക്കും. സഭയുടെ തലവനും പിതാവുമായ മേജർ ആർച്ച് ബിഷപ്പ് - കാതോലിക്കാബാവായോടും പരിശുദ്ധ സുന്നഹദോസിനോടും എല്ലാ മെത്രാപ്പോലീത്താമാരും വൈദികരും, സന്യസ്തരും , അല്മായ വിശ്വാസികളും പുലർത്തുന്ന അനുസരണവും വിധേയത്വവും മലങ്കര സുറിയാനി കത്തോലിക്കാ സഭയെ അനന്യയാക്കുന്നു. ഈ അനുസരണവും വിധേയത്വവും ഭദ്രാസനങ്ങളിലും, ഇടവകകളിലും, പ്രേഷിത സംഘടനകളിലും സന്യാസ സമൂഹങ്ങളിലും കുടുംബങ്ങളിലും പൗരോഹിത്യ

www.malankaralibrary.com



ത്തോടും നൈയ്യാമിക നേതൃത്വത്തോടും പുലർത്തപ്പെടുന്നു. ഈ പ്രത്യേകതയാണ് സഭയുടെ ഊർജ്ജസ്രോതസ്സ്. ഈ പ്രത്യേകതയാണ് അംഗസംഖ്യയിൽ പരിമിതമായ ഈ സഭയെ സാർവ്വത്രിക സഭയിലെ ഏറ്റവും സജീവമായ സഭയെന്ന് വിശേഷിപ്പിക്കുവാൻ പരിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പായെ പ്രേരിപ്പിച്ചതെന്നതിൽ സംശയമില്ല.

സ്രഷ്ടാവിന്റെ കല്പന ലംഘിച്ച ആദിമാതാപിതാക്കളുടെ അനുസരണക്കേടുമൂലം ലോകത്തിലേക്ക് മരണം കടന്നുവന്നു, പ്രപഞ്ചത്തിന്റെ താളം മുഴുവൻ തെറ്റി എന്ന് വിശുദ്ധ ഗ്രന്ഥം വെളിവാക്കുന്നു. എന്നാൽ ദൈവപുത്രൻ മനുഷ്യനായി പിറന്ന് പിതാവിനോടുള്ള അനുസരണവും വിധേയത്വവുംകൊണ്ട് മരണത്തെ ജയിച്ച് പ്രപഞ്ചത്തെ പിതാവുമായി അനുരഞ്ജിപ്പിച്ചു. ഇതല്ലേ രക്ഷാകരചരിത്രം. മലങ്കര സഭയിൽ അനുസരണക്കേടും വിധേയത്വമില്ലായ്മയും സഭയിൽ ഭിന്നതയും വിദ്വോഷവും മാത്സര്യവും, അനൈക്യവും, വ്യവഹാരങ്ങളും ഉളവാക്കി സഭയുടെ ശക്തി ക്ഷയിപ്പിച്ച് ആത്മാവിനെ മൃതമാക്കി. എന്നാൽ ദൈവപദ്ധതിയിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിലൂടെ സഫലമായ പുനരൈക്യ പ്രക്രിയയിലും തുടർന്നുള്ള സഭാ ജീവിതത്തിലും മാർ തെയോഫിലോസ് പിതാവ് പുലർത്തിയ അനുസരണവും വിധേയത്വവും അതിനുവേണ്ടി ഏറ്റെടുത്ത ത്യാഗങ്ങളും മലങ്കര സഭയിൽ ഐക്യത്തിനും വളർച്ചക്കും ആത്മപോഷണത്തിനുമായി ഭവിച്ചു. സ്വർഗ്ഗപിതാവിന്റെ ഹിതം നിറവേറ്റുവാൻ കുരിശുമരണം വരെ അനുസരണയോടെ വിധേയനായ പുത്രൻ തമ്പുരാനെപ്പോലെ തന്റെ ഗുരുവിന്റെ ഹിതം നിറവേറ്റുവാൻ മാർ തെയോഫിലോസ് പിതാവ് പുലർത്തിയ അനുസരണവും വിധേയത്വവും അതേ അരൂപിയിൽ തുടരുവാൻ ഈ നവതിവർഷം നമുക്ക് പ്രതിജ്ഞയെടുക്കാം.

www.malankaralibrary.com



# വിനയ വിശുദ്ധികളുടെ മാമുനി മാർ തെയോഫിലോസ് പിതാവ്



**ജെ. എം.**

ബഥനിയുടെ കൊച്ചുതിരുമേനിയും മലങ്കരയുടെ മാമുനിയും തിരുവല്ലയുടെ വലിയ പിതാവും, ബഥനി ആശ്രമത്തിലെ ഗുരുവച്ചനും സർവ്വമതസ്ഥരുടെയും ഭക്ത്യാദരങ്ങൾ ആർജ്ജിച്ച ഭക്താഗ്രേസരനും ആയ ആ പുണ്യപിതാവിന്റെ മദ്ധ്യസ്ഥത നമുക്ക് കോട്ടയായിരിട്ടെ.

**നിഴലില്ലാത്ത നിലാവ്**

ഭാരതം ജന്മം നൽകിയ വീരപുത്രന്മാരിലൊരാളും ഭാരത സ്വാതന്ത്ര്യസമരവേദിയിലെ ഒരതികായനും ഉന്നത പത്രാധിപരും പ്രഗത്ഭനായ മലങ്കര അല്മായ നേതാവുമായിരുന്ന ശ്രീ. മൂക്കഞ്ചേരിൽ എം. എം. വർക്കി എഴുതുന്നു. ‘‘മാർ തെയോഫിലോസ് തിരുമേനിയാകട്ടെ യാക്കോബായക്കാരാൽ മാത്രമല്ല ഇതര സമുദായാഗംങ്ങളാൽ പോലും കീർത്തിക്കപ്പെട്ടിട്ടുള്ള ഒരു ഭക്താഗ്രേസരനാണ്. ഈ കൊച്ചുതിരുമേനിയുടെ അനുഗ്രഹ പ്രാർത്ഥനകൾക്കായി അസംഖ്യം നവീകരണക്കാർ (മാർത്തോമ്മാസഭാംഗങ്ങൾ) പോലും അദ്ദേഹത്തെ ഇടവിടാതെ സമീപിച്ചിരുന്നു എന്നുള്ളത് അധികം പരസ്യമാകാത്ത ഒരു രഹസ്യമാണ്. അദ്ദേഹത്തിനെതിരായി ആരോപിക്കാൻ, മറ്റു കാരണങ്ങളാൽ അദ്ദേഹത്തെ എതിർക്കണമെന്നാഗ്രഹിക്കുന്നവർക്കുപോലും ഒന്നും കണ്ടെത്താനായിട്ടില്ല എന്ന വസ്തുത ആ കൊച്ചു തിരുമേനിയുടെ ജീവിതത്തിന്റെ ശരിയായ ഒരു ഛായ നമ്മിൽ ജനിപ്പിക്കുന്നു.

www.malankaralibrary.com



**സർവ്വോദാരസപര്യ**

ഈശ്വരഭക്തിയുടെ പര്യായമായിരുന്ന ആ പുണ്യചരിതന്റെ ജീവിതത്തെപ്പറ്റി വാചാലമായി സംസാരിച്ചുകൊണ്ട് പരേതനായ ശ്രീ ചെറിയാൻ കാടുവെട്ടൂർ പ്രസ്താവിച്ചത് അശണരുടെ ആലംബത്തിനായി തുടിക്കുന്ന ഒരു ഹൃദയത്തിനുടമയായിരുന്നു. കൊച്ചുതിരുമേനി എന്നാണ്. തിളങ്ങുന്ന കണ്ണുകളോടെ അദ്ദേഹം തുടർന്നു ''അദ്ദേഹത്തിന്റെ വെണ്മയും വിശുദ്ധിയും വിവരിക്കാനാവില്ല. കൈനീട്ടുന്ന ഒരുത്തരെയും വെറും കൈയായി അയയ്ക്കരുത്. കാറിൽ യാത്രചെയ്യുമ്പോഴും കാർ നിർത്തുന്നിടങ്ങളിൽ ആരെങ്കിലും കൈയും നീട്ടിവന്നാൽ എന്തെങ്കിലും കൊടുക്കാൻ കരുതിക്കൊള്ളണം. നമ്മോടു ചോദിക്കുന്നവർക്ക് നമ്മാലാവുന്നതു കൊടുക്കുക തന്നെ വേണം. സന്തോഷത്തോടെ കൊടുക്കുകയും വേണം''. അദ്ദേഹം കല്പിച്ചിരുന്നു. ആ പുണ്യശ്ലോകന്റെ സഹായിയും ഡ്രൈവറുമായി ദീർഘകാലം വർത്തിച്ച ശ്രീ.ചെറിയാൻ ആ പാവനസ്മരണയുടെ ശക്തി വിശുദ്ധികളിൽ മുങ്ങുകയായി, വിനയശീതളതകളിൽ വിഹരിക്കയായി, ഈ വിവരങ്ങൾ പ്രസ്താവിക്കുമ്പോൾ. സന്തോഷാശ്രുക്കൾ പൊഴിക്കയായി, തെല്ല് ചാരിതാർത്ഥ്യത്തോടെ.

**പുണ്യസ്മേരം**

മലങ്കര സഭാവയലിൽ നിസ്തന്ദ്ര സേവനം നിർവ്വഹിച്ച് തിരുവല്ല ആശ്രമത്തിൽ പ്രാർത്ഥനാനിരതമായ, വിശ്രമ ജീവിതം നയിക്കുന്ന ബഹു. ഫാ, പക്കോമിയോസ് ഒ. ഐ. സി. പ്രസ്താവിക്കുന്നു. ''മാർ തെയോഫിലോസ് പിതാവ് ജീവിതകാലത്തുതന്നെ ഏവർക്കും ഒരു വിശുദ്ധനായിരുന്നു. ആ മുഖത്ത് അതിസ്വാഭാവികമായ ഒരു പ്രകാശവും ഒരിക്കലും അസ്തമിക്കാത്ത ഒരു പുഞ്ചിരിയും സദാ കളിയാടിയിരുന്നു.''. 1933 – ൽ നിത്യനഗരമായ റോമിലും യൂറോപ്യൻ രാജ്യങ്ങളിലും സന്ദർശനം നടത്തിയത് ധന്യമായ ഒരോർമ്മയായി താലോലിക്കുന്നവർ നിരവധിയാണ്.

**ഗുരുകുലഗുരുഭൂതൻ**

കോട്ടയത്ത് ഒളശ്ശ, കളപ്പുരയ്ക്കൽ കുടുംബത്തിൽ 1891 ഫെബ്രുവരി 21–ാം തീയതി ഭൂജാതനായ മാർ തെയോഫിലോസ് പിതാവ് കോട്ടയം എം. ഡി സെമിനാരി സ്കൂളിൽ അദ്ധ്യാപകനും കൽക്കട്ടാ സെറാമ്പൂർ കോളജിൽ ഓണേഴ്സ് വിദ്യാർത്ഥിയായും പെരുനാട് ബഥനി ആശ്രമത്തിലെ നവശിഷ്യ ഗുരുവായും, മലങ്കരയുടെ ഹൃദയം കവർന്ന ധ്യാനഗുരുവായും വിനയ വിശുദ്ധികളുടെ വിസ്മയാവഹമായ വീണാവീചികൾ വിരചിക്കയുണ്ടായി.

www.malankaralibrary.com



**ഭൂതല സീമകളോളം പ്രഭ**

പ്രാർത്ഥനാജീവിതത്തിലും ഭക്തി തീക്ഷ്ണതയിലും ആശ്രമ സ്ഥരായ ഏവരെയും അദ്ദേഹം അതിശയിപ്പിച്ചിരുന്നതിനാൽ ആശ്രമ ഗുരു ആയി അദ്ദേഹം നിയമിതനായി. സ്വഭാവശുദ്ധി, കൃത്യനിഷ്ഠ, പരി ശ്രമശീലം, ശാന്തസ്വഭാവം, സർവ്വോപരി ദൈവഭക്തി എന്നിവയിൽ ഏവർക്കും മാതൃകാപരമായി ആശ്രമത്തിൽ ഇദ്ദേഹം ജീവിതം നയിച്ചു. ബഹു. യാക്കോബച്ചൻ ബഥനി ആശ്രമത്തിന്റെ ആത്മീയ ശക്തിസ്രോ തസ്സ് തന്നെയായിരുന്നു. 1929– ൽ മെത്രാനായപ്പോൾ ആ പരിപാവന ജീവിതത്തിന്റെ പുണ്യശോഭ ജനലക്ഷങ്ങളിൽ ഭക്ത്യാദരങ്ങളുയർത്തി. കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ തിരുസഭയു മായി അദ്ദേഹം പുനരൈക്യപ്പെട്ടപ്പോൾ ആ പുണ്യ പരിവേഷം പ്രഭ വിതറിക്കൊണ്ട് ആഗോള ജനതതിയുടെ സ്വന്തമായി ഭവിക്കയായി.

**സ്മാരകങ്ങൾ, സ്മരണകൾ**

കേരള വിദ്യാഭ്യാസ വിഹായസ്സിൽ വരേണ്യ സ്ഥാനം അലങ്കരി ക്കുന്ന മാർ ഈവാനിയോസ് കോളജിനൊപ്പം തലസ്ഥാന നഗരിയിൽ തലയുയർത്തിനിൽക്കുന്ന മാർ തെയോഫിലോസ് കോളേജ്, മാർ തെയോഫിലോസ് പിതാവിന്റെ ഉത്തുംഗസ്മാരകമാണ്. ജനഹൃദയങ്ങ ളിൽ ഭക്ത്യാദരങ്ങളുണർത്തുന്ന ആ പാവനചരിതന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ. ആ ഭക്തി ജീവിതത്തിൽ നിന്ന് ശക്തിവിശുദ്ധിക ളാർജ്ജിക്കുവാൻ തിരുവല്ല കത്തീഡ്രലിലെ കബറിടത്തിൽ അനുദിന മെത്തുന്ന തീർത്ഥാടക വൃന്ദത്തോട് അണിചേർന്ന് സായൂജ്യമടയാം. ആ വിനയ, വിശുദ്ധികളുടെ മാതൃക പിൻചെല്ലാം.

(ഐക്യദീപം 1989 ജൂൺ പേജ് 3)

www.malankaralibrary.com



# “ദൈവം നിന്നെ വിളിച്ചു നാമും നിന്നെ വിളിച്ചു അതുമതി”



**ഫാ. തോമസ് നീലംപിലാലിൽ**

അഭിവന്ദ്യ തെയോഫിലോസ് തിരുമേനിയുടെ, ജന്മശതാബ്ദി ആഘോഷിക്കുവാൻ മലങ്കര സഭാമക്കൾ ഹർഷാരവങ്ങളോടെ മുന്നേറുന്ന ഈ കാലഘട്ടത്തിൽ സാഹിത്യ കലാവിരുന്നുകൾ, വിവിധ സെമിനാർ, സിമ്പോസിയങ്ങൾ, നവീകരണ ധ്യാനങ്ങൾ, ലഘുഗ്രന്ഥങ്ങൾ എന്നിവ അരങ്ങേറിക്കൊണ്ടേയിരിക്കുന്നു. പണ്ട് പണ്ട് വ്യക്തിപരമായി ഞാൻ വന്ദ്യ പിതാവിനെ ദർശിച്ച നിമിഷംമുതൽ എന്റെ മനസിൽ മുദ്രിതമായികൊണ്ടിരുന്ന ചില അടയാളങ്ങൾ ചുരുങ്ങിയ വാക്കു രൂപത്തിൽ പ്രകാശിപ്പിച്ചുകൊള്ളട്ടെ. 1932 സെപ്തംബർ 20-ാം തീയതി കർമ്മലീത്തൻ സന്യാസസഭാംഗമായ ഭാഗ്യസ്മരണാർഹനായ പെരി. ബഹു. എവുസേബിയൂസ് അച്ചന്റെ മുമ്പിൽ ഞാൻ മുട്ടുകുത്തി പല പല സത്യവാചകങ്ങളും, ഏറ്റുപറഞ്ഞ് കത്തോലിക്കാ സഭാംഗമാകാൻ ഇടയായി. അന്നെനിക്ക് പതിമൂന്നു വയസ് മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. എങ്കിലും ഞാൻ ചെയ്ത ധീരകൃത്യത്തിന് ആരുടെയും അനുമതിയോ, ആലോചനയോ തേടിയിരുന്നില്ല. എന്റെ മാതാപിതാക്കന്മാരോടും എന്റെ ഉദ്യമത്തെ സംബന്ധിച്ച് സംസാരിച്ചില്ല. എന്നാൽ, എന്റെ പിതാവുമാത്രം ഒന്നരവർഷംമുൻപ് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടിരുന്നു എന്ന വസ്തുത മാത്രമായിരുന്നു എനിക്കു ബലം. പതിനാറാമത്തെ വയസിൽ മെട്രിക്കുലേഷൻ പരീക്ഷ പാസായിക്കഴിഞ്ഞപ്പോൾ എനിക്ക് ഒരു

www.malankaralibrary.com



വൈദികനാകണമെന്ന് ആഗ്രഹം ജനിച്ചു. ഇതിനാരുമെന്നെ പ്രേരിപ്പിച്ചിരുന്നില്ല. എന്റെ മാതാപിതാക്കന്മാരോടും എന്റെ ഉദ്ദേശ്യം വെളിപ്പെടുത്തുവാൻ ഞാൻ ശക്തനല്ലായിരുന്നു. എന്നെ സഭയിൽ ചേർത്ത പെരി. ബഹു. എവുസേബിയൂസച്ചൻ മാന്നാനം കൊവേന്ത പ്രിയോർ ആയി സ്ഥലം മാറിപ്പോയി. അദ്ദേഹത്തിന്റെ പിൻഗാമിയായ ബഹു. ഗാസ്പർ അച്ചനോടും എന്റെ ആഗ്രഹം വെളിപ്പെടുത്തിയില്ല. ഞാനും എന്റെ തീവ്രമായ ആഗ്രഹവും മാത്രം. എനിക്കറിയാവുന്ന വിധത്തിൽ ഞാനൊരപേക്ഷയെഴുതി തിരുവല്ലായിൽ അഭിവന്ദ്യ തെയോഫിലോസ് തിരുമേനിയുടെ പേർക്കയച്ചുകൊടുത്തു. ഈ അപേക്ഷയെപ്പറ്റി കൂടുതലന്വേഷിക്കാൻ ആശ്രമസ്ഥനായ ബഹു. ഗാസ്പറച്ചന് എഴുതുക മാത്രമായിരുന്നു അഭിവന്ദ്യ തിരുമേനിക്ക് അപ്പോൾ കരണീയം. 1934 ഏപ്രിൽ മാസത്തിൽ ഞാൻ തിരുവല്ലായിലെത്തി അഭിവന്ദ്യ തിരുമേനിയെ നേരിട്ടുകണ്ട് അവിടുത്തെ മുഖത്തുനിന്നും കണ്ണുപറിക്കാതെ നോക്കിനിന്നുകൊണ്ട് എന്റെ വിവരമെല്ലാം തുറന്നു കാട്ടി. വന്ദ്യപിതാവ് ശ്രദ്ധാപൂർവ്വം എന്നെ ശ്രവിച്ചശേഷം കല്പ്പിച്ച വാക്കുകളാണ് ഈ കുറിപ്പിനു തലക്കെട്ടായി കൊടുത്തിരിക്കുന്നത്.

ബഹു. ഗാസ്പറച്ചൻവഴി എല്ലാ വിവരങ്ങളും എന്റെ പിതാവിനെ ധരിപ്പിച്ചു. വന്ദ്യപിതാവ് നിർദ്ദേശിച്ചപ്രകാരം ഞാൻ തിരുവനന്തപുരം പെറ്റി സെമിനാരിയിൽ ചേർന്നു. ഒരാഴ്ച കഴിഞ്ഞപ്പോൾ അഭിവന്ദ്യ പിതാവിന്റെ ഒരു കത്തുകിട്ടി. എഴുത്തിലെ വിവരം, മാസംതോറും ഏഴു രൂപ ഞാൻ സെമിനാരിയിൽ ഫീസ് കൊടുക്കണമെന്നും പ്രത്യേക അലവൻസായി എനിക്കു മൂന്നു രൂപ തിരുമേനി അനുവദിച്ചിരിക്കുന്നു എന്നുമായിരുന്നു. സെപ്റ്റംബർ മാസത്തിലെ അവധിക്ക് തിരുവല്ലായിൽ വന്നശേഷമാണ് വന്ദ്യ തിരുമേനിയുടെ വിശുദ്ധ കുർബാനയ്ക്കും, ശുശ്രൂഷകൾക്കും സഹായിക്കാൻ സാധിച്ചത്. ആ ശുശ്രൂഷകളിൽ സംബന്ധിക്കുന്നതിൽ എനിക്കസാധാരണമായ സംതൃപ്തി തോന്നിയിരുന്നു. ഓരോ അവസരത്തിലും നൂതനങ്ങളായ ആശയങ്ങളും, അഭിലാഷങ്ങളും മനസിൽ ഉറഞ്ഞടിഞ്ഞിരുന്നു. ആധുനിക വേദശാസ്ത്രജ്ഞന്മാരും, തത്ത്വശാസ്ത്രജ്ഞന്മാരും ബുദ്ധിയുടെ മണ്ഡലത്തിൽ പ്രവർത്തിച്ച് സ്വായത്തമാക്കിയ അഗാധജ്ഞാനമല്ലായിരുന്നു വന്ദ്യ പിതാവിനെ സ്വാധീനിച്ചിരുന്നത്. ആദ്ധ്യാത്മികതയെപ്പറ്റി പണ്ഡിതന്മാർ പ്രതിപാദിച്ച ഗ്രന്ഥങ്ങളെക്കാൾ, ആദ്ധ്യാത്മികതയിൽ വളർന്ന് ആദ്ധ്യാത്മികതയുടെ അസാധാരണ അനുഭവത്തിൽ എത്തിച്ചേർന്നവരുടെ ഗ്രന്ഥങ്ങളും, അനുഭവസാക്ഷ്യങ്ങളുമായിരുന്നു തിരുമേനിയുടെ ശ്രദ്ധാവിഷയം.

www.malankaralibrary.com



അന്ത്യോഖ്യായുടെ വിശുദ്ധ ഇഗ്നാത്തിയോസിന്റെ കത്തുകൾ, വിശുദ്ധ അപ്രേമിന്റെ പദ്യകൃതികൾ, വിശുദ്ധ കൊച്ചുത്രേസ്യ, അമ്മ ത്രേസ്യ ഇവരുടെ ആദ്ധ്യാത്മിക സ്മരണക്കുറിപ്പുകൾ, വിശുദ്ധ കുരിശിന്റെ യോഹന്നാന്റെ ആദ്ധ്യാത്മിക ജ്ഞാനം എന്നിവ വന്ദ്യ തിരുമേനിയുടെ പഠനവിഷയങ്ങളായിരുന്നു. കത്തോലിക്കാ സഭയുടെ കാനോൻ നിയമം, റോമയിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ, ഭരണ സമ്പ്രദായങ്ങൾ എന്നിവയെപ്പറ്റി നിർദ്ദേശം നൽകുവാൻ ചങ്ങനാശേരി രൂപതയിൽ നിന്നും രണ്ടു വൈദികർ സഹായത്തിനെത്തിയത് വന്ദ്യ തിരുമേനിയുടെ ഭരണഭാരം ലഘൂകരിക്കുവാൻ കാരണമായി.

വിവിധ സന്യാസ സഭകളിൽ നിലവിലിരുന്ന ആദ്ധ്യാത്മികമുറകളെപ്പറ്റി തിരുമേനി അന്വേഷിച്ചുകൊണ്ടിരുന്നു. വി. കുർബാനയുടെ മുൻപിൽ മുട്ടുകുത്തി പഞ്ചപുഛമടക്കി കണ്ണുകളടച്ച് നിത്യസത്യങ്ങളെ സംബന്ധിച്ച് ചിന്തിച്ചുചിന്തിച്ച് പ്രാർത്ഥിച്ചു പ്രാർത്ഥിച്ച് ഉറങ്ങിപ്പോകുകയൊ ഉറങ്ങാതിരിക്കുകയൊ ചെയ്യുന്ന പതിവ് നിലവിലിരുന്നപ്പോൾ വന്ദ്യ തിരുമേനിയുടെ ധ്യാനശൈലി മറ്റൊന്നായിരുന്നു. തിരുമേനിയുടെ ജീവിതകാലം തന്നെ ഒരു ധ്യാനവേളയായിരുന്നു. ഇന്നു നാം കാണുന്ന പുഷ്പഗിരി 1930 – കളിൽ മാടുമേയുന്ന പുൽത്തകിടി മാത്രമായിരുന്നു. ഒരു വൃക്ഷംപോലുമില്ലായിരുന്നു വെന്നുപറയുമ്പോൾ, അപവാദമായി ഒരു മാവുണ്ടായിരുന്നതിനെ വിസ്മരിക്കുന്നില്ല. പുഷ്പഗിരി കോംപ്ലെക്സിന്റെ മദ്ധ്യത്തിൽ നിലകൊള്ളുന്ന ഇരുനിലകെട്ടിടം പണികഴിപ്പിച്ച്, അരമനയായി വേർതിരിച്ചശേഷം ബഹു. ഗീവർഗീസച്ചൻ കെട്ടിടത്തിനുചുറ്റും വിവിധതരം മാവിൻതൈകൾ നട്ടുപിടിപ്പിക്കുകയുണ്ടായി. ശാസ്ത്രീയമായ പരിചരണഫലമായി എല്ലാം നന്നായി വളർന്നുവന്നു. അഭിവന്ദ്യ തെയോഫിലോസ് തിരുമേനി എല്ലാ ദിവസവും ഉച്ചയ്ക്കുശേഷം അഞ്ചുമണിയോടുകൂടി മാവിൻതൈകളുടെ അടുത്തുചെന്ന് തളിരുപത്രങ്ങൾ ലാളനയോടെ കൈയ്യിൽ വാരിപ്പിടിച്ച് നിശ്ചലനായി നിൽക്കുന്നതു കാണാമായിരുന്നു. തൂണിലും തുരുമ്പിലും ഈശ്വരചൈതന്യത്തിന്റെ പ്രസരമുണ്ടെന്ന് പ്രതിഭാശാലികൾ പാടിയതുപോലെ വന്ദ്യ തിരുമേനി മാവിന്റെ തളിരുപത്രങ്ങളിൽ ദൈവമഹത്വം കണ്ടു ധ്യാനിക്കുകയായിരുന്നു.

നല്ല പുഷ്പങ്ങളുടെ ശേഖരവും, ഹൃദ്യമായ ദൈവശുശ്രൂഷയെ പരിപോഷിപ്പിക്കുമെന്ന് വിചാരിച്ചതുകൊണ്ടായിരിക്കാം. ഞായറാഴ്ച മിഷൻ ചാപ്പലുകളിൽ വിശുദ്ധ കുർബാന അർപ്പിക്കുമ്പോൾ നല്ലയിനം പൂക്കൾകൂടി കൊണ്ടുപോകാണമെന്ന് ശുശ്രൂഷകരെ അനുസ്മരിപ്പിച്ചു

www.malankaralibrary.com



രുന്നത്. പ്രകൃതി ഉൽപ്പാദിപ്പിച്ച പുഷ്പങ്ങളുടെ സ്ഥാനത്ത് വിവിധതരം വർണ്ണങ്ങളുള്ള തുണിത്തരങ്ങൾകൊണ്ടും, ചൈനാക്കടലാസുകൊണ്ടും പൂക്കളുണ്ടാക്കി ത്രോണോസിൽവെക്കുന്നതിനെ പിതാവ് നിരോധിച്ചിരുന്നു. ഇതായിരുന്നു ലത്തീൻ റീത്തിലും അടിസ്ഥാനപരമായ ലിറ്റർജിയുടെ പ്രമാണം.

കർമ്മാദികൾ പരികർമ്മം ചെയ്യുമ്പോൾ അംഗീകൃത തൂക്കാസായിൽ കൊടുത്തിരിക്കുന്ന നിർദ്ദേശം കൃത്യമായി പാലിക്കണമെന്ന് വന്ദ്യ തിരുമേനിക്ക് നിർബന്ധമുണ്ടായിരുന്നു. 1933 – ൽ അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി അച്ചടിപ്പിച്ച തൂക്കാസായായിരുന്നു അന്നു നിലവിലിരുന്നത്. വന്ദ്യ തെയോഫിലോസ് തിരുമേനി നടത്തിയിരുന്ന ശുശ്രൂഷകളിൽ കൃത്രിമ ശബ്ദഭാവാദികളൊന്നും ദൃശ്യമല്ലായിരുന്നു. അക്കാലത്ത് ശുശ്രൂഷകൾ ആകർഷകമാക്കാൻ പല വൈദികരും ഭാഷാഭ്യാസ പോഷണങ്ങൾ, തന്നെത്താനടി, കരച്ചിൽ, ഗദ്ഗദങ്ങൾ ഇത്യാദി ഭാവാദികൾ ഉപാധികളാക്കാൻ ശ്രമിച്ചിരുന്നു. അക്കാലത്ത്, പുനരൈക്യ പ്രസ്ഥാനത്തിന്റെ പിള്ളത്തൊട്ടിൽ എന്നു പറയപ്പെടുന്ന തിരുമൂലപുരത്ത് സ്ഥിതി ചെയ്തിരുന്ന ഒരു താത്ക്കാലിക ചാപ്പലിൽ വി. കുർബാന ചൊല്ലാൻ ആരാധനക്രമം നിശ്ചയമുള്ള ഒരച്ചനെയും വഴികാട്ടി ഞാനും കൂടെപ്പോയി. ആകെ ചാപ്പലിൽ വന്ന ആളുകൾ നാലു ബഹു. കന്യാസ്ത്രീകൾ ഉൾപ്പെടെ അഞ്ചുപേർ. പക്ഷെ വിശുദ്ധ കുർബാനയ്ക്കുവേണ്ടി വന്ന സമയം രണ്ടു മണിക്കൂർ അഭിവന്ദ്യ തെയോഫിലോസ് തിരുമേനി സ്ഥലകാല സൗകര്യമനുസരിച്ച് ആരാധനക്രമങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യണമെന്ന് ഉപദേശിച്ചു. അഭിവന്ദ്യ തിരുമേനി അവിടുത്തെ സ്വാഭാവികമായ ഇമ്പസ്വരത്തിൽ ഹൃദയസ്പർശിയായ ആംഗ്യവിശേഷത്തോടുകൂടി എല്ലാ ശുശ്രൂഷകളും ഭക്തസംവർദ്ധകങ്ങളാക്കി മാറ്റിയിരുന്നു. ലത്തീൻ റീത്തിലും കൽദായ സുറിയാനി റീത്തിലും നിലവിലിരുന്ന പല ഭക്തകൃത്യങ്ങളും തിരുമേനി ഭക്തിയോടെ സ്വീകരിച്ചിരുന്നു. പക്ഷെ അവയൊന്നും അന്ത്യോഖ്യൻ റീത്തനുസരിച്ചുള്ള ശുശ്രൂഷകളുമായി സമ്മിശ്രപ്പെടുത്തിക്കൂടാ എന്നു നിഷ്ക്കർഷിച്ചിരുന്നു. അപ്രകാരമുള്ള കൂട്ടിക്കലർത്തൽ പലയിടങ്ങളിലും നിലനിന്നിരുന്നു. വി. കുർബാനയുടെ അവസരത്തിൽ കൊന്ത നമസ്ക്കാരം, രൂപവണക്കം, വണക്കമാസ പ്രാർത്ഥന എന്നിങ്ങനെ പലതും നടപടിയായിത്തീർന്നതിനാൽ തൂക്കാസായിലെ നിർദ്ദേശങ്ങൾ പലതും അവഗണിക്കപ്പെട്ടുപോയി.

അഭിവന്ദ്യ തിരുമേനിയുടെ കലാബോധവും, ശിക്ഷണരീതിയും

www.malankaralibrary.com



തനിമ നിറഞ്ഞതായിരുന്നു. ശാസ്ത്രീയ സംഗീതവും അവിടുത്തേയ്ക്ക് അന്യമായിരുന്നില്ല, സത്യവും, യുക്തിസഹവുമായ ഒരു കാര്യം പറഞ്ഞാൽ, അത് അന്യർ അംഗീകരിക്കാതിരുന്നാൽ തിരുമേനി കോപിക്കുകയൊ, ശബ്ദമുയർത്തി അക്ഷമ കണിക്കുകയൊ ചെയ്തിരുന്നില്ല. കാരണം, പ്രസ്താവം അസത്യമായാൽ കോപിക്കാനവകാശവുമില്ല എന്നതായിരുന്നു തിരുമേനിയുടെ പ്രമാണം.

വിശുദ്ധ കർമ്മാനുഷ്ഠാന സമയത്ത് ശുശ്രൂഷകർ ഏതെങ്കിലും തെറ്റുവരുത്തിയാൽ തദവസരത്തിൽ തിരുമേനിയുടെ മുഖത്ത് ഒരു ഭാവവ്യത്യാസവും ദൃശ്യമായിരുന്നില്ല. എന്നാൽ പിന്നീട് സൗകര്യമനുസരിച്ച് തെറ്റുവരുത്തിയ ശുശ്രൂഷകരെ വിളിച്ച് തെറ്റ് മനസ്സിലാക്കി ശരിയായ രീതിയിൽ പഠിപ്പിച്ച് പ്രോൽസാഹിപ്പിക്കുമായിരുന്നു. വന്ദ്യ തിരുമേനി സഞ്ചരിച്ചിരുന്നത് ഒരു ചെറിയ ഓസ്റ്റിൻ കാറിലായിരുന്നു. തിരുവല്ല രൂപതയിൽ പള്ളികളൊ, സ്ഥാപനങ്ങളൊ വളരെ കുറവായിരുന്നതിനാൽ യാത്രയും തുലോം കുറവായിരുന്നു. തിരുമേനി യാത്രയ്ക്കായി ഒരുങ്ങിയിറങ്ങുമ്പോൾ ഡ്രൈവർ ചെറിയാച്ചൻ കാറിന്റെ ഡോർ തുറന്നു കൊടുക്കും. തിരുമേനി പിൻ സീറ്റിൽ ഇരുന്നതിനുശേഷം കൈമുത്താനായി കുനിയുമ്പോൾ തിരുമേനി ഒരു കാര്യം ഓർമ്മപ്പെടുത്താൻ വിട്ടുപോയില്ല. "ചെറിയാൻ, ഷർട്ടിന്റെ ബട്ടൺ ശരിക്കിടൂ". ചെറിയാച്ചൻ ബട്ടൺ ശരിക്കിട്ട ശേഷമായിരുന്നു കൈമുത്തിച്ചത്.

പള്ളിയിലെത്തി വി. കുർബാന കഴിഞ്ഞ് തിരുമേനി ഭക്ഷണത്തിനിരുന്നു കഴിയുമ്പോൾ സ്പൂണും, ഫോർക്കും ഇരുകൈകളിലുമായി എടുത്തു പിടിച്ചുകൊണ്ട് അടുത്തു നിന്നിരുന്ന ആളിനോട് ചോദ്യമായി പറയുമായിരുന്നു: "പിള്ളേർ ?" "തിരുമേനീ അവർ ഭക്ഷണത്തിനിരുന്നു".വീണ്ടും : "ഡ്രൈവർ..... ?" "തിരുമേനീ ഡ്രൈവറും ഭക്ഷണത്തിനുരുന്നു കഴിഞ്ഞു" എന്നുത്തരം. പിന്നീടു മാത്രമാണ് വന്ദ്യ തിരുമേനി സ്പൂണും, ഫോർക്കും പ്ലേറ്റിലേയ്ക്കു താഴ്ത്തിയിരുന്നത്.

1934 അവസാനം തിരുമേനി രോഗിയായിമാറി. എങ്കിലും ഇടയ്ക്കിടെ രോഗവിമുക്തനായി. ചിലപ്പോൾ ആഴ്ചകളോളവും, തുടർച്ചയായി മൂന്നു മാസം വരെയും വിശ്രമിച്ചിരുന്നു. ഭരണ കാര്യങ്ങളിൽ നേരിട്ടിടപെട്ടിരുന്നില്ലെങ്കിലും രൂപതയിലെ ഓരോ ചലനങ്ങളും തിരുമേനി ചോദിച്ചറിഞ്ഞുകൊണ്ടിരുന്നു. അക്കാലയളവിൽ രൂപതയുടെ പൊതുവെയുള്ള കാര്യങ്ങൾ ബഹു. ഗീവർഗീസ് അച്ചനായിരുന്നു നിർവ്വഹിച്ചിരുന്നത്. റൈറ്റ് റവ ജോസഫ് പുലിക്കോട്ടിൽ റമ്പാച്ചനും പിന്നീട് മോൺ. വാച്ചാപറമ്പിലച്ചനും രൂപതാ ഭരണത്തിൽ അഡ്മിനിസ്ട്രേറ്റർ

www.malankaralibrary.com



എന്ന നിലയിൽ സേവനമനുഷ്ഠിച്ചിരുന്നു.

രോഗം എന്നതിനെക്കാൾ, ഏറ്റമധികമായി മറ്റു ചില പ്രശ്ന ങ്ങൾ തിരുമേനിയുടെ മനസ്സിനെ ഭാരപ്പെടുത്തിയിരുന്നു.

അക്കാലത്ത് പുനരൈക്യ പ്രസ്ഥാനത്തെപ്പറ്റി ഒട്ടേറെ ലേഖന ങ്ങളും വാർത്തകളും അമേരിക്കൻ പത്രമായ 'സൺഡേ വിസിറ്റർ' 'സേക്രട്ട് ഹാർട്ട്' തുടങ്ങിയ മാസികകളിലും മറ്റ് വിദേശ പ്രസിദ്ധീകര ണങ്ങളിലും പ്രത്യക്ഷപ്പെട്ടിരുന്നെങ്കിലും തിരുവല്ല രൂപതയെക്കുറിച്ച് വിശ ദമായ വിവരണങ്ങൾ ഉൾപ്പെടുത്താൻ സ്ഥലം പരിമിതമായിരുന്നതിനാൽ അതിനൊരു പരിഹാരമായിട്ടാണ്, മാർ തെയോഫിലോസ് പിതാവ് "Re-union Record" എന്ന പേരിൽ ഒരു പ്രസിദ്ധീകരണം അച്ചടിപ്പിച്ച് വിദൂര ദേശത്തേയ്ക്ക് പല ദിശയിലും അയച്ചുകൊടുക്കാനിടയായത്. ആകെ 500 കോപ്പികൾ അച്ചടിച്ചെങ്കിലും 80 മേൽവിലാസങ്ങളേ രൂപതയിൽ നിന്നും ലഭ്യമായിരുന്നുള്ളു. ബാക്കി ലഭ്യമാകേണ്ടിയിരുന്ന മേൽവിലാ സങ്ങൾ പല മാസികകളിൽ നിന്നും ശേഖരിച്ച് അച്ചടിച്ച 500 കോപ്പി കളും പെറ്റി സെമിനാരിക്കാരായ ഞങ്ങൾ കവറിലിട്ട് തയ്യാറാക്കി തപാ ലിൽ അയക്കാൻ വിധത്തിൽ ഞങ്ങളുടെ ഡസ്ക്കിൽ അടുക്കി വച്ചത് ഓർക്കുന്നു.

(1935- ൽ രണ്ടാം വർഷം ലത്തീൻ പഠനം ഞങ്ങൾ തിരുവല്ലാ യിലാണ് തുടർന്നത്. റവ. ഫാ. നോബർട്ട് OCD പുതിയ റെക്ടറായി ചാർജ്ജെടുത്തു. അന്ന് എല്ലാ കാര്യങ്ങളിലും സഹകരിച്ച ബ്ര. ചാണ്ടി യാണ് ഇന്ന് പുഷ്പഗിരി ക്ലേർജിഹോമിൽ താമസിക്കുന്ന ബഹു. അല ക്സാണ്ടർ അറക്കപ്പടവിലച്ചൻ)

ഇപ്രകാരമുള്ള മനഃക്ലേശങ്ങളുടെ മദ്ധ്യത്തിലും എല്ലാം ശുഭമായി വരാൻ പ്രാർത്ഥിക്കുക മക്കളെ എന്നല്ലാതെ കോപസൂചകമായൊ, വൈരാഗ്യപൂർവ്വകമായൊ ഒരക്ഷരം പോലും തിരുമേനി ശബ്ദിച്ചിട്ടില്ല. വന്ദ്യ തിരുമേനിയുടെ ജീവിതത്തിലുണ്ടായ എല്ലാ അനുഭവങ്ങളെയും ലൗകിക ബുദ്ധികൊണ്ടല്ല വിധിച്ചിരുന്നത് എന്നു ഞങ്ങൾ മനസ്സിലാ ക്കിയിരുന്നു. തിരുമേനി അവയെ എല്ലാം ദൈവിക മാനദണ്ഡം വച്ചാണ് വിലയിരുന്നിയിരുന്നത്.

രാഷ്ട്രീയ തലത്തിലും, സഭാതലത്തിലും നിലവിലിരുന്ന ലൗകാ യികത്വത്തിൽ പെട്ട് തന്റെ പവിത്രമായ മനഃസാക്ഷിയിൽ പങ്കം പറ്റാതി രിക്കാൻ ദൈവം നൽകിയ ഒരു കവചമായിരുന്നു തിരുമേനിയുടെ ദീർഘ കാലത്തെ അസ്വസ്ഥാവസ്ഥ എന്നു ഞാൻ വിശ്വസിക്കുന്നു. അധികാര പ്രവണതയുടെയും, സുഖലോലുപതയുടെയും നീർച്ചുഴിയിൽ നിന്നും

www.malankaralibrary.com



രക്ഷിച്ച് പഴയ ബഥനിയുടെ സന്യാസാരൂപിയാൽ നിലനിൽക്കാൻ ദൈവം കൊടുത്ത പ്രത്യേക പ്രസാദവരമായി തിരുമേനി സഹിച്ച രോഗ പീഡയെ ഞാൻ വിലയിരുത്തുന്നു. ഉന്നത ലക്ഷ്യത്തിനായി ജനിച്ച അവിടുന്ന്, പ്രസ്തുത ലക്ഷ്യത്തിൽ നിർബാധം എത്തിച്ചേരുക എന്നതത്രെ ദൈവമഹത്വം.

"പരിവർത്തിനി സംസാരേ വൃതഃകോവാനജയതേ
സജാതോ, യേനയാതേന യാതി വംശ സമുന്നതീം".

മരിച്ച ഒരുവനും ജനിക്കുന്നില്ല. എന്നാൽ സമൂഹം ഏതൊരുവന്റെ ജനനത്താൽ ശ്രേഷ്ഠമായിത്തീരുന്നുവോ, അവനാണ് ജനിച്ചവൻ പുണ്യപുരുഷന്റെ ജനനം മാത്രമേ ജനനമാകുന്നുള്ളു എന്നു സാരം.

(ജന്മശതാബ്ദി സ്മരണിക 1991)




*പി.റ്റി. ഗീവർഗീസ് അച്ചനും (മാർ ഈവാനിയോസ് പിതാവ്) യാക്കോബ് കളപ്പുരയ്ക്കൽ അച്ചനും (മാർ തെയോഫിലോസ് പിതാവ്) സെറാമ്പൂർ കോളജിൽ അധ്യാപകരോടും വിദ്യാർഥികളോടുമൊപ്പം.*

www.malankaralibrary.com



# മാർ തെയോഫിലോസ് പിതാവിനെപ്പറ്റിയുള്ള എന്റെ ബാല്യകാലസ്മരണകൾ



**ഫാ. മാത്യു ചെമ്പോത്തിനാൽ**

മാർ തെയോഫിലോസ് പിതാവിനെ കാണുന്നതിനും കേൾക്കുന്നതിനും അദ്ദേഹത്തിന്റെ അനുഗ്രഹം പ്രാപിക്കുന്നതിനും എന്റെ മൈനർ സെമിനാരി ജീവിതകാലത്ത് എനിക്ക് ഇടയായത് ഒരു വലിയ ഭാഗ്യമായി ഞാൻ ഇപ്പോൾ കരുതുന്നു. ഞാൻ മൈനർ സെമിനാരിയിൽ ചേർന്നതു 1950 ലാണ്. 1952 ജനുവരി വരെ അവിടെ പഠിക്കുകയും ചെയ്തു. ഞങ്ങളുടെ സെമിനാരി കെട്ടിടം ചെറുപുഷ്പഗിരിയിലുള്ള അരമനയുടെ അടുത്തായിരുന്നു സ്ഥിതി ചെയ്തിരുന്നത്. ചാപ്പൽ അരമനയുടെ മുകളിലായിരുന്നു. വി. കുർബാനയ്ക്കും പ്രാർത്ഥനയ്ക്കും ഞങ്ങൾ ചാപ്പലിൽ പോകുമായിരുന്നു. പോകുന്ന വഴിയിലും മറ്റും വന്ദ്യ പിതാവിനെ കാണുമായിരുന്നു. ഒരു ചുമന്ന കുപ്പായമായിരുന്നു വേഷം. ചിലപ്പോൾ കമ്മീസും ഇടുമായിരുന്നു. യാമപ്രാർത്ഥനയ്ക്കു ചാപ്പലിൽ വരുമ്പോഴെല്ലാം പുറങ്കുപ്പായം ധരിക്കുക അദ്ദേഹത്തിന് നിർബന്ധമായിരുന്നു. ആബൂൻ മാർ സേവേറിയോസ് ഇല്ലാത്ത അവസരങ്ങളിൽ സുറിയാനി യാമപ്രാർത്ഥനകൾ ലീഡു ചെയ്യുന്നതും ഇടയ്ക്കിടക്ക് 'ശുബഹോ ലാബോ....' ചൊല്ലുന്നതും മാർ തെയോഫിലോസ് പിതാവായിരുന്നു. സ്വരമാധുര്യവും സംഗീത വാസനയും ഉണ്ടായിരുന്ന അദ്ദേഹത്തിന്റെ പാട്ടിന് ഒരു പ്രത്യേക ഇമ്പം ഉണ്ടായിരുന്നു. ഒളശ്ശയിൽ ഒരു

www.malankaralibrary.com



പുരാതന കുടുംബത്തിൽ ജനിച്ച അദ്ദേഹത്തിന്റെ സംഗീതാഭിരുചി ജന്മ സിദ്ധമായിരുന്നു. ചെറുപ്പത്തിൽ അദ്ദേഹം വയലിൻ വായിക്കുവാൻ അഭ്യസിച്ചിട്ടുണ്ടായിരുന്നു എന്ന് ഈ അടുത്ത കാലത്ത് എനിക്കു മനസിലാക്കാൻ കഴിഞ്ഞു. പെരുന്നാട്ടിലുള്ള ബഥനിയിൽ താമസിച്ചിരുന്ന കാലത്ത് അദ്ദേഹത്തിന്റെ ശുശ്രൂഷകൾ കാതിനും കരളിനും ഇമ്പകരമായിരുന്നു എന്ന് പലരും പറഞ്ഞു കേട്ടിട്ടുണ്ട്. സംഗീതമയമല്ലാത്ത ആരാധന രുചിയില്ലാത്ത ഭക്ഷണം പോലെയാണ് എന്നു പറയുന്നതിൽ തെറ്റില്ല.

ഞായറാഴ്ച ദിവസങ്ങളിൽ ചിലപ്പോൾ അദ്ദേഹം പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. അരമനയ്ക്ക് അല്പം അകലെയായി ഒരു ഊമർ സ്ക്കൂൾ ഉണ്ടായിരുന്നു. അവിടെയുള്ള കത്തോലിക്കാ വിദ്യാർത്ഥികളെ ഞായറാഴ്ച ചാപ്പലിൽ കൊണ്ടുവന്ന് വി. കുർബാനയിൽ പങ്കെടുപ്പിക്കുക സെമിനാരിക്കാരുടെ കടമയായിരുന്നു. ഒരു ദിവസം ഈ കുട്ടികളോടായി വന്ദ്യ പിതാവ് ഒരു പ്രസംഗം ചെയ്തു. പരി. മാതാവ് ഏലിശുബായെ സന്ദർശിച്ച ഭാഗമായിരുന്നു പ്രസംഗ വിഷയം. കുർബാന കഴിഞ്ഞാണ് ആ കുട്ടികൾ ഊമരും ബധിരരുമായിരുന്നെന്ന് വന്ദ്യ പിതാവ് അറിയുന്നത്. 'എടാ പറ്റിച്ചല്ലോടാ' എന്നു മാത്രമായിരുന്നു പിതാവിന്റെ പ്രതികരണം വി. കുർബാന ചൊല്ലുകയില്ലായിരുന്ന കാലത്തും വന്ദ്യ പിതാവ് ഭക്തിയോടെ തിരുശരീരരക്തങ്ങൾ അനുഭവിക്കുന്നത് പലപ്പോഴും കണ്ടിട്ടുണ്ട്. ഈട്ടിയിൽ പണിതെടുത്ത അദ്ദേഹത്തിന്റെ അംശവടിയായിരുന്നു ചാപ്പലിൽ വച്ചിരുന്നത്. കറുത്തവളെങ്കിലും അഴകുള്ളവൾ എന്ന് ഉത്തമഗീതത്തിൽ പറഞ്ഞതുപോലെ സ്വർണ്ണത്തെപ്പോലെ ഈട്ടിത്തടിയും ദൈവാരാധനയ്ക്കു യോഗ്യമാണ് എന്ന സത്യമായിരിക്കണം ഇങ്ങനെ ഒരു വടി പണിയിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ആരാധനയിലും ജീവിത ശൈലിയിലും പ്രാദേശികത്വം വേണമെന്ന് പ്രഖ്യാപിച്ച രണ്ടാം വത്തിക്കാൻ സുന്നഹദോസിന് എത്രമുമ്പു തന്നെ പിതാവ് അതു പ്രാവർത്തികമാക്കി.

അദ്ദേഹം കുഞ്ഞുങ്ങളെപ്പോലെ എത്ര നിഷ്ക്കളങ്കനായിരുന്നെന്ന് തെളിയിക്കുന്ന ഒരു സംഭവം പറയാം. രാത്രി 10. 30 ആയിക്കാണും. സെമിനാരിക്കാരെല്ലാം ഉറങ്ങാൻ കിടന്നു. വന്ദ്യ പിതാവു വന്നു വിളിച്ചു: 'ഒരാൾ മറുപടി പറഞ്ഞു. പിതാവേ ഞങ്ങൾ ഉറക്കമാണ്'. ''നീയും ഉറങ്ങുകയാണോ'' പിതാവു ചോദിച്ചു. ''അതെ പിതാവേ, ഞാനും ഉറങ്ങുകയാ''. ''എന്നാൽ ഉറങ്ങിക്കോ''. പിതാവ് പിന്നീട് വിളിച്ചില്ല. രോഗം ഒരു ശാപമായി കാണാതിരുന്ന പിതാവ് ക്ഷമയോടെ എല്ലാം സഹിച്ചു. തിരുവല്ലാ രൂപതയുടെ ആദ്യപിതാവ് ഒരു വിശുദ്ധനായിരുന്നു എന്ന്

www.malankaralibrary.com



നമുക്ക് അഭിമാനത്തോടെ പറയാം.

വന്ദ്യപിതാവേ, സ്വർഗ്ഗത്തിൽ അങ്ങയെ ഞങ്ങൾ കാണുമാറാകട്ടെ എന്നതിന്റെ സുറിയാനിയാണ് അദ്ദേഹത്തിന്റെ കബറിടത്തിൽ കൊത്തിവച്ചിരിക്കുന്നത്.

വന്ദ്യപിതാവേ ഞങ്ങളെ അനുഗ്രഹിച്ചാലും.

(ജന്മശതാബ്ദി സ്മരണിക 1991)



www.malankaralibrary.com



# സർവ്വാരാധ്യനും പുണ്യശ്ലോകനുമായ തെയോഫിലോസ് പിതാവ്

**ജെ. എം.**

പൗരസ്ത്യ സഭാഭാസുരൻ മാർ ഈവാനിയോസ് പിതാവിന്റെ കരങ്ങളെ, മോശയുടെ കരങ്ങളെ അഹറോനും ഹൂറും എന്ന പോലെ ഉയർത്തി പിടിച്ചത് മാർ തെയോഫിലോസ് പിതാവായിരുന്നു. അവിടുത്തെ ഭക്തിയും പരിശുദ്ധിയും തിരുവല്ലായിലെയും കേരളത്തിലാകെയുമുള്ള ഹൈന്ദവമുസ്ളിം സഹോദരങ്ങളുടെ പോലും ആദരവിന് പാത്രമായിരുന്നു. പ്രത്യേകകാരണങ്ങളാൽ പുനരൈക്യ പ്രസ്ഥാനത്തെ എതിർക്കണമെന്ന് ആഗ്രഹിച്ച യാക്കോബായ ഓർത്തഡോക്സ് സഹോദരങ്ങൾ പോലും മാർ തെയോഫിലോസ് പിതാവിന്റെ നാമശ്രവണത്തിൽ ഭക്ത്യാദരനിർഭരരാകുമായിരുന്നു. കൽക്കട്ടായിലും, കോട്ടയത്തും, പെരുനാട്ടിലും, തിരുവല്ലായിലും കേരളത്തിലാകെയും പുണ്യപരിമളം വീശുവാൻ 'യാക്കോബച്ചനാ'യും ബഥനിയിലെ 'ഗുരുവച്ച'നായും 'കൊച്ചുതിരുമേനി'യായും തിരുവല്ലായിലെ 'വലിയ പിതാവാ'യും അദ്ദേഹത്തിന് സാധിച്ചു.

**മാർ തെയോഫിലോസ് കോളജും സ്മാരകങ്ങളും**

തിരുവനന്തപുരത്തെ മാർ തെയോഫിലോസ് കോളേജും, മറ്റ് സ്മരകങ്ങളും അദ്ദേഹത്തിന്റെ കാലത്ത് രൂപകല്പന ചെയ്യപ്പെട്ട ദൈവാലയങ്ങളും (കവിയൂർ, അയിരൂർ, വെണ്ണിക്കുളം) തിരുവല്ല രൂപത തന്നെയും ആ പുണ്യശ്ലോകന്റെ നിർമ്മല ജീവിതത്തിന്റെ ശാശ്വതസ്മരണാഗീതികളാലപിക്കുകയാണ്. അദ്ദേഹത്തിന്റെ കബറിടത്തിൽ നിന്ന് ശക്തി വിശുദ്ധികൾ ആർജ്ജിക്കുവാൻ ഓടിയെത്തുന്നവരുടെ സംഖ്യ ഓരോ വർഷവും വർദ്ധിച്ചു കൊണ്ടാണിരിക്കുന്നത്.

ആ പുണ്യചരിതന്റെ കണ്ണുനീർ വീണ മണ്ണിലാണ് 'കേരളത്തിലെ വെല്ലൂർ' എന്നറിയപ്പെടുന്ന പുഷ്ഗിരി ആശുപത്രി കീർത്തിധാവള്യം പരത്തിക്കൊണ്ട് അനുദിനം വളർച്ചയുടെ പുതിയ ഗാഥകൾ വിരചിക്കുന്നത്.

പരിശുദ്ധിയുടെ പരിമളം സദാ കളിയാടിക്കൊണ്ടിരുന്ന ആ

www.malankaralibrary.com



പാവന വദനം ഇന്ന് പുനരൈക്യ പ്രസ്ഥാനത്തിനും മലങ്കര സഭയ്ക്കും മാത്രമല്ല ഭാരതസഭയ്ക്കാകമാനം മദ്ധ്യസ്ഥത പ്രാർത്ഥിക്കുകയാണ് സർവ്വേശ്വര സന്നിധിയിൽ.

**കോട്ടയം ജന്മദേശം**

ആ പുണ്യ ശ്ലോകന്റെ ജന്മനാടായ കോട്ടയത്ത് ഭാരതത്തിലെ മെത്രാപ്പോലീത്താമാരും മെത്രാന്മാരുമായ പിതാക്കന്മാർ സമ്മേളിച്ച് അവരുടെ പരമോന്നത നേതൃത്വം തിരുവല്ല രൂപതാംഗവും ബഥനിയുടെ അഭിമാനവും തിരുവനന്തപുരം മെത്രാപ്പോലീത്തായും മലങ്കരയുടെ സാരഥിയും ആയ മാർ ഗ്രീഗോറിയോസ് പിതാവിനെ ഭരമേല്പിച്ചത്. അവിടുത്തെ സ്വർഗ്ഗീയ മദ്ധ്യസ്ഥതയുടെ മറ്റൊരുദാഹരണമാണ്. 1991 – ൽ മാർ തെയോഫിലോസ് പിതാവിന്റെ ജന്മശതാബ്ദി വർഷമാണ്.

**കൊച്ചു തിരുമേനി, ഒരു നിർവൃതി**

പുനരൈക്യ പ്രസ്ഥാനം ആരംഭിച്ച മുപ്പതുകളിൽ, വി. കത്തോലിക്കാ സഭയോട് പുനരൈക്യപ്പെട്ട വൈദികരെയും, വിശ്വാസികളെയും പരിഹസിക്കുവാൻ, യാക്കോബായ ഓർത്തഡോക്സ് സഹോദരങ്ങൾ ധാരാളം പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. പക്ഷെ 'കൊച്ചു തിരുമേനി' അഥവാ മാർ തെയോഫിലോസ് പിതാവ് കാറിലോ, നടന്നോ ഏതെങ്കിലും സ്ഥലത്തു കൂടെ കടന്നു പോയാൽ, കടകളിൽ ഇരിക്കുന്നവർ ബഹുമാന പുരസ്സരം എഴുന്നേറ്റു നില്ക്കും, മടക്കിക്കുത്തുകൾ അഴിച്ചിടും, തലേക്കെട്ടുകളെടുത്ത് കൈകൾ കൂപ്പി ബഹുമാന പുരസ്സരം നില കൊള്ളുകയായി. ആ കാരുണ്യ ദൃഷ്ടിയിൽപെട്ടു എന്നു വന്നാൽ അവരുടെ ആനന്ദം വർദ്ധമാനമാകുന്നു. ആ കൈകളൊന്നു മുത്തുവാൻ കഴിഞ്ഞാൽ, ഒരായുസു മുഴുവൻ നിലനില്ക്കുന്ന നിർവൃതിയായി. ഇക്കാര്യത്തിൽ ഹിന്ദുക്കളെന്നോ, മുസ്ളിംങ്ങളെന്നോ ക്രൈസ്തവരെന്നോ ഉള്ള ഭേദചിന്തകളില്ല.

**ആരാധനാഭംഗിയുടെ അവതാരം**

ധ്യാനിപ്പിക്കാനോ, വി. കർമ്മങ്ങളനുഷ്ഠിക്കാനോ. വി. കുർബാന ചൊല്ലുന്നതിനോ 'കൊച്ചു തിരുമേനി' വന്നാൽ എല്ലാ വഴികളും, എല്ലാ പദങ്ങളും അങ്ങോട്ടാണ് നീങ്ങുക. മനോഹര ശബ്ദത്തിൽ, ഹൃദ്യരാഗത്തിൽ, മാലാഖയുടെ ഭാവഹാവാദികളോടെ നിർവ്വഹിക്കപ്പെടുന്ന ശുശ്രൂഷകൾ സ്വർഗ്ഗീയാനുഭൂതിയാണ് ഏവർക്കും നല്കുക. നിശബ്ദതയും, ഭക്തിയും, വിശ്വാസാദരങ്ങളുംകൊണ്ടു നിറഞ്ഞ ഹൃദയങ്ങൾ, ജീവിത ഭാരങ്ങൾ വിസ്മരിക്കുന്ന വിശുദ്ധ നിമിഷങ്ങളായി ആ സമയങ്ങളെ ആനന്ദപൂർവ്വം കണ്ടിരുന്നു.

ആ പുണ്യ പിതാവിന്റെ മദ്ധ്യസ്ഥത നമുക്ക് അപേക്ഷിക്കുകയും ലോകത്തിനും ഭാരതത്തിനും മലങ്കരയ്ക്കും, സഭയായും കുടുംബങ്ങളായും, വ്യക്തികളായും ഏവർക്കും അവിടുത്തെ പ്രാർത്ഥന കോട്ടയായിരിക്കട്ടെ എന്ന് പ്രാർത്ഥിക്കയും ചെയ്യാം.

(ഐക്യദീപം 1988 ജൂൺ പേജ് 7)

www.malankaralibrary.com



# ആശ്രമത്തിന്റെ ഉമ്മറപ്പടി മുതൽ മേലദ്ധ്യക്ഷപദം വരെ



**ഫാ. ഡോ. ജോർജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.**

### ആമുഖം

ജീവിതകാലത്തുതന്നെ 'ജീവിക്കുന്ന വിശുദ്ധൻ' എന്ന് വിളിക്കപ്പെടുകയും ജനഹൃദയങ്ങളിൽ ആ സ്ഥാനം നിലനിർത്തിപ്പോരുകയും ചെയ്യുന്ന പുണ്യശ്ലോകനായ അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലിത്തായുടെ ഓർമ്മപ്പെരുന്നാൾ കൊണ്ടാടുന്ന കാലയളവാണല്ലോ ഇത്. വന്ദ്യ പിതാവിനെയും പിതാവിന്റെ ജീവിതത്തെയും ഈ ദിവസങ്ങളിൽ നാം പ്രത്യേകമായി അനുസ്മരിക്കുന്നു. പുണ്യശ്ലോകന്റെ കബറിങ്കലേക്കു നടത്തുന്ന തീർത്ഥാടനത്തിലൂടെയും അവിടെ നിന്നുയരുന്ന പ്രാർത്ഥനാമഞ്ജരികളിലൂടെയും അനുഗ്രഹവർഷം നേടിയെടുക്കുവാൻ വിശ്വാസിസമൂഹം കാണിക്കുന്ന ഉത്സാഹവും തീഷ്ണതയും പിതാവിനോടുള്ള നമ്മുടെ സ്നേഹവും ആദരവും വർദ്ധിപ്പിക്കുന്നു. എന്നു മാത്രമല്ല, പിൻതലമുറക്ക് പിതാവിനെ അറിയുവാനും സ്നേഹിക്കുവാനും അത് പ്രചോദനാത്മ കവുമാണ്.

1930 ലെ ചരിത്രപ്രസിദ്ധമായ പുനരൈക്യസംഭവത്തിലെ ഒരു വീരനായകൻ, തിരുവല്ല അതിരൂപതയുടെ പ്രഥമ മെത്രാപ്പോലിത്ത എന്നീ നിലകളിലാണ് പിതാവ് സാധാരണ അറിയപ്പെടുന്നത്. ഇവയെല്ലാം പിതാവിന്റെ കർമ്മവഴികളുടെ ഒരു ഭാഗിക പ്രകാശനമാണ്. എന്നാൽ

www.malankaralibrary.com



പിതാവിന്റെ മഹനീയമായ വ്യക്തിത്വം നമ്മുടെ മുന്നിൽ പ്രകടമാ കുന്നത് തന്റെ സന്യാസ ജീവിതത്തിലൂടെ യാണ്. അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് കാതോലിക്കാബാവ തിരുമനസ്സിന്റെ വാക്കുകളിൽ, "ആദരണീയനും അനുകരണാർ ഹനുമായ ഒരു സന്യാസി ശ്രേഷ്ഠനെന്ന നിലയിൽ പെരുന്നാട്ടിലെ ബഥനി ആശ്രമത്തിന്റെ ഉമ്മറപ്പടികൾ മുതൽ തിരുവല്ല മേരിഗിരി അരമനയുടെ ഉന്നത ഗോപുരം വരെ ഉയർന്ന് നില്ക്കുന്ന പിതാവിന്റെ സന്യാസ വ്യക്തിത്വം എല്ലാ തലമുറകൾക്കും ഉത്തേജന ജനകമാണ്.

**ബാല്യം–വിദ്യാഭ്യാസം–ശെമ്മാശ്ശപട്ടം**

മാർ തെയോഫിലോസ് പിതാവ് കോട്ടയം ഒളശ്ശ കളപ്പുരയ്ക്കൽ കുടുംബാംഗമാണ്. ഈ കുടുംബത്തിലെ ശ്രീ. ഏബ്രഹാം തരകന്റെയും ശ്രീമതി അച്ചാമ്മയുടെയും കടിഞ്ഞൂൽ പുത്രനായി 1891 ഫെബ്രുവരി 21–ാം തീയതി അദ്ദേഹം ഭൂജാതനായി. 1891 മാർച്ച് 16–ാം തീയതി വല്ല്യാട്ട് കല്ലുങ്കത്തറ പള്ളിയിൽ വച്ച് യാക്കോബ് എന്ന നാമത്തോടെ ശിശു വി. മാമ്മോദീസായും മൂറോനഭിഷേകവും സ്വീകരിച്ചു. കുടുംബത്തിലെ ആദ്യജാതന്റെ മൂന്ന് സഹോദരികളിലൊരുവളാണ് ബഥനി സന്യാസിനി സമൂഹത്തിലെ 10 മദേഴ്സിലൊരാളായ മദർ സൈബാർ എസ്.ഐ.സി. എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

പ്രാഥമിക വിദ്യാഭ്യാസം ഒളശ്ശ പ്രൈമറി സ്കൂളിൽ നടത്തി. അതിനുശേഷം ബാലനായ യാക്കോബിനെ തുടർ വിദ്യാഭ്യാസത്തിനായി പ്രശസ്തമായ കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂളിൽ ചേർത്തു. അവിടെ അദ്ദേഹം ഉന്നതമായ രീതിയിൽ അന്നത്തെ മെട്രിക്കുലേഷൻ പരീക്ഷ പാസ്സായി. എന്നു മാത്രമല്ല അവിടെ അദ്ധ്യാപകനായും അദ്ദേഹം നിയമിക്കപ്പെട്ടു. ഒരു മാതൃകാദ്ധ്യാപകനായി അറിയപ്പെടുകയും ചെയ്തു. ഈ വിദ്യാകേന്ദ്രത്തിന്റെ അന്നത്തെ പ്രിൻസിപ്പൽ പ്രശസ്തനായ 'എം.എ.അച്ചൻ' എന്നറിയപ്പെട്ടിരുന്ന പണിക്കരുവീട്ടിൽ ഗീവറുഗീസ് കശ്ശീശയായിരുന്നു. അദ്ദേഹത്തോടൊപ്പമായിരുന്നു യുവ അദ്ധ്യാപകനായിരുന്ന യാക്കോബിന്റെ വാസം. ഇവർ തമ്മിലുള്ള പരസ്പര ബന്ധത്തിന്റെയും ബഹുമാനത്തിന്റെയും ആരംഭം ഇവിടെയാണ്. ഈ ബന്ധം മലങ്കരസഭയുടെതന്നെ ചരിത്രം മാറ്റിയെഴുതുന്നതിൽ വഹിച്ച പങ്ക് എത്ര വലുതായിരുന്നുവെന്ന് പിന്നീടുള്ള സംഭവങ്ങൾ സാക്ഷിക്കുന്നു.

വൈദികജീവിതത്തോടു ചെറുപ്പം മുതലെ തനിക്കുണ്ടായിരുന്ന സവിശേഷമായ ആഭിമുഖ്യം അക്കാലയളവിൽ ഈ യുവാവ്

www.malankaralibrary.com



പ്രകടമാക്കുകയും അതിനുള്ള പ്രാഥമിക പരിശീലനം പി.റ്റി. ഗീവറുഗീസ് കശ്ശീശ്ശയിൽനിന്ന് സ്വീകരിക്കുകയും ചെയ്തുപോന്നു. ഈ സാഹചര്യങ്ങളെല്ലാം കണക്കിലെടുത്ത് അന്നത്തെ മലങ്കര മെത്രാപ്പോലിത്ത വട്ടശ്ശേരിൽ മാർ ദിവന്ന്യാസിയോസ് യാക്കോബിനു ശെമ്മാശ്ശപട്ടം നല്കി. അതിനുശേഷം യാക്കോബു ശെമ്മാശ്ശൻ തന്റെ ഗുരുവായ എം.എ. അച്ചനു വിധേയപ്പെട്ട് വൈദിക പരീശീലനം ആരംഭിച്ചു.

**സെറാമ്പൂർ കോളേജിൽ**

സ്വസമുദായ ഉന്നമനം ലക്ഷ്യം വച്ച് ഫാ. പി.റ്റി. ഗീവറുഗീസ് കൽക്കത്ത സെറാമ്പൂർ കോളേജിലെ പ്രൊഫസർപദവി സ്വീകരിച്ച്, എം.ഡി. സെമിനാരി സ്കൂൾ പ്രിൻസിപ്പൽ സ്ഥാനം രാജിവച്ച് കൽക്കത്തയിലേക്ക് യാത്രയായി. സെറാമ്പൂർ കോളജിലെ ഉയർന്ന പഠനസാഹചര്യങ്ങൾ കണക്കിലെടുത്ത് മലങ്കര ഓർത്തഡോക്സ് സഭയിലെ ഏതാനും യുവവൈദികരെയും ശെമ്മാശ്ശന്മാരെയും അവിടെ കൊണ്ടുപോയി അഭ്യസ്തവിദ്യരാക്കി സഭയുടെ ഭാവിപ്രവർത്തനങ്ങൾക്കും പുരോഗതിക്കും ഉപയുക്തരാക്കാം എന്നൊരു പദ്ധതി അദ്ദേഹത്തിന്റെ മനസ്സിലുദിച്ചു. തന്റെ ഗുരുവിന്റെ ഈ പദ്ധതിയുടെ സ്വഭാവവും ലക്ഷ്യവും മനസ്സിലാക്കിയ യാക്കോബു ശെമ്മാശ്ശൻ സെറാമ്പൂരിലേക്കു പോകാനുള്ള തന്റെ ആഗ്രഹവും സന്നദ്ധതയും അറിയിച്ചു. “താമസംവിന അക്കാലത്ത് നമ്മോടൊന്നിച്ചു താമസിച്ചിരുന്ന യാക്കോബു ശെമ്മാശ്ശനും സെറാമ്പൂർക്കായി ഒപ്പമിറങ്ങി” എന്ന് പി.റ്റി. ഗീവറുഗീസച്ചൻ തന്നെ സാക്ഷിക്കുന്നു. സെറാമ്പൂരിലെത്തിയ യാക്കോബു ശെമ്മാശ്ശൻ കോളജിൽ ചേർന്ന് ഇന്റർ മീഡിയേറ്റ് പാസ്സായി. അതിനുശേഷം ബി.എ. ഓണേഴ്സിനുള്ള പഠനവും ആരംഭിച്ചു. ഇതിനിടെ അവിടെ പ്രൊഫസറായി ജോലി ചെയ്തിരുന്ന തികഞ്ഞ സഭാസ്നേഹിയായ ഫാ. പി.റ്റി. ഗീവറുഗീസ് തന്റെ മാതൃസഭയിലെ പ്രശ്നങ്ങൾക്ക് ഒരു ശാശ്വത പരിഹാരം കണ്ടെത്തുവാൻ പ്രാർത്ഥനാപൂർവ്വം ചിന്തിച്ചുകൊണ്ടിരുന്നു. ഈ ചിന്തകൾ അദ്ദേഹത്തെ കൊണ്ടെത്തിച്ചത് സർവ്വസംഗ പരിത്യാഗികളായ സന്യാസികളുടെ ഒരു സമൂഹം സ്ഥാപിക്കുക എന്ന ദർശനത്തിലേക്കാണ്. ഈ ദർശനത്തിന്റെ സാക്ഷാത്ക്കാരമാണല്ലോ ബഥനി ആശ്രമം. ബഥനി ആശ്രമ സ്ഥാപനത്തിനു മുൻപുതന്നെ സെറാമ്പൂരിൽ തന്നോടൊപ്പമുണ്ടായിരുന്നവരെ ഉൾപ്പെടുത്തി സന്യാസത്തിന്റെ ചില ആദർശങ്ങൾ അനുവർത്തിച്ചുപോന്ന ഒരു “ശൈശവാശ്രമ” ജീവിതപദ്ധതി അദ്ദേഹം

www.malankaralibrary.com



ആരംഭിച്ചു. ഇതിൽ ഒന്നാമനായിരുന്നു യാക്കോബ് ശെമ്മാശ്ശൻ എന്നാണ് അറിയപ്പെടുന്നത്.

തന്റെ നവമായ സന്യാസാശ്രമ കാഴ്ചപ്പാടുകൾക്കനുസൃതമായി പത്തനംതിട്ട പെരുനാട് മുണ്ടൻമലയിൽ ബഥനി ആശ്രമ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായപ്പോൾ ഫാ. പി.റ്റി. ഗീവറുഗീസ് സെറാമ്പൂർ കോളെജിലെ തന്റെ പ്രൊഫസർ പദവി ഉപേക്ഷിച്ച് സന്യാസജീവിതം ആരംഭിക്കുവാൻ മുണ്ടൻമലയിലേക്ക് യാത്രയായി. ബഥനി ആശ്രമസ്ഥാപനത്തിന്റെയും ആശ്രമജീവിതത്തിന്റെയും ലക്ഷ്യവും വിലയും മനസ്സിലാക്കിയ യാക്കോബു ശെമ്മാശ്ശനും ഒട്ടും വൈകാതെ ഡിഗ്രി പഠനം ഉപേക്ഷിച്ച് തന്റെ ഗുരുവിനോടൊപ്പം പെരുന്നാട്ടിലേക്കു പോയി അവിടുത്തെ അംഗമായി ചേർന്നു. ഫാ. പി.റ്റി. ഗീവറുഗീസിനോടൊപ്പം മറ്റൊരു വൈദികനും ആശ്രമാംഗമായി ചേരാനുണ്ടായിരുന്നതിനാൽ മൂന്നാമത്തെ അംഗമായിട്ടാണ് ശെമ്മാശ്ശൻ അറിയപ്പെട്ടത്.

**ഒരു യഥാർത്ഥ ആശ്രമസ്ഥൻ**

ബഥനി ആശ്രമസ്ഥാപകന്റെ ആശ്രമജീവിത ദർശനങ്ങളും ജീവിത പദ്ധതികളും ശെമ്മാശ്ശനെ ഹഠാദാകർഷിച്ചു എന്നു മാത്രമല്ല അദ്ദേഹം അത് ആഴത്തിൽ മനസ്സിലാക്കുകയും ചെയ്തിരുന്നു. ആയതിനാൽ ബഥനി ആശ്രമജീവിത സൗകര്യങ്ങൾ ഒരുക്കുന്നതിലും അതിനനുസൃതമായ ആശ്രമജീവിത ശൈലി കരുപിടിപ്പിക്കുന്നതിലും ആശ്രമ നിയമങ്ങൾ ക്രോഡീകരിക്കുന്നതിലും ശെമ്മാശ്ശൻ തന്റെ ഗുരുവിനോടൊപ്പം സർവ്വാത്മനാ പരിശ്രമിച്ചു. 1920 ലെ പെന്തക്കുസ്താദിനത്തിൽ യാക്കോബു ശെമ്മാശ്ശൻ ആശ്രമാദ്ധ്യക്ഷനായ ആബോ ഗീവറുഗീസിന്റെ മുന്നിൽ ഔദ്യോഗികമായ സന്യാസപ്രതിഷ്ഠ നടത്തി. ശെമ്മാശ്ശൻ കർശനമായ ആശ്രമജീവിതചര്യകളോടൊപ്പം വൈദിക പരിശീലനത്തിനാവശ്യമായ പഠനങ്ങളും നടത്തിപ്പോന്നു. 1924 ൽ അദ്ദേഹം വൈദികനായി അഭിഷിക്തനായി.

ആബോ ഗീവറുഗീസിനെ ഒരു നിഴൽ പോലെ പിൻചെന്ന യാക്കോബച്ചൻ ആശ്രമസ്ഥാപനത്തിലൂടെ എന്തെല്ലാം ലക്ഷ്യം വച്ചുവോ, ഏതൊരു ജീവിതശൈലി നിഷ്ക്കർഷിച്ചുവോ, ഏതെല്ലാം ആദർശങ്ങൾ ഉയർത്തിപ്പിടിച്ചുവോ അവയെല്ലാം തന്റെ ജീവിതത്തിൽ അതേപടി അനുവർത്തിക്കുവാനും അവയുമായി താദാത്മ്യപ്പെടുവാനും ആത്മാർത്ഥമായി പരിശ്രമിച്ചു. പുതുതായി രൂപംകൊണ്ട ആശ്രമ പ്രസ്ഥാനത്തിന്റെ സുവിശേഷാത്മകവും സഭാത്മകവുമായ അർത്ഥവും

www.malankaralibrary.com



പ്രസക്തിയും കൊച്ചച്ചൻ ശരിയാംവിധം മനസ്സിലാക്കി ബഥനിയുടെ ആദർശങ്ങൾക്കനുസൃതമായി തന്റെ വ്യക്തിത്വത്തെ രൂപപ്പെടുത്തി. ബഥനി ആശ്രമസ്ഥനെന്ന നിലയിൽ സർവ്വസംഗ പരിത്യാഗത്തിന്റെയും തപശ്ചര്യകളുടെയും നിരന്തരമായ പ്രാർത്ഥനയുടെയും ത്യാഗത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും പരസ്പര സ്നേഹത്തിന്റെയും ഒക്കെ ഉത്തമ മാതൃകയായിരുന്നു ഈ യുവസന്യാസി. മൗനം, ഏകാന്തത, വിനയം എന്നീ സന്യാസ ഗുണങ്ങൾ കൊച്ചച്ചനിൽ വിളങ്ങിയിരുന്നു. ലാളിത്യം അതിന്റെ ആന്തരികവും ബാഹ്യവുമായ ഭാവങ്ങളിൽ അദ്ദേഹത്തിൽ പരിലസിച്ചിരുന്നു. അങ്ങനെ എല്ലാ സന്യാസപുണ്യങ്ങളുടെയും, കർശനമായ നിഷ്ഠാജീവിതത്തിന്റെയും ബഥനിയിലെ ജീവിക്കുന്ന അടയാളമായി യാക്കോബച്ചൻ മാറി. ആബോ ഗീവറുഗീസ് വിവക്ഷിച്ച ഒരു യഥാർത്ഥ ബഥാന്യനായിരുന്നു യാക്കോബ് സാധു. ഈ സന്യാസ ശ്രേഷ്ഠൻ സ്വയം രൂപീകരിച്ചെടുത്ത തന്റെ ബഥാന്യൻ വ്യക്തിത്വത്തിന്റെയും ആശ്രമജീവിതത്തിന്റെയും ആഴവും ഔന്നത്യവും മനസ്സിലാക്കിയ ആബോ ഗീവറുഗീസ് അദ്ദേഹത്തെ ആശ്രമ ഗുരുവാക്കി നിയമിച്ചു. അക്കാലത്തു പരിശീലനത്തിലിരുന്നവരെ പ്രത്യേകിച്ച് നവസന്യാസികളെ പരിശീലിപ്പിച്ച് യഥാർത്ഥ ബഥനി ആശ്രമസ്ഥരായി രൂപീകരിക്കുക എന്ന നിർണ്ണായകമായ ദൗത്യമാണ് ഈ സന്യാസവര്യനുണ്ടായിരുന്നത്.ആശ്രമജീവിതത്തിന്റെ അടിസ്ഥാന പ്രമാണങ്ങളും ആദർശങ്ങളും മറ്റ് പുണ്യങ്ങളും ശിഷ്യരെ പഠിപ്പിക്കുക എന്നതിലുപരി അഭ്യസിപ്പിച്ച് രൂപപ്പെടുത്തുക എന്ന ഗുരുകുല ശൈലിയാണ് അദ്ദേഹം സ്വീകരിച്ചിരുന്നത്. തന്റെ വാക്കുകളേക്കാളുപരി ജീവിത ദൃഷ്ടാന്തങ്ങളാണ് ശിഷ്യരുടെ മുൻപിൽ തെളിഞ്ഞുനിന്നത്. ഗുരുവച്ചന്റെ ജീവിതമായിരുന്നു അവരുടെ മുന്നിലെ തുറന്ന പാഠപുസ്തകം. കാരണം ബഥാന്യൻആദ്ധ്യാത്മികതയുടെ നിറകുട മായിരുന്നു യാക്കോബച്ചൻ. ബഥനിയുടെ 'ഗുരുവച്ചൻ' എന്നാണദ്ദേഹം പിന്നീട് പരക്കെ അറിയപ്പെട്ടിരുന്നത്.

**ബഥനിയുടെ എപ്പിസ്കോപ്പ**

തത്ക്കാല വ്രതകാലവും നിത്യവ്രതകാലവും ശ്രേഷ്ഠമായി പൂർത്തിയാക്കിയ യാക്കോബച്ചനെ 'മഹദ്വ്രതം' സ്വീകരിക്കുവാൻ ബഥനിയുടെ പൊതുസംഘം തീരുമാനിക്കുകയും, 1927 ഡിസംബർ 12-ാം തീയതി അച്ചൻ മഹദ്വ്രതം സ്വീകരിക്കുകയും ചെയ്തു. പൗരസ്ത്യ പാരമ്പര്യപ്രകാരം മഹദ്വ്രത സ്വീകരണത്തോടെ ഒരു സന്യാസി റമ്പാൻപദവിയിലേക്കു പ്രവേശിക്കുകയാണ്. പിന്നീടദ്ദേഹം യാക്കോബ്

www.malankaralibrary.com



റമ്പാൻ എന്നാണറിയപ്പെട്ടത്. 1928 നവംബർ 29 ന് കൂടിയ സഭയുടെ എപ്പിസ്കോപ്പൽ സൂന്നഹദോസ്, അന്ന് ബഥനിയുടെ എപ്പിസ്കോപ്പ ആയിരുന്ന മാർ ഈവാനിയോസ് തിരുമേനിയെ ബഥനിയുടെ മെത്രാപ്പോലിത്തയായും, യാക്കോബ് റമ്പാച്ചനെ ബഥനിയുടെ എപ്പിസ്കോപ്പയായും വാഴിക്കാൻ തീരുമാനിച്ചു. അതിൻപ്രകാരം 1929 ഫെബ്രുവരി 14-ാം തീയതി അദ്ദേഹത്തെ യാക്കോബ് മാർ തെയോഫിലോസ് എന്ന നാമത്തിൽ ബഥനിയുടെ എപ്പിസ്കോപ്പയായി വാഴിച്ചു. എപ്പിസ്കോപ്പ സ്ഥാനത്തേക്കുയർത്തപ്പെട്ട കൊച്ചുതിരുമേനിയെ മാർ ഈവാനിയോസ് മെത്രാപ്പോലിത്ത അന്നു നിലവിലുണ്ടായിരുന്ന ബഥനിപ്പള്ളികളുടെ ചുമതലയേല്പിച്ചു. ആശ്രമ ചാപ്പൽ കൂടാതെ 13 പള്ളികൾ നിർമ്മിച്ച് വിശ്വാസികൾക്കായി തുറന്നിട്ടിരുന്നു. കൂടാതെ 15 സ്ഥലങ്ങളിൽ പള്ളികൾക്കാവശ്യമായ വസ്തു വാങ്ങിയിട്ടിരുന്നു. ബഥനി പള്ളികളുടെ ചുമതലയേറ്റെടുത്ത പിതാവ് തന്റെ താമസം ക്രമേണ തിരുവല്ലായിലേക്കു മാറ്റി. തിരുവല്ല ടൗണിൽ കച്ചേരിപ്പറമ്പിനടുത്തായി ഉണ്ടായിരുന്ന ബഥനി പള്ളിയോടനുബന്ധിച്ചുള്ള ഒരു ചെറിയ മുറിയിലാണ് പിതാവ് താമസിച്ചിരുന്നത്. അവിടെ ബഥനി പ്രസ്സും ഉണ്ടായിരുന്നു. ഒരു ഭദ്രാസന മന്ദിരം അവിടെ പണികഴിപ്പിക്കാനുദ്യമിച്ചെങ്കിലും അതു പൂർത്തിയാക്കാൻ സാധിച്ചില്ല. ബഥനിപ്പള്ളികളുടെ ചുമതലയേറ്റ തെയോഫിലോസ് പിതാവ് ഈ പള്ളികൾ സന്ദർശിക്കുകയും എല്ലാ പള്ളികളിലും ആരാധനകൾ ഭംഗിയായി നടത്താൻ വേണ്ട ക്രമീകരണം ചെയ്തു കൊടുക്കുകയും ചെയ്തു. ബഥനിപ്പള്ളികളിലൂടെ വിശ്വാസികളുടെ ആത്മീയ ചൈതന്യവും ഉണർവ്വും വർദ്ധിക്കുവാനിടയായി. കൊച്ചുതിരുമേനിയുടെ ജീവിതപരിശുദ്ധിയും സൽഗുണങ്ങളും ജനങ്ങളിൽ വലിയ മതിപ്പുളവാക്കി. അദ്ദേഹം അർപ്പിക്കുന്ന വി. കുർബാനകളിൽ പങ്കുചേരുക, നല്കുന്ന ഉപദേശങ്ങൾ സ്വീകരിക്കുക, അദ്ദേഹത്തിന്റെയടുക്കൽ കുമ്പസാരിക്കുക, തലയിൽ കൈവച്ച് പിതാവിന്റെ അനുഗ്രഹങ്ങൾ പ്രാപിക്കുക ഇവയെല്ലാം പതിവായിരുന്നു. ആരോടും കോപിക്കാതെ, ആരെയും ഭഗ്നാശരാ ക്കാതെ പുഞ്ചിരി തൂകുന്ന മുഖഭാവ ത്തോടെ അവരെയെല്ലാം പിതാവ് സ്വീകരിച്ചുപോന്നു. ബഥനിപ്പള്ളിയുമായി ബന്ധപ്പെട്ടവർക്കെല്ലാം പിതാവ് ആശ്വാസ ദായകനായിരുന്നു, അനുഗ്രഹദായകനാ യിരുന്നു.

പരി. ദൈവമാതാവിന്റെ വലിയ ഭക്തനായിരുന്ന പിതാവ് തന്റെ ചുമതലയിലുള്ള ഈ പള്ളികളിൽ മാതാവിനോടുള്ള ഭക്തി വർദ്ധിപ്പിക്കു

www.malankaralibrary.com



വാനും പരിപോഷിപ്പിക്കുവാനും ബദ്ധശ്ര ദ്ധനായിരുന്നു. 'മർത്തമറിയാംസംഘം' എന്ന ഭക്തസംഘടന പള്ളികളിൽ സ്ഥാപിച്ച് അതിനുവേണ്ടി പരിശ്രമിച്ചു. കുട്ടികളെ വേദപാഠവും ആരാധനഗീത ങ്ങളും പഠിപ്പിക്കാൻവേണ്ടി ക്രമീകരണ ങ്ങളുണ്ടായിരുന്നു. ചെറിയ തോതിലുള്ള ഓഫീസ് സംവിധാനവും പള്ളികൾക്കു ണ്ടായിരുന്നു. ബഥനിപ്പള്ളികളിലൂടെ തീഷ്ണമായ പ്രേഷിതപ്രവർത്തന ങ്ങളിലേർപ്പെട്ടിരുന്ന പിതാവിനെപ്പറ്റി മാർ ഈവാനിയോസ് പിതാവ് ഇപ്രകാരം പറഞ്ഞിട്ടുണ്ട്: "പ്രകൃത്യാ സൗമ്യശീലനും വിനീതബുദ്ധിയും ഏതു കാര്യത്തിലും നമ്മോടൊന്നിച്ച് സഹകരിപ്പാനും ബുദ്ധിമുട്ടുവാനും സന്നദ്ധനുമായി കാണപ്പെട്ട അദ്ദേഹം പില്ക്കാലത്ത് നമ്മുടെ കൂട്ടുവേലക്കാരനായിക്കൊണ്ട് എപ്പിസ്കോപ്പാ പദത്തിൽ ഉയർത്തപ്പെടാൻ ഇടയായതിൽ ദൈവം നമ്മോടു ചെയ്ത ആനുകൂല്യവും കൃപയും അപരിമേയമെന്നേ പറയുവാനുള്ളൂ".

**പുനരൈക്യ ധീരനായകൻ**

പെരുനാട് ബഥനി ആശ്രമത്തിലായിരുന്നുകൊണ്ട് മാർ ഈവാനിയോസ് പിതാവ് കത്തോലിക്കാസഭയുമായുള്ള പുനരൈക്യത്തെപ്പറ്റി തപസ്സിന്റെയും പ്രാർത്ഥനയുടെയും അന്തരീക്ഷത്തിൽ കൂടുതലായി ചിന്തിക്കുകയും തന്റെ ബോദ്ധ്യങ്ങൾ ആഴപ്പെടുത്തുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിരുന്നു. പിതാവ് തന്റെ ഈ ചിന്തകളും ബോദ്ധ്യങ്ങളും തീരുമാനങ്ങളും മറ്റ് ആശ്രമാംഗങ്ങളുമായി പങ്കുവയ്ക്കുകയും ചെയ്തിരുന്നു. തന്റെ എല്ലാമായ ഗുരുനാഥന്റെ ഈദൃശ നീക്കങ്ങളുടെ പൊരുൾ പൂർണ്ണമായി മനസ്സിലാക്കിയ തെയോഫിലോസ് പിതാവ് കത്തോലിക്കാസഭയുമായുള്ള പുനരൈക്യം തന്റെയും ജീവിതാഭിലാഷമാക്കി മാറ്റുകയും വലിയ തിരുമേനിക്ക് പൂർണ്ണ പിന്തുണ നല്കി തന്നെത്തന്നെ ഒരുക്കുകയും ചെയ്തിരുന്നു. ഈ വിഷയത്തിൽ അദ്ദേഹം കാണിച്ച ഊർജ്ജസ്വലത മറ്റുള്ളവർക്കും ധൈര്യം പകർന്നു. 1930 ആഗസ്റ്റ് 20-ാം തീയതി തങ്ങളുടെ സർവ്വസ്വവുമായിരുന്ന ബഥനിമലയും ആശ്രമവും ഉപേക്ഷിച്ചിറങ്ങുന്ന ആത്മസംഘർഷത്തിന്റെയും മനോവ്യഥയുടെയും വേളയിൽ മാർ ഈവാനിയോസ് പിതാവിന്റെ പിന്നിൽ ശാന്തനായി, സൗമ്യനായി, ധീരനായി ഉറച്ചുനിന്ന കൊച്ചുതിരുമേനി ആത്മധൈര്യം പകരുന്ന വലിയ വിലപ്പെട്ട പ്രചോദക സാന്നിദ്ധ്യമായിരുന്നു.

1930 സെപ്റ്റംബർ 20-ാം തീയതി പരിശുദ്ധ സിംഹാസനത്തിൽനിന്നുള്ള തീരുമാനം അനുസരിച്ച് മാർ

www.malankaralibrary.com



ഈവാനിയോസ് തിരുമേനിയും തെയോഫിലോസ് എപ്പിസ്കോപ്പായും മറ്റുമൂന്നുപേരും കൊല്ലം അരമനയിൽ ബെൻസിഗർ തിരുമേനിയുടെ മുൻപാകെ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. സംഭവബഹുലമായ ഈ കാലയളവിലെല്ലാം ഗുരുവും ശിഷ്യനും ഒന്നിച്ചുനിന്നു. തന്റെ വിശ്വസ്ത ശിഷ്യന്റെ സഹായവും സഹകരണവും പിതാവിന് വലിയ ആശ്വാസം പകർന്നു. ചരിത്രത്തിലിടം പിടിച്ച ഈ കത്തോലിക്ക പുനരൈക്യത്തിനുശേഷം അവർ രണ്ടുപേരും ഒരുമിച്ചാണ് മറ്റുള്ളവരുടെ പുനരൈക്യത്തിനുവേണ്ടി പ്രയത്നിച്ചത്. വെല്ലുവിളികളും ഭീഷണികളും ശത്രുതകളും എതിർപ്പുകളും ജീവാപായങ്ങളും എല്ലാം സധൈര്യം നേരിടുവാൻ ഇവരുടെ പരസ്പര ബന്ധം ഏറെ സഹായിച്ചു. കത്തോലിക്കാസഭയുമായുള്ള പുനരൈക്യം നടന്നു കഴിഞ്ഞപ്പോൾ തിരുവല്ലയിലെ ബഥനിപ്പള്ളിയും അതോടുചേർന്നു പണികഴിപ്പിച്ചു കൊണ്ടിരുന്ന അരമനയും ഉപേക്ഷിക്കേണ്ടിവന്നു. പകരം തിരുവല്ലയിൽത്തന്നെ മറ്റൊരു കൊച്ചുവീട് വാടകയ്ക്കുവാങ്ങി അതിൽ താമസം ആരംഭിച്ചു. ആരാധനയ്ക്കായി ആ വീടിനു സമീപം ഒരു പറമ്പ് പാട്ടത്തിനായി എടുത്ത് പരമ്പുകൊണ്ട് കെട്ടിമറച്ച ഷെഡ് ഉണ്ടാക്കി ഉപയോഗിച്ചു. ഈ സ്ഥലത്താണ് ഇപ്പോഴത്തെ സെന്റ് ജോൺസ് കത്തീഡ്രൽ ദേവാലയം സ്ഥിതി ചെയ്യുന്നത്.

**തിരുവല്ലയുടെ പ്രഥമ മെത്രാപ്പോലിത്ത**

പുനരൈക്യ പ്രസ്ഥാനത്തോടെ രൂപംകൊണ്ട മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ തിരുവനന്തപുരം അതിഭദ്രാസനവും തിരുവല്ല ഭദ്രാസനവും ഉൾക്കൊള്ളിച്ചുള്ള മലങ്കര സുറിയാനി കത്തോലിക്കാസഭ ഹൈരാർക്കി 1932 ജൂൺ 11-ാം തീയതി സ്ഥാപിതമായി. 1933 നവംബർ 6-ാം തീയതി തിങ്കളാഴ്ച തിരുവല്ല ഭദ്രാസനത്തിന്റെ പ്രഥമ അദ്ധ്യക്ഷ നായി അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് എപ്പിസ്കോപ്പ സ്ഥാനാരോഹണം ചെയ്തു. താപസജീവിതം ആശ്ലേഷിച്ച തിരുമേനിയുടെ മെത്രാസന മന്ദിരം ഒരു ഹൈന്ദവ സ്നേഹിതൻ നല്കിയ വാടക വീടായിരുന്നു. ഒരു മെത്രാപ്പോലിത്തയെന്ന നിലയിൽ ഒരു സെക്രട്ടറിയോ, കൂടെ താമസിച്ചു സഹായിക്കാൻ ഒരു വൈദികനോ ഉണ്ടായിരുന്നില്ല. ഒരു സാധാരണ വൈദികനെപ്പോലെ തന്റെ മുഴുവൻ ജോലികളും പിതാവ് തന്നെ ചെയ്തുപോന്നു. അടുത്തുള്ള ചാപ്പലിൽ വി. കുർബാന അർപ്പിച്ചിരുന്നു. പാട്ടസ്ഥലമായി വാങ്ങിയ വസ്തുവിന്റെ പാട്ട കാലാവധി കഴിയുന്നതിനു മുൻപുതന്നെ ആ സ്ഥലം വിലയ്ക്കു വാങ്ങി സാമാന്യം വലിയൊരു പള്ളി അവിടെ പണികഴിപ്പിച്ചു. അതാണ്

www.malankaralibrary.com



രൂപതയുടെ ആദ്യത്തെ കത്തീഡ്രൽ പള്ളി. പിതാവിന്റെ സിംഹാസനാരോഹണം അവിടെയാണ് നടത്തിയത്. പിതാവ് കാലം ചെയ്തശേഷം കബറടക്കിയതും ഇവിടെയാണ്. വാടകവീട്ടിൽ താമസിച്ചിരുന്ന പിതാവ് അരമനയ്ക്കായി ഒരു സ്ഥലം അന്വേഷിച്ചിരുന്നു. ആ അവസരത്തിൽ രൂപതയിലേക്ക് ശുശ്രൂഷയ്ക്കായി കടന്നുവന്ന ബഥനി ആശ്രമസ്ഥൻ ബ. ഗീവറുഗീസ് അച്ചന്റെ സഹായത്തോടെ ഇന്ന് പുഷ്പഗിരി മെഡിക്കൽ കോളേജ് ഇരിക്കുന്ന സ്ഥലം കണ്ടുപിടിച്ചു. ആ സ്ഥലം പിതാവ് രൂപതയ്ക്കുവേണ്ടി വാങ്ങിച്ചു. 'ചെറുപുഷ്പഗിരി' (Little Flower Mount) എന്ന പേരാണ് പിതാവ് പുതിയ സ്ഥലത്തിനു നല്കിയത്. പിതാവ് ഇതിനകം ലിസ്യുവിലെ വി. കൊച്ചുത്രേസ്യയുടെ വലിയൊരു ഭക്തനായി മാറിയിരുന്നു. വിശുദ്ധയുടെ ആദ്ധ്യാത്മിക ശിശുത്വം, സ്വർഗ്ഗത്തിലേക്കുള്ള കുറുക്കുവഴികൾ, സഹനജീവിതം, പ്രേഷിത തീഷ്ണത ഇവയെല്ലാം പിതാവിന്റെ പ്രിയപ്പെട്ട ആദർശങ്ങളായിരുന്നു. ആഴമേറിയ ആ സ്നേഹബന്ധത്തിന്റെയും ഭക്തിയുടെയും അടയാളമായിട്ടാണ് അരമനയ്ക്കായി വാങ്ങിയ സ്ഥലത്തിന് 'ചെറുപുഷ്പഗിരി' എന്ന പേര് നല്കിയത്. അരമന നിർമ്മാണത്തിനായി അവിടെ സ്ഥാപിച്ച അടിസ്ഥാന ശിലയിൽ കുരിശിനോടൊപ്പം വി. കൊച്ചുത്രേസ്യയുടെ ഒരു കാശുരൂപവും വച്ചിരുന്നു. വിശുദ്ധയെ ഭദ്രാസനത്തിന്റെ മദ്ധ്യസ്ഥരിലൊരാളായി സ്വീകരിക്കുകയും ചെയ്തു.

1933 ൽ പിതാവ് വിദേശ പര്യടനം നടത്തി. ആദ്യം റോമിലെത്തിയ പിതാവ് പതിനൊന്നാം പീയൂസ് മാർപാപ്പാ, പൗരസ്ത്യ തിരുസംഘത്തിന്റെ സെക്രട്ടറി, മറ്റു കർദ്ദിനാളന്മാർ എന്നിവരെയും, വി. പത്രോസിന്റെ ദേവാലയം, മറ്റു പുണ്യസ്ഥലങ്ങൾ എന്നിവ സന്ദർശിച്ചു. തുടർന്ന് പരിശുദ്ധ ദൈവമാതാവിന്റെ തീർത്ഥാടന കേന്ദ്രമായ ലൂർദ്ദും, വി. കൊച്ചുത്രേസ്യ ജീവിച്ച മഠം സ്ഥിതി ചെയ്യുന്ന ലിസ്യുവും ഫ്രാൻസിലെ മറ്റു സ്ഥലങ്ങളും, ഇംഗ്ലണ്ട്, അയർലണ്ട് എന്നീ രാജ്യങ്ങളും സന്ദർശിച്ചു. ഈ സന്ദർശനങ്ങളെല്ലാം ജീവിതത്തിലെ വലിയൊരനുഭവമായി പിതാവ് കണക്കാക്കിയിരുന്നു. നാലുമാസം കഴിഞ്ഞ് നാട്ടിൽ തിരിച്ചെത്തി അരമനയുടെ പണികൾ പൂർത്തിയാക്കി. 1934 നവംബർ 24-ാം തീയതി കൂദാശ ചെയ്ത് വാടകവീട്ടിൽനിന്ന് അവിടേക്കു താമസം മാറ്റി. അങ്ങനെ രൂപതയുടെ എല്ലാക്കാര്യങ്ങളുടെയും കേന്ദ്രമായി പുതിയ അരമന മാറി. പുതിയ രൂപതയുടെ പ്രഥമ മെത്രാപ്പോലിത്ത എന്ന നിലയിൽ രൂപതയുടെ കെട്ടുപണിക്കും

www.malankaralibrary.com



വേഗമാർന്ന വളർച്ചയ്ക്കും വിശ്വസ്തനും വിവേകിയുമായ ഭൃത്യനെപ്പോലെ പിതാവു പ്രവർത്തിച്ചു. ഇക്കാലയളവിൽ അനേകം പേർ മാനസാന്തരപ്പെട്ട് സുവിശേഷം സ്വീകരിച്ചു. മറ്റനേകംപേർ പുനരൈക്യപ്പെട്ട് സാർവ്വത്രികസഭാ കൂട്ടായ്മയിലേക്കു കടന്നുവന്നു. പുനരൈക്യ പ്രസ്ഥാനത്തിന്റെ പുരോഗതിക്ക് ആവശ്യ മായവയെല്ലാം അടിയന്തിരമായി പിതാവ് ചെയ്തുകൊണ്ടിരുന്നു. ഈ സാഹചര്യങ്ങളിൽ രൂപതാഭരണം കൂടുതൽ മെച്ചവും ഊർജ്ജസ്വലവുമാക്കാൻ കഠിനമായി പരിശ്രമിച്ചു. തന്നെ ഏല്പിച്ച ദൈവജനത്തോട് വിശ്വസ്തനായിരുന്ന ആ ഇടയശ്രേഷ്ഠൻ അവർക്കാവശ്യമായവ എല്ലാം നിറവേറ്റിക്കൊടുത്തു.

തിരുവല്ല രൂപതയുടെ സുഗമമായ ഭരണത്തിനാവശ്യമായ ഭരണകേന്ദ്രം, കാനൻ നിയമാനുസൃതമായ ഭരണ സംവിധാനങ്ങൾ, രൂപതാക്കച്ചേരി, രൂപതാഭരണ നിയമാവലി, ഭാവി വൈദികരുടെ പരിശീലനത്തിനായുള്ള മൈനർ സെമിനാരി, രൂപതയിൽ പ്രേഷിത പ്രവർത്തനം ചെയ്യുവാൻ സന്യസ്തരുടെ സഹായം ലഭ്യമാക്കുന്നതിന് ബഥനി ആശ്രമം, ബഥനി മഠം ഇവയെല്ലാം ദീർഘവീക്ഷണത്തോടെ ഉപയുക്തമാക്കി. അതുപോലെ രൂപതയിലെ ദൈവജനത്തിനാവശ്യമായ ദേവാലയങ്ങൾ, സെമിത്തേരികൾ, ഇടവകകൾക്കാവശ്യമായ മാർഗ്ഗരേഖകൾ, ഉപദേശങ്ങൾ, ഇടയലേഖനങ്ങൾ ഇവയെല്ലാം യഥാവിധി നല്കിക്കൊണ്ടിരുന്നു. ''വിശ്വാസസാക്ഷ്യസംഘം'' എന്ന അത്മായസംഘടനയിലൂടെ ജനങ്ങളെ കത്തോലിക്കാവിശ്വാസത്തിൽ പ്രബുദ്ധരാക്കി. വിശ്വാസിഗണത്തിന് പൗരോഹിത്യശുശ്രൂഷ വേണ്ടവിധം ലഭിക്കുവാൻ വൈദികരെ ആവശ്യാനുസരണം നിയമിച്ചു നല്കി. സാമൂഹികക്ഷേമ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവരെയും പാർശ്വവത്ക്കരിക്കപ്പെട്ടവരെയും അവശത അനുഭവിക്കുന്നവരെയും സ്നേഹക്കൂട്ടായ്മയിലേക്കും സഭാകൂട്ടായ്മയി ലേക്കും കൊണ്ടുവന്നു ശുശ്രൂഷിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചു. അക്കാല ത്തുതന്നെ രൂപതയ്ക്കുണ്ടായിരുന്ന പ്രിന്റിംഗ് പ്രസ്സ് വഴി ധാരാളം സദ്ഗ്രന്ഥങ്ങളും ആരാധനാധിഷ്ഠിതമായ പുസ്തകങ്ങളും മുദ്രണം ചെയ്തു ജനങ്ങളിലെത്തിച്ചിരുന്നു. ഇപ്രകാരം രൂപതാ സംബന്ധമായ കാര്യങ്ങളെല്ലാം ദീർഘവീക്ഷണത്തോടും നേതൃപാടവത്തോടും നടത്തിപ്പോന്നു. അതുവഴി തന്നോടൊപ്പമുണ്ടായിരുന്ന ജനങ്ങളിൽ ആത്മീയ ഉണർവ്വും ഉത്തേജനവും ഉളവാക്കി, ഉത്തമ ഇടയനായി അവരെ നയിച്ചു. പുനരൈക്യ പ്രസ്ഥാനത്തിനും തിരുവല്ല രൂപതയ്ക്കുംവേണ്ടി ഈ കാര്യങ്ങളെല്ലാം നേടിയെടുക്കാൻ പിതാവ് സഹിക്കേണ്ടി വന്ന

www.malankaralibrary.com



ത്യാഗങ്ങളും എതിർപ്പുകളും ഭീഷണികളും വെല്ലുവിളികളും കഷ്ടനഷ്ടങ്ങളും നിരവധിയാണ്. അവയെല്ലാം ധീരമായും വിശ്വാസത്തിന്റെ വെളിച്ചത്തിലും സമചിത്തതയോടും സമർപ്പണ ബോധത്തോടും പിതാവ് നേരിട്ടു. സ്വന്ത ആടുകൾക്കുവേണ്ടി ജീവൻ കൊടുക്കാൻ തയ്യാറായ നല്ല ഇടയന്റെ ദൃഷ്ടാന്തമായിരുന്നു എപ്പോഴും തന്റെ മുന്നിലുണ്ടായിരുന്നത്.

**രോഗാവസ്ഥയും മരണവും**

പുനരൈക്യപ്രസ്ഥാനത്തിനും തിരുവല്ല രൂപതയ്ക്കും വേണ്ടിയുള്ള ചുരുങ്ങിയ കാലത്തെ തന്റെ ആത്മാർത്ഥമായ കഠിന പ്രയത്നങ്ങൾക്കൊടുവിൽ പിതാവിന്റെ ആരോഗ്യം ക്ഷയിച്ചു തുടങ്ങി. തന്റെ ആരോഗ്യം വീണ്ടെടുക്കുവാനായി ബാംഗ്ലൂർ സെന്റ് മാർത്താസിലും പിന്നീട് അരമനയിൽ താമസിച്ചുകൊണ്ട് വിദഗ്ദ്ധ ആയുർവേദ ചികിത്സകരായ ഒളശ്ശ വൈദ്യന്മാരുടെ മേൽനോട്ടത്തിലും പരിചരണം നല്കിക്കൊണ്ടിരുന്നു. എങ്കിലും ആരോഗ്യം പഴയതുപോലെ വീണ്ടെടുക്കുവാൻ കഴിഞ്ഞില്ല. ഭദ്രാസനഭരണം നേരിട്ടു നടത്തുവാൻ സാധിക്കാത്ത സ്ഥിതിവിശേഷമുണ്ടാവുകയും ചെയ്തു. ദീർഘനാൾ പിതാവിന്റെ രോഗാവസ്ഥ നിലനിന്നു. എങ്കിലും പിതാവ് നിരാശനോ നഷ്ടധൈര്യനോ ആയില്ല. ദൈവഹിതത്തിനു കീഴ്പ്പെട്ടു ദൈവപരിപാലനയ്ക്കു സ്വയം വിട്ടുകൊടുത്ത് തന്റെ അവസ്ഥയെ സ്നേഹപൂർവ്വം സ്വീകരിച്ചു. പ്രാർത്ഥന, ധ്യാനം, വി. കുർബാന, കൂടെക്കൂടെ ഉരുവിടുന്ന സുകൃത ജപങ്ങൾ എന്നിവയുടെ ആത്മീയാന്തരീക്ഷത്തിലാണ് പിതാവ് ഈയവസരത്തിൽ കഴിഞ്ഞുകൂടിയത്. വി. കൊച്ചുത്രേസ്യായുടെ സഹനമാർഗ്ഗം പിതാവും അനുധാവനം ചെയ്തു. തന്റെ രോഗത്തെയും അതിന്റെ വേദനകളെയും അസ്വസ്ഥതകളെയും പുനരൈക്യപ്രസ്ഥാനത്തിനും തിരുവല്ല ഭദ്രാസനത്തിന്റെ നാനാവിധമായ വളർച്ചയ്ക്കുമായി കാഴ്ച വച്ചു. പിതാവിന്റെ സഹനസമർപ്പണമാണ് ഭദ്രാസനത്തിന്റെ മൂലധനം. രോഗം വർദ്ധിച്ച സാഹചര്യത്തിൽ പിതാവിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവിടെ കൂടിയിരുന്ന മറ്റു പിതാക്കന്മാരുടെയും വൈദികരുടെയും സന്യസ്ഥരുടെയും വിശ്വാസികളുടെയും പ്രാർത്ഥനാനിരതമായ സാന്നിദ്ധ്യത്തിലും അന്തരീക്ഷത്തിലും 1956 ജൂൺ 27–ാം തീയതി ദൈവസന്നിധിയിലേക്ക് യാത്രയായി.

www.malankaralibrary.com



**ജീവിക്കുന്ന വിശുദ്ധൻ**

ചെല്ലുന്നിടത്തെല്ലാം, വിദേശരാജ്യങ്ങളിൽപോലും, 'ജീവിക്കുന്ന വിശുദ്ധൻ', 'ദൈവികമനുഷ്യൻ' , 'മാലാഖയ്ക്കടുത്ത മനുഷ്യൻ' എന്നീ സവിശേഷ നാമങ്ങളിലാണ് പിതാവ് അറിയപ്പെട്ടിരുന്നത്. തെയോഫിലോസ് എന്ന പേരിന്റെ അർത്ഥംതന്നെ 'ദൈവഭക്തൻ' എന്നാണ്. ഈ പേര് തികച്ചും അന്വർത്ഥമാക്കിക്കൊണ്ടുള്ള ജീവിതമാണ് പിതാവ് നയിച്ചത്. വിശുദ്ധിയുടെ പരിവേഷം ആ ജീവിതത്തെ എപ്പോഴും എവിടെയും വലയം ചെയ്തിരുന്നു. പിതാവിനോട് ഇടപെടുന്നവർക്കെല്ലാം വിശുദ്ധിയുടെ പുണ്യപരിമളം വീശുന്ന സാന്നിദ്ധ്യം അനുഭവവേദ്യമായിരുന്നു. തന്റെ പ്രതിയോഗികളിൽപ്പോലും ആദരവും ഭക്തിയും ജനിപ്പിക്കുന്ന ധാർമ്മിക ശക്തി പിതാവിൽനിന്നു പുറപ്പെട്ടിരുന്നു.

തന്റെ ഗുരുഭൂതനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിൽനിന്നു ലഭിച്ച 'ദൈവസേവനത്തേക്കാൾ അത്യുത്തമം ദൈവസമ്പാദനം' എന്ന ദിവ്യോക്തിയുടെ ഉൾപ്പൊരുൾ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ദൈവാനുഭവം നിറഞ്ഞ ജീവിതം നയിക്കാനാണ് തെയോഫിലോസ് പിതാവ് ആഗ്രഹിച്ചതും പരിശ്രമിച്ചതും. ആഴമേറിയ ഈ ദൈവാനുഭവത്തെ കൈമുതലാക്കി തന്റെ ജീവിതാനുഭവങ്ങളെ ദൈവികമായ മാനദണ്ഡങ്ങളിലൂടെ കാണുവാനും വിലയിരുത്തുവാനും സ്വീകരിക്കുവാനും ആ ദൈവമനുഷ്യൻ ശ്രദ്ധിച്ചിരുന്നു. ജീവിതത്തിലെ എല്ലാ സംഭവങ്ങളെയും അനുഭവങ്ങളെയുംപറ്റി അവ അനുകൂലമായാലും പ്രതികൂലമായാലും, പിതാവ് ദൈവികമായി ധ്യാനിച്ചു, അവയോടു പ്രതികരിച്ചു. തന്റെ ജീവിതകാലംതന്നെ ഒരു ധ്യാനവേളയായിരുന്നു. ജീവിതത്തിലെ വെല്ലുവിളികളുടെയും മനക്ലേശങ്ങളുടെയും മദ്ധ്യത്തിൽ, "എല്ലാം ശുഭമായിത്തീരാൻ പ്രാർത്ഥിക്കൂ മക്കളെ" എന്നാണ് അദ്ദേഹം എപ്പോഴും പ്രതികരിച്ചുകൊണ്ടിരുന്നത്. ദൈവപരിപാലനയിലും ദൈവിക നടത്തിപ്പിലുള്ള വിശ്വാസത്തിനാണ് പിതാവ് തന്റെ ജീവിതത്തിൽ സ്ഥാനം നല്കിയത്. പിതാവിനെ രോഗശയ്യയിൽ ശുശ്രൂഷിച്ച ഒരു ആയുർവേദ ഡോക്ടർ ശങ്കരപ്പണിക്കരുടെ സാക്ഷ്യം ശ്രീ. ജോർജ് ഇരുമേട സാർ വെളിപ്പെടുത്തിയത് ഇത്തരുണത്തിൽ ഓർക്കുകയാണ്. സാധാരണ മനുഷ്യരുടെ മുമ്പിൽ അദ്ദേഹം ഒരു രോഗിയാണെങ്കിലും എനിക്കു മനസ്സിലാക്കാവുന്നിടത്തോളം അദ്ദേഹമൊരു പുണ്യ പുരുഷനാണ്. അദ്ദേഹമെപ്പോഴും ദൈവത്തോടു സമ്പർക്കം പുലർത്തിക്കൊണ്ട് ഒരു പ്രത്യേക ലോകത്തിൽ എന്നവണ്ണം ജീവിക്കുന്നു. ദൈവവുമായുള്ള ഈ ധ്യാനബന്ധത്തിനു കോട്ടം വരത്തക്കവിധത്തിൽ

www.malankaralibrary.com



ആരെങ്കിലും അദ്ദേഹത്തെ സമീപിച്ചാൽ അദ്ദേഹം അസ്വസ്ഥനാകും എന്നേയുള്ളൂ. പ്രാർത്ഥനാനിരതനായി ഈശ്വരസാന്നിദ്ധ്യത്തിൽ അങ്ങേയറ്റം ആഹ്ലാദിച്ചു കഴിയുന്ന ഈ വന്ദ്യ തിരുമേനിയെപ്പറ്റി അദ്ദേഹത്തിന്റെ കാലശേഷം ഭരണങ്ങാനത്തെ അൽഫോൻസായെപ്പോലെ നിങ്ങൾ ബോദ്ധ്യപ്പെട്ടുകൊള്ളും. പിതാവിന്റെ ദൈവവുമായുള്ള ബന്ധത്തിന്റെ തീവ്രാനുഭവം, മിസ്റ്റിക്കൽ അനുഭവമാണ് ആ ഹൈന്ദവ സഹോദരൻ വെളിപ്പെടുത്തിയത്.

തെയോഫിലോസ് പിതാവിന്റെ ജീവിതവിശുദ്ധിയുടെ മറ്റൊരു തെളിവാർന്ന പ്രതിഫലനമായിരുന്നു പിതാവിന്റെ ആരാധനക്രമാധിഷ്ഠിത ജീവിതം. അന്ത്യോക്യൻ സുറിയാനി ആരാധനക്രമത്തിന്റെ മഹത്തായ വക്താവും ഉപാസകനുമായിരുന്നു പിതാവ്. ഈ ആരാധനക്രമം അതിന്റെ പൂർണ്ണതയിൽ ഏറ്റം ഭക്തി നിർഭരമായി അനുഷ്ഠിക്കുന്നതിലും അതിന്റെ പവിത്രത കാത്തുസൂക്ഷിക്കുന്നതിലും അതു വിശ്വാസികളുടെയിടയിൽ പ്രചരിപ്പിക്കുന്നതിലും പിതാവ് അതീവ ശ്രദ്ധാലുവായിരുന്നു. തന്റെ ആത്മീയ ജീവിതത്തെ സമ്പുഷ്ടമാക്കുന്ന ഒരു ശക്തിയായിട്ടാണ് പിതാവ് ആരാധനക്രമാനുഷ്ഠാനങ്ങളെ കണ്ടിരുന്നത്. പിതാവിന്റെ സ്വതസിദ്ധമായ സ്വരമാധുരിയും ഗാനപാടവവും അതിൽ പങ്കുചേരുന്നവർക്ക് ആത്മീയാനുഭൂതി പ്രദാനം ചെയ്തു. പെരുന്നാട് ആശ്രമത്തിലും പിന്നീട് തിരുവല്ലായിലുമെല്ലാം പിതാവിന്റെ ആരാധന ശുശ്രൂഷകളിൽ പങ്കെടുക്കാൻ ധാരാളമാളുകൾ വന്നു കൂടുമായിരുന്നു.

ലൗകായികത്വത്തിന്റെയും സ്ഥാപനവത്ക്കരണത്തിന്റെയും അധികാര ഭ്രമത്തതയുടെയും മാനദണ്ഡങ്ങളാൽ അളക്കപ്പെടുന്ന ഒരു കാലയളവിൽ പിതാവിനെ അസാധാരണനായ ഒരു ഭരണതന്ത്രജ്ഞനോ കുറെ പ്രമുഖ സ്ഥാപനങ്ങളുടെ സ്ഥാപകനോ ഒക്കെയായി ഇന്നത്തെ തലമുറയിൽ ഓർക്കപ്പെട്ടെന്നു വരികയില്ല. എന്നാൽ താൻ സന്യാസത്തിലൂടെ ആർജ്ജിച്ചതും ജീവിതത്തിലുടനീളം കാത്തുസൂക്ഷിച്ചതുമായ കഠിന തപസ്സിന്റെയും തീഷ്ണമായ പ്രാർത്ഥനയുടെയും ജീവിതലാളിത്യ ത്തിന്റെയും ജീവിത വിശുദ്ധിയുടെയും അമൂല്യരത്നങ്ങൾ നമുക്കു മാർഗ്ഗദർശകമായി ഒളിമങ്ങാതെ ഇന്നും നിലനില്ക്കുന്നുണ്ട്. എല്ലാറ്റിനെയും ദൈവോന്മുഖമായി കാണുവാനും സ്വീകരിക്കുവാനും ത്യാഗോജ്ജ്വലമായി ശ്രമിച്ച ഒരു യോഗീവര്യൻ, ദൈവമനുഷ്യൻ എന്ന അനുപമമായ പദവി ഈ പുണ്യതാതന് മലങ്കരസഭയുടെ ചരിത്രത്തിൽ എന്നുമുണ്ടാകും. ദൈവപരിപാലനയിലുള്ള അടിയുറച്ച വിശ്വാസവും അചഞ്ചലമായ

www.malankaralibrary.com



ദൈവശരണവും കൈമുതലാക്കി വളർത്തിയെടുത്ത തിരുവല്ല അതിഭദ്രാസനം പുണ്യശ്ലോകന്റെ ജീവിത വിശുദ്ധിയാൽ മുദ്രിതമാക്കപ്പെട്ട അടിസ്ഥാനത്തിന്മേലാണ് ഉറപ്പിക്കപ്പെട്ടിരിക്കുന്നത്. അതിനു നാമെല്ലാം ആ പുണ്യതാതനോട് എന്നും കടപ്പെട്ടവരാകണം.

(ഐക്യദീപം 2021 ജൂൺ - ജൂലൈ പേജ് 22)

www.malankaralibrary.com



# പുണ്യപ്രഭാവനും താപസവരേണ്യനുമായ പിതാവ്



**ഫാ. ഡോ. ജയിംസ് മാമ്മൂട്ടിൽ ഒ. ഐ. സി.**

"നാം ദൈവസുതന്മാരാവാ
നായുഷ്ക്കലത്തിൽ ചൊല്ലി
ത്തന്നത്താതരെയോർക്കേണം
നയവാന്മാർ പുണ്യപ്പെട്ടോ
രൊന്നിച്ചേകുമവർക്കാശ്വാ
സംസർഗ്ഗേപുത്രൻ ദൈവം".

ഭക്തജനസഹസ്രങ്ങളുടെ സമാദരണീയനായ ഗുരുവച്ചനായിരുന്നു, മേല്പട്ടക്കാരനാകുന്നതിന് മുമ്പുതന്നെ ബഥനിയിലെ യാക്കോബച്ചൻ. മലങ്കരസഭയിൽ മേല്പട്ടക്കാർക്ക് ജനഹൃദയങ്ങളിൽ ഉള്ള സ്ഥാനം ഒന്നു പ്രത്യേകമാണ്. പല ക്രിസ്തീയ സഭകളിലും പട്ടക്കാരുടെയും ജനങ്ങളുടെയും മേലധികാരി എന്ന നിലയിലും രൂപതകളുടെയും ഭദ്രാസനങ്ങളുടെയും ഇടവകകളുടെയും അധികാരി എന്ന നിലകളിലും മേല്പട്ടക്കാരെ പരിഗണിക്കുന്നു. മലങ്കര സഭയിൽ ഭരണാധികാരി എന്നതിനും പുറമെ ആർഷഭാരതത്തിന്റെ ചൈതന്യം ഉൾക്കൊള്ളുന്ന മഹർഷിമാരായും മേല്പട്ടക്കാർ ആദരിക്കപ്പെടുന്നു. ബ്രഹ്മചര്യവ്രതവും ഋഷികളുടെ വടിവിലുള്ള ജീവിതവും ദിനചര്യകളും ഭക്താനുഷ്ഠാനങ്ങളും പാലിക്കുന്നവരും പ്രാർത്ഥന, നോമ്പ്, ധ്യാനം, തപം, ജാഗരണം എന്നിവയാലുള്ള സിദ്ധികളോട് കൂടിയവരും ആയ രാജർഷികളായിട്ടാണ്

www.malankaralibrary.com



അവർ ബഹുമാനിക്കപ്പെടുന്നത്. അതുകൊണ്ടാണ് അവർ അനുഗ്രഹിച്ചാൽ അനുഗ്രഹമാകുമെന്ന് പരക്കെ വിശ്വസിക്കപ്പെടുന്നത്.

അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് പിതാവ് അദ്ദേഹത്തിൽ വിളങ്ങിയിരുന്ന ആർഷ ചൈതന്യം മൂലം ജനഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠനേടിയ പുണ്യശ്ലോകനായിരുന്നു. തിരുവല്ല രൂപതയുടെ പ്രഥമ മെത്രാപ്പോലിത്താ എന്ന നിലയിലും അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ അവിസ്മരണീയ സംരംഭങ്ങളായ ആകമാനമലങ്കരസഭയിലെ പ്രഥമ സന്യാസസമൂഹ സ്ഥാപനം (ബഥനി ആശ്രമവും മഠവും). ഭാരതത്തിലെ പ്രഥമസഭൈക്യയത്നങ്ങളുടെ സമുത്ഘാടനം (First Ecumenical Endeavour of India) മലങ്കര കത്തോലിക്കാ സഭയുടെ രൂപീകരണം, മിഷനറി പ്രവർത്തനങ്ങളുടെ അനുപേക്ഷണിയതാപ്രഖ്യാപനം, വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ പ്രാമാണ്യത അംഗീകരിച്ചുകൊണ്ടുള്ള സഭാവീക്ഷണം പ്രായോഗികമാക്കൽ തുടങ്ങിയവയിലെല്ലാം അഭിവന്ദ്യ മാർ തെയോഫിലോസ് പിതാവ് സഹകാരിയും ഉറവവറ്റാത്ത ഉൾബലവും ആയിരുന്നു.

പരിശുദ്ധിയുടെ പ്രഭ വിതറുന്ന ഭാവങ്ങളും മായാത്ത താപസോചിതമായ പ്രസന്നഭാവവും മറയാത്ത പുഞ്ചിരിയും ആ മുഖത്തിന് പരിവേഷം ചാർത്തിയിരുന്നത് ആനന്ദത്തോടെ ഓർക്കുന്ന ഭക്തജനസഹസ്രങ്ങൾക്ക് തങ്ങളുടെ ഹൃദയങ്ങളിൽ ഇന്നും ജീവിക്കുന്ന അദ്ദേഹത്തെ മറക്കാനാവില്ല.

ദീർഘകാലം അഭിവന്ദ്യ പിതാവിന്റെ അടുത്ത സഹായിയും ഡ്രൈവറുമായിരുന്ന പരേതനായ ശ്രീമാൻ ചെറിയാൻ കാടുവെട്ടൂർ പറഞ്ഞു. എവിടെ കാർ നിർത്തിയാലും സഹായത്തിനായി കൈനീട്ടുന്നവർക്ക് എന്തെങ്കിലും കൊടുത്തുകൊള്ളുവാൻ കരുതിയിരിക്കണം എന്നത് പിതാവിന്റെ നിർബന്ധമായിരുന്നു. മറ്റവസരത്തിലും ആവശ്യവുമായി അടുത്തുവരുന്നവർ അരുമനാഥന്റെ അമ്പാസിഡറന്മാരാണെന്ന് കരുതി അവരെ പരിചരിക്കയും കഴിയുന്ന സഹായം ചെയ്തിരിക്കയും ചെയ്യണമെന്ന് അഭിവന്ദ്യ പിതാവിന് നിർബന്ധമുണ്ടായിരുന്നു. ആരേയും അവിടുന്ന് വെറും കൈയ്യായി അയച്ചിട്ടില്ല.

അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ ഒരിക്കൽ ഇപ്രകാരം പ്രസംഗിച്ചു. ''അഭിവന്ദ്യ മാർ തെയോഫിലോസ് പിതാവിന്റെ കണ്ണുനീർ വീണ് നനഞ്ഞ പുണ്യ ഭൂമിയിലാണ് മദ്ധ്യതിരുവിതാംകൂറിന്റെ അഭിമാനമായ പുഷ്പഗിരി ആശുപത്രി പടുത്തുയർത്തപ്പെട്ടിരിക്കുന്നത്''.

''തിരുവല്ല രൂപതയിലെ ഈടുറ്റ ദേവാലയങ്ങളെല്ലാം സ്ഥാപിക്കപ്പെട്ടത് മാർ തെയോഫിലോസ് പിതാവിന്റെ നേതൃത്വത്തിലാണ്'' – തിരു

www.malankaralibrary.com



വല്ല രൂപതയുടെ സെമിനാരി റെക്ടറായിരുന്ന ഫാ. മാത്യു പഞ്ഞിക്കാട്ടിൽ അനുസ്മരിപ്പിക്കുന്നു.

"കർത്താവേശുമിശിഹാ സ്ഥാപിച്ച സഭ പരി. കത്തോലിക്കാസഭയാണ്. ഭാരതത്തിൽ ഇരുപതു നൂറ്റാണ്ടുകളായി നിലനിൽക്കുന്ന സഭ കത്തോലിക്കാസഭയാണ്. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച സഭ കത്തോലിക്കാസഭയാണ്. പുത്തൻകൂറ്റുകാരുടെ അവകാശവാദങ്ങൾ അടിസ്ഥാനരഹിതങ്ങളാണ്. കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയുമായി ഐക്യപ്പെടുമ്പോഴാണ്, കത്തോലിക്കാസഭയുമായി വീണ്ടും ഐക്യപ്പെടുമ്പോഴാണ്, വേർപെട്ട സഹോദരങ്ങൾ കർത്താവേശുമിശിഹായുടെ, എല്ലാവരെയും രക്ഷിക്കുന്ന (Universal Salvific will of God) തിരുച്ചിത്തത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരിക. ഭിന്നിക്കുന്നവർ വീണ്ടും വീണ്ടും ഭിന്നിക്കുന്നു. ഐക്യമാകട്ടെ ദൈവത്തിന്റെ ദാനമത്രെ" - അഭിവന്ദ്യപിതാവ് ഉയർത്തിപ്പിടിച്ച ഈ സത്യങ്ങൾ നമുക്ക് ഏറ്റുപറയാം.

മഹർഷിവര്യൻ, തപോധനൻ, മലങ്കരയിലെ മാമുനി, നിസ്വാർത്ഥതയുടെ അവതാരം, വിനയചക്രവർത്തി, ആദ്ധ്യാത്മികതയുടെ ഉറവവറ്റാത്ത സ്രോതസ്, കാരുണ്യമൂർത്തി, ലാളിത്യത്തിന്റെ പര്യായം, തുടങ്ങിയ അഭിധാനങ്ങളെല്ലാം അന്വർത്ഥമായിരിക്കുന്ന ആ പുണ്യശ്ലോകന്റെ പ്രാർത്ഥന സഭയിലും വ്യക്തിപരമായും കുടുംബങ്ങളായും നമുക്ക് കോട്ടയായിരിക്കട്ടെ.

(ഐക്യദീപം 1986 ജൂൺ പേജ് 31)

www.malankaralibrary.com



# തപോധനനും പുണ്യശ്ലോകനുമായ അഭിവന്ദ്യ മാർ തെയോഫിലോസ് പിതാവ്

(ജൂൺ 27 ന് 29-ാം ഓർമ്മ ആചരിക്കപ്പെടുന്ന
അഭിവന്ദ്യ പിതാവിന്റെ ഒരനുസ്മരണ)

**ജെ. എം.**

ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് എന്ന ഗ്രന്ഥത്തിൽ ബഹു. തോമസ് ഇഞ്ചക്കലോടി അച്ചൻ എഴുതി: ‘‘ബഥനിയാകുന്ന യന്ത്രത്തിന്റെ നിർമ്മാതാവും സംരക്ഷകനും മാർ ഈവാനിയോസ് പിതാവായിരുന്നെങ്കിൽ ആ യന്ത്രം മുമ്പോട്ടോടുവാൻ ആവശ്യമായ എണ്ണ നല്കിക്കൊണ്ടിരുന്നത് പിന്നീട് മാർ തെയോഫിലോസ് ആയിത്തീർന്ന ബഹു. യാക്കോബച്ചൻ ആയിരുന്നുവെന്ന് നിസ്സംശയം പ്രസ്താവിക്കുന്നതിന് സാധിക്കും’’.

അഭിവന്ദ്യ മാർ തെയോഫിലോസ് പിതാവ് ബഥനിയിൽ ഗുരു അച്ചനായിരിക്കുന്ന കാലം, ഒരിക്കൽ ഇരവിപേരൂർ പള്ളിയിൽ വളരെ പ്രത്യേകമായ ഒരു കാര്യത്തിനായി വരികയുണ്ടായി. അദ്ദേഹത്തിന് രാത്രി പാർക്കുന്നതിനായി അവിടെയുള്ള സ്ക്കൂൾ അധികൃതരിൽ നിന്ന് അനുവാദം വാങ്ങി സ്ക്കൂളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്തു. അദ്ദേഹം സസന്തോഷം ആ വിനീതമായ ക്രമീകരണങ്ങളിൽ സംതൃപ്തനായി. സമയം പാതിരാത്രിയോടടുത്തു വന്ദ്യ യാക്കോബച്ചന് സഹായത്തിനായി ഒന്നുരണ്ടുപേരും ആ സ്കൂളിൽ തന്നെ കിടന്നിരുന്നു. അവരിലൊരാളെ എന്തോ കാര്യത്തിനായി വിളിക്കുന്നതിന് അവരുടെ പിതാവ് സ്ഥലത്തെത്തി. വളരെ നേരിയ ശബ്ദത്തിൽ കതകിൽ മുട്ടി. സഹായികൾ നിദ്ര

www.malankaralibrary.com



യിൽ നിന്നുണർന്നു. നോക്കിയപ്പോൾ ഗുരുവച്ചനെ കിടക്കയിൽ കാണാനില്ല. എവിടെപ്പോയി. പാതിരാത്രിസമയം. വെളിച്ചം ഇല്ല. വിളക്കുകത്തിക്കണമോ. പെട്ടെന്ന് വളരെ അകലെയല്ലാതെ മുട്ടിന്മേൽ ഇരുന്നു പ്രാർത്ഥിക്കുന്ന രൂപം എല്ലാവരുടെയും കണ്ണിൽപെട്ടു. തന്നത്താൻ മാറത്തടിച്ചുകൊണ്ട് രാത്രിയുടെ ഏകാന്തതയിൽ ഉണർന്നിരുന്ന് പ്രാർത്ഥിക്കുന്ന തപോധനൻ. "കുറവുകളുടെയും ബലഹീനതകളുടെയും പര്യായങ്ങളായ ഞങ്ങൾ ഗാഢനിദ്രയിലായിരിക്കുമ്പോൾ പാവനചരിതനായ ആ വൈദികോത്തമൻ മാറത്തടിച്ചു പ്രാർത്ഥിക്കുന്നതു കണ്ട് ഞങ്ങളുടെ കണ്ണുകൾ ഈറനായി. ഞങ്ങളല്ലേ മാറത്തടിച്ചു പ്രായശ്ചിത്തം ചെയ്യേണ്ടത്. അതിനുപകരം ആ നിർമ്മലപിതാവ് ...." വന്ദ്യ യാക്കോബച്ചനെന്നും ഗുരു അച്ചനെന്നും അറിയപ്പെട്ടിരുന്ന അഭിവന്ദ്യ മാർ തെയോഫിലോസ് പിതാവിനോടൊപ്പം ആ രാത്രി സഹായിയായി ഉണ്ടായിരുന്ന പടിപ്പുരയ്ക്കൽ ശ്രീ. പി. കെ. ഉമ്മൻ വികാരഭരിതനായി.

ദീർഘകാലം രോഗിയായി കഴിയേണ്ടി വന്നു എങ്കിലും നിർമ്മലനായ അഭിവന്ദ്യ മാർ തെയോഫിലോസ് പിതാവ് മലങ്കരസഭയുടെ വളർച്ചയ്ക്കു നൽകിയ സംഭാവനകൾ അമൂല്യങ്ങളാണ്. പുണ്യശ്ലോകനും തപോധനനുമായ അഭിവന്ദ്യ മാർ തെയോഫിലോസ് പിതാവിന്റെ മദ്ധ്യസ്ഥത സഭയായും രൂപതയായും വ്യക്തികളായും കുടുംബങ്ങളായും പ്രസ്ഥാനമായും നമുക്ക് കോട്ടയായിരിക്കട്ടെ.

(ഐക്യദീപം 1985 ജൂൺ പേജ് 26)

www.malankaralibrary.com



# പുണ്യവാനായ മാർ തെയോഫിലോസ് പിതാവ്



**ഫാ. സാമുവേൽ വിളയിൽ**

ഇന്നിന് പ്രചോദനവും, നാളേയ്ക്ക് ഉത്തേജനമേകുവാനുള്ള വിളിയാണ് ഇന്നലെകളുടേത്. പുണ്യശ്ലോകനായ മാർ തെയോഫിലോസ് പിതാവിന്റെ ജീവിതം യുവതലമുറകൾക്ക് പ്രചോദനം ആകേണ്ടതാണ്. എന്നാൽ പിതാവിനെ സംബന്ധിച്ചുള്ള ചരിത്ര സംഭവങ്ങൾ അധികമൊന്നും എഴുതപ്പെടുകയോ പ്രസിദ്ധീകരിക്കപ്പെടുകയോ ഉണ്ടായിട്ടില്ല എന്നതാവാം ഒരു പരിധി വരെ ഇതിന് കാരണം. അസാധാരണമായ ദൈവകൃപ ലഭിച്ചിരുന്ന ഈ മഹാത്മാവിന്റെ ജീവിതഗുണങ്ങൾ മറ്റുള്ളവരോട് പ്രഘോഷിക്കുവാനും അത് ജീവിതത്തിൽ പ്രചോദനമായി സ്വീകരിക്കുവാനും മലങ്കര മക്കളായ നമുക്കോരോരുത്തർക്കും കടമയുണ്ട്. ഈ മഹനീയ ജീവിതത്തിന് ഇന്ന് 125 വർഷങ്ങൾ തികയുന്നു.

യാക്കോബ് റമ്പാൻ ബഥനിയുടെ എപ്പിസ്കോപ്പയായി വാഴിക്കപ്പെട്ടപ്പോൾ നൽകപ്പെട്ട നാമമാണ് തെയോഫിലോസ്. തെയോഫിലോസ് എന്നാൽ ദൈവഭക്തൻ. തെയോഫിലോസ് എന്ന നാമം തെയോ ഫിലോസ് എന്നീ രണ്ടു വാക്കുകളിൽ നിന്നാണ് ആവിർഭവിച്ചിരിക്കുന്നത് (Theo means God and Philo means love). അന്ത്യോക്യായിലെ വി. തെയോഫിലോസാണ് പിതാവിന്റെ നാമഹേതുകൻ. തെയോഫിലോസ് തന്റെ ജന്മദേശമായ അന്ത്യോക്യായിൽ പ്രസിദ്ധനും ബഹുമാന്യനുമായിരുന്നു. വി. ലൂക്കോസ് എഴുതിയ സുവിശേഷവും

www.malankaralibrary.com



അപ്പസ്തോല പ്രവർത്തനങ്ങളും ആരംഭിക്കുന്നത് ശ്രേഷ്ഠനായ തെയോഫിലോസ് എന്ന് സംബോധന ചെയ്തുകൊണ്ടാണ്. ബഥനിയിലെ ഗുരുവായിരുന്ന യാക്കോബച്ചൻ ദൈവഭക്തിയിലും പുണ്യജീവിതത്തിലും അന്ത്യോക്യായിലെ തെയോഫിലോസിനെപ്പോലെ സർവ്വസമ്മതനും ബഹുമാന്യനുമായിരുന്നു.

മോശയ്ക്ക് അഹറോനെപ്പോലെ, കുരിശിന്റെ വി. യോഹന്നാന് അമ്മത്രേസ്യായെപ്പോലെ, ഫ്രാൻസിസിന് ക്ലാരയെപ്പോലെ, ദൈവദാസൻ മാർ ഈവാനിയോസ് വലിയ മെത്രാപ്പോലീത്തായുടെ നാമം എവിടെയെല്ലാം അനുസ്മരിക്കപ്പെടുന്നുവോ അവിടെയെല്ലാം അദ്ദേഹത്തിന് താങ്ങായി ദൈവം നിയോഗിച്ച യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ നാമവും അനുസ്മരിക്കപ്പെടും..

മലങ്കരയിലെ അന്തഃഛിദ്ര കാലമായിരുന്ന ഇരുപതുകളിൽ ശംഖനാദമുയർത്തിയ ബഥനി പ്രസ്ഥാനത്തിന്റെ ഗുരുവായിരുന്ന യാക്കോബച്ചൻ ആരാധനാനുഷ്ഠാനത്തിന് ശക്തമായ നേതൃത്വം നൽകി. ഇമ്പമുള്ള സ്വരവും, ആരാധനയിലുള്ള സജീവസാന്നിധ്യവും ജനങ്ങൾക്ക് സ്വർഗ്ഗീയാനുഭൂതി നൽകി.

ജനങ്ങൾ ഏറ്റവുമധികം ബഥനിയിലേക്ക് ആകർഷിക്കപ്പെട്ടിരുന്നത് ഹാശാ ആഴ്ചയിലാണ്. ആരാധനക്രമത്തിലുള്ള ജനപങ്കാളിത്തത്തെ മനസ്സിലാക്കി അതുവരെ സുറിയാനിയിൽ നടത്തിയിരുന്ന ഹാശാഗാന ശുശ്രൂഷകൾ സാധാരണക്കാർക്കുപോലും മനസ്സിലാകുന്ന രീതിയിൽ മലയാളത്തിലേക്ക് തർജ്ജമ ചെയ്തത് അഭിവന്ദ്യ പിതാവാണ്. സുറിയാനിയിൽ നിന്നും മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ആദ്യ മലങ്കര ആരാധനാപുസ്തകമാണ് ഹാശാഗാനങ്ങൾ. ഇതിന്റെ പരിഷ്കരിച്ച പതിപ്പാണ് നാം ഇന്നും ഉപയോഗിക്കുന്നത്.

ഇടയലേഖനങ്ങളിലൂടെ നല്ല ഇടയനായ മാർ തെയോഫിലോസ് പിതാവ് ജീവിതവിശുദ്ധിയെപ്പറ്റിയും ആരാധനാജീവിതത്തെപ്പറ്റിയുമുള്ള തന്റെ കാഴ്ചപ്പാട് വ്യക്തമാക്കുന്നു. 1931 സെപ്റ്റംബർ 28 – ന് വന്ദ്യതാതൻ പുറപ്പെടുവിച്ച വൈദികർക്കായുള്ള ഇടയലേഖനങ്ങളിൽ ഇപ്രകാരം നാം വായിക്കുന്നു. ''വൈദികരായ നാം നമ്മുടെ കർത്താവിന്റെ പ്രതിപുരുഷന്മാരും അവിടുത്തേക്കു വേണ്ടിയുള്ളവരും അവിടുത്തോട് അനുരൂപപ്പെട്ടുകൊണ്ട് അവിടുത്തെ ആദർശങ്ങൾ ജനങ്ങളെ പഠിപ്പിക്കേണ്ടവരുമത്രെ. ഒന്നാമത് നിങ്ങളിൽ തന്നെ ജീവിതവിശുദ്ധി വരുത്താൻ പ്രത്യേകം ശ്രദ്ധിക്കണം. അന്യരെ വിശുദ്ധിയിലും സുകൃതത്തിലും അഭ്യസിപ്പിക്കേണ്ടവരായ നിങ്ങൾ സ്വയം ശുദ്ധീകരിച്ച് പരി

www.malankaralibrary.com



പൂർണ്ണതയ്ക്കായി പരിശ്രമിക്കാതിരിക്കുന്ന പക്ഷം നിങ്ങളുടെ പ്രവൃത്തി കുരുടൻ കുരുടനെ വഴികാട്ടുന്നതുപോലെ വ്യർത്ഥവും നാശകരവും ആയിത്തീരുമല്ലോ''.

മലങ്കരസഭയിൽ ദൈവമാതൃഭക്തി ഉണർത്തുന്നതിനായി മർത്ത മറിയം സംഘം എന്ന ഒരു സംഘടനയ്ക്ക് അദ്ദേഹം രൂപം നൽകി. ദൈവ മാതാവിനോടുള്ള ഭക്തിയിൽ ഇന്നും ഈ സംഘടന സജീവമായി പ്രവർത്തിക്കുന്നു. ഈട്ടിയിൽ പണിതെടുത്ത അംശവടിയായിരുന്നു തെയോഫിലോസ് പിതാവ് ഉപയോഗിച്ചിരുന്നത്. ''കറുത്തവളെങ്കിലും അഴകുള്ളവൾ'' എന്ന് ഉത്തമഗീതത്തിൽ പറയുന്നതുപോലെ സ്വർണ്ണ ത്തെപ്പോലെ ഈട്ടിത്തടിയും ദൈവാരാധനയ്ക്ക് യോഗ്യമാണ് എന്ന സത്യമായിരിക്കണം ഇങ്ങനെ ഒരു വടി പണിയിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ആദ്ധ്യാത്മിക കാര്യങ്ങളിലുള്ള പിതാവിന്റെ ദീർഘവീ ക്ഷണം ഇവിടെയും പ്രകടമാണ്.

തിരുവല്ല രൂപതയെ സംബന്ധിച്ചിടത്തോളം തെയോഫിലോസ് പിതാവ് ആടുകൾക്കുവേണ്ടി ജീവനർപ്പിച്ച ഇടയനായിരുന്നു. വി. പൗലോസ് ശ്ലീഹാ പറയുന്ന സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, കാരുണ്യം, നന്മ, വിശ്വാസം, സൗമ്യത, ആത്മസംയമനം ഇവയെല്ലാമാണ് ആത്മാവിന്റെ ഫലങ്ങൾ ഈ ഗുണങ്ങളെല്ലാം തെയോഫിലോസ് പിതാ വിന്റെ ജീവിതത്തിൽ തിളങ്ങി ശോഭിച്ചിരുന്നു. തന്റെ കണ്ണീരോടുകൂടിയ പ്രാർത്ഥന ദൈവം ശ്രവിച്ചുവെന്നതിന്റെ വലിയ അടയാളമാണ് രൂപത യുടെ ഇന്നത്തെ വളർച്ചയിൽ നാം കാണുന്നത്. അഭിവന്ദ്യ പിതാവ് കണ്ണീ രോടുകൂടി പ്രാർത്ഥിച്ച ചെറുപുഷ്പഗിരി അരമന ഇന്ന്, മലങ്കര കത്തോ ലിക്കാ സഭയുടെ പ്രധാന സ്ഥാപനമായ പുഷ്പഗിരി മെഡിക്കൽ കോളേ ജായി മാറിയിരിക്കുന്നു. ശാന്തനും സൗമ്യനുമായ സന്യാസി, തികഞ്ഞ പ്രാർത്ഥനാ ജീവിതത്തിന്റെ ഉടമ എന്നീ നിലകളിൽ മഹത്തായ ജീവിത മാതൃകയിലൂടെ തിരുവല്ലാ രൂപതയുടെ ആദ്ധ്യാത്മിക അടിത്തറ ഉറ പ്പിച്ച നല്ല ഇടയനാണ് അഭിവന്ദ്യ തെയോഫിലോസ് തിരുമേനി. ഇട യൻ, അജഗണങ്ങൾ എന്നീ രീതിയിലുള്ള നല്ലൊരു ബന്ധം പിതാവിന് നാട്ടുകാരോടും ഇടവകജനങ്ങളോടും ഉണ്ടായിരുന്നു. ചാപ്പലിൽ നിൽക്കു ന്നതിന് ഒരു അടുക്കും ചിട്ടയും ഉണ്ടാക്കി, യുവതീയുവാക്കന്മാരെ സംഘ ടിപ്പിച്ച് ഒരു ഗായകസംഘം രൂപപ്പെടുത്തി. ആരാധനയിലുള്ള ഉണർവ്വു കൊണ്ട് ഇടവകപള്ളി അല്ലാതിരുന്നിട്ടും ബഥനിപള്ളിയിൽ ധാരാളം ഭക്തജനങ്ങൾ തടിച്ചുകൂടുമായിരുന്നു. അദ്ദേഹത്തിന്റെ എല്ലാ സേവന ങ്ങൾക്കു പിന്നിലും അദ്ദേഹത്തിന് കൈമുതലായിട്ടുള്ളത് പരിത്യാഗവും ദൈവത്തിന്റെ പരിപാലനയിലുള്ള അചഞ്ചലമായ വിശ്വാസവും പരി

www.malankaralibrary.com



പൂർണമായ പ്രതീക്ഷയുമായിരുന്നു.

അദ്ദേഹത്തെ അടുത്തറിഞ്ഞിട്ടുള്ളവരും പാശ്ചാത്യപര്യടനത്തിൽ പരിചയപ്പെട്ടവരും തിരുമേനി 'പരിശുദ്ധൻ' ആണെന്നും 'മാലാഖയ്ക്ക്' സദൃശ്യനായ മനുഷ്യൻ എന്നും പിതാവിനെപ്പറ്റി പറഞ്ഞിരുന്നു. സന്യാസം സഹനത്തിന്റെ പാഠശാലയാണെന്നും കുരിശെടുത്തുകൊണ്ട് ക്രൂശിതനോടനുരൂപപ്പെടുന്ന ജീവിതപദ്ധതിയാണെന്നും അദ്ദേഹം മറ്റുള്ളവർക്ക് കാണിച്ചുകൊടുത്തു.

മാർ തെയോഫിലോസ് തിരുമേനിയെപ്പറ്റി അഭി. ഗീവർഗീസ് മാർ തീമോത്തിയോസ് പിതാവ് ഇപ്രകാരം പറയുന്നു: ‟തിരുമേനിയോടൊത്ത് മൈനർ സെമിനാരിയിൽ രണ്ട് വർഷത്തോളം ജീവിച്ച കാലത്ത് പിതാവിന്റെ ഭക്തിജീവിതം, സ്നേഹം, നിഷ്കളങ്കത ഇവ കണ്ടനുഭവിക്കുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. സ്വരമാധുര്യമുള്ളതും ഭക്തിനിർഭരമായ യാമനമസ്കാരം ഞങ്ങൾക്ക് എന്നും ഇമ്പകരവും ഭക്തിദ്യോതകവുമായിരുന്നു".

എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ സകലതും പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ എന്ന് കർത്താവേശുമിശിഹാ പറയുന്നു. ഈ വചനം പൂർണമായും ജീവിതത്തിൽ സ്വീകരിച്ച വ്യക്തിയാണ് അഭിവന്ദ്യ തെയോഫിലോസ് പിതാവ്. കർത്താവായ യേശുവിനെ അടുത്തനുഗമിച്ചപ്പോൾ ജീവിതത്തിലുണ്ടായ സഹനത്തെയും പ്രയാസങ്ങളെയും ബുദ്ധിമുട്ടുകളെയുമെല്ലാം ക്ഷമയോടെ സ്വീകരിക്കുവാൻ സാധിച്ചുവെന്നതാണ് പിതാവിനെ ശ്രേഷ്ഠനാക്കുന്നത്.

പിതാവിന്റെ ജീവിതാഭിലാഷം മലങ്കര സഭാമക്കളുടെ പുനരൈക്യമായിരുന്നു. അദ്ദേഹത്തിന്റെ അഭിലാഷം പൂർത്തീകരിക്കുന്നതിനായി കൂടുതൽ തീക്ഷ്ണമായും ഉത്തരവാദിത്വത്തോടെയും പ്രവർത്തിക്കുവാനും പ്രാർത്ഥിക്കുവാനും നമുക്ക് ഈയവസരത്തിൽ പ്രതിജ്ഞയെടുക്കാം.

ഒരു ഘടികാരത്തിലെ ചെറുതും വലുതുമായ എല്ലാ ചക്രങ്ങളും ഒരുപോലെ പ്രവർത്തിച്ചെങ്കിൽ മാത്രമെ ഘടികാരം കൃത്യമായി പ്രവർത്തിക്കുകയുള്ളു. സഭയാകുന്ന ഘടികാരവും കൃത്യമായും ഭംഗിയായും പ്രവർത്തിക്കുന്നതിന് സഭയിലെ എല്ലാവരുടെയും ഒരുമിച്ചുള്ള പ്രവർത്തനം അനിവാര്യമാണ്. മറ്റുള്ളവരുടെ കണ്ണീരൊപ്പാൻ വിളിക്കപ്പെട്ടിരിക്കുന്ന നാം പ്രതിസന്ധികളിൽ തളരാതെ അദ്ധ്യാത്മിക ചൈതന്യത്തിൽ ജീവിച്ച് വന്ദ്യ പിതാവിനെപ്പോലെ, പ്രാർത്ഥനയിലും ത്യാഗ പ്രവൃത്തികളിലും ആഴപ്പെടണം.

(ഐക്യദീപം ജൂൺ 2015 പേജ് 12)

www.malankaralibrary.com



# ഒരനുസ്മരണ
## മാർ തെയോഫിലോസ് ഒ. ഐ. സി.; ഡി ഡി



**ഫാ. ഏബ്രഹാം ഒ. ഐ. സി.**

(തിരുവല്ല രൂപതയുടെ പ്രഥമ മെത്രാനായ മാർ തെയോഫിലോസ് തിരുമേനിയുടെ ജീവിതത്തിലേക്കുള്ള ഒരു എത്തിനോട്ടം)

ബഥനിസമൂഹത്തിന്റെയും പുനരൈക്യ പ്രസ്ഥാനത്തിന്റെയും ജനയിതാവായ മാർ ഈവാനിയോസിന്റെ ജന്മശതാബ്ദികൊണ്ടാടുന്ന ഈ കാലയളവിലും ഇതുപോലെയുള്ള മറ്റവസരങ്ങളിലും അദ്ദേഹത്തോടൊപ്പം ഈ ഇരുപ്രസ്ഥാനങ്ങളിലും ജീവിക്കയും പ്രവർത്തിക്കുകയും ചെയ്തിട്ടുള്ള മാർ തെയോഫിലോസ് തിരുമേനിയുടെ നാമം പലപ്പോഴും വിസ്മരിക്കപ്പെടുകയും അപ്രസക്തമായിരിക്കകയും ചെയ്യുന്നത് പലരുടെയും ചിന്തയിൽ ഒരു ചോദ്യചിഹ്നമായിയിരിക്കുന്നുണ്ട്. ഇതിന് പെട്ടെന്നു പറയാവുന്ന സമാധാനം അദ്ദേഹം മാർ ഈവാനിയോസ് തിരുമേനി കഴിഞ്ഞാൽ മേൽപറഞ്ഞ എല്ലാം സരംഭങ്ങളിലും പ്രഥമസ്ഥാനമർഹിക്കുന്നുണ്ടെങ്കിലും അവയെല്ലാം മാർ ഈവാനിയോസ് വഴിയായി ലഭിച്ചിട്ടുള്ളതും അദ്ദേഹത്തിന്റെ ഒരു ശിഷ്യനെന്ന നിലയിൽ കൈവന്നിട്ടുള്ളതും ആകുന്നു എന്നതുകൂടാതെ മാർ ഈവാനിയോസ് എന്ന മഹാ വ്യക്തിയോടു സാമ്യപ്പെടുത്തുമ്പോൾ സൂര്യന്റെ പ്രകാശകിരണങ്ങളിൽ ചന്ദ്രന്റെ ശോഭ മങ്ങിപ്പോകുംപോലെ എന്ന് വിചാരിച്ചാൽ മതിയാകും. അതുമെന്യേ മാർ തെയോഫിലോസിന്റെ സ്വഭാവം തന്നെയും നമ്മുടെ കർത്താവിന്റെ അജ്ഞാതജീവിതത്തോടു സാമ്യമുള്ളതും

www.malankaralibrary.com



അതിന്റെ ഒരു പ്രതികരണവുമായിരുന്നുവെന്നത് അദ്ദേഹത്തിന്റെ കാല ശേഷവും തുടരണമെന്നത് ദൈവ പരിപാലനയായിരിക്കാം. അങ്ങനെ യാണെങ്കിലും മാർ തെയോഫിലോസിന്റെ 90-ാം ജന്മവർഷത്തിന്റെ ഈ നാളിൽ മാർ ഈവാനിയോസിനോടൊപ്പം മാർ തെയോഫിലോസും അനുസ്മരിക്കപ്പെടുന്നതിനും മേലിലും അദ്ദേഹത്തിന്റെ നാമം ഓർക്കയും നിലനിർത്തുകയും ചെയ്യുന്നതിനും സഹായകരമായി, അദ്ദേഹത്തിന്റെ ഒരു ശിഷ്യനായി ജീവിക്കയും അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കുകയും ചെയ്തിട്ടുള്ള ഈ ലേഖകന് അദ്ദേഹത്തെപ്പറ്റി അറിയാവുന്ന ചിലകാ ര്യങ്ങൾ രേഖപ്പെടുത്തുകയാണ്.

**ജനനവും വിദ്യാഭ്യാസവും**

കോട്ടയത്തിനടുത്ത് ഒളശയിൽ കളപ്പുരയ്ക്കൽ അബ്രഹാം തര കന്റെയും അച്ചാമ്മയുടേയും ആദ്യജാതനായി 1891- ഫെബ്രുവരി 21-ാം തീയതി കഥാനായകൻ ജനിച്ചു. ജ്ഞാനസ്നാനത്തിൽ യാക്കോബ് എന്ന പേരുലഭിച്ചു. നാട്ടിൽ പ്രാഥമിക വിദ്യാഭ്യാസം നടത്തി. എം. ഡി. സെമിനാരി ഹൈസ്ക്കൂളിൽനിന്ന് മെട്രിക്കുലേഷൻ പരീക്ഷ പാസായി. യാക്കോബ് ആ സ്കൂളിൽ തന്നെ കുറെക്കാലം അധ്യാപകനായിരുന്നു. വൈദിക ശുശ്രൂഷയ്ക്കായി ശെമ്മാശപട്ടം സ്വീകരിച്ച കഥാപുരുഷന്റെ ഗുണഗണങ്ങളാൽ ആകൃഷ്ടനായി ഫാ. പി. റ്റി. ഗീവറുഗീസ് ഉന്നത വിദ്യാഭ്യാസത്തിനായി സെറാമ്പൂരിലേക്ക് ഇദ്ദേഹത്തെ കൊണ്ടുപോയി. കൂട്ടത്തിൽ നിരണത്ത് മട്ടയ്ക്കൽ അലക്സാണ്ടർ ശെമ്മാശ്ശനും ഉണ്ടാ യിരുന്നു. ഫാ. പി. റ്റി. ഗീവറുഗീസിന്റെ സന്യാസസ്ഥാപനത്തിനായുള്ള ആലോചനയിൽ അവർ പ്രത്യേകം പങ്കുകൊള്ളുകയും പരിശീലിപ്പിക്ക പ്പെടുകയും ചെയ്തു. ആശ്രമം ആരംഭിക്കുന്നതിനു മുമ്പ് അലക്സാ ണ്ടർ ശെമ്മാശൻ അലക്സിയോസ് എന്ന പേരിൽ വൈദികനായി.

**ആശ്രമത്തിന്റെ ആരംഭം**

പെരുന്നാട്ടിൽ, ബഥനിമലയിൽ മുള കൊണ്ടുണ്ടാക്കി പുല്ലു മേഞ്ഞ ആശ്രമകെട്ടിടത്തിൽ ഫാ. അലക്സിയോസും യാക്കോബ് ശെമ്മാശനും ഫാ. പി. റ്റി. ഗീവറുഗീസിന്റെ നേതൃത്വത്തിൽ, ആദ്യബാ ച്ചിൽപെട്ട ഞങ്ങളുമൊത്ത് 1919 - ഓഗസ്റ്റ് 15-ാം തീയതിക്ക് ആശ്രമം സമാരംഭിച്ചു. അപ്പോൾ മാത്രമാണ് യാക്കോബ് ശെമ്മാശനെ ഈയുള്ള വൻ പരിചയപ്പെടുന്നത്.

ഫാ. പി. റ്റി. ഗീവറുഗീസ് ആശ്രമ പിതാവായും, അലക്സിയോ സച്ചൻ ആശ്രമത്തിന്റെ കാര്യവിചാരകനായും, യാക്കോബ് ശെമ്മാശൻ ഗുരുവായും, ഞങ്ങൾ ഒൻപത് ആശ്രമവാസികൾ വളരെ ചിട്ടയിലും നിര

www.malankaralibrary.com



ന്തരമായ പരിശീലനക്രമത്തിലും ജീവിച്ചുപോന്നു. ഈ ഗുരുകുലവാസം ആശ്രമപിതാവിന്റെ മേൽനോട്ടത്തിൽ യാക്കോബു ശെമ്മാശ്ശന്റെ പൂർണ്ണ നിയന്ത്രണത്തിലും ശ്രദ്ധയിലും ആയിരുന്നു. അദ്ദേഹത്തിന്റെ സ്വതസിദ്ധമായ കഴിവും സ്വഭാവശുദ്ധിയും, ആത്മീയ ശുഷ്ക്കാന്തിയുടെ സുസ്ഥിരതയും ഇതിൽ പ്രസ്പഷ്ടമായിരുന്നു. അധികനാൾ കഴിയും മുമ്പ് 1920 – ൽ അദ്ദേഹം വൈദികനായി. അദ്ദേഹത്തിന്റെ ജീവിതത്തെ നിയന്ത്രിക്കയും ഭരിക്കയും ചെയ്തിരുന്നതു പ്രാർത്ഥനയും ധ്യാനാത്മകമായ അരൂപിയുമായിരുന്നു. നിരന്തരമായ ദൈവസാന്നിദ്ധ്യബോധവും ഏകാഗ്രതയും അദ്ദേഹത്തെ വലയം ചെയ്തിരുന്നു. ധ്യാനത്തിനുള്ള സമയം നീണ്ടുപോകുന്നത് അറിയുമായിരുന്നില്ല. സ്വതേ മിതഭാഷിയും ശാന്തശീലനുമായിരുന്നു. സന്യാസക്രമങ്ങളും നിഷ്ഠകളും പാലിക്കുന്നതിൽ മറ്റുള്ളവർക്ക് പ്രത്യേക മാതൃകയായിരുന്നു. പ്രത്യേകിച്ചും ഏകാന്തത, മൗനം, കൃത്യനിഷ്ഠ, ആശാനിഗ്രഹം, ആത്മസംയമനം ആദിയായവയും സ്വായത്തമായിരുന്നു. സന്യാസവ്രതങ്ങൾ പൂർണ്ണമായും എല്ലാവരും അനുസരിച്ചിരുന്നു. വിശേഷിച്ച് ആശ്രമപിതാവായ ഫാ. പി. റ്റി. ഗീവറുഗീസിനെ എല്ലാവരും ആദരിക്കുകയും, അനുസരിക്കുകയും ചെയ്തിരുന്നു. അദ്ദേഹം ഏറ്റം ആദർശവാനായ ഒരു ദൈവീക മനുഷ്യനായിരുന്നു.

ഓരോ ജോലികൾ നന്നായിചെയ്യുന്നതിലും, അവ ആദ്ധ്യാത്മികത്തിന്റെ ഭാഗമാക്കി തീർക്കുന്നതിലും ഗുരുവിന് നിർബന്ധമുണ്ടായിരുന്നു. ഗാർഹികവും കായികവുമായ ഏതു ജോലിയും ചെയ്യുന്നതിനും അദ്ദേഹം മുൻപന്തിയിലായിരുന്നു. ആശ്രമവളപ്പിൽപെട്ട പത്ത് ഏക്കർ സ്ഥലത്ത് ആശ്രമാവശ്യത്തിനുവേണ്ടി ആശ്രമസ്ഥർ നേരിട്ട് കൃഷിചെയ്തിരുന്നു. വേറെ അമ്പത് ഏക്കർ സ്ഥലം കയ്യാലകെട്ടി അടച്ച് കൂലിക്കാരെ കൂട്ടിയും കൃഷിക്കുപയോഗിച്ചിരുന്നു. എല്ലാവിധ കൃഷികളും ഞങ്ങൾക്കവിടെയുണ്ടായിരുന്നു. കാട്ടുജന്തുക്കളുടെ ശല്യത്തിൽനിന്ന് കൃഷി കാവൽ ചെയ്യുന്നതിന് ഗുരു പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ഗുരു സന്യാസികളുടെ പരിശീലനത്തിൽമാത്രമല്ല, അധ്യാപനത്തിലും വലിയ പങ്കുവഹിച്ചിരുന്നു. ആശ്രമ പിതാവായ ഫാ. പി. റ്റി. ഗീവറുഗീസും കൂടാതെ അദ്ദേഹത്തിന്റെ ഉത്തരവാദിത്വത്തിലും മേൽനോട്ടത്തിലും ഫാ. യാക്കോബും സന്യാസം, വേദശാസ്ത്രം, വേദപുസ്തകം, ലിറ്റർജി തുടങ്ങിയ വിഷയങ്ങൾ ആസ്പദമാക്കി ദിവസം തോറും 4–6 വരെ പീരിയഡുകൾ ആശ്രമസ്ഥർക്ക് ക്ലാസുകൾ എടുക്കുക പതിവായിരുന്നു. ക്ലാസുകളിൽ മിക്കവാറും നോട്ടുകൊടുക്കുക പതിവായിരുന്നു. തിരുമൂലപുരം ആശ്രമത്തിൽ താമസിച്ചുകൊണ്ട് സന്യാസി

www.malankaralibrary.com



നീസന്യാസികൾക്ക് ഒരുമിച്ച് മഠത്തിന്റെ അതിഥി മന്ദിരത്തിൽ വച്ച് ക്ലാസുകൾ എടുക്കുമായിരുന്നു. 1919 മുതൽ 1925 വരെയുള്ള പരിശീലന കാലം പ്രാർത്ഥന, പഠനം, കായികാദ്ധ്വാനം ആദിയായ പദ്ധതികളിൽകൂടെ എപ്പോഴും ഗുരുവോടൊത്ത് സന്യാസവും ആദ്ധ്യാത്മികതയും ഞങ്ങൾ അഭ്യസിച്ചുവന്നു. എഴുത്തും വായനയും അദ്ദേഹത്തിന് സർവ്വസാധാരണമായിരുന്നു.

ആദ്യഘട്ടത്തിൽ ആണ്ടുതോറും പമ്പാനദീതീരത്ത് വിശ്രമാർത്ഥം ഒരു മാസത്തേക്ക് കെട്ടിടത്തോട് ചേർന്ന് ഷെഡ് കെട്ടി താമസിക്കുകയും ആ നാളുകളിൽ മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ നിർബന്ധിതരാകയും അങ്ങനെ ആ കാലം ഇരട്ടിയാക്കി അവിടെ താമസിക്കാനിടയാകയും ചെയ്തിട്ടുണ്ട്. പ്രധാനമായും ആറാട്ടുപുഴ, ചെങ്ങന്നൂർ, വിജയപുരം എന്നീ സ്ഥലങ്ങളിലാണ് അതിനു സ്വീകരിച്ചിട്ടുള്ളത്. ഈ കാലത്തും മിഷന് പോകേണ്ടിവരുമ്പോഴും സന്യാസാനുഷ്ഠാനങ്ങൾ കഴിയുന്നത്ര കൃത്യമായി പാലിച്ചിരുന്നു.

1925 – ജനുവരിയിൽ ഫാ. പി. റ്റി. ഗീവറുഗീസ് തിരുമൂല ഓർത്തഡോക്സ് പള്ളിയിൽവച്ച് “Solemn vows” ചെയ്ത് റമ്പാനായി (ആബോ ഗീവറുഗീസ്) തീർന്നു. പ്രസ്തുതവർഷം മെയ്മാസത്തിൽ ബഥനിയുടെ മെത്രാനായി തീരുകയും അതിനു ശേഷം ആശ്രമസ്ഥരായ ചിലരെ ശെമ്മാശ്ശന്മാരാക്കുകയുമുണ്ടായി. ആശ്രമം തുടങ്ങിയ കാലം മുതൽ നാളിതുവരെ പള്ളികളൊന്നുമില്ലാതെയിരുന്ന അതിന്റെ പ്രാന്തപ്രദേശങ്ങളിലും മറ്റുമുള്ള ആളുകളുടെ ആരാധനയ്ക്കുവേണ്ടി ഫാ. അലക്സിയോസിന്റെ ചുമതലയിൽ ഏതാണ്ട് ഒരു കിലോമീറ്റർ അകലെ ഒരു പള്ളി ഉണ്ടാക്കി നടത്തിവന്നു. അദ്ദേഹം സ്ഥലത്തില്ലാത്തപ്പോൾ യാക്കോബച്ചൻ ആരാധന നടത്തുമായിരുന്നു. ഇങ്ങനെയിരിക്കെ 1927– ഒക്ടോബർ 21–ാം തീയതി യാക്കോബച്ചനും തന്റെ ശിഷ്യന്മാരും ആശ്രമചാപ്പലിൽവച്ച് നിത്യവ്രതവാഗ്ദാനം ചെയ്ത് പൂർണ്ണസന്യാസികൾ ആയി തീർന്നു. വ്രതവാഗ്ദാനത്തിന്റെ പ്രത്യേക അടയാളമായി തൊപ്പിയിൽ ഏഴു കുരിശുകൾ തയ്ച്ച് പിടിപ്പിച്ചിരുന്നു. അധികം താമസിയാതെ 1927 – ഡിസംബർ 12–ാം തീയതി യാക്കോബച്ചൻ സോളംവൗസ്സ് ചെയ്ത് റമ്പാനായി. തുടർന്ന് അദ്ദേഹത്തിന്റെ ശിഷ്യന്മാരായ ശെമ്മാശന്മാർ വൈദികരാകുകയും ചെയ്തു.

ഇതിനോടകം ബഥനിയുടെ ചുമതലയിൽ പല പള്ളികൾ സ്ഥാപിതമാകുകയും നവമായ ഒരാദ്ധ്യാത്മിക ചൈതന്യം ബഥനി വഴിയായി ഓർത്തഡോക്സ് സഭയിൽ പലേടത്തും വ്യാപിക്കയും ചെയ്തു.

www.malankaralibrary.com



ഇതിൽ പ്രധാനപ്പെട്ട ഒരു സ്ഥലമായിരുന്നു തിരുവല്ലാ ബഥനിപ്പള്ളി. അവിടെ യാക്കോബ് റമ്പാൻ താമസമാകയും ആരാധന നടത്തുകയും ചെയ്തുവന്നു. ഫാ. ബസ്കീപ്പാ വെണ്ണിക്കുളത്തും ഫാ. ബർസ്ളീബാ പുറമറ്റത്തും, ഫാ. ഏബ്രഹാം പെരുനാട് ബഥനിയിൽ. ''റീശ് '' ആയും താമസിച്ചിരുന്നു. ചുറ്റുപാടുമുള്ള പള്ളികളിൽ മിഷൻ പ്രവർത്തനവും നട ത്തിവന്നു.

1929 – ൽ യാക്കോബ് റമ്പാൻ കോട്ടയത്തുവച്ച് തെയോഫി ലോസ് എന്ന പേരിൽ ബഥനി മെത്രാനായും മാർ ഈവാനിയോസ് ബഥനി മെത്രാപ്പോലീത്തായായും അവരോധിക്കപ്പെട്ടു. അതിനുശേ ഷവും മാർ തെയോഫിലോസ് തിരുവല്ലാ ബഥനിപ്പള്ളിയിൽ താമസി ച്ചുകൊണ്ടിരുന്നു.

മാർ തെയോഫിലോസ് ലിറ്റർജി സംബന്ധിച്ച വിഷയത്തിൽ വളരെ നിഷ്ഠയുള്ളവനും മലങ്കര ലിറ്റർജിക്കൽ പുസ്തകങ്ങൾ മലയാ ളത്തിലും ഗീതത്തിലും ആക്കി ഉപയോഗിക്കുന്നതിൽ തല്പരനുമായി രുന്നു. അദ്ദേഹം ഈ നാളുകളിൽ അതിനായി ചില പരിശ്രമങ്ങൾ ചെയ്യാ തിരുന്നില്ല. സുറിയാനി രീതിയിലുള്ള ഗീതങ്ങൾ നന്നായി ചൊല്ലുന്ന തിലും പഠിപ്പിക്കുന്നതിലും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ക്രിസ്തീ യതയ്ക്കും സന്യാസത്തിനുമടുത്ത സുകൃതങ്ങളിൽ മികച്ച നിലവാരം അദ്ദേഹം പുലർത്തിയിരുന്നു. അദ്ദേഹത്തിന്റെ ഭക്തിജീവിതം പരിചിതരെ വളരെ ആകർഷിച്ചിരുന്നു. അദ്ദേഹത്തിന്റെ ആധ്യാത്മികതയുടെ ഒരു പ്രതികരണമാണ് അദ്ദേഹം രചിച്ച ''പ്രാർത്ഥന സഹായി'', ''സന്യാസ ജീവിത സഹായി'' എന്നീ പുസ്തകങ്ങൾ. ഇതിനുപുറമേ ഹിന്ദുസന്യാ സികൾ അനുഷ്ഠിച്ചിരുന്ന 'യോഗാഭ്യാസമുറകൾ' ഭാഗികമായി ആവ ശ്യാനുസരണം അദ്ദേഹം അനുഷ്ഠിച്ചിരുന്നു.

**പുനരൈക്യം**

1926 – മുതൽ ഓർത്തഡോക്സ് സഭാദ്ധ്യക്ഷന്മാർ കൂടിയാലോ ചിച്ച്, റോമായുമായി പുനരൈക്യം സംബന്ധിച്ച് എഴുത്തുകുത്തുകൾ നടത്തുവാൻ മാർ ഈവാനിയോസിനെ ചുമതലപ്പെടുത്തിയിരുന്നു. ഈ കാലയളവിൽ സമുദായ കേസിൽ ഓർത്തഡോക്സുകാർക്ക് തോല്വി ഭവിച്ചിരുന്നത് അതിനു പ്രേരകമായിരുന്നു. പുനരൈക്യാലോചന പുരോ ഗമിച്ചുകൊണ്ടിരുന്നു. 1930 – ന്റെ ആരംഭത്തിൽ മാർ ഈവാനിയോസും മാർ തെയോഫിലോസും പെരുനാടുബഥനിയിൽ വിശ്രമിക്കുവാനായി വന്നു. ഫാ. ഏബ്രഹാമിനെ തിരുവല്ലാ പള്ളിയുടേയും മറ്റും ചുമതല ഏല്പിക്കുകയും ചെയ്തു. ഇങ്ങനെയിരിക്കെ പുനരൈക്യം സംബന്ധിച്ച്

www.malankaralibrary.com



റോമിൽ നിന്ന് അനുകൂല മറുപടി ഉണ്ടായി. സമുദായക്കേസ് മാർ ദിവന്നാസ്യോസിന് അനുകൂലമായി വിധിച്ചതിനാൽ അദ്ദേഹവും കൂട്ടരും പുനരൈക്യത്തിൽനിന്ന് പിൻമാറുകയും മാർ ഈവാനിയോസും, മാർ തെയോഫിലോസും പുനരൈക്യത്തിനു തയ്യാറാകുകയും ചെയ്തു. മാർ ദിവന്നാസ്യോസും കൂട്ടരും ബഥനിക്കും ബഥനി മെത്രാന്മാർക്കും എതിരായി നില്ക്കുകയും ജനമദ്ധ്യത്തിൽ എതിർപ്രചരണം നടത്തുകയും വിദ്വേഷം ഇളക്കിവിടുകയും ചെയ്തു. തിരുവല്ലായിൽ ചില വിരുദ്ധകക്ഷികൾ ബഥനിപ്പള്ളി കൈവശപ്പെടുത്തുവാൻ ശ്രമം ചെയ്തു. മാർ ഈവാനിയോസിന്റെ കല്പനപ്രകാരം പള്ളി അടയ്ക്കുകയും പോലീസുസഹായത്തോടെ പള്ളിമേലും സ്ഥാപനങ്ങളുടെ മേലുമുള്ള മാർ ഈവാനിയോസിന്റെ അവകാശം ഉറപ്പിച്ച് സുരക്ഷിതമാക്കുകയും ചെയ്തു. ഇതോടെ പെരുനാട് ബഥനി ആശ്രത്തിൽ വിരുദ്ധപ്രചരണം പൊന്തിവന്നു.

മാർ ഈവാനിയോസും മാർ തെയോഫിലോസും ആശ്രമവാസികളോടുകൂടി (ഫാ. അലക്സിയോസ് ഒഴികെ) ആശ്രമം വിട്ടിറങ്ങി വെണ്ണിക്കുളത്ത് ഒരു സ്നേഹിതന്റെ ഒഴിഞ്ഞുതന്ന വീട്ടിൽ വന്നു താമസിച്ചു(1930, ഓഗസ്റ്റ് -20). വെണ്ണിക്കുളം ബഥനിപ്പള്ളിയും അവർക്ക് ഉപയോഗമായിരുന്നു. ഇതിനിടയിൽ തിരുവല്ല കത്തീഡ്രലിനു സമീപം ഒരു സ്ഥലം പാട്ടത്തിനുവാങ്ങി ഒരു ചാപ്പൽ വയ്ക്കുകയും ഫാ. ഏബ്രഹാം അവിടെ കുർബാന അർപ്പിക്കുകയും ചെയ്തു തുടങ്ങി. 1930 സെപ്റ്റംബർ 20-ാം തീയതി മാർ ഈവാനിയോസും മലങ്കരസഭയെ പ്രതിനിധീകരിച്ച് കത്തോലിക്കാസഭാപ്രവേശം ചെയ്തു. അതിന്റെ ശേഷം മാർ ഈവാനിയോസ് വെണ്ണിക്കുളത്തും തിരുമൂലപുരത്തുമായും മാർ തെയോഫിലോസ് തിരുവല്ല കുളക്കാട്ടിൽ ഒരു വീട് വാടകയ്ക്കെടുത്ത് അവിടെയും താമസിച്ചിരുന്നു. ബഥനി സന്യാസികളും ബഥനിയോടു ബന്ധപ്പെട്ടിട്ടുള്ള അനേകരും വിശ്വാസം സ്വീകരിച്ചും സഭാംഗങ്ങളായിത്തീർന്നു കൊണ്ടിരുന്നു. ................................

വളരെ പ്രയാസത്തിലും ദുർഘട്ടത്തിലും കൂടെ സഭ ദൈനംദിനം വളർന്നുകൊണ്ടിരുന്നു. സഭയോടൊത്ത് ബഥനി സന്യാസിനീസന്യാസികൾ സഭയ്ക്കുവേണ്ടി നിസ്തന്ദ്രം പ്രാർത്ഥിച്ചും പ്രവർത്തിച്ചും കൊണ്ടിരുന്നു.

ആദിമ നൂറ്റാണ്ടുകളിൽ ക്രിസ്തുസഭയ്ക്കുണ്ടായിട്ടുള്ള പീഡനങ്ങളോടും പ്രയാസങ്ങളോടും ഏതാണ്ട് സാമ്യപ്പെടുത്താവുന്ന അഥവാ ക്രിസ്തുവിനെ അനുഗമിക്കുന്നവർക്കു ക്രിസ്തു പറഞ്ഞിരിക്കുന്ന പല

www.malankaralibrary.com



വിധ പീഡനങ്ങളിലും ത്യാഗങ്ങളിലും കൂടി പുനരൈക്യപ്രസ്ഥാനം മുന്നേറിക്കൊണ്ടിരുന്നു. പുനരൈക്യപ്രസ്ഥാനത്തിന് മാർ ഈവാനിയോസിന്റെ അജയ്യമായ നേതൃത്വം ഏറ്റം വിലപ്പെട്ടതും ശക്തിമത്തും ആയിരുന്നെങ്കിൽ മാർ തെയോഫിലോസിന്റെ പിൻതുണയും സഹകരണവും ഒട്ടും കുറവുള്ളതായിരുന്നില്ല. അദ്ദേഹത്തിന്റെ തപസും പ്രാർത്ഥനയും അദ്ദേഹത്തിനും മറ്റുള്ളവർക്കും ധൈര്യവും ഉറപ്പും പകർന്നിരുന്നു. അതിന്റ വില മനസിലാക്കണമെങ്കിൽ അദ്ദേഹം സഹകരിക്കാതിരുന്നെങ്കിൽ പുനരൈക്യത്തിന്റെ സ്ഥിതി എന്താകുമായിരുന്നുവെന്നോർത്താൽ മതിയാകും. അതുപോലെ തന്നെ പ്രസ്ഥാനത്തെ കെട്ടിപ്പടുത്തിട്ടുള്ള ബഥനിസമൂഹം പുറകിൽ ഇല്ലാതിരുന്നെങ്കിൽ ? കൂടാതെ ബഥനിയോടാത്മബന്ധം പുലർത്തിയിരുന്ന ബഹു. റമ്പാച്ചന്മാരും ആത്മാർത്ഥതയുള്ള വിശ്വാസികളും പലേടത്തുമുണ്ടായിരുന്നു. അവരെല്ലാമാണ് ഈ സംരംഭത്തെ ഒരു പ്രസ്ഥാനത്തിന്റേയും ഹയരാർക്കിയുടേയും നിലയിലേക്കുയർത്തിയത്. ആരംഭത്തിലും പിൽക്കാലങ്ങളിലും സഭയിൽ ചേർന്നും സഹകരിച്ചും പ്രവർത്തിച്ചിട്ടുള്ള ഓരോരുത്തരും വഴിയായി ദൈവം അത്ഭുതകരമായി പ്രസ്ഥാനത്തെ നയിച്ചു എന്നത് ഏറ്റം കൃതാർഥതയോടെ നാം സ്മരിക്കേണ്ടതാണ്. അവരുടെയെല്ലാം സേവനങ്ങൾ പ്രസ്ഥാനത്തിന് മുതൽകൂട്ടുതന്നെയായിരുന്നു.

1931– ൽ ചങ്ങനാശ്ശേരി രൂപതവക തിരുവല്ലായിലെ സ്ഥലം തിരുവല്ലാ രൂപതയ്ക്കു വിട്ടുതരികയും പ്രസ്തുത സ്ഥലത്തേക്കു ചാപ്പൽ മാറ്റി സ്ഥാപിക്കുകയും ചെയ്തതോടെ സമീപത്തുള്ള ഒരു വാടകകെട്ടിടത്തിലേയ്ക്കു മാർ തെയോഫിലോസ് തിരുമേനി മാറി താമസിക്കുകയുണ്ടായി. 1932 – ൽ ഈവാനിയോസ് മാർപ്പാപ്പായെ സന്ദർശിക്കുവാനായി റോമിലേയ്ക്കുപോയി. 1932 – ജൂൺ 11–ാം തീയതി മലങ്കര ഹയരാർക്കിയും തിരുവനന്തപുരം അതിരൂപതയും തിരുവല്ലാ രൂപതയും സ്ഥാപിച്ചുകൊണ്ടുള്ള തീട്ടൂരവും മെത്രാപ്പോലീത്തായുടെ പാലിയവും സ്വീകരിച്ച് അദ്ദേഹം മടങ്ങി. ഇതിനിടയിൽ തിരുവനന്തപുരത്തും തിരുവല്ലായിലും ചില വൈദികർ സഭയിൽ ചേരുകയും പലേടത്തും ചാപ്പലുകൾ ഉണ്ടാകുകയും ചെയ്തു.

1933 – ൽ മാർ തെയോഫിലോസ് യൂറോപ്യൻപര്യടനം നടത്തുകയും മാർപാപ്പായെ സന്ദർശിക്കുകയും ചെയ്തു. തിരിച്ചെത്തിയപ്പോഴേയ്ക്ക് പുഷ്പഗിരിയിൽ ഒരു അരമനകെട്ടിടം പണിതീർക്കയും അവിടെ താമസമാക്കുകയും ചെയ്തു. സഹായി ആയി ഫാ. ഗീവറുഗീസ് ഒ. ഐ. സി. യേയും വികാരിജനറാളും ഉപദേഷ്ടാവുമായി വെരി. റവ. ഫാ.

www.malankaralibrary.com




സഖറിയാസ് വാച്ചാപ്പറമ്പിലിനേയും നിയമിച്ചു. 1936 – വരെ അദ്ദേഹം തിരുവല്ല രൂപതയെ നന്നായി ഭരിക്കയും നയിക്കുകയും ചെയ്തു. 1936 ഓഗസ്റ്റുമാസം മുതൽ അദ്ദേഹം രോഗാതുരനാകുകയും 1956 വരെ രോഗത്തിന്റെ അവശതയും പീഡകളും രൂപതയുടെ നന്മയ്ക്കും ഐശ്വര്യത്തിനും വേണ്ടി സമർപ്പിക്കയും ചെയ്ത ഒരജ്ഞാതനായി പുഷ്പഗിരി അരമനയിൽ ജീവിച്ചു. 1956 – ജൂൺ മാസത്തിൽ അദ്ദേഹത്തിന്റെ ആത്മാവ് നിത്യതയിലേക്കെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം തിരുവല്ല കത്തീഡ്രലിൽ വിശ്രമം കൊള്ളുകയും ചെയ്യുന്നു. നല്ല ദൈവം അദ്ദേഹത്തിന് നിത്യഭാഗ്യം നൽകട്ടെ. അദ്ദേഹത്തിന്റെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ. ക്രിസ്തുവിന്റെ മൗതിക ശരീരമാകുന്ന തിരുസഭയുടെ അംഗമായിരിപ്പാൻ നമ്മേ നയിക്കയും സഹായിക്കയും ചെയ്തിട്ടുള്ള വന്ദ്യപിതാക്കന്മാരോടുള്ള നമ്മുടെ കൃതജ്ഞതയും കടപ്പാടും യഥാർത്ഥ ക്രിസ്തീയ ജീവിതം വഴി പ്രത്യക്ഷീകരിക്കാൻ നമുക്കാത്മാർപ്പണം ചെയ്യാം. നല്ല ദൈവം അതിന് നമ്മേ അനുഗ്രഹിക്കട്ടെ.

(ഐക്യദീപം 1982 നവംബർ പേജ് 15)

www.malankaralibrary.com



# പുനരൈക്യത്തിന്റെ പുണ്യപിതാക്കന്മാർ



ഫാ. ചെറിയാൻ താഴമൺ

**ആമുഖം**

ഭാഗ്യസ്മരണാർഹനായ ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത മലങ്കര സഭയുടെ ആധുനിക ചരിത്രഗതിയെ നയിച്ചിരുന്ന ചരിത്രപുരുഷനായിരുന്നു. നൂറ്റാണ്ടുകളായി നിലനിന്നിരുന്ന ഭിന്നതയും മാത്സര്യവും നിമിത്തം ക്ഷയോന്മുഖമായിരുന്ന പുത്തൻകൂർ സമുദായത്തിന്റെ പുനരുദ്ധാരണത്തിനും ശാക്തീകരണത്തിനും ദൈവാത്മാവിനാൽ പ്രചോദിതനായി അദ്ദേഹം എടുത്ത നിലപാടുകളും മുന്നോട്ടുവച്ച ആശയങ്ങളും ചെയ്തകാര്യങ്ങളും ശരിയായിരുന്നു. എന്ന് മാത്രമല്ല, അവ ദൈവനടത്തിപ്പായിരുന്നു എന്ന് ചരിത്രവും സാക്ഷിക്കുന്നു. മലങ്കരയിലെ പൗരസ്ത്യ കാതോലിക്കാ സിംഹാസന പുനഃസ്ഥാപനം, ബഥനി സന്യാസ പ്രസ്ഥാനങ്ങളുടെയും ബഥനി പള്ളികളുടെയും തുടക്കം, ചരിത്രപ്രസിദ്ധമായ മലങ്കര പുനരൈക്യം, മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി സ്ഥാപനം തുടങ്ങിയ മലങ്കര സഭാചരിത്രത്തിലെ അതിപ്രധാനമായ സംഭവങ്ങളുടെയെല്ലാം മുഖ്യ സൂത്രധാരകനും ശക്തിഹേതുവുമായിരുന്ന മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെയും അദ്ദേഹത്തെ നിഴൽപോലെ പിൻതുടരുകയും തപസ്സും പ്രാർത്ഥനയും കൊണ്ട് പിൻബലം കൊടുക്കുകയും ബഥനിയുടെ തുടക്കത്തിനും തുടർച്ചക്കും

www.malankaralibrary.com



കൈത്താങ്ങാകുകയും മലങ്കര പുനരൈക്യത്തിനും മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി സ്ഥാപനത്തിനും തിരുവല്ലാ ഭദ്രാസനത്തിന്റെ അടിസ്ഥാനം ഉറപ്പിക്കുന്നതിനും ദൈവം തിരഞ്ഞെടുത്ത് നിയോഗി ക്കുകയും ചെയ്തിരുന്ന യതിവര്യൻ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തയുടെയും ദർശനങ്ങളും നേതൃത്വവും പ്രവൃത്തികളും എപ്രകാരമാണ് മലങ്കര സഭയുടെ ആധുനികകാല ചരിത്രത്തെ സ്വാധീ നിച്ചതെന്ന പരിശോധനയ്ക്കുള്ള ഒരു എളിയ ശ്രമമാണ് തുടർതാളുക ളിൽ.

**ദൈവദാസന്റെ ജീവിതരേഖ**

കുടുംബം :മാവേലിക്കര മല്ലിട്ട പണിക്കരുവീട്ടിൽ
മാതാപിതാക്കൾ :തോമ്മാപണിക്കർ & അന്നമ്മ
ജനനം :1882 സെപ്റ്റംബർ 21
മാമോദീസാ :1882 ഒക്ടോബർ 4 പുതിയകാവ് പള്ളിയിൽ. പണിക്കരുവീട്ടിൽ തര്യത് സ്കറിയാകത്ത നാർ.
ശെമ്മാശ്പട്ടം :1990 ജനുവരി 9 ന് പുത്തൻകാവ് പള്ളി യിൽ വച്ച് പുലിക്കോട്ടിൽ മാർ ദിവന്നാസി യോസ് മെത്രാപ്പോലീത്തായിൽ നിന്ന്.
എം. എ. ഡിഗ്രി :1907
വൈദിക പട്ടം :1908 സെപ്റ്റംബർ 15, പരുമലപള്ളിയിൽവച്ച് വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് മെത്രാപ്പോ ലീത്തായിൽ നിന്ന്.
എം. ഡി. സെമിനാരി പ്രിൻസിപ്പാൾ :1908 – 1913
സെറാമ്പൂർ കോളേജ് പ്രൊഫസർ :1913 – 1919
ബഥനി ആശ്രമ സ്ഥാപനം:1919 ആഗസ്റ്റ് 15
റമ്പാൻ സ്ഥാനാഭിഷേകം :1925 ജനുവരി 28, തിരുമൂലപുരം പള്ളിയിൽവച്ച് നിരണം ഭദ്രാസനത്തിന്റെ മാർഗ്രിഗോറിയോ സിന്റെ കയ്യാൽ
മെത്രാൻ സ്ഥാനാഭിഷേകം:1925 മെയ് 1. നിരണം പള്ളിയിൽ വച്ച്, ബസ്സേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവാ, കണ്ടനാട് യൂവാക്കീം മാർ ഈവാനിയോസ്, നിരണം ഭദ്രാസനത്തിന്റെ മാർ ഗ്രിഗോറിയോസ് ഇവരാൽ.

www.malankaralibrary.com



| | |
|---|---|
| ബഥനി സന്യാസിനി സമൂഹ സ്ഥാപനം | :1925 സെപ്റ്റംബർ 8 |
| മെത്രാപ്പോലീത്താ സ്ഥാനാരോഹണം | :1929 ഫെബ്രുവരി 13 |
| കത്തോലിക്കാ പുനഃരൈക്യം | :1930 സെപ്റ്റംബർ 20 |
| മലങ്കര സുറിയാനി കത്തോലിക്കാ സുറിയാനി ഹയരാർക്കി സ്ഥാപനം | :1933 മാർച്ച് 12 |
| കന്തീലാ ശുശ്രൂഷ | :1952 സെപ്റ്റംബർ 2. നാലഞ്ചിറ ബഥനി ആശ്രമത്തിൽവച്ച് |
| സ്വർഗ്ഗപ്രവേശം | :1953 ജൂലൈ 15 |
| കബറടക്കം | :1953 ജൂലൈ 17 |
| ദൈവദാസനായി പ്രഖ്യാപിച്ചത് | :2007 ജൂലൈ 14 പട്ടം കത്തീഡ്രൽ, മോറാൻ മോർ ബസ്സേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ. |

**പശ്ചാത്തലവിവരണം**

മാർത്തോമ്മാ ശ്ലീഹായിൽ നിന്നും ക്രൈസ്തവ വിശ്വാസം സ്വീകരിച്ച കേരളത്തിലെ ആദിമ സഭ ഏക വിശ്വാസവും ഏക ആരാധനാരീതിയും സ്വന്തമാക്കിയിരുന്നു. എന്നാൽ പതിനാറാം നൂറ്റാണ്ടിൽ അവർ രണ്ട് ക്രൈസ്തവ സമൂഹങ്ങളായി വിഭജിക്കപ്പെടുകയും ഒരു കൂട്ടർ ലത്തീൻ(പോർട്ടുഗീസ്) സഭാധികാരികൾക്ക് വിധേയമാവുകയും മറുകൂട്ടർ അതിനു വിസമ്മതിക്കുകയും ചെയ്തു. ഇപ്രകാരം കീഴ്പ്പെടുവാൻ വിസമ്മതിച്ചവർ തങ്ങളുടെ അനിശ്ചിതാവസ്ഥ തുടരാതെ സാധുവായ കൈവയ്പ്പ് തേടി അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിനോട് കൂട്ടായ്മ പുലർത്തുന്ന ഒരു സ്വതന്ത്ര സഭയായി പരിണമിക്കുകയും ചെയ്തു. ഈ വിഭാഗത്തെയാണ് മലങ്കരസഭ എന്ന സംജ്ഞകൊണ്ട് വിവക്ഷിക്കുന്നത്. ലത്തീൻ (പോർട്ടുഗീസ്) സഭാധികാരികൾക്ക് വിധേയപ്പെടുവാൻ വിസമ്മതിക്കുകവഴി സാർവ്വത്രിക സഭാകൂട്ടായ്മയും അപ്പസ്തോല സംഘത്തിന്റെ തലവനായ വിശുദ്ധ പത്രോസിന്റെ പിൻഗാമിയായ റോമാ മാർപ്പാപ്പായുമായുള്ള സംസ്സർഗ്ഗവും നഷ്ടമായ മലങ്കര സഭ അവ വീണ്ടെടുത്ത് പൂർവ്വസ്ഥിതിപ്രാപിക്കുവാനുള്ള ആദ്യകാല ശ്രമങ്ങൾ പരാജയപ്പെട്ടതുമൂലമുണ്ടായ അനിശ്ചിതത്വത്തിനു പരിഹാരം തേടിയ പ്രക്രിയയിലാണ് അന്ത്യോക്യാ യാക്കോബാ പാത്രിയർക്കീസുമായുള്ള കൂട്ടായ്മയിൽ എത്തിപ്പെട്ടത്. തുടർന്നും മലങ്കര സഭ റോമ്മാ മാർപ്പാപ്പായുമായുള്ള കൂട്ടായ്മ പുനഃസ്ഥാപിക്കുവാൻ നിരന്തരം ശ്രമിച്ചുകൊണ്ടാണിരുന്നത്. അനേക പരിശ്രമങ്ങൾ പലവിധകാരണങ്ങ

www.malankaralibrary.com



ളാൽ പരാജയപ്പെട്ടു എങ്കിലും 1926 ൽ മലങ്കര ഓർത്താഡോക്സ് സുറിയാനി സഭയിലെ കാതോലിക്കാ ബാവായുടേയും വട്ടശ്ശേരിൽ തിരുമേനിയുടെയും മറ്റ് മെത്രാപ്പോലീത്താമാരുടെയും കൂട്ടായ തീരുമാനപ്രകാരം ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ നടത്തിയ പരിശ്രമങ്ങൾ 1930 സെപ്റ്റംബർ 20 ന് വിജയമണിഞ്ഞു. അതാണ് ചരിത്രപ്രസിദ്ധമായ മലങ്കര പുനരൈക്യം. അതിലൂടെ രൂപപ്പെട്ട സാർവ്വത്രിക സഭാകൂട്ടായ്മയിൽ നവാഗതയായ വ്യക്തിഗത സഭയാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭ. 1653 ൽ നഷ്ടപ്പെട്ട സാർവ്വത്രിക സഭാസംസർഗ്ഗം വീണ്ടെടുക്കുവാൻ ഒന്നാം മാർത്തോമ്മാ മുതൽ അനേകർ നടത്തിയ പരിശ്രമങ്ങൾ അവസാനം 1930 ൽ മാർ ഈവാനിയോസിലൂടെ സഫലമായി.

ഏകമായിരുന്ന കേരളത്തിലെ ആദിമസഭയിൽ അധീശത്വം സ്ഥാപിക്കുവാനുള്ള ലത്തീൻ (പോർട്ടുഗീസ്) സഭാധികാരികളുടെ അതിരുവിട്ട ആവേശം സഭയിൽ വിഭജനത്തിനിടയാക്കിയെന്നും ഭിന്നിച്ച സമൂഹം അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിനോട് കൂട്ടായ്മ പുലർത്തുന്ന സഭയായി രൂപാന്തരപ്പെട്ടെന്നും നാം കണ്ടു. സംസർഗ്ഗത്തിനും കൂട്ടായ്മയ്ക്കുമപ്പുറം അന്ത്യോക്യ പാത്രിയർക്കീസിന്റെ അധീശത്വം മലങ്കര സഭ ഒരിക്കലും ആവശ്യപ്പെടുകയോ അംഗീകരിക്കുകയോ ചെയ്തിരുന്നില്ല. എന്നാൽ പ്രോട്ടസ്റ്റന്റ് മിഷനറിമാരുടെ അധീശത്വത്തെ അതിജീവിക്കുവാനും പാലക്കുന്നത്ത് മാത്യൂസ് മാർ അത്തനാസിയോസിന്റെ അവകാശവാദങ്ങളെ ഖണ്ഡിക്കുവാനുമുള്ള ആവേശത്തിൽ, താത്വികമായി ആഗ്രഹിക്കാതെയാണെങ്കിലും, പ്രായോഗികമായി അന്ത്യോക്യാ യാക്കോബായ പാത്രയർക്കീസിന്റെ നുകത്തിൻ കീഴിൽ മലങ്കര സഭ ചെന്നുപെട്ടു. ലഭ്യമായ അവസരങ്ങൾ മുതലാക്കി അന്ത്യോക്യാ പാത്രിയർക്കീസും മലങ്കരയിൽ അധികാരം ഉറപ്പിക്കാൻ പരിശ്രമിച്ചുകൊണ്ടിരുന്നു. അതുവഴി ഉണ്ടായ അസ്വസ്ഥതകളാണ് മലങ്കര സഭയെ ഒഴിയാബാധപ്പോലെ ആവാഹിച്ചിരിക്കുന്നത്. ലത്തീൻ (പോർട്ടുഗീസ്) ആധിപത്യം അംഗീകരിക്കാൻ വിസമ്മതിച്ചതുമൂലം ആഗ്രഹിക്കാതെ എങ്കിലും സാർവ്വത്രിക സഭാ സംസർഗ്ഗവും പത്രോസിന്റെ പിൻഗാമിയായ റോമ്മാ മാർപ്പാപ്പായുമായുള്ള കൂട്ടായ്മയും നഷ്ടപ്പെട്ട മലങ്കര സമൂഹം വീണ്ടും, ആഗ്രഹിക്കാതെതന്നെ അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിന്റെ അധീശ്വത്തത്തിൻ കീഴിൽ ചെന്നുപെട്ടു. ഇതുമൂലം ശാന്തമായ നദിപോലെ സ്വഛമായി ഒഴുകിക്കൊണ്ടിരുന്ന മലങ്കരയിലെ ക്രൈസ്തവസഭയിൽ നിലയ്ക്കാത്ത പ്രവാഹങ്ങളും

www.malankaralibrary.com



കോളിളക്കങ്ങളും കൊടുങ്കാറ്റും നൂറ്റാണ്ടുകളായി തുടർന്ന പശ്ചാത്തലത്തിൽ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിലൂടെ ദൈവാത്മാവ് നടത്തിയ ചില ഇടപെടലുകൾ മലങ്കര മക്കൾ അറിയേണ്ടവയാണ്.

**മലങ്കരയിൽ പൗരസ്ത്യ കാതോലിക്കേറ്റ് സ്ഥാപനം.**

കേരളത്തിലെ ക്രൈസ്തവ സമൂഹത്തിലുണ്ടായ ഭിന്നതയും അതിനെ തുടർന്ന് ലത്തീൻ (പോർട്ടുഗിസ്) അധികാരത്തെ അംഗീകരിക്കാൻ വിസമ്മതിച്ച വിഭാഗം അംഗീകൃത കൈവയ്പ്പിന്നായി ഗദ്യന്തരമില്ലാതെ അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസുമായി സംസർഗ്ഗത്തിലെത്തിപ്പെട്ടതും പാത്രയർക്കീസിന് ആത്മീയ അധികാരം അംഗീകരിച്ചുകൊടുത്ത മലങ്കര സഭയിൽ ഭൗതിക അധികാരത്തിനായി അദ്ദേഹം ശ്രമിച്ചതും മലങ്കര സഭ അതിനെ പ്രതിരോധിക്കാൻ ശക്തിയുക്തം ശ്രമിക്കുന്നതും നാം നേരത്തെ കണ്ടിരുന്നു. അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിന്റെ മേൽക്കോയ്മയിൽ നിന്ന് മോചനം നേടേണ്ടത് മലങ്കര സഭയുടെ നിലനില്പിനും വളർച്ചയ്ക്കും അനിവാര്യമാണന്ന് തിരിച്ചറിഞ്ഞ പണിക്കരുവീട്ടിൽ ഫാ. പി.റ്റി. ഗീവർഗീസ് (മാർ ഈവാനിയോസ് മെത്രാപ്പോലീത്ത) വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായെയും സഭാ മാനേജിംഗ് കമ്മറ്റിയെയും മലങ്കര അസോസിയേഷനെയും മറ്റ് സഭാ നേതൃത്വത്തെയും ഇത് ബോദ്ധ്യപ്പെടുത്തുകയും മോചനത്തിനുള്ള മാർഗ്ഗം കണ്ടെത്തി അവരുമായി പങ്കുവയ്ക്കുകയും ചെയ്തു. തിഗ്രീസിലെ അന്യംനിന്നുപോയ കാതോലിക്കാ സിഹാസനം മലങ്കരയിലേയ്ക്ക് മാറ്റി സ്ഥാപിക്കുകയും മലങ്കരയിൽ ഒരു കതോലിക്കായെ വാഴിക്കുകയും ചെയ്യുക എന്നതായിരുന്നു അദ്ദേഹം കണ്ടെത്തിയ മാർഗ്ഗം. അതിനുള്ള വഴിയും അദ്ദേഹം സഭാധികാരികളുടെ മുൻപിൽ അവതരിപ്പിച്ചു. തുർക്കി സർക്കാർ അധികാരത്തിൽനിന്ന് പുറത്താക്കിയിരുന്ന അന്ത്യോക്യായിലെ യാക്കോബായ പാത്രിയർക്കീസ് അബ്ദൽ മിശിഹായെ മലങ്കരയിൽ എത്തിച്ച് കാതോലിക്കാ സിംഹാസന സ്ഥാപനവും കതോലിക്കാ വാഴ്ചയും നടത്തുക. കൊല്ലവർഷം 1086 മിഥുന മാസത്തിൽ (1911) എം. ഡി. സെമിനാരിയിൽ കൂടിയ മാനേജിംഗ് കമ്മറ്റി അബ്ദൽ മിശിഹായുമായി ബന്ധപ്പെടുവാൻ തീരുമാനിക്കുകയും മേൽ നടപടികൾക്കായി ഫാ. പി. റ്റി. ഗീവർഗീസിനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഫാ. പി. റ്റി ഗീവർഗീസാണ് അബ്ദൽ മിശിഹായുമായി എഴുത്തുകുത്തുകൾ നടത്തി അദ്ദേ

www.malankaralibrary.com



ഹത്തെ മലങ്കരയിൽ എത്തിച്ചതെന്ന് 1094 കന്നിമാസം നാലാം തീയതി (1918 സെപ്റ്റംബർ 20) വട്ടിപ്പണക്കേസിൽ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനികൊടുത്ത മൊഴിയിൽ വ്യക്തമാക്കുന്നുണ്ട്. (ഇസഡ്. എം. പാറേട്ട്. വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ്, എം. ഓ. സി പബ്ലിക്കേഷൻസ്, 2013 . പേജ്. 300– 303). ശതാബ്ദികൊണ്ടാടുന്ന കാതോലിക്കേറ്റിന്റെ കാലിക പ്രാധാന്യം എന്ന ഗ്രന്ഥത്തിന്റെ 14–ാം പുറത്ത് കാതോലിക്കേറ്റിന്റെ പിന്നിൽ നിന്നവർ എന്ന തലക്കെട്ടിനടിയിലും ഫാ. പി. റ്റി. ഗീവർഗീസിന്റെ (ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്) ചിത്രവും പേരും നല്കിയിട്ടുള്ളതും ശ്രദ്ധേയമാണ്.

ഒരു കാതോലിക്കായുടെ കീഴിൽ സ്വയംഭരണസഭയായിത്തീരുകയാണ് മലങ്കര സഭയിൽ സമാധാനം സ്ഥാപിക്കുവാനുള്ള പ്രഥമ പടി എന്നുള്ള മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ബോദ്ധ്യമാണ് മലങ്കരയിൽ പൗരസ്ത്യ കാതോലിക്കേറ്റിന്റെ സ്ഥാപനത്തിന് വഴിതെളിച്ചത്. അന്ത്യോക്യാ യാക്കോബായ പാത്രിയർക്കാസിംഹാസനത്തിൽ അന്ന് നിലനിന്നിരുന്ന അവസ്ഥാവിശേഷം പ്രയോജനപ്പെടുത്തി സർക്കാർ അധികാരഭ്യഷ്നാക്കിയിരുന്ന അബ്ദൽ മിശിഹാപാത്രിയർക്കീസിനെ മലങ്കരയിൽ എത്തിച്ച് കാതോലിക്കാ വാഴ്ച നടത്തുക എന്ന അതിസാഹസികമായ കാര്യമാണ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചത്. മറ്റ് പലരും അറച്ചുനിന്നിട്ടും പാത്രിയർക്കീസിനെ മലങ്കരയിൽ എത്തിച്ചതും മലങ്കരയിൽ എത്തിക്കഴിഞ്ഞിട്ട് ഭയപ്പെട്ട പാത്രിയർക്കീസ് കാതോലിക്കാ വാഴ്ചയിൽ നിന്ന് പിന്മാറാൻ പോയപ്പോൾ നേരിൽകണ്ട് ധൈര്യപ്പെടുത്തി കാതോലിക്കാ വാഴ്ച നടത്തിച്ചതും മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ധൈര്യവും സമയോചിതമായ ഇടപെടലുകളുമായിരുന്നു എന്നത് ചരിത്രസത്യമാണ്. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ കത്തിടപാടുകൾ ആയിരുന്നു അബ്ദൽ മിശിഹാ പാത്രിയർക്കീസിന്റെ മലങ്കരയിലേക്കുള്ള വരവിനും കാതോലിക്കാ വാഴ്ചക്കും ഇടയാക്കിയത് എന്ന് വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ കുന്നംകുളം കേസിൽ 1091 ഇടവ മാസം 13–ാം തീയതി നല്കിയ മൊഴിയിലും വ്യക്തമാക്കുന്നുണ്ട്.

പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിന്റെ മലങ്കരയിലെ പുനഃസ്ഥാപനമാണ് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സ്വയംഭരണാവകാശം വീണ്ടെടുത്തതും ഇന്നുകാണുന്ന വളർച്ചയ്ക്ക് വഴി തെളിച്ചതും. കാതോലിക്കാ സിംഹാസന സ്ഥാപനത്തിന്റെ പിന്നിൽ പ്രവർത്തിച്ച ബുദ്ധിയും പ്രേരണയും നേതൃത്വവും പണിക്കരുവീട്ടിൽ ഫാ.

www.malankaralibrary.com



പി. റ്റി. ഗീവർഗീസിന്റേതായിരുന്നു (മാർ ഈവാനിയോസ്). മാത്രമല്ല, മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ അവിശ്രമപരിശ്രമമില്ലായിരുന്നെങ്കിൽ അബ്ദൽ മിശിഹാ ഇതിനു സന്നദ്ധനാകുകയോ കേരളത്തിൽ ആഗതനാകുകയോ ചെയ്യുമായിരുന്നില്ല. കാതോലിക്കാവാഴ്ചയ്ക്ക് നേരിട്ട വിഘ്നങ്ങളെ വിജയപൂർവ്വം തരണം ചെയ്തതും മാർ ഈവാനിയോസ് തന്നെ. കാതോലിക്കേറ്റിനു നേരിടേണ്ടി വന്ന അഗ്നിപരീക്ഷകളെ അതിജീവിക്കാൻ സഹായിച്ചതും ആ വിദൂരവീക്ഷകന്റെ പ്രവർത്തനങ്ങളായിരുന്നു. (Cf. ഫാ. വർഗ്ഗീസ് കിളിച്ചിമല, കതോലിക്കാ സപ്തതിയും വിസ്മരിക്കപ്പെടുന്ന ഒരു നഗ്ന യാഥാർത്ഥ്യവും. 1982, പേജ്4)

**ബഥനിയുടെ സ്ഥാപനം**

മലങ്കരസഭയുടെ തനിമയും സ്വയംഭരണവും സംരക്ഷിച്ചുകൊണ്ടുള്ള നവീകരണവും ഭാരതസുവിശേഷീകരണവുമായിരുന്നു മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പ്രത്യേക താല്പര്യം. മലങ്കരസഭയുടെ സ്വത്വവും സ്വയം ഭരണവും നിലനിർത്തുവാനായി പൗരസ്ത്യ കാതോലിക്ക സിംഹാസനം മലങ്കരയിൽ സ്ഥാപിക്കുവാൻ അദ്ദേഹം നടത്തിയ പരിശ്രമങ്ങൾ മുൻപു നാം കണ്ടു. എന്നാൽ കാതോലിക്കാസിംഹാസന സ്ഥാപനവും ശാശ്വത സമാധാനം മലങ്കരയിൽ സ്ഥാപിക്കുവാൻ പര്യാപ്തമാകുന്നില്ല എന്നു കണ്ടതിൽ അദ്ദേഹം അസ്വസ്ഥനായിരുന്നു. ഈ അസ്വസ്ഥത അദ്ദേഹത്തെ നിരാശയിലേക്കും നിഷ്ക്രിയത്തത്തിലേക്കുമല്ല കൂടുതൽ ദൈവാശ്രയത്തിലേക്കും ആലോചനയിലേക്കും പ്രവർത്തനത്തിലേക്കുമാണ് തിരിച്ചത്. ഈ പശ്ചാത്തലത്തിലാണ് അദ്ദേഹം സെറാംമ്പൂരിലേ ശുശ്രൂഷ ഏറ്റെടുത്ത് മലങ്കരയിൽ നിന്ന് മാറി നിന്നത്. ആ സമയത്തെല്ലാം അദ്ദേഹത്തിന്റെ ചിന്ത മലങ്കരസഭയുടെ നവീകരണത്തെക്കുറിച്ചായിരുന്നു. അധികാരഘടനകൊണ്ടു മാത്രം സഭയിൽ സമാധാനം കൈവരില്ല അതിന് അറിവും ആഴമായ ആദ്ധ്യാത്മികതയും ആവശ്യമാണെന്നദ്ദേഹം തിരിച്ചറിഞ്ഞു. വൈദികരുടെയും അല്മായരുടെയും വിദ്യാഭ്യാസത്തിലൂടെ സഭയെ നവീകരിക്കുക, സഭയുടെ പ്രേഷിത പ്രവർത്തനം ഊർജ്ജിതമാക്കാൻ ഒരു മിഷനറി സമൂഹം ആരംഭിക്കുക തുടങ്ങിയ ചിന്തകൾ അദ്ദേഹത്തെ ആകർഷിച്ചു. എന്നാൽ ഇവയെക്കാൾ ഉപരിയായി സമ്പൂർണ്ണ സമർപ്പണത്തിലൂടെ യേശുവിൽ വിലയം പ്രാപിക്കാൻ കഴിയുന്ന സന്യാസമാണ് സഭയ്ക്ക് ഇന്നാവശ്യം എന്ന് അദ്ദേഹം മനസ്സിലാക്കി. അതിന്റെ ഫലമായാണ് 1913 മുതൽ 1919 വരെ സെറാംമ്പൂരിൽ ആയിരുന്നകാലത്ത് അദ്ദേഹം ബഥനി

www.malankaralibrary.com



സന്യാസ പ്രസ്ഥാനം ആരംഭിച്ചത്. അദ്ദേഹത്തെ ബഥനിയുടെ ശില്പി എന്നാണ് ഇസഡ്. എം. പാറേട്ട് തന്റെ ഗ്രന്ഥത്തിൽ വിശേഷിപ്പിക്കുന്നത് ( പേജ്. 361) സെറാംമ്പൂരിൽ ഇരുന്നുകൊണ്ട് അതിനുള്ള നടപടികൾ ആരംഭിച്ചിരുന്നതായും പാറേട്ട് വ്യക്തമാക്കുന്നുണ്ട്(പേജ്. 362). സഭയുടെ നവീകരണവും പ്രേഷിത വേലയും എന്ന ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് മാർ ഈവാനിയോസ് തിരുമേനി ബഥനി ആശ്രമം സ്ഥാപിച്ചത്. 1094 ഇടവമാസം 17-ാം തീയതി (1919 മെയ് 31) കൈപ്പട്ടൂർ പള്ളിയിൽ നിന്ന് അഭിവന്ദ്യ വട്ടശ്ശേരിൽ തിരുമേനി പുറപ്പെടുവിച്ച സർക്കുലറിൽ നിന്ന് ഇത് വ്യക്തമാണ്. സഭയുടെ ശ്രദ്ധമുഴുവനും സുവിശേഷവേലയിൽ വയ്ക്കുന്നതിന് സഹായിക്കുന്നതായ പല ഏർപ്പാടുകളും താമസിയാതെ ചെയ്യേണ്ടിയിരിക്കുന്നു. ഇതിലേയ്ക്ക് പ്രാരംഭമായി നമ്മുടെ വാത്സല്ല്യപുത്രൻ ഫാ. പി. റ്റി. ഗീവർഗീസ് എം. എ. നമ്മുടെ ആജ്ഞാനുസരണവും അനുമതിയോടുകൂടിയും പലശ്രമങ്ങൾ തുടങ്ങിയിട്ടുണ്ട്....... ഇപ്രകാരമുള്ള ഉണർച്ചയും പ്രതിഷ്ഠയും നമ്മുടെ സമുദായത്തിൽ ഉണ്ടാകുന്നതിനുവേണ്ടിയുള്ള പരിശ്രമമായി ബഥനിയെ സ്ഥാപിച്ചിരിക്കുന്നു. ബഥനിയും അതിനോടു ചേർന്നുള്ള സ്ഥാപനങ്ങളും വഴിയായി വേലചെയ്ത് ഭക്തിമാർഗ്ഗത്തിൽ നമ്മുടെ സഭയെ അഭിവൃദ്ധിപ്പെടുത്തണമെന്നുള്ള ആഗ്രഹത്തോടും സന്യാസനിഷ്ഠകളിലും സുവിശേഷവേലകളിലും ആയുസ്സിനെ വിനിയോഗിക്കണമെന്നാഗ്രഹിച്ചുകൊണ്ട് ദൈവാശ്രയത്തോടും അപ്പസ്തോലിക ആഗ്രഹത്തോടുംകൂടി ബഥനി ആശ്രമസ്ഥർ പുറപ്പെട്ടിരിക്കുന്നു .

ബഥനി ആശ്രമസ്ഥാപനത്തിനു പുറമേ സന്യാസിനീസമൂഹം സ്ഥാപിക്കുവാൻ അദ്ദേഹം മുന്നിട്ടിറങ്ങി. സ്ത്രീകൾക്ക് വിദ്യാഭ്യാസം നല്കാൻ പ്രത്യേക സ്ക്കൂളും ആരംഭിക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചു. സമുദായിക ഐശ്വര്യം ഏതൽ സമുദായത്തിലുള്ള സ്ത്രീ ജനങ്ങളുടെ സ്വഭാവസംസ്കരണത്തെ ആശ്രയിച്ചാണിരിക്കുന്നതെന്നദ്ദേഹത്തിന് ബോദ്ധ്യമുണ്ടായിരുന്നു മലങ്കരസഭയിൽ കന്യകാമഠം പ്രസ്ഥാനത്തിനു സ്ഥാനമുണ്ടാക്കുക ആവശ്യമാണെന്നു നമുക്കുതോന്നി. സുവിശേഷപ്രചാരണാർത്ഥം സന്യാസിമാരുടെ പ്രവേശനവും സഹകരണവും നിവൃത്തിയില്ലാത്തേടത്ത് സന്യാസിനികൾക്ക് സൗകര്യമുണ്ടായിരിക്കുമെന്നുള്ളതിനാൽ മാത്രമല്ല,

ഒരു ഗൃഹത്തിന്റെയും വിശുദ്ധ സഭയുടേയും ഉള്ളറയിൽ ദൈവത്തിനുള്ള സ്ഥാനം സ്ത്രീജനങ്ങളുടെ മനോഗതിയുടെ ആനുകുല്യമനുസരിച്ചാകയാൽ, തങ്ങളെത്തന്നെ ദൈവത്തിനായി നല്കിയിട്ടുള്ള

www.malankaralibrary.com



കന്യാസ്ത്രീകൾ ഉണ്ടായിരിക്കുന്നത് മലങ്കര സഭയുടെ പുരോഗതിക്ക് അത്യാവശ്യമാണെന്നു നാം വിചാരിച്ചു . (ഗിരിദീപം. പേജ്. 65).

ബഥനി ആശ്രമവും കന്യാസ്ത്രീമഠവും സ്ഥാപിച്ചതോടൊപ്പം ബഥനി പള്ളികളും സ്ഥാപിക്കുവാൻ അദ്ദേഹം നേതൃത്വം കൊടുത്തു. സഭയിലെ ഇടവകപള്ളികൾ ചിലകുടുംബങ്ങളുടെയോ ഏതാനും വ്യക്തികളുടെയോ നിയന്ത്രിണത്തിലും നടത്തിപ്പിലുമാകയാൽ പലതരത്തിലുള്ള വൈഷമ്യങ്ങൾ സഭ അനുഭവിച്ചിരുന്നു. അതിനൊരു പരിഹാരമായിട്ടായിരുന്നു അദ്ദേഹം ബഥനി പള്ളികൾ എന്ന ആശയം സഭയുടെ അംഗീകാരത്തോടെ നടപ്പിലാക്കിയത്. ബഥനി ആശ്രമവും, കന്യസ്ത്രിമഠവും ബഥനിപള്ളികളും മലങ്കര മെത്രാപ്പോലീത്തായുടെ കീഴിൽ ആയിരുന്നില്ല, മറിച്ച് ബഥനിമെത്രാപ്പോലീത്തായുടെ കീഴിൽ ആയിരുന്നു എന്നതും, ബഥനിമെത്രാപ്പോലീത്ത തന്റെ മെത്രാഭിഷേക സമയത്ത് മലങ്കരമെത്രാപ്പോലീത്തായ്ക്ക് മറ്റ് മെത്രാലീത്താമാർ ചെയ്യുന്നതുപോലെ വിധേയത്വം വാഗ്ദാനം ചെയ്ത് ഒപ്പിട്ട് നല്കിയിരുന്നില്ലയിരുന്നു എന്നതും പ്രത്യേകം ശ്രദ്ധേയമാണ്. കാരണം ബഥനി വേറിട്ട് നിന്നിരുന്ന ഒരു സഭാസംവിധാനമായിരുന്നു, ഈ ക്രമീകരണവും മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ദീർഘദൃഷ്ടിയുടെ ഫലമായിരുന്നു. **സഭയിൽ നിലനിന്നിരുന്ന കേസുകളിൽ നിന്നും ഭിന്നതകളിൽ നിന്നും മാറിനില്കേണ്ടത് സഭയുടെയും സമുദായത്തിന്റെയും വളർച്ചയ്ക്കും ആത്മിക സുസ്ഥിതിയ്കും പ്രേഷിത മുന്നേറ്റത്തിനും അനിവാര്യമാണെന്ന് അദ്ദേഹം ഉറച്ച് വിശ്വസിച്ചിരുന്നു. കക്ഷിവഴക്കുകൾക്കതീതമായ ഇടവക കൂട്ടായ്മകളായിരുന്നു ബഥനി പള്ളികൾ വഴി അദ്ദേഹം ലക്ഷ്യം വച്ചത്.** ബഥനിവഴിയായി സഭാമക്കളിൽ ഉണ്ടായ ഉത്തേജനം വളരെ വലുതായിരുന്നു. ബഥനിയുടെ സ്ഥാപനത്തിനു ശേഷമുള്ള മലങ്കരസഭയുടെ ചരിത്രം പരിശോധിച്ചാൽ ഇത് വ്യക്തമാണ്. ഇവിടെയും മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ദർശനവും പ്രവൃത്തികളും സത്യവും സമയോചിതവും ആയിരുന്നു എന്ന് വ്യക്തം.

**പുനരൈക്യത്തിന്റെ പ്രണേതാവ്**

പൗരസ്ത്യ കാതോലിക്കാ സിംഹാസനം മലങ്കരയിൽ സ്ഥാപിച്ച് സഭയ്ക്ക് ഭരണ സ്വാതന്ത്രവും സ്വയം ഭരണവും ഉറപ്പാക്കിയിട്ടും സഭാമക്കളുടെ ആത്മീകനവീകരണവും പ്രേഷിത തീഷ്ണതയും വർദ്ധിപ്പിക്കുവാൻ ബഥനി സമൂഹം സ്ഥാപിച്ചിട്ടും ഇടവകകളെ കുടുംബാധിപത്യത്തിൽ നിന്നും വ്യക്തികളുടെ ആധിപത്യത്തിൽ നിന്നും മോചിപ്പിക്കാനായി ബഥനി പള്ളികൾ സ്ഥാപിച്ചിട്ടും താൻ

www.malankaralibrary.com



ആഗ്രഹിച്ച സമാധാനവും ശാന്തതയും ആത്മിക ഉല്ക്കർഷവും സഭയ്ക്ക് ലഭ്യമായില്ല. അതിന്റെ കാരണം തേടിയ അദ്ദേഹത്തിനു മന സ്സിലായി അപ്പസ്തോല സംഘത്തിന്റെ തലവനായ വിശുദ്ധ പത്രോ സിന്റെ പിൻഗാമിയായ റോമാമാർപാപ്പായുമായുള്ള സംസർഗ്ഗം സഭാ പൂർണ്ണതയ്ക്ക് അനിവാര്യമാണെന്നും അതിന്റെ അഭാവമാണ് മലങ്കര സഭയിലെ അസമാധാനത്തിനു കാരണമെന്നും. ഈ സഭാദർശനം അദ്ദേഹം വട്ടശ്ശേരിൽ തിരുമേനിയുമായിട്ടും മറ്റ് മെത്രാപ്പോലീത്താ മാരുമായിട്ടും പങ്കുവയ്ക്കുകയും റോമാമാർപ്പാപ്പായുമായി കൂട്ടായ്മ നേടുന്നതിനുള്ള കത്തിടപാടുകൾ നടത്തുവാൻ അവരുടെ അനുവാദം നേടുകയും ചെയ്തിരുന്നു. 1926 –ൽ മെത്രാൻ കക്ഷിയിലെ മെത്രാന്മാർ സമ്മേ ളിച്ച് ഐക്യത്തിനു വേണ്ടിയുള്ള അന്വോഷണങ്ങൾ നടത്തുവാൻ ബഥനി മെത്രാപ്പോലീത്തായായിരുന്ന മാർ ഈവാനിയോസിനെ നിയോഗി ച്ചു.(Cf. സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്താ പുന രൈക്യസുവർണ്ണ ജൂബിലിയും മലങ്കര സഭയും, കോട്ടയം, 1980, പേജ്. 14). "സകലവും ഉപേക്ഷിക്കേണ്ടി വന്നാലും – ആരിൽ നിന്നെല്ലാം എതൃപ്പു കളെ അഭിമുഖീകരിക്കേണ്ടിവന്നാലും – റോമാമാർപ്പാപ്പായുടെ ഭരണ ത്തിൻ കീഴിൽ കത്തോലിക്കാ സഭയുമായി പുനരൈക്യം പ്രാപിച്ചാൽ മാത്രമേ ബാഹ്യവും ആഭ്യന്തരവുമായ അഭിവൃദ്ധി മലങ്കര സഭയ്ക്ക് കൈവരുത്തുവാൻ സാധിക്കുകയുള്ളവെന്നായിരുന്നു മാർ ഈവാനി യോസ് മെത്രാപ്പോലീത്തായുടെ സുദൃഢമായ അഭിപ്രായം " (റവ. ഫാ. തോമസ് ഇഞ്ചക്കലോടി. ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് ജീവചരിത്രം. ബഥനി പബ്ലിക്കേഷൻസ്, കോട്ടയം, 2012. പേജ്. 358) 1926 –ൽ പരുമലയിൽ വച്ച് സഭയിലെ മെത്രാപ്പോലീത്താമാർ ആലോചിച്ച് ചുമതലപ്പെടുത്തിയതനുസരിച്ച് റോമുമായുള്ള പുനരൈക്യത്തിനായി മാർ ഈവാനിയോസ് മെത്രാപ്പോലീത്ത കത്തിടപാടുകൾ ആരംഭിച്ചിരുന്നു. ദീർഘനാളത്തെ പ്രാർത്ഥനയുടെയും കത്തിടപാടുകളുടെയും ഫലമായി 1930 – ൽ മാർപാപ്പായിൽ നിന്ന് പുനരൈക്യത്തിനുള്ള അനുവാദം ലഭി ച്ചു. അങ്ങനെ 1653 ലെ ഭിന്നതയെ തുടർന്ന് വിഘടിച്ചുമാറിയ പുത്തൻകൂർ സമൂഹം ഒന്നാം മാർത്തോമ്മായുടെ കാലം മുതൽ നടത്തിയിട്ടുള്ള പുനഃ രൈക്യശ്രമങ്ങൾ മാർ ഈവാനിയോസിലൂടെ സഫലമായി. എന്നാൽ പുനരൈക്യത്തിനുവേണ്ടി താല്പര്യപൂർവ്വം കത്തിടപാടുകൾ നടത്തു വാൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ പ്രോത്സാഹിപ്പിച്ചി രുന്ന വട്ടശ്ശേരിൽ തിരുമേനിയും മറ്റ് മെത്രാപ്പോലീത്താമാരും പുനരൈ ക്യത്തിൽനിന്നും പിന്മാറിയത് മാർ ഈവാനിയോസ് മെത്രാപ്പോലീ

www.malankaralibrary.com



ത്തായെ വേദനിപ്പിച്ചു. എന്നാലും സത്യസഭ പരിശുദ്ധ കത്തോലിക്കാ സഭയാണെന്നും സഭാപൂർണ്ണതയ്ക്ക് മലങ്കരസഭയും പരിശുദ്ധ കത്തോലിക്കാ സഭാകൂട്ടായ്മയിൽ പരിശുദ്ധ റോമാമാർപാപ്പായുമായി സംസർഗ്ഗത്തിൽ ആയിരിക്കണമെന്നും അതുകൊണ്ടുമാത്രമെ മലങ്കര സഭയിൽ സമാധാനം സ്ഥാപിക്കാനും ഭിന്നതകൾ അവസാനിപ്പിക്കാനും പ്രേഷിത മുന്നേറ്റം നടത്താനും സാധിക്കുകയുള്ളു എന്നുമുള്ള സത്യം ഗ്രഹിച്ചിരുന്ന മാർ ഈവാനിയോസ് മെത്രാപ്പോലീത്താ പുനരൈക്യവുമായി മുന്നോട്ടുപോയി. വലിയ എതൃപ്പുകളെയും ഭീഷണികളെയും തൃണവൽഗണിച്ച് സുവിശേഷത്തിലെ നിധികണ്ടെത്തിയ രത്നവ്യാപാരിയെപ്പോലെ സകലതും ഉപേക്ഷിച്ച് മറ്റ് നാല് പോരോടൊപ്പം 1930 സെപ്റ്റംബർ 20 ന് പുനരൈക്യപ്പെട്ട് പരിശുദ്ധ കത്തോലിക്കാ സഭയിൽ അംഗമായി. അതാണ് ചരിത്രപ്രസിദ്ധമായ മലങ്കര പുനരൈക്യത്തിന്റെ തുടക്കം. അനേകായിരങ്ങൾ ആ വഴി തെരഞ്ഞെടുത്തു. 1932 – ൽ അത് മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി സ്ഥാപനത്തിലും മലങ്കര സുറിയാനി കത്തോലിക്കാ സഭാ രൂപീകരണത്തിലും എത്തി. നൂറ്റാണ്ടുകളായി മലങ്കര സഭാമക്കൾ ആഗ്രഹിച്ച സമാധാനം, ശാന്തത, ആദ്ധ്യാത്മിക നിറഞ്ഞ അന്തരീക്ഷം, കോടതിയും വ്യവഹാരവും ഗോഗ്വാവിളികളുമില്ലാത്ത ഇടവകകൾ, ഭരണക്രമങ്ങൾ എല്ലാം നേടിയെടുത്ത പുനരൈക്യം!

സാർവ്വത്രികസഭയും മലങ്കരസഭയും തമ്മിൽ അടുപ്പവും അന്യോന്യാംഗീകാരവും നേടിയെടുക്കുന്നതിന് സുദീർഘവും ആയാസകരവുമായ സംവാദം ആവശ്യമായിരുന്നു. ശ്രമകരമായ ഈ ദൗത്യമാണ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ നിറവേറ്റിയത്. മലങ്കര സഭ ഒന്നാകെ സാർവ്വത്രിക സഭാകൂട്ടായ്മയിലേയ്ക്ക് സ്വാഗതം ചെയ്ത് ഉൾച്ചേർക്കപ്പെട്ടുകഴിഞ്ഞു എന്നതാണ് യാഥാർത്ഥ്യം. റോമിലെ അപ്പസ്തോലിക സിംഹാസനം മലങ്കര സഭയെ ഒരു അപ്പസ്തോലിക പ്രാദേശിക സഭയായി സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ, മലങ്കര മക്കൾ എല്ലാവരും ഈ വസ്തുത തിരിച്ചറിഞ്ഞ് ആ അനുഭവത്തിലേയ്ക്ക് കടന്നു വന്നിട്ടില്ല. **യേശുക്രിസ്തുവിന്റെ രക്ഷാകരവ്യാപാരങ്ങളിലൂടെ മനുഷ്യവർഗ്ഗം മുഴുവനും രക്ഷിക്കപ്പെട്ടു എന്നാൽ, എല്ലാ മനുഷ്യരും ഈ സത്യം തിരിച്ചറിഞ്ഞ് ആ അനുഭവത്തിലേയ്ക്ക് എത്തിയിട്ടില്ല എന്നതുപോലെ തന്നെ. എല്ലാമനുഷ്യരും യേശുവിലൂടെ കരഗതമായ രക്ഷയുടെ അനുഭവത്തിലേയ്ക്ക് കടന്നുവന്നിട്ടില്ല എന്നതുകൊണ്ട് യേശുക്രിസ്തുവിന്റെ രക്ഷാകരകർമ്മത്തിന്റെ മഹത്വം കുറയുന്നില്ല.**

www.malankaralibrary.com



അതുപോലെ തന്നെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ശ്രമഫലമായി സാധിതമായ പുനരൈക്യത്തിന്റെ അനുഭവത്തിലേയ്ക്ക് മലങ്കരമക്കൾ എല്ലാവരും കടന്നുവന്നിട്ടില്ല എന്നതുകൊണ്ട് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ശ്രമത്തിന്റെയോ അതിലൂടെ നേടിയെടുത്ത മലങ്കരസഭയുടെ സാർവ്വത്രിക സഭയുമായുള്ളകൂട്ടായ്മയുടെയോ മഹത്വം കുറയുന്നില്ല. എല്ലാവരും ഈ കൂട്ടായ്മാനുഭവത്തിലേയ്ക്ക് വരുവാനുള്ള പരിശ്രമങ്ങൾ തുടരേണ്ടതുണ്ടെന്നകാര്യം ഇവിടെ സ്മരണീയം.

**മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി സ്ഥാപനം**

1930 സെപ്റ്റംബർ 20 ലെ ചരിത്രപ്രസിദ്ധമായ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെയും മറ്റ് നാല്പേരുടെയും പുനരൈക്യത്തെ തുടർന്ന് പുനരൈക്യകാറ്റ് മലങ്കരയിലാകമാനം വ്യാപിച്ചു. പതിനായിരങ്ങൾ പുനരൈക്യത്തിലൂടെ സത്യസഭാമാതാവിന്റെ മടിയിൽ അണഞ്ഞുകൊണ്ടിരുന്നു. ഈ സന്ദർഭത്തിൽ പരിശുദ്ധ മാർപാപ്പായെ സന്ദർശിക്കുന്നതിനും പുനരൈക്യപ്പെടുന്നവർക്കായി മലങ്കരസുറിയാനി കത്തോലിക്കാ ഹയരാർക്കി അംഗീകരിച്ചു കിട്ടുന്നതിനുമായി മാർ ഈവാനിയോസ് മെത്രാപ്പോലീത്ത 1932 ഏപ്രിൽ 11-ാം തീയതി റോമിലേക്ക് പുറപ്പെട്ടു. ഏപ്രിൽ 12 മുതൽ ജൂലൈ 2 വരെ അദ്ദേഹം അവിടെ താമസിച്ചു. അതിനിടയിൽ അഞ്ച് പ്രാവശ്യം മാർപ്പാപ്പായെ സന്ദർശിക്കുവാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. (ഏപ്രിൽ 26, മെയ്2, മെയ് 6, മെയ് 11, ജൂൺ 2) ഈ സന്ദർശനങ്ങളിലെല്ലാം അദ്ദേഹം മലങ്കര പുനരൈക്യത്തിന്റെ തൽസ്ഥിതിയെക്കുറിച്ചും ഭാവിയെക്കുറിച്ചും മാർപ്പാപ്പായുമായി ചർച്ചകൾ നടത്തിയിരുന്നു. തന്റെ അവസാനത്തെ സന്ദർശനത്തിന്റെ പത്താം ദിവസം മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി സ്ഥാപിച്ചുകൊണ്ടുള്ള മാർപാപ്പായുടെ കല്പന പുറത്തിറങ്ങി (ജൂൺ 11). വത്തിക്കാനിലെ ഭരണകേന്ദ്രത്തെ അത്ഭുതപ്പെടുത്തിയ ഒരു സംഭവമായിരുന്നു ഇത്. സാധാരണഗതിയിൽ വളരെക്കാലത്തെ അന്വേഷണങ്ങൾക്കും കത്തിടപാടുകൾക്കും നടപടികൾക്കും ശേഷം മാത്രം സാധിക്കുന്ന ഒരു കാര്യം മാർ ഈവാനിയോസ് തിരുമേനി ഏതാനും ദിവസങ്ങൾകൊണ്ട് നേടിയെടുത്തു. മാർ ഈവാനിയോസ് പിതാവിന്റെ വ്യക്തിപ്രാഭവവും ദൈവനടത്തിപ്പും എന്നല്ലാതെ എന്തു പറയാൻ. സാർവ്വത്രിക സഭാകൂട്ടായ്മയിൽ ഒരു സഭകൂടി ചേർക്കപ്പെട്ടു.

പലരും അന്ന് കണക്കുകൂട്ടി ഈ സഭ താമസംവിന അന്യം നിന്നുപോകും. കാരണം ശത്രുക്കൾ അത്രയധികവും ശക്തരുമായിരു

www.malankaralibrary.com



ന്നു. എന്നാൽ ശക്തമായ അടിത്തറമേൽ മാർ ഈവാനിയോസ് തിരുമേനി ഉറപ്പിച്ച സഭ ഉത്തരോത്തരം വളർന്നുകൊണ്ടിരിക്കുന്നു. 1932-ൽ സ്ഥാപിതമായ ഹയരാർക്കി പാത്രിയർക്കീസിനു തുല്യഅധികാരമുള്ള മേജർ ആർച്ച്ബിഷപ്പ് - കാതോലിക്കാ ബാവായാൽ നയിക്കപ്പെടുന്ന സ്വയം ഭരണാധികാരമുള്ള വ്യക്തിഗത സഭയായി 2005- ൽ കത്തോലിക്കാസഭയിൽ ഉയർത്തപ്പെട്ടു. കത്തോലിക്കാ സഭാകൂട്ടായ്മയിലെ ഏറ്റവും ഊർജ്ജസ്വലമായ സഭ എന്ന് പരിശുദ്ധ മാർപ്പാപ്പായാൽ അഭിനന്ദിക്കപ്പെടുവാൻ തക്ക സജീവ ശുശ്രൂഷയാണ് മലങ്കര സുറിയാനികത്തോലിക്കാ സഭ നിർവ്വഹിക്കുന്നത്. സഭയുടെ തലവനും പിതാവുമായ കാതോലിക്കാബാവായെ കർദ്ദിനാൾ സ്ഥാനത്തേക്ക് ഉയർത്തി വത്തിക്കാന്റെ ഭരണകേന്ദ്രത്തിൽ ഉൾക്കൊള്ളിക്കുവാനും മാർപാപ്പാ തിരുമനസ്സായി. ഭാരതമാസകലം സുവിശേഷ പ്രവർത്തനം നടത്തുവാനുള്ള അനുവാദവും മലങ്കര സഭ സാർവ്വത്രിക സഭാ അധികാരികളിൽ നിന്ന് കരസ്ഥമാക്കി. വിശുദ്ധ പത്രോസ് ശ്ലീഹായുടെ യഥാർത്ഥപിൻഗാമി നേതൃത്വം നൽകുന്ന സാർവ്വത്രിക സഭാകൂട്ടായ്മയിൽ ഒരു സ്വതന്ത്രസഭയായി മലങ്കര സുറിയാനി കത്തോലിക്കാ സഭ ഉയർത്തപ്പെട്ടപ്പോൾ 1653 മുതൽ പുനരൈക്യത്തിനുവേണ്ടി ആഗ്രഹിക്കുകയും ശ്രമിക്കുകയും ചെയ്ത മലങ്കര സഭാ നേതാക്കന്മാരുടെ ചിരകാലാഭിലാഷമാണ് ഫലമണിഞ്ഞത്. 1912 ലെ പൗരസ്ത്യകാതോലിക്കാ സിംഹാസനസ്ഥാപനം കൊണ്ട് ആഗ്രഹിച്ച സ്വയം ഭരണാധികാരം ലഭ്യമായി, ബഥനി സ്ഥാപിക്കുക വഴി ലക്ഷ്യം വച്ച ഭാരത മാസകലമുള്ള സുവിശേഷ പ്രവർത്തനത്തിനുള്ള അവകാശഅനുവാദങ്ങൾ ലഭ്യമായി, സഭയുടെ നവീകരണമെന്ന മലങ്കരസഭയുടെ ആഗ്രഹവും സഫലയായി. മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി സ്ഥാപിച്ചുകിട്ടുന്നതിനുള്ള പരിശ്രമങ്ങൾ നൂറുശതമാനവും മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെതായിരുന്നു. അതുവഴി മലങ്കര സഭയ്ക്കുലഭിച്ചിരിക്കുന്ന നന്മകൾക്കെല്ലാം നാം അദ്ദേഹത്തോടാണ് കടപ്പെട്ടിരിക്കുന്നത്.

**യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത**

1891 ഫെബ്രുവരി 26-ാം തീയതി വ്യാഴാഴ്ച ചേർപ്പുങ്കൽ മറ്റത്തിൽ മൂലകുടുംബത്തിന്റെ ശാഖയായ ഒളശ്ശ കളപ്പുരയ്ക്കൽ കുടുംബത്തിൽ ശ്രീ. എബ്രഹാം തരകന്റെയും ശ്രീമതി അച്ചാമ്മയുടെയും കടിഞ്ഞൂൽ പുത്രനായി യാക്കോബ് മാർ തെയോഫിലോസ് പിതാവ് ജനിച്ചു. 1891 മാർച്ച് മാസം 16-ാം തീയതി തിങ്കളാഴ്ച കല്ലുങ്കത്ര പള്ളിയിൽ വച്ച് ചാലാശേരിൽ വന്ദ്യ ഔസേപ്പ് കത്തനാർ യാക്കോബ് എന്ന പേരു നൽകി

www.malankaralibrary.com



ശിശുവിനു മാമോദീസായും മൂറോൻ അഭിഷേകവും നൽകി. കളപ്പുരയ്ക്കൽ വന്ദ്യ മാത്തൂത്തരകൻ കത്തനാരായിരുന്നു ജ്ഞാനസ്നാന പിതാവ്. അക്ഷരാഭ്യാസം അടുത്തുണ്ടായിരുന്ന ആശാൻ കളരിയിലും പ്രാഥമിക വിദ്യാഭ്യാസം ഒളശ്ശയിലെ പ്രൈമറി സ്കൂളിലും തുടർന്നുള്ള വിദ്യാഭ്യാസം കോട്ടയം എം. ഡി സെമിനാരിയിലുമായിരുന്നു. സ്തുത്യർഹമായ നിലയിൽ മെട്രിക്കുലേഷൻ പരീക്ഷ വിജയിച്ച അദ്ദേഹത്തിന് മാതൃവിദ്യാലയമായ എം. ഡി. സെമിനാരിയിൽ തന്നെ അധ്യാപകനായി നിയമനവും ലഭിച്ചു. എം. ഡി സെമിനാരി പ്രിൻസിപ്പാൾ ആയിരുന്ന പണിക്കരുവീട്ടിൽ ഫാ. പി. റ്റി. ഗീവർഗീസ് എം. എയുടെ കൂടെയായിരുന്നു താമസിച്ചിരുന്നത്.

ഒളശ്ശ ഇടവകക്കാരുടെ പ്രത്യേക താല്പര്യവും അഭ്യർത്ഥനയും പരിഗണിച്ച് മലങ്കര മെത്രാപ്പോലീത്താ വട്ടശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനി യാക്കോബിന് ശെമ്മാശ്പട്ടം നൽകി. തുടർന്നും എം. ഡി. സെമിനാരിയിൽ അധ്യാപനവും എം. എ അച്ചന്റെ കീഴിൽ വൈദിക പരിശീലനവും തുടർന്നുകൊണ്ടിരുന്നു. മലങ്കര നസ്രാണി സമുദായത്തിന്റെ അഭ്യുന്നതിക്ക് ഉതകുമെന്നുകണ്ട് സെറാമ്പൂർ കോളജിൽ പ്രൊഫസർ ആകാനുള്ള ക്ഷണം സ്വീകരിക്കുവാൻ എം. എ അച്ചൻ തീരുമാനിച്ചു. യുവവൈദികരും ശെമ്മാശന്മാരുമായ ഏതാനും പേരെയെങ്കിലും സെറാമ്പൂരിൽ കൊണ്ടുപോയി പഠിപ്പിക്കുവാൻ സാധിക്കുമെന്നതിനാലായിരുന്നു എം. എ അച്ചൻ എം. ഡി പ്രിൻസിപ്പാൾ പദവി ഉപേക്ഷിച്ച് സെറാമ്പൂർ കോളജിൽ പ്രൊഫസർ ആയി ജോലി സ്വീകരിക്കുവാൻ തയാറായത്. എം. എ അച്ചന്റെ മനസ് അറിയാമായിരുന്ന യാക്കോബ് ശെമ്മാശനും അദ്ധ്യാപക ജോലി ഉപേക്ഷിച്ച ഗുരുവിനോടൊപ്പം സെറാമ്പൂരിലേക്കു പോയി. ഇന്റർമീഡിയേറ്റ് പാസായി അവിടെ ഓണേഴ്സ് പഠനത്തിനു ചേർന്നു. സെറാമ്പൂർ കോളജിൽ പ്രൊഫസർ ആയിരിക്കുമ്പോൾതന്നെ എം. എ അച്ചൻ താല്പര്യമുള്ള ശെമ്മാശന്മാരെ കൂട്ടി സന്യാസ ജീവിതചര്യകൾ പാലിച്ചു തുടങ്ങുകയും സന്യാസാശ്രമ സ്ഥാപനത്തിനുള്ള ഒരുക്കങ്ങൾ നടത്തുകയും ചെയ്തുകൊണ്ടിരുന്നു. ആശ്രമം തുടങ്ങാനായി ഫാ. പി.റ്റി ഗീവർഗീസ് നാട്ടിലേക്കു മടങ്ങിയപ്പോൾ ഓണേഴ്സ് പഠനം ഉപേക്ഷിച്ച് യാക്കോബ് ശെമ്മാശനും ആശ്രമത്തിൽ ചേരാനായി ഗുരുവിനോടൊപ്പം നാട്ടിലേക്കു പോന്നു. ആശ്രമം സ്ഥാപിക്കുന്നതിനും ആശ്രമനിയമം ക്രോഡീകരിക്കുന്നതിനും വ്രതവാഗ്ദാനം നടത്തി ബഥനി സന്യാസ പ്രസ്ഥാനം ആരംഭിക്കുന്നതിനും യാക്കോബ് ശെമ്മാശൻ ഫാ. പി. റ്റി. ഗീവർഗീസിനോടൊപ്പം ഉണ്ടായിരുന്നു.

www.malankaralibrary.com



1924 -ൽ അദ്ദേഹം വൈദികനായി അഭിഷിക്തനായി. ആശ്രമാ ദ്ധ്യക്ഷൻ അദ്ദേഹത്തെ ആശ്രമത്തിലെ പ്രഥമ ഗുരുവായി നിയമിച്ചു. 1927 ഡിസംബർ 12-ാം തീയതി 'മഹത്വ്രതം' എടുത്ത് യാക്കോബ് അച്ചൻ റമ്പാനായി. 1928 ഡിസംബർ 19-ാം തീയതി ചേർന്ന മലങ്കര ഓർത്ത ഡോക്സ് സഭയുടെ പരിശുദ്ധ സുന്നഹദോസ് യാക്കോബ് റമ്പാനെ ബഥനിയുടെ എപ്പിസ്കോപ്പാ ആയി വാഴിക്കാൻ തീരുമാ നിക്കുകയും 1929 ഫെബ്രുവരി 14-ന് പരിശുദ്ധ ബസേലിസോയ് ഗീവർഗീസ് ദ്വിതീയൻ പ്രഥമൻ കാതോലിക്കാ ബാവാ തെയോഫി ലോസ് എന്ന പേരിൽ വാഴിക്കുകയും ചെയ്തു. തുടർന്ന് ബഥനി മെത്രാപ്പോലീത്താ മാർ ഈവാനിയോസ് തിരുമേനി ബഥനി പള്ളികളുടെ ചുമതല മാർ തെയോഫിലോസ് തിരുമേനിയെ ഏല്പിച്ചു. തിരുവല്ലാ ബഥനി അരമനയിൽ താമസിച്ചുകൊണ്ടാണ് അദ്ദേഹം ചുമതലകൾ നിർവഹിച്ചിരുന്നത്.

1930 സെപ്റ്റംബർ 20-ാം തീയതി മാർ ഈവാനിയോസ് മെത്രാ പ്പോലീത്തായോടൊപ്പം മാർ തെയോഫിലോസ് പിതാവും കൊല്ലം അര മനയിൽവച്ച് പുനരൈക്യപ്പെട്ട് സാർവത്രിക സഭാകൂട്ടായ്മയിൽ പ്രവേ ശിച്ചു. 1932 ജൂൺ മാസം 11-ാം തീയതി മലങ്കര സുറിയാനി കതോലിക്കാ സഭാ ഹയരാർക്കി സ്ഥാപിതമാകുകയും 1933 നവംബർ മാസം ആറാം തീയതി തിങ്കളാഴ്ച തിരുവല്ലാ അതിരൂപത കാനോനികമായി നിലവിൽ വരികയും യാക്കോബ് മാർ തെയോഫിലോസ് പിതാവ് രൂപതയുടെ പ്രഥമാദ്ധ്യക്ഷനായി ചുമതല ഏൽക്കുകയും ചെയ്തു. തിരുവല്ല സെന്റ് ജോൺസ് മെത്രപ്പോലീത്തൻ കത്തീഡ്രലിന് കിഴക്ക് ഹൈന്ദവസ്നേ ഹിതൻ ശ്രീ. കുട്ടൻപിള്ളയുടെ 'കുഴിയിൽ വീട്' കൂലിക്കെടുത്ത് അവിടെ താമസിച്ചുകൊണ്ടാണ് അദ്ദേഹം രൂപതാ ഭരണം ആരംഭിച്ചത്. കല്ലടാവിലെ കാലിത്തൊഴുത്തിൽ പിറന്ന്, വഴിയോരങ്ങളിൽ അന്തിയു റങ്ങി, പത്രോസിന്റെ പടകിൽ യാത്ര ചെയ്ത്, ആകാശത്തിനും ഭൂമിക്കും മദ്ധ്യേ മരക്കുരിശിൽ മരിച്ച് ആരാന്റെ കല്ലറയിൽ സംസ്കരിക്കപ്പെട്ട യേശുകർത്താവിന്റെ യഥാർത്ഥ ശിഷ്യൻ. ഒരിഞ്ചു ഭൂമിയോ ഒരു രൂപാ യുടെ സമ്പാദ്യമോ സ്വന്തമായില്ലാതെ വാടക വീട്ടിൽ ആരംഭിച്ച പുന രൈക്യ സുവിശേഷ ശുശ്രൂഷകൾ മുപ്പതും അറുപതും നൂറും മടങ്ങായി ഫലം പുറപ്പെടുവിച്ചുകൊണ്ടിരുന്നു. മധ്യതിരുവിതാംകൂറിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ശക്തമായ അടിസ്ഥാനം ഉറപ്പിക്കാൻ ദൈവം ' തന്റെ ഭക്തനായ' മാർ തെയോഫിലോസ് പിതാവിനെ ഉപകര ണമാക്കി. അനേകായിരങ്ങൾ മാനസാന്തരപ്പെട്ട് സുവിശേഷം സ്വീകരി

www.malankaralibrary.com



ക്കുകയും പുനരൈക്യപ്പെട്ട് സാർവത്രിക സഭാ കൂട്ടായ്മയിലേക്കു വരികയും ചെയ്തുകൊണ്ടിരുന്നു. അവർക്കാവശ്യമായ ഇടവക സംവിധാനങ്ങളും പള്ളികളും സ്വരുക്കൂട്ടുന്നതിനും പൗരോഹിത്യ ശുശ്രൂഷകൾക്കാവശ്യമായ വൈദികരുടെ സേവനം ലഭ്യമാക്കുന്നതിനും രൂപതയ്ക്കാവശ്യമായ ഭരണകേന്ദ്രം ഉണ്ടാക്കുന്നതിനും കാനൻ നിയമപ്രകാരമുള്ള ഭരണസംവിധാനങ്ങൾ ക്രമീകരിക്കുന്നതിനും രൂപതാ ഭരണ നിയമാവലി ക്രോഡീകരിക്കുന്നതിനും സന്യാസാശ്രമം സ്ഥാപിക്കുന്നതിനും അല്മായ പ്രേഷിതരെ രൂപീകരിക്കുന്നതിനായി ഇന്നത്തെ എം. സി. എയുടെ ആദ്യരൂപമായ 'വിശ്വസസാക്ഷ്യസംഘം' എന്ന അല്മായ സംഘടന രൂപീകരിക്കുന്നതിലും അദ്ദേഹം കാണിച്ച ദീർഘവീക്ഷണവും നേതൃപാടവവും ചരിത്രത്തിന്റെ ഭാഗമാണ്.

ദീർഘകാലം രൂപതാഭരണം നിർവഹിക്കാൻ ശാരീരിക അനാരോഗ്യം അദ്ദേഹത്തെ അനുവദിച്ചില്ലെങ്കിലും ഇപ്പോൾ സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ സ്ഥിതിചെയ്യുന്ന സ്ഥലവും പ്രഥമ കത്തീഡ്രൽ ദൈവാലയവും പുഷ്പഗിരി മെഡിക്കൽ കോളജും അനുബന്ധ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്ന സ്ഥലവും ചെറുപുഷ്പഗിരി അരമനയും (1934 നവംബർ 24- ന് കൂദാശ ചെയ്തു. ) വൈദിക പരിശീലനത്തിന് മൈനർ സെമിനാരിയും തിരുവല്ലാ ബഥനി ആശ്രമം സ്ഥിതി ചെയ്യുന്ന സ്ഥലവും ആദ്യം അവിടെ ആരംഭിച്ച ദിവ്യരക്ഷകാശ്രമവും ദശകങ്ങൾ പിന്നിട്ടിട്ടും വിശ്വാസികളുടെ എണ്ണം പതിമടങ്ങ് വർധിച്ചിട്ടും ആവശ്യത്തിന് സ്ഥലസൗകര്യവും ഉറപ്പുമുള്ള തോട്ടഭാഗം, വെണ്ണിക്കുളം, അയിരൂർ തുടങ്ങിയ പള്ളികളും തിരുവല്ലായിലെ സെന്റ് ജോസഫ് പ്രിന്റിംഗ് ഹൗസും ഇന്നും അദ്ദേഹത്തിന്റെ ശുശ്രൂഷാ കാലത്തെ തേജോമയമായി നിലനിർത്തുന്നു. ഔദ്യോഗിക ശുശ്രൂഷയിൽ നിന്നും വിരമിച്ച് വിശ്രമജീവിതം നയിച്ചിരുന്ന അദ്ദേഹം തപസിലും പ്രാർത്ഥനയിലും പുലർത്തിയിരുന്ന ചിട്ടയും നിഷ്ഠയും മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ഊർജ്ജദായകമായിരിക്കുന്നു. നാട്ടുകാരുടെ 'മാലാഖയ്ക്ക് അടുത്ത തിരുമേനി' 1956 ജൂൺ മാസം 27-ാം തീയതി ബുധനാഴ്ച കാലം ചെയ്ത് തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ കബറടക്കപ്പെട്ടു. അന്നു മുതൽ അനേകർ അദ്ദേഹത്തിന്റെ കബറിടത്തിൽ എത്തി പ്രാർത്ഥിച്ച് അനുഗ്രഹം പ്രാപിക്കുന്നു. ''അദ്ദേഹത്തിന്റെ മധ്യസ്ഥം ശക്തമാണെന്നുള്ളത് എന്റെ വ്യക്തിപരമായ അനുഭവമാണെന്ന്'' കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

www.malankaralibrary.com



ലാളിത്യവും വിനയവും വിധേയത്വവും സഹാനുഭൂതിയും പ്രാർത്ഥനാ ജീവിതവും അദ്ദേഹത്തിൽ പ്രത്യേകം വിളങ്ങി ശോഭിച്ചിരുന്ന പുണ്യങ്ങളാണ്. മറ്റുള്ളവർ അദ്ദേഹത്തെ 'മാലാഖായ്ക്ക് സദൃശ്യൻ' എന്നു വിശേഷിപ്പിച്ചിരുന്നപ്പോഴും 'വിശുദ്ധരിൽ നിസാരൻ' (എഫെ. 3:9) എന്നു സ്വയം കരുതിയ പൗലോസ് ശ്ലീഹായെപ്പോലെയും തന്നെത്തന്നെ വെറുമയാക്കിയ (സങ്കീ. 22:6) ദാവീദിനെപ്പോലെയും വിനയപ്പെടുവാനും മറ്റുള്ളവരെ തന്നെക്കാൾ വലിയവരും ബഹുമാന്യരുമായി കരുതുവാനുമാണ് അദ്ദേഹം താല്പര്യപ്പെട്ടിരുന്നത്. "അങ്ങ് ഈ ദാസനോടു കാണിച്ച കാരുണ്യത്തിനും വിശ്വസ്തതയ്ക്കും ഞാൻ ഒട്ടും അർഹനല്ല" (ഉല്പ. 32 : 10) എന്ന പൂർവ യാക്കോബിന് ഉണ്ടായിരുന്ന ചിന്തതന്നെയാണ് യാക്കോബ് മാർ തെയോഫിലോസ് പിതാവിനും ഉണ്ടായിരുന്നത്. തന്റെ ഗുരുവിന്റെ താല്പര്യവും നിർദ്ദേശവും അനുസരിച്ച് പ്രവർത്തിക്കുവാനും ബഹുമാനവും ആദരവും അദ്ദേഹത്തിനു നൽകുവാനുമായിരുന്നു മാർ തെയോഫിലോസ് പിതാവിന്റെ ശ്രദ്ധ.

ജീവിതലാളിത്യത്തിനും എളിയവരോടും ഏഴകളോടും ഒത്തുചേരുന്നതിനും അദ്ദേഹം പ്രത്യേകം ശ്രമിച്ചിരുന്നു. സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടിരുന്നവരും അവശതയനുഭവിച്ചിരുന്നവരുമായവരുടെ സമൂഹങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് അവരെയും യേശുവിന്റെ സ്നേഹകൂട്ടായ്മയായ സഭയിലേക്കു കൂട്ടിക്കൊണ്ടുവരുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. തന്റെ സഹായികളും സഹകാരികളുമായി അവരെ നിയമിക്കുന്നതിലും അദ്ദേഹം പ്രത്യേകം താല്പര്യമെടുത്തിരുന്നു.

മാർ ഈവാനിയോസ് തിരുമേനി മുന്നോട്ടുവച്ച സഭാദർശനങ്ങൾക്കനുസരിച്ച് തന്റെ ശുശ്രൂഷയ്ക്ക് ഭരമേല്പിക്കപ്പെട്ടിരുന്ന സഭാഘടകത്തെ നയിക്കുവാനായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തുടക്കകാലത്തെ വിജയത്തിന്റെയും ദ്രുതവളർച്ചയുടെയും പ്രധാനകാരണങ്ങളിലൊന്ന് ഈ സവിശേഷ ബന്ധമായിരുന്നു. ഇന്നും നമ്മുടെ സഭയുടെ ശക്തി സഭാതലവനോടും പരസ്പരവും അഭിവന്ദ്യ മെത്രാപ്പോലീത്താമാർക്കും ബഹു. വൈദികർക്കും സന്യസ്തർക്കും ദൈവജനത്തിനുമുള്ള ബന്ധവും കൂട്ടായ്മയുമാണ്. ഇതിന് സഭയായി നാം മാർ തെയോഫിലോസ് പിതാവിനോടു കടപ്പെട്ടിരിക്കുന്നു.

**സമാപ്തി**

മലങ്കരയുടെ പുണ്യശ്ലോകനായ ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെയും പുണ്യശ്ലോകൻ മാർ തെയോഫീലോസ് മെത്രാപ്പോലീത്തായുടെയും സത്യാന്വേഷണങ്ങൾ

www.malankaralibrary.com



മലങ്കരസഭയുടെ ചരിത്രത്തിൽ വളരെയധികം ഗുണപരമായ മാറ്റങ്ങളും നേട്ടങ്ങളും കൈവരുത്തുവാൻ ഇടയാക്കിയതായി നാം കണ്ടു. അനിഷേദ്ധ്യവും പകരം വയ്ക്കാനില്ലാത്തതുമായിരുന്നു അവരുടെ നേതൃത്വം. ചരിത്രപരമായും ആത്മീകമായും സഭാശാസ്ത്രപരമായും ദൈവശാസ്ത്രപരമായും ശരിയായിട്ടുള്ളതായിരുന്നു അവരുടെ ഓരോ നടപടിയും, ഇടപെടലുകളും. മലങ്കരസഭയുടെ സ്വയം ഭരണാവകാശം വീണ്ടെടുത്ത പൗരസ്ത്യ കാതോലിക്കേറ്റിന്റെ സ്ഥാപനവും ആത്മീക നവീകരണവും പ്രേഷിത ചൈതന്യവും വീണ്ടെടുത്ത ബഥനിയുടെ സ്ഥാപനവും സാമൂദായിക മുന്നേറ്റത്തിനു വഴിതെളിച്ച സ്ത്രീകൾക്കു വേണ്ടിയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സ്ഥാപനവും സഭാപൂർണ്ണതയും സാർവ്വത്രിക സഭാസംസർഗ്ഗവും വീണ്ടെടുത്ത പുനരൈക്യവും മലങ്കര അപ്പസ്തോലിക സഭയെ അപ്പസ്തോല സംഘത്തലവൻ വിശുദ്ധ പത്രോസിന്റെ യഥാർത്ഥപിൻഗാമി റോമിലെ പരിശുദ്ധ മാർപ്പാപ്പാനേതൃത്വം നല്കുന്ന അപ്പസ്തോലിക കൂട്ടായ്മയിലെത്തിച്ച് സഭാപൂർണ്ണത വീണ്ടെടുത്ത മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി സ്ഥാപനവും എല്ലാം അവരുടെ നടപടികളിൽ ചിലതുമാത്രമാണ്. അവയെല്ലാം ശരിയായിരുന്നു എന്ന് ചരിത്രം സാക്ഷിക്കുന്നു. ഫലത്തിൽ നിന്നാണല്ലോ വൃക്ഷത്തെ തിരിച്ചറിയുക. മാർ ഈവാനിയോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തമാരുടെ പ്രവൃത്തികളുടെ ഫലത്തിലേയ്ക്കുനോക്കുക അപ്പോൾ അവരെ കൃത്യമായി തിരിച്ചറിയാനും മനസ്സിലാക്കാനും സാധിക്കും. അവർ ശരിയായിരുന്നു എന്നും അവരായിരുന്നു ശരി എന്നും തിരിച്ചറിയുവാൻ സാധിക്കും, മുൻവിധികളില്ലാതെ തുറന്ന മനസ്സോടെ വീക്ഷിക്കണമെന്നു മാത്രം. മലങ്കര സഭകളിലെ ഭിന്നതകൾക്കും പ്രതിസന്ധികൾക്കുമുള്ള ശാശ്വത പരിഹാരം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും മാർ തെയോഫീലോസ് മെത്രാപ്പോലീത്തായുംകൂടി തെളിച്ച പുനഃരൈക്യത്തിന്റെ വഴിയാണന്ന് ദൈവവിജ്ഞാനിയവും, സഭാശാസ്ത്രവും, ബൈബിൾ വിജ്ഞാനിയവും, ചരിത്രവും അറിയുന്ന ഏവരും അടിവരയിട്ട് സമ്മതിക്കുന്ന സത്യമാണ്. അറിവുമാത്രം അനുഭവത്തിലെത്തിക്കുകയില്ല. അതിന് ദൈവാത്മാവിനോടുള്ള തുറവിവേണം, സത്യത്തോടുള്ള സമർപ്പണം വേണം. ഇതിന്റെ അഭാവമാണ് മലങ്കരയിൽ നാം ഇന്ന് കാണുന്നത്. പരിഹാരം: ഉപവാസവും പ്രാർത്ഥനയും സാക്ഷ്യവും.

(മൂവാറ്റുപുഴ രൂപതാ അദ്ധ്യക്ഷൻ അഭി. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണ സപ്ലിമെന്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ലേഖനം 2019 ജൂൺ 13.)

www.malankaralibrary.com



# തപോവിശുദ്ധിയുടെ കർമ്മബലം



**പീറ്റർ സി. ഏബ്രഹാം**

ആത്മനൈർമ്മല്യത്തിന്റെ വെണ്ണിലാവ് മലങ്കരസഭയുടെ മണിമുറ്റത്ത് വാരിത്തൂകിയ യാക്കൂബ് മാർ തെയോഫിലോസ് എന്ന താപസൻ ഒന്നേ കാൽ നൂറ്റാണ്ടിന്റെ ജന്മസ്മരണകളിൽ ചൈതന്യവത്തായി പരിശോഭിക്കുകയാണ്. ദൈവഭക്തൻ എന്നർത്ഥമുള്ള തെയോഫിലോസ് എന്ന നാമം അദ്ദേഹത്തിൽ അർത്ഥപൂർണ്ണമായി ഇണങ്ങിനിൽക്കുന്നു.

ഒളശ്ശയിലെ കളപ്പുരയ്ക്കൽ തറവാട്ടിൽനിന്നും ആവാഹിച്ച ഭക്തി ചൈതന്യം ആ ജീവിതത്തിൽ ക്രമാനുഗതമായ വികാസം നേടുന്നതായി നാം കാണുന്നു. യാമങ്ങൾ തോറുമുള്ള കുടുംബപ്രാർത്ഥനകളിൽനിന്നു ലഭിച്ച ആത്മീയബലം, ആ മിഷനറിയുടെ പാദങ്ങളെ ദൈവോന്മുഖമാക്കി. ഒന്നിലധികം 'ദൈവവിളികൾ' ആ ഭവനത്തിൽനിന്നുണ്ടായി. ബഥനി സന്ന്യാസിനീമഠത്തിലെ ആദ്യത്തെ പത്തു സുകൃതിനികളിൽ ഒരുവളായിരുന്ന മദർ സൈബാർ, തെയോഫിലോസ് പിതാവിന്റെ സഹോദരിയാണ്. ബഥനി സന്ന്യാസാശ്രമത്തിലെ ആദ്യത്തെ മൂന്ന് അംഗങ്ങളിൽ ഒരുവനും ആശ്രമത്തിന്റെ ആദ്യഗുരുനാഥനുമായിരുന്നു മാർ തെയോഫിലോസ്.

പഠിക്കാൻ മിടുക്കനായിരുന്ന കെ. എ. യാക്കോബ്, എം.ഡി. സെമിനാരി ഹൈസ്കൂളിൽ ഉപരിപഠനത്തിനു ചേർന്നു. പ്രിൻസിപ്പൽ ആയി

www.malankaralibrary.com



രുന്ന എം. എ. അച്ചൻ എന്ന പുണ്യഗുരുവിന്റെ മുറിയിൽ താമസിച്ചുകൊണ്ടുള്ള ഈ പഠനകാലം യാക്കോബിന്റെ ഭക്തിഭാവത്തെ ഉജ്ചലമാക്കി. പഠനം തികച്ച് അതേ കലാലയത്തിൽ അദ്ധ്യാപകനായിരിക്കുമ്പോഴും യാക്കോബിന്റെ മനസ്സ് ഗുരുവായ എം. എ. അച്ചൻ അനുവർത്തിച്ചുപോന്ന പരസേവനത്തിന്റെ വഴികളിലായിരുന്നു. സ്വജീവിതത്തിന്റെ മാർഗ്ഗദീപമായി ഉള്ളിൽ പ്രതിഷ്ഠിച്ചുവച്ചിരുന്ന എം. എ. അച്ചൻ, സെറാമ്പൂർ സർവ്വകലാശാലാ പ്രൊഫസറായി യാത്രതിരിക്കവെ അദ്ധ്യാപന ജോലി രാജിവച്ച് കൂടെ ഇറങ്ങിത്തിരിക്കുകയായിരുന്നു യാക്കോബും. മലങ്കരയിൽനിന്നും ഇരുപതിൽപ്പരം യുവാക്കളെ ഉപരിപഠനത്തിനായി സെറാമ്പൂരിലേക്ക് എം. എ. അച്ചൻ കൊണ്ടുപോയെങ്കിലും ആ ശിഷ്യ സംഘത്തിൽ എന്തുകൊണ്ടും ഒന്നാമൻ യാക്കോബ് ആയിരുന്നു. സകല സൽകൃത്യങ്ങളിലും മാതൃകയായിരുന്ന യാക്കോബിനെ സർവ്വരും സാക്ഷ്യപ്പെടുത്തിയത് 'മാലാഖാ സദൃശ്യനായ ആൾ' (An angelic man) എന്നായിരുന്നു. മധുര ശബ്ദത്തിനുടമയായിരുന്ന അദ്ദേഹം നേതൃത്വം നൽകിപ്പോന്ന യാമപ്രാർത്ഥനകളും നമസ്കാരങ്ങളും സ്വർഗ്ഗീയമായ അനുഭൂതി നിറഞ്ഞവയായിരുന്നു. ബലിയേക്കാൾ ശ്രേഷ്ഠമെന്ന് ക്രിസ്തുനാഥൻ തന്നെ സാക്ഷ്യപ്പെടുത്തിയ അനുസരണം എന്ന പുണ്യത്തിന്റെ വിളനിലമായിരുന്നു അദ്ദേഹം. അതുകൊണ്ടാണ് മാർ ഈവാനിയോസ് തിരുമേനി 'ഗിരിദീപം' എന്ന ആത്മകഥയിൽ തന്റെ ഈ പ്രിയ ശിഷ്യനെപ്പറ്റി ഇപ്രകാരം എഴുതിയത്: "പ്രകൃത്യാ സൗമ്യശീലനും വിനീതബുദ്ധിയും ഏതുകാര്യത്തിലും നമ്മോടൊത്ത് സഹകരിപ്പാനും ബുദ്ധിമുട്ടാനും സന്നദ്ധനുമായി കാണപ്പെട്ട അദ്ദേഹം...." എന്നാണ്.

പരിശുദ്ധാത്മാവിന്റെ വരദാനങ്ങളായി വേദപുസ്തകം എണ്ണിപ്പറയുന്ന ഗുണഗണങ്ങളെല്ലാം തന്നെ ആ ജീവിതത്തിൽ പ്രതിഫലിച്ചിരുന്നു. പിതാവ് കോപിച്ച് ആരും കണ്ടിട്ടില്ല. സൗമ്യത ആ പെരുമാറ്റത്തിൽ തുടിച്ചുനിന്നിരുന്നു. പരസേവനത്തിനായി സദാ സജ്ജമായിരുന്നു ആ ഹൃദയം. പുഞ്ചിരിച്ചുകൊണ്ടേ സംസാരിച്ചിരുന്നുള്ളൂ. ധ്യാനവേളകളിൽ പിതാവിന്റെ ഗാത്രം നിശ്ചേഷ്ടമായിരുന്നു, പ്രതിമ കണക്കേ.

ദീർഘമായ ധ്യാനത്തിൽ പോലും അദ്ദേഹം ഇരിക്കുമായിരുന്നില്ല; മുട്ടിന്മേൽ നിൽക്കുകതന്നെയാവും. ജീവിക്കുന്ന വിശുദ്ധനെന്നു പരക്കെ പറയപ്പെട്ടിരുന്ന തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ ജനാവലി ദൈവദർശന സായൂജ്യം നേടിയിരുന്നു എന്നുപറഞ്ഞാൽ അതിശയോക്തിയില്ല. ആരാധകഹൃദയങ്ങളെ സ്വർഗ്ഗത്തോളം ഉയർത്താൻ പ്രാപ്തമായിരുന്നു ദിവ്യത്വം തുളുമ്പുന്ന ആ ബലിതർപ്പണം. അതുകൊണ്ടാണ്

www.malankaralibrary.com



ഹൈചർച്ചുകാരനായ ഇർവിൻ പ്രഭു, മഹാരാജാവിനെ സന്ദർശിക്കാൻ തിരുവനന്തപുരത്ത് ഒരു ഞായറാഴ്ചയിൽ വന്നപ്പോൾ അവിടെയുള്ള സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ ദിവ്യബലിയർപ്പിക്കാൻ വന്ദ്യപിതാവിനെ തന്നെ നിയോഗിച്ചത്. ഭക്തിസാന്ദ്രമായ ഈ ബലിയർപ്പണത്തിൽ മനംകുളിർത്ത പ്രഭു, പിതാവിനെ അഭിനന്ദിക്കുകയുണ്ടായി. ഇക്കാര്യം അന്ന് പത്രവാർത്തയാവുകപോലും ചെയ്തു.

സെറാമ്പൂരിൽ കെ. എ. യാക്കോബ് ഉപരിപഠനം വിജയകരമായി തുടരുന്നതിനിടയിലായിരുന്നു എം. എ. അച്ചന്റെ അവിടെനിന്നുള്ള രാജിയും പടിയിറക്കവും. സർവ്വസംഗപരിത്യാഗിയായി വനാന്തരത്തിൽ പർണ്ണാശ്രമം കെട്ടി ധ്യാനലീനനായി ജീവിക്കുവാനുള്ള പുറപ്പാടാണ് അതെന്നറിഞ്ഞിട്ടും കൂടെ ഈ പ്രിയ ശിഷ്യനും സ്വമേധയാ ഇറങ്ങിത്തിരിച്ചു. നിധി മറഞ്ഞുകിടക്കുന്ന വയലുവാങ്ങാൻ തന്റെ സർവ്വസമ്പാദ്യങ്ങളും വിറ്റ വിവേകിയെപ്പോലെയായിരുന്നു അദ്ദേഹവും. വനാന്തരത്തിൽ ആശ്രമസ്ഥനായി ഒരു വ്യാഴവട്ടം ദീർഘിച്ച താപസകാലത്ത് ബഥനിയുടെ ഈ പ്രഥമഗുരു, ത്യാഗനിർഭരമായ ദിനചര്യകളിലൂടെയാണ് കടന്നുപോയത്. ആശ്രമത്തിലെ പാചകം വരെയുള്ള സർവ്വജോലികളും പുഞ്ചിരിക്കുന്ന മുഖത്തോടെ നിർവ്വഹിക്കുവാൻ അദ്ദേഹം ഉത്സാഹിച്ചിരുന്നു.

മാർ ഈവാനിയോസ് പിതാവ് കത്തോലിക്കാ സഭാ പുനരൈക്യത്തിനുവേണ്ടി 400 ഏക്കർ മുണ്ടൻമല നിരുപാധികം ഉപേക്ഷിച്ചിറങ്ങിയപ്പോൾ അന്ന് ബഥനിയുടെ മെത്രാനായി വാഴിക്കപ്പെട്ടിരുന്ന തെയോഫിലോസ് പിതാവും കൂടെയിറങ്ങി. പുനരൈക്യാനന്തരം തിരുവല്ലാ രൂപത 1932 -ൽ രൂപംകൊണ്ടപ്പോൾ അവിടെ നിയമിതനായ തെയോഫിലോസ് പിതാവിന് അരമന ഉണ്ടായിരുന്നില്ല. പരിമിത സൗകര്യങ്ങൾ മാത്രമുണ്ടായിരുന്ന ഒരു വാടകവീട്ടിലാണ് അദ്ദേഹം അന്നു കഴിഞ്ഞിരുന്നത്. എന്നാൽ പിന്നീട് ദൈവം അദ്ദേഹത്തിന് ചൂണ്ടിക്കാട്ടിക്കൊടുത്ത പോറ്റിമഠം വക സ്ഥലവും ചെറുപുഷ്പഗിരിയും മറ്റും വിലയ്ക്കെടുത്ത് തിരുവല്ലാ രൂപതയ്ക്ക് അദ്ദേഹം അടിത്തറയൊരുക്കി. അതിലുപരി, പരിപാവനത്വമുള്ള തന്റെ ജീവിതമാതൃക വഴിയാണ് തിരുമേനി തന്റെ രൂപതയ്ക്ക് വലിയ സംഭാവനകൾ പ്രദാനം ചെയ്തത്. പരിശുദ്ധ കന്യകാമാതാവിന്റെ ഉത്തമഭക്തനായിരുന്ന പിതാവ് 'മർത്തമറിയ സംഘം' എന്നൊരു ആത്മീയ മുന്നേറ്റത്തിന് തുടക്കമിട്ടു. എല്ലാ ശനിയാഴ്ചകളിലും ദൈവമാതൃധ്യാനങ്ങളോടെയായിരുന്നു പരിപാടികൾ. അതുപോലെതന്നെ കുട്ടികളുടേതായ ഒരു ആത്മീയ ഗായകസംഘവും പിതാവ് രൂപീകരിച്ചു. സുറി

www.malankaralibrary.com



യാനിയിൽനിന്നും ആരാധനാഗീതങ്ങളും മറ്റും പിതാവ് നല്ല മലയാളത്തിൽ മൊഴിമാറ്റം ചെയ്തു. ഇന്ന് നാം ഉപയോഗിക്കുന്ന 'ഹാശാഗാനങ്ങൾ' അങ്ങനെ ലഭിച്ചവയാണ്. 'ശ്ലീബാനുഗമനം' എന്ന ശീർഷകം നൽകി പിതാവ് കുരിശിന്റെ വഴി എന്നൊരു പുസ്തകവും, രക്ഷണീയ വർഷമായ 1933-ൽ പ്രസിദ്ധീകരിച്ചു. സഹനാർദ്രമായ സ്വന്തം ജീവിതത്തോട് സമരസപ്പെടുത്തിക്കൊണ്ടുള്ള രചനയായിരുന്നു 'ശ്ലീബാനുഗമനം'. തോമസ് അക്കംബിസിന്റെ വിശ്വോത്തരമായ ക്രിസ്താനുകരണം പരിഭാഷയും പിതാവിന്റെ വിലപ്പെട്ട സംഭാവന തന്നെ.

ആദ്യമായി നടത്തിയ പിതാവിന്റെ വിദേശയാത്രകളെപ്പോലും ആത്മീയ പരിപോഷണത്തിനുള്ള ഉപാധിയെന്ന വിധം അദ്ദേഹം മാറ്റുകയായിരുന്നു. പരിശുദ്ധ II -ാം പീയൂസ് മാർപ്പാപ്പായെ സന്ദർശിച്ചശേഷം അദ്ദേഹം നേരെ ലൂർദിലേക്കാണ് പോയത്. പരിശുദ്ധ മാതാവ് ബർണ്ണദീത്താ എന്ന കർഷക ബാലികയ്ക്ക് 18 തവണ പ്രത്യക്ഷപ്പെട്ട പുണ്യസ്ഥലമാണ് ലൂർദ്. ലിസ്യൂ എന്ന പാവനദേശത്തും ചെന്ന് അവിടെ കർമ്മലീത്താ മഠത്തിലുള്ള വിശുദ്ധ കൊച്ചുത്രേസ്യായുടെ കബറിടത്തിലും പ്രാർത്ഥിച്ചു. വിശുദ്ധയുടെ സഹോദരിയായ മദർ ആഗ്നസിൽനിന്നും കൊച്ചുത്രേസ്യാ പുണ്യവതിയുടെ തിരുശേഷിപ്പും ഏറ്റുവാങ്ങിക്കൊണ്ടായിരുന്നു പിതാവിന്റെ മടക്കയാത്ര.

മെത്രാൻ എന്ന നിലയിൽ കർമ്മനിരതമായിരുന്ന കാലഘട്ടത്തേക്കാൾ ഏറെക്കാലം രോഗാവസ്ഥയിൽ ആ പുണ്യതാതനു കഴിയേണ്ടിവന്നു. സഹനാർദ്രമായ ഒരു താപസകാലമായിരുന്നു അത്. രോഗാധിക്യത്താൽ ബോധം മറഞ്ഞിരുന്ന വേളകളിൽ പോലും ആ അധരങ്ങൾ സംസാരിച്ചിരുന്നത് സന്ന്യാസത്തെപ്പറ്റിയും ആരാധനയെപ്പറ്റിയുമായിരുന്നു. സഭാതലവൻ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് കൂടെയിരുന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കവേയാണ് തെയോഫിലോസ് പിതാവ് കാലം ചെയ്തത്. അക്ഷരാർത്ഥത്തിൽ ആടുകൾക്കുവേണ്ടി സ്വജീവനർപ്പിച്ച ആ നല്ലിടയൻ കാലത്തെ അതിജീവിച്ച് മലങ്കരയുടെ തിരുമുറ്റത്ത് നറുനിലാവ് വർഷിച്ചുകൊണ്ടേയിരിക്കുന്നു.

(ഐക്യദീപം 2016 ജൂൺ പേജ് . 17)

www.malankaralibrary.com



# തന്റെ ഗുരുവിന്റെ ശബ്ദം



**ജോമി തോമസ് കലയപുരം**

“ആകയാൽ കർത്താവിനെ ഭയപ്പെടുകയും ആത്മാർത്ഥതയോടും വിശ്വസ്തതയോടും കൂടെ അവിടുത്തെ സേവിക്കുകയും ചെയ്യുവിൻ” (ജോഷ്വാ 24,14) ഈ വേദവാക്യം അക്ഷരാർത്ഥത്തിൽ അനുസരിച്ച് ജീവിച്ച് വാങ്ങിപ്പോയ പുണ്യചരിതനായ അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ 60-ാം ഓർമ്മപ്പെരുന്നാൾ സമാഗതമായിരിക്കുന്നു. 1891 ഫെബ്രുവരി 26 ന് ഭൂജാതനായ തെയോഫിലോസ് പിതാവിന്റെ ശതോത്തര ജൂബിലി ജന്മവാർഷികം ആഘോഷിക്കുന്ന വേള കൂടിയാണ്. ആഴമായ ജീവിത വിശുദ്ധിയിലും പ്രാർത്ഥനാ ചൈതന്യത്തിലും തപോനിഷ്ഠയിലും അടിയുറച്ചു ജീവിച്ച തെയോഫിലോസ് പിതാവിന്റെ ആത്മീയതയുടെ പ്രഭാനാളങ്ങൾ നമുക്കിന്നും പ്രകാശം പകരുന്നു.

ദൈവ സംസർഗ്ഗത്തിനായി അനേകം ഹൃദയ മനസ്സുകളെ ഒരുക്കിയതിന്റെ പേരിൽ തെയോഫിലോസ് പിതാവിനെ ‘തന്റെ ഗുരുവിന്റെ ശബ്ദം’ എന്നു കളിയാക്കിയും കാര്യമാക്കിയും വിളിച്ചിരുന്നു. ഗ്രീക്ക് തത്വചിന്തകന്മാരായ പ്ലേറ്റോയുടേയും അരിസ്റ്റോട്ടിലിന്റെയും പഠനക്കളരികളിൽ (അക്കാഡമി, ലൈസിയം) വിദ്യാർത്ഥികളെ സംബന്ധിച്ച് പ്രചരിച്ചു പോന്ന ഒന്നായിരുന്നു മേലുദ്ധരിച്ച വാക്യം. ഗുരുവിന്റെ ശബ്ദം അവസാനവാക്കായി അവർ കരുതിയിരുന്നു. തെയോഫിലോസ് പിതാവിന്റെ

www.malankaralibrary.com



ജീവിതവുമായി ബന്ധപ്പെട്ട് ഈ വാക്യം പരിശോധിച്ചാൽ അക്ഷരാർത്ഥത്തിൽ യോജിക്കുന്നതാണ് ഈ വാക്യമെന്ന് നമുക്കു മനസ്സിലാക്കാൻ കഴിയും.

ഗുരുവിന്റെ മഹത്വം തിരിച്ചറിഞ്ഞ് ആത്മീയമായും ഭൗതികമായും അനുസരണയോടെ ജീവിച്ച പിതാവിന്റെ സമർപ്പിതജീവിതത്തിന്റെ ചില ശ്രേഷ്ഠവശങ്ങളെ അടുത്തറിയാം.

**1. യേശുവിനെ ഗുരുവായി സ്വീകരിച്ച തെയോഫിലോസ് പിതാവ്**

ചെറുപ്പകാലം മുതലേ ക്രിസ്തുവിന്റെ ദൈവരാജ്യ പദ്ധതിയിൽ പങ്കുചേരാൻ ആഗ്രഹിച്ച തെയോഫിലോസ് പിതാവ് അതിനുവേണ്ടി അഹോരാത്രം പ്രയത്നിച്ചു. ആഴമുള്ള കൗദാശിക ജീവിതത്തിന്റെ ഉടമയായിരുന്നു പിതാവ്. പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും കാരുണ്യപ്രവർത്തികളിലൂടെയും പിതാവ് തന്റെ ഗുരുവായ യേശുവിന്റെ വാക്ക് അവസാന വാക്കായി സ്വീകരിച്ചു. ക്രിസ്തുവിന്റെ വിശ്വസ്തനും വിവേകിയുമായ ഭൃത്യനായി (മത്തായി 24-45-47) (ലൂക്കാ 16,10) ഈ മഹാപുരോഹിതൻ ജീവിതത്തെ മാറ്റിവച്ചു. തന്റെ ഗുരുവുമായുള്ള ബന്ധം സുദൃഢമായിരിക്കുവാൻ പ്രാർത്ഥനയും പരിത്യാഗവും സുകൃതാഭ്യാസമായി പിതാവ് കണ്ടിരുന്നു. പിതാവായ ദൈവത്തോടുള്ള ബന്ധം പ്രാർത്ഥന വഴി തെയോഫിലോസ് പിതാവ് പൂർണ്ണമാക്കി. ലോകം ഉണർന്നിരിക്കുമ്പോഴും ഉറങ്ങുമ്പോഴും തെയോഫിലോസ് പിതാവ് മറ്റുള്ളവർക്കുവേണ്ടി ദൈവസന്നിധിയിൽ നെഞ്ചത്തടിച്ച് കണ്ണീർ വാർത്ത് പ്രാർത്ഥിച്ചു. സന്യാസത്തിന്റെ അന്തസത്തകളായ ദാരിദ്ര്യവും അനുസരണവും ബ്രഹ്മചര്യവും യേശുവാം ഗുരുവിനു സമർപ്പിച്ചു. പകരം ഏറ്റുവാങ്ങിയതോ ക്ലേശങ്ങളും, മനഃപീഡകളും, ശാരീരികാസ്വാസ്ഥ്യങ്ങളും, കടങ്ങളും. ഗുരുവിന്റെ ഈ തല്ലും തലോടലും സ്വമേധയാ സ്വീകരിച്ച് ഉത്തമ ക്രിസ്തുശിഷ്യനായി ദൈവ സന്നിധിയിലേക്ക് മടങ്ങിപ്പോകാൻ തെയോഫിലോസ് പിതാവിനു കഴിഞ്ഞു. ഗുരുവിന്റെ ശബ്ദം പിതാവ് ശ്രവിച്ചത് ഇപ്രകാരമാണ് "സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരാകുവിൻ."

**2. ഗുരുവായ ദൈവദാസൻ മാർ ഈവാനിയോസുമൊത്ത്**

കോട്ടയം എം.ഡി. സെമിനാരിയിൽ ആയിരിക്കുമ്പോൾ ആരംഭിച്ച ബന്ധമാണ് ദൈവദാസൻ ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ് പിതാവും തെയോഫിലോസ് പിതാവും തമ്മിലുള്ളത്. പ്രൈമറി പഠനത്തിനുശേഷം കോട്ടയം എം.ഡി. സെമിനാരിയിൽ ചേർന്നു പഠനം

www.malankaralibrary.com



തുടർന്ന തെയോഫിലോസ് പിതാവ് (കെ.എ. യാക്കോബ്) മെട്രിക്കുലേഷൻ പാസ്സായതിനുശേഷം അവിടെതന്നെ അദ്ധ്യാപകനായി ജോലി നോക്കിയിരുന്നു. ഇക്കാലത്ത് എം.ഡി. സെമിനാരി പ്രിൻസിപ്പലായിരുന്ന എം.എ. അച്ചനോടൊപ്പമാണ് (ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ്) അദ്ദേഹം താമസിച്ചിരുന്നത്. പിന്നീട് എം.എ. അച്ചനോടൊപ്പം സെറാംപൂരിനു പുറപ്പെടാൻ തയ്യാറായ യാക്കോബ് ശെമ്മാശ്ശൻ അവിടെനിന്ന് ബി.എ, ഓണേഴ്സ് പഠിക്കാനും കഴിഞ്ഞു. സന്യാസ ജീവിതത്തെക്കുറിച്ച് ആഴമായി പഠിക്കുവാനും ചിന്തിക്കുവാനും ഗുരുതുല്യനായ മാർ ഈവാനിയോസ് പിതാവിന്റെ കാലടികളെ പിന്തുടർന്ന് മുണ്ടൻമലയിൽ തൃതീയ അംഗമായി മാറാനും യാക്കോബ് ശെമ്മാശ്ശനു കഴിഞ്ഞു. ആശ്രമാദ്ധ്യക്ഷനായ മാർ ഈവാനിയോസ് പിതാവിന്റെ അഭിലാഷപ്രകാരം ബഥനിയിലെ ആശ്രമ ഗുരുസ്ഥാനം ഏറ്റെടുക്കാനും യാക്കോബച്ചൻ (മാർ തെയോഫിലോസ്) തയ്യാറായി. മാർ തെയോഫിലോസ് പിതാവിന്റെ ജീവചരിത്രം രചിച്ച റവ. ഫാ. പക്കോമിയോസ് ഒ.ഐ.സി യുടെ വാക്കുകളിൽ പറഞ്ഞാൽ “മലങ്കര സഭയിലെ പ്രഥമ സന്യാസി സമൂഹമായ ബഥനി എന്ന വൃക്ഷക്കുരു പാകി കിളിർപ്പിച്ചു നട്ടുപിടിപ്പിച്ചത് ആബോ ഗീവർഗ്ഗീസായിരുന്നു എങ്കിൽ, ആ ചെടി വളരുന്നതിനാവശ്യമായ വെള്ളവും വളവും നല്കിക്കൊണ്ടിരുന്നത് ആശ്രമഗുരുവായ ബഹു. യാക്കോബച്ചനായിരുന്നു.”

മാർ ഈവാനിയോസ് പിതാവിനെ മനസ്സാ ഗുരുവായി സ്വീകരിച്ച മാർ തെയോഫിലോസ് പിതാവ് അവസാനംവരെ ആ ബന്ധം അഭംഗുരം കാത്തു സൂക്ഷിച്ചിരുന്നു. ജഗൽഗുരുവായ യേശു മിശിഹായുടെ മാതൃകയും മാർ ഈവാനിയോസ് എന്ന സന്യാസിശ്രേഷ്ഠന്റെ ഉപദേശങ്ങളും മാർ തെയോഫിലോസ് പിതാവിനെ ഒരുത്തമ ഗുരുവായി രൂപാന്തരപ്പെടുത്തി.

**3. ആഗോള സഭാ മാതാവിനെ ഗുരുവായി കണ്ട പിതാവ്**

തിരുസഭാ മാതാവിന്റെ വിളി അവസാനവാക്കായി ശ്രവിച്ച വ്യക്തിത്വമാണ് തെയോഫിലോസ് പിതാവ്. ഓർത്തഡോക്സ് സഭയിലെ എപ്പിസ്ക്കോപ്പാ പദവിയും ലഭ്യമാകാമായിരുന്ന മറ്റു പദവികളും തുച്ഛമായി കണ്ട് അതെല്ലാം വലിച്ചെറിഞ്ഞ് തിരുസഭാ മാതാവിന്റെ മടിത്തട്ടിലേക്ക് മാർ ഈവാനിയോസ് പിതാവിന്റെ സഹചാരിയായി അനേകായിരങ്ങളെ ആനയിച്ച തെയോഫിലോസ് പിതാവിന്റെ മഹത്ത്വം മാറ്റ് ഏറുന്നതാണെന്ന് കാലം തെളിയിച്ചുകൊണ്ടിരിക്കുന്നു. സാർവ്വത്രിക സഭയിലേക്കുള്ള തീർത്ഥാടനത്തിന്റെ സാരഥിയായി നിലകൊള്ളാൻ തെയോഫി

www.malankaralibrary.com



ലോസ് പിതാവ് തുനിഞ്ഞത് മാർ ഈവാനിയോസ് പിതാവിന് ഏറെ ആത്മധൈര്യവും ശക്തിയും നൽകി എന്നുതന്നെ പറയാൻ കഴിയും.

**4. വിശുദ്ധരെ ഗുരുവായി കണ്ട പിതാവ്**

ചെറുപ്പകാലം മുതലേ വിശുദ്ധരുടെ ജീവിതം തെയോഫിലോസ് പിതാവിന് പ്രേരണയും പ്രചോദനവും നൽകിയിരുന്നു. പരിശുദ്ധ ദൈവ മാതാവിനോടുള്ള ഭക്തിയും വണക്കവും പിതാവിന്റെ ജീവിതത്തി ലുടനീളമുണ്ടായിരുന്നു. വി. കൊച്ചു ത്രേസ്യായെ രൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥരിൽ ഒരാളായി തെരഞ്ഞെടുക്കാൻ ഈ വിശുദ്ധയോടുള്ള പിതാ വിന്റെ അചഞ്ചല ഭക്തി കാരണമായി. വി. യോഹന്നാൻ ശ്ലീഹായും പിതാ വിനെ സ്വാധീനിച്ചിരുന്നു. പാശ്ചാത്യ സന്ദർശനവേളയിൽ ലിസ്യുവിലെ കർമ്മലീത്താ മഠം സന്ദർശിച്ച് അവിടെ ബലി അർപ്പിക്കുകയും കബ റിടം സന്ദർശിച്ച് വി. കൊച്ചു ത്രേസ്യായുടെ മദ്ധ്യസ്ഥം യാചിക്കുകയും ചെയ്യാൻ പിതാവിനു കഴിഞ്ഞു. വി. കൊച്ചു ത്രേസ്യായുടെ ജ്യേഷ്ഠസ ഹോദരി മദർ ആഗ്നസിനോട് സംസാരിക്കാനും പിതാവിനു കഴിഞ്ഞു. വി. കൊച്ചു ത്രേസ്യായുടെ തിരുശേഷിപ്പ് അവർ പിതാവിനു സമ്മാനിച്ചു.

ജീവിച്ചിരുന്ന കാലത്തേ വിശുദ്ധിയിൽ ജീവിക്കാൻ പരിശ്രമിച്ച പിതാ വിനെ ജീവിക്കുന്ന വിശുദ്ധൻ എന്ന് പലരും അഭിസംബോധന ചെയ്തി രുന്നു. ലോകത്തിന്റെ പ്രലോഭനങ്ങളെ ഉപേക്ഷിച്ച് ദൈവഹിതം നിറവേ റ്റുന്നതിൽ സന്തോഷവും സംതൃപ്തിയും കണ്ടിരുന്ന വിനീത ദാസനായി രുന്നു അഭി. തെയോഫിലോസ് പിതാവ്. മലങ്കര സഭയുടെ നവീകരണം ലക്ഷ്യമാക്കി താപസ ജീവിതം നയിക്കാനും പുനരൈക്യ പ്രസ്ഥാനത്തി നായി സർവ്വതും ത്യജിക്കാനും രൂപതയുടെ വളർച്ചയ്ക്കായി അഹോരാത്രം യത്നിക്കാനും പിതാവിനു പ്രേരണ നൽകിയ ശബ്ദം വിശുദ്ധന്മാരിൽ നിന്നും ശ്രവിച്ച വാക്കായിരുന്നു. വിശുദ്ധരിൽനിന്നും പിതാവ് സമാഹ രിച്ച് നമുക്കു നൽകിയ ജീവിതവിശുദ്ധിയാണ് ഇന്നത്തെ നമ്മുടെ മൂലധ നം. 1932-ൽ റോമും പാശ്ചാത്യ രാജ്യങ്ങളും സന്ദർശിച്ച വേളയിൽ മാർ തെയോഫിലോസ് പിതാവിനെ അടുത്തറിഞ്ഞവരും ആ ജീവിത വിശു ദ്ധിയുടെ പരിമളം ആസ്വദിച്ചവരും അഭിസംബോധന ചെയ്ത വാക്കാണ് ജീവിക്കുന്ന വിശുദ്ധൻ (living Saint) എന്നും ദൈവദൂത സമാനനായ ഒരു മനുഷ്യൻ (An Angelic Man) എന്നും. ഈ വാക്കുകൾ അന്വർത്ഥമാ ക്കിയ പിതാവിന്റെ ജീവിതവിശുദ്ധി നമുക്ക് എപ്പോഴും അനുകരണീയമാണ്.

**5. സ്വശിഷ്യരെ ഗുരുവായി സ്വീകരിച്ച പിതാവ്**

നിങ്ങളിൽ ഏറ്റവും വലിയവൻ ഏറ്റവും ചെറിയവനേപ്പോലെയും അധി കാരമുള്ളവൻ ശുശ്രൂഷകനേപ്പോലെയും ആയിരിക്കണം (ലൂക്കാ 22:26)

www.malankaralibrary.com



എന്ന കർത്തൃവചനത്തിലധിഷ്ഠിതമായിട്ടാണ് ബഥനി ആശ്രമഗുരുവായിരിക്കുമ്പോൾ തെയോഫിലോസ് പിതാവ് ജീവിച്ചത്. സന്യാസജീവിത പരിശീലനക്രമങ്ങൾ അഭംഗുരം അനുസരിപ്പിക്കാനും അഭ്യസിപ്പിക്കാനും പിതാവിനു കഴിഞ്ഞു. "ശിഷ്യൻ ഗുരുവിനേക്കാൾ വലിയവനല്ല; ഭൃത്യൻ യജമാനനേക്കാൾ വലിയവനല്ല. ശിഷ്യൻ ഗുരുവിനേപ്പോലെയും ഭൃത്യൻ യജമാനനേപ്പോലെയും ആയാൽ മതി" (മത്തായി 10:25) ഈ വാക്യം സ്വജീവിതത്തിൽ പ്രകടിപ്പിച്ച തെയോഫിലോസ് പിതാവ് ഒരു കുട്ടിയുടെ നിഷ്ക്കളങ്കമായ അനുസരണത്തോടെയാണ് അവസാനംവരെ ജീവിച്ചത്. ബഥനിയിൽ വച്ച് പലപ്പോഴും മറ്റുള്ളവരുടെ ആവശ്യങ്ങളെ സ്വന്തം ആവശ്യമായി കരുതി ശുശ്രൂഷിച്ച അവസരങ്ങളുമുണ്ട്. "നിങ്ങളിൽ വലിയവൻ ചെറിയവനേപ്പോലെയും നേതാവ് സേവകനേപ്പോലെയും ആയിരിക്കണം. ഞാൻ നിങ്ങളുടെ ഇടയിൽ പരിചാരകനേപ്പോലെയാണ്" (ലൂക്കാ 22:26 -27). ഈ ജീവിതമാതൃക പിതാവിന്റെ സവിശേഷത അർഹിക്കുന്ന മനുഷ്യസ്നേഹത്തിന്റെ ഉദാത്തമാതൃക കൂടിയാണ്. മറ്റുള്ളവർക്ക് സേവനങ്ങൾ ചെയ്യുന്നതിൽ പിശുക്കു കാട്ടുന്ന പുതുതലമുറ തെയോഫിലോസ് പിതാവിന്റെ പരസ്നേഹത്തിലും, പരസഹായത്തിലും ആനന്ദം കൊള്ളുന്ന മനസ്സ് പാഠപുസ്തകമായി സ്വീകരിക്കണം.

**ഉപസംഹാരം**

ഇത്തരത്തിൽ പഞ്ചഗുരുക്കന്മാരുടെ വാക്കും വിളിയും ശബ്ദവും അവസാനവാക്കായി സ്വജീവിതത്തിൽ പകർത്തിയ അഭിവന്ദ്യ തെയോഫിലോസ് പിതാവ് നമ്മിൽ ആദരവും അത്ഭുതവും ഉളവാക്കുന്നു. പ്രാർത്ഥനയുടേയും നന്മയുടേയും കാരുണ്യത്തിന്റേയും ആൾരൂപമായി നമുക്കൊപ്പം നിലകൊണ്ട ഈ മഹാപുരോഹിതന്റെ ധന്യമായ ഓർമ്മകൾ അയവിറക്കുമ്പോൾ, സഭയെ വിശ്വാസതീക്ഷ്ണതയിൽ വളർത്താൻ ജീവിതം ഉഴിഞ്ഞുവെച്ച പിതാവ് ഒരു പ്രകാശഗോപുരമായി നിലകൊള്ളുന്നു. പിതാവിന്റെ ജീവിതവും ദർശനങ്ങളും കെടാത്ത അഗ്നിയാണ്. ആ അഗ്നിജ്വാല അനേകം മനുഷ്യമനസ്സുകളെ ഉരുക്കി ദൈവമക്കളാകാൻ സഹായിച്ചു. ഇന്നും സഹായിച്ചുകൊണ്ടിരിക്കുന്നു.

ആഗോളസഭയുടെ ആരാമത്തിൽ സഭാ മാതാവിന്റെ തലോടൽ കഴിഞ്ഞ എൺപത്തിയാറു വർഷങ്ങളായി സമാധാനത്തിന്റേയും ഐക്യത്തിന്റേയും പരിലാളനകളേറ്റ് ജീവിക്കുന്ന മലങ്കര കത്തോലിക്കരായ നമുക്ക് അഭിവന്ദ്യ തെയോഫിലോസ് പിതാവ് ഒരു ഇതിഹാസമാണ്. അറിയാതെ കടന്നുവരുന്ന അലസതയും ആലസ്യവും കൈവെടിയാനുള്ള ആവേശമാണ് പിതാവ്. സുവിശേഷത്തിലെ കടുകുമണിയായും ഉപ്പായും

www.malankaralibrary.com



ജീവിക്കാനുള്ള പ്രചോദനമാണ് പിതാവ്. ദൈവത്തെ ഓർമ്മിപ്പിക്കുന്ന സാന്നിദ്ധ്യമായി പിതാവ് നമുക്കു മുന്നിൽ നിലകൊള്ളുന്നു. തന്റെ ഗുരുവിന്റെ ശബ്ദം അവസാനവാക്കായി കരുതി ഗുരുതുല്യനായി ജീവിച്ച് ഗുരുവിനുതന്നെ ജീവിതം സമർപ്പിച്ച ഈ വിശ്വാസതേരാളിയുടെ പ്രസാദപൂർണ്ണമായ ജീവിത സൗരഭ്യം ഹൃദ്യവും ആസ്വാദ്യകരവുമാണ്. സത്യവാനും ഉന്നത ഗോപുരമായി നിലകൊള്ളുന്ന പിതാവിന്റെ ജീവിതതേജസ്സ് മലങ്കര സുറിയാനി കത്തോലിക്കാ മക്കൾക്ക് എക്കാലവും കോട്ടയും കാവലുമായിരിക്കട്ടെ.

(ഐക്യദീപം 2016 ജൂൺ പേജ് 06)




*തെയോഫിലോസ് തീർത്ഥാടന പദയാത്ര*

www.malankaralibrary.com



# അഭി. യാക്കോബ് മാർ തെയോഫിലോസ്



**ലൈജു കോശി**

ദൈവത്തിന്റെ സ്നേഹിതൻ, ദൈവഭക്തൻ എന്ന തന്റെ നാമത്തിന്റെ അർത്ഥം ജീവിതത്തിലുടെ മറ്റുള്ളവർക്കു പകർന്നു നൽകിയ തിരുവല്ല അതിഭദ്രാസനത്തിന്റെ അപ്പൻ ഒന്നുമില്ലായ്മയിൽ ഭദ്രാസനത്തെ രൂപപ്പെടുത്തുവാൻ ദൈവം നിയോഗിച്ച പ്രഥമ അദ്ധ്യക്ഷൻ . 1891 ഫെബ്രുവരി 26 ന് കോട്ടയത്തിനടുത്ത് ഒളശ്ശ കളപ്പുരയ്ക്കൽ കുടുംബത്തിൽ ഏബ്രഹാം തരകൻ- അച്ചാമ്മ ദമ്പതികളുടെ ആദ്യജാതനായി ജനനം. മാർച്ച് 16 ന് യാക്കോബ് എന്ന നാമത്തോടുകൂടി മാമോദീസാ സ്വീകരിച്ചു. എം. ഡി. സെമിനാരി ഹൈസ്കൂളിൽ സ്കൂൾ പഠനം പൂർത്തീകരിക്കുകയും അവിടെത്തന്നെ അദ്ധ്യാപകനായി സേവനമനുഷ്ഠിക്കുകയും ചെയ്തു. എം. എ. അച്ചൻ (ഫാ. പി. റ്റി. ഗീവർഗീസ് ) പ്രിൻസിപ്പാൾ ആയിരുന്ന വിദ്യാലയത്തിൽ അദ്ദേഹവുമായുള്ള അടുപ്പവും സഹവാസവും സഭാത്മകചിന്തകളിലേക്കും പ്രവർത്തനങ്ങളിലേക്കും അദ്ദേഹത്തെ നയിച്ചു. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും ശെമ്മാശുപട്ടം സ്വീകരിച്ചു. ഫാ. പി.റ്റി. ഗീവർഗീസ് സെറാമ്പൂരിൽ പ്രൊഫസർ ഉദ്യോഗത്തിനു പോയപ്പോൾ യാക്കോബു ശെമ്മാശനെയും കോളജ് അദ്ധ്യയനത്തിന് കൂടെക്കൊണ്ടുപോയി. മലങ്കരയുടെ ഗർജ്ജിക്കുന്ന സിംഹമായിരുന്ന ഫാ. പി. റ്റി ഗീവർഗീസ് സർവ്വതും ഉപേക്ഷിച്ചു. സർവ്വസംഗപരിത്യാഗി ആയി സന്യാസാശ്രമം, പ്രശ്നകലുഷിതമായ മലങ്കരയുടെ ആശ്വാസ ഭവനമായി 'ബഥനി', സ്ഥാപിച്ച

www.malankaralibrary.com



പ്പോൾ സന്യാസചിത്തനായ യാക്കോബ് ശെമ്മാശനും അതിൽ പങ്കു ചേർന്നു. സന്യാസാർത്ഥികളുടെ പരിശീലനചുമതലയിൽ പങ്കുചേർന്ന യാക്കോബ് ശെമ്മാശൻ 1924 ൽ വൈദികപട്ടം നൽകി. നവസന്യാസ കാലത്തിന്റെ ചുമതല വഹിച്ചിരുന്ന ബഥനിയുടെ 'ഗുരുവച്ചൻ' 1927 ൽ സന്യാസത്തിന്റെ മഹദ്വ്രതമായ റമ്പാൻ പദവി സ്വീകരിച്ചു. 1929 ഫെബ്രുവരി 19 ന് തെയോഫിലോസ് എന്ന നാമത്തോടെ യാക്കോബ് റമ്പാൻ മേൽപ്പട്ടസ്ഥാനത്തേക്ക് ബഥനി എപ്പിസ്കോപ്പയായി ഉയർത്തപ്പെട്ടു.

എന്തും ത്യജിച്ചും സത്യം പിഞ്ചെല്ലാൻ വേണ്ട ആത്മശക്തി സമ്പാദിക്കുകയും അസാധാരണമായ താപസികാന്തരീക്ഷത്തിലൂടെയും ധ്യാനാത്മകതയിലൂടെയും ദൈവത്തിൽ നങ്കൂരമുറപ്പിച്ചതിന്റെയും ഫലമായി 1930 സെപ്റ്റംബർ 20–ാം തീയതി സത്യസഭയെ പുൽകാൻ മാർ ഈവാനിയോസ് പിതാവിനോടൊപ്പം മാർ തെയോഫിലോസ് പിതാവിനെയും ദൈവം പ്രാപ്തനാക്കി. തിരുവല്ല കേന്ദ്രമാക്കി മാർ തെയോഫിലോസ് പിതാവ് പ്രവർത്തനമാരംഭിച്ചപ്പോൾ നിരവധി അവഹേളനങ്ങളും എതിർപ്പുകളും ദൃഢചിത്തനായി അദ്ദേഹം സഹിച്ചു. 1932 ജൂൺ 11–ാം തീയതി തിരുവല്ല ഭദ്രാസന സ്ഥാപനവും ആദ്യ അദ്ധ്യക്ഷനായി മാർ തെയോഫിലോസ് പിതാവിന്റെ നിയമനവും നടന്നു. തിരുവല്ല ഗവൺമെന്റ് ആശുപത്രിയുടെ കിഴക്ക് കുട്ടൻപിള്ളയുടെ 'കുഴിവീട് ' വാടകയ്ക്കെടുത്ത് മാർ തെയോഫിലോസ് പിതാവ് ശുശ്രൂഷാപ്രവർത്തനങ്ങൾ ആരംഭിച്ചു. 1933 നവംബർ 6–ാം തീയതി തിരുവല്ല രൂപതാദ്ധ്യക്ഷനായി അഭി. പിതാവ് സ്ഥാനാരോഹണം ചെയ്തു.

ഇന്ന് കത്തീഡ്രൽ ദൈവാലയം സ്ഥിതിചെയ്യുന്ന സ്ഥലങ്ങൾ ഒന്നുമില്ലായ്മയിൽ മാർ തെയോഫിലോസ് പിതാവിന്റെ ശ്രമഫലമായി ലഭ്യമായവയാണ്. സുവിശേഷ സാക്ഷ്യസംഘം രൂപീകരിച്ച് അല്മായ പ്രേഷിതത്വത്തിന് അഭിവന്ദ്യ പിതാവ് പ്രാധാന്യം നൽകി. മലങ്കരയിൽ ആദ്യ സെമിനാരി തിരുവല്ലായിൽ രൂപം പ്രാപിച്ചതിന്റെ കാരണവും അഭിവന്ദ്യ പിതാവായിരുന്നു. അരമന കച്ചേരിയുടെ സ്ഥാപനത്തിലൂടെ രൂപതാ നടത്തിപ്പിന് അഭി. പിതാവ് രൂപം നൽകി. രോഗഗ്രസ്തനായ അഭി. പിതാവ് തുടർന്നുള്ള ഏകദേശ 20 വർഷക്കാലം വിശ്രമജീവിതം നയിക്കുകയാണ് ചെയ്തത്. എന്നാൽ തന്റെ രോഗപീഡാസഹനവും പ്രാർത്ഥനയും മുഖാന്തിരം പുനരൈക്യ പ്രസ്ഥാനത്തിന് അദ്ദേഹം ചൈതന്യവും ഊർജ്ജവും പകർന്നു നൽകി. 1956 ജൂൺ 27–ാം തീയതി അഭി. യാക്കോബ് മാർ തെയോഫിലോസ് പിതാവ് കർതൃസന്നിധിയിലേക്ക് യാത്രയായി.

(ഐക്യദീപം 2015 സെപ്റ്റംബർ – ഒക്ടോബർ പേജ് : 22)

www.malankaralibrary.com



# അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് തിരുമേനി

**എൻ. എം. ജോസഫ് നാലാത്ര, ഒളശ്ശ**

കോട്ടയത്ത് ഒളശ്ശ കളപ്പുരയ്ക്കൽ കുടുംബത്തിൽ ഏബ്രഹാം തരകന്റെയും, പരിപ്പ് നാലാത്ര പതിനെട്ടുവിരുത്തിയിൽ കൊച്ചിട്ടി കോരയുടെയും പുത്രി അച്ചാമ്മയുടെയും മൂത്ത പുത്രനായി 1891– ഫെബ്രുവരി 26–ാം തീയതി നാലാത്ര പതിനെട്ടുവിരുത്തി വീട്ടിൽ ജനിച്ചു. അയ്മനം കല്ലുങ്കത്ര സെന്റ് ജോർജ്ജ് പള്ളിയിൽ മാർച്ച് 16–ാം തീയതി യാക്കോബ് എന്ന പേരിൽ മാമോദീസ്സാ നൽകി. പ്രാഥമിക വിദ്യാഭ്യാസം ഒളശ്ശയിൽ ആയിരുന്നു. കോട്ടയം എം. ഡി. സെമിനാരി ഹൈസ്ക്കൂളിൽ നിന്നും മെട്രിക്കുലേഷൻ പരീക്ഷ പ്രശസ്തമായ വിധത്തിൽ വിജയിക്കുകയും അവിടെത്തന്നെ അദ്ധ്യാപകനായി നിയമിതനാവുകയും ചെയ്തു.

തിരുമേനിയുടെ മാതാവ് അച്ചാമ്മ വളരെ ദൈവഭയവും യാമപ്രാർത്ഥനകളിൽ നിഷ്ഠയും സാധുക്കളോട് അനുകമ്പയും കന്യാകമറിയാമ്മിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയിൽ അടിയുറച്ച വിശ്വാസവും ഉണ്ടായിരുന്ന ഒരു വ്യക്തിയായിരുന്നു. മൂത്തമകനെയും മകളെയും ദൈവവേലയ്ക്ക് സമർപ്പിച്ചത് എടുത്തു പറയത്തക്ക സംഭവമാണ്. തിരുമേനിയുടെ പിതാവ് ഏബ്രഹാം തരകൻ ചിട്ടി ബിസിനസ്സ് നടത്തിയപ്പോൾ ഉണ്ടായ സാമ്പത്തിക പ്രതിസന്ധിയാൽ പെട്ടെന്ന് മരിക്കുകയും താമസിച്ചിരുന്ന വീടും പുരയിടവും മറ്റ് സ്വത്തുക്കളും കടബാദ്ധ്യതയിൽ ലേലം ചെയ്യുകയും ചെയ്തു. ഇതുമൂലം ഭാര്യ അച്ചാമ്മയും ഏഴ് സന്താ

www.malankaralibrary.com



നങ്ങളും അമ്മാച്ചന്മാരുടെ സംരക്ഷണയിൽ പരിപ്പിൽ നാലാത്ര തുമ്പ യിൽ പുരയിടത്തിൽ പുതിയ വീട് പണിത് താമസിപ്പിച്ചു. ബന്ധുക്കളും നാട്ടുകാരും അച്ചാമ്മയെ തുമ്പേലമ്മ എന്നാണ് വിളിച്ചിരുന്നത്.

തിരുമേനിയുടെ സഹോദരൻ ഇട്ടിക്കുഞ്ഞ് വീട്ടുകാര്യങ്ങളും കൃഷിയും നടത്തി. മറ്റൊരു സഹോദരൻ കെ. എ. മാത്യു ബി. എ. എൽ.ടി. മേപ്രാ ഇംഗ്ലീഷ് സ്ക്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്നു. ഏറ്റവും ഇളയ സഹോദരൻ കെ. എ. ജോസഫ് ബി. എ. മംഗലാപുരം തഹസിൽദാർ ആയി റിട്ടയർ ചെയ്തു.

തിരുമേനിയുടെ ഇളയ സഹോദരി കൊച്ചേലിയാമ്മ നാലാഞ്ചിറ മഠത്തിൽ മിശിഹാ അനുകരണ സന്യാസിനീ സമൂഹത്തിലെ ആദ്യ അംഗങ്ങളിൽ ഒരാളാണ്. പേര് മദർ സൈബാർ. പ്രാർത്ഥന, സേവനം , ലാളിത്യം, വിശുദ്ധി, ഇവയുടെ എല്ലാം പര്യായമായി മദർ സൈബാർ ശോഭിച്ചു. മറ്റ് ഒരു സഹോദരി കുഞ്ഞന്നാമ്മയെ സി. എസ്. ഐ. സഭ യിലെ ബിഷപ്പ് എം. എം. ജോണിന്റെ സഹോദരൻ മറ്റീത്ര ജോർജ്ജു കുട്ടിയും ഒരു സഹോദരി മറിയാമ്മയെ പുളിയ്ക്കപറമ്പിൽ പാപ്പുക്കു ട്ടിയും വിവാഹം ചെയ്തു. എം. ഡി. സെമിനാരിയിൽ അദ്ധ്യാപകനായി രുന്ന കെ. എ. ജേക്കബ് സഭാകാര്യങ്ങളിൽ തല്പരനായിരുന്നതിനാൽ മാർ ദിവന്ന്യാസിയോസ് തിരുമേനി ശെമ്മാശപട്ടം നൽകി. 1912 – ൽ സെറാമ്പൂർ കോളേജിൽ ഉപരിപഠനത്തിനു പോയി. ബി. എ. ഓണേ ഴ്സിനു പഠിച്ചുകൊണ്ടിരുന്നപ്പോൾ സെറാമ്പൂർ കോളേജിൽ പ്രൊഫസ റായിരുന്നു.

മുൻ എം. ഡി. സ്കൂൾ ഹൈസ്മാസ്റ്റർ ഫാ. പി. റ്റി. ഗീവർഗ്ഗീസ് (പിന്നീട് മാർ ഈവാനിയോസ് തിരുമേനി) നാട്ടിൽ ബഥനി ആശ്രമം സ്ഥാപിക്കാൻ തീരുമാനിച്ചപ്പോൾ യാക്കോബ് ശെമ്മാശ്ശൻ ഉന്നത ബിരുദം നേടാനുള്ള ശ്രമം ഉപേക്ഷിച്ച് നാട്ടിലേക്ക് തിരികെ വന്നു. റാന്നിയ്ക്ക ടുത്ത് പെരുനാട്– മുണ്ടൻമലയിൽ നിർമ്മിച്ച ഓല മേഞ്ഞ മുളങ്കൂട്ട് കെട്ടി ടത്തിൽ 1919 മെയ് മാസം 7–ാം തീയതി ആശ്രമ ജീവിതം ആരംഭിച്ചു. 1924 – ൽ വൈദികപട്ടമേറ്റു. ആശ്രമ ഗുരുവായി യാക്കോബച്ചൻ നിയമി തനായി. ഗുരുവച്ചൻ എന്നാണ് അറിയപ്പെട്ടിരുന്നത്. ഗുരുവച്ചന്റെ സ്വര മാധുരി വളരെ ഇമ്പകരമായിരുന്നു. 1927 – ൽ റമ്പാനായി. ബസേലി യോസ് ഗീവർഗ്ഗീസ് പ്രഥമൻ കാതോലിക്കാബാവാ തെയോഫിലോസ് എന്ന പേരു നല്കി ബഥനിയുടെ എപ്പിസ്കോപ്പാ ആയി 1929 ഫെബ്രു വരി 16–ാം തീയതി വാഴിച്ചു.

'ദൈവഭക്തൻ' എന്നാണ് തെയോഫിലോസ് എന്ന വാക്കിന്റെ

www.malankaralibrary.com



അർത്ഥം. ലൂക്കോസിന്റെ സുവിശേഷം ഒന്നാം അദ്ധ്യായത്തിൽ 1-ാം വാക്യം പറയുന്ന അന്ത്യോക്യയിലെ വിശുദ്ധ തെയോഫിലോസാണ് നാമ ഹേതുകൻ.

അക്കാലത്ത് തിരുവല്ല ബഥനിപ്പള്ളിയിലാണ് തെയോഫിലോസ് തിരുമേനി താമസിച്ചിരുന്നത്. വിശ്വാസികളെ ദൈവമാതൃഭക്തിയിൽ വളർത്തുന്നതിന് തിരുമേനി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മാതാവിന്റെ വാങ്ങിപ്പ് പെരുനാളിന് ഒരുക്കമായ 15 നോമ്പിൽ ജനങ്ങൾക്കു വേണ്ടി ധ്യാനം പതിവായി നടത്തുമായിരുന്നു. 'മർത്തമറിയം സംഘം' എന്ന ഒരു ഭക്ത സംഘടനയും ഏർപ്പെടുത്തിയിരുന്നു. ഗായകസംഘം പള്ളി കളിൽ ആരംഭിക്കാൻ ശ്രമിച്ചിരുന്നു. കഷ്ടാനുഭവ ആഴ്ചകളിലെ ശുശ്രൂഷാ ഗീതങ്ങൾ സുറിയാനി രാഗത്തിൽ പരിഭാഷപ്പെടുത്തിയിട്ടു ണ്ട്. ഹാശാ ഗീതങ്ങൾ എന്ന പേരിൽ 1930 – ൽ അത് അച്ചടിപ്പിച്ച് വിത രണം ചെയ്യുകയും ചെയ്തു. മലങ്കര യാക്കോബായ സഭയിലെ വഴക്കവ സാനിപ്പിക്കാനുള്ള ഐക്യമാണ് എന്ന ആശയം പ്രാവർത്തികമാക്കാൻ റോമുമായി മാർ ഈവാനിയോസ് പിതാവ് നടത്തിയ എഴുത്തു കുത്തു കളടെ ഫലമായി മലങ്കര സഭയുടെ പട്ടത്വവും കൂദാശകളും ആരാ ധനാ ക്രമങ്ങളും അംഗീകരിച്ചതിനെ തുടർന്ന് 1930 – സെപ്റ്റംബർ 20 -ാം തീയതി കൊല്ലം ബിഷപ്സ് ഹൗസിൽ വച്ച് മാർ ഈവാനിയോസ് തിരുമേനിയും ഒരുമിച്ച് കത്തോലിക്കാ സഭയുടെ കൂട്ടായ്മയിൽ പ്രവേ ശിച്ചു. യാക്കോബായ സഭാ വസ്തുക്കൾ എല്ലാം ഉപേക്ഷിച്ച് വാടക കെട്ടിടത്തിൽ തിരുവല്ലായിൽ തെയോഫിലോസ് തിരുമേനി താമസിച്ചു. കത്തോലിക്കാസഭ തിരുവന്തപുരം അതിരൂപതയും തിരുവല്ലാ രൂപതയും ഉൾപ്പെടുത്തി മലങ്കര കത്തോലിക്കാസഭാ ഹയരാർക്കി സ്ഥാപിച്ചപ്പോൾ തെയോഫിലോസ് തിരുമേനിയെ തിരുവല്ല രൂപതയുടെ മെത്രാനായി മാർപാപ്പാ നിയമിച്ചു. മെത്രാസനത്തിനു വേണ്ടി തിരുവല്ലായിൽ സ്ഥലം വാങ്ങി ചെറുപുഷ്പഗിരി എന്ന പേരു നൽകി. അവിടെ അരമന പണിയു ന്നതിനുവേണ്ടി കല്ലിടീൽ കർമ്മം നടത്തിയശേഷം നാലുമാസത്തെ വിദേ ശപര്യടനത്തിനു പോയി. റോമിൽ 11-ാം പീയൂസ് മാർപാപ്പായെ സന്ദർശി ച്ചു. പരിശുദ്ധ ദൈവമാതാവ് പ്രത്യക്ഷപ്പെട്ട ലൂർദ്ദിലും വിശുദ്ധ കുർബാന അർപ്പിച്ചു. ഇറ്റലി, ഫ്രാൻസ്, ഇംഗ്ലണ്ട്, അയർലൻഡ് എന്നീ രാജ്യങ്ങൾ സന്ദർശിച്ചു.

തിരുമേനിയുടെ പ്രത്യേക മേൽനോട്ടത്തിൽ പല പള്ളികൾ പുതുതായി നിർമ്മിച്ചു. സെന്റ് മേരീസ് പള്ളി തോട്ടഭാഗം, സെന്റ് തോമസ് പള്ളി വെണ്ണിക്കുളം, സെന്റ് പാട്രിക്സ് പള്ളി അയിരൂർ എന്നിവ

www.malankaralibrary.com



ഉദാഹരണങ്ങളാണ്. സെന്റ് ജോസഫ്സ് പ്രസ്സ് പുഷ്പഗിരിയിലാരംഭിച്ചതും തിരുമേനിയാണ്. സുവിശേഷ സാക്ഷ്യസംഘം എന്ന പേരിൽ ഒരു സംഘടന ആരംഭിച്ചത് പല സ്ഥലങ്ങളിലും ആളുകളെ സഭയിൽ ചേർത്തു.

പരിപ്പിൽ മലയാളം 7-ാം ക്ലാസ്സ് വരെയുള്ള ഒരു സ്കൂൾ തിരുവല്ല രൂപതയുടെ മേൽനോട്ടത്തിൽ ആരംഭിച്ചു. തിരുമേനി കാലം ചെയ്ത ശേഷം അത് പരിപ്പ് നായർ കരയോഗത്തിനു വിറ്റു. ഇപ്പോൾ അത് ഒരു നല്ല ഇംഗ്ലീഷ് ഹൈസ്കൂളായി പ്രവർത്തിക്കുന്നു. ഒളശ്ശയിൽ വന്ന് വിശ്രമജീവിതം നയിക്കാൻ ആഗ്രഹിച്ച് അര ഏക്കർ സ്ഥലം വാങ്ങി കെട്ടിടം പണിതു. എങ്കിലും അവിടെ താമസിക്കുന്നതിനു മുമ്പ് തിരുമേനി രോഗബാധിതനായി . തിരുമേനിയുടെ വിശ്രമമില്ലാത്ത അധ്വാനം മൂലവും തന്റെ മാതാവും മറ്റു സഹോദരങ്ങളും തന്നോടൊന്നിച്ച് കത്തോലിക്കാ സഭയിൽ ചേരാതിരുന്നതിലുള്ള ദുഃഖവും മൂലവും തിരുമേനി അനാരോഗ്യവാനായി തീർന്നു. തിരുമേനി എല്ലാം ക്ഷമയോടെ സഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. മാനസികമായ രോഗത്തോടൊപ്പം ഉദരവേദനയുമുണ്ടായിരുന്നു.

1955 – ൽ മലങ്കര പുനരൈക്യപ്രസ്ഥാനത്തിന്റെ രജതജൂബിലി തിരുമൂലപുരത്ത് ആഘോഷിച്ചപ്പോൾ തിരുമേനി അവിടെ ആഗതനായി. ദൈവത്തിന് കൃതജ്ഞതാ സ്തോത്രം സമർപ്പിക്കുകയും സഭാമക്കൾക്ക് ആശീർവാദം നൽകുകയും ചെയ്തു. 1956 ജൂൺ 27-ാം തീയതി മരണാസന്നർക്കുള്ള അപ്പോസ്തോലിക ആശീർവാദം തിരുമേനിമാർ നൽകി. എല്ലാവരും ചേർന്ന് അന്ത്യകാല പ്രാർത്ഥന ചൊല്ലിക്കൊണ്ടിരിക്കുമ്പോൾ തന്റെ വലതുകരം ഉയർത്തി അവിടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നവരെ ആശീർവദിച്ചതോടെ കണ്ണുകൾ അടച്ച് തലചായിച്ച് കാലം ചെയ്യുകയും ചെയ്തു.

മേൽപ്പട്ട സ്ഥാനത്തിനൊത്ത തിരുവസ്ത്രങ്ങൾ ധരിപ്പിച്ച് സിംഹാസനത്തിൽ ഇരുത്തി വലതുകയ്യിൽ സ്ലീബായും ഇടതുകയ്യിൽ അംശവടിയും പിടിപ്പിച്ച് പൊതുദർശനത്തിന് കത്തീഡ്രൽ പള്ളിയിൽ മദ്ബഹായുടെ മുമ്പിൽ മൃതദേഹം വച്ചു. പിറ്റേദിവസം തിരുവല്ല പട്ടണത്തിലൂടെ നഗരികാണിക്കലും കഴിഞ്ഞ് തിരുവല്ല സെന്റ് ജോൺസ് പള്ളിയുടെ മദ്ബഹായിൽ തയ്യാറെടുക്കപ്പെട്ട കബറിൽ പിതാവിന്റെ മൃതശരീരം കസേരയിൽ ഇറക്കിവയ്ക്കുകയും കുന്തിരിക്കവും മണലുമിട്ട് കബറടക്ക കർമ്മം അവസാനിച്ചു. തിരുവല്ലായിൽ മാർ തെയോഫിലോസ് തിരുമേനിയുടെ പിൻഗാമിയായിരുന്ന സക്കറിയാസ് മാർ അത്തനാ

www.malankaralibrary.com



സ്യോസ് തിരുമേനി ഭാരതീയ മാതൃകയിൽ ഒരു കത്തീഡ്രൽ പള്ളിപണിയാരംഭിച്ചശേഷം 1972 ഡിസംബർ 29-ാം തീയതി വെള്ളിയാഴ്ച പഴയ ചാപ്പലിൽ നിന്ന് തെയോഫിലോസ് തിരുമേനിയുടെ പൂജ്യാവശിഷ്ടങ്ങൾ പുതിയ പള്ളിയിലെ കബറിലേക്ക് മാറ്റി സ്ഥാപിച്ചു. തിരുമേനിയുടെ സ്മരണയ്ക്കായി തിരുവനന്തപുരം മാർ തെയോഫിലോസ് ബി.എഡ്. കോളേജ് പ്രവർത്തിക്കുന്നുണ്ട്. 2004 മെയ്മാസം 19-ാം തീയതി ബുധനാഴ്ച 11 മണിയ്ക്ക് ഇപ്പോഴത്തെ കത്തീഡ്രൽ പൊളിച്ചു മാറ്റുന്നതിനാൽ, അവിടെ നിന്ന് കാലം ചെയ്ത മറ്റു തിരുമേനിമാരുടെ ഭൗതീകവശിഷ്ടത്തോടൊപ്പം യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ ഭൗതീകാവശിഷ്ടവും പുതിയ കത്തീഡ്രലിലേക്ക് മാറ്റി സ്ഥാപിച്ചു.

(ഐക്യദീപം 2004 ജൂലൈ പേജ് 22)

www.malankaralibrary.com



# യാക്കോബ് മാർ തെയോഫിലോസ്

മാലാഖയെപ്പോലൊരാൾ എന്നായിരുന്നു അദ്ദേഹത്തിനു സമൂഹം നൽകിയ വിശേഷണം. ഭക്തി തീക്ഷ്ണതയും നിഷ്ക്കളങ്ക സ്നേഹവുമാണ് ഈ വിശേഷണത്തിന് അദ്ദേഹത്തെ അർഹനാക്കിയത് . ആ സ്വരമഹിമ പറഞ്ഞറിയിക്കാനാവില്ല. എം. ഡി. സെമിനാരിയിലെ പഠനശേഷം അവിടെത്തന്നെ അദ്ധ്യാപകനായി . എങ്കിലും സെറാമ്പൂരിലേക്ക് എം. എ. അച്ചൻ ക്ഷണിച്ചപ്പോൾ കൂടെപ്പോയി. ബഥനിയാശ്രമത്തിലെ ആദ്യ ഗുരു ആയിരുന്നു യാക്കോബ് ശെമ്മാശൻ. പിന്നീട് എപ്പിസ്ക്കോപ്പയായി വാഴിക്കപ്പെട്ടു. പുനരൈക്യത്തിലേക്കു നീങ്ങിയ മാർ ഈവാനിയോസിനെ അനുഗമിക്കരുതെന്നു പ്രേരണയുണ്ടായെങ്കിലും അദ്ദേഹം പിന്തിരിഞ്ഞില്ല. പുനരൈക്യത്തിനുമുമ്പ് തിരുവല്ലായിൽ ഒരു മെത്രാസനമന്ദിരം അദ്ദേഹം പണിതിരുന്നെങ്കിലും അതെല്ലാം ഉപേക്ഷിച്ച് പുനരൈക്യപ്പെടുകയായിരുന്നു. ഒരു ഹൈന്ദവ സ്നേഹിതന്റെ വീട്ടിൽ പാർത്താണ് രൂപതാഭരണം ആരംഭിച്ചത്. പിന്നീട് ചെറുപുഷ്പഗിരിയിൽ താമസിച്ച് ഭരണം തുടർന്നു. 1931 സെപ്റ്റംബർ 8 ന് പരി. മാതാവിന്റെ ജനനപ്പെരുന്നാൾ ദിനത്തിൽ ഇൻഫെന്റ് മേരീസ് മൈനർ സെമിനാരി അദ്ദേഹം ആരംഭിച്ചു. 1933 രക്ഷണീയ വർഷമാകയാൽ 'ദിവ്യരക്ഷാശ്രമം' എന്ന പേര് ബഥനിയാശ്രമത്തിനു നൽകി. 1933 – ൽ റോമിൽ പോയി 11–ാം പീയൂസ് മാർപ്പാപ്പായെ കണ്ടു. പിന്നീട്, മാതാവ്, ബർണദീത്താ എന്ന ബാലികയ്ക്ക് 18 തവണ ദർശനമരുളിയ ലൂർദ്ദിൽച്ചെന്നു. മേരീസ്തവം പാടുന്ന ഒരു സംഗീതമണി അവിടെ നിന്നും സമ്മാനിക്കപ്പെട്ടു. വി. കൊച്ചുത്രേ

www.malankaralibrary.com



സ്യായുടെ ജ്യേഷ്ഠസോദരി, സി ആഗ്നസിനെയും കണ്ടു. വി. കൊച്ചു ത്രേസ്യായുടെ തിരുശേഷിപ്പ് അവിടെ നിന്നു ലഭിച്ചു. 1931 – ൽ 18 സ്ഥല ങ്ങളിൽ നിന്നും 1932 – ൽ 25 കേന്ദ്രങ്ങളിൽ നിന്നും ധാരാളമാളുകളെ കൂട്ടത്തോടെ അദ്ദേഹം സഭയിൽ ചേർത്തു. 31 വൈദീകരെ പുനരൈക്യ പ്പെടുത്തി. ധാരാളം പള്ളികൾ പണിതു. സത്യവിശ്വാസപ്രചരണാർത്ഥം 'സാക്ഷ്യസംഘം' എന്നൊരു സംഘടന രൂപീകരിച്ചു. സുറിയാനി അച്ച ടിക്കാനായി സുറിയാനി ലിപികൾ തിരുമേനി എഴുതിക്കൊടുത്ത് ഒരു മൂശാരിയെ ഇവിടെ പാർപ്പിച്ച് അച്ചുണ്ടാക്കി ഉപയോഗിച്ചു. ആരാധന ക്രമത്തിലെ സുറിയാനി ഗീതങ്ങൾ പ്രത്യേകിച്ച്, ഊശാന മുതൽ ഇയിർപ്പു തിരുനാൾവരെയുള്ളവ മലയാളത്തിൽ തർജ്ജമചെയ്ത് സുറിയാനി രാഗ ത്തിൽതന്നെ പാടിയിരുന്നു. 1930 – ലെ ഊശാന ഞായറിനു മുമ്പ് ''ഹാശാ ഗാനങ്ങൾ'' എന്ന പേരിൽ പുസ്തകമാക്കി, ബഥനിപ്പള്ളികളിലെല്ലാം തിരുമേനി എത്തിച്ചുകൊടുത്തു. ഇപ്പോഴും നാം ഉപയോഗിക്കുന്ന ഹാശാ കളുടെ കൗമാകളും മറ്റു ഗീതങ്ങളും തിരുമേനി രചിച്ചവയാണ്. The Imitation of Christ മലയാളീകരിച്ചു പ്രസിദ്ധീകരിച്ചതും ശ്ലീബാപാത എഴുതിയതും പിതാവു തന്നെ. കർത്താവിന്റെ പീഡാനുഭവത്തിന്റെ 19–ാം ശതാബ്ദി, തിരുസഭ ആചരിച്ച 1933 ലാണ് ശ്ലീബാപാത പ്രസിദ്ധീകരിച്ച ത്. 1935 വരെ മാത്രമേ ഭരിച്ചുള്ളു എങ്കിലും അരമന ചാപ്പൽ, ധാരാളം പള്ളികൾ, സെന്റ് ജോസഫ്സ് പ്രസ് ഇവയെല്ലാം അവിടുന്നു സ്ഥാപിച്ചു കൂദാശചെയ്തു.

(ഐക്യദീപം 2004 ജനുവരി പേജ് 28 )

www.malankaralibrary.com



കവിത

# ആദ്യത്തെ കൈത്തിരി



സി. മേരിപോൾ എസ്. ഐ. സി.

തിരുവല്ലാ രൂപതയ്ക്കാദ്യത്തെ മെത്രാനായ്
ദൈവനിയുക്തനാം പുണ്യതാതൻ
മാർ തെയോഫിലോസ് വന്ദ്യതിരുനാമം
മറയാതെ മങ്ങാതെ നിലനിൽക്കട്ടെ...
പണ്ടൊരുനാളിലാ വന്ദ്യപുരോഹിതൻ
മുണ്ടൻ മലയിലെ സത്ഗൃഹത്തിൽ
നീളും നിശയുടെ മധ്യത്തിൽ വച്ചൊരു
നിർമ്മല സത്യത്തെയാശ്ലേഷിച്ചു
വന്ദ്യ മാർ ഈവാനിയോസ് താതന്റെ ദർശനം
വന്ദ്യമെന്നുള്ളൊരു ബോധ്യത്തോടെ
പുനരൈക്യ ദീപശിഖയിൽ നിന്നാദ്യത്തെ
പുനരൈക്യ കൈത്തിരിയേറ്റു വാങ്ങി.
ഏക വിശുദ്ധവും കാതോലികം പിന്നെ
ശ്ലൈഹികമാകും തിരുസഭയിൽ
ഏകമായ് തീർന്നതിൽ മോദരായ് ചേരുവാ-
നേവർക്കും മാതൃകയായി താതൻ
ഏകതൊഴുത്തതിന്നേകയിടനെ-
ന്നേശുവിൻ നൽമൊഴി സാർത്ഥകമായ്
ആഗോളസഭയാകും സാഗരനൗകയിൽ
കേരള സഭയൊരു ഭൂഷണമായ്.
ആദ്യത്തെ പുനൈക്യകൈത്തിരിയിൽ നിന്നും
ചൈതന്യമുൾക്കൊണ്ട മക്കൾ നമ്മൾ
കേവലം പേരിനു മാത്രമീ ക്രൈസ്തവ
ജീവിതയാത്ര തുടർന്നീടല്ലെ.
മാർ തെയോഫിലോസിൽ ജീവിതദർശന-
മേവരും മാതൃകയാക്കവേണം
ഭക്തി, വിശുദ്ധിയും, സോദരസ്നേഹവും
ഭംഗമേശാതെ നാം നേടീടേണം.

(ഐക്യദീപം 1992 ഒക്ടോബർ പേജ് - 18)

www.malankaralibrary.com



# പുണ്യശ്ലോകൻ യാക്കോബ് മാർ തെയോഫിലോസ്



**സീനാ ഷാജി, കാരയ്ക്കൽ**

മലങ്കര കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ ദ്വിതീയ സ്ഥാനീയനായി എന്നും ഓർമ്മിക്കപ്പെടുന്ന നാമമാണ് യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത. അതിനാൽ തന്നെ ഭാഗ്യസ്മരണാർഹനെന്ന നാമകരണത്തിലാണ് ആകമാന കത്തോലിക്കാ സഭയിൽ അഭി. പിതാവ് ഇന്ന് അറിയപ്പെടുന്നത്.

1891- ഫെബ്രു. 26-ാം തീയതി കോട്ടയത്തെ ഒളശ്ശ എന്ന ഗ്രമത്തിൽ അതിപുരാതന തറവാടായ കളപ്പുരയ്ക്കൽ കുടുംബത്തിൽ ഏബ്രഹാം തരകൻ- അച്ചാമ്മ ദമ്പതികളുടെ ആദ്യജാതനായി പിറന്ന കൊച്ചു യാക്കോബ് ഓർത്തഡോക്സ് സഭയിലെ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയിൽനിന്നാണ് ശെമ്മാശ പട്ടം സ്വീകരിച്ചത്. തുടർന്ന് ഉപരിപഠനവും അധ്യാപക ജോലിയും ഒരുപോലെ നിർവ്വഹിച്ച് കോട്ടയം എം. ഡി. സെമിനാരിയുടെ ഭാഗമായി പ്രവർത്തിക്കവെ ഇവിടെ പ്രിൻസിപ്പലായി നിയമിതനായ ബഹു. പി. റ്റി. ഗീവർഗ്ഗീസ് അച്ചന്റെ (മാർ ഈവാനിയോസ് ) വരവോടെയാണ് യാക്കോബ് ശെമ്മാശന്റെ ഭാഗധേയം തന്നെ മാറ്റിമറിക്കപ്പെട്ടത്.

1924 - ൽ വൈദിക പട്ടവും 1927 - ൽ റമ്പാൻ പട്ടവും 1929 - ൽ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായായും അപ്പോസ്തോല ഗണത്തിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട അഭി. പിതാവ് 1930

www.malankaralibrary.com



സെപ്റ്റംബർ 20 – ന് ആകമാന കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട മലങ്കര കത്തോലിക്കാ സഭയിലെ ആദ്യ അഞ്ചുപേരിൽ ദ്വിതീയനും 1933 – ൽ രൂപീകൃതമായ തിരുവല്ലാ രൂപതയുടെ പ്രഥമ മെത്രാപ്പോലീത്തായുമാണ്. ശാരീരിക അസ്വാസ്ഥ്യത്തെ തുടർന്ന്, അഭി ജോസഫ് മാർ സേവേറിയോസ് തിരുമേനിക്ക് 1935 – ൽ പദവികൾ കൈമാറി, സ്ഥാനത്യാഗം ചെയ്ത തിരുമേനി 1956 ജൂൺ 27 ന് കാലം ചെയ്യുമ്പോൾ മലങ്കര കത്തോലിക്കാ സഭയ്ക്ക് നഷ്ടമായത് സഭയുടെ ദ്വിതീയനായ ഉടയോനെയായിരുന്നു. ഇന്ന് അതിശീഘ്രം വളർന്ന് പന്തലിച്ച മലങ്കര കത്തോലിക്കാ സഭയ്ക്കും അതിഭദ്രാസനമായി ഉയർത്തപ്പെട്ട തിരുവല്ലാ അതിരൂപതയ്ക്കും പുണ്യശ്ലോകന്റെ കർത്തൃസന്നിധിയിലെ പ്രാർത്ഥനകൾ എന്നും താങ്ങും തണലുമായി നിലനിൽക്കും എന്നതിൽ യാതൊരു സംശയവുമില്ല. ലളിത ജീവിതവും വിശുദ്ധിയും നിറഞ്ഞ വന്ദ്യപിതാവിന്റെ ജീവിതം എല്ലാ മലങ്കര മക്കൾക്കും ഏറെ അനുകരണീയമാണ്.

(ഐക്യദീപം 2011 ജൂൺ പേജ് 8)

www.malankaralibrary.com



# തിരുവല്ല അതിരൂപതയുടെ പ്രഥമ സാരഥി

## (വഞ്ചിപ്പാട്ട്)



**സിസ്റ്റർ ലീസാ എസ്. ഐ. സി. ബഥാനിയാ**

തിരുവല്ല മെത്രാസനം രൂപീകൃതമാക്കിയോനാം
തിരുമേനി ആരാണെന്ന് ചൊല്ലീടാമല്ലോ
കോട്ടയം പട്ടണത്തിലെ പ്രശസ്തമാം ഭവനത്തിൽ
ജാതനായ കൺമണിയാം ഓമനക്കുഞ്ഞ്
വത്സലരാം മാതാക്കളോ വത്സലനെ വസന്തത്തിൽ
പുഷ്പം പോലെ താരാട്ടി അങ്ങോമനിച്ചല്ലോ
ബാല്യപ്രായം കഴിഞ്ഞപ്പോൾ ബാലനായ കുമാരനോ
യൗവനത്തിളപ്പിലാർന്നു വന്നു ചേർന്നല്ലോ.
വൈദീക ജീവിതത്തിൽ മാഹാത്മ്യത്തെ ചിന്തിച്ചപ്പോൾ
ലോകത്തിന്റെ മായാമോഹം സംത്യജിച്ചീടാൻ
വന്ദ്യതാതൻ ഈവാനിയോസ് സ്ഥാപിച്ചതാം ബഥനിയിൽ
വന്നുചേർന്നു കശീശ്ശയായ് പെട്ടെന്നുയർന്നു.
പുണ്യവാനാം ഈവാനിയോസ് പിതാവിന്റെ ദിവ്യകരം
കശ്ശീശ്ശായെ റമ്പാനായി പടുത്തുയർത്തി
തെയോഫിലോസ് നാമധാരി റമ്പാച്ചനോ
വേഗമങ്ങു മെത്രാൻസ്ഥാനം കരസ്ഥമാക്കി
തിരുവല്ല രൂപതയിൽ ഇടയനും സ്ഥാപകനും
ആയിട്ടങ്ങു തിരുമേനി സ്ഥാനവുമേറ്റു

www.malankaralibrary.com



പിതാവിന്റെ വിശിഷ്ടമാം പുണ്യത്തിന്റെ ഉറവിടം
ആർക്കുമൊട്ടു തിരുമേനി സ്ഥാനവുമേറ്റു.
മനസ്സിന്റെ കണ്ണാടിയാം മുഖത്തുള്ള പുഞ്ചിരിയാൽ
നിർമ്മലമാം ഹൃദയത്തെ നമുക്കു കാണാം.
ഉന്നതമാം ചിന്തകളും ധന്യമായ ചെയ്തികളും
കൈമുതലാം താതനങ്ങു വിജയിച്ചല്ലോ
ആത്മാക്കളെ രക്ഷിക്കാനായ് ആത്മാർത്ഥമായ് യത്നിച്ചോനാം
വന്ദ്യതാതൻ ക്ഷീണിതനും രോഗിയുമായി
തന്റെ സ്ഥാനം സംത്യജിച്ച പുണ്യാരൂപിയോടെ മാത്രം
ശേഷിച്ചതാം കാലമങ്ങു നയിച്ചീടവേ
സ്വർഗ്ഗീയമാം സമ്മാനത്തെ കൈനിറയെ നൽകാനായി
തന്റെ ദിവ്യ ദാസനെ അങ്ങാഹ്വാനം ചെയ്തു
മാന്യരാകും സോദരരെ വന്ദ്യപിതാവിനെയെന്നും
ഓർത്തീടുക മാദ്ധ്യസ്ഥനായ് തീർന്നീടാനായ്
ഹാലേലൂയ്യാ - ഹാലേലൂയ്യാ (6)
പാടീടുക നാം.

(ഐക്യദീപം 2010 ജൂലൈ പേജ് : 29)

www.malankaralibrary.com



# ദൈവദാസനായിരുന്ന യാക്കോബ് മാർ തെയോഫിലോസ്



**ഫാ. വില്യം നെടുമ്പുറത്ത് ഒ.ഐ.സി.**

നാം ദൈവസുതന്മാരാവാൻ
ആയുഷ്കാലത്തിൽ ചൊല്ലി തന്ന
താതരെയോർക്കേണം
നയവാന്മാർ പുണ്യപ്പെട്ടോ
രൊന്നിച്ചേകുമവർക്കാശ്വാസം സ്വർഗ്ഗേ-
പുത്രൻ ദൈവം

നാം ദൈവത്തിന്റെ പുത്രന്മാരായി തീരുവാൻ തങ്ങളുടെ ആയുഷ്കാലത്തിൽ കഠിനദ്ധ്വാനം ചെയ്ത് വിശ്വാസവും, പാരമ്പര്യവും നമുക്കു പകർന്നു തന്ന നമ്മുടെ പിതാക്കന്മാരെ നാം ഓർമ്മിക്കണം എന്നു നാം പാടുകയും പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ അതു പാട്ടിലും അധരവ്യായമത്തിലും മാത്രം ഒതുങ്ങി പോകാതെ, ജീവിതയാഥാർത്ഥ്യങ്ങളിലേയ്ക്കും, പ്രായോഗികതലങ്ങളിലേക്കും ഇറക്കി കൊണ്ടു വരേണ്ടതിന്റെ ആവശ്യകത എന്നത്തേക്കാൾ കൂടുതലായി ഇന്നു നമുക്കു അനുഭവപ്പെടുന്നു.

യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ ജീവചരിത്രകാരൻ ബഥനിയിലെ ബഹുമാനപ്പെട്ട പക്കോമിയോസ് അച്ചൻ ഇങ്ങനെ സാക്ഷ്യപ്പെടുത്തുന്നു. 'തിരുമേനിയെക്കുറിച്ച് ഇന്നത്തെ യുവ

www.malankaralibrary.com



തലമുറയ്ക്ക് അറിയില്ല എന്നതാണ് സത്യം. തെയോഫിലോസ് തിരുമേനിയെക്കുറിച്ചുള്ള ചരിത്രസംഭവങ്ങൾ എഴുതപ്പെടുകയോ, പ്രസിദ്ധീകരിക്കപ്പെടുകയോ ഉണ്ടായിട്ടില്ല. മാത്രമല്ല തിരുമേനിയുടേതായ ചരിത്രരേഖകളൊന്നും കാത്തുസൂക്ഷിക്കപ്പെട്ടിട്ടില്ല.' (ഫാ. പക്കോമിയോസ് ഒ.ഐ.സി., ബിഷപ്പ് മാർ തെയോഫിലോസ്, പേജ് 8,9). ഈ അജ്ഞത ദൂരീകരിക്കുവാൻ ദൈവീക ഇടപെടൽ മൂലം ബഹുമാനപ്പെട്ട പക്കോമിയോസ് അച്ചനെഴുതിയ ഗ്രന്ഥമാണ് ഈ ലേഖനത്തിന്റെ ആധാരം. പക്കോമിയോസ് അച്ചനെകൂടാതെ പഴയ തലമുറയിലെ മറ്റ് പല വൈദികരുമായും ആശയവിനിമയം നടത്തിയിട്ടുണ്ട്.

അറിയപ്പെടാത്തതിനെ എങ്ങനെ സ്നേഹിക്കും? സ്നേഹിക്കപ്പെടാത്തതിനെ എങ്ങനെ പ്രസംഗിക്കും? പ്രസംഗിക്കപ്പെടാതെ എങ്ങനെ കേൾക്കും? ആയതിനാൽ നമ്മുടെ അഭിവന്ദ്യ തെയോഫിലോസ് തിരുമേനിയെക്കുറിച്ച് ഇനിയും കൂടുതൽ എഴുതപ്പെടണം, കൂടുതൽ വായിക്കപ്പെടണം, തിരുമേനി സഭാമക്കളാൽ കൂടുതൽ സ്നേഹിക്കപ്പെടണം. വന്ദ്യപിതാവ് അതിനർഹനുമാണ്.

അടുത്തകാലത്ത് നമ്മുടെ ഒരു സത്യവിശ്വാസി പറയുകയുണ്ടായി, 'അച്ചോ, ഇന്ന് നമ്മുടെ പിതാക്കന്മാരുടെ ഓർമ്മ ഇടവക തലത്തിൽ കാര്യമായിട്ടൊന്നും ആചരിക്കാറില്ല. ധൂപപ്രാർത്ഥന പോലും നടത്താത്ത പള്ളികളുണ്ട്.' ഇതിന്റെയൊക്കെ പശ്ചാത്തലത്തിൽ നമ്മുടെ പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ പ്രത്യേകിച്ച് തിരുവല്ല അതിരൂപതയിൽ മാർ തെയോഫിലോസ് പിതാവിന്റെ ഓർമ്മപ്പെരുന്നാൾ ഇന്നു നടക്കുന്നതിനോട് ചേർത്തു കുറെക്കൂടി ആർജ്ജവത്തോടും, ഭക്തിയോടും നടത്തപ്പെടേണ്ടതാണ് എന്നൊരു ചിന്ത എല്ലാവരും പങ്കുവയ്ക്കുന്നു. മാർ തെയോഫിലോസ് തിരുമേനിയെ കൂടുതലായി അറിയുവാൻ മുമ്പ് സൂചിപ്പിച്ചതുപോലെ അധികം ആധികാരിക രേഖകളില്ല. ഇപ്പോൾ സംലഭ്യമായ ഉറവിടങ്ങളും പഴയ തലമുറയുടെ അനുഭവം പങ്കുവയ്ക്കലും ആധാരമാക്കി ഒരു ചെറുപഠനമാണ് താഴെ കുറിക്കുന്നത്.

യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയെ ഞാൻ വിശുദ്ധൻ എന്നു അഭിസംബോധന ചെയ്യുകയാണ്. എനിക്ക് അതിന്റേതായ കാരണങ്ങളുണ്ട്; ഈ ലേഖനത്തിന്റെ അവസാനഭാഗത്ത് എത്തുമ്പോൾ അനുവാചകർക്ക് അതു ബോധ്യമാകും. ദൈവജനമാണല്ലോ ഒരാളെ ആദ്യം വിശുദ്ധൻ എന്നു വിളിക്കുന്നത്. അവർ അങ്ങനെ വിളിക്കുമ്പോൾ വിശുദ്ധൻ ജീവിച്ചിരുന്ന കാലത്തെ അദ്ദേഹത്തിന്റെ വിശുദ്ധിയെ മാത്രമേ കണക്കിലെടുക്കാറുള്ളു. സഭ ഒരാളെ വിശുദ്ധനായി പ്രഖ്യാപിക്കണ

www.malankaralibrary.com



മെങ്കിൽ ജനത്തിന്റെ സാക്ഷ്യം കൂടാതെ ഈ ആളുടെ അത്ഭുതശക്തി കൂടി പരിഗണിക്കാറുണ്ട്. ഒരാളുടെ പേരിൽ പ്രത്യേക അത്ഭുതം നടക്കാത്തതുകൊണ്ടു മാത്രം എത്രയോ വിശുദ്ധ ജീവിതങ്ങളെ ഇനിയും സഭ വിശുദ്ധരുടെ പട്ടികയിൽ ചേർത്തിട്ടില്ല. അതിലൊരു പേരായി പിതാവിനെ ഇപ്പോൾ കണക്കാക്കാം എന്നു തോന്നുന്നു.

ഇനിയും എന്താണ് വിശുദ്ധി? ആരാണ് വിശുദ്ധൻ? എല്ലാ ഗുണഗണങ്ങളുടേയും നന്മകളുടേയും മൂർത്തിമത്ഭാവമാണ് വിശുദ്ധി. അത് ദൈവത്തിന്റെ മറ്റൊരു നാമമാണ്. വിശുദ്ധിയുടെ പൂർണ്ണത ദൈവത്തിൽ മാത്രമേ നാം കാണാറുള്ളു. എന്നാൽ ദൈവത്തിന്റെ ഈ പൂർണ്ണതയിലേയ്ക്ക് മനുഷ്യനും ക്ഷണിക്കപ്പെട്ടിരിക്കുന്നു എന്നതാണ് സത്യം. അതുകൊണ്ടല്ലേ യേശു തമ്പുരാൻ പറഞ്ഞത്, ‘Be perfect as your heavenly father is perfect’ (Mt. 5:48). പിതാവായ ദൈവമാണ് പൂർണ്ണ വിശുദ്ധി. എന്നാൽ മനുഷ്യസൃഷ്ടി ആ പൂർണ്ണതയിൽ പങ്കുചേരുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഈ വിശുദ്ധി അവൻ ആർജ്ജിച്ചെടുക്കേണ്ടതാണ്; സ്വർഗ്ഗത്തിൽ നിന്നു നൽകപ്പെടുന്നതല്ല. സ്വയപ്രേരിതമായി ആർജ്ജിച്ചെടുക്കുന്നതെന്തിനും ഒരു ഏറ്റക്കുറച്ചിലുണ്ട്, ഒരു ഗ്രേഡ് ഉണ്ട്. ആയതിനാൽ മനുഷ്യന്റെ വിശുദ്ധി പ്രാപിക്കൽ നിരന്തരമായ ഒരു പ്രയത്നമാണ്. നമുക്കു പറയാം ‘we are all in pursuit of perfection.’ ആയതിനാൽ, നമ്മുടെയൊക്കെ വിശുദ്ധി നാം എത്രമാത്രം ദൈവത്തോട് അടുത്തിരിക്കുന്നു, ചേർന്നിരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. നാം എത്രമാത്രം ദൈവികരായിരിക്കുന്നു എന്നതാണ് ചോദ്യം അല്ലെങ്കിൽ എന്നിൽ നിന്ന് എത്രമാത്രം ദൈവികസ്വഭാവങ്ങൾ ബഹിർസ്ഫുരിക്കുന്നു എന്നതും മാനദണ്ഡമാണ്.

മാർ തെയോഫിലോസ് തിരുമേനിയെ വിശുദ്ധൻ എന്ന് നമ്മൾ നാമകരണം ചെയ്യുമ്പോൾ അതിനു ന്യായീകരണമായി നിരത്തിവയ്ക്കേണ്ട പിതാവിന്റെ ജീവിതയാഥാർത്ഥ്യങ്ങൾ പരിശോധിക്കേണ്ടതായിട്ടുണ്ട്. സ്നേഹവും കരുണയുമാകുന്ന ദൈവം സ്വയം മനുഷ്യനായി തീർന്ന് ദൈവികസ്വഭാവങ്ങൾ പ്രാവർത്തിക തലത്തിൽ മനുഷ്യന് കാട്ടിക്കൊടുത്തതാണ് ക്രിസ്തു സംഭവം. അപ്പോൾ ക്രിസ്താനുഭവവും, ക്രിസ്താനുകരണവും ഒരു മനുഷ്യന് ദൈവികനായി തീരുവാൻ അനിഷേധ്യമായ ഘടകങ്ങളാണ്. പിതാവിന്റെ വിശുദ്ധിയെക്കുറിച്ച് വിചിന്തനം ചെയ്യുന്ന വേളയിൽ അദ്ദേഹത്തിന്റെ ക്രിസ്താനുകരണത്തെക്കുറിച്ച് പരിചിന്തനം ചെയ്യേണ്ടിയിരിക്കുന്നു. പിതാവിന്റെ ജീവിതശൈലിയിലേക്ക് പ്രവേശിക്കുന്നതിനു മുമ്പായി ആ ജീവിതചരിത്രത്തിലെ

www.malankaralibrary.com



നാഴികക്കല്ലുകൾ ഒന്നു ഹ്രസ്വമായി വിവരിക്കുന്നത് അനുവാചകർക്ക് പ്രയോജനപ്രദമായിരിക്കും.

തെയോഫിലോസ് തിരുമേനി യാക്കോബ് എന്ന മാമോദീസാ പേരോടെ കോട്ടയം ഒളശ്ശയിൽ കളപ്പുരയ്ക്കൽ എബ്രഹാം തരകന്റെയും നാലാത്ര അച്ചാമ്മയുടെയും മകനായി 1891 ൽ ജനിച്ചു. (പിതാവിന്റെ ജനനത്തീയ്യതി 1891 ഫെബ്രുവരി 26 എന്നു ജീവചരിത്രത്തിൽ കാണുമ്പോൾ 1892 എന്ന് കബറിടത്തിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. ശരിതെറ്റുകൾ കണ്ടുപിടിച്ച് തെറ്റു തിരുത്തപ്പെടണം). ജനനവർഷം മാർച്ച് 16-ാം തീയ്യതി മാമോദീസായും, മൂറോൻ അഭിഷേകവും നൽകപ്പെട്ടു. ഒളശ്ശ പ്രൈമറി സ്കൂളിലും, കോട്ടയം എം.ഡി സ്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. പഠനത്തിൽ സമർത്ഥനായ കെ. എ. യാക്കോബിന് പഠിച്ച സ്കൂളിൽ തന്നെ അദ്ധ്യാപകജോലിയും ലഭിച്ചു. യാക്കോബിനു മൂന്നു സഹോദരങ്ങളും മൂന്നു സഹോദരിമാരും ഉണ്ടായിരുന്നു; യാക്കോബു മൂത്തവനും. ബഥനി സന്യാസിനി സമൂഹത്തിന്റെ സഹസ്ഥാപകരായിരുന്ന കന്യാസ്ത്രീകളുടെ കൂട്ടത്തിൽ സ്വന്തം സഹോദരി മദർ സൈബാറും ഉൾപ്പെടുന്നു. എം.ഡി. സ്കൂളിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ മാർ ദിവന്ന്യാസിയോസ് തിരുമേനി കൊച്ചുസാർ എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന യാക്കോബിനു ശെമ്മാശ്ശപ്പട്ടം നൽകി. അന്ന് സ്കൂളിന്റെ പ്രിൻസിപ്പൽ ആയിരുന്ന എം. എ അച്ചൻ ഫാ. പി.റ്റി ഗീവർഗ്ഗീസിനൊപ്പം താമസിച്ചിരുന്നു. ഫാ. പി.റ്റി. ഗീവർഗ്ഗീസ് പ്രിൻസിപ്പൽ സ്ഥാനം രാജിവച്ച് സെറാമ്പൂരിലേയ്ക്ക് പോയപ്പോൾ കുറെ യുവാക്കന്മാരെ കൂടി ഉന്നത വിദ്യാഭ്യാസം നൽകുവാനായി കൂടെ കൂട്ടിയിരുന്നല്ലോ, അതിൽ ഒരാൾ യാക്കോബ് ശെമ്മാശ്ശനായിരുന്നു. സെറാമ്പൂർ കോളേജിൽ ഇന്റർമീഡിയറ്റ് കഴിഞ്ഞ് ബി.എ. ഓണേർസിനു പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഗുരു ഫാ. പി.റ്റി. ഗീവർഗ്ഗീസ് പ്രൊഫസർ ഉദ്യോഗം രാജിവച്ച് കോളേജ് പടി ഇറങ്ങി മുണ്ടൻമലയിൽ കയറുന്നത്. ഗുരുവിനൊപ്പം ശിഷ്യനും പഠനം പാതിവഴിയിലാക്കി ഈ ഇറക്കവും കയറ്റവും ആത്മീയചൈതന്യത്തിൽ സന്തോഷത്തോടെ നിർവ്വഹിച്ചു 1919 മേയ്മാസം 7-ാം തീയ്യതി ആശ്രമജീവിതം ആരംഭിക്കുകയാണ്. 1920 പെന്തക്കുസ്താ ദിവസം വ്രതാനുഷ്ഠാനവും നടത്തി, 1924 ൽ വൈദികപട്ടവും ലഭിച്ചു (വീണ്ടും കബറിങ്കൽ പട്ടം 1925ൽ എന്നു രേഖപ്പെടുത്തിയിരിക്കുന്നു). മാർ തെയോഫിലോസ് തിരുമേനി ബഥനിയിൽ മഹത്‌വ്രതം 1927 ഡിസംബർ 12-ാം തീയ്യതി എടുത്തതായി ജീവചരിത്രകാരന്മാർ സാക്ഷിക്കുന്നു. 1929 ഫെബ്രുവരി 14-ാം തീയ്യതി ആയി

www.malankaralibrary.com



രുന്നു പിതാവിന്റെ മെത്രാഭിഷേകം. 1930ൽ മാർ ഈവാനിയോസ് പിതാവിനോടൊപ്പം പുനരൈക്യപ്പെട്ട തെയോഫിലോസ് തിരുമേനി തിരുവല്ല രൂപതയുടെ പ്രഥമ മെത്രാനായി. 1934 ൽ രോഗിയായി മാറിയ പിതാവ് അരമന കെട്ടിടത്തിൽ തന്നെ താമസിച്ചു. 1956 ജൂൺ 27-ാം തീയ്യതി പിതാവിന്റെ ആത്മാവ് നിത്യസമ്മാനത്തിനായി പറന്നുയർന്നു.

**വിശുദ്ധിയുടെ ജീവിതം**

മാർ തെയോഫിലോസ് തിരുമേനിയുടെ ജീവിതം നാം മുമ്പുകണ്ട വിശുദ്ധിയുടെ നിർവ്വചനവുമായി എങ്ങനെ പൊരുത്തപ്പെടുത്താം എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. ദൈവജനം മുഴുവൻ വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നുവെങ്കിലും (മത്തായി 5:18), പുരോഹിതന്റെ തലപ്പാവിന്റെ മുകളിൽ ധരിച്ചിരിക്കുന്ന സ്വർണ്ണക്കിരീടത്തിലാണ് 'വിശുദ്ധി' എന്നു ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്നത് (പ്രഭാ. 45:12). ആയതിനാൽ ദൈവത്തിന്റെ മനസ്സിൽ പുരോഹിതരും മഹാപുരോഹിതരും വിശുദ്ധിയുടെ ജീവിക്കുന്ന അടയാളങ്ങളാണ്. നാലുപേരു കാൺകെ അവരുടെ തലപ്പാവിൽ 'വിശുദ്ധി ' എന്നു എഴുതിയാണ് ദൈവം അവരെ തന്റെ പൗരോഹിത്യത്തിലേക്ക് സ്വീകരിക്കുന്നത്. ആയതിനാൽ ഇനിയും പുരോഹിതന് വിശുദ്ധി ഒരു 'luxuary' അല്ല, വെറും 'need' മാത്രം. വിശുദ്ധി അവന്റെ 'identity' മാത്രമാണ്. ഒരു വിധത്തിൽ പറഞ്ഞാൽ വിശുദ്ധി നഷ്ടപ്പെട്ടാൽ അവന്റെ പൗരോഹിത്യ വ്യക്തിത്വം തന്നെ ചോദ്യം ചെയ്യപ്പെടുകയാണ്. ജീവിതശോധനയിൽ പിതാവ് വിശുദ്ധനൊത്ത ജീവിതം നയിച്ചു എന്നു നമുക്കു ബോധ്യപ്പെടും.

**1. His name was Theophilos; friend of God**

'തെയോഫിലോസ്' എന്ന വാക്കിന്റെ അർത്ഥം 'ദൈവത്തിന്റെ സ്നേഹിതൻ' എന്നാണ്, 'ദൈവഭക്തൻ' എന്നും പറയാം. ദൈവം എന്റെ ഏറ്റവും അടുത്ത സ്നേഹിതനാകുമ്പോൾ (close friend) അവനെ അനുകരിക്കാൻ ഞാൻ ശ്രമിക്കും; അനുകരിച്ച് ഞാനും എന്റെ സ്നേഹിതനും തമ്മിലുള്ള അന്തരം കുറയും. അങ്ങനെ ഞാനും അവനും ഒന്നായി തീരും. വൈദീകഗണത്തിന്റെ മുഖമുദ്ര വിശുദ്ധിയായിരിക്കണം. പ്രത്യേകിച്ച് തെയോഫിലോസ് നാമധാരി തീർച്ചയായും ദൈവപുരുഷൻ തന്നെയായിരിക്കണം.

**2. He was like a mother**

പിതാവിന്റെ സന്തത സഹചാരിയായിരുന്ന, ആ ജീവിതത്തിന്റെ ചൂടും, ചൂരും അടുത്തറിഞ്ഞ ജീവചരിത്രഗ്രന്ഥകാരൻ ബഥനിയിലെ വന്ദ്യ പക്കോമിയോസ് അച്ചൻ ഇപ്രകാരം പറയുന്നു, 'മാർ

www.malankaralibrary.com



ഈവാനിയോസ് പിതാവ് ഞങ്ങൾക്ക് അപ്പനും, മാർ തെയോഫിലോസ് പിതാവ് ഞങ്ങൾക്ക് അമ്മയുമായിരുന്നു.' കുടുംബത്തിലെ അപ്പൻ Bread winner ആണെങ്കിലും എല്ലാം ആക്കിക്കഴിഞ്ഞ് കൊടുക്കുന്നത് അമ്മയാണല്ലോ. നിന്നെ മറക്കുന്ന അവസാനത്തെ വ്യക്തി, അങ്ങനെ സംഭവിക്കുകയില്ലായെങ്കിലും, അമ്മയായിരിക്കും. അതിർവരമ്പുകളൊ (unlimited) ഉപാധികളോ (unconditional) ഇല്ലാത്ത ദൈവസ്നേഹത്തിന്റെ ജീവിക്കുന്ന പ്രതീകങ്ങളാണല്ലൊ അമ്മമാർ. അപ്പോൾ മക്കൾക്ക് അമ്മ ദൈവമായി മാറുന്നു. ഇങ്ങനെ ദൈവമായി മാറുന്നവരെയല്ലേ നമ്മൾ വിശുദ്ധരെന്നു വിളിക്കുന്നത്.

### 3. He left everything behind

ജീവിതത്തിൽ എന്തോ ഒരു വലിയ കാര്യത്തിനുവേണ്ടി ഉണ്ടായിരിക്കുന്നതും, ഉണ്ടാകാൻ സാധ്യതയുള്ളതും എല്ലാം ഉപേക്ഷിച്ച്, ഉപേക്ഷകൊണ്ട് സൃഷ്ടിക്കപ്പെടുന്ന ശൂന്യതയിൽ ദൈവാത്മാവിനെക്കൊണ്ട് നിറക്കുന്നവനാണല്ലോ പൂർണ്ണ സന്യാസി. ഈ കുറയ്ക്കലും നിറയ്ക്കലുമാണ് സന്യാസത്തിന്റെ അളവുകോൽ. 400 ഏക്കർ ഭൂമിയുടേയും അതിന്റെ എല്ലാ ചുറ്റുവട്ടങ്ങളുടേയും ഉപേക്ഷാപത്രത്തിന്റെ കീഴിൽ പ്രധാന ഉടമസ്ഥൻ ഒപ്പിട്ടു കഴിഞ്ഞപ്പോൾ അതിനു കീഴെ സധൈര്യം ഒപ്പിട്ട പൂർണ്ണ സന്യാസിയാണ് മാർ തെയോഫിലോസ് തിരുമേനി. വസ്തുവകകൾ മാത്രമല്ല തനിക്ക് ന്യായമായി അനുഭവിക്കാവുന്ന എല്ലാ സുഖസൗകര്യങ്ങളെയും, എന്തിന് വ്യക്തി സ്വാതന്ത്ര്യത്തെപ്പോലും വ്രത്രയങ്ങളാൽ ഉപേക്ഷിച്ച്, ഉപേക്ഷിച്ചു എന്ന ചിന്തപോലും ഉപേക്ഷിച്ച് മുണ്ടൻ മലയും ആശ്രമവും പിറകിൽ തള്ളി പടിയിറങ്ങിയവൻ ഒരു വിശുദ്ധനായിരിക്കണം. ഒരു വിശുദ്ധന് മാത്രമേ അതു സാധിക്കുകയുള്ളു.

### 4. He was a man of unchallenged faith in God's providence and hope

ജീവചരിത്രകാരൻ തുടർന്നു പറയുകയാണ്, 'എല്ലാം ഉപേക്ഷിച്ചവന്റെ കൈമുതൽ പരിത്യാഗം, ദൈവപരിപാലനയിലുള്ള വിശ്വാസം, പ്രതീക്ഷ എന്നിവയായിരുന്നു.' രാവിലത്തെ കഞ്ഞിയ്ക്ക് അരിയില്ല എന്നു കുശിനി ചുമതലക്കാരൻ രാത്രി ലിലിയോ കഴിഞ്ഞ് ഗുരുവച്ചനോട് പറഞ്ഞപ്പോൾ ദേഷ്യപ്പെടാതെ സാധുപോയി കിടന്നുറങ്ങി കൊള്ളുക എന്നു പറഞ്ഞ് സഹോദരനെ അയച്ചിട്ട് ഗുരുവച്ചൻ പ്രാർത്ഥനയിലും, പ്രയത്നത്തിലും രാത്രി ചിലവഴിച്ചു. രാവിലെ അരി റെഡി. അചഞ്ചലമായ ദൈവപരിപാലനയിലുള്ള വിശ്വാസം, പ്രതീക്ഷ; ഒരു വിശുദ്ധന്റെ ലക്ഷണങ്ങളാണിവ.

www.malankaralibrary.com



**5. He was called or known as living saint**

തന്നെ ശരിയായി അറിയാവുന്ന ജനം പിതാവിനെ അറിയാതെ വിളിച്ചു 'പരിശുദ്ധൻ.' ദൈവജനമാണ് ഒരാളെ വിശുദ്ധൻ എന്ന് ആദ്യം വിളിക്കുന്നത്. അവരുടെ വിശ്വാസം, അനുഭവങ്ങൾ എന്നിവയാണ് അതിനു കാരണങ്ങൾ. ഇതിന്റെ അടിസ്ഥാനത്തിലാണ് സഭ ഒരാളുടെ വിശുദ്ധി പരിശോധിച്ച് വിശുദ്ധൻ എന്നു പ്രഖ്യാപനം ചെയ്യുന്നത്. മറ്റാർക്കും ഒരാളെ വിശുദ്ധനാക്കുവാൻ സാധ്യമല്ലല്ലോ. ആ ആളിന്റെ വിശുദ്ധി അംഗീകരിക്കുകയും പ്രഖ്യാപിക്കുകയുമാണ് ചെയ്യുന്നത്. ജനം ജീവിക്കുന്ന വിശുദ്ധൻ എന്നു വിളിച്ച മാർ തെയോഫിലോസ് തിരുമേനി ഒരു വിശുദ്ധന്റെ ജീവിതം തന്നെയാണ് നയിച്ചത്.

**6. He was called as an angelic man**

'മാലാഖാ സാദൃശ്യനായ മനുഷ്യൻ' എന്നാണ് വിദേശപര്യടനത്തിൽ സായിപ്പ് പിതാവിനെ വിളിച്ചത്. തന്റെ ചിന്തകളും പ്രവർത്തികളും ഒരു മാലാഖയുടേതുപോലെ ആയിരിക്കുന്നു എന്നു വിദേശികൾ പറയണമെങ്കിൽ എത്ര നിഷ്കർഷമായ, നിഷ്കളങ്കമായ ജീവിതമായിരിക്കും അവർ പിതാവിൽ കണ്ടത്. തീർച്ചായായും മാലാഖയ്ക്ക് തുല്യമായ ജീവിതശൈലി അവരെ ഹഠാദാകർഷിച്ചിരിക്കണം. മാലാഖമാർ സ്വർഗ്ഗസ്ഥരായിരിക്കുന്നതുപോലെ ജീവിക്കുന്ന വിശുദ്ധരും സ്വർഗ്ഗസ്ഥരാണ്.

**7. He was a meek and humble sanyasi**

സാധാരണയായി സന്യാസികൾ ശാന്തശീലരും, സൗമ്യമനോഭാവക്കാരും, പ്രാർത്ഥനയുടെ മനുഷ്യരുമാണ്. ഇപ്രകാരമുള്ള ഒരു മാതൃകാ സന്യാസിയ്ക്കു മാത്രമേ വിശുദ്ധി നിറഞ്ഞ ജീവിതം ജീവിച്ചു തീർക്കാനാവുകയുള്ളു. ആധുനിക സന്യാസികളിൽ ഈ ഗുണഗണങ്ങൾ കാണാതെ വരുമ്പോൾ സന്യാസത്തിന്റെ വിശ്വസനീയത ചോദ്യം ചെയ്യപ്പെടുകയാണ്. ഫലമോ വിശുദ്ധരായി തീർന്ന സന്യാസികൾ തുലോം ചുരുക്കവും. മാർ തെയോഫിലോസ് തിരുമേനി സന്യാസ ജീവിതശൈലിയിലും മാതൃകാ പുരുഷനായിരുന്നു.

**8. He was a man who viewed spirituality over all other matters**

തന്നെ ഏൽപ്പിച്ച ധർമ്മങ്ങളും ഏറ്റെടുത്ത ഔദ്യോഗിക കർമ്മങ്ങളും തന്റെ പ്രാർത്ഥനാജീവിതത്തെയും ആദ്ധ്യാത്മീയതയെയും ഗ്രസിച്ചു കളയുവാൻ അദ്ദേഹം അനുവദിച്ചില്ല. പ്രവർത്തികളുടെ ഇടയിലും പ്രാർത്ഥിക്കുവാൻ പഠിച്ചിരുന്ന, പഠിപ്പിച്ചിരുന്ന ബഥനിയുടെ ഗുരുവച്ചൻ ആദ്ധ്യാത്മികതയ്ക്കാണ് മുൻഗണന നൽകിയിരുന്നത്. ഒരു രൂപതയെ തന്നെ

www.malankaralibrary.com



കെട്ടിപ്പടുക്കത്തക്ക ആദ്ധ്യാത്മികത കൈമുതലായിട്ടു ായിരുന്ന വന്ദ്യ പിതാവിന്റെ ജീവിതം ദൈവാനുഗ്രഹങ്ങളുടെ വറ്റാത്ത നീർച്ചാലുകൾ ആയിരുന്നു.

**9. He was a man of true love, innocence and piety**

ഒരുവൻ വിശുദ്ധിയിൽ വളരുമ്പോൾ സ്നേഹം, നിഷ്കളങ്കത, ഭക്തി എന്നിവയിൽ ഉത്തരോത്തരം ഉയർന്നു കൊണ്ടേയിരിക്കും. കൊച്ചുസാർ ശെമ്മാശനായപ്പോഴും, ശെമ്മാശ്ശൻ വൈദീകനായപ്പോഴും, യാക്കോബ് അച്ചൻ മെത്രാനായപ്പോഴും മാർ തെയോഫിലോസ് കൂടുതൽ വിനയാന്വിതനും, വിവേകിയും, നിഷ്കളങ്കനും, ഭക്തനുമായി മാറുകയാണ് ചെയ്തത്. ആരേയും നോവിക്കാതെ എല്ലാവരേയും ഉൾക്കൊണ്ട് വിശ്വസ്നേഹം നിരന്തരം അഭ്യസിച്ചിരുന്ന പിതാവ് വിശുദ്ധനാകാതിരിക്കാൻ ഇടയില്ല.

**10. He was a man who praised the lord with a golden tongue and throat**

പ്രാർത്ഥന സ്വർഗ്ഗ വാതിലുകളുടെ താക്കോലാണെങ്കിൽ മൺമയരുടെ സ്വരമാധുര്യത്തോടുള്ള ആരാധനാഗാനാലാപനങ്ങൾക്ക് തുറന്ന സ്വർഗ്ഗം ഭൂമിയിലേയ്ക്ക് താഴ്ത്തി ഇറക്കി കൊണ്ടുവരുവാനുള്ള ശക്തിയുണ്ട്. സന്യസ്ത വൈദീകർ യാമപ്രാർത്ഥനകൾ ചൊല്ലിത്തീർക്കാൻ ചൊല്ലുന്ന ചൊലുത്തും സ്വർഗ്ഗീയനുഭൂതിയിൽ നിന്നു ചൊല്ലുന്ന ഗാനാലാപനങ്ങളും, ആരാധനയും അജഗജാന്തരം വ്യത്യാസമുണ്ട്. മാർ തെയോഫിലോസ് തിരുമേനിയുടെ ചൊല്ലും ചൊലുത്തും പൊതുവേ അംഗീകരിക്കപ്പെട്ടതും മനുഷ്യർക്ക് സ്വർഗ്ഗീയാനുഭൂതി നൽകുന്നവയുമായിരുന്നു. സന്യാസ സമൂഹങ്ങളിൽ ഇമ്പമായി സമൂഹപ്രാർത്ഥനകൾ നടത്തണമെന്ന് വിശുദ്ധ നിയമം അനുശാസിക്കുന്നു. ഇപ്രകാരം തന്റെ സ്വതസിദ്ധമായ സ്വരമാധുര്യത്തോടും, ഗാനാലാപന ചാതുര്യത്തോടും സൃഷ്ടാവിനെ പുകഴ്ത്തികൊണ്ടിരുന്ന മാർ തെയോഫിലോസ് മൺമയരെ വിണ്ണിലേയ്ക്ക് ഉയർത്തിയ വിശുദ്ധനാണ്.

**11. He was a shepherd who sacrificed his life for his sheep**

ഞാൻ നല്ല ഇടയനാകുന്നു; ആടുകൾക്കുവേണ്ടി ഞാൻ ജീവൻ ബലി അർപ്പിക്കുന്നു (യോഹന്നാൻ 10:14-15) എന്നരുൾ ചെയ്ത ഗുരുവിന്റെ അരുമ ശിഷ്യൻ മാർ തെയോഫിലോസ്, തന്നെ ഇടയനാക്കി അവരോധിച്ച് ഒരു പറ്റം ആടുകളേയും ഭരമേൽപ്പിക്കപ്പെട്ട ആ ദൗത്യം ശിരസ്സാവഹിച്ച് തന്റെ ധർമ്മം നിറവ്വേറ്റാൻ അഹോരാത്രം പരിശ്രമിച്ചു എന്നതിന് രണ്ടുപക്ഷമില്ല. ഒന്നുമില്ലായ്മയിൽ നിന്നു ഒരു രൂപതയെ

www.malankaralibrary.com



കെട്ടിപ്പടുക്കുക അത്ര നിസ്സാര കാര്യമായിരുന്നില്ല. അതും പുനരൈക്യ വിരോധികളുടെ ശക്തമായ എതിർപ്പും അവഗണനയും അഭിമുഖീകരിച്ചുകൊണ്ട് കർത്താവിനുവേണ്ടി ഒരു സഭയെ പണിതുയർത്തുക എന്ന ദൗത്യം പിതാവ് നിർവ്വഹിച്ചത് ജീവാർപ്പണബോധത്തോടെയായിരുന്നു. സ്വന്തം സൗകര്യങ്ങളും ആരോഗ്യവുമൊന്നും അവിടുന്ന് നോക്കിയില്ല. ഉണ്ണാനും ഉറങ്ങാനും സ്വന്തമായൊരു സ്ഥലമില്ലാതെ വാടകയ്ക്കെടുത്ത 'കുഴിയിൽ വീട്' യഥാർത്ഥത്തിൽ തിരുവല്ല ടൗണിന്റെ മൂലയ്ക്കുള്ള ഒരു കുഴിയിൽ തന്നെയായിരുന്നു. ആ ഗർത്തത്തിൽ നിന്നും ഗിരിയിലേയ്ക്ക്, ചെറുപുഷ്പഗിരിയിലേക്കുള്ള രൂപതയുടെ പ്രയാണം എത്ര ആശാവഹമായിരുന്നു. ഈ വളർച്ച സാധാരണ ഒരു മനുഷ്യന് സാധ്യമല്ലല്ലൊ. അത് സാധിച്ചത് ആ പുണ്യപിതാവിന്റെ കണ്ണിൽ നിന്നും അടർന്നു വീണ കണ്ണീർമുത്തുകളും, നെഞ്ചിൽ നിന്നുയർന്നുവന്ന നെടുവീർപ്പുകളും കൊണ്ടായിരുന്നു. രാത്രിയുടെ നീണ്ട യാമങ്ങളിൽ ദൈവ സന്നിധിയിൽ കമിഴ്ന്നു വീണു പ്രാർത്ഥിച്ച പിതാവിന്റെ ശിരസ്സിലാണ് രൂപതയുടെ അടിത്തറ പാകിയത്. അക്ഷരാർത്ഥത്തിൽ തന്റെ ജീവൻ ആടുകൾക്കുവേണ്ടി ബലിയർപ്പിച്ച ആ ഉത്തമ ഇടയൻ വിശുദ്ധിയുടെ കേദാരമായിരുന്നു.

## 12. He was a man of simple life

വന്ദ്യ പിതാവ് ലളിത ജീവിതത്തിന്റെ വക്താവും, ലാളിത്യം ജീവിത പ്രമാണമാക്കിയ സന്യാസിയും, ശ്രേഷ്ഠാ ചാര്യനുമായിരുന്നു. ആരേയും കാണിക്കാനല്ല, തോൽപ്പിക്കാനല്ല; ആർഭാടങ്ങളുടെയും സുഖഭോഗങ്ങളുടേയും ഒരു ലോകത്തിൽ ക്രിസ്തുവിനെപ്പോലെ ഇങ്ങനെയും ജീവിക്കാമെന്ന് ലോകത്തിന് കാട്ടിക്കൊടുത്ത വന്ദ്യദ്ദേഹമാണ് മാർ തെയോഫിലോസ്. ആ ജീവിതശൈലികൊണ്ട് ലാഭമല്ലാതെ നഷ്ട മൊന്നും ഉണ്ടായിട്ടില്ല അദ്ദേഹത്തിന്. ഉള്ളപ്പോഴും ഇല്ലാത്തവനെ പോലെ ജീവിക്കുന്നത് ഒരു ആത്മീയകലയാണ്. ഇല്ലാത്തപ്പോഴും സന്തോഷമായിട്ട് ജീവിക്കുന്നത് പുണ്യമാണ്. സന്യാസത്തിൽ താൻ സ്വീകരിച്ച ദാരിദ്രവ്രതവും ലളിതജീവിതവും മെത്രാനായതോടുകൂടി അവസാനിപ്പിച്ചില്ല; അത് ജീവിതാന്ത്യം വരെ തുടർന്നു കൊണ്ടിരുന്നു. സന്യാസമാകുന്ന പാറയിൽ വെട്ടിയെടുക്കപ്പെട്ട സഭ ഉത്തരോത്തരം വളരുകയല്ലാതെ തകരുകയില്ലല്ലോ. ക്രിസ്തുദാരിദ്ര്യം ജീവിതത്തിലുടനീളം പാലിച്ച വന്ദ്യ പിതാവ് വിശുദ്ധനാണ്.

www.malankaralibrary.com



## 13. He was a man of disciplined life, loved silence and God's presence, one who practised true love, mercy and generosity

സന്യാസ ശിക്ഷണക്രമത്തിൽ നിന്നു ഉരുത്തിരിഞ്ഞ ജീവിതം, ശബ്ദകോലാഹലങ്ങളേക്കാൾ നിശബ്ദതയെയും, മൗനത്തെയും പ്രണയിച്ച സന്യാസശ്രേഷ്ഠൻ. സങ്കീർത്തകൻ പറയുന്നതുപോലെ, ഭാഷണമില്ല വാക്കുകളില്ല ശബ്ദംപോലും കേൾക്കാനില്ല എന്നിട്ടും അവയുടെ സ്വരം ഭൂമിയിലെങ്ങും വ്യാപിക്കുന്നു (സങ്കീ. 19:3-4) നിശബ്ദതയുടെ സ്വരം കേൾക്കുന്നവനാണ് മുനി. വെറും മൗനി മുനിയാകണമെന്നില്ല. വാക്കുകളും ശബ്ദവുമില്ലാത്ത പരിശുദ്ധാത്മാവിന്റെ സ്വരം കേൾക്കുന്നവനാണ് അല്ലെങ്കിൽ കേൾക്കേണ്ടവനാണ് സന്യാസി. അങ്ങനെ ദൈവവുമായി നിശബ്ദതയിൽ മൗനത്തിൽ സംസാരിച്ച് ദൈവഹിതമറിഞ്ഞ് അത് ദൈവജനത്തെ അറിയിക്കുന്ന ദൗത്യമാണ് സന്യാസ സമർപ്പിതന്റെ ജീവിത ദൗത്യം. ഈ ജീവിതശൈലിയിലേയ്ക്ക് ഉൾവലിഞ്ഞപ്പോൾ അദ്ദേഹത്തെ തെറ്റിദ്ധരിച്ച സമൂഹമായിരുന്നു അദ്ദേഹത്തിന്റെ അന്ത്യകാലത്തുണ്ടായിരുന്നത്. (രോഗിയായിരുന്ന ഈ കാലഘട്ടത്തെക്കുറിച്ച് പിന്നീട് വിവരിച്ചുകൊള്ളാം, കൂടുതൽ പഠനം ആവശ്യമാണ്) അനന്തമായ കരുണയോടും ഔദാര്യത്തോടും സ്നേഹിക്കാൻ മാത്രം അറിയാമായിരുന്ന തെയോഫിലോസ് തിരുമേനി വിശുദ്ധ ജീവിതം തന്നെ നയിച്ചിരുന്നു.

## 14. He was a man deeply spiritual and constantly praying

നിരന്തമായ പ്രാർത്ഥനയുടെയും ആഴമേറിയ ആദ്ധ്യാത്മികതയുടെയും ഉടമയായിരുന്നു മാർ തെയോഫിലോസ് തിരുമേനി. എല്ലാറ്റിലും ദൈവഹിതം ആരാഞ്ഞ പിതാവ് ഒന്നും അവിടുത്തോട് ആലോചിക്കാതെ ചെയ്തിട്ടില്ല. ജീവിതത്തിലെ വിഷമസന്ധികളിൽ പ്രാർത്ഥനയല്ലാതെ മറ്റ് ശരണമുണ്ടായിരുന്നില്ല. തന്റെ വാക്കിലും പ്രവർത്തിയിലുമെല്ലാം പ്രാർത്ഥനയുടെ ചൈതന്യം തുളുമ്പി നിന്നിരുന്നു. ശിഷ്യന്മാരെ നിരന്തരം പ്രാർത്ഥിക്കുവാൻ പഠിപ്പിച്ച ബഥനിയുടെ ഗുരുവച്ചനായിരുന്നു അദ്ദേഹം. നിരന്തരം പ്രാർത്ഥനയിൽ ആശ്രയിക്കുവാൻ ദൈവജനത്തെ പഠിപ്പിച്ച നല്ലയിടയനായിരുന്നു വന്ദ്യ പിതാവ്. പഠിപ്പിക്കുന്നവൻ പഠിച്ചിരിക്കണമല്ലോ. തന്റെ ഗുരുവായ മാർ ഈവാനിയോസ് പിതാവിൽ നിന്നു പ്രാർത്ഥനയുടെ ശക്തിയും അനിവാര്യതയും ഗ്രഹിച്ചിരുന്ന മാർ തെയോഫിലോസ് സ്വന്തം പ്രയത്നം കൊണ്ടാണ് പ്രാർത്ഥനയുടെ ഇത്ര ആഴത്തിലേയ്ക്ക് ഇറങ്ങി ചെല്ലാൻ സ്വയം പരിശീലിച്ചത്. പഠിച്ചത് പാടി

www.malankaralibrary.com



അത് കുറെക്കൂടി ഉച്ചത്തിൽ പാടാൻ ശ്രമിച്ചു അത്രമാത്രം. ധ്യാനത്തിന്റെയും, പ്രാർത്ഥനയുടെയും പാരമ്യത്തിൽ അദ്ദേഹം ഒരു 'എക്സ്റ്റസി' യിലായി; ഒരു അബോധമനസ്സിന്റെ പിടിയിലായി തമ്പുരാനുമായുള്ള ഒരു പ്രത്യേക ഇടപെടലിൽ അങ്ങനെയൊക്കെ സംഭവിക്കും. നമ്മളൊക്കെ അദ്ദേഹത്തെ രോഗിയായി ചിത്രീകരിക്കാൻ കാരണമാക്കിയതും ഇതുതന്നെ. ആദ്ധ്യാത്മികതയുടെ ഉത്തുംഗശൃംഗത്തിൽ നിൽക്കുന്നവനെ ആ ശ്രേണിയിൽ താഴെയറ്റത്തെ പിടിയിൽ കാൽചവുട്ടി നിൽക്കുന്ന നമ്മൾ സാധാരണക്കാർക്ക് എങ്ങനെ തിരിച്ചറിയാൻ കഴിയും. സാധാരണ ബോധമനസ്സുകൊണ്ട് അബോധമനസ്സിനെ അളക്കുന്നതും വിശദീകരിക്കുന്നതും ഭോഷത്തമാണ്. സഭയിലെ 'മിസ്റ്റിക്കു'കളായ വിശുദ്ധരെ എങ്ങനെയാണു നാം കാണുക? അപ്പൻ കൊടുത്ത ഉടുപ്പു പോലും ഊരിയെടുത്ത് തണുത്തു വിറയ്ക്കുന്ന യാചകനെ പുതപ്പിച്ചിട്ട് സബ്സീറോ തണുപ്പ് ഉറഞ്ഞുകൂടിനിന്ന നിരത്തിലൂടെ അർദ്ധനഗ്നനായി ഇരുകൈകളും ആകാശത്തേയ്ക്കുയർത്തി തന്നെ ഇപ്രകാരം ആക്കിയെടുത്ത സ്രഷ്ടാവിനെ പാടിപുകഴ്ത്തിക്കൊണ്ട് ഉറക്കെ നിലവിളിച്ച് അസ്സീസ്സിയിലെ ഫ്രാൻസിസ് നടന്നു നീങ്ങിയപ്പോൾ നിരത്തിന്റെ ഇരുവശങ്ങളിലുമുള്ള മാളികകളിൽ ഇരുന്നുകൊണ്ടു ജനം പറഞ്ഞു 'ഭ്രാന്തൻ', 'ഭോഷൻ.' അവർക്ക് അതേ പറയാനാവൂ. ഇങ്ങനെ സഭയിൽ എത്രയോ ദൈവമനുഷ്യർ. ഫ്രാൻസിസിനെ ആരും അന്ന് രണ്ടാം ക്രിസ്തു എന്നു വിളിച്ചില്ല. ജനത്തിനും സഭയ്ക്കും സുബോധം വന്നപ്പോഴാണ് അപ്രകാരം വിളിച്ചത്. അത് ഫ്രാൻസിസിന്റെ കുഴപ്പമല്ലല്ലോ, നമ്മുടേതല്ലേ. അഗ്നിയോടടുക്കുന്നവന്റെ താപനില വർദ്ധിക്കുന്നതിൽ എന്തു തെറ്റാണ്. അത് തെറ്റായി വ്യാഖ്യാനിക്കുന്ന നമ്മളല്ലെ തെറ്റുകാർ? സൂര്യതാപത്തെ വെല്ലുന്ന തീഗോളമായ ദൈവത്തിൽ വിലയം പ്രാപിക്കാൻ വെമ്പിനിൽക്കുന്ന ഒരു ഇയാംപാറ്റയായിരുന്നു നമ്മുടെ കഥാപുരുഷൻ. ഇയാംപാറ്റകൾ തീഗോളത്തെ ചുറ്റിപ്പറന്ന് ഒരു നിമിഷം അതിൽ സ്പർശിച്ച് മരിച്ചു വീഴുമ്പോൾ ദൈവീക ചൂടിന്റെ അഭാവത്തിൽ ഇങ്ങ് ആർട്ടിക്കയിലോ അന്റാർട്ടിക്കയിലൊ നിൽക്കുന്ന നമ്മളൊക്കെ ഇത്തരം ഇയാംപാറ്റകളെ വിളിക്കും 'ഭോഷൻ', 'ഭ്രാന്തൻ.' ആദ്ധ്യാത്മികതയിൽ 'എക്സ്റ്റസി' ഒരു വരദാനമാണ്. മനുഷ്യന്റെ നിഷ്കളങ്കമായ, നിർലോഭമായ ദൈവാന്വേഷണത്തിന് ദൈവം കൊടുക്കുന്ന സമ്മാനം. അത് ആദ്ധ്യാത്മിക ഗോവേണിയുടെ ആദ്യപടി മാത്രം ചവുട്ടി നിൽക്കുന്ന നമുക്കൊക്കെ കിട്ടണമെന്നില്ല. പക്ഷേ അത് ലഭിക്കുവാനുള്ള ദൈവവിളിയാണ് നമുക്കെല്ലാവർക്കും, ഏതു ജീവിതശൈലിയിലിരിക്കുന്ന

www.malankaralibrary.com



വർക്കും ലഭിച്ചിരിക്കുന്നത് എന്ന കാര്യം മറക്കാതിരിക്കാം. അവനും അവൾക്കും സാധിക്കാമെങ്കിൽ എന്തുകൊണ്ട് എനിക്കും പാടില്ല എന്നു വിശുദ്ധരോടുകൂടി നമ്മളും ചോദിക്കേണ്ടിയിരിക്കുന്നു.

## 15. He was a man who dedicated his life for the sake of re-union movement in Malankara

മാർ തെയോഫിലോസ് തിരുമേനിയുടെ പരസ്യജീവിതകാലം ഹ്രസ്വമായിരുന്നു. ഏതാണ്ട് വെറും മൂന്നു വർഷം. ഇക്കാര്യത്തിലും ഏതാണ്ട് തന്റെ നാഥന് അനുരൂപൻ. ക്രിസ്തുവിനും അതിൽ കൂടുതൽ സമയം ലഭിച്ചില്ലല്ലോ. കാലത്തിന്റെ ദൈർഘ്യമല്ല കിട്ടിയ കാലത്തെ എങ്ങനെ ഫലദായകമാക്കി എന്നതാണ് വിഷയം. തന്റെ തന്നെ പുന രൈക്യത്തിനു ശേഷം ഏതാണ്ട് മൂന്നര നാലു വർഷം മാത്രമേ പരസ്യ മായി ഇറങ്ങി പുനരൈക്യത്തിനു വേണ്ടി പ്രവർത്തിക്കാൻ സാധിച്ചു ള്ളു എന്നത് ചരിത്രമാണ്. എന്നാൽ പിന്നെയുള്ള നീണ്ട 22 വർഷം പര സ്യശുശ്രൂഷകരെ ബലപ്പെടുത്താൻ വേണ്ടി താൻ അകത്തിരുന്നു പ്രാർത്ഥിക്കുകയായിരുന്നു. വിശുദ്ധ കൊച്ചുത്രേസ്യായും ഇതുതന്നെ യല്ലെ ചെയ്തത്. പുണ്യവതിയുടെ കടുത്ത ആരാധകനായിരുന്ന പിതാവ് മലങ്കരയിൽ മറ്റൊരു ചെറുപുഷ്പമായി മാറുകയായിരുന്നു. അങ്ങനെ താൻ പാർത്തിരുന്ന ചെറുപുഷ്പഗിരി പിന്നീട് ലോപിച്ച് പുഷ്പ ഗിരിയായി എന്ന് അന്നത്തെ രൂപതയുടെ അഡ്മിനിസ്ട്രേറ്റർ, വികാരി ജനറൽ, കത്തീഡ്രൽ വികാരി, രൂപതാ പ്രൊക്കുറേറ്റർ, ബിഷപ്പ്സ് സെക്ര ട്ടറി എന്നീ തസ്തികകളിലെല്ലാം ഏതാണ്ട് 17 വർഷക്കാലം (1930–1947) സേവനം അനുഷ്ഠിച്ച വന്ദ്യ ഗീവർഗ്ഗീസ് മാമ്പഴക്കാട്ടിൽ ഒ.ഐ.സി. സാക്ഷ്യം നൽകിയിട്ടുണ്ട്. പുനരൈക്യത്തിന്റെ ആദ്യ കാലഘട്ടത്തിൽ തിരുമേനി അനുഭവിക്കേണ്ടിവന്ന ശാരീരിക– മാനസിക വ്യഥ അവർണ്ണ നീയമായിരുന്നെന്ന് കൂടെ പാർത്തിരുന്ന വൈദികരും ഇന്നും ജീവിക്കുന്ന പല അല്മായരും പങ്കു വച്ചിട്ടുണ്ട്. എല്ലാം വിവരിക്കുന്നതിന് ഇവിടെ സാധിക്കുകയില്ലല്ലോ. ആദ്യത്തെ ശവമടക്ക് തടഞ്ഞ സംഭവവും, പൊതു വേദികളിലുള്ള അവഗണനയും, അവഹേളനവും സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. ഒന്നു ശക്തിയായി കൂടെ നിൽക്കാൻ അധികം ആളി ല്ല. ആശയങ്ങൾ പങ്കുവയ്ക്കാൻ ജനമില്ല, ഭക്ഷണമില്ല, പാർപ്പിടമില്ല, വസ്ത്രമില്ല, സഞ്ചരിക്കാൻ വാഹനമില്ല. പക്ഷേ പുറകെ എല്ലാമുണ്ടായത് ദൈവത്തിന് തന്റെ ഭക്തനോടുള്ള കാരുണ്യാതിരേകത്താലാണ്. ആ ഇല്ലായ്മകളായിരുന്നു ഇന്നത്തെ ഉള്ളായ്മയുടെ നാരായവേര്. അന്നത്തെ ഇല്ലായ്മയും ദാരിദ്ര്യവുമായിരുന്നു ഇന്നത്തെ നമ്മുടെ നിറ

www.malankaralibrary.com



വിന്റെ ഫിക്സഡ് ഡിപ്പോസിറ്റ് . ദൈവകരുണയും കരുതലുമാണ് പിതാവ് നമുക്കും നമ്മുടെ രൂപതയ്ക്കും കരുതിവച്ച സമ്പാദ്യം, കരുതൽ ധനം. ഇങ്ങനെ ദൈവകരുണയിൽ നമ്മെ ധനാഢ്യരാക്കിയ പുണ്യ പിതാക്കന്മാരെ നാം പൂവിട്ടു പൂജിക്കണം. നമുക്കവരെ പുണ്യ പുരുഷന്മാരെന്നു തന്നെ വിളിക്കാം.

## 16. He was the co-founder of Bethany and Malankara Church

ആഗോളസഭയിൽ ചരിത്ര സംഭവമായി മാറിയ കേരളത്തിലെ പുനരൈക്യത്തിന്റെ ശില്പികളിൽ മാർ ഈവാനിയോസ് കഴിഞ്ഞാൽ അഗ്രഗണ്യനായിരുന്നു മാർ തെയോഫിലോസ്. പുനരൈക്യ രഥത്തിന്റെ തേരാളി മാർ ഈവാനിയോസ് ആയിരുന്നെങ്കിൽ മുന്നിൽ നിന്ന് ആ രഥം വലിച്ച പടക്കുതിരയായിരുന്നു മാർ തെയോഫിലോസ്. രണ്ടു പിതാക്കന്മാരും തോളോട് തോൾ ചേർന്നു നിന്ന് ഒരാൾ തെക്കൻ കേരളത്തിൽ അനന്തപുരിയും, മറ്റെയാൾ മധ്യകേരളത്തിൽ തിരുവല്ലയും കേന്ദ്രീകരിച്ച് അതിരൂപത, രൂപതകൾ സ്ഥാപിച്ച് പ്രവർത്തിച്ച് ആഗോള കത്തോലിക്കാ സഭയ്ക്ക് മലങ്കരയും അന്യമല്ല എന്നു തെളിയിച്ചു കൊടുത്തു.

ആദിമുതലെ മാർ ഈവാനിയോസ് തിരുമേനിയുടെ സന്തതസഹചാരിയായിരുന്ന മാർ തെയോഫിലോസ് തിരുമേനി ആശ്രമസ്ഥാപനത്തോടൊപ്പവും കൂടെയുണ്ടായിരുന്നു. ബഥനിയ്ക്ക് നിയമാവലിയുണ്ടാക്കിയപ്പോൾ അതിൽ മൂന്നാമതായി ഒപ്പു വച്ചത് യാക്കോബ് ശെമ്മാശ്ശനായിരുന്നു. ബഥനിയും സഭയും ഈ രണ്ടു വിശുദ്ധരുടെ തോളിലാണ് തമ്പുരാൻ ഇറക്കി വച്ചിരിക്കുന്നത് എന്നത് ആശ്വാസജനകവും, ആശാവഹവും, പ്രതീക്ഷനിറഞ്ഞതുമാണ്.

## 17. He was a Bethanian who practiced Bethanian charism in its full sense

ബഥനിയുടെ സിദ്ധി (charism) പ്രാർത്ഥനയും പ്രവർത്തനവുമാണ്. അവനോടുകൂടെ ആയിരിക്കുവാനും അവനാൽ അയക്കപ്പെടുവാനുമാണ് ഒരു ബഥാനിയൻ വിളിക്കപ്പെടുന്നത്. പ്രാർത്ഥനയിലും ധ്യാനത്തിലും അവനോടുകൂടെയിരിക്കുകയും ആ കൂടെയിരുപ്പിൽ നിന്ന് ആർജ്ജിച്ചെടുക്കുന്ന ദൈവീക ഊർജ്ജം ദൈവജനസേവനത്തിലൂടെ മനുഷ്യനിലേയ്ക്ക് പകരുകയും ചെയ്യുകയാണ് ഒരു ബഥാനിയൻ ചെയ്യേണ്ടത്. അത് അക്ഷരാർത്ഥത്തിൽ വിശ്വസ്തതയോടെ നിർവ്വഹിച്ച ഒരു യഥാർത്ഥ ബഥാനിയൻ ആയിരുന്നു മാർ തെയോഫിലോസ് തിരുമേനിയെന്നത് തെളിയിക്കപ്പെട്ട സത്യമാണ്. ആയതിനാൽ തന്നെ ഒരു ബഥാ

www.malankaralibrary.com



നിയന് എന്നും ഒരു മാതൃകാ സന്യാസിയാണ് ബഥനിയുടെ മെത്രാപ്പോലീത്തയായിരുന്ന മാർ തെയോഫിലോസ് തിരുമേനി. തന്റെ വലിയ ഗുരുവിനെ പോലെ രാത്രിയുടെ നീണ്ട യാമങ്ങളിൽ പ്രാർത്ഥിച്ചിട്ടാണ് പകൽ ദൈവസേവനത്തിന് ഇറങ്ങാറുള്ളത്. തിരുമേനിയും തന്റെ ഗുരുവിനെപ്പോലെ തിരിച്ചറിഞ്ഞു, 'ദൈവസമ്പാദനം ദൈവസേവനത്തേക്കാൾ അത്യുത്തമ'മെന്ന്. അറിവുള്ള കൊച്ചുസാർ, ജ്ഞാനവും വെടിപ്പുമുള്ള ശെമ്മാശ്ശൻ, അജഗണങ്ങളുടെ ചൂടും ഗന്ധവുമുള്ള അജപാലകൻ, ആശ്രമത്തിന്റെ ഗുരുവച്ചൻ, ആശ്രമശ്രേഷ്ഠൻ, ആത്മീയ പിതാവ്, തീഷ്ണമതിയായ പ്രേഷിതവര്യൻ, ഉത്തമ രൂപതാദ്ധ്യക്ഷൻ എന്നീ നിലകളിലെല്ലാം മാർ തെയോഫിലോസ് പിതാവ് ശോഭിച്ചിട്ടുണ്ടെങ്കിൽ അതാണ് നമ്മുടെ ബലം, ശക്തിസ്രോതസ്സ്.

## 18. He was smart, intellectual and educated

കോട്ടയം എം.ഡി സെമിനാരി സ്കൂളിൽ നിന്നും മെട്രിക്കുലേഷന് പ്രശസ്ത വിജയം കൈവരിച്ച യാക്കോബിന് പഠിച്ച സ്കൂളിൽ തന്നെ അദ്ധ്യാപക ജോലിയും തരപ്പെട്ടു. സന്യാസം ആരംഭിക്കാൻ ഗുരുവിനോടൊപ്പം ഇറങ്ങി തിരിച്ചതിനാൽ ബി. എ ഓണേഴ്സ് പൂർത്തിയാക്കാൻ സാധിച്ചില്ല. അദ്ദേഹത്തിന് സാഹചര്യങ്ങൾ ലഭിച്ചിരുന്നെങ്കിൽ സഭയിൽ മറ്റൊരു എം.എ. അച്ചനാകുവാനുള്ള ബുദ്ധിവൈഭവം ഉണ്ടായിരുന്നു. തുടർന്നുള്ള ജീവിതത്തിൽ ധാരാളം കാര്യങ്ങൾക്ക് ക്രിയാത്മകമായ തുടക്കം കുറിക്കാൻ യാക്കോബിന് കശ്ശീശയായിരുന്നപ്പോഴും മെത്രാനായിരുന്നപ്പോഴും സാധിച്ചു. അദ്ദേഹം 'ശ്ലീബാനുഗമനം' എന്നു നാമകരണം ചെയ്ത ഇന്നത്തെ സ്ലീബാപ്പാതയുടെ ഉപജ്ഞാതാവാണ്. ഹാശാഗാനങ്ങൾ സുറിയാനിയിൽ നിന്നു മലയാളത്തിലേയ്ക്കു തർജ്ജിമ ചെയ്തു. തോമസ് അക്കംബീസിന്റെ Imitation of Christ മലയാളത്തിലേയ്ക്ക് തർജ്ജിമ ചെയ്തു. സാഹിത്യ സൃഷ്ടികർമ്മത്തിൽ ഇന്നത്തെപോലെ സൗകര്യങ്ങളില്ലാതിരുന്ന ആ കാലത്ത് ഇപ്രകാരമുള്ള ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് മാർ തെയോഫിലോസ് പിതാവ് ഏറ്റെടുത്ത ത്യാഗങ്ങളും, നിശ്ചയദാർഢ്യവും ചിന്തിക്കാവുന്നതേയുള്ളു. വിവിധ ഭാഷാ വിജ്ഞാനി, വിവേകപൂർവ്വം തീരുമാനങ്ങളെടുക്കുന്ന ബുദ്ധിമാൻ എന്നിങ്ങനെ പിതാവിന്റെ വൈജ്ഞാനിക തലങ്ങളെ വിലയിരുത്തുവാൻ സാധിക്കും. 'കർത്താവിനോടുള്ള ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു' (പ്രഭാ. 1:14). ഈശ്വരസായൂജ്യത്തിന് ഭക്തിമാർഗ്ഗവും, ജ്ഞാനമാർഗ്ഗവും ഒന്നിച്ചു സമ്മേളിച്ച ഒരു മഹത്വ്യക്തിയായിരുന്നു മാർ തെയോഫിലോസ്.

www.malankaralibrary.com



## 19. He was an exemplary true Christian

ഒരു യഥാർത്ഥ ക്രിസ്ത്യാനി അഭ്യസിക്കേണ്ട പുണ്യങ്ങൾ വിശുദ്ധ പൗലോസ് ശ്ലീഹ എണ്ണിപ്പറയുന്നതിതാണ്; സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം (ഗലാ. 5:23-24) ഇവയും അനുരൂപമായ സത്ഗുണങ്ങളും സ്വഭാവത്തിൽ അലിഞ്ഞു ചേർന്നിരുന്ന സത്യക്രിസ്ത്യാനിയായിരുന്നു മാർ തെയോഫിലോസ് എന്നു സമ്മതിക്കുമ്പോൾ പൗലോസ് ശ്ലീഹാ മനുഷ്യന് അപ്രാപ്യമായ ഒന്നല്ല കൽപ്പിച്ച് തന്നത് എന്ന് പ്രഥമ ദൃഷ്ട്യാ കാണുവാൻ സാധിക്കും. മനസ്സുള്ള ഏതു വ്യക്തിയ്ക്കും ഇതുപോലുള്ള വ്യക്തിത്വത്തിന് ഉടമയാകാൻ സാധിക്കുമെന്ന് മാർ തെയോഫിലോസ് തെളിയിച്ചു.

## 20. He was a suffering son of the Church

മലങ്കരയുടെ സഹനപുത്രനായിരുന്നു മാർ തെയോഫിലോസ് എന്നു പറയുന്നതിൽ തെറ്റില്ല. ക്രിസ്ത്യാനിത്വത്തിൽ സഹനത്തിന് അതുല്യമായൊരു സ്ഥാനമാണുള്ളത്. രക്ഷാകരപദ്ധതി സഹനത്തിലാണല്ലോ പൂർത്തീകരിക്കപ്പെടുന്നത്. കർത്താവിന്റെ സഹനമില്ലായിരുന്നെങ്കിൽ നമുക്കു 'രക്ഷ'യുടെ ഗ്യാരണ്ടി ഉണ്ടാകുമായിരുന്നില്ല. തിരുമേനി തന്റെ രൂപതയ്ക്കുവേണ്ടിയും സഭയ്ക്കു വേണ്ടിയും വെറും മൂന്നര വർഷക്കാലം മാത്രമേ പ്രവർത്തിച്ചുള്ളുവെങ്കിലും ഒരു മൂവായിരം വർഷത്തെ ഫലം കൊയ്തത് 22 വർഷത്തെ സഹനം കൊണ്ടാണ്. വിശുദ്ധ അൽഫോൺസാമ്മയെ പോലെ ശാരീരികവും മാനസ്സികവുമായ കഠിനവേദനയിലൂടെ കടന്നുപോയതിന്റെ സത്ഫലങ്ങളാണ് നാമിന്ന് അനുഭവിക്കുന്നത്. No pain, no gain എന്ന് വിജ്ഞാനികൾ പറഞ്ഞുവച്ചതതുകൊണ്ടാണ്. മിശിഹാനുകരണ സന്യാസ സഭയുടെ സഹസ്ഥാപകനും ക്രിസ്തുസഭയുടെ സംരക്ഷകനുമായിരുന്ന മാർ തെയോഫിലോസ് സഹനത്തിലും ക്രിസ്തുവിനോട് അനുരൂപപ്പെട്ടിരുന്നു. ക്രിസ്തുനാഥൻ മൂന്നു മണിക്കൂർ കുരിശിൽ സഹിച്ച പീഢകൾ കാഠിന്യം കുറച്ച് മുപ്പതു വർഷത്തേയ്ക്ക് വിഭജിച്ചു നൽകിയെന്നേയുള്ളു. ശിഷ്യസഹനം ഗുരു സഹനം തന്നെയായിരുന്നു. ഇങ്ങനെ സഹനത്തിലൂടെയും മറ്റൊരു ക്രിസ്തുവായി മാറുകയായിരുന്നു മാർ തെയോഫിലോസ് തിരുമേനി.

www.malankaralibrary.com



**ഉപസംഹാരം**

മിശിഹാനുകരണ സന്യാസ സഭയുടെ സഹസ്ഥാപകനും തിരുവല്ല അതിരൂപതയുടെ പ്രഥമ മെത്രാനുമായിരുന്ന യശ്ശശരീരനായ യാക്കോബ് മാർ തെയോഫിലോസ് തിരുമേനി കാലം ചെയ്തിട്ട് 62 വർഷങ്ങൾ തികയുന്നു. ഇത്രയും കാലം ഈ മാണിക്യരത്നത്തിന്റെ യഥാർത്ഥ മൂല്യം തിരിച്ചറിയാതെ നാം ഇരുളിൽ തപ്പുകയായിരുന്നു. തീർച്ചയായും അനുസ്മരണാചരണവും, അനുസ്മരണയോഗവും, പദയാത്രയുമെല്ലാം യഥാസമയം നടക്കുന്നുണ്ട്. എന്നാൽ നമ്മൾ ചെയ്തുകൊണ്ടിരിക്കുന്നതു പോരാ എന്നൊരു ഉൾവിളി അടുത്ത കാലത്തായി സഭാ മക്കൾക്ക് തോന്നിതുടങ്ങിയിട്ടുണ്ട്. ഇനിയും നമുക്കു കൂടുതൽ എന്തു ചെയ്യാമെന്നു സഭാതലത്തിൽ തന്നെ വിപുലമായ ആലോചനകളും, തീരുമാനങ്ങളും ഉണ്ടാകേണ്ടതായിട്ടുണ്ട്. ബഥനിയുടെ സീമന്തപുത്രന്മാരിൽ ഒരാളായിരിക്കെ ബഥനിയും ഇത്തരുണത്തിൽ ഇനിയും ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. മാർ തെയോഫിലോസ് തിരുമേനി ബഥനി സമൂഹത്തിന്റെ നിയമാവലിയുടെ താഴെ കയ്യൊപ്പു വച്ചിട്ട് ശതവർഷമാകുന്നു. സ്ഥാപക പിതാക്കന്മാരെ കൂടുതൽ അന്വേഷിച്ച് ഇറങ്ങുവാനും അവരെക്കുറിച്ച് പഠിച്ചറിഞ്ഞ് ആ അറിവ് മറ്റുള്ളവരുമായി പങ്കുവയ്ക്കുവാനും ഇനിയും മടിച്ച് നിൽക്കരുത് എന്ന് ബഥനിയെ ഓർമ്മിപ്പിക്കുന്നു. പഴയ തലമുറ മാഞ്ഞ് പൊയ്ക്കൊണ്ടേയിരിക്കുന്നു. രേഖകൾ അധികം അവശേഷിച്ചിട്ടില്ലതാനും; ആയതിനാൽ നമ്മുടെ അന്വേഷണ ത്വരയ്ക്ക് ശീഘ്രത കൂട്ടണം, താമസിക്കുന്നത് ആപത്താണ്, കൃത്യവിലോപമാണ്.


എന്തായാലും സന്യാസവും പൗരോഹിത്യവും സമ്യക്കായി സമ്മേളിച്ചിരിക്കുന്ന മലങ്കരയിലെ സമാനതകളില്ലാത്ത ഒരു മഹാത്മാവാണ് യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ എന്ന് പ്രസ്താവിക്കാൻ എനിക്ക് സന്തോഷമുണ്ട്. തന്റെ ഇഹലോക ജീവിതശൈലി കർത്താവിന്റെ പരിശുദ്ധർക്ക് ചേർന്നതാകയാൽ അദ്ദേഹത്തെ ഒരു വിശുദ്ധൻ എന്നു ഞാൻ വിളിക്കും. വന്ദ്യപിതാവിനെ സഭാതലത്തിൽ ദൈവദാസൻ എന്നു വിളിച്ച് പ്രഖ്യാപനം ചെയ്യാൻ കാലവിളംബം ഉണ്ടാകരുതെ എന്നു പ്രാർത്ഥിക്കുന്നു.

(ഐക്യദീപം 2018 ജൂലൈ പേജ് 10)

www.malankaralibrary.com



# അഭിവന്ദ്യ മാർ തെയോഫിലോസ് പിതാവിന്റെ ജീവിത ചരിത്രത്തിലൂടെ



**സേവ്യർ പത്തിൽ**

ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ അമ്പതാം ഓർമ്മപ്പെരുന്നാൾ സമുചിതമായി ആഘോഷിക്കുന്ന വേളയിൽ ആ പുണ്യതാതന്റെ ജീവിതത്തെ അടുത്തറിയാൻ ശ്രമിക്കുന്നത് സഭാതനയരായ നമ്മെ സംബന്ധിച്ചിടത്തോളം ഒരു ഭാഗ്യാനുഭവമായിരിക്കും. പരിശുദ്ധിയുടെയും പ്രാർത്ഥനയുടേതുമായ അഭിവന്ദ്യ പിതാവിന്റെ ജീവിതം മലങ്കര മക്കൾക്ക് എന്നും പ്രചോദനമായിരിക്കും.

**ജനനവും ബാല്യകാലവും**

മലങ്കര നസ്രാണികളുടെ നാടായ കോട്ടയത്തിന് അടുത്തുള്ള ഒരു ഗ്രാമമാണ് ഒളശ്ശ. നസ്രാണികളും ക്നാനായ് തോമ്മായുടെ അനുയായികളും പൂർവ്വകാലം മുതൽ അധിവസിക്കുന്ന പ്രദേശമാണ് ഇത്. അവിടെയുള്ള അതിപുരാതനമായ കളപ്പുരയ്ക്കൽ കുടുംബത്തിലാണ് മാർ തെയോഫിലോസ് പിതാവിന്റെ ജനനം. 'തരകൻ' എന്ന സ്ഥാനം കളപ്പുരയ്ക്കൽ കുടുംബത്തിലെ പുരുഷന്മാർക്ക് ഉണ്ടായിരുന്നു.

കളപ്പുരയ്ക്കൽ കുടുംബത്തിലെ ഏബ്രഹാം തരകൻ- അച്ചാമ്മ ദമ്പതികളുടെ ആദ്യജാതനാണ് 1891 ഫെബ്രുവരി മാസം 26-ാം തീയതി പിറന്ന തിരുമേനി. 1891 മാർച്ച് മാസം 16-ാം തീയതി തിങ്കളാഴ്ച വല്ല്യാട്ട്

www.malankaralibrary.com



കല്ലുങ്കത്തറ പള്ളിയിൽവച്ച് ചാലാശേരിയിൽ യൗസേപ്പ് കത്തനാർ ശിശുവിന് മാമോദീസായും, മൂറോൻ അഭിഷേകവും നൽകി. യാക്കോബ് എന്ന പേരാണ് മാമോദീസായിൽ നൽകപ്പെട്ടത്. കളപ്പുരയ്ക്കൽ മാത്തുതരകൻ കത്തനാരാണ് തലതൊട്ടപ്പൻ. അദ്ദേഹത്തിന്റെ മേൽനോട്ടത്തിലും മാതാപിതാക്കളുടെ പ്രത്യേക പരിലാളനയിലും കുടുംബത്തിൽ മറ്റെല്ലാവരുടെയും വാത്സല്യത്തിലും പ്രീതിയിലും യാക്കോബ് വളർന്നുവന്നു.

**വിദ്യാഭ്യാസം**

അക്ഷരാഭ്യാസം അടുത്തുണ്ടായിരുന്ന ആശാൻ കളരിയിലും പ്രാഥമിക വിദ്യാഭ്യാസം ഒളശ്ശയിലെ പ്രൈമറി സ്കൂളിലും ആയിരുന്നു.

കുടുംബത്തിലെ ആദ്യജാതനായ യാക്കോബിന് മൂന്ന് സഹോദരന്മാരും മൂന്ന് സഹോദരികളും ഉണ്ടായിരുന്നു. ഇട്ടികുഞ്ഞ്, മാത്തുകുട്ടി, യൗസേപ്പച്ചൻ എന്നീ സഹോദരന്മാരും, മറിയാമ്മ, ഏലിയാമ്മ, കുഞ്ഞന്നാമ്മ എന്നീ സഹോദരിമാരും. ഏലിയാമ്മ ബഥനി മഠത്തിൽ ചേർന്ന് കന്യാസ്ത്രീയായി ജീവിച്ചു. ബഥനി മഠത്തിലെ പ്രഥമാംഗങ്ങളായ പത്തുപേരിൽ ഒരാളാണ് ബഹു. മദർ സൈബാർ എസ്. ഐ. സി.

**അദ്ധ്യാപകജോലി**

പ്രൈമറി സ്കൂൾ പഠനം പൂർത്തിയാക്കിയശേഷം കോട്ടയം എം. ഡി. സെമിനാരിയിൽ ചേർന്ന് പഠിച്ചു. പഠനത്തിൽ തല്പരനും സമർത്ഥനുമായിരുന്ന യാക്കോബ് തോൽവി അറിയാതെ പഠിച്ചു. ക്ലാസിൽ സഹപാഠികൾക്ക് ഒരു സഹോദരനും അദ്ധ്യാപകർക്ക് സംപ്രീതനുമായിരുന്നു. മെട്രിക്കുലേഷൻ പരീക്ഷയിൽ ഉന്നതവിജയം കൈവരിച്ച യാക്കോബിന് താൻ പഠിച്ചിരുന്ന എം. ഡി. സെമിനാരിയിൽ തന്നെ, അദ്ധ്യാപകജോലിയും ലഭിച്ചു. 'കൊച്ചുസാർ' ദൈവഭക്തിയിലും പെരുമാറ്റത്തിലും കൃത്യനിഷ്ഠയിലും, ഒരു നല്ല മാതൃകാ അദ്ധ്യാപകൻ ആയി കാണപ്പെട്ടു. അക്കാലത്ത് എം. ഡി. സെമിനാരി പ്രിൻസിപ്പാൾ ആയിരുന്ന ബഹു. ഫാ. പി. റ്റി. ഗീവർഗീസ് അച്ചന്റെ (എം. എ. അച്ചൻ ) കൂടെ ആയിരുന്നു താമസം.

**ശെമ്മാശപട്ടവും ഉപരിപഠനവും**

ഒളശ്ശ ഇടവകക്കാരുടെ പ്രത്യേക താല്പര്യവും അഭ്യർത്ഥനയും പരിഗണിച്ച്, മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന വട്ടശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനി യാക്കോബിന് ശെമ്മാശപട്ടം നല്കി. അതിനുശേഷവും എം. ഡി. സെമിനാരിയിൽ അദ്ധ്യാപനജോലിയും എം. എ. അച്ചന് ശിഷ്യപ്പെട്ട് വൈദിക പരിശീലനവും നടത്തിയിരുന്നു. ഈ കാല

www.malankaralibrary.com



യളവിൽ പ്രിൻസിപ്പാൾ ആയ പി. റ്റി. ഗീവറുഗീസ് അച്ചൻ സെറാമ്പൂർ കോളേജിൽ പ്രഫസറായി ക്ഷണിക്കപ്പെട്ടു.

സമുദായത്തിന്റെ അഭിവൃദ്ധിമാത്രം ലക്ഷ്യമാക്കിയിരുന്ന എം. എ. അച്ചൻ ഉന്നത വിദ്യാഭ്യാസത്തിന് താല്പര്യമുള്ള ഏതാനും പേരെ സെറാമ്പൂരിലേക്ക് കൊണ്ടുപോയി. എം. എ. അച്ചന്റെകൂടെ താമസിച്ച് അദ്ധ്യാപക ജോലി ചെയ്തിരുന്ന യാക്കോബ് ശെമ്മാശൻ വിവരം അറിഞ്ഞപ്പോൾ ജോലി രാജിവച്ച് സ്വഗുരുവിനോടൊപ്പം സെറാമ്പൂരിലേക്ക് പുറപ്പെടാൻ തയ്യാറായി. ഫാ. പി. റ്റി. ഗീവറുഗിസ്, കോളേജിൽ പ്രഫസർ ജോലിയിൽ പ്രവേശിക്കുകയും യാക്കോബ് ശെമ്മാശൻ കോളേജിൽ ചേർന്ന് പഠനം ആരംഭിക്കുകയും ചെയ്തു. ഇന്റർമീഡിയറ്റ് പാസായ ശേഷം ശെമ്മാശൻ ബി. എ. ഓണേഴ്സിന് പഠിച്ചു.

അക്കാലത്ത് ഫാ. പി. റ്റി. ഗീവറുഗീസ് സന്യാസജീവിതത്തെകുറിച്ച് ആഴമായി ചിന്തിക്കുകയും പഠിക്കുകയും ശെമ്മാശനുമായി ആലോചിക്കുകയും ചെയ്തിരുന്നു. ഇങ്ങനെ സന്യാസജീവിതത്തിൽ താല്പര്യം ഉള്ള ശെമ്മാശന്മാരെ ചേർത്ത്, സന്യാസജീവിതചര്യകൾ പാലിച്ച് തുടങ്ങുകയും ചെയ്തു. ഇവരിൽ ഒന്നാമനായിരുന്നു കെ. എ. യാക്കോബ് ശെമ്മാശൻ. അദ്ദേഹം ഓണേഴ്സ് പഠനം പൂർത്തിയാക്കുന്നതിനു മുമ്പ്, ഫാ. പി. റ്റി ഗീവറുഗീസ് സന്യാസാശ്രമം സ്ഥാപനത്തിനുള്ള ഒരുക്കങ്ങളെല്ലാം ചെയ്തു. കോളേജിലെ പ്രഫസർ സ്ഥാനം രാജിവച്ച് നാട്ടിലേക്ക് മടങ്ങാൻ തീരുമാനിക്കുകയും ചെയ്തു. അപ്പോൾ യാക്കോബ് ശെമ്മാശനും ഉന്നതബിരുദം നേടാനുള്ള അഭിലാഷം ഉപേക്ഷിച്ച് സന്യാസാശ്രമത്തിൽ ചേരുന്നതിനായി തന്റെ ഗുരുവിനോടൊപ്പം പോന്നു. പെരുനാട്ടിൽ ആശ്രമം സ്ഥാപിക്കാൻ വേണ്ടതെല്ലാം ചെയ്യുന്നതിന് ആരംഭം മുതൽ ത്യാഗപൂർവ്വം ഫാ. ഗീവറുഗീസിനൊടുകൂടെ മറ്റൊരു വൈദികനും ഉണ്ടായിരുന്നതിനാൽ യാക്കോബ് ശെമ്മാശൻ ആശ്രമത്തിലെ മൂന്നാമത്തെ അംഗമായിരുന്നു.

1920 മാർച്ച് 1 -ാം തീയതി വി. ത്രോണോസിന്റെ മുമ്പാകെ സ്ഥാപകനും പ്രഥമാംഗങ്ങളും സ്വയം സമർപ്പണം ചെയ്തപ്പോൾ, യാക്കോബ് ശെമ്മാശനും തന്നെ തന്നെ സമർപ്പിക്കുകയുണ്ടായി. അതു മുതൽ സന്യാസ വ്രതാനുഷ്ഠാനത്തിനായി പ്രത്യേകം ഒരുങ്ങുകയായിരുന്നു. 1920 പെന്തിക്കോസ്തി ഞായറാഴ്ച ആശ്രമാദ്ധ്യക്ഷൻ. ഫാ. ഗീവറുഗീസ് വി. കുർബാന അർപ്പിച്ച് പ്രതിജ്ഞചെയ്തു. അതിനുശേഷം അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ യാക്കോബ് ശെമ്മാശനും പ്രതിജ്ഞ ചെയ്യുകയുണ്ടായി. അനന്തരം യാക്കോബ് ശെമ്മാശൻ വൈദിക പഠനം തുടരുകയും 1924 – ൽ വൈദികാഭിഷിക്തനാവുകയും ചെയ്തു.

www.malankaralibrary.com



**ആശ്രമഗുരു**

സ്വഭാവശുദ്ധി, കൃത്യനിഷ്ഠ. പരിശ്രമശീലം, ശാന്തസ്വഭാവം, ദൈവഭക്തി എന്നീ വിശിഷ്ടഗുണങ്ങൾകൊണ്ട് യാക്കോബച്ചൻ എല്ലാവർക്കും ഒരു നല്ല മാതൃകയും ആദരണീയനുമായിരുന്നു. ആശ്രമാദ്ധ്യക്ഷൻ യാക്കോബച്ചനെ ഗുരുവായി നിയമിച്ചു. അനുസരിക്കുന്നവന് മാത്രമേ അനുസരണം അഭ്യസിക്കുവാനും, അനുസരിപ്പിക്കുവാനും സാദ്ധ്യമാകൂ എന്നത് യാക്കോബച്ചനെ സംബന്ധിച്ച് ശരിയായിരുന്നു.

ആശ്രമത്തിൽ ശനിയാഴ്ച അവധി ദിവസമായിരുന്നു. ധ്യാനം, യാമപ്രാർത്ഥന, വി. കുർബാന മുതലലായ ആത്മീയ കൃത്യങ്ങൾ പതിവുപോലെ നടത്തും. ശനിയാഴ്ച ഉച്ചഭക്ഷണം പാകം ചെയ്യുന്നത് നവശിഷ്യന്മാർ ആയിരുന്നു. ഗുരുഅച്ചന്റെ നിർദേശപ്രകാരം ആയിരിക്കും അവർ ഭക്ഷണം പാകം ചെയ്യുക. പാചക കലയിലും ഗുരുഅച്ചൻ വിദഗ്ധൻ ആയിരുന്നു. ആശ്രമസ്ഥലത്തെ എല്ലാ ജോലികളിലും ശിഷ്യന്മാരോടൊപ്പം ഗുരു അച്ചനും ഉണ്ടായിരുന്നു. ജോലിചെയ്യിപ്പിക്കുകയല്ല. അവരോടൊപ്പം ജോലി ചെയ്യുകയാണ് ചെയ്തിരുന്നത്.

**ദിനചര്യയും ഭക്താഭ്യാസവും**

പ്രഭാതത്തിൽ 4. 30 ന് ഉണർത്തുമണികേട്ട് എഴുന്നേൽക്കും. പ്രഭാത കൃത്യങ്ങൾക്കുശേഷം ചാപ്പലിൽ പ്രവേശിക്കും. 5. 15 ന് ധ്യാനം . 6 മണിക്ക് പ്രഭാത നമസ്ക്കാരത്തിന് ശേഷം വി. കുർബാന. ഗുരുഅച്ചന്റെ ധ്യാനനില ആദരണീയവും അതിശയകരവും ആണ്. ഒരുപ്രതിമയെപ്പോലെ നിശ്ചലനായി മുട്ടിന്മേൽ നില്ക്കും. ആരാധനയിലെ കീർത്തനങ്ങൾ ആരാധകർക്ക് എത്രയധികം ആത്മീയ അനുഭൂതി അനുഭവപ്പെടാതിരിക്കുകയില്ല. യാക്കോബച്ചന്റെ സ്വരമാധുര്യം അത്രമാത്രം ഇമ്പകരമായിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ ദൈവഭക്തിയുടെയും ജീവിതവിശുദ്ധിയുടെയും സൗരഭ്യം സന്യാസസമൂഹത്തിലും സഭാതലത്തിലും തിളങ്ങിനിന്നിരുന്നു.

**ബഥനിയുടെ എപ്പിസ്കോപ്പാ**

1927 ഡിസംബർ 12-ാം തീയതി യാക്കോബച്ചൻ മഹത്‌വ്രതം എടുക്കുകയുണ്ടായി. പൗരസ്ത്യസന്യാസ സഭാ പാരമ്പര്യപ്രകാരമുള്ള റമ്പാൻ പദവി തന്നെയാണിത്. പിന്നീട് അദ്ദേഹം യാക്കോബ് റമ്പാൻ എന്നറിയപ്പെട്ടു. റമ്പാൻ എന്ന നിലയിലും സന്യാസജീവിതത്തിൽ അദ്ദേഹം പ്രശോഭിച്ചിരുന്നു.

1928 ഡിസംബർ 19-ാം തീയതി എപ്പിസ്കോപ്പൽ സുനഹദോസ് കൂടുകയുണ്ടായി. രണ്ടാം കാതോലിക്കാ ബാവ കാലം ചെയ്തതിനാൽ

www.malankaralibrary.com



പകരം കാതോലിക്കാബാവായെ തെരഞ്ഞെടുത്ത് വാഴിക്കുന്നതിനെ കുറിച്ച് ആലോചിക്കുന്നതിനായിരുന്നു സുന്നഹദോസ് സമ്മേളിച്ചത്. പ്രസ്തുത സുന്നഹദോസിൽ ബഥനിയുടെ എപ്പിസ്കോപ്പ ആയിരുന്ന മാർ ഈവാനിയോസിനെ ബഥനിയുടെ മെത്രാപ്പോലീത്തായായും ബഥനിയിലെ യാക്കോബ് റമ്പാനെ ബഥനിയുടെ എപ്പിസ്കോപ്പാ ആയും വാഴിക്കാൻ നിശ്ചയിക്കുകയും ചെയ്തു. അപ്രകാരം 1929 ഫെബ്രുവരി 13-ാം തീയതി കാതോലിക്ക വാഴ്ചയുടെ ദിവസം തന്നെ മാർ ഈവാനിയോസിനെ മെത്രാപ്പോലീത്തായായി അവരോധിക്കുകയും ചെയ്തു. അതിന്റെ പിറ്റേദിവസമായിരുന്നു യാക്കോബ് റമ്പാന്റെ മെത്രാഭിഷേകം. മൂന്നാം കാതോലിക്കാ ആയിരുന്ന ഗീവറുഗീസ് മാർ ബസേലിയോസ് ആണ് യാക്കോബ് റമ്പാനെ എപ്പിസ്കോപ്പയായി അഭിഷേകം ചെയ്തത്. അഭിഷേക അവസരത്തിൽ നൽകപ്പെട്ട പേരാണ് തെയോഫിലോസ് എന്ന പുണ്യനാമം.

**ബഥനി പള്ളികളും ഭരണവും**

മാർ തെയോഫിലോസ് ബഥനിയുടെ എപ്പിസ്കോപ്പയായി അഭിഷേകം ചെയ്യപ്പെട്ടശേഷം ബഥനിപള്ളികളുടെ ഭരണം മാർ ഈവാനിയോസ് പിതാവ് കൊച്ചുതിരുമേനിയെ ഏല്പിക്കുകയുണ്ടായി.

ബഥനി പള്ളികളുടെ ഭരണഭാരം ഏറ്റതുമുതൽ തെയോഫിലോസ് തിരുമേനിയുടെ ആസ്ഥാനം തിരുവല്ലാ ആയിരുന്നു. തിരുവല്ലാ ടൗണിൽ കച്ചേരിപറമ്പിനടുത്തായി ബഥനി പള്ളിയും ആശ്രമവും ഉണ്ടായിരുന്നു. ബഥനി പള്ളിയോട് ചേർന്ന് ഒരു ചെറിയ മുറിയിലായിരുന്നു പിതാവ് താമസിച്ചിരുന്നത്. ഒരു വർഷത്തിനുശേഷം ഒരു മെത്രാസന മന്ദിരം അവിടെ പണിയിപ്പിച്ചെങ്കിലും പൂർത്തിയാകാഞ്ഞതുകൊണ്ട് അവിടെ താമസിച്ചില്ല. കൊച്ചു പിതാവിന്റെ ജീവിതപരിശുദ്ധിയും സൽഗുണങ്ങളും ജനങ്ങളിൽ നല്ല മതിപ്പ് ഉളവാക്കിയിരുന്നതിനാൽ പിതാവ് അർപ്പിക്കുന്ന വി. കുർബാനയിൽ സംബന്ധിക്കുന്നതിനും ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനുമായി ധാരാളം വിശ്വാസികൾ പള്ളിയിൽ വരുമായിരുന്നു.

**ദൈവമാതൃഭക്തി**

ദൈവമാതൃഭക്തിയിൽ സ്ത്രീകളെ അഭ്യസിപ്പിക്കുന്നതിന് 'മർത്തമറിയം സംഘം' എന്ന പേരിൽ ഒരു ഭക്തസംഘടന ബഥനി പള്ളിയിൽ ആരംഭിച്ചു. ദൈവമാതൃസ്ഥാനത്തിന്റെ മഹത്വം മനസ്സിലാക്കുകയും ദൈവമാതൃ ഭക്തി അഭ്യസിക്കുകയും ഉപദേശത്തിലും ജീവിതത്തിലും നല്ല മാതൃക നൽകുകയും ചെയ്തിരുന്നു. തന്റെ ഗുരുവും ദൈവമാതൃഭക്തനുമായിരുന്ന മാർ ഈവാനിയോസിന്റെ നിര്യാണം മാതാവിന്റെ ദിവ

www.malankaralibrary.com



സമായ ബുധനാഴ്ചയും അതുപോലെതന്നെ ദൈവമാതൃഭക്തനായിരുന്ന മാർ തെയോഫിലോസ് പിതാവിന്റെ മരണവും ഒരു ബുധനാഴ്ച ആയിരുന്നു എന്നതും ശ്രദ്ധേയമാണ്.

**തിരുവല്ലാ രൂപതയുടെ പ്രഥമ മെത്രാൻ**

ബഥനി സമൂഹത്തിന്റെ സ്ഥാപകനും ബഥനി മെത്രാപ്പോലീത്തായുമായിരുന്ന മാർ ഈവാനിയോസ് പിതാവ് ഓർത്തഡോക്സ് സഭയിലെ മറ്റ് മെത്രാന്മാരുടെ ആലോചനയോടുകൂടി കത്തോലിക്കാ സഭയുമായുള്ള ഐക്യത്തിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരുന്നു. സഭാ ഐക്യം പ്രാപിക്കുവാനുള്ള സമയം സമാഗതമായപ്പോൾ ആദ്യം ഐക്യത്തിന് അനുകൂലിച്ച മെത്രാന്മാർ എല്ലാം പിന്മാറുകയാണ് ചെയ്തത്. മാർ തെയോഫിലോസ് തിരുമേനി ആകട്ടെ സഭൈക്യ അഭിലാഷത്തിൽ നിന്നും അല്പംപോലും പതറാതെയും പിൻമാറാതെയും മാർ ഈവാനിയോസ് പിതാവിനോട് സഹകരിച്ച് ത്യാഗപൂർവ്വം തയ്യാറാവുകയാണ് ചെയ്തത്. മാർ ഈവാനിയോസ് പിതാവും, മാർ തെയോഫിലോസ് പിതാവും മുണ്ടൻമലയിലെ ബഥനി ആശ്രമത്തിൽപോയി താമസിച്ച് ആശ്രമസ്തരുമായി ക്ലാസുകളും ചർച്ചകളും നടത്തി. അതിനെ തുടർന്ന് ആശ്രമത്തിലെ അധികം പേരെയും സഭൈകൃത്തിന് സന്നദ്ധരാക്കി തീർത്തു. അതിൽ അഞ്ച് പേർ മാത്രം സഹകരിക്കാതിരുന്നു. എല്ലാവരും സഹകരിക്കാതിരുന്നതുകൊണ്ട് അവിടംവിട്ട് ഇറങ്ങിപോകുവാൻ പിതാക്കന്മാർ തീരുമാനിച്ചു. 1930 ആഗസ്റ്റ് 19-ാം തീയതി സന്ധ്യാപ്രാർത്ഥനയ്ക്ക് ശേഷം മാർ ഈവാനിയോസ് പിതാവ് ഈ വിവരം സമൂഹാംഗങ്ങളെ അറിയിക്കുകയുണ്ടായി. പിറ്റേദിവസം രാവിലെ എല്ലാവർക്കും മുമ്പിലായി ഈവാനിയോസ് പിതാവും, അദ്ദേഹത്തോടൊപ്പം തെയോഫിലോസ് പിതാവും, ഇവരുടെ പിന്നാലെ 17 ആശ്രമസ്ഥരും അവിടം വിട്ട് ഇറങ്ങി. മാർ ഈവാനിയോസ് പിതാവും മാർ തെയോഫിലോസ് പിതാവും പിന്നീട് കൊല്ലം ബിഷപ്പ്ഹൗസിലേക്ക് പോകുകയും അവിടെവെച്ച് കത്തോലിക്കാ കൂട്ടായ്മയിൽ പ്രവേശിക്കുകയും ചെയ്തു. 1930 സെപ്റ്റംബർ 20- ന് കൊല്ലം ബിഷപ്പായിരുന്ന ഡോ. ബൻസിഗർ തിരുമേനി മാർപാപ്പായ്ക്കുവേണ്ടി പിതാക്കന്മാരെ സ്വീകരിച്ചു.

**അനന്തര പ്രവർത്തനങ്ങൾ**

ബഥനി പള്ളിയും അരമനയും വിട്ടുകൊടുത്തതിനാൽ പകരം ആരാധന നടത്തുന്നതിനുവേണ്ടി ടൗണിൽ ഒരു പറമ്പ് പാട്ടത്തിന് വാങ്ങി തൽക്കാലം ഷെഡ് പരമ്പുകൊണ്ട് കെട്ടിമറച്ച് ചാപ്പലായി ഉപയോഗിച്ചു. ഈ സ്ഥലത്താണ് ഇപ്പോൾ സെന്റ് ജോൺസ് കത്തീഡ്രൽ ദേവാലയം ഇരിക്കുന്നത്. ഹൈരാർക്കി സ്ഥാപനത്തിന് മുമ്പുതന്നെ ഏതാണ്ട്,

www.malankaralibrary.com



അമ്പത്തി മൂന്ന് ആരാധനാലയങ്ങൾ സ്ഥാപിക്കുവാൻ അഭിവന്ദ്യ പിതാവിന് കഴിഞ്ഞു.

**തിരുവല്ല രൂപതാസ്ഥാപനവും രൂപതാദ്ധ്യക്ഷന്റെ സിംഹാസനാരോഹണവും**

'എനിക്ക് ഇഷ്ടപ്പെട്ട ഇടയന്മാരെ ഞാൻ നിങ്ങൾക്ക് തരും അവർ ജ്ഞാനത്തോടും വിവേകത്തോടും കൂടെ നിങ്ങളെ പാലിക്കും' (ജറെമിയ 3: 15).

1933 നവംബർ മാസം 6-ാം തീയതി തിങ്കളാഴ്ച ആയിരുന്നു രൂപതയുടെ കാനോനികമായ സ്ഥാപനം നടന്നത്. പുനരൈക്യാനന്തരം നിർമ്മിക്കപ്പെട്ട ദേവാലയം ഒരു താല്ക്കാലിക കെട്ടിടം മാത്രമായിരുന്നു. വി. യൂഹാനോൻ ശ്ലീഹായുടെ നാമത്തിൽ പള്ളി അറിയപ്പെട്ടു. പ്രസ്തുത ദിവസം തിരുവനന്തപുരം മെത്രാൻ ആയിരുന്ന മാർ ഈവാനിയോസ് തിരുമേനി തിരുവല്ലായിൽ വരുകയും തെയോഫിലോസ് തിരുമേനിയോടൊന്നിച്ചുള്ള സ്വീകരണത്തിൽ പങ്കെടുക്കുകയും ചെയ്തു. അതിനെ തുടർന്ന് മാർ തെയോഫിലോസ് തിരുമേനിയുടെ സുന്ത്രോണിസോ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. തെയോഫിലോസ് തിരുമേനിയെ തിരുവല്ലായുടെ മെത്രാനായി നിയമിച്ചുകൊണ്ട് റോമിൽ നിന്നും അയച്ചിരുന്ന കല്പന മൂലഭാഷയായ ലത്തീനിലും പരിഭാഷ മലയാളത്തിലും വായിച്ചു.

**സെമിനാരിയും ആശ്രമവും**

1931 സെപ്റ്റംബർ 8-ാം തീയതി നിത്യപുരോഹിതനായ മ്ശീഹായുടെ മാതാവായ പരി. കന്യകാ മറിയത്തിന്റെ ജനനപ്പെരുന്നാൾ ദിവസം തിരുവല്ലായിലെ മൈനർ സെമിനാരി സ്ഥാപിക്കപ്പെട്ടു. തല്ക്കാല സഹായത്തിന് സന്നദ്ധനായെത്തിയ റവ. ഫാദർ ജോൺ കുന്നത്തായിരുന്നു ആദ്യറെക്ടർ. 1933 - ൽ മാർ തെയോഫിലോസ് തിരുമേനി ഒരു ആശ്രമം സ്ഥാപിച്ചു. അത് ദിവ്യരക്ഷകാശ്രമം എന്ന പേരിൽ അറിയപ്പെട്ടു. തെയോഫിലോസ് തിരുമേനി ഒരാൾക്ക് മാത്രമേ വൈദിക പട്ടം കൊടുത്തിട്ടുള്ളൂ. കുന്നംകുളം സ്വദേശി തെക്കേക്കര പോൾ ശെമ്മാശൻ ആയിരുന്നു അത്.

**സഹനജീവിതവും അന്ത്യവും**

മിഷൻ പ്രവർത്തനങ്ങളിൽ തീക്ഷ്ണമതിയായിരുന്ന പിതാവ് ചുരുങ്ങിയ കാലയളവിനുള്ളിൽ അനാരോഗ്യവാനായി തീർന്നു. എങ്കിലും പ്രാർത്ഥന, ധ്യാനം, എന്നിവ ഭക്തിയോടെ നിർവ്വഹിച്ചിരുന്നു. തിരുമേനിയുടെ സഹന സമർപ്പണം വി. പൗലോസ് ശ്ലീഹായുടെ സമർപ്പണം പോലെ രൂപതയുടെ പുരോഗതിക്കും പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് വളവും വെള്ളവും ആയിരുന്നു എന്ന്, അക്കാലത്തെ പുനരൈക്യസഭാചരിത്രം സാക്ഷിക്കുന്നു. സുകൃതാത്മാവായ മാർ തെയോ

www.malankaralibrary.com



ഫിലോസ് 1935 വരെ തിരുവല്ലാ രൂപതയെ പരിരക്ഷിക്കുകയും അതിന്റെ അത്ഭുതകരമായ വളർച്ചയ്ക്ക് അടിസ്ഥാനം ഇടുകയും ചെയ്തു

ഉദരത്തിൽ ദുസഹമായ വേദന അനുഭവിച്ചിരുന്നപ്പോഴും അത് പുറമെ പ്രത്യക്ഷപ്പെടാതിരിപ്പാനും മറ്റുള്ളവരെ അറിയിപ്പാതിരിപ്പാനും പ്രത്യേകം അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

തെയോഫിലോസ് തിരുമേനി രോഗബാധിതനായപ്പോഴും അദ്ദേഹത്തിന്റെ സൗഖ്യത്തിനുവേണ്ടി പള്ളികളും സ്ഥാപനങ്ങളും മുട്ടിപ്പായി പ്രാർത്ഥിച്ചു. അതോടൊപ്പം ചികിത്സയും പക്ഷെ പ്രതീക്ഷിച്ച ഫലം ലഭിച്ചിരുന്നില്ല.

ശാരീരികാവശത വർദ്ധിച്ചുവരുന്നതായി കാണപ്പെട്ടതുകൊണ്ട് രൂപതാധ്യക്ഷനായിരുന്ന അഭിവന്ദ്യ സക്കറിയാസ് മാർ അത്തനാസ്യോസ് തിരുമേനി തൈലാഭിഷേകം നല്കി. തുടർന്നുള്ള ദിവസങ്ങളിൽ പിതാവ് ആരെയോ പ്രതീക്ഷിക്കുന്നതായി കാണപ്പെട്ടിരുന്നു. സ്വന്തപ്പെട്ടവർ അനേകർ പിതാവിനെ വന്ന് കണ്ടിരുന്നു.

1956 ജൂൺ 27 ബുധനാഴ്ച ബഥനിയിലെ ഗുരുവും പുനരൈക്യപ്രസ്ഥാനത്തിന്റെ പിതാക്കന്മാരിൽ ദ്വിതീയനും, തിരുവല്ലാ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാനുമായിരുന്ന തെയോഫിലോസ് തിരുമേനി തന്റെ വലതുകരം ഉയർത്തി അവിടെ തന്നെ കാണുവാൻ വന്ന എല്ലാവരെയും ആശീർവദിച്ചതിനുശേഷം കണ്ണുകൾ അടച്ച് തലചായിച്ച് കിടക്കയിൽ നിശ്ചലനാകുകയും തന്റെ പാവനാത്മാവിനെ താൻ കാത്തിരുന്ന കർത്താവിന്റെ കരങ്ങളിൽ ഭരമേല്പിക്കുകയും ചെയ്തു. പിന്നീട് അഭിവന്ദ്യ തെയോഫിലോസ് പിതാവ് കാലം ചെയ്ത വിവരം പ്രഖ്യാപിച്ചതോടെ തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ ദേവാലയത്തിൽ വലിയമണിയുടെ ദുഃഖസ്വരം ദീർഘനേരം മുഴങ്ങിക്കൊണ്ടിരുന്നു.

മാർ തെയോഫിലോസ് തിരുമേനിയുടെ കബറടക്ക ശുശ്രൂഷ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു.

കാലം ചെയ്തിട്ട് 50 വർഷം കഴിഞ്ഞിട്ടും ഏവരുടെയും മനസ്സിൽ നിറം മങ്ങാത്ത പാവനസ്മരണകൾ വിടർത്തികൊണ്ട് സ്വർഗ്ഗീയ കാന്തിയിൽ തിളങ്ങി നിൽക്കുന്ന വന്ദ്യ തെയോഫിലോസ് പിതാവ് സത്യത്തിൽ ഒരു വിശുദ്ധൻ തന്നെയാണ്. ജീവിതാന്ത്യം വരെ ഏറ്റെടുത്ത ഉത്തരവാദിത്വത്തോടെ, വിളിയോട്, കൂറുപുലർത്തിയ ആ പുണ്യതാതന്റെ മുമ്പിൽ പ്രണാമം അർപ്പിക്കുന്നു.

(ഐക്യദീപം 2005 ജൂലൈ പേജ് : 9)

www.malankaralibrary.com



# MALANKARA CATHOLIC CHURCH

ARCHDIOCESE OF TIRUVALLA

Most Rev. Dr. Thomas Mar Koorilos
Metropolitan Archbishop of Tiruvalla

Catholic Archbishop's House, Marygiri,
P.B. No. 4, Tiruvalla - 689 101.

Circular No. 4/2015 08/06/2015

അഭിവന്ദ്യ പിതാക്കന്മാരേ, ബഹു. ജനറാളച്ചാ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, ബഹു. വൈദികരേ, ബഹു. സന്യസ്തരേ, സഹോദരങ്ങളേ!

നമ്മുടെ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസ്സേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവ പുണ്യശ്ലോകനായ യാക്കോബ് മാർ തെയോഫിലോസ് പിതാവിന്റെ ജന്മശതോത്തര രജത ജൂബിലിവേളയിൽ പുറപ്പെടുവിച്ച ഹൃദയസ്പർശിയായ കൽപ്പന നമുക്കേവർക്കും പ്രചോദനമായിരുന്നുവല്ലോ. ഭാഗ്യസ്മരണാർഹനായ മാർ തെയോഫിലോസ് പിതാവിന്റെ സുകൃത ജീവിതത്തിന്റെ ഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന നമുക്ക് പിതാവിന്റെ ഓർമ്മ സജീവമായി നിലനിർത്തുവാനും വ്യാപകമാക്കുവാനും പ്രത്യേക കടമയുണ്ട്. പിതാവിന്റെ ജന്മശതോത്തര രജതജൂബിലി വർഷത്തിൽ അദ്ദേഹത്തിന്റെ 59 -ാം ശ്രാദ്ധപെരുനാൾ ഏറെ ഭക്തിനിർഭരമായി നാം സഭയായി ആഘോഷിക്കുകയാണ്. **അഭിവന്ദ്യ പിതാക്കന്മാരുടെയും വൈദികരുടെയും കാർമ്മികത്വത്തിൽ വി. കുർബാന അർപ്പിക്കുന്നതാണ്**. ശ്രാദ്ധപെരുനാളിന്റെ ഭാഗമായിട്ടുള്ള തീർത്ഥാടന പദയാത്ര, ജൂൺ 26-ാം തീയതി ഒളശ്ശയിൽ പിതാവിന്റെ ജന്മഗൃഹത്തിൽ നിന്നാരംഭിച്ച് സന്ധ്യക്ക് 6 മണിയോടെ തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ പിതാവിന്റെ കബറിടത്തിൽ എത്തിച്ചേരുന്നതാണ്. തുടർന്ന് സന്ധ്യാപ്രാർത്ഥനയും പിതാവിനെ നേരിൽ കണ്ടിട്ടുള്ളവരുടെ പങ്കുവെയ്ക്കലും തുടർന്ന് ജാഗരണ പ്രാർത്ഥനയും ഉണ്ടായിരിക്കുന്നതാണ്. 27-ാം തീയതി രാവിലെ 7. 30 ന് ആരംഭിക്കുന്ന വി. കുർബാന മദ്ധ്യേ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് അനുസ്മരണ സന്ദേശം നൽകുന്നതാണ്. വി. കുർബാനക്കുശേഷം മാർ തെയോഫിലോസ് പിതാവിന്റെ സ്മരണാർത്ഥം നടത്തുന്ന സൗജന്യ ഡയാലിസിസ് പദ്ധതിയുടെ ഉദ്ഘാടനം നടത്തുന്നതുമാണ്. സഭയായി നടത്തപ്പെടുന്ന ഈ ശ്രാദ്ധപെരുനാളിലേക്ക് ഏവരേയും ഹൃദയംഗമായി സ്വാഗതം ചെയ്യുന്നു. എം. സി. വൈ. എം. ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന 9 ദിവസത്തെ പ്രാർത്ഥ

www.malankaralibrary.com



നയിലും തീർത്ഥാടന പദയാത്രയിലും കഴിവതും വിശ്വാസികൾ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. നമ്മുടെ എല്ലാ ഇടവകകളിൽനിന്നും ദൈവമക്കൾ ബഹു. വികാരി അച്ചന്റെ നേതൃത്വത്തിൽ ശ്രാദ്ധപ്പെരുന്നാളിൽ വന്ന് സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സഭാത്മകമായ നമ്മുടെ ഈ കൂടിവരവ് തിരുമൂലപുരത്തുവച്ച് നടത്തപ്പെടുന്ന 85-ാം പുനരൈക്യവാർഷികാഘോഷങ്ങൾക്ക് ആവേശവും അനുഗ്രഹങ്ങളും പകരുമെന്നതിൽ സംശയമില്ല.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ,
നിങ്ങൾക്ക് എല്ലാ നന്മകളും നേർന്നുകൊണ്ട്,
ക്രിസ്തു യേശുവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,



✠ തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്,
തിരുവല്ല അതിഭദ്രാസനം.

NB : ഈ സർക്കുലർ അടുത്ത ഞായറാഴ്ച (ജനുവരി 15) നമ്മുടെ എല്ലാ ദൈവാലയങ്ങളിലും വി. കുർബാന അർപ്പിക്കുന്ന കേന്ദ്രങ്ങളിലും പരസ്യമായി വായിക്കേണ്ടതാണ്.

www.malankaralibrary.com



# മാർ തെയോഫിലോസ് തിരുമേനിയുടെ

## ജന്മശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനാവസരത്തിൽ

**ശ്രീ. സി. ഐ. പീലിപ്പോസ് നടത്തിയ പ്രസംഗം (23. 02. 1990)**



*എത്രയും സ്നേഹിക്കപ്പെടുന്ന തിരുമേനിമാരെ, ബഹു. അച്ചന്മാരെ, ബഹു. സിസ്റ്റേഴ്സ്, സ്നേഹമുള്ള സഹോദരങ്ങളെ,*

എന്നെ ഏല്പ്പിച്ചിരിക്കുന്ന കൃത്യം വന്ദ്യ തെയോഫിലോസ് തിരുമേനിയുടെ ചിത്രം അനാഛാദനം ചെയ്യുക എന്നതാണ്. അതിന്റെ പ്രാരംഭമായി ചില കാര്യങ്ങൾ തിരുമേനിയെപ്പറ്റി പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

വന്ദ്യ തിരുമേനിയുമായി എനിക്ക് മുപ്പതുവർഷത്തെ അടുത്ത പരിചയം ഉണ്ട് തിരുമേനി 1928 ൽ തിരുവല്ലാ ബഥനി പള്ളിയിലെ വികാരിയായി ഗുരുഅച്ചൻ  എന്ന പേരിനാൽ അറിയപ്പെട്ടിരുന്നു. എന്നാൽ പേരു യാക്കോബച്ചൻ എന്നായിരുന്നു. അന്നു തിരുവല്ലായിലെ യാക്കോബായ സമുദായം വളരെ അധഃപതിച്ചിരുന്ന സമയമായിരുന്നു. എങ്കിലും കുറച്ചുനാളത്തെ ഇടപെടൽകൊണ്ട് ഒരു നല്ലപങ്കു ആളുകൾ പള്ളി ആരാധനയിലും മറ്റും കൃത്യമായി സംബന്ധിക്കാനും മറ്റു സാധിച്ചു.

1929 ഫെബ്രുവരി 4–ാം തീയതി തിരുമേനിയെ മെത്രാനായി കോട്ടയത്തുവച്ച് വാഴിച്ചു. അതിനുശേഷം തിരുമേനി ബഥനി പള്ളിയിൽ സ്ഥിരതാമസമായി. തിരുവല്ലാക്കാർ എല്ലാം തിരുമേനിയെ ബഹുമാനിക്കയും ആദരിക്കയും ചെയ്തുവന്നിരുന്നു.

1930 സെപ്റ്റംബർ മാസത്തിൽ തിരുമേനി തിരുമനസിലെ ഗുരുഭൂതനായിരുന്ന മാർ ഈവാനിയോസ് തിരുമേനിയോടുകൂടി കത്തോലിക്കാസഭയിൽ ചേർന്നു. ആദരിച്ചു ബഹുമാനിച്ചിരുന്ന തിരുമേനിയെ തിരുവല്ലാക്കാർ ഉപദ്രവിക്കാനും മറ്റും ആലോചിക്കുന്നതുകണ്ട് തിരുമേനി

www.malankaralibrary.com



ബഥനി പള്ളിവിട്ടു. ഇവിടെ അടുത്തുള്ള കെട്ടിടം വാടകയ്ക്കു എടുത്തു താമസിച്ചു. ഇപ്പോൾ ഇവിടെയുള്ള പള്ളിമുറി അന്നു ചങ്ങനാശേരി രൂപതവകയായിരുന്നു. അഭിവന്ദ്യ കാളാശേരി തിരുമേനി കെട്ടിടം നമുക്കു വിട്ടുതരികയും കെട്ടിടം നന്നാക്കി അതിൽ ഒരു ഭാഗം സെമിനാരിക്കാരുടെ താമസത്തിനും മുൻഭാഗം ഇടവകയിൽ ചേർന്നവരുടെ ആരാധനസ്ഥലമായും തീർത്തു. ഇപ്പോൾ ഇവിടെ ഉള്ളവർ പലരും മാമോദീസാ സ്വീകരിച്ചതും കത്തോലിക്കാ സഭയിൽ ചേരാൻ ആഗ്രഹിച്ചവരെ സ്വീകരിച്ചതും ഈ ചാപ്പലിൽവെച്ചായിരുന്നു. അന്നു തിരുമേനിയെ സഹായിക്കാൻ ഇപ്പോൾ തിരുവനന്തപുരം ബഥനി ആശ്രമത്തിൽ വിശ്രമം എടുക്കുന്ന ബഹു. ഗീവറുഗീസച്ചനും ഉണ്ടായിരുന്നു. മിഷൻവേലയ്ക്കു ചെത്തിപ്പുഴ നിന്നും രണ്ടു കർമ്മലീത്ത സന്യാസി വൈദികരും വന്നു ഇവിടെ താമസിച്ചിട്ടുണ്ട്.

തിരുമേനി 1933 ആദ്യം റോമിലേക്ക് മാർപാപ്പായെ കാണാൻ പോകാൻ തീരുമാനിച്ചു. ഫാദർ മാത്യു വരിക്കയിൽ എന്നൊരച്ചനെ സെക്രട്ടറിയായിട്ടു കൂടെ കൊണ്ടുപോയി. 1931 സെപ്റ്റംബർ മാസം 8-ാം തീയതി മൈനർ സെമിനാരി ആരംഭിച്ചിട്ടുണ്ടായിരുന്നു. അരമനയ്ക്കും സെമിനാരിക്കും സ്ഥലം വാങ്ങി കെട്ടിടം ഉണ്ടാക്കാനായി ഇപ്പോൾ പുഷ്പഗിരി ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലം വളരെ ബുദ്ധിമുട്ടു സഹിച്ച് ഒരു പോറ്റിയോട് വാങ്ങിച്ചു. കെട്ടിടങ്ങൾ പണിയാൻ യാതൊരു മാർഗ്ഗവും ഉണ്ടായിരുന്നില്ല. ഈ വിവരമെല്ലാം റോമിൽ ചെന്നു തിരുസിംഹാസനത്തെയും കിഴക്കൻ സഭകളുടെ തിരുസംഘത്തേയും അറിയിച്ചു. മാർപ്പാപ്പായെ സന്ദർശിച്ചശേഷം ഫ്രാൻസ്, ഇംഗ്ലണ്ട്, ഐർലാണ്ട് മുതലായ സ്ഥലങ്ങൾ സന്ദർശിച്ചു ഫ്രാൻസിലെ ഒരു കമ്പനിക്കാർ തിരുമേനിക്കു ഒരു വലിയ പള്ളിമണി സമ്മാനം കൊടുത്തു. ആ മണിയാണ് ഇന്ന് ഈ പള്ളിയുടെ മുൻപിൽ സ്ഥാപിച്ചിരിക്കുന്ന മണി. ഏകദേശം നാലുമാസം യാത്ര ചെയ്തശേഷം തിരുമേനി തിരിച്ചു വന്നു. യാത്രകൊണ്ട് വളരെ ക്ഷീണം ഉണ്ടായി എങ്കിലും അരമനകെട്ടിടം പണി വളരെ ധൃതിയിൽ പണിതു തീർത്തു. 1934 നവംബർ 19-ാം തീയതി എറണാകുളം മെത്രാപ്പോലീത്താ അഗസ്റ്റിൻ കണ്ടത്തിലിനെകൊണ്ട് കൂദാശ ചെയ്യിച്ചു അരമനയും സെമിനാരിയും തുടങ്ങി.

ദീർഘ യാത്രകൊണ്ടുണ്ടായ ക്ഷീണത്തിനു പിഴിച്ചിൽ ചികിത്സ നടത്തണമെന്നു വൈദ്യന്മാർ പറഞ്ഞതനുസരിച്ച് ചികിത്സ നടത്തിയെങ്കിലും കാര്യമായ മാറ്റമൊന്നും ഉണ്ടായില്ല. വിശ്രമത്തിനായി ബാംഗ്ലൂർ സെന്റ് മാർത്താസ് ആശുപത്രിയിൽ പോയി താമസിച്ചിട്ടും

www.malankaralibrary.com



കാര്യമായ ഗുണമൊന്നും കണ്ടില്ല. അന്നു മാർപാപ്പായുടെ പ്രതിനിധി ബ. ലീയൊ പീറ്റർ കിയർക്കൽസ് തിരുമേനിയായിരുന്നു. അദ്ദേഹം പല പ്രാവശ്യം ആശുപത്രിയിൽ ചെന്നു നമ്മുടെ തിരുമേനിയെ കാണുകയും തിരുമേനിയുടെ അസുഖങ്ങൾ നേരിട്ടറിയുകയും ചെയ്തു വന്നിരുന്നു. ക്ഷീണം വർദ്ധിക്കുന്നതു കണ്ടതുകൊണ്ട് വിശ്രമിക്കണമെന്നും ഭരണം വികാരി ജനറാളിനെ ഏല്പ്പിക്കണമെന്നും ഉപദേശിച്ചു. ഈ വിവരം റോമിലോട്ട് എഴുതി അനുവാദം വാങ്ങി തിരുമേനിയെ അറിയിച്ചു. അങ്ങനെ തിരുവല്ലയിൽ തിരികെ വന്നു. ഭരണം വികാരി ജനറാൾ വാച്ചാപറമ്പിലച്ചനെ ഏല്പിച്ചു. 1937– ാമാണ്ട് നമ്മുടെ രൂപതയുടെ പ്രയാസമേറിയ കാലമായിരുന്നു. 1937 അവസാനത്തിൽ സേവേറിയോസ് തിരുമേനി കത്തോലിക്കാ സഭയിൽ ചേർന്നു. ഏകദേശം പത്തു മാസത്തോളം തിരുവല്ലായിലും തിരുവനന്തപുരത്തുമായി താമസിച്ചു. ആ കാലത്തു മാർ ഈവാനിയോസ് തിരുമേനിയുടെ സ്വാധീനംകൊണ്ട് 1938 ഒക്ടോബർ 8 ന് സേവേറിയോസ് തിരുമേനിയെ തിരുവല്ലാ രൂപതയുടെ മെത്രാനായി നിയമിച്ച് ഓർഡർ കിട്ടി. അങ്ങനെ രൂപതാഭരണം മറ്റു വിധത്തിൽ പോകാതെ നമ്മുടെ ആഗ്രഹം സാധിച്ചു. തിരുമേനിയുടെ ചികിത്സ മുറയ്ക്കു നടന്നുകൊണ്ടിരുന്നു. അരമന 1953 നവംബറിൽ മേരിഗിരിയിലേക്കു മാറ്റി. എങ്കിലും തെയോഫിലോസ് തിരുമേനി ചെറുപുഷ്പഗിരിയിൽ തന്നെ താമസിച്ചുവന്നു. പ്രാർത്ഥനയിലും ധ്യാനത്തിലും മുടക്കം വരുത്താതെ അവിടെ താമസിച്ചു. സുഖക്കേടിനു ഒരു കുറവു കണ്ടില്ല. 1956 ജൂൺ 26–ാം തീയതി നിത്യസമ്മാനം വാങ്ങിക്കാനായി പോകയും ചെയ്തു.

തിരുമേനിയുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ.

www.malankaralibrary.com



## അപേക്ഷ

മലങ്കരസഭയുടെ മകുടമായ മോറാനേ...
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
സത്യസഭയെ പുല്കിയ മോറാനേ....
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
ആചാര്യന്മാരുടെ ആചാര്യനായ മോറാനേ..
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
സത്യവെളിച്ചത്തിൻ പൊൻപ്രഭയേ...
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
മലങ്കരയുടെ അസ്തമിക്കാത്ത സൂര്യനേ...
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
ഐക്യത്തിന്റെ സന്ദേശ വാഹകനേ...
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
സത്യസഭയ്ക്കായി യാഗമായിതീർന്ന മോറാനേ..
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
ആഗതികളുടെ ആശ്രയമായ മോറാനേ..
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
മലങ്കരസഭയുടെ ചെങ്കോലേ...
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
സന്യാസികളുടെ ശ്രേഷ്ഠാചാര്യനായ മോറാനേ..
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
ദിവ്യജ്ഞാനത്തിന്റെ ഉറവിടമേ..
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
രോഗികളുടെ ആശ്രയമായ മോറാനേ...
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
ആദ്ധ്യാത്മീക ദാനങ്ങളുടെ നിറകുടമായ മോറാനേ...
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

(ശതാബ്ദി തീർത്ഥാടന പദയാത്രയിൽ ഉപയോഗിക്കാൻ തയ്യാറാക്കിയ അപേക്ഷകൾ)

www.malankaralibrary.com



## ഗാനം

വിശുദ്ധിയേറും മോറാനേ
ഭാഗ്യവാനേ പിതാവേ
മലങ്കര സഭയുടെ മോറാനേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ് ... ഞങ്ങൾക്കായ്
തിരുസഭയെ ഉദ്ധരിച്ചീടാൻ
പുനരൈക്യത്തിന്റെ വഴി തെളിച്ച.... (മലങ്കര)
ഐക്യത്തിന്റെ വഴിതെളിക്കാൻ
സത്യസഭയെ സ്നേഹിച്ച.... (മലങ്കര)
അഗതികളുടെ ആശാകേന്ദ്രം...
ആശ്രിതരുടെ അഭയകേന്ദ്രം.. (മലങ്കര)

(ശതാബ്ദി തീർത്ഥാടന പദയാത്രയിലെ ഉപയോഗത്തിന് തയ്യാറാക്കിയ ഗാനം)

www.malankaralibrary.com







ഫാ. യാക്കോബ് കളപ്പുരയ്ക്കൽ ഒ.ഐ.സി കുടുംബാംഗങ്ങളോടൊപ്പം

www.malankaralibrary.com





*മാർ ദിയസ്കോറോസ്, മാർ തെയോഫിലോസ്, മാർ ഈവാനിയോസ് മാർ സേവേറിയോസ് എന്നീ പിതാക്കന്മാരുടെ ഒരു മുൻകാല ചിത്രം*




***ആദ്യം പുനരൈക്യപ്പെട്ട അഞ്ചുപേർ:*** *ആർച്ച്ബിഷപ് മാർ ഈവാനിയോസ്, മാർ തെയോഫിലോസ്, ഫാ. ജോൺ ഒ.ഐ.സി, അലക്സാണ്ടർ ശെമ്മാശൻ (ഫാ. സെറാഫിൻ ഒ.ഐ.സി), ശ്രീ. ചാക്കോ കിളിലേത്ത്. (20-09-1930ൽ എടുത്ത ഫോട്ടോ)*



*ഫാ. കുര്യാക്കോസ് നടുവിലേമുറിയിൽ (ബി.ഡി അച്ചൻ) മാർ തെയോഫിലോസ് പിതാവിന്റെ മുമ്പാകെ പുനരൈക്യപ്പെടുന്നു.*

www.malankaralibrary.com







കൊല്ലം തങ്കശേരി അരമന പുനരൈക്യ ചാപ്പലിലെ ശിലാഫലകം.





മാർ തെയോഫിലോസ് പിതാവിന്റെ വാഹനം

www.malankaralibrary.com





*സെന്റ് ജോൺസ് കത്തീഡ്രലിന്റെ മുൻകാല ചിത്രം. ഈ പള്ളിക്കുള്ളി ലാണ് തെയോഫിലോസ് പിതാവിനെ കബറടക്കിയത്.*



*റിലീജിയസ് കോൺഗ്രിഗേഷൻ ഓഫ് കേരള സമ്മേളനത്തിൽ അ ലക്സാണ്ടർ ചൂളപ്പറമ്പിൽ പിതാവിനോടും മാർ ഈവാനിയോസ് മെ ത്രാപ്പോലീത്തയോടുമൊപ്പം*



*ചെറുപുഷ്പഗിരി അരമന മുറ്റത്തെ ഒരു ആഘോഷം*

www.malankaralibrary.com









പെരുനാട് ബഥനി ആശ്രമവും
ചാപ്പലും.. വിവിധ ദൃശ്യങ്ങൾ

www.malankaralibrary.com





കുഴിയിൽ അരമന




മലങ്കര കാത്തലിക് യൂത്ത് ലീഗ് പ്രവർത്തകർ മാർ ഈവാനിയോസ് പിതാവിനോടും മാർ തെയോഫിലോസ് പിതാവിനോടുമൊപ്പം

www.malankaralibrary.com





മാർ തെയോഫിലോസ് പിതാവിന്റെ സഹോദരി മദർ സൈബാർ എസ്.ഐ.സി



മാർ തെയോഫിലോസ് പിതാവ് വൈദിക പട്ടം നൽകിയ ഏക വൈദികൻ ഫാ. പോൾ തെക്കേക്കര ഒ.ഐ.സി



ഫാ. പോൾ തെക്കേക്കര (പിതാവ് പട്ടം കൊടുത്ത ഏക വൈദികൻ)



ഫാ. പക്കോമിയോസ്



ഫാ. ഏബ്രഹാം

(പെരുനാട് ബഥനി വിട്ടിറങ്ങിയ ബഥാനിയൻ സന്യാസികളുടെ സംഘത്തിലുണ്ടായിരുന്നവർ)










ബഹു. വൈദികരുടെ കബിറടങ്ങൾ

www.malankaralibrary.com





മാർ തെയോഫിലോസ് പിതാവ് പൗരപ്രമുഖരോടൊപ്പം







മാർ തെയോഫിലോസ് പിതാവ് വിദേശസന്ദർശനവേളയിൽ

www.malankaralibrary.com







മാർ സേവേറിയോസ്, മാർ തെയോഫിലോസ്, മാർ ദിയസ്കോറോസ് എന്നീ പിതാക്കന്മാർ ആദ്യകാല വൈദികരോടൊപ്പം.



മാർ തെയോഫിലോസ്, മാർ സേവേറിയോസ് എന്നീ പിതാക്കന്മാർ പൗരസ്ത്യ തിരുസംഘാദ്ധ്യക്ഷൻ കർദ്ദിനാൾ ടിസറാംങ്ങിനോടൊപ്പം.

www.malankaralibrary.com






*മാർ തെയോഫിലോസ് പിതാവ് സ്ഥാപിച്ച ചെറുപുഷ്പഗിരി അരമന 2021–ൽ*



*മാർ തെയോഫിലോസ് പിതാവ് സ്ഥാപിച്ച തിരുവല്ല ബഥനി ആശ്രമം ഇപ്പോൾ (2021–ൽ).*




*മാർ തെയോഫിലോസ് പിതാവിന്റെ സ്മാരകമായ ശാന്തിനിലയത്തിലെ ശിലാഫലകം.*

www.malankaralibrary.com






ശാന്തിനിലയം മാർ തെയോഫിലോസ് ബ്ലോക്ക്




മാർ തെയോഫിലോസ് ട്രെയിനിംഗ് കോളജ് നാലാഞ്ചിറ

www.malankaralibrary.com





*1932ൽ ആരംഭം കുറിച്ച കത്തീഡ്രലിലെ പ്രഥമ വൈദിക വസതി. ഐ.എം.എം സെമിനാരി, ദിവ്യരക്ഷ ആശ്രമം എന്നിവ ഈ കെട്ടിടത്തിലാണ് ആരംഭിച്ചത്.*



*തിരുവല്ല രൂപതയിലെ ആദ്യകാല വൈദിക വിദ്യാർത്ഥികൾ മാർ തെയോഫിലോസ് പിതാവിനോടൊപ്പം.*

www.malankaralibrary.com



## മാർ തെയോഫിലോസ് പിതാവ് സ്ഥാപിച്ച പള്ളികൾ



അയിരൂർ സെന്റ് പാട്രിക്സ്



വെണ്ണിക്കുളം സെന്റ് തോമസ്



കവിയൂർ (തോട്ടഭാഗം) സെന്റ് മേരീസ്

www.malankaralibrary.com



നമ്പർ....................

**ദൈവകൃപയാലും തിരുസിംഹാസനത്തിൻെറ ആനുകൂല്യത്താലും തിരുവല്ലാ ഭദ്രാസന ഇടവകയുടെ മെത്രാൻ മാർ തീയോഫിലോസ് എപ്പിസ്കോപ്പായിൽ നിന്നും.**

MAR THEOPHILOS
BISHOP OF THIRUVALLA

നമ്മുടെ സ്നേഹഭാജനമായ ..................................................................................
കശീശായ്ക്കു വാഴ്വ്.

പ്രിയനേ,

നമ്മുടെ ........................................................ഇടവകയുടെ വികാരിയായിട്ട താങ്കളെ നാം ഇതിനാൽ നിയമിച്ചു അധികാരപ്പെടുത്തുന്നു. ഇനിയൊരു കല്പനയുണ്ടാകുന്നതുവരെ താങ്കൾ ടി ഇടവകയുടെ വികാരിയായി സ്വീകരിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്നതാണ്. താങ്കളെ ഏല്പിച്ചിരിക്കുന്ന ജനത്തെ ദൈവഭക്തിയിൽ നടത്തുകയും, അവരുടെ ആത്മീയ ദിവ്യതികൾ നടത്തിക്കൊടുക്കയും ആ ഇടവകക്കാരുടെ മദ്ധ്യേ നിന്നു രണ്ടുനാഴികചുററിലുള്ള വേദപ്രചരണാർത്ഥം പ്രയത്നിക്കയും ചെയ്തുകൊള്ളേണ്ടതാണ്. കർത്താധികർത്തനും രാജാധിരാജനുമായ നമ്മുടെ മ്ശിഹാതമ്പുരാൻെറ അമൂല്യരക്തത്താൽ വീണ്ടുകൊള്ളപ്പെട്ടിട്ടുള്ള ജനത്തിൻെറ ആത്മീയ ജീവിതത്തെയും ക്ഷേമത്തെയും വേണ്ടുംപോലെ അന്വേഷിച്ചു പുഷ്ടിപ്പെടുത്തുകയെന്നുള്ള ചുമതലയെപ്പററി തിരുമുമ്പാകെ താങ്കൾ കണക്കു കൊടുക്കേണ്ടതാകയാൽ യാതൊരു ആത്മാവും നശിച്ചുപോകാതിരിപ്പാൻ പ്രാർത്ഥനയിലും, ഉപദേശത്തിലും, ആത്മശോധനത്തിലും, ദൃഷ്ടാന്തത്തിലും, ഭരണത്തിലും ജാഗരൂകനായിരിക്കണം.

ദൈവസ്നേഹംനിമിത്തം താങ്കൾ ഏററിരിക്കുന്ന ഈ ഭാരമേറിയ ചുമതലയെ നന്നായി നിർവ്വഹിക്കുന്നതിനു കാരുണ്യവാനും സർവ്വശക്തനും തൻെറ ജനത്തിൻെറ സാക്ഷാൽ ഇടയനുമായ നമ്മുടെ കർത്താവേശുമ്ശിഹാ താങ്കൾക്കു ധാരാളമായ സഹായവും കൃപയും നൽകി, ഉത്തമനും വിശ്വസ്തനുമായ ദാസാ, നീ അല്പത്തിന്മേൽ വിശ്വസ്തനായിരുന്നതുകൊണ്ടു ഞാൻ നിന്നെ അധികത്തിന്മേൽ അധികാരിയാക്കും" എന്നു അരുളിച്ചെയ്യുന്ന സന്തോഷകരമായ ശബ്ദം കേൾക്കുവാൻ താങ്കളെ യോഗ്യനാക്കി തീർക്കുകയും, താങ്കളുടെ സകല പരിശ്രമങ്ങൾക്കും, നൂറിരട്ടിയായി ഫലം തരികയും, താങ്കളെയും ജനത്തെയും അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ.

ആയതു നിത്യകന്യകയും, ഭാഗ്യവതിയും പാപമില്ലാത്തവളും ദൈവമാതാവുമായ മര്‍ത്തമറിയാമിൻെറയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാലും അപേക്ഷകളാലും തന്നെ ആമ്മീൻ.

"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" ഇത്യാദി.


.......................................................-ാംനു- തിരുവല്ലാ കാതോലിക്കാ മെത്രാസനമന്ദിരത്തിൽനിന്നും.

മാർ തീയോഫിലോസ് എപ്പിസ്കോപ്പാ.

*മാർ തെയോഫിലോസ് പിതാവ് നൽകിയിരുന്ന വൈദികരുടെ നിയമന കൽപനയുടെ രൂപം.*

www.malankaralibrary.com





(Copy) Oct./1938.

From
The Rt. Rev. Mar Theophilos
Bishop of Tiruvalla Travancore State,
S. India


Subject:– Anniversary functions of the parents of convert Catholic Syrians, died in schism, but in good faith

May it please Your Eminence,

According to the Malankara Antiochean rite the anniversary functions are a Holy Mass on the date and a prayer with incense before the sanctuary and at home in general for all faithful departed with the intention of the particular person in question being benefited by them.

If the converts are prohibited from continuing the same for their parents or husbands who died in schism, but in good faith (those particularly condemned by the church by name being excluded), these converts will be extremely sorry and much disgraced in society. Besides the enemical schismatics will make the most out of it to prejudice and discourage the well–


മാർ തെയോഫിലോസ് പിതാവന്റെ
ഇംഗ്ലീഷ് കൈപ്പടയിലുള്ള കത്ത്



MAR THEOPHILOS
BISHOP OF THIRUVALLA

THE CATHOLIC BISHOP'S HOUSE.
Tiruvalla P. O.
Travancore State,
South India.


മാർ തെയോഫിലോസ് പിതാവന്റെ
മലയാളം കൈപ്പടയിലുള്ള കത്ത്



MAR THEOPHILOS
BISHOP OF THIRUVALLA

പ്രിയരെ,

പിതാവിന്റെ പ്രഥമ ഇടയലേഖനം



THE CATHOLIC BISHOP'S HOUSE.
Tiruvalla P. O.
Travancore State,
South India.

1st August, 1933.

Very Rev. and Dear Father,

I am intending to make a Holy Year Pilgrimage to Rome and to visit the Most Holy Father and the Cardinal Presidents of the Sacred Congregations. I intend to make use of this opportunity also to travel a little in Europe for the good of my diocese. I hope to arrive Rome on the 20th Sept. the third anniversary day of my submission to the Holy Catholic Church.

I think it absolutely necessary to find somebody who will lend a helping hand to make my journey as easy and as profitable. I do not speak any European language except English; not even Latin. I have neither personal friends in Europe nor knowledge of the places there. I know one Fr. John Mary of the Carmelite Order who was here in India for some time and who is now in the 'Casa Generalizia' Rome. I hope you will be kindly pleased to ask Fr. John Mary to do the best he can for me while I am in Europe. Thus dear Father, you will do a very great favour for me and for my dear diocese.

With regards and esteem,
Yours sincerely in Our Lord,

കുഴിയിൽ അരമനയിൽ
നിന്നൊരു കത്ത്

www.malankaralibrary.com



നമ്പർ..................

ദൈവകൃപയാലും തിരുസിംഹാസനത്തിൻെറ ആനുകൂല്യ
ത്താലും തിരുവല്ലാ ഭദ്രാസന ഇടവകയുടെ
മെത്രാൻ മാർ തീയോഫിലോസ്
എപ്പിസ്കോപ്പായിൽ നിന്നും.

നമ്മുടെ സ്നേഹഭാജനമായ ...[illegible]... കശീശായ്ക്കു വാഴ്വ്.

പ്രിയനേ,

നമ്മുടെ [illegible]...... ഇടവകയുടെ വികാരിയായിട്ട് താങ്കളെ നാം ഇതിനാൽ നിയമിച്ചു അധികാരപ്പെടുത്തുന്നു. ഇനിയൊരു കല്പനയുണ്ടാകുന്നതുവരെ താങ്കൾ ടി ഇടവകയുടെ വികാരിയായി സ്വീകരിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്നതാണ്. താങ്കളെ ഏല്പിച്ചിരിക്കുന്ന ജനത്തെ ദൈവഭക്തിയിൽ നടത്തുകയും, അവരുടെ ആത്മീയ സ്ഥിതികൾ നന്നാക്കിക്കൊടുക്കയും ആ ഇടവകക്കാരുടെ മദ്ധ്യേ നിന്നു ഒരുനാഴികചുററിലുമുള്ള വേദപ്രചരണാർത്ഥം പ്രയത്നിക്കയും ചെയ്തുകൊള്ളേണ്ടതാണ്. കർത്താധികർത്തനും രാജാധിരാജനുമായ നമ്മുടെ മ്ശിഹാതമ്പുരാൻെറ അമൂല്യരക്തത്താൽ വീണ്ടുകൊള്ളപ്പെട്ടിട്ടുള്ള ജനത്തിൻെറ ആത്മീയ ജീവിതത്തെയും ക്ഷേമത്തെയും വേണ്ടപോലെ അന്വേഷിച്ചു പുഷ്ടിപ്പെടുത്തുകയെന്നുള്ള ചുമതലയെപററി തിരുമുമ്പാകെ താങ്കൾ കണക്കു കൊടുക്കേണ്ടതാകയാൽ യാതൊരു ആത്മാവും നശിച്ചുപോകാതിരിപ്പാൻ പ്രാർത്ഥനയിലും, ഉപദേശത്തിലും, ആത്മശോധനത്തിലും, ധ്യാനത്തിലും, മനനത്തിലും ജാഗരൂകനായിരിക്കണം.

ദൈവസ്നേഹംനിമിത്തം താങ്കൾ ഏററിരിക്കുന്ന ഈ ഭാരമേറിയ ചുമതലയെ നന്നായി നിർവ്വഹിക്കുന്നതിനു കാരുണ്യവാനും സർവ്വശക്തനും തൻെറ ജനത്തിൻെറ സാക്ഷാൽ ഇടയനുമായ നമ്മുടെ കർത്താവേശുമ്ശിഹാ താങ്കൾക്കു ധാരാളമായ സഹായവും കൃപയുംനൽകി, ഉത്തമനും വിശ്വസ്തനുമായ ദാസ്യാ, നീ അല്പത്തിന്മേൽ വിശ്വസ്തനായിരുന്നതുകൊണ്ടു ഞാൻ നിന്നെ അധികത്തിന്മേൽ അധികാരിയാക്കും" എന്നു അരുളിച്ചെയ്യുന്ന സന്തോഷകരമായ ശബ്ദം കേൾക്കുവാൻ താങ്കളെ യോഗ്യനാക്കി തീർക്കയും, താങ്കളുടെ സകല പരിശ്രമങ്ങൾക്കും, ഒന്നിനു നൂറായി ഫലം തരികയും, താങ്കളെയും ജനത്തെയും അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ.

ആയതു നിത്യകന്യകയും, ഭാഗ്യവതിയും പാപമില്ലാത്തവളും ദൈവമാതാവുമായ മർത്തമറിയാമിൻെറയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാലും അപേക്ഷകളാലും തന്നെ ആമ്മീൻ.

"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" ഇത്യാദി.

൧൱൩൩ ജനുവരി ൭-ാംനു തിരുവല്ലാ കാതോലിക്കാ മെത്രാസന മന്ദിരത്തിൽനിന്നും.


+ Theophilos Bp. of Thiruvalla

മാർ തീയോഫിലോസ് എപ്പിസ്കോപ്പാ.

*തിരുവല്ല സെൻ്റ് ജോൺസ് ദൈവാലയത്തിലെ ആദ്യത്തെ വികാരിയായി 1933 ജനുവരി 7-ന് ഫാ. ഗീവർഗീസിന് മാർ തെയോഫിലോസ് പിതാവ് നൽകിയ നിയമന കൽപന.*

www.malankaralibrary.com





# പുനരൈക്യവാർഷികാഘോഷം.

## സെപ്റ്റംബർ ൨൧-ാംനു- തിങ്കളാഴ്ച.

## തിരുവല്ലാ—തിരുമൂലപുരത്തു വെച്ച് ആഘോഷിക്കപ്പെടുന്നു.

നിത്യവന്ദ്യ ഭാഗ്യശ്രീമാനായ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും, മാർ തെയോഫിലോസ് തിരുമേനിയും ശുദ്ധ കത്തോലിക്കാ തിരുസഭയുമായി പുനരൈക്യപ്പെട്ടിട്ട് ഒരു കൊല്ലം പരിപൂർത്തി ആയിരിക്കുന്നു. ആ വിധത്തിൽ മലങ്കര സുറിയാനി റീത്തുവഴിയായി ദൈവം ഒരു കൊല്ലത്തിനുള്ളിൽ സാധിച്ചുതന്നിട്ടുള്ള വലിയ [illegible] അവിടുത്തെ സ്തുതിപ്പാനും, മേലിലും ദൈവകൃപ അനവരതം ഉണ്ടാകുവാനായി പ്രാർത്ഥിപ്പാനും ഐക്യവാദ്യ [illegible] കടമയുണ്ടല്ലോ.

### കാര്യപരിപാടി.

കാലത്ത് ൭ മണി മുതൽ ൯ ,, വരെ. — തിരുമൂലപുരം ചാപ്പലിൽ മലങ്കര സുറിയാനി റീത്തു പ്രകാരമുള്ള മൂന്നുമേൽ കുർബാന.

കാലത്ത് ൯—൯-൩൦. — നി. വ. ദി. ശ്രീ വരാപ്പുഴ മെത്രാപ്പോലീത്താ, എറണാകുളം മെത്രാപ്പോലീത്താ, കോട്ടയം മെത്രാൻ, ചങ്ങനാശ്ശേരി മെത്രാൻ, കോട്ടാർ മെത്രാൻ, വിജയപുരം മെത്രാൻ എന്നീ തിരുമേനിമാരെ സ്വീകരിച്ചുകൊണ്ട് മെയിൻറോഡിൽ നിന്നുള്ള ഘോഷയാത്ര.

കാലത്ത് ൧൦—൧൨. — നി. വ. ദി. ശ്രീ വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിലുള്ള യോഗം. ഈ യോഗത്തിൽ നിത്യവന്ദ്യ ശ്രീമാനായ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെയും, മാർ തെയോഫീലോസ് തിരുമേനിയുടെയും കഴിഞ്ഞ ഒരു വർഷത്തിലുണ്ടായ ഫലാനുഭവങ്ങളെ ആസ്പദിച്ചുള്ള പ്രസംഗങ്ങളും, സന്നിഹിതരായിട്ടുള്ള മററു തിരുമേനിമാരുടെ ലഘുപ്രസംഗങ്ങളും ഉണ്ടായിരിക്കുന്നതാണ്. സവിസ്തരമായ കാര്യപരിപാടി പ്രത്യേകം വിതരണം ചെയ്യപ്പെടുന്നതാണ്.

ക. ദ. ഈ യോഗത്തിലെ പ്രസംഗങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ ആയിരിക്കുന്നതാണ്.

ഉച്ചകഴിഞ്ഞ് ൨—൫. — നി. വ. ദി. ശ്രീ. എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിലുള്ള യോഗം.

### പ്രാസംഗികന്മാർ.

റവ: ഡാക്ടർ പാത്തിക്കാരൻ.

റവ: ഡാക്ടർ പ്ലാസിഡ്.

ശ്രീമാൻ എ. പീലിപ്പോസ്.

(വിശദമായ കാര്യപരിപാടി പ്രത്യേകം വിതരണം ചെയ്യപ്പെടുന്നതാണ്.)

൫—൬—൩൦. — എക്സ്പ്രസ്സ് സന്മാർഗ്ഗപ്രസ്സിന്റെ ... പ്രകാശിപ്പിച്ച് ചാപ്പലിനു ചുററുമുള്ള പ്രദക്ഷിണം.

൬—൩൦—നു. — വിശുദ്ധ കർബാന വാഴ്വ് (ചങ്ങനാശ്ശേരി മെത്രാനച്ചൻ തിരുമനസ്സുകൊണ്ട്)

എന്ന്, ആജ്ഞാനുസരണം,
സിക്രട്ടറി.

12—9—31.
ബഥനി, തിരുമൂലപുരം.


*തിരുമൂലപുരത്ത് നടന്ന പ്രഥമ പുനരൈക്യ വാർഷിക നോട്ടീസ് (1931)*

www.malankaralibrary.com





*മാർ തെയോഫിലോസ് പിതാവന്റെ നാമഹേതുക തിരുനാളിൽ പങ്കെടുത്തവർ (ഒരു ആദ്യകാല ചിത്രം)*



*മാർ തെയോഫിലോസ് പിതാവ് പണിയിച്ച ആദ്യത്തെ കത്തീഡ്രൽ.. മാർ തെയോഫിലോസ് പിതാവിന്റെ സ്ഥാനാരോഹണം ഇവിടെ വച്ചായിരുന്നു.*

www.malankaralibrary.com





*മാർ തെയോഫിലോസ് പിതാവിന്റെ വികാരി ജനറാളായിരുന്ന മോൺ. സഖറിയാസ് വാച്ചാപ്പറമ്പിൽ.*



*തിരുവല്ല ഭദ്രാസനത്തിന്റെ കൂരിയായുടെ ആദ്യ സെക്രട്ടറിയായി മാർ തെയോഫിലോസ് പിതാവ് നിയമിച്ച സി.ഐ. ഫിലിപ്പോസ്.*



*തിരുവല്ല ഭദ്രാസന ഭരണ കാര്യങ്ങളിൽ മാർ തെയോഫിലോസ് പിതാവിന്റെ സഹായിയായിരുന്ന ഫാ. ഗീവർഗീസ് ഒ.ഐ.സി മാമ്പുഴക്കാട്ട്.*




*ഫാ. ഗീവർഗീസ് ഒ.ഐ.സി മാമ്പുഴക്കാട്ടിന്റെ കബറിടം*

www.malankaralibrary.com





*മാർ തെയോഫിലോസ് പിതാവന്റെ ജന്മശതാബ്ദി ആഘോഷങ്ങളുടെ പൊതുസമ്മേളനം ജസ്റ്റീസ് വറുഗീസ് കള്ളിയത്ത് ഉദ്ഘാടനം ചെയ്യുന്നു. അഭിവന്ദ്യരായ ആർച്ചുബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്, ഗീവർഗീസ് മാർ തീമോത്തിയോസ്, പൗലോസ് മാർ ഫീലക്സീനോസ്, സിറിൽ മാർ ബസേലിയോസ്, ബിഷപ് ജോസഫ് ജി. ഫെർണാണ്ടസ് (കൊല്ലം), ഫാ. ചെറിയാൻ താഴമൺ എന്നിവർ വേദിയിൽ.*



*വെണ്ണിക്കുളത്ത് എത്തിയ ബഥാന്യർക്ക് അഭയം നൽകിയ വരിക്കണ്ണാമല നാരായണൻ വൈദ്യൻ.*




*പൈനുംമൂട്ടിൽ ഗീവർഗീസ് മത്തായിയും കുടുംബവും മാർ തെയോഫിലോസ് പിതാവിന്റെ മുമ്പാകെ തിരുവല്ലയിലെ ആദ്യത്തെ ചാപ്പലിൽ വച്ച് പുനരൈക്യപ്പെടുന്നു.*

www.malankaralibrary.com





Pius Episcopus Servus Servorum Dei

മാർ തെയോഫിലോസ് പിതാവിനെ തിരുവല്ല രൂപതയുടെ ആദ്യ മെത്രാപ്പോലീത്തയായി നിയമിച്ചുകൊണ്ടുള്ള 11-ാം പീയുസ് മാർപാപ്പയുടെ കൽപന.





മാർ തെയോഫിലോസ് പിതാവിന്റെ പാസ്പോർട്ട്




മാർ തെയോഫിലോസ് പിതാവ് പുറത്തിറക്കിയ ഭദ്രാസന നിയമാവലി

www.malankaralibrary.com





മാർ തെയോഫിലോസ് പിതാവിന്റെ ഭൗതിക ശരീരം തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ ദൈവാലയത്തിൽ പൊതുദർശനത്തിനുവച്ചപ്പോൾ

www.malankaralibrary.com






മാർ തെയോഫിലോസ് പിതാവിന്റെ കബർ സ്ലാബ്

www.malankaralibrary.com






*പെരുനാട് ബഥനി വിട്ടിറങ്ങിയ ബഥാന്യർക്ക് അഭയം ലഭിച്ച വെണ്ണിക്കുളത്ത് മാർ തെയോഫിലോസ് പിതാവിന്റെ നാമധേയത്തിൽ സ്ഥാപിതമായിരിക്കുന്ന സ്കൂൾ.*





*ആണ്ടുതോറും മാർ തെയോഫിലോസ് പിതാവിന്റെ ജന്മഗൃഹത്തിൽ നിന്നും തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിലേക്ക് നടക്കുന്ന മാർ തെയോഫിലോസ് തീർത്ഥാടന പദയാത്രയുടെ ദൃശ്യങ്ങൾ.*



## ഫാ. ചെറിയാൻ താഴമൺ

| | |
|---|---|
| ജനനം | : 1953 മാർച്ച് 12. |
| മാതാപിതാക്കൾ | : തോമസ് ചെറിയാൻ & ശോശാമ്മ ചെറിയാൻ. |
| കുടുംബം | : അയിരൂർ പകലോമറ്റം താഴമൺ. |
| വൈദികപഠനം | : തിരുവല്ല, കർമ്മലഗിരി, മംഗലപ്പുഴ ആലുവ. |
| പ്രാരംഭ പട്ടങ്ങൾ | : സമറോനോ, കോറൂയോ (19 - 12 - 1975)<br>ഹെവ്പദ്യാകിനോ (19 - 03 - 1977) മേരിഗിരി അരമന ചാപ്പലിൽ വച്ച് സക്കറിയാസ് മാർ അത്തനാസ്യോസ് പിതാവിൽ നിന്നും. |
| ശെമ്മാശ്പട്ടം | : അഭിവന്ദ്യ പൗലോസ് മാർ ഫീലക്സീനോസ് മെത്രാപ്പോലീത്തായിൽ നിന്ന് 1978 ഒക്ടോബർ 19 ന് മേരിഗിരി അരമനചാപ്പലിൽ. |
| വൈദികപട്ടം | : അഭിവന്ദ്യ ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്തായിൽ നിന്ന് 1979 ജനുവരി ഒന്നാം തീയതി സെന്റ് ജോൺസ് കത്തീഡ്രലിൽ. |
| പ്രഥമ ദിവ്യബലി | : അയിരൂർ സെന്റ് പാട്രിക്സ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ, 1979 ജനുവരി രണ്ടാം തീയതി. |
| ഇടവക വികാരി | : പുന്നവേലി, നൂറോമ്മാവ്, വാകത്താനം, പുതുപ്പള്ളി, നിരണം ഈസ്റ്റ് (രണ്ട് പ്രാവശ്യം), പുളിക്കീഴ് (രണ്ട് പ്രാവശ്യം), നിരണം വെസ്റ്റ് (രണ്ട് പ്രാവശ്യം), പാണ്ടനാട്, തിരുവൻവണ്ടൂർ, വാളക്കുഴി, മുണ്ടക്കയം (രണ്ട് പ്രാവശ്യം), ചിറ്റടി, കോരുത്തോട്, എറണാകുളം (രണ്ട് പ്രാവശ്യം), കളമശ്ശേരി, ആനിക്കാട്, മഞ്ഞത്താനം, പനയമ്പാല, മുണ്ടുകുഴി, കുമ്പനാട് (രണ്ട് പ്രാവശ്യം), പൂവത്തൂർ (രണ്ട് പ്രാവശ്യം) ഡൽഹി മിഷന (രണ്ട് പ്രാവശ്യം), ചെങ്ങരൂർ, പൂഴിക്കുന്ന്, തൃക്കോമല, സെന്റ് ജോൺസ് കത്തീഡ്രൽ തിരുവല്ല, കുമരകം. |
| സംഘടനകൾ | : ഫാമിലി അപ്പസ്തോലേറ്റ് അതിരൂപതാ ഡയറക്ടർ<br>എം.സി.വൈ.എം. അതിരൂപതാ ഡയറക്ടർ<br>എം.സി.എ. അതിരൂപതാ ഡയറക്ടർ<br>ഐക്യദീപം ചീഫ് എഡിറ്റർ<br>കോർപ്പറേറ്റ് മാനേജർ ഓഫ് സ്കൂൾസ് തിരുവല്ല അതിരൂപത<br>ബോധന എക്സിക്യൂട്ടീവ് ഡയറക്ടർ. |
| പ്രസിഡന്റ് | : Centre for Environment and Sustainable Development India (CESDI). |
| സെക്രട്ടറി | : അതിരൂപതാ പാസ്റ്ററൽ കൗൺസിൽ. |
| സി.ഇ.ഒ | : ദീപിക, കോട്ടയം. |
| മുഖ്യവികാരി ജനറാൾ | : തിരുവല്ലാ അതിരൂപത. |